# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഴിക്കോട് ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dpkkd.ksad@kerala.gov.in

ഫോൺ : 0495-23700

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡി.പി.കെ.കെ.ഡി./എ2/169/2022

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/07/2022
ഇ-മെയിൽ: dpkkd.ksad@kerala.gov.in
ഫോൺ: 0495-23700

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോഴിക്കോട് ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉ പ സഹിതം)
2.സെക്രട്ടറി ത സ്വ ഭ വ തിരുവനന്തപുരം (ഉ പ സഹിതം)
3.കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ.ഡി.പി.കെ.കെ.ഡി./എ2 /169/2022 തീയ്യതി: 16/07/2022

# കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2021 മുതൽ 30-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 108 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുനിൽകുമാർ.കെ.വി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 16-04-2021 | 02-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-11-2021 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. പ്രബോധ് കുമാർ ഇ എം ഓഡിറ്റ് ഓഫീസർ
2. ശ്രീ.ശ്യാംജിത്ത് എം അസി.ഓഡിറ്റ് ഓഫീസർ
3. ശ്രീ. ഷിനിത്ത് എ സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബാബു പറശ്ശേരി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| നിർവ്വഹണകമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| കാനത്തിൽ ജമീല | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ടി.അഹമ്മദ് കബീർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ടി.അഹമ്മദ് കബീർ | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ബിന്ദു കുമാരി.എ | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) WM | 01-04-2020 | 09-09-2020 |
| മീന ടി.ഡി | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) WM | 09-09-2020 | 31-03-2021 |
| അനിതാ പോൾ .സി | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) YP | 01-04-2020 | 30-06-2020 |
| ഷെർലി . എ.എഫ് | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) YP | 01-07-2020 | 14-02-2021 |
| മിനി.കെ | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) YP | 15-02-2021 | 31-03-2021 |
| അബ്ദുൾ വഹാബ് വി.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 01-04-2020 | 31-03-2021 |
| രാധാമണി.പി | സൂപ്രണ്ട് , ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് , വടകര. (GIFD) | 01-04-2020 | 31-03-2021 |
| പി.ബീന | പ്രിൻസിപ്പൽ , ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് , മലാപ്പറമ്പ്. (GIFD) | 01-04-2020 | 31-03-2021 |
| വി.പി.മിനി | ഡെപ്യൂട്ടി ഡയറക്ടർ , പൊതുവിദ്യാഭ്യാസം | 01-04-2020 | 31-03-2021 |
| ഷാജി ജേക്കബ് | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് | 01-04-2020 | 05-06-2020 |

| | | | |
|---|---|---|---|
| | ഓഫിസർ | | |
| ഐ.കെ.അജിത് കുമാർ | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്റ്റ് ഓഫിസർ | 06-06-2020 | 02-09-2020 |
| ഷിബി.കെ | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്റ്റ് ഓഫിസർ | 03-09-2020 | 24-09-2020 |
| ഐ.കെ.അജിത്ത് കുമാർ | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്റ്റ് ഓഫിസർ | 25-09-2020 | 02-11-2020 |
| ഷിബി.കെ | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്റ്റ് ഓഫിസർ | 03-11-2020 | 29-11-2020 |
| ഐ.കെ.അജിത്ത് കുമാർ | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്റ്റ് ഓഫിസർ | 30-11-2020 | 31-03-2021 |
| സുധീർ കിഷൻ .ബി.കെ | ഡെപ്യൂട്ടി ഡയറക്ടർ , ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷീബ ഖമർ | ഡെപ്യൂട്ടി ഡയറക്ടർ , ക്ഷീര വികസന വകുപ്പ് | 01-04-2020 | 29-05-2020 |
| ശ്രീ.അനിൽ കുമാർ എ.ജി (ടെക്നിക്കൽ അസിസ്റ്റന്റ് , ഡെപ്യൂട്ടി ഡയറക്ടറുടെ ചാർജ്ജ്) | ഡെപ്യൂട്ടി ഡയറക്ടർ , ക്ഷീര വികസന വകുപ്പ് | 30-05-2020 | 07-06-2020 |
| ശ്രീമതി.സിനില ഉണ്ണിക്കൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ , ക്ഷീര വികസന വകുപ്പ് | 08-06-2020 | 31-03-2021 |
| ഷീബ മുംതാസ് | ജില്ലാ സാമൂഹ്യക്ഷേമ ഓഫിസർ | 01-04-2020 | 15-10-2020 |
| ശ്രീ.പവിത്രൻ തൈക്കണ്ടി | ജില്ലാ സാമൂഹ്യക്ഷേമ ഓഫിസർ | 16-10-2020 | 15-02-2021 |
| കെ.ടി.അഷ്റഫ് | ജില്ലാ സാമൂഹ്യക്ഷേമ ഓഫിസർ | 16-02-2021 | 31-03-2021 |
| ഡോ.ജയശ്രീ.വി | ജില്ലാ മെഡിക്കൽ ഓഫിസർ , അലോപ്പതി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.കെ.എം.മൻസൂർ | ജില്ലാ മെഡിക്കൽ ഓഫിസർ , ഭാരതീയ ചികിത്സാ വകുപ്പ് | 01-04-2020 | 31-03-2021 |
| രാജീവ്.കെ | മാനേജർ , ജില്ലാ വ്യവസായ കേന്ദ്രം | 01-04-2020 | 31-03-2021 |
| വാസു.ടി.പി | എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് ) | 01-04-2020 | 06-01-2021 |
| ചന്ദ്രൻ.സി | എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് | 07-01-2021 | 07-01-2021 |
| സൂപ്രണ്ട് , ഗീത.ആർ.ചന്ദ്രൻ | സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം , കൂത്താളി | 01-10-2020 | 01-03-2021 |
| സായിറാം ഹരിദാസ് | സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം , കൂത്താളി | 01-03-2021 | 31-03-2021 |
| ഷെറിൻ റിഷാത്ത്.എം.കെ (S.Agri.O ഇൻ ചാർജ്ജ് ) | സീനിയർ അഗ്രികൾച്ചറൽ ഓഫിസർ , സംസ്ഥാന വിത്തുല്പാദന കേന്ദ്രം , പേരാമ്പ്ര | 01-04-2020 | 15-04-2020 |
| അനിതാ ബായ് .എം | സീനിയർ അഗ്രികൾച്ചറൽ ഓഫിസർ , സംസ്ഥാന വിത്തുല്പാദന കേന്ദ്രം , പേരാമ്പ്ര | 16-04-2020 | 30-04-2020 |
| ഷെറിൻ റിഷാത്ത്.എം.കെ (S.Agri.O ഇൻ ചാർജ്ജ് ) | സീനിയർ അഗ്രികൾച്ചറൽ ഓഫിസർ , സംസ്ഥാന വിത്തുല്പാദന കേന്ദ്രം , പേരാമ്പ്ര | 01-05-2020 | 05-07-2020 |
| നസീമ.കെ.കെ | സീനിയർ അഗ്രികൾച്ചറൽ ഓഫിസർ , സംസ്ഥാന വിത്തുല്പാദന കേന്ദ്രം , പേരാമ്പ്ര | 06-07-2020 | 21-07-2020 |
| അനിതാ പാലേരി (S.Agri.O ഇൻ ചാർജ്ജ് ) | സീനിയർ അഗ്രികൾച്ചറൽ ഓഫിസർ , സംസ്ഥാന വിത്തുല്പാദന കേന്ദ്രം , | 22-07-2020 | 20-09-2020 |

| | | | |
|---|---|---|---|
| | പേരാമ്പ്ര | | |
| നസീമ.കെ.കെ | സീനിയർ അഗ്രികൾച്ചറൽ ഓഫിസർ , സംസ്ഥാന വിത്തുല്പാദന കേന്ദ്രം , പേരാമ്പ്ര | 21-09-2020 | 31-03-2021 |
| സുലേഖാബി.കെ | സീനിയർ അഗ്രികൾച്ചറൽ ഓഫിസർ , സംസ്ഥാന വിത്തുല്പാദന കേന്ദ്രം , പുതുപ്പാടി | 01-04-2020 | 31-03-2021 |
| ഡോ.അലി.കെ.വി | സൂപ്രണ്ട് , ജില്ലാ ആശുപത്രി (അലോപ്പതി) , വടകര | 01-04-2020 | 31-03-2021 |
| ഡോ.പ്രീത.എ | സൂപ്രണ്ട് , ജില്ലാ ആയുർവ്വേദാശുപത്രി, കോഴിക്കോട് | 01-04-2020 | 14-08-2020 |
| ഡോ.ജീന.വി | സൂപ്രണ്ട് , ജില്ലാ ആയുർവ്വേദാശുപത്രി, കോഴിക്കോട് | 15-08-2020 | 26-08-2020 |
| ഡോ.പ്രീത.എ | സൂപ്രണ്ട് , ജില്ലാ ആയുർവ്വേദാശുപത്രി, കോഴിക്കോട് | 27-08-2020 | 15-12-2020 |
| ഡോ.ജീന.വി | സൂപ്രണ്ട് , ജില്ലാ ആയുർവ്വേദാശുപത്രി, കോഴിക്കോട് | 16-12-2020 | 24-12-2020 |
| ഡോ.പ്രീത.എ | സൂപ്രണ്ട് , ജില്ലാ ആയുർവ്വേദാശുപത്രി, കോഴിക്കോട് | 25-12-2020 | 04-02-2021 |
| ഡോ.ജീന.വി | സൂപ്രണ്ട് , ജില്ലാ ആയുർവ്വേദാശുപത്രി, കോഴിക്കോട് | 05-02-2021 | 11-02-2021 |
| ഡോ.പ്രീത.എ | സൂപ്രണ്ട് , ജില്ലാ ആയുർവ്വേദാശുപത്രി, കോഴിക്കോട് | 12-02-2021 | 31-03-2021 |
| ഡോ.മൊഹമ്മദ് | സൂപ്രണ്ട് , ജില്ലാ | 01-04-2020 | 31-05-2020 |

| | | | |
|---|---|---|---|
| അക്ബർ.കെ | ഹോമിയോ ആശുപത്രി | | |
| ഡോ.ഹന്നാ യാസ്മിൻ | സൂപ്രണ്ട് , ജില്ലാ ഹോമിയോ ആശുപത്രി | 01-06-2020 | 11-08-2020 |
| ഡോ. സജീവ്.ടി.കെ | സൂപ്രണ്ട് , ജില്ലാ ഹോമിയോ ആശുപത്രി | 12-08-2020 | 31-08-2020 |
| ഡോ.ഇന്ദിര കെ.ടി | സൂപ്രണ്ട് , ജില്ലാ ഹോമിയോ ആശുപത്രി | 01-09-2020 | 21-10-2020 |
| ഡോ.നൌഫിറ.പി.കെ | സൂപ്രണ്ട് , ജില്ലാ ഹോമിയോ ആശുപത്രി | 22-10-2020 | 31-03-2021 |
| വിനോദ് കുമാർ.എം | അസിസ്റ്റന്റ് ഡയറക്ടർ , തെങ്ങിൻതൈ ഉല്പാദന കേന്ദ്രം , തിക്കോടി. | 01-04-2020 | 31-05-2020 |
| സ്മിത നന്ദിനി പി.കെ (അസി.ഡയറക്ടർ ഇൻ ചാർജ് | അസിസ്റ്റന്റ് ഡയറക്ടർ , തെങ്ങിൻതൈ ഉല്പാദന കേന്ദ്രം , തിക്കോടി. | 01-06-2020 | 14-09-2020 |
| ചന്ദ്രബിന്ദു കെ.ആർ | അസിസ്റ്റന്റ് ഡയറക്ടർ , തെങ്ങിൻതൈ ഉല്പാദന കേന്ദ്രം , തിക്കോടി. | 15-09-2020 | 23-02-2021 |
| ഡോണ കരുപ്പാളി (അസി.ഡയറക്ടർ ഇൻ ചാർജ്ജ്) | അസിസ്റ്റന്റ് ഡയറക്ടർ , തെങ്ങിൻതൈ ഉല്പാദന കേന്ദ്രം , തിക്കോടി. | 24-02-2021 | 31-03-2021 |
| ഡോ.സിന്ധു ബാലൻ | അസിസ്റ്റന്റ് ഡയറക്ടർ , റീജിയനൽ പൌൾട്ടി ഫാം , ചാത്തമംഗലം | 01-04-2020 | 31-03-2021 |
| അനീറ്റ.എസ്.ലിൻ | ജില്ലാ ഓഫിസർ , വനിതാ ശിശുവികസനം | 01-04-2020 | 16-02-2021 |
| അബ്ദുൾ ബാരി. യു | ജില്ലാ ഓഫിസർ , വനിതാ ശിശുവികസനം | 17-02-2021 | 31-03-2021 |
| ഡോ.സലാഹുദ്ദീൻ.സി ( CVO ഇൻ ചാർജ്ജ് ) | ചീഫ് വെറ്ററിനറി ഓഫസർ , ജില്ലാ മൃഗസംരക്ഷണ കേന്ദ്രം ( DVC) | 01-04-2020 | 19-05-2020 |
| ഡോ.പി.വിനോദ് കുമാർ | ചീഫ് വെറ്ററിനറി ഓഫസർ , ജില്ലാ | 20-05-2020 | 31-03-2021 |

| | | | |
|---|---|---|---|
| | മൃഗസംരക്ഷണ കേന്ദ്രം ( DVC) | | |
| ഡോ.കെ.വി.ഉമ | ഡെപ്യൂട്ടി ഡയറക്ടർ ( മൃഗസംരക്ഷണം) | 01-04-2020 | 08-06-2020 |
| ഡോ.പി.വിനോദ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ ( മൃഗസംരക്ഷണം) | 09-06-2020 | 01-07-2020 |
| ഡോ.കെ.രമാദേവി | ഡെപ്യൂട്ടി ഡയറക്ടർ ( മൃഗസംരക്ഷണം) | 08-07-2020 | 01-03-2021 |
| ഡോ.കെ.ബേബി | ഡെപ്യൂട്ടി ഡയറക്ടർ ( മൃഗസംരക്ഷണം) | 02-03-2021 | 31-03-2021 |
| രാജഗോപാൽ.കെ | ഡെപ്യൂട്ടി ഡയറക്ടർ, പട്ടികജാതി വകസന വകുപ്പ് | 01-04-2020 | 31-05-2020 |
| ശ്രീകുമാർ.ജി. | ഡെപ്യൂട്ടി ഡയറക്ടർ, പട്ടികജാതി വകസന വകുപ്പ് | 01-06-2020 | 30-06-2020 |
| ഷാജി.കെ.പി. | ഡെപ്യൂട്ടി ഡയറക്ടർ, പട്ടികജാതി വകസന വകുപ്പ് | 01-07-2020 | 31-03-2021 |
| കവിത.പി.സി. | ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ. | 01-04-2020 | 31-03-2021 |
| സയ്യിദ് നയീം.സി. | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| പ്രോജക്ട് ഓഫിസർ , ദാരിദ്ര്യ ലഘൂകരണ വിഭാഗം | പ്രോജക്ട് ഓഫിസർ , ദാരിദ്ര്യ ലഘൂകരണ വിഭാഗം | 01-04-2020 | 26-08-2020 |
| നിബു.ടി.കുര്യൻ (പ്രോജക്ട് ഓഫിസർ ഇൻ ചാർജ്ജ് ) | പ്രോജക്ട് ഓഫിസർ , ദാരിദ്ര്യ ലഘൂകരണ വിഭാഗം | 26-08-2020 | 29-09-2020 |
| ടൈനി സൂസൻ ജോൺ | പ്രോജക്ട് ഓഫിസർ , ദാരിദ്ര്യ ലഘൂകരണ വിഭാഗം | 30-09-2020 | 20-01-2021 |
| ജോൺസൺ പ്രേംകുമാർ | പ്രോജക്ട് ഓഫിസർ , | 21-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| | ദാരിദ്ര്യ ലഘൂകരണ വിഭാഗം | | |
| ഷാജി.ടി.ആർ | സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം , കൂത്താളി | 01-04-2020 | 04-05-2020 |
| ജിജോ ജോസഫ് (ഫാം സൂപ്രണ്ട് ഇൻ ചാർജ്ജ് ) | സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം , കൂത്താളി | 05-05-2020 | 22-06-2020 |
| ഗീത.ആർ.ചന്ദ്രൻ | സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം , കൂത്താളി | 23-06-2020 | 30-06-2020 |
| ജിജോ ജോസഫ് (ഫാം സൂപ്രണ്ട് ഇൻ ചാർജ്ജ് ) | സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം , കൂത്താളി | 01-07-2020 | 23-07-2020 |
| ബിന്ദു.ആർ (ഫാം സൂപ്രണ്ട് ഇൻ ചാർജ്ജ് ) | സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം , കൂത്താളി | 24-07-2020 | 30-09-2020 |
| ഗീത.ആർ.ചന്ദ്രൻ | സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം , കൂത്താളി | 01-10-2020 | 01-03-2021 |
| സായിറാം ഹരിദാസ് | സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം , കൂത്താളി | 02-03-2021 | 31-03-2021 |
| മിനി.എം | ജില്ലാ ഓഫിസർ , വനിതാക്ഷേമം | 01-04-2020 | 25-09-2020 |
| രജിത.കെ | ജില്ലാ ഓഫിസർ , വനിതാക്ഷേമം | 26-09-2020 | 26-10-2020 |
| നജില ഉബൈദുള്ള | ജില്ലാ ഓഫിസർ , വനിതാക്ഷേമം | 27-10-2020 | 31-03-2021 |
| വാസു.ടി.പി | എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് ) | 01-04-2020 | 06-01-2021 |
| ചന്ദ്രൻ.സി | എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് ) | 07-01-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shyamjith M (Asst. Audit Officer, On 02-07-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 11-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shinith A (Senior Grade Auditor, On 06-07-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 11-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shinith A (Senior Grade Auditor, On 06-07-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 11-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shinith A (Senior Grade Auditor, On 06-07-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 11-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shinith A (Senior Grade Auditor, On 06-07-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 11-07-2022) | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Shinith A (Senior Grade Auditor, On 06-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-6 |
| 7 | ജില്ലാ പഞ്ചായത്ത് ഓഫീസ് - ക്യാഷ് ചെസ്റ്റ് സൂക്ഷിപ്പുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: Shyamjith M (Asst. Audit Officer, On 25-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 11-07-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Prabodhkumar.E.M (Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shinith A (Senior Grade Auditor, On 06-07-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 11-07-2022) | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 11-07-2022) | 1-10 |
| 11 | ഗ്രാമപഞ്ചായത്തുകൾ , നഗരഭരണ സ്ഥാപനങ്ങൾ എന്നിവക്ക് മാത്രം നടപ്പാക്കാൻ അനുമതിയുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പാക്കി - പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രോജക്ട് നിർവ്വഹണം<br>Written By: Shyamjith M (Asst. Audit Officer, On 26-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 11-07-2022) | 1-11 |
| 12 | പോത്തുകുട്ടി വളർത്തൽ പദ്ധതി - രേഖകൾ പൂർണ്ണമല്ല<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 11-07-2022) | 1-12 |
| 13 | ഹൈടെക് ഡയറി ഫാമിലെ മൂരിക്കുട്ടൻമാർ/പശുക്കളെ വില്പന നടത്തിയ ഇനത്തിലുള്ള രൂ.312560/- 20 മാസത്തിനുശേഷവും ലഭിച്ചിട്ടില്ല.<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-13 |
| 14 | ജില്ലാ കൃഷിത്തോട്ടം കുത്താളി - കന്നുകാലി വില്പന- ലേല നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-14 |
| 15 | ജില്ലാ കൃഷിത്തോട്ടം കുത്താളി - രസീതുപയോഗിച്ചുള്ള പണപ്പിരിവ്, തുക | 1-15 |

| | | |
|---|---|---|
| | ബാങ്കിലടയ്ക്കൽ എന്നിവയിലെ അപാകതകൾ<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | |
| 16 | കുത്താളി ജില്ല ഫാം - നടീൽ വസ്തുക്കൾ വിറ്റവകയിൽ 69.68 ലക്ഷം രൂപ കുടിശ്ശികയിനത്തിൽ ഈടാക്കാൻ ബാക്കി. കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-16 |
| 17 | ജില്ലാ കൃഷിത്തോട്ടം കൂത്താളി - വാർഷിക പദ്ധതി നിർവ്വഹണം - ഗുണ നിലവാരമുള്ള വിത്തുകളും തൈകളും ഉല്പാദിപ്പിക്കാതെ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതും മറ്റ് അപാകങ്ങളും<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-17 |
| 18 | ജില്ലാ കൃഷിത്തോട്ടം കൂത്താളിയിലെ ഹൈടെക് ഡെയറി ഫാം നടത്തിപ്പ് - അപാകങ്ങൾ<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-18 |
| 19 | ജില്ലാ കൃഷിത്തോട്ടം കൂത്താളി - ആഭ്യന്തര നിയന്ത്രണത്തിൽ വീഴ്ച<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-19 |
| 20 | കൂത്താളി ജില്ലാ കൃഷി ഫാം - വാഹന ഉപയോഗം സംബന്ധിച്ച അപാകം<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-20 |
| 21 | ജില്ലാ കൃഷിത്തോട്ടം കൂത്താളി - വൌച്ചറുകൾ പരിശോധനക്ക് ലഭിച്ചില്ല<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-21 |
| 22 | കൂത്താളി ഫാമിൽ നാളീകേരം ഉൽപാദനത്തിൽ ഗണ്യമായ കുറവ് - വിളവെടുപ്പ് യഥാസമയം നടക്കുന്നില്ല.<br>Written By: Shinith A (Senior Grade Auditor, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-22 |
| 23 | കൂത്താളി ഫാം - ബാങ്ക് അക്കൗണ്ടിൽ 44.62 ലക്ഷം രൂപ നീക്കിയിരുപ്പ് - തുക ജില്ലാ പഞ്ചായത്തിന് കൈമാറിയില്ല.<br>Written By: Shinith A (Senior Grade Auditor, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-23 |
| 24 | തേങ്ങ വില്പനയിനത്തിൽ പേരാമ്പ്ര ഫാമിന് ലഭിക്കേണ്ട തുക കൂത്താളി ഫാമിന് നൽകി - ഇടപാട് ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല.<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-24 |
| 25 | സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പേരാമ്പ്ര -രസീതുകൾ മുഖേനയുള്ള പിരിവ് - ചട്ടങ്ങൾ പാലിക്കുന്നില്ല.<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-25 |
| 26 | സംസ്ഥാന വിത്തുല്പാദന കേന്ദ്രം പേരാമ്പ്ര-കുടിശ്ശികയിനത്തിൽ 10,63,648/- രൂപ ഈടാക്കാൻ ബാക്കി - പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നില്ല.<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-26 |
| 27 | പേരാമ്പ്ര സ്റ്റേറ്റ് സീഡ് ഫാമിലെ അനധികൃത കൈയേറ്റം - മൂന്ന് വർഷത്തിനു ശേഷവും പരിഹാരമായില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-27 |

| | | |
|---|---|---|
| 28 | പുതുപ്പാടി സീഡ് ഫാം - വിത്തുകളും തൈകളും വിതരണം നടത്തിയ ഇനത്തിൽ 22,17,647/- രൂപ കുടിശ്ശികയിനത്തിൽ ഈടാക്കാൻ ബാക്കി.<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-28 |
| 29 | സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പുതുപ്പാടി -രസീതുപിരിവ് - ചട്ടങ്ങൾ പാലിക്കുന്നില്ല.<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-29 |
| 30 | സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പുതുപ്പാടി കലക്ഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തൽ യഥാർത്ഥ വരവു തുകയിൽ നിന്നും വ്യത്യാസപ്പെടുന്നു.<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-30 |
| 31 | പുതുപ്പാടി സീഡ് ഫാം - പഴയ മോട്ടോറിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താതെ അറ്റകുറ്റപണിക്കായി വൻതുക ചെലവഴിക്കുന്നു.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 15-07-2022) | 1-31 |
| 32 | പുതുപ്പാടി സീഡ് ഫാം - കോഴി വളർത്തലിന് ചെലവായത് 91,265 രൂപ – ആകെ ലഭിച്ച ആദായം 28,700 രൂപ.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-32 |
| 33 | പുതുപ്പാടി സീഡ് ഫാമിലെ ഉപയോഗ ശൂന്യമായ വസ്തുക്കൾ കൈയൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 15-07-2022) | 1-33 |
| 34 | പുതുപ്പാടി സീഡ് ഫാം - ട്രാക്ടറിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-34 |
| 35 | തെങ്ങിൻ തൈ ഉല്പാദന കേന്ദ്രം , തിക്കോടി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-35 |
| 36 | തെങ്ങിൻ തൈ ഉല്പാദന കേന്ദ്രം , തിക്കോടി - തെങ്ങിൻതൈ വില്പനയിൽ നിന്നുള്ള വരുമാനം ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാതെ സംസ്ഥാന സർക്കാരിലേക്ക് അടവാക്കുന്നു .<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-36 |
| 37 | റീജിയണൽ പൌൾട്രി ഫാം - ചാത്തമംഗലം - രശീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-37 |
| 38 | ആർ.പി.എഫ് ചാത്തമംഗലം - കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത് - വിതരണത്തിൽ കാലതാമസം - മിച്ചതുക ജില്ലാ പഞ്ചായത്തിന് തിരികെ നല്കിയില്ല .<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 15-07-2022) | 1-38 |
| 39 | ആർ.പി.എഫ് ചാത്തമംഗലം - വിതരണ ഏജൻസിയിൽ നിന്നും ബാക്കി തുക തിരികെ ലഭിച്ചില്ല<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-39 |

| | | |
|---|---|---|
| 40 | ആർ.പി.എഫ് ചാത്തമംഗലം - ലാപ് ടോപ്പുകൾ വാങ്ങിയത് - അധികം നല്കിയ തുക തിരികെ ഈടാക്കിയില്ല<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-40 |
| 41 | ആർ.പി.എഫ് ചാത്തമംഗലം - സ്ഥാപനത്തിന്റെ രാത്രികാവൽ ഡ്യൂട്ടി സ്വകാര്യ ഏജൻസിയെ ഏല്പിച്ചത് - നിയമനത്തിന്റെ രേഖകൾ ലഭ്യമല്ല .<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-41 |
| 42 | പ്രാദേശിക കോഴി വളർത്തൽ കേന്ദ്രം(ആർ.പി.എഫ് ചാത്തമംഗലം) - അടിസ്ഥാന സൗകര്യങ്ങളുടെ വിശകലനം.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-42 |
| 43 | ആർ.പി.എഫ് ചാത്തമംഗലം - പ്രവൃത്തി പൂർത്തീകരിച്ച് 14 വർഷത്തിന് ശേഷവും മഴവെള്ള സംഭരണികൾ ഉപയോഗിച്ചില്ല- നവീകരണ പ്രവൃത്തികൾ നിലവിലും തുടരുന്നു- 2020-21 വർഷം ചെലവഴിച്ചത് 4.35 ലക്ഷം രൂപ.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-43 |
| 44 | ആർ.പി.എഫ് ചാത്തമംഗലം - ആവർത്തന സാദ്ധ്യതയുള്ള നൂതന പദ്ധതി - തുടർ വർഷങ്ങളിൽ ആവിഷ്കരിച്ചില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-44 |
| 45 | ബഡ്സ് സ്കൂൾ നിർമ്മാണത്തിന് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-45 |
| 46 | സ്കോളർഷിപ്പിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരം പൂർണ്ണമല്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-46 |
| 47 | ജി.എച്ച്.എസ്.എസ് അവിടനല്ലൂരിന് സ്ഥലം വാങ്ങൽ- സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ ഇളവുകൾ ഉപയോഗപ്പെടുത്താതെ തുക ചെലവഴിച്ചത് അനുവദനീയമല്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-47 |
| 48 | വനിതാ നാടക സംഘം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 13-07-2022) | 1-48 |
| 49 | പേവിഷബാധയ്ക്കെതിരെയുള്ള ജീവൻ രക്ഷാ മരുന്ന് - ജില്ലാ ആശുപത്രി(വടകര)യിൽ സ്റ്റോക്കില്ലാത്ത അവസ്ഥയുണ്ടാകുന്നു.<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-49 |
| 50 | ജില്ലാ ആശുപത്രി വടകര 12,60,055/- രൂപയുടെ മരുന്ന് ലഭിച്ചില്ല<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-50 |
| 51 | ജില്ലാ ആശുപത്രിയിലെ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം പദ്ധതി - അനുമതിക്കു ശേഷം തുടർനടപടി സ്വീകരിച്ചില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 13-07-2022) | 1-51 |

| | | |
|---|---|---|
| 52 | വടകര ജില്ലാ ആശുപത്രി - വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിൽ അവ്യക്തത.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-52 |
| 53 | വടകര ജില്ലാ ആശുപത്രിയിലെ വൈദ്യുതി ചാർജ്ജിനത്തിൽ 16.48 ലക്ഷം രൂപ അടവാക്കിയതിന് ഔദ്യോഗിക രസീത് ഇല്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-53 |
| 54 | വടകര ജില്ലാ ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 22.5 ലക്ഷം രൂപ നിക്ഷേപിച്ച് 3 വർഷത്തിനു ശേഷവും പ്രവൃത്തി പൂർത്തീകരിച്ചില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-54 |
| 55 | ജില്ലാ ആയുർവ്വേദ ആശുപത്രി സൂപ്രണ്ട് നടപ്പാക്കിയ പ്രോജക്റ്റുകളുടെ നിർവ്വഹണത്തിലെ അപാകതകൾ - നിർവ്വഹണ ഉദ്യോഗസ്ഥൻ : സൂപ്രണ്ട് , ജില്ലാ ആയുർവ്വേദാശുപത്രി , കോഴിക്കോട് .<br>Written By: Shyamjith M (Asst. Audit Officer, On 26-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-55 |
| 56 | ജില്ലാ ആയുർവേദ ആശുപത്രിയിൽ നിന്നുള്ള വരവുകൾ തനതുഫണ്ടിൽ അടവാക്കാതെ സർക്കാരിലേക്ക് നേരിട്ട് അടവാക്കുന്നു.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-56 |
| 57 | ജില്ലാ ഹോമിയോ ആശുപത്രി - അവശ്യ മരുന്നുകൾ യഥാസമയം ലഭിക്കാത്തതും മറ്റ് അപാകങ്ങളും<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-57 |
| 58 | എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാര വിതരണം - പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകം<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-58 |
| 59 | ഖാദി യൂണിറ്റുകൾക്ക് തറി വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-59 |
| 60 | ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ - നടപ്പാക്കിയ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Shyamjith M (Asst. Audit Officer, On 25-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-60 |
| 61 | മരുന്ന് വാങ്ങൽ പ്രോജക്റ്റിന്റെ ടെണ്ടർ , സ്റ്റോക്ക് രജിസ്റ്റർ , മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല - നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ , മൃഗസംരക്ഷണ വകുപ്പ്<br>Written By: Shyamjith M (Asst. Audit Officer, On 25-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-61 |
| 62 | മൃഗ സംരക്ഷണ മേഖലയിൽ നടപ്പാക്കിയ പ്രോജക്റ്റുകളിലെ അപാകങ്ങൾ<br>Written By: Shyamjith M (Asst. Audit Officer, On 26-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 1-62 |
| 63 | മരുന്നിന്റെ ലിസ്റ്റ് യഥാസമയം ലഭിക്കാത്തതിനാൽ മരുന്നു വാങ്ങൽ പ്രോജക്റ്റ് നടപ്പാക്കാനായില്ല<br>Written By: Shyamjith M (Asst. Audit Officer, On 26-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 1-63 |

| | | |
|---|---|---|
| 64 | ജില്ലാ മൃഗസംരക്ഷണ കേന്ദ്രം (DVC) കോഴിക്കോട് – രശീത് പിരിവിലെ അപാകതകൾ<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-64 |
| 65 | ജില്ലാ മൃഗ സംരക്ഷണ കേന്ദ്രത്തിൽ കരാർ ചമക്കാതെ ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നു<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 1-65 |
| 66 | ജില്ലാ മൃഗസംരക്ഷണ കേന്ദ്രം , കോഴിക്കോട് - കലക്ഷൻ തുക അടവാക്കിയതിൽ കുറവ് വന്നു<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 1-66 |
| 67 | എസ്.പി.സി.എ സീനിയർ ഇൻസ്പെക്ടറുടെ ശമ്പള പരിഷ്കരണം - ശമ്പള കുടിശ്ശിക അധികം അനുവദിച്ചതും മറ്റ് അപാകതകളും<br>Written By: Shyamjith M (Asst. Audit Officer, On 26-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 1-67 |
| 68 | ലീവ് സറണ്ടർ തുക പ്രോവിഡന്റ് ഫണ്ടിൽ അടച്ചതിന്റെ രേഖകൾ ഇല്ല<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 1-68 |
| 69 | ജില്ലാ പഞ്ചായത്ത് ജീവനക്കാരിൽ നിന്നും ആദായ നികുതി ഈടാക്കിയത് - മുഴുവൻ രേഖകളും ഹാജരാക്കിയില്ല<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-69 |
| 70 | അനർഹമായ നിരക്കിൽ ജില്ലാ പഞ്ചായത്ത് മെമ്പർമാർക്ക് യാത്രാബത്ത നല്കി<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 1-70 |
| 71 | ലൈഫ് ഭവന നിർമ്മാണം - ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ഇല്ലാത്തതും മറ്റ് അപാകതകളും<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-71 |
| 72 | മന്ദരത്തൂർ പേക്കേജ് -പ്രത്യേക കറവപശു വളർത്തൽ : വിനിയോഗ സാക്ഷ്യപത്രം, അനുബന്ധ രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചില്ല<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 1-72 |
| 73 | എസ്.എസ്.കെ. വിഹിതം - വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 1-73 |
| 74 | ചർക്കകൾക്ക് സ്പെയർ പാർട്സ് വാങ്ങൽ - സാധനങ്ങൾ വിതരണം ചെയ്തതിനു രേഖയില്ല<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 13-07-2022) | 1-74 |
| 75 | കമ്പ്യൂട്ടറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 13-07-2022) | 1-75 |
| 76 | ഉയർന്ന നിരക്കിലുള്ള ലാപ് ടോപ്പുകൾ വാങ്ങിയതും പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാത്തതും<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-76 |

| | | |
|---|---|---|
| 77 | ജില്ലാ പഞ്ചായത്തിന്റെ കണ്ടിജന്റ് ചെലവ് രജിസ്റ്റർ , അസാധാരണ ചെലവ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല<br>Written By: Shyamjith M (Asst. Audit Officer, On 25-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-77 |
| 78 | വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകളുടെ വില - 1.71 കോടി രൂപയുടെ കുടിശ്ശിക - പിരിച്ചെടുക്കുന്നതിൽ നിയമാനുസൃത നടപടി സ്വീകരിക്കുന്നില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-78 |
| 79 | മാർഗ്ഗരേഖയിൽ അനുവദിക്കുന്ന പരിധിയിലധികം തുക ധനസഹായം നൽകി - സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 13-07-2022) | 1-79 |
| 80 | വ്യവസായ എസ്റ്റേറ്റിൽ പ്ലോട്ടുകൾ അലോട്ട് ചെയ്ത് 12 വർഷത്തിനു ശേഷവും സംരംഭം ആരംഭിച്ചില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-80 |
| 81 | സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ - തിരിച്ചടവിന്റെ വിവരം ലഭ്യമല്ല<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 13-07-2022) | 1-81 |
| 82 | പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ - തുടർ നടപടികളുടെ വിവരം ലഭ്യമല്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 13-07-2022) | 1-82 |
| 83 | മാനദണ്ഡങ്ങൾ പാലിക്കാതെ സഹകരണ സംഘത്തിന് ധനസഹായം നൽകി.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 13-07-2022) | 1-83 |
| 84 | അശാസ്ത്രീയമായ മണ്ണ് ഖനനം - വ്യവസായ എസ്റ്റേറ്റിലെ കെട്ടിടങ്ങൾ അപകട ഭീഷണിയിൽ - ഉത്തരവാദിയായവരെക്കൊണ്ട് സംരക്ഷണഭിത്തി നിർമ്മിച്ചില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-84 |
| 85 | ഫോക്കസ് ഏരിയ പഠനസാമഗ്രികൾ - അച്ചടിച്ച് വിതരണം നടത്തിയതിലെ അപാകതകൾ<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-85 |
| 86 | സർക്കാർ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-86 |
| 87 | ഡെപ്യൂട്ടി ഡയറക്ടർ ( കൃഷി വകുപ്പ് ) - പ്രോജക്ട് നിർവ്വഹണ രേഖകൾ പൂർണ്ണമല്ല<br>Written By: Shyamjith M (Asst. Audit Officer, On 25-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-87 |
| 88 | ഷീപാഡ് ഇൻസിനറേറ്റർ വിതരണ പ്രോജക്ട് - കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിച്ചില്ല – 454896 രൂ യുടെ അധികച്ചെലവും മറ്റ് അപാകങ്ങളും<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-88 |

| | | |
|---|---|---|
| 89 | ക്രാഡിൽ പദ്ധതി നടപ്പാക്കിയതിലെ അപാകം<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-89 |
| 90 | ശൃംഖലാ ബന്ധിത മേൽക്കൂര സോളാർ വൈദ്യുതി നിലയം - അധിക വൈദ്യുതി ഉൽപാദനത്തിൽ നിന്നുള്ള വരവ് പൂർണ്ണമായും ലഭിച്ചില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-90 |
| 91 | സോളാർ വൈദ്യുതി നിലയംസ്ഥാപിക്കൽ - കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി നടത്തിയതിന്റെ രേഖയില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-91 |
| 92 | കസ്റ്റം ഹയറിങ് സെന്റർ - ട്രാക്ടറിന് ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കിയില്ല<br>Written By: Shyamjith M (Asst. Audit Officer, On 26-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-92 |
| 93 | കസ്റ്റം ഹയറിങ് സെന്റർ - ലക്ഷങ്ങൾ വിലവരുന്ന കാർഷിക ഉപകരണങ്ങൾ യഥാസമയം റിപ്പയർ ചെയ്യാതെ ഉപയോഗയോഗ്യമല്ലാതായി മാറുന്നു .<br>Written By: Shyamjith M (Asst. Audit Officer, On 26-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-93 |
| 94 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം (കൃഷി) - മരാമത്ത് പ്രവൃത്തി - കരാർ വെക്കാൻ വൈകിയത് - പിഴ ഈടാക്കിയില്ല<br>Written By: Shyamjith M (Asst. Audit Officer, On 26-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-94 |
| 95 | വേളം- ആയഞ്ചേരി കോൾ നിലം കൃഷിക്ക് ഉപയുക്തമാക്കൽ -<br>Written By: Shinith A (Senior Grade Auditor, On 24-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-95 |
| 96 | പൊതുമരാമത്ത് പ്രവൃത്തികളിലെ റിടെൻഷൻ തുകകൾ കരാറുകാർക്ക് തിരിച്ചു നല്കിയത് - ബന്ധപ്പെട്ട രജിസ്റ്ററും ഫയലുകളും ലഭ്യമാക്കിയില്ല<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-96 |
| 97 | ഇരിങ്ങല്ലൂർ ജി.എച്ച്.എസ്.എസ് - കെട്ടിട നിർമ്മാണം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-97 |
| 98 | ലേഡീസ് ഹോസ്റ്റൽ നിർമ്മാണം - വില്ല്യാപ്പള്ളി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകം<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-98 |
| 99 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് ക്വാളിറ്റി കൺട്രോൾ ടെസ്റ്റിങ് നടത്തുന്നില്ല<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-99 |
| 100 | വെള്ളിയോട് എച്ച്.എസ്.എസ് - മോഡേൺ കിച്ചൻ , ചുറ്റുമതിൽ നിർമ്മാണം -ചെലവ് സ്റ്റേറ്റ്മെന്റിൽ അധികച്ചെലവും മറ്റ് അപാകങ്ങളും<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-100 |
| 101 | ഭൂജല വകുപ്പിന്റെ നിർദ്ദേശം പാലിച്ചില്ല – കുടിവെള്ള പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 05-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-101 |
| 102 | എ.സി. ഷൺമുഖദാസ് മെമ്മോറിയൽ ആയുർവേദ ചൈൽഡ് & | 1-102 |

| | | |
|---|---|---|
| | അഡോൾസെന്റ് കെയർ സെന്റർ, പൂറക്കാട്ടിരി - ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Prabodhkumar.E.M (Audit Officer, On 05-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | |
| 103 | അനാഥാലയങ്ങൾക്കും അഗതി മന്ദിരങ്ങൾക്കും ഗ്രാന്റ് അനുവദിച്ചത് - നിർണ്ണയിച്ച തുകയിലും വിതരണം ചെയ്ത തുകയിലും വ്യത്യാസം<br>Written By: Shyamjith M (Asst. Audit Officer, On 27-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 1-103 |
| 104 | കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് ഉപകരണങ്ങൾ വാങ്ങൽ - സാധന സാമഗ്രികൾ ലഭിച്ചതിന്റെ രേഖകളില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-104 |
| 105 | ഐ.കെ.എം വിഹിതം നൽകൽ - അടവാക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-105 |
| 106 | കുന്ദമംഗലം പട്ടികജാതി ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം - ധനസഹായത്തിൽ നിന്നും തെറ്റായി ആദായനികുതി കുറവ് വരുത്തിയതും മറ്റ് അപാകതകളും.<br>Written By: Shinith A (Senior Grade Auditor, On 23-06-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-106 |
| 107 | വിശപ്പ് രഹിത കേരളം - ഗ്രാമ പഞ്ചായത്തുകൾക്ക് യഥാസമയം ധനസഹായം നൽകുന്നതിലെ കാലതാമസം - പദ്ധതി പ്രയോജനപ്പെടുത്താനായില്ല.<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-107 |
| 108 | പേരാമ്പ്ര വനിതാ ഹോസ്റ്റൽ നടത്തിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Prabodhkumar.E.M (Audit Officer, On 01-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 1-108 |
| | ഭാഗം **2** | |
| 1 | കസ്റ്റം ഹയറിങ് സെന്റർ - ട്രാക്ടറിന് ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കിയില്ല<br>Written By: Prabodhkumar.E.M (Audit Officer, On 11-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 2-1 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം (കൃഷി) - മരാമത്ത് പ്രവൃത്തി - കരാർ വെക്കാൻ വൈകിയത് - പിഴ ഈടാക്കിയില്ല<br>Written By: Prabodhkumar.E.M (Audit Officer, On 11-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 14-07-2022) | 2-2 |
| | ഭാഗം **3** | |
| 1 | ഷീപാഡ് ഇൻസിനറേറ്റർ വിതരണ പ്രോജക്ട് - കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിച്ചില്ല – 454896 രൂ യുടെ അധികച്ചെലവും മറ്റ് അപാകങ്ങളും<br>Written By: Prabodhkumar.E.M (Audit Officer, On 11-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം<br>Written By: Shyamjith M (Asst. Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 4-1 |
| 2 | ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിനായി നല്കിയ തുകയുടെ വിവരം | 4-2 |

| | | |
|---|---|---|
| | Written By: Shyamjith M (Asst. Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം<br>Written By: Shyamjith M (Asst. Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Shyamjith M (Asst. Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Shyamjith M (Asst. Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Shyamjith M (Asst. Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 4-6 |
| 7 | (എ) ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shyamjith M (Asst. Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 4-7 |
| 8 | (ബി) സർച്ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Shyamjith M (Asst. Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 4-7 |
| 9 | സമാഹൃത റിപ്പോർട്ട് വിവരം<br>Written By: Shyamjith M (Asst. Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 4-8 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prabodhkumar.E.M (Audit Officer, On 11-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 16-07-2022) | 4-9 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shyamjith M (Asst. Audit Officer, On 04-07-2022)<br>Last Updated By: Retheesh Kumar P.M (Senior Deputy Director, On 12-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം – 3 | |
| 4 | അനുബന്ധം – 4 | |
| 5 | അനുബന്ധം – 5 | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സർക്കാർ അതാത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി വികസന പദ്ധതികൾക്കുള്ള ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തിയ്യതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാൻഡിങ് കമ്മിറ്റികൾ, സെക്രട്ടറിയും അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ് . ഈ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് തയ്യാറാക്കേണ്ടതും മാർച്ച് മാസം ആദ്യത്തെ ആഴ്ച പഞ്ചായത്തിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിന് വെക്കേണ്ടതുമാണ് . (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 , 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 മുതൽ 74 വരെ .)

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കിയതിന്റേയും അംഗീകരിച്ചതിന്റേയും വിശദാംശങ്ങൾ താഴെപ്പറയുന്നു .

| | |
|---|---|
| 2020-21 വർഷത്തെ ബജറ്റ് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി അംഗീകരിച്ച തീരുമാനം നമ്പർ / തിയ്യതി | 15/20 തിയ്യതി 17.03.2020 |
| 2020-21 വർഷത്തെ ബജറ്റ് ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച തീരുമാനം നമ്പർ / തിയ്യതി | 1-31 / 20 തിയ്യതി 26.03.2020 |
| 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് ഭരണ സമിതി അംഗീകരിച്ച തീരുമാനം നമ്പർ / തിയ്യതി | 25 -21 തിയ്യതി 22.02.2021 |

പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ താഴെപ്പറയുന്നു .

| | |
|---|---|
| മുൻബാക്കി | 17,90,17,628/-രു |
| തൻവർഷ വരവ് | 142,88,83,700/-രു |
| ആകെ വരവ് | 160,79,01,328/-രു |
| ചെലവ് | 143,43,37,337/-രു |
| മിച്ചം | 17,35,63,991/- രു |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 21.07.2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,70,405,350 |
| ഓഡിറ്റ് വർഷത്തെ വരവ് | 13,75,188,700 |
| ആകെ | 15,45,594,050 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 15,12,392,873 |
| നീക്കിയിരിപ്പ് | 33,201,177 |

തനത് വരുമാനം

| ഇനം | മുൻ വർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 3,57,58,973 | 3,88,43,493 | 3,08,40,520 | 8.63% |
| മറ്റു വരവുകൾ | 0 | 0 | 0 | 0 |
| ആകെ | 3,57,58,973 | 3,88,43,493 | 3,08,40,520 | 8.63% |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ ACR പ്രകാരം | 0 | 42,55,56,521 | 42,55,56,521 | 41,43,14,230 | 1,12,42,291 |
| വികസന ഫണ്ട് .S.C.P ACR പ്രകാരം | 0 | 12,22,02,000 | 12,22,02,000 | 12,22,02,000 | 0 |
| വികസന ഫണ്ട് . T S P ACR പ്രകാരം | 0 | 1,37,28,208 | 1,37,28,208 | 1,16,34,202 | 20,94,006 |
| M.G.(Road) ACR പ്രകാരം) | 0 | 60,78,08,000 | 60,78,08,000 | 52,61,16,698 | 8,16,91,302 |
| M.G.( Non Road) | 0 | 10,15,25,641 | 10,15,25,641 | 8,89,04,104 | 1,26,21,537 |

| | | | | | | |
|---|---|---|---|---|---|---|
| ACR പ്രകാരം) | | | | | | |
| C.F.C ഗ്രാന്റ് | | 0 | 75,67,03,000 | 75,67,03,000 | 3,05,82,348 | 4,50,87,652 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 41,83,001 | 0 | 41,83,001 | 0 | |
| | ഗ്രാമ പഞ്ചായത്ത് | 36,26,360 | 0 | 36,26,360 | | |
| ബി ഫണ്ട് | | 0 | 1,9145,510 | 1,91,45,510 | 1,91,45,510 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 4,12,70,900 | 4,12,70,900 | 4,12,70,900 | |
| തനത് ഫണ്ട് | ബേങ്ക് അക്കൗണ്ട് | 2,27,58,469 | 3,44,73,612 | 5,72,32,081 | 4,49,18,266 | |
| | ട്രഷറി അക്കൗണ്ട് | 14,76,46,881 | 22,44,05,003 | 37,20,51,884 | 35,11,98,522 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 927 | 544 | | 127 | 256 | 47 |

ആകെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് 248,87,95,964 രൂപ വകയിരുത്തിയതിൽ 180,33,75,806 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ മിക്ക പ്രവൃത്തികളുടെയും നിർവ്വഹണം, പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. സ.ഉ.(കൈ) നം.11/2018/തസ്വഭവ തീയതി 29.01.2018 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.13.1 പ്രകാരം മോണിട്ടറിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയിലേക്കും നൽകേണ്ടതാണ്. എന്നാൽ അപ്രകാരം റിപ്പോർട്ട് നൽകിയതായി കാണുന്നില്ല.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസങ്ങളിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

## 1-7 ജില്ലാ പഞ്ചായത്ത് ഓഫീസ് - ക്യാഷ് ചെസ്റ്റ് സൂക്ഷിപ്പുമായി ബന്ധപ്പെട്ട അപാകതകൾ

കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ക്യാഷ് വെരിഫിക്കേഷൻ നടത്തുകയും ക്യാഷ് ചെസ്റ്റ്, ചെസ്റ്റിൽ സൂക്ഷിച്ചിരിക്കുന്ന Valuable Documents എന്നിവയുടെ പരിപാലനം പരിശോധിക്കുകയും ചെയ്തു . ആയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

(I) 2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, ചട്ടം 26(1) പ്രകാരം തറയിലോ ചുമരിലോ ഉറപ്പിച്ചതും വ്യത്യസ്ത രീതിയിലുള്ള 2 പൂട്ടുകൾ ഉള്ളതുമായ ബലമുള്ള കാഷ് ചെസ്റ്റിലായിരിക്കണം പഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് സൂക്ഷിക്കേണ്ടത്. എന്നാൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഓഫീസിൽ നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ക്യാഷ് ചെസ്റ്റ് ഇപ്രകാരം തറയിലോ, ചുമരിലോ ഉറപ്പിച്ചതല്ല. ചട്ട പ്രകാരം ക്യാഷ് ചെസ്റ്റ് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ് .

(Ii) കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 333 പ്രകാരം ' Custody Of Valuable Documents ’പ്രതിപാദിച്ചിട്ടുണ്ട്. ഇതേ ആർട്ടിക്കിൾ (V) – ൽ Register Of Valuable Documents ’പരിപാലിക്കേണ്ടത് സംബന്ധിച്ച നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ ക്യാഷ് ചെസ്റ്റിൽ ആധാരങ്ങൾ, ബാങ്ക് ചെക്കുകൾ തുടങ്ങി പല സുപ്രധാന രേഖകളും സൂക്ഷിക്കുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല .

അപാകതകൾ ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് 03.11.2021 തിയ്യതിയിലെ 01/2020-21 നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് 17.05.2022 തിയ്യതിയിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കി. മറുപടിയോടൊപ്പം പുതുതായി എഴുതി തയ്യാറാക്കിയ രജിസ്റ്ററിന്റെ ഒരു പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തയ്യാറാക്കിയ രജിസ്റ്റർ മേൽ പരാമർശിച്ച മാതൃക പ്രകാരമുള്ളതല്ല. നിശ്ചിത മാതൃകയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-8 ആഭ്യന്തര നിയന്ത്രണം

ജില്ലാ പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ജില്ലാ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. എന്നാൽ ആവശ്യമായ ഡാറ്റകൾ ഉൾപ്പെടുത്തുകയോ സമഗ്രമായോ അല്ല ജില്ലാ പഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയത്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യഘട്ടത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് കാലികമാക്കുകയും ചെയ്തില്ല. സബ്സിഡി മാർഗ്ഗരേഖ, പദ്ധതി മാർഗ്ഗരേഖ, തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ സമാഹരിക്കൽ മാർഗ്ഗരേഖ, കേരള പഞ്ചായത്ത് രാജ് ആക്ട്, പൊതുമരാമത്ത് മാന്വൽ, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയിലെ നിബന്ധനകൾ പാലിക്കാതെ ഏതാനും പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ആയത് ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2020-21 വർഷത്തിലും അതിന് മുൻപുള്ള വർഷങ്ങളിലും മറ്റ് തദ്ദേശ സ്ഥാപനങ്ങളിലൂടെയും വിവിധ നിർവ്വഹണ ഏജൻസികളിലൂടെയും വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കോടിക്കണക്കിന് രൂപ മുൻകൂറായി നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ മിക്ക പ്രവൃത്തികളുടെയും നിലവിലെ അവസ്ഥ, പൂർത്തീകരണം, നിക്ഷേപ തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച സമഗ്ര വിവരം ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കൈവശമില്ല. ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള 43 സ്കൂളുകളിൽ 2019-20 വർഷം സോളാർ പാനൽ സ്ഥാപിച്ചിരുന്നു. കരാർ പ്രകാരമുള്ള, അധിക വൈദ്യുതി ഉൽപാദനത്തിൽ നിന്നുള്ള വരവ് മെയ് -2022 വരെ കേവലം 9 സ്കൂളിൽ നിന്ന് മാത്രമേ

ലഭിച്ചുള്ളൂ. തനത് ഫണ്ടിലേക്കുള്ള വരവ് തുക ലഭിക്കാത്തത് പരിശോധിക്കപ്പെടുന്നില്ല. 6 മാസക്കാലയളവിനുള്ളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കും വിധം 2020-21 ൽ 1.52 കോടി രൂപ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി മെയ്-2022 ലും ആരംഭിച്ചില്ലെന്ന കാര്യം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള 4 കൃഷിഫാമുകളിൽ നിന്നും ജില്ലാ വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ട് വിൽപനയിനത്തിലും കോടിക്കണക്കിന് രൂപ വർഷങ്ങളായി ജില്ലാ പഞ്ചായത്തിന് കുടിശ്ശികയിനത്തിൽ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ഈടാക്കുന്നതിന് ഭരണതലത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ചില്ല. വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ അലോട്ട് ചെയ്ത് 12 വർഷത്തിനു ശേഷവും സംരംഭം ആരംഭിക്കാത്ത 3 പ്ലോട്ടുകൾ ഇനിയും ബാക്കിയുണ്ട്. അശാസ്ത്രീയമായ മണ്ണ് ഖനനം നടത്തിയത് മൂലം വ്യവസായ എസ്റ്റേറ്റിലെ ചില കെട്ടിടങ്ങളും സമീപത്തുള്ള ഏതാനും വീടുകളും അപകട ഭീഷണിയിലാണ്. സംരക്ഷണഭിത്തി നിർമ്മിക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു ( ഖണ്ഡിക നം. 1-84 കൂടി കാണുക). ഗുണമേന്മയുള്ള വിത്തുകളും തൈകളും സ്വന്തം നിലയിൽ ഉൽപാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ ബാധ്യതപ്പെട്ട കൂത്താളി കൃഷി ഫാം, സ്വകാര്യ നഴ്സറികളിൽ നിന്നും വിത്തുകളും തൈകളും വാങ്ങിയാണ് വിതരണം നടത്തുന്നത്. സ്ഥാപനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായ നടപടിയാണിത്. പ്രസ്തുത വിഷയം മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർച്ചയായി പരാമർശിച്ചിരുന്നെങ്കിലും ഫലപ്രദമായൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഫാമിലെ നാളികേര ഉൽപാദനത്തിലും ഗണ്യമായ കുറവ് വന്നിട്ടുണ്ട്. കൂത്താളി ഫാമിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ ഗുരുതര വീഴ്ചകൾ പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ കർശന നിരീക്ഷണവും ഇടപെടലും ആവശ്യമാണ്.

പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തത് കാരണം ഗുണഭോക്താക്കൾക്ക് യഥാസമയം പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നില്ല. ആറോ എട്ടോ മാസം പൂർത്തീകരണ കാലാവധിയുള്ള കുടിവെള്ള പദ്ധതികൾ മൂന്നോ നാലോ വർഷം കഴിഞ്ഞാണ് പൂർത്തീകരിക്കുന്നത്. വടകര ജില്ലാ ആശുപത്രിയിലും ജില്ലാ ഹോമിയോ ആശുപത്രിയിലും മരുന്നുകൾ യഥാസമയം ലഭ്യമാകാത്തതും അടിയന്തിരമായി പരിഹരിക്കേണ്ട വിഷയമാണ്. ഉദ്യോഗസ്ഥരുടെ കുറ്റകരമായ അനാസ്ഥ കാരണം മൃഗസംരക്ഷണ മേഖലയിൽ 10 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. വിവിധ തലങ്ങളിലെ ചർച്ചകൾക്കും പരിശോധനയ്ക്ക് ശേഷം അംഗീകാരം ലഭിക്കുന്ന പ്രോജക്ടുകൾ നിർവ്വഹണം നടക്കാതെ പോകുന്നത് ശരിയായ നടപടിയല്ല. ജി.എച്ച്.എസ്.എസ് വെള്ളിയോടിന്റെ ചുറ്റുമതിൽ, മോഡേൺ കിച്ചൺ നിർമ്മാണ പ്രവൃത്തികളുടെ ആകെ പ്രവൃത്തിമൂല്യം പ്രസ്തുത അടങ്കൽ തുകയിൽ അധികരിച്ചിരുന്നു. ഇപ്രകാരം വന്ന അധികരിച്ച തുക മറ്റ് പ്രോജക്ടിൽ നിന്നും വകയിരുത്തിയതായി കാണുന്നു. പ്രോജക്ടുകൾ പരസ്പരം മാറി ചെലവഴിച്ചതിലെ സാങ്കേതിക പ്രശ്നം അതീവ ഗൗരവത്തോടെ കാണേണ്ടതാണ്.

മേൽ വിഷയങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയതിന്റെ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.07.2020 | 2019-20 | 12/എ1/2020<br>12.10.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.10.2020 | 2019-20 | Audit/AMG1/(HQ)III/II<br>8-A-35/2020- |

## 1-10 വാർഷിക കണക്കിലെ അപാകതകൾ

1. ബാലൻസ് ഷീറ്റിലെ B-3 (Capital Contribution) ഷെഡ്യൂൾ പ്രകാരമുള്ള തുക B-11 (Fixed Assets) ഉം B-11(a) (Capital Work In Progress) ഉം ചേർന്ന തുകയ്ക്ക് തുല്യമായിരിക്കണം. B-3 പ്രകാരമുള്ള തുക 101,02,11,538/- രൂപയാണ്. എന്നാൽ B-11 പ്രകാരമുള്ള തുകയും B-11(a) ഷെഡ്യൂളിലെ തുകയും ചേർന്നാൽ ലഭിക്കുന്നത് 97,50,05,975/- (92,06,93,061+ 5,43,12,914/-) രൂപയാണ്. അതായത് 3,52,05,563/-രൂപയുടെ വ്യത്യാസം കാണുന്നു.

2. ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ "Recoveries Payable - Covid" എന്ന ശീർഷകത്തിൽ 10,61,973/- രൂപ തിരികെ നൽകാതെ അവശേഷിക്കുന്നുണ്ട്. ഈ തുക ജില്ലാ പഞ്ചായത്തിലെ ജനപ്രതിനിധികളിൽ നിന്നും വകകൊള്ളിച്ചതാണ്. സ.ഉ. (പി) നം.46/2020/ധന തീയതി. 23.04.2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പ്രതിമാസ ഹോണറേറിയം 30% വീതം ഒരു വർഷത്തേക്ക് കുറവ് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ 30% തിരികെ നൽകത്തക്ക വിധത്തിലാണ് 10,61,973/- രൂപ ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ ഉൾക്കൊള്ളിച്ചത്. പ്രസ്തുത തുക ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ) ലെ ചട്ടം 79 പ്രകാരവും കേരള ഫിനാൽഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷം കാലാവധി പിന്നിട്ട നിക്ഷേപങ്ങൾ കണ്ടുകെട്ടേണ്ടതാണ്. ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂളിൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട നിക്ഷേപങ്ങൾ, നിരതദ്രവ്യം എന്നിവ ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ഇനിയും ബാക്കിയുണ്ട്. ജില്ലാ പഞ്ചായത്ത് സമർപ്പിച്ച പത്രിക പ്രകാരം 2020-21 വർഷം 1,43,94,307/- രൂപയുടെ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടുകെട്ടിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിലെ I-9 ഷെഡ്യൂളിൽ പ്രസ്തുത തുകയ്ക്ക് പകരം 1,33,04,807/- രൂപ എന്നാണ് കാണിച്ചിരിക്കുന്നത്.

4. 2020-21 വർഷം നിരവധി ബില്ലുകൾ "ക്യൂ" വിൽ ആയിട്ടുണ്ട്. എന്നാൽ ഈ തുകകൾ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയില്ല.

5. എ.സി.ആർ പ്രകാരം സംരക്ഷണ ഗ്രാന്റിനത്തിൽ (റോഡിതരം) 8,89,04,104/- രൂപ 2020-21 വർഷത്തിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ വാർഷികകണക്കുകളിലെ I-6 ഷെഡ്യൂളിൽ ഈയിനത്തിലുള്ള വരവായി കാണിച്ചിരിക്കുന്നത് 5,23,97,945/- രൂപയാണ്.

6. നഗരസഞ്ചയ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും ലഭ്യമായ 2.2 കോടി രൂപ തെറ്റായി ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനു പകരം B-7 (നിക്ഷേപങ്ങൾ) എന്ന ശീർഷകത്തിലാണ് ചേർത്തിരിക്കുന്നത്.

7. ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട സമയബന്ധിതമായി ചെലവഴിക്കാത്ത തുക ജി.ഒ(പി) നം. 07/2017 ധന തീയതി. 23.01.2017 പ്രകാരം സഞ്ചിത നിധിയിലേക്ക് തിരികെ അടവാക്കേണ്ടതാണ്. എന്നാൽ അപ്രകാരം തുക അടവാക്കിയതായി കാണുന്നില്ല.

8. ബാലൻസ് ഷീറ്റിലെ B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോറിന്റെ ക്ലോസിംഗ് സ്റ്റോക്ക് മൂല്യം 91,060/- രൂപയാണ്. ആയതിന് ആധാരമായ രേഖകളില്ല.

9. ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് 5,77,020/- രൂപ മുൻകൂറായി നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. മേൽ മുൻകൂർ തുകയുടെ വിശദാംശം ലഭ്യമല്ല.

## 1-11 ഗ്രാമപഞ്ചായത്തുകൾ , നഗരഭരണ സ്ഥാപനങ്ങൾ എന്നിവക്ക് മാത്രം നടപ്പാക്കാൻ അനുമതിയുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പാക്കി - പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രോജക്ട് നിർവ്വഹണം

(1) ഗ്രാമപഞ്ചായത്തുകൾ, നഗരഭരണ സ്ഥാപനങ്ങൾ എന്നിവക്ക് മാത്രം നടപ്പാക്കാൻ

അനുമതിയുള്ള ചില പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | പ്രോജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|---|---|
| 1. | S0010/21 , പോത്തുകുട്ടി വളർത്തൽ | 1660000 രൂ | 1124000രൂ | വികസനഫണ്ട് (പൊതു) |
| 2. | S0022/21 ,മുട്ടഗ്രാമം പദ്ധതി | 675000 രൂ | 3156625രൂ | വികസനഫണ്ട് (പൊതു) |
| 3. | S0973/21 ,മുട്ടഗ്രാമം പദ്ധതി | 3317937 രൂ | 3225063രൂ | വികസനഫണ്ട് (പൊതു) |

1) സ.ഉ(കൈ)22/2018/തസ്വഭവ തിയ്യതി 14.02.2018 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 6.2 ലെ പട്ടിക ക്രമനമ്പർ 4 , 7 എന്നിവ പ്രകാരം കന്നുകുട്ടി , കാളക്കുട്ടി , പോത്തുകുട്ടി എന്നിവ വാങ്ങുന്നതിന് ധനസഹായം , മുട്ടക്കോഴി മുതലായ വളർത്ത് പക്ഷികളും കൂടും വിതരണം എന്നീ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും, നഗരഭരണ സ്ഥാപനങ്ങൾക്കും നടപ്പാക്കുവാനാണ് അനുമതി നല്കിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് പോലുള്ള ഉയർന്ന ത്രിതല പഞ്ചായത്ത്തല സംവിധാനത്തിൽ മൃഗസംരക്ഷണ രംഗത്ത് വഹിക്കേണ്ട ചുമതലകൾ 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 173-ാം വകുപ്പ് പ്രകാരമുള്ള 5-ാം പട്ടിക ക്രമനമ്പർ ബി II യിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതു പ്രകാരം ജില്ലാതല മൃഗാശുപത്രികൾ നടത്തുക തുടങ്ങി പ്രാദേശിക പ്രസക്തിയുള്ള ഗവേഷണവും വികസനവും വരെ ജില്ലാ പഞ്ചായത്തുകൾക്ക് നിർണയിച്ചു നല്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്തതും പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുമതിയില്ലാത്തതുമായ പ്രോജക്ടുകൾക്ക് വേണ്ടിയാണ് മൃഗസംരക്ഷണ മേഖലയിൽ ഭൂരിഭാഗം ഫണ്ടും ചെലവഴിച്ചത് .

(2) പ്രോജക്ട് നമ്പർ എസ്.0010/21 (പോത്തുകുട്ടി വളർത്തൽ ) നടത്തിപ്പിൽ ഒരു പോത്തുകുട്ടിയുടെ വില 16000 രൂപ ആയാണ് നിശ്ചയിച്ചിരിക്കുന്നത് . ഇതിൽ 5000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും 3000 രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും ബാക്കി ഗുണഭോക്തൃ വിഹിതവുമാണ്. 14.02.2018 തിയ്യതിയിലെ സ.ഉ(കൈ) നം.22/2018/ തസ്വഭവ ഖണ്ഡിക നമ്പർ 6.2 ക്രമനമ്പർ 4 ലെ നിർദ്ദേശപ്രകാരം ഇത്തരം പ്രോജക്ടുകളുടെ കാര്യത്തിൽ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിർണയിക്കേണ്ടതുണ്ട് . കൂടാതെ ഇവിടെ പോത്തുകുട്ടി വളർത്തലിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതം 5000 രൂപയായി നിർണയിച്ചത് എങ്ങനെയാണ് എന്നതും വ്യക്തമല്ല. നേരത്തെ പരാമർശിച്ച ഉത്തരവിൽ തന്നെ ഖണ്ഡിക 6.2 ക്രമനമ്പർ 9 പ്രകാരം ഗുണമേന്മയുള്ള മാംസോൽപാദനത്തിന് പ്രോത്സാഹനം എന്ന ഭാഗത്ത് ബ്രഹ്മഗിരി മാതൃകയിലുള്ള മാംസ വിപണന കേന്ദ്രത്തിൽ കന്നുകാലി കർഷകർ വിൽക്കുന്ന കാള, മൂരി , പോത്ത് എന്നിവയുടെ വിലയുടെ 10 ശതമാനം തുകയോ, പരമാവധി 5000 രൂപയോ ഏതാണോ കൂടുതൽ ആ തുക കർഷകന് അധിക സഹായമായി നല്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരം വിപണന കേന്ദ്രങ്ങൾ ഉള്ള സ്ഥലങ്ങളിൽ സ്ഥാപനത്തിൽ നിന്നുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നല്കേണ്ടത്. എന്നാൽ ഇത് പോത്തുകുട്ടി വളർത്തൽ പദ്ധതിക്ക് ബാധകമാക്കാൻ കഴിയില്ല .

3. ആവശ്യമായതിലും അധികം തുക പ്രോജക്ടിന് വകയിരുത്തി :-

| പ്രോജക്ട് നമ്പർ | പ്രോജക്ട് | വകയിരുത്തിയ തുക(രൂ) |
|---|---|---|
| S0022 /21 | മുട്ട ഗ്രാമം പദ്ധതി | 67,50,000 |

ആകെ 50 പഞ്ചായത്തുകളിൽ യൂണിറ്റൊന്നിന് 2750 രൂപ നിരക്കിൽ (ജില്ലാ പഞ്ചായത്ത് വിഹിതം 687.5 രൂ , ഗ്രാമപഞ്ചായത്ത് വിഹിതം 687.5 രൂ , ഗുണഭോക്തൃ വിഹിതം 1375 രൂ ) 25 കോഴികൾ

അടങ്ങുന്ന ഒരു യൂണിറ്റ് വീതം ഒരു പഞ്ചായത്തിൽ 200 പേർക്ക് വിതരണം ചെയ്യുന്നതാണ് പ്രോജക്ട്. എന്നാൽ പ്രോജക്ടിനോടൊപ്പമുള്ള ലിസ്റ്റ് പ്രകാരം 42 പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതായത് 5775000 രൂ (42 X 200 X 687.5) മാത്രം വകയിരുത്തേണ്ട സ്ഥാനത്ത് 6750000 രൂപയാണ് വകയിരുത്തിയത്. പ്രോജക്ട് പുതുക്കിയിട്ടുണ്ടെങ്കിൽ പുതുക്കിയ പ്രോജക്ട് പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

4. പരിശോധിച്ച പ്രോജക്ടുകളിലൊന്നും തന്നെ സ.ഉ(കൈ)11/2018/തസ്വഭവ തിയ്യതി 29.01.2018 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 13.1 പ്രകാരമുള്ള വർക്കിങ് ഗ്രൂപ്പ് മോണിട്ടറിംഗ് റിപ്പോർട്ടുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

അപാകം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് വിഭാഗത്തിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥന് നല്കിയ 25.11.2021 ലെ 17/2020 - 21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണ്.

## 1-12 പോത്തുകുട്ടി വളർത്തൽ പദ്ധതി - രേഖകൾ പൂർണ്ണമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം

പ്രോജക്ട് നമ്പർ - SO 975/21 പോത്തുകുട്ടി വളർത്തൽ പദ്ധതി

അടങ്കൽ - 575000/-രൂപ

ചെലവ് - 575000/-രൂപ

മേൽ സൂചിപ്പിച്ച പ്രൊജക്ട് പ്രകാരം 575000/- രൂപ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുണ്ട്. റിവൈസ്ഡ് പ്രൊജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. 14.02.2018 ലെ സ.ഉ.(കൈ) നം.22/2018 തസ്വഭവ ഖണ്ഡിക 6.2 ക്രമ നമ്പർ 4 പ്രകാരം ഇത്തരം പ്രോജക്ടുകളുടെ കാര്യത്തിൽ യൂണിസ്റ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിർണ്ണയിക്കേണ്ടതുണ്ട്. കൂടാതെ ക്രമ നമ്പർ 9 പ്രകാരം ഗുണമേന്മയുള്ള മാംസോൽപ്പാദനത്തിനു പ്രോത്സാഹനം എന്ന ഭാഗത്ത് ബ്രഹ്മഗിരി മാതൃകയിലുള്ള മാംസവിപണന കേന്ദ്രത്തിൽ കന്നുകാലി കർഷകർ വിൽക്കുന്ന കാള, മൂരി, പോത്ത് എന്നിവയുടെ വിലയുടെ 10 ശതമാനം തുകയോ പരമാവധി 5000/- രൂപയോ ഏതാണോ കൂടുതൽ ആ തുക കർഷകനു അധിക സഹായമായി നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരം വിപണന കേന്ദ്രങ്ങൾ ഉള്ള സ്ഥലങ്ങളിൽ സ്ഥാപനത്തിൽ നിന്നുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകേണ്ടത്. എന്നാൽ മേൽ നടപടികൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

575000/- രൂപ ഏതെല്ലാം പഞ്ചായത്തുകൾക്കാണ് നൽകിയതെന്നോ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രങ്ങളോ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 20/2020-21 മറുപടി ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ 5,75,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-13 ഹൈടെക് ഡയറി ഫാമിലെ മൂരിക്കുട്ടൻമാർ/പശുക്കളെ വില്പന നടത്തിയ ഇനത്തിലുള്ള രൂ.312560/- 20 മാസത്തിനുശേഷവും ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -ജില്ലാ കൃഷി ഫാം സൂപ്രണ്ട് കുത്താളി

(ഫയൽ നമ്പർ എ-178/20, എ-179/20)

ജില്ലാ കൃഷിത്തോട്ടം, കുത്താളിയിലെ ഹൈടെക് ഡയറി ഫാമിലെ 6 മൂരിക്കുട്ടന്മാരെയും 8 പശുക്കളെയും കുത്താട്ടുകളത്തുള്ള മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യ എന്ന പൊതു മേഖലാ സ്ഥാപനത്തിന് 20.04.2020 ന് വില്പന നടത്തിയ ഇനത്തിൽ ലഭിക്കാനുള്ള തുക 312560/- രൂപ ഫാമിന് ലഭിച്ചിട്ടില്ല. വെറ്ററിനറി സർജന്റെ 14.01.2020 ലെ റിപ്പോർട്ട് പ്രകാരം 6 മൂരിക്കുട്ടന്മാർക്ക് 466 കി.ഗ്രാം തൂക്കവും, 25.02.2020 ലെ റിപ്പോർട്ട് പ്രകാരം 8 പശുക്കൾക്ക് 3441 കി.ഗ്രാം തൂക്കവും ഉണ്ടെന്നു

സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യാ ലിമിറ്റഡുമായുള്ള 16.04.2020 ലെ ഫോൺ സന്ദേശം, 17.04.2020 ലെ ഇ-മെയിൽ എന്നിവയുടെ അടിസ്ഥാനത്തിൽ കി.ഗ്രാമിന് 80/- രൂപ നിരക്കിൽ 6 മൂരിക്കുട്ടന്മാരെയും 8 പശുക്കളെയും വില്പന നടത്തുന്നതിനുള്ള സന്നദ്ധത വിശദമായ ഇയർ ടാഗ് നമ്പർ, തൂക്കം എന്നിവ സഹിതം ഫാം സൂപ്രണ്ട്, മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യയ്ക്ക് കത്ത് മുഖാന്തിരം അറിയിച്ചു. 20.04.2020 ലെ മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ) മാനേജരുടെ എം.പി.ഐ./ പി.ആർ.ഡി.എൻ/38 നമ്പർ കത്ത് പ്രകാരം ശ്രീ.ജോമോൻ തോമസ് എന്നയാളെ മേൽപ്പറഞ്ഞ കാലികളെ കൈപ്പറ്റുന്നതിന് അധികാരപ്പെടുത്തുകയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 20.04.2020 ന് കാലികളെ കൈമാറുകയും ചെയ്തു. ഇത് സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 20.04.2022 ന് വില്പന നടത്തിയ കന്നുകാലികളുടെ തൂക്കം രേഖപ്പെടുത്തിയില്ല. മുമ്പത്തെ തൂക്കപ്രകാരം 6 മൂരിക്കുട്ടന്മാരുടെ മൊത്തം ഭാരം 466 കി.ഗ്രാമവും 8 പശുക്കളുടെ മൊത്തം ഭാരം 3441 കി.ഗ്രാം ചേർത്ത് മൊത്തം 3907 കി.ഗ്രാം കാലികൾക്ക് കി.ഗ്രാമിന് 80/- രൂപ നിരക്കിൽ 312560/- രൂപ കൃഷിഫാമിന് ലഭിക്കേണ്ടതാണ്. വില്പന നടത്തി ഏതാണ്ട് 20 മാസം കഴിഞ്ഞിട്ടും ഈയിനത്തിൽ തുകയൊന്നും എം.പി.ഐ യിൽ നിന്നും ലഭിച്ചിട്ടില്ല. ഫാം സൂപ്രണ്ട് 20.05.2021 ന് മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ മാനേജർക്ക് കത്തയച്ചെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല.

2. ലക്ഷക്കണക്കിന് രൂപയുടെ ഇടപാടായിട്ടുകൂടി ഫാം അധികൃതർ എം.പി.ഐ.യുമായി ഉടമ്പടി വെച്ചില്ല. ആയതിനാൽ തുക ഈടാക്കുന്നതിന് മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിനെതിരെ നിയമപരമായ നടപടി സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. മാത്രമല്ല കത്തിടപാടുകളും ഓഫീസ് കുറിപ്പും അടങ്ങിയ ഫയലുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചില്ല. ഓഫീസ് കുറിപ്പിൽ കുറിപ്പ് തയ്യാറാക്കിയ ജീവനക്കാരന്റെ ഒപ്പോ, സൂപ്രണ്ടിന്റെ ഉത്തരവോ നിർദ്ദേശങ്ങളോ, കത്തിടപാടുകൾക്ക് നമ്പറോ തിയ്യതിയോ നൽകിയിട്ടില്ല.

3. സൂപ്രണ്ട്, എം.പി.ഐ. മാനേജർക്ക് ആദ്യം നൽകിയ കത്തിൽ (നമ്പർ, തിയ്യതി എന്നിവ രേഖപ്പെടുത്തിയില്ല) കാലികളുടെ കൃത്യമായ എണ്ണവും തൂക്കവും (3907 കി.ഗ്രാം) ഇയർ ടാഗ് നമ്പറും കിലോഗ്രാമിന് 80/- രൂപ നിരക്കിലാണെന്നും വ്യക്തമായി രേഖപ്പെടുത്തിയിരുന്നെങ്കിലും 20.04.2020 ന് കന്നുകാലികളെ വില്പന നടത്തിയതിന്റെ കൈപ്പറ്റ് രസീതിൽ തൂക്കം രേഖപ്പെടുത്തിയില്ല. തുടർന്ന് പണം ലഭിക്കാത്തതിനാൽ 08.06.2020, 11.06.2020 എന്നീ തിയ്യതികളിൽ എം.പി.ഐ ലിമിറ്റഡിന് ഫാം സൂപ്രണ്ട് നൽകിയ കത്തുകളിലും കാലികളുടെ തൂക്കം സംബന്ധിച്ചോ കിട്ടാനുള്ള തുക സംബന്ധിച്ചോ പരാമർശമില്ലാത്തത് ഗുരുതരമായ വീഴ്ചയാണ്.

4. 21.04.2020 ലെ എം.പി.ഐ യുടെ 46 നമ്പർ ജി.ആർ.എൻ. വൗച്ചറിലും 11.06.2020 ലെ എം.പി.ഐ./പർച്ചേസ്/195 നമ്പർ കത്തിലും 3140 കി.ഗ്രാം 80/- രൂപ നിരക്കിൽ 251200/- രൂപയാണ് കാണിച്ചിരിക്കുന്നത്. ഫാം സൂപ്രണ്ട് 26.05.2021ന് മിക്സ് പ്രൊഡക്ട് ഓഫ് ഇന്ത്യ മാനേജർക്ക് അയച്ച കത്തിലും 3140 കി.ഗ്രാം എന്ന് സൂചിപ്പിക്കുന്നു.

തുടർന്ന് കൃഷിത്തോട്ടം സൂപ്രണ്ട് എം.പി.ഐ. മാനേജർക്കയച്ച 07.10.2020 ലെ 178/20 നമ്പർ കത്തിലും 3907 കി.ഗ്രാം 80/- രൂപ നിരക്കിൽ 312560/- രൂപയ്ക്ക് പകരം 251200/- രൂപ, എത്രയും പെട്ടെന്ന് തന്നെ അടയ്ക്കാൻ 'അപേക്ഷിക്കുകയാണ് ' ചെയ്തിരിക്കുന്നത്. 3907 കി.ഗ്രാം 80/- രൂപ നിരക്കിൽ 3,12,560/- രൂപ ലഭിക്കേണ്ടതിനു പകരം 70360/- രൂപ കുറച്ച് 2,51,200/- രൂപ ആവശ്യപ്പെട്ടതിന്റെ കാരണം വ്യക്തമല്ല.

5. വെറ്ററിനറി സർജന്റെ 14.01.2020 ലെ റിപ്പോർട്ട് പ്രകാരം 466 കി.ഗ്രാം ഭാരമുള്ള മൂരിക്കുട്ടന്മാരുടെ തൂക്കം 3 മാസങ്ങൾക്ക് ശേഷം വില്പന നടത്തിയ 20.04.2020 ന് ഗണ്യമായി വർദ്ധിച്ചിട്ടുണ്ടാകും. വില്പന നടത്തിയ തിയ്യതിയിൽ തൂക്കം എടുക്കാത്തത് വഴി സംഭവിച്ച നഷ്ടം തിട്ടപ്പെടുത്തേണ്ടതാണ്.

6. പൊതു ലേലം/ടെണ്ടർ മുഖാന്തിരം മൂരിക്കുട്ടന്മാർ/പശുക്കൾ എന്നിവയും വില്പന നടത്താതെ എം.പി.ഐ യുടെ ഓഫർ പ്രകാരം വില്പന നടത്തിയതിനുള്ള സാഹചര്യം അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചും ഫാമിന് ലഭിക്കാനുള്ള 312560/- രൂപ നിയമാനുസൃത പലിശ സഹിതം ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 25/20-21 ന മറുപടി ലഭിച്ചിട്ടില്ല. കന്നുകാലികളുടെ വിൽപനയിൽ ശരിയായ നടപടിക്രമങ്ങൾ പാലിക്കാതെയും കൃത്യമായ തൂക്കം ഉറപ്പ് വരുത്താതെയും ലഭിക്കാനുള്ള തുക യഥാസമയം ഈടാക്കാൻ നടപടി സ്വീകരിക്കാതെയും ജില്ലാപഞ്ചായത്ത് ഫണ്ടിനു നഷ്ടം വരുത്തിയിട്ടുമുണ്ട്. നഷ്ടം ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ജില്ലാ കൃഷിത്തോട്ടം കുത്താളി - കന്നുകാലി വില്പന- ലേല നടപടിക്രമങ്ങളിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, കുത്താളി

ജില്ലാ കൃഷിത്തോട്ടം കുത്താളിയിൽ 19.10.2020 ലെ ബി. 287/20 നമ്പർ ക്വട്ടേഷൻ പരസ്യങ്ങൾ മുഖാന്തിരം താഴെ പറയും പ്രകാരം കന്നുകാലികളെ വില്പന നടത്തിയിട്ടുണ്ട്.

| ക്വട്ടേഷൻ പരസ്യം | കന്നുകാലി ഇനം | എണ്ണം |
|---|---|---|
| 1 | ഗർഭിണിയായ പശു | 1 |
| 2 | കറവ വറ്റിയ പശു | 5 |
| 3 | മൂരിക്കുട്ടൻ | 5 |
| 4 | പശു കിടാരി | 4 |
| ആകെ | | 15 |

03.11.2020 ലെ ലേലം 05.11.2020 ലെ 49/2020 തീരുമാന പ്രകാരം ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പരിശോധനയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. വില്പന വില ലഭിച്ചതിന്റെ വിവരം ലഭ്യമല്ല.

മേൽ വില്പനയിൽ ഇബ്രാഹിം എന്നയാൾക്ക് വിറ്റ കറവ വറ്റിയ പശു (ടാഗ് നമ്പർ 84709/ തൂക്കം 419 കി.ഗ്രാം) വിലയായ 33150/- രൂപ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2.ലേല ഫയലിൽ മുഴുവൻ വിവരങ്ങൾ ഇല്ല.

ലേല/ക്വട്ടേഷൻ സംബന്ധിച്ച ഫയലുകളിൽ കന്നുകാലികളെ ലേലം ചെയ്യേണ്ട സാഹചര്യം, ആയത് സംബന്ധിച്ച റിപ്പോർട്ട്, ലേലം/ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കൽ, പരസ്യപ്പെടുത്തൽ, ലേല ഡയറി, ലേലത്തിൽ പങ്കെടുത്തവരുടെ പേര് വിവരം, ഓഫർ വിവരം, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്, തുക ഈടാക്കിയത്, കന്നുകാലികളെ കൈമാറിയത്, തുക ജില്ലാ പഞ്ചായത്തിൽ അടച്ചത് തുടങ്ങിയ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

ജില്ലാ പഞ്ചായത്തിന്റെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 05.11.2020 ലെ യോഗത്തിന്റെ മിനുട്സിന്റെ പകർപ്പ്, ക്വട്ടേഷൻ നോട്ടീസുകൾ എന്നിവ ബന്ധപ്പെട്ട ഫയലിൽ ചേർത്ത് വെച്ച നിലയിലാണ്. സർക്കാർ ഓഫീസുകളിലെ ഫയലുകൾ തയ്യാറാക്കൽ, കുറിപ്പുകളും നക്കലുകളും തയ്യാറാക്കൽ, കത്തിടപാടുകൾ നടത്തൽ എന്നിവ സംബന്ധിച്ച മാന്വൽ ഓഫ് ഓഫീസ് പ്രൊസീജർ പ്രകാരം ഫയലുകൾ തയ്യാറാക്കുന്നില്ല.

3.ലേല നോട്ടീസ് പ്രസിദ്ധപ്പെടുത്തിയതിന് രേഖയില്ല.

കെ.എഫ്.സി. വോള്യം.1 ആർട്ടി.156 എ. പ്രകാരം ലേല നടപടികൾക്ക് ഓഫീസ് മേധാവി വ്യാപകമായ പ്രചാരണം നൽകേണ്ടതാണ്. സ.ഉ. ആർ.ടി. നം. 1833/2017/തസ്വഭവ. തി. 02.06.2017

പ്രകാരം അംഗീകരിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ (റവന്യൂ) ഖണ്ഡിക 5.7.1. പ്രകാരം ഗ്രാമപഞ്ചായത്തിലും വില്ലേജ് ഓഫീസുകളിലും 7 ദിവസത്തേക്ക് ലേലം സംബന്ധിച്ച പൊതു നോട്ടീസ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ക്വട്ടേഷൻ പരസ്യത്തിൽ പകർപ്പുകൾ/നോട്ടീസ് പ്രിൻസിപ്പൽ കൃഷി ഓഫീസർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി, സ്റ്റേറ്റ് സീഡ് ഫാമുകൾ, മൃഗാശുപത്രികൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, കൃഷി ഓഫീസർമാർ എന്നിവർക്ക് അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും നോട്ടീസ് ഇവിടങ്ങളിൽ നൽകിയതിന്റെയോ പതിച്ചതിന്റെയോ രേഖ സൂക്ഷിച്ചിട്ടില്ല. കൈപ്പറ്റ് രേഖയുടെ അഭാവത്തിൽ ക്വട്ടേഷൻ/നോട്ടീസിന് വ്യാപക പരസ്യം നൽകിയെന്ന് ഉറപ്പു വരുത്താനായിട്ടില്ല.

4 .ലേല രജിസ്റ്റർ ക്രമപ്രകാരമല്ല.

കെ.എഫ്.സി. വോള്യം.2 ഫോം നം. 20 ൽ ഒരു ലേല രജിസ്റ്റർ സൂക്ഷിക്കേണ്ടതും എല്ലാ കോളങ്ങളും പൂരിപ്പിച്ച് ഓഫീസ് മേധാവി ഒപ്പ് വെയ്ക്കേണ്ടതുമാണ്. എന്നാൽ ആയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. ഇ.എം.ഡി.രജിസ്റ്റർ സൂക്ഷിച്ചില്ല.

വില്പന നടത്തേണ്ട ഇനത്തിന്റെ നിശ്ചയിക്കപ്പെട്ട തുകയുടെ ഒരു ശതമാനം ഇ.എം.ഡി. ആയി ലേലക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഇ.എം.ഡി. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6. വില്പന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കെ.എഫ്.സി. വോള്യം.2 ഫോം നം. 20 എയിൽ വില്പന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെങ്കിലും കന്നുകാലികളെ വിറ്റത് സംബന്ധിച്ച വില്പന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽപ്പറഞ്ഞ രജിസ്റ്ററുകളും ഫയലും കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ മുഴുവൻ ലേല തുകയും ഈടാക്കിയ ശേഷമാണോ ഉരുപ്പടികളുടെ വില്പന നടത്തിയതെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 26/20-21 ന മറുപടി ലഭിച്ചിട്ടില്ല. ലേലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും കൃത്യമായി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ക്രമ നം. 1 ൽ സൂചിപ്പിച്ച 33150/- രൂപ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. തുക ഈടാക്കിയിട്ടില്ലെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നിയമാനുസൃത പലിശ സഹിതം തുക ഈടാക്കേണ്ടതാണ്.

1-15 ജില്ലാ കൃഷിത്തോട്ടം കുത്താളി - രസീതുപയോഗിച്ചുള്ള പണപ്പിരിവ്, തുക ബാങ്കിലടയ്ക്കൽ എന്നിവയിലെ അപാകതകൾ

കുത്താളി ജില്ലാ കൃഷിത്തോട്ടത്തിന് ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച രസീതുപയോഗിച്ചുള്ള പണപ്പിരിവിലെ പൊതു അപാകതകൾ താഴെ ചേർക്കുന്നു.

1.രസീതുകൾ റദ്ദാക്കൽ - ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ചിട്ടില്ല (ബുക്ക് നമ്പർ 197, രസീത് നമ്പർ -2).

റദ്ദാക്കിയ രസീതിന്റെ കൂടെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ചിട്ടില്ല. റദ്ദാക്കൽ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ, റദ്ദാക്കലിനുള്ള കാരണം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 11 ൽ നിഷ്കർഷിക്കും പ്രകാരമല്ല രസീതുകൾ റദ്ദ് ചെയ്യുന്നത്.

2.പിരിവ് തുക തൊട്ടടുത്ത ദിവസം ബാങ്കിലടയ്ക്കുന്നില്ല.

കെ.എഫ്.സി. വോള്യം.1 ആർട്ടി.7(2) പ്രകാരം ദിവസേനയുള്ള കലക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറിയിൽ /ബാങ്കിലടയ്ക്കേണ്ടതാണ്. ദൂരക്കൂടുതലോ മറ്റേതെങ്കിലും കാരണത്താലോ തുക ഒടുക്കുവാൻ സാധിക്കാതെ വന്നാൽ ആഴ്ചയിലൊരിക്കൽ അവസാന പ്രവൃത്തി ദിവസങ്ങളിൽ അടവാക്കേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം പണം ലഭിച്ച ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അക്കൗണ്ടിൽ ഒടുക്കിയെന്ന് ഉറപ്പാക്കേണ്ടതാണ്. തുക ബാങ്കിൽ അടക്കാൻ വൈകിയതിന്റെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

പൊതു പണം യഥാസമയം അക്കൗണ്ടിൽ അടക്കാതെ കൈവശം വെക്കുന്നത് താല്ക്കാലിക ധനാപഹരണത്തിനു തുല്യമാണ്.

| ക്രമ നം. | തുക | വരവ് തിയ്യതി -കാലയളവ് | ബാങ്കിലടവാക്കിയ തിയ്യതി | തുക അടവാക്കിയതിലെ കാലതാമസം |
|---|---|---|---|---|
| 1 | 40551 | 24.11.2020-03.12.2020 | 04.12.2020 | 9 ദിവസങ്ങൾ |
| 2 | 32882 | 04.12.2020-16.12.2020 | 17.12.2020 | 12 ദിവസങ്ങൾ |
| 3 | 15683 | 17.12.2020-21.12.2020 | 22.12.2020 | 5 ദിവസങ്ങൾ |
| 4 | 30619 | 22.12.2020-07.01.2021 | 08.01.2021 | 16 ദിവസങ്ങൾ |
| 5 | 8665 | 29.01.2021-05.02.2021 | 06.02.2021 | 8 ദിവസങ്ങൾ |
| 6 | 30259 | 06.02.2021-23.02.2021 | 24.02.2021 | 18ദിവസങ്ങൾ |
| 7 | 8762 | 17.03.2021-21.03.2021 | 22.03.2021 | 6 ദിവസങ്ങൾ |
| 8 | 11658 | 22.03.2021- 07.04.2021 | 08.04.2021 | 16 ദിവസങ്ങൾ |
| 9 | 18732 | 30.04.2021- 20.05.2021 | 21.05.2021 | 21ദിവസങ്ങൾ |
| 10 | 40129 | 11.06.2021- 22.06.2021 | 23.06.2021 | 13 ദിവസങ്ങൾ |
| 11 | 156705 | 23.06.2021- 01.07.2021 | 02.07.2021 | 9ദിവസങ്ങൾ |

3.സുരക്ഷിതമല്ലാത്ത രീതിയിൽ വൻതുക ഓഫീസിൽ സൂക്ഷിക്കുന്നു.

കേരളാ ട്രഷറി കോഡ് വോള്യം.1 ആർട്ടി.130 / കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിലെ ചട്ടങ്ങളിലെ ചട്ടം 26 എന്നിവ പ്രകാരം ഡബിൾ ലോക്കുള്ള ചെസ്റ്റ് ഉപയോഗിക്കേണ്ടതാണ്. എന്നാൽ സുരക്ഷിതമായതും തറയിൽ ഉറപ്പിച്ചതുമായ ക്യാഷ് ചെസ്റ്റിന് പകരം സാധാരണ അലമാരയിലാണ് പണം സൂക്ഷിക്കുന്നത്. ഒന്നരലക്ഷത്തിലധികം രൂപ വരെ ഇങ്ങനെ സുരക്ഷിതമല്ലാതെ സൂക്ഷിക്കുകയുണ്ടായി.

4.ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

കേരളാ ഫിനാൻഷ്യൽ കോഡ് വോള്യം.1 ആർട്ടി.10 പ്രകാരം ഡ്യൂപ്ലിക്കേറ്റ് രസീതിലെ രേഖപ്പെടുത്തലുകൾ കലക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിക്കേണ്ടതും, കലക്ഷൻ രജിസ്റ്ററിലെ ആകെ തുകയും ബാങ്കിൽ അടച്ചിട്ടുള്ളതായി കാണിച്ചിട്ടുള്ള ചെലാന്റെ ആകെ തുകയും ഒന്നു തന്നെയാണെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള പരിശോധന നടത്തുന്നതിന്റെ രേഖകൾ ഇല്ല.

5.സ്റ്റോക്ക് രജിസ്റ്റർ വിവരങ്ങൾ പൂർണ്ണമാക്കുന്നില്ല.

കേരളാ ട്രഷറി കോഡ് വോള്യം.1 ആർട്ടി.90 ബി. കുറിപ്പ് 2 പ്രകാരം രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ പുസ്തകം ഉപയോഗിക്കുവാൻ തുടങ്ങിയ തിയ്യതി, ഉപയോഗം, പൂർത്തീകരിച്ച തിയ്യതി എന്നിവ രേഖപ്പെടുത്തണം. സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്ക് കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല.

6.ചെക്കുകളും/ഡിമാന്റ് ഡ്രാഫ്റ്റുകളും സ്വീകരിക്കൽ - ചട്ടം പാലിക്കുന്നില്ല.

ചെക്ക്/ഡി.ഡി. എന്നിവ വഴി തുക ലഭിക്കുമ്പോൾ പണം ആക്കുന്നതിന് വിധേയമായി എന്ന് വ്യക്തമായി രേഖപ്പെടുത്തിയ രസീതാണ് നൽകേണ്ടത്. കേരളാ ട്രഷറി കോഡ് വോള്യം.1 ആർട്ടി.90 ബി. കുറിപ്പ് പ്രകാരം ചെക്കുകൾക്ക് ടി.ആർ.6 ഫോറത്തിലാണ് പ്രാഥമിക രസീത് നൽകേണ്ടത്. ബാങ്കിലോ, ട്രഷറിയിലോ ചെക്ക് നൽകി പണമാക്കിയതായുള്ള അറിയിപ്പ് ലഭിച്ചതിന് ശേഷം ടി.ആർ-5ലുള്ള

രസീതും നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് ജില്ലാ കൃഷി ഫാം (കുത്താളി) സൂപ്രണ്ടിനു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 27/20-21 ന മറുപടി ലഭിച്ചിട്ടില്ല.

1-16 കുത്താളി ജില്ല ഫാം - നടീൽ വസ്തുക്കൾ വിറ്റവകയിൽ 69.68 ലക്ഷം രൂപ കുടിശ്ശികയിനത്തിൽ ഈടാക്കാൻ ബാക്കി. കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ജില്ലാ കൃഷിത്തോട്ടം, കുത്താളിയിൽ നിന്നും ഉൽപാദിപ്പിക്കുന്ന വിത്ത്, നടീൽ വസ്തുക്കൾ, ചാണകം വൈക്കോൽ എന്നിവ വിവിധ കൃഷിഭവനകൾക്കും മറ്റു സ്ഥാപനങ്ങൾക്കും വിൽപ്പന നടത്തിയ ഇനത്തിൽ വർഷങ്ങളായി ലക്ഷക്കണക്കിനു രൂപ ഫാമിന് കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കൃത്യമായ വർഷം തിരിച്ചുള്ള കണക്ക് ഫാമിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-10(i) 2015 മുതൽ 2018 വരെയുള്ള 42,81,733 രൂപ ഫാമിനു ലഭിയ്ക്കാനുള്ളതിന്റെ വിവരം ചേർത്തിട്ടുണ്ട്. ഇതിൽ ഓഡിറ്റ് തീയതി (18.12.21) വരെ 1,41,446/- രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ബാക്കി 41,40,287 രൂപ ലഭിയ്ക്കാനുണ്ട്.

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഫാമിലെ ഇഷ്യൂ രജിസ്റ്റർ വോള്യം 9 പരിശോധിച്ചതിൽ 18.12.2021 വരെ 2019-20 വർഷം 13,91,511/- രൂപയും 20-21 വർഷം 14,36,347 രൂപയും ലഭിയ്ക്കാനുണ്ട്. അതായത് 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിൽ നടീൽ വസ്തുക്കൾ വിറ്റവകയിൽ ഫാമിന് 69,68,145/- രൂപ കുടിശ്ശികയിനത്തിൽ ലഭിയ്ക്കാനുണ്ട്.

| വർഷം | തുക |
|---|---|
| 2015-16 | 192600 |
| 2016-17 | 204255 |
| 2017-18 | 137935 |
| 2018-19 | 365497 |
| ആകെ | 4140287 |
| 2019-20 | 1391511 |
| 2020-21 | 1436347 |
| ആകെ | 6968145 |

കുടിശ്ശിക വിവരം അനുബന്ധമായി (അനുബന്ധം -3) ചേർക്കുന്നു. വിൽപ്പന നടത്തിയതു സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതല്ലാതെ, തുക ലഭിച്ചതിന്റെ മുഴുവൻ വിവരങ്ങളും ചേർത്ത് രജിസ്റ്ററിൽ അതതു ക്രമനമ്പർ അടയാളപ്പെടുത്തി വ്യക്തത വരുത്തുന്നതിനോ, പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ച് സ്ഥാനപങ്ങളെ ഓർമ്മപ്പെടുത്തുന്നതിനോ, കുടിശ്ശിക നിവാരണ നടപടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനോ ഫാം അധികൃതർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഒരോ വർഷവും ലഭിയ്ക്കാനുള്ള തുകയെത്രയെന്നും, ലഭിച്ചത് എത്രയാണെന്നുമുള്ള കണക്കുപോലും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ച് ഓരോ വർഷത്തേയും കുടിശ്ശിക വിവരം കുടിശ്ശിക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർവർഷത്തിൽ ലഭിച്ച തുക ഒഴിവാക്കി കുടിശ്ശിക ക്യാരിഓവർ ചെയ്യേണ്ടതുമാണ്.

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫാം അധികൃതർ സ്വീകരിച്ച നടപടികൾ അറിയിക്കാനും 2015-16 വർഷത്തിന് മുമ്പുള്ളതടക്കം നാളിതുവരെയുള്ള കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ 30/2020-21 തി 12.01.022 നമ്പർ അന്വേഷണ കുറിപ്പിനു സൂപ്രണ്ട്, കുത്താളി ജില്ലാ കൃഷി തോട്ടം മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക കൃത്യമായി കണക്കാക്കി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-17 ജില്ലാ കൃഷിത്തോട്ടം കുത്താളി - വാർഷിക പദ്ധതി നിർവ്വഹണം - ഗുണ നിലവാരമുള്ള

വിത്തുകളും തൈകളും ഉല്പാദിപ്പിക്കാതെ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതും മറ്റ് അപാകങ്ങളും

പ്രോജക്റ്റ് നമ്പർ S0032 /2021 നമ്പർ പ്രകാരമാണ് 2020 -21 സാമ്പത്തിക വർഷത്തിൽ ഫാമിന്റെ വാർഷിക പദ്ധതി പ്രോജക്റ്റ് നടപ്പാക്കിയത് . പ്രോജക്റ്റ് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു .

1. സ്ഥാപനത്തിന്റെ കാഷ് ബുക്കിൽ പ്രോജക്റ്റ് ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല .

2. പ്രോജക്റ്റ് വകയിരുത്തൽ , ചെലവ് എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

പ്രോജക്റ്റ് വകയിരുത്തലിന്റെ ഏകദേശം മൂന്നിലൊന്നു മാത്രമേ ചെലവ് വന്നിട്ടുള്ളൂ . സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള പല ചെലവുകളും കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ഇംപ്രസ്റ്റ് തുകയിൽ നിന്നുമാണ് വഹിക്കുന്നത്. പ്രോജക്റ്റിൽ വകയിരുത്തിയതിന്റെ 38 ശതമാനം മാത്രം ചെലവഴിക്കാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0032/2021 |
| വകയിരുത്തിയ തുക | 15 ലക്ഷം രൂ |
| ചെലവഴിച്ച തുക | 576573 രൂ |
| ഫണ്ട് | തനത് ഫണ്ട് |

3. 29.01.2018 തിയ്യതിയിലെ സ.ഉ(കൈ)11/2018 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 13.1 പ്രകാരമുള്ള വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടന്നതായി കാണുന്നില്ല . മോണിറ്ററിങ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല .

4. പ്രോജക്റ്റ് രേഖകൾ പ്രകാരം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനം എന്നത് ഗുണനിലവാരം ഉള്ള വിത്തുകളും തൈകളും ഉല്പാദിപ്പിക്കൽ എന്നതാണ്. എന്നാൽ പലപ്പോഴും സ്വകാര്യ ഏജൻസികളിൽ നിന്നുമാണ് സ്ഥാപനത്തിലേക്ക് വിത്തുകൾ വാങ്ങുന്നത് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | ബിൽ ക്രമ നമ്പർ , തിയ്യതി ,ബിൽ തുക | ഇൻ വോയ്സ് നമ്പർ , ഇൻവോയ്സ് തുക | വാങ്ങിയ വിത്തിനം | വിതരണക്കാർ |
|---|---|---|---|---|
| 1. | 01/20-21, തി.10.08.20 , 66662 രൂ | G-20-21/420, Dt 28.05.20 , 5800 രൂ | മുരിങ്ങ വിത്തുകൾ | കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡ് , കോഴിക്കോട് |
| 2. | 06/20-21,തി.24.01.21 , 119736 രൂ | G-20-21/2912, Dt 23.10.20, 2710 രൂ | കാബേജ് , കാപ്സിക്കം വിത്തുകൾ | കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡ് , കോഴിക്കോട് |
| 3. | ടി | G-20-21/2986, Dt 27.10.20 ,3573 രൂ | കോളിഫ്ലവർ, ബിറ്റ്റൂട്ട് വിത്തുകൾ | കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡ് , കോഴിക്കോട് |
| 4. | ടി | G-20-21/3025 Dt 29.10.20 , | കാബേജ് വിത്തുകൾ | കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡ് , |

| | | | | |
|---|---|---|---|---|
| | | 1540 രൂ | | കോഴിക്കോട് |
| 5. | ടി | 5342 / Dt 16.12.20, 6750 രൂ | മുരിങ്ങ വിത്തുകൾ | അഗ്രോ പ്ലാന്റേഷൻ ഏജൻസീസ് , പൂന്താനം ബിൽഡിങ് കോഴിക്കോട്. |
| 6. | ടി | 5351/ Dt 21.12.20, 6750 രൂ | മുരിങ്ങ വിത്ത് | അഗ്രോ പ്ലാന്റേഷൻ ഏജൻസീസ് , പൂന്താനം ബിൽഡിങ് കോഴിക്കോട്. |

ഗുണമേൻമയുള്ള വിത്തുകളും തൈകളും ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യേണ്ട കൃഷിഫാം, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വിത്തുകൾ വാങ്ങി തൈകളാക്കി വില്പന നടത്തുന്നത് സ്ഥാപനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായ നടപടിയാണ്. സ്വകാര്യ ഏജൻസികളിൽ നിന്നും വാങ്ങിയ വിത്തുകളുടെ ഗുണനിലവാരം എങ്ങനെയാണ് ഉറപ്പ് വരുത്തിയതെന്ന് വ്യക്തമല്ല. ശൈത്യകാല പച്ചക്കറികൾ ( ബീറ്റ്റൂട്ട് , കാബേജ് മുതലായവ ) കേരള കാർഷിക സർവ്വകലാശാല പോലുള്ള ഏജൻസികളിൽ നിന്നോ , സർക്കാർ ഉത്തരവ് പ്രകാരം വിത്തുകളും തൈകളും വാങ്ങാൻ അനുമതിയുള്ള VFPCK – യിൽ നിന്നോ ലഭ്യമാക്കാതെ സ്വകാര്യ ഏജൻസികളിൽ നിന്നും വാങ്ങിയത് വിശദീകരിക്കേണ്ടതാണ് .

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ 31.01.2022 തിയ്യതിയിലെ 39/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല .

## 1-18 ജില്ലാ കൃഷിത്തോട്ടം കൂത്താളിയിലെ ഹൈടെക് ഡെയറി ഫാം നടത്തിപ്പ് - അപാകങ്ങൾ

കൂത്താളി ജില്ലാ കൃഷി ഫാമിൽ ഹൈടെക് ഫാം എന്ന പേരിൽ ഒരു പശു വളർത്തൽ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട് . കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് ഹൈടെക് ഫാമിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു .

1. നിലവിൽ കൂത്താളി ഫാമിൽ പരിപാലിക്കുന്ന പശുക്കളുടെ എണ്ണം

| ക്രമ നമ്പർ | കന്നുകാലികളുടെ വിവരം | എണ്ണം |
|---|---|---|
| 1. | പശുക്കൾ (കറവയുള്ളത് ) | 7 |
| 2. | പശുക്കൾ (കറവയില്ലാത്തത്) | 8 |
| 3. | കിടാരികൾ (ആൺ) | 4 |
| 4. | കിടാരികൾ (പെൺ) | 2 |
| ആകെ | | 21 |

പശുക്കൾ / കിടാരികളെ മറ്റു ഫാമുകളിലേക്ക് മാറ്റിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | കന്നുകാലികളുടെ വിവരം | സ്റ്റേറ്റ് സീഡ്ഫാം, പേരാമ്പ്ര വിതരണം ചെയ്തതിന്റെ എണ്ണം | സ്റ്റേറ്റ് സീഡ്ഫാം, പുതുപ്പാടി വിതരണം ചെയ്തതിന്റെ എണ്ണം |
|---|---|---|---|
| 1. | പശുക്കുട്ടികൾ (വലുത്) | 4 | 3 |
| 2. | പശുക്കുട്ടികൾ (ചെറുത്) | 2 | 2 |
| ആകെ | | 6 | 5 |

എന്നാൽ സ്ഥാപനത്തിൽ പരിപാലിക്കുന്ന കന്നുകാലികളുടെ വിവരങ്ങൾ എഴുതേണ്ട ലൈവ് സ്റ്റോക്ക് രജിസ്റ്ററിൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ലൈവ് സ്റ്റോക്ക് രജിസ്റ്റർ വോള്യം 3 സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇതിൽ 2020-21 സാമ്പത്തിക വർഷത്തെ വിവരങ്ങൾ ചേർത്തിട്ടില്ല. ഈ രജിസ്റ്ററിൽ അവസാനമായി പുതുക്കൽ നടത്തിയതിന്റെ വിവരങ്ങൾ താഴെപ്പറയുന്നു .

| ക്രമ നമ്പർ | കന്നുകാലിയുടെ തരം | രജിസ്റ്റർ അവസാനമായി പുതുക്കിയ തിയ്യതി |
|---|---|---|
| 1. | പശുക്കൾ | 31.05.2019 |
| 2. | കിടാരി (ആൺ) | 31.05.2019 |
| 3. | കിടാരി (പെൺ) | 09.10.2018 |
| 4. | Heifer | 29.12.2018 |

മറ്റ് ഫാമുകളിലേക്ക് താത്ക്കാലികമായി കൈമാറ്റം ചെയ്ത പശുക്കളുടെ കൃത്യമായ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല . ഓഡിറ്റ് സമയത്ത് വിവരങ്ങൾ ആരാഞ്ഞപ്പോൾ അതാത് ഫാമുകളിലും മറ്റും ഫോൺ വിളിച്ച് അന്വേഷിച്ചാണ് മേൽ പരാമർശിച്ച വിവരങ്ങൾ ലഭ്യമാക്കിയത്. ലൈവ് സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി കാലികമാക്കാത്തത് ഫാം അധികാരികളുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ് .

2. ഫാമിലെ ആവശ്യത്തിനായി കന്നുകാലിത്തീറ്റ ലഭ്യമാക്കുന്നത് ചക്കിട്ടപ്പാറ ക്ഷീരോല്പാദക സഹകരണ സംഘമാണ് . 2020-21 വർഷത്തിൽ ഇവരിൽ നിന്നും ലഭ്യമാക്കിയ കന്നുകാലിത്തീറ്റയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പ്രോജക്ട് ചെലവ് (രൂ) | പ്രോജക്ട് ബിൽ നമ്പർ , തിയ്യതി ,തുക (രൂ) | ചെക്ക് നമ്പർ , തിയ്യതി , തുക | കാലിത്തീറ്റ വാങ്ങുന്നതിന് വിനിയോഗിച്ച തുക (രൂ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 40 / 2021 , 728087 രൂ | 02-2020/04.06.20 241819 രൂ | 128984 / 29.7.20 , 241819 രൂ | 190024 |
| 2. | ടി | 03-2020/25.11.2020 224095 രൂ | 128988/ 01.01.2021, 224095 രൂ | 176555 |
| 3. | ടി | 05-2020/18.01.21 , 143768 രൂ | 128993/22.02.2021, 143768 രൂ | 109548 |
| 4. | ടി | 07-2020/26.02.21, 69534 രൂ | ചെക്ക് നമ്പർ ലഭ്യമല്ല | 53574 |
| 5. | ടി | 11-20/24.03.21 , 35741 രൂ | 88095 / 09.04.21 , 35741 | 30420 |
| ആകെ | | | | 560121 |

ടെണ്ടർ നടപടികൾ ഒന്നും സ്വീകരിക്കാതെ ചക്കിട്ടപ്പാറ ക്ഷീരോൽപാദക സഹകരണ സംഘത്തിൽ നിന്നും നേരിട്ട് കാലിത്തീറ്റ വാങ്ങിയതിന് വിശദീകരണം നല്കേണ്ടതാണ് .

3. ഫാമിൽ ഉൽപാദിപ്പിക്കുന്ന പാൽ ചക്കിട്ടപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം , പിള്ള പെരുവണ്ണ ക്ഷീരോൽപാദക സഹകരണ സംഘം എന്നീ സ്ഥാപനങ്ങളിലേക്കാണ് വില്പന നടത്തുന്നത് . എന്നാൽ ഈ സ്ഥാപനങ്ങൾ വാങ്ങുന്ന പാലിന്റെ വില കൂത്താളി കൃഷി ഫാമിൽ അടവാക്കുന്നതിൽ 2020 -21 സാമ്പത്തിക വർഷത്തിൽ വൻ കാലതാമസം വരുത്തിയിട്ടുണ്ട് . ചക്കിട്ടപ്പാറ സംഘം 2020 – 21 സാമ്പത്തിക വർഷത്തെ ഏതാണ്ട് മുഴുവൻ തുകയും സാമ്പത്തിക വർഷാവസാനം രണ്ട്ചെക്കുകൾ മുഖേനയാണ് അടവാക്കിയത് . പാൽ വില്പന തുക തൊട്ടടുത്ത മാസം സ്ഥാപനത്തിന് ലഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. പിള്ള പെരുവണ്ണ സംഘവും തുടർച്ചയായി മാസങ്ങൾ വൈകിയാണ് തുക അടവാക്കുന്നത് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | സംഘത്തിലേക്ക് പാൽ വില്പന നടത്തിയ കാലയളവ് | വിറ്റ പാലിന്റെ അളവ് (ലിറ്റർ) | പാൽ വില്പനയിലൂടെ ഫാമിലേക്ക് ലഭിക്കേണ്ട തുക (രൂ) | സംഘം പണം ഫാമിലേക്ക് അടച്ച ചെക്ക് നമ്പർ /തിയ്യതി |
|---|---|---|---|---|---|
| 1. | ചക്കിട്ടപ്പാറ | 4/20 - 3/21 | 11202 | 398151.39 | 146110/31.3.21 (43613 രൂ) 146099/18.2.21 (354319 രൂ) |
| | | | ആകെ | | 397932 രൂ |
| 2. | പിള്ള പെരുവണ്ണ | 4/20 | 346.5 | 12848.47 | 526829/27.06.20 |
| | | 5/20 | 544.5 | 20447.8 | 526848/15.10.20 |
| | | 6/20 | 485.8 | 18099.38 | 526849/15.10.20 |
| | | 7/20 | 501.7 | 18470.47 | 526850/15.10.20 |

| | | | | | |
|---|---|---|---|---|---|
| | | 8/20 | 535 | 19762.75 | 526851/15.10.20 |
| | | 9/20 | 570.7 | 20993.82 | 526852/27.10.20 |
| | | 10/20 | 782.5 | 28812.28 | 408083/22.1.21 |
| | | 11/20 | 777.5 | 29174.27 | - |
| | | 12/20 | 575 | 21424.74 | 408082/22.1.21 (50599 രൂ) |
| | | 1/21 | 477.3 | 17794.23 | 408091 /3.3.21 |
| | | 2/21 | 446.3 | 16735.98 | 408096 / 30.3.21 |
| | | 3/21 | 537.1 | 20271.13 | 408103/27.4.21 |

പാൽ വിറ്റതിന്റെ പണം ഫാമിലേക്ക് അടവാക്കിയതുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ താഴെ ചേർക്കുന്നു .

(I) ഫാമിലെ പാൽ വിറ്റ വകയിൽ ലഭിച്ച മിൽക്ക് ഇൻസന്റീവ് പിള്ള പെരുവണ്ണ സംഘം (1425 രൂ) 27.06.2020 തിയ്യതിയിലെ 526830 നമ്പർ ചെക്ക് മുഖേന ഫാമിലേക്ക് കൈമാറിയിട്ടുണ്ട് . എന്നാൽ ചക്കിട്ടപ്പാറ സംഘത്തിൽ നിന്നും ഈയിനത്തിലുള്ള തുകയൊന്നും ഫാമിലേക്ക് ലഭിച്ചിട്ടില്ല . ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4/- രൂ നിരക്കിൽ ഇൻസന്റീവ് ലഭിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ് .

(Ii) 2020-21 സാമ്പത്തിക വർഷത്തിൽ ചക്കിട്ടപ്പാറ സംഘം അടക്കേണ്ടത് ആകെ 398151.39 രൂപയാണ് . എന്നാൽ സംഘം അടച്ചത് 397932 രൂപയാണ് . 219 രൂപയുടെ കുറവുണ്ട് .

4. <u>Daily Milk Collection Register ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല .</u>

(I) Daily Milk Collection Register പ്രകാരമുള്ള പ്രതിദിന പാൽ കലക്ഷൻ 2 സംഘങ്ങൾക്ക് വില്പന നടത്തുന്നതിന് പുറമേ കുറച്ച ഭാഗം കന്നുകുട്ടികൾക്ക് കുടിക്കാൻ കൊടുക്കുകയും ബാക്കി അളവ് ഫാമിലെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുന്നുണ്ട് . എന്നാൽ ഈ രേഖപ്പെടുത്തലുകളും പ്രതിദിന കലക്ഷനും മേൽ പരാമർശിച്ച രജിസ്റ്ററിൽ ഫാം അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല .

(Ii) ചില ദിവസങ്ങളിൽ പാൽ കറന്നില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് . ഉദാ. 31.05.2020 (രാവിലെ) ,03.07.20 (രാവിലെ) എന്നീ ദിവസങ്ങളിൽ പശുക്കളെ കറന്നിട്ടില്ല . എന്നാൽ വിവരം ഫാം മേലധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല .

(Iii) 03.07.2020 രാവിലെ കറന്റ് ഇല്ലാത്തത് കാരണം പശുക്കളെ കറന്നിട്ടില്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 01.12.2020 തിയ്യതി രാവിലെ കറവ യന്ത്രം പ്രവർത്തിക്കാത്തതിനാൽ പശുക്കളെ കറന്നിട്ടില്ല .ഇത്തരം സന്ദർഭങ്ങളിൽ മനുഷ്യപ്രയത്നം ഉപയോഗിച്ച് പാൽകറവ നടത്താത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ് .

(Iv) മേൽ പരാമർശിച്ച രജിസ്റ്ററിൽ കലക്ഷൻ രേഖപ്പെടുത്തുന്നതിൽ പലപ്പോഴും തിരുത്തലുകൾ വരുന്നുണ്ട് . ഉദാ. 18.08.2020 . തിരുത്തലുകൾ ഫാം മേലധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല .

5. ഫാമിനകത്തും മറ്റും തെരുവ് നായ്ക്കളുടെ ശല്യം കന്നുകാലികളുടെ ജീവന് ഭീഷണിയാകുന്നുണ്ട് . തെരുവ് നായ ശല്യം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2021 ഡിസംബർ മാസം ആദ്യവാരത്തിൽ ഒരു കറവപ്പശു പേയിളകി ചത്തുപോയിട്ടുണ്ട് . ഈ പശുവിന്റെ (ടാഗ് നമ്പർ 420057744234) ഇൻഷുറൻസ് ക്ലെയിം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ് .

6.ജനറേറ്റർ തകരാറിലായതിനാൽ വെളിച്ചക്കുറവ് കാരണം രാത്രി സമയത്ത് പശുക്കൾക്ക് വേണ്ട പരിചരണം നല്കാൻ പ്രയാസമുള്ളതായി ഫാമിലെ ജോലിക്കാർ ഓഡിറ്റ് പരിശോധനാ സമയത്ത് അറിയിക്കുകയുണ്ടായി . കൂടാതെ ഫാമിലെ ഫാനുകളിൽ പലതും പ്രവർത്തിക്കുന്നില്ല . ഇക്കാര്യം

കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരണ സമിതി/വർക്കിങ് ഗ്രൂപ്പ് ശ്രദ്ധയിൽ പെടുത്തി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് .

7. പ്രോജക്ടിന്റെ മേൽനോട്ടം വഹിക്കുന്നതിനായി ഒരു വെറ്ററിനറി സർജ്ജന്റെ സേവനം പ്രയോജനപ്പെടുത്തി വരുന്നുണ്ട് . ദിവസ വേതനാടിസ്ഥാനത്തിലാണ് ഇദ്ദേഹത്തെ നിയമിച്ചിരിക്കുന്നത് . 2020 -21 വർഷത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | പ്രോജക്ട് | ചെക്ക് നമ്പർ, തിയ്യതി , ചെക്ക് തുക | വെറ്ററിനറി സർജ്ജന്റെ വേതനത്തിന് ചെലവഴിച്ച തുക (രു) | റിമാർക്സ് |
|---|---|---|---|---|
| 1. | പ്രോജക്ട് നമ്പർ 40/21, ഹൈടെക് ഡയറിഫാം ആവർത്തന ചെലവുകൾ. | 128984/29.07.20 , 241819 രു | 34125 രു | വെറ്ററിനറി സർജ്ജന്റെ 3/2020, 4/2020, 5/2020 മാസങ്ങളിലെ ശമ്പളം 1365 രു നിരക്കിൽ |
| 2. | | 128 988/01.01.21, 224095 രു | 31395 രു | 6/20 , 7/20 , 8/20 മാസങ്ങളിലെ ശമ്പളം |
| 3. | പ്രോജക്ട് നമ്പർ 954/21 , ഹൈടെക് ഡയറിഫാം ആവർത്തന ചെലവുകൾ- അറ്റകുറ്റപ്പണികൾ | 128983/09.07.20, 130455 രു | 31395 രു | 11/19 , 12/19 , 1/20 , 2/20 മാസങ്ങളിലെ ശമ്പളം |

14.02.2018 തിയ്യതിയിലെ സ.ഉ(കൈ)22/2018/തസ്വഭവ സബ്സിഡി മാർഗ്ഗരേഖയിലെ, ഖണ്ഡിക നമ്പർ 8.1 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ, ഹോണറേറിയമോ നൽകാൻ പാടില്ലാത്തതാണ്. മാത്രമല്ല വെറ്ററിനറി സർജ്ജൻ എന്നൊരു തസ്തിക ജില്ലാ കൃഷി ഫാമിൽ സർക്കാർ അനുവദിച്ചിട്ടുമില്ല. ഇക്കാര്യം മുൻവർഷങ്ങളിലും ഓഡിറ്റ് ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ് . ഈ വിഷയത്തിൽ സർക്കാർ അനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ് .

8. ഓഫിസ് നടപടികളിൽ ഉണ്ടാകുന്ന കാലതാമസം പലപ്പോഴും ഫാമിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഒരു ഉദാഹരണം താഴെപ്പറയുന്നു. ഇൻഷുറൻസ് ടാഗ് നമ്പർ 420017/847171 പശുവിന്റെ ഇൻഷുറൻസ് പോളിസി 30.06.2020 ന് കാലഹരണപ്പെടുമെന്നും ഉടനടി അത്

പുതുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഹൈടെക് ഫാം വെറ്ററിനറി സർജ്ജൻ കൃഷി ഫാം അധികൃതർക്ക് കത്തയച്ചിട്ടുണ്ട്. പോളിസി കാലഹരണപ്പെട്ടശേഷം 01.07.2020 നാണ് ഫാം അധികൃതർ കത്തയച്ചത് . എന്നാൽ പിന്നിട് 1686 രൂ പ്രീമിയം അടച്ച് ഇൻഷുറൻസ് പുതുക്കിയപ്പോൾ 16.07.20 മുതൽ 15.07.2023 കാലയളവിലേക്കാണ് കവറേജ് പുതുക്കി ലഭിച്ചത്. ( പോളിസി ഷെഡ്യൂൾ നമ്പർ 442301/47/2021/194) . അതായത് 01.07.2020 – 15.07.2020 കാലയളവിൽ അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം ഈ പശുവിന് ഇൻഷുറൻസ് പരിരക്ഷ നഷ്ടപ്പെട്ടു. വിശദീകരണം നൽകേണ്ടതാണ് .

9. പശുക്കളുടെ ഇൻഷുറൻസ് കവറേജ് 2020 -21 വർഷത്തിൽ പുതുക്കിയിട്ടുണ്ടെങ്കിലും വിശദാംശം ലൈവ് സ്റ്റോക്ക് രജിസ്റ്ററിലോ , ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ രേഖപ്പെടുത്തിയിട്ടില്ല .

| ക്രമ നമ്പർ | ടാഗ് നമ്പർ | ചെലാൻ നമ്പർ | ചെലാൻ തുക (രൂ) | പോളിസി നമ്പർ | കവറേജ് കാലയളവ് |
|---|---|---|---|---|---|
| 1. | 420035749380 | DUD5697067 തിയ്യതി 24.09.20 | 14159 | 442301/47 /2021/ 403 | 12.10.20– 11.10.23 |
| 2. | 420057743960 | | | | |
| 3. | 420057743958 | | | | |
| 4. | 420035749540 | | | | |
| 5. | 420057743982 | | | | |
| 6. | 420043517508 | | | | |
| 7. | 420057744234 | | | | |
| 8. | 420012942850 | | | | |
| 9. | 420028882030 | | | | |
| 10. | 420017847171 | DUD1432058 തിയ്യതി 07.09.20 | 1686 | 442301/47 /2021/ 194 | 16.07.20– 15.07.2023 |

10. 29.01.2018 തിയ്യതിയിലെ സ.ഉ(കൈ)നം.11/2018/തസ്വഭവ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 13.1 പ്രകാരമുള്ള പ്രോജക്ട് മോണിറ്ററിങ് നടന്നതായി കാണുന്നില്ല . മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല .

11. പ്രോജക്ടുകളുടെ ചെലവുകൾ സ്ഥാപനത്തിന്റെ കാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല .

12. പ്രോജക്ട് നമ്പർ S0040/2021 നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന തുക ചെലവഴിച്ചത് ഏത് ചെക്ക് പ്രകാരം തുക പിൻവലിച്ചാണ് എന്നത് വ്യക്തമല്ല .

| ക്രമ നമ്പർ | പ്രോജക്ട് രജിസ്റ്റർ പ്രകാരമുള്ള ബിൽ നമ്പർ | ചെലവ് തുക (രൂ) |
|---|---|---|
| 1. | 07/2020 തിയ്യതി 26.02.2021 | 69534 |
| 2. | 09/2021 തിയ്യതി 01.03.2021 | 13130 |

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് വിഭാഗത്തിൽ നിന്നും നല്കിയ 31.01.2022 തിയ്യതിയിലെ 40/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് .

1-19 ജില്ലാ കൃഷിത്തോട്ടം കുത്താളി - ആഭ്യന്തര നിയന്ത്രണത്തിൽ വീഴ്ച

2020 -21 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കോഴിക്കോട് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കേണ്ടിയിരുന്ന S0026/21നമ്പർ പ്രോജക്ടിന്റെ ( " DVC കോഴിക്കോട് , ചാത്തമംഗലം RPF , DAF കുത്താളി എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്നു വാങ്ങൽ ") നിർവ്വഹണവുമായി ബന്ധപ്പെട്ട് കുത്താളി ഫാമിലേക്ക് ആവശ്യമായ വെറ്ററിനറി മരുന്നുകളുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 17.08.2020 തിയ്യതിയിലെ DAHO/KKD/621/2020 – B4 നമ്പർ കത്ത് കോഴിക്കോട് ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ടിന് അയച്ചിരുന്നു . 31.08.2020 തിയ്യതിക്കു മുൻപായി ലിസ്റ്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടാണ് മൃഗ സംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കത്തയച്ചത്. മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ ഇതേ നമ്പറായി 20.10.2020, 11.12.2020 തിയ്യതികളിലും മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിര നടപടി ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ടിന് കത്തുകൾ അയച്ചിട്ടുണ്ട് .

2020-21 സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ് യഥാസമയം നടപടികൾ സ്വീകരിക്കാതെ , സാമ്പത്തിക വർഷാവസാനം 04.01.2021 തിയ്യതി മാത്രമാണ് കുത്താളി ഫാമിൽ നിന്നും ലഭ്യമാക്കിയത് . ഈ കാലതാമസം മൊത്തം പ്രോജക്റ്റിന്റേയും നിർവ്വഹണത്തെ സാരമായി ബാധിച്ചു . തുടർന്ന് ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പ്രോജക്ട് തൻവർഷം നടപ്പാക്കാൻ കഴിയാതെ പോയി. രോഗമുള്ള മൃഗങ്ങൾ പ്രതിദിനം 200 - ലേറെ എത്തുന്ന ജില്ലാ മൃഗസംരക്ഷണ കേന്ദ്രം , ജില്ലയിൽ മുഴുവൻ വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങളുടെ Parent Stock പരിപാലിച്ചു വരുന്ന റീജിയനൽ പൌൾട്രി ഫാം എന്നിവിടങ്ങളിലേക്ക് ഒരു വർഷത്തേക്ക് ആവശ്യമായി വരുന്ന മരുന്നുകളുടെ സംഭരണം കൂടിയാണ് കുത്താളി ഫാം അധികൃതരുടെ കൃത്യവിലോപം കാരണം തടസ്സപ്പെടുവാൻ ഇടയായത് .താഴെപ്പറയുന്ന വിവരങ്ങൾ / രേഖകളുടെ പകർപ്പുകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് റിക്വിസിഷൻ നമ്പർ 02/2020-21 ഓഡിറ്റ് സമയത്ത് തന്നെ നല്കിയിരുന്നെങ്കിലും മറുപടിയോ , താഴെപ്പറയുന്ന ബന്ധപ്പെട്ട രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അയച്ച 17.08.2020 , 20.10.2020 , 11.12.2020 തിയ്യതികളിലായി അയച്ച DAHO/KKD/621/2020 - B4 നമ്പർ കത്തുകൾ കുത്താളി ഫാമിൽ ലഭിച്ച തിയ്യതികൾ , കത്തുകളുടെ പകർപ്പുകൾ , സ്വീകരിച്ച തുടർ നടപടി വിശദാംശങ്ങൾ , ബന്ധപ്പെട്ട തുടർ നടപടി ഫയൽ .

2. മേൽ സൂചിപ്പിച്ച കത്തുകൾ ഓഫിസിന്റെ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശങ്ങൾ , നല്കിയ തപാൽ നമ്പറുകളുടെ വിവരങ്ങൾ .

3. ഓഫീസിൽ പ്രസ്തുത കാലയളവിൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ജോലി വിഭജന രേഖ പ്രകാരം മേൽ പരാമർശിച്ച കത്തുകൾ ,നടപടി എടുക്കുന്നതിനായി ഓഫിസിന്റെ ഏത് സെക്ഷനിലേക്കാണ് കൈമാറിയത് എന്നതിന്റെ വിവരങ്ങൾ .

4. മേൽ പരാമർശിച്ച ജോലി വിഭജന രേഖയുടെ പകർപ്പ് .

5. നിലവിൽ പ്രാബല്യത്തിലുള്ള ജോലി വിഭജന രേഖയുടെ പകർപ്പ് .

ജോലി വിഭജന രേഖ, ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ എന്നിവയൊന്നും തന്നെ സ്ഥാപനത്തിൽ

പരിപാലിക്കുന്നില്ല എന്നാണ് വ്യക്തമാകുന്നത്. സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലുള്ള ഗുരുതരമായ വീഴ്ചയായി ഈ സാഹചര്യത്തെ ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ താഴെ കാണിച്ച പ്രകാരം ശ്രദ്ധയിൽപ്പെടുത്തുന്നു .

സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന തപാലുകളുമായി ബന്ധപ്പെട്ട് ഓഫീസ് നടപടി ക്രമങ്ങളിൽ പാലിക്കേണ്ട ചിട്ടവട്ടങ്ങളെ കുറിച്ച് Manual Of Office Procedure എന്ന നിർദ്ദേശ സംഹിതയിലാണ് സർക്കാർ പ്രതിപാദിച്ചിട്ടുള്ളത്. മാന്വലിന്റെ ഖണ്ഡിക 2 -ൽ ഓഫീസിലെ ഓരോ അംഗവും ചെയ്യേണ്ട ജോലികൾ വ്യക്തമാക്കുന്ന ഒരു ഓഫീസ് ഓർഡർ ഉണ്ടായിരിക്കണം എന്ന് അനുശാസിക്കുന്നു. അദ്ധ്യായം III -ൽ ഖണ്ഡിക 5 മുതൽ 10 വരെയുള്ള ഭാഗങ്ങളിൽ ഒരു തപാൽ ഓഫീസിൽ ലഭിക്കുന്നത് മുതൽ അത് തീർപ്പാക്കുന്നത് വരെയുള്ള കാര്യങ്ങൾ പ്രതിപാദിക്കുന്നു. ലഭിക്കുന്ന തപാലുകൾ നമ്പറിട്ട് ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ ചേർത്ത് ( Form I , Appendix I മാതൃകയിലുള്ളത് ) ഓഫീസിൽ സ്വീകരിക്കേണ്ടതാണെന്ന് ഖണ്ഡിക 15 ൽ പറയുന്നുണ്ട് . അതിനു ശേഷമാണ് തപാലുകൾ ബന്ധപ്പെട്ട സെക്ഷനുകളിലേക്ക് കൈമാറി നല്കേണ്ടത്. തങ്ങൾക്ക് ലഭിക്കുന്ന തപാലുകൾ അതാത് സെക്ഷനുകൾ അവരവരുടെ പേഴ്സനൽ രജിസ്റ്ററുകളിൽ ചേർക്കേണ്ടതാണെന്ന് മാന്വലിന്റെ ഖണ്ഡിക 21 – ൽ നിഷ്കർഷിച്ചിട്ടുണ്ട് . പേഴ്സനൽ രജിസ്റ്ററിൽ ചേർക്കേണ്ട വിധം അദ്ധ്യായം V – ൽ വിശദമായി പ്രതിപാദിക്കുന്നു. ഫയലുകൾ തീർപ്പാക്കുന്നതിൽ മേലുദ്യോഗസ്ഥർ പാലിക്കേണ്ട നടപടിക്രമങ്ങൾ അദ്ധ്യായം XIV–ൽ ഖണ്ഡിക 147 ലാണ് വ്യക്തമാക്കിയിട്ടുള്ളത്. ഓഫീസ് തലവൻ സെക്ഷൻ ക്ലാർക്കുമാരുടെ പേഴ്സനൽ രജിസ്റ്ററുകൾ കാലികമായി പരിശോധിക്കേണ്ടതുണ്ട്. പരിശോധിക്കേണ്ട വിധം ഖണ്ഡിക 150 -ൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. സെക്ഷനുകളിൽ ലഭിക്കുന്ന തപാലുകൾ 5 ദിവസങ്ങൾക്കകം ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കുമാർ മുകളിലുള്ള ഉദ്യോസ്ഥർക്ക് സമർപ്പിക്കേണ്ടതുണ്ട് . ഇതിൽ കൂടുതൽ കാലതാമസം വരുത്തുന്ന സെക്ഷൻ ക്ലാർക്കുമാരോട് വിശദീകരണം ലഭ്യമാക്കേണ്ടതുണ്ട് . 26.03.2014 തിയ്യതിയിലെ Circular No. 5377/R2/2014/ P And ARD പ്രകാരം “Provisions For Safe Custody Of Files / Disposals And Their Maintenance Are Detailed In Kerala Secretariat Office Manual , District Office Manual And Manual Of Office Procedure . Govt. Therefore Reiterate That The Said Provisions Shall Be Strictly Adhered To And Any Lapse In This Regard Will Be Viewed As Serious Dereliction Of Duty . Stringent Disciplinary Action Under Kerala Civil Services ( Classifcation , Control And Appeal ) Rules 1960 Will Be Taken Agaist The Officials Responsible For Such Any Lapse In This Regard ”എന്ന് വ്യക്തമാക്കിയിട്ടുള്ളതിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു . ജോലി വിഭജന രേഖ , ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച ഓഫീസ് നടപടി ക്രമങ്ങൾ ഫാമിൽ പാലിക്കുന്നില്ല എന്ന് വ്യക്തമാണ്. സ്ഥാപനത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് കാണിക്കുന്നത് .

മേൽ വിഷയത്തിൽ നല്കിയ 31.01.2022 തിയ്യതിയിലെ 41/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതും ഓഫീസ് നടപടിക്രമങ്ങൾ ചട്ടപ്രകാരം നിർവ്വഹിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കുത്താളി ജില്ലാ കൃഷിത്തോട്ടത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ വീഴ്ചകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികളിൽ ജില്ലാ പഞ്ചായത്തിന്റെ കർശന നിരീക്ഷണം ആവശ്യമാണ് .

1-20 കുത്താളി ജില്ലാ കൃഷി ഫാം - വാഹന ഉപയോഗം സംബന്ധിച്ച അപാകം

ജില്ലാ കൃഷി ഫാം കുത്താളിയിൽ ഉപയോഗത്തിലിരിക്കുന്ന KL-56 J-7631 നമ്പർ ബൊലേറോ പിക്ക് അപ്പ് ജീപ്പിന്റെ ലോഗ് ബുക്കിന്റെ പരിപാലനത്തിലും വാഹന പരിപാലനത്തിലും കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1. KL-56 J-7631 നമ്പർ ബൊലേറോ പിക്ക് അപ്പ് സഞ്ചരിച്ചതിന്റെ വിശദാംശങ്ങൾ 29.06.2020 – 10.06.2021 കാലയളവിൽ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഏകദേശം ഒരു വർഷക്കാലം വാഹനം ഉപയോഗിച്ചിരുന്നില്ലെങ്കിൽ കാരണം സഹിതം വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തി സ്ഥാപന

തലവൻ സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല .

2. ഈ വാഹനത്തിന്റെ ഇൻഷ്വറൻസ് 25.08.2020 – 24.08.2021 കാലയളവിലേക്കായി 18427 രൂ മുടക്കി പുതുക്കിയിട്ടുണ്ട് . പ്രോജക്ട് നമ്പർ 32 / 2021 ന്റെ ഭാഗമായി (ഫാം വാർഷിക പദ്ധതി) ആകെ 63950 രൂ ചെക്ക് നമ്പർ 128990 തിയ്യതി 13.01.2021 പ്രകാരം പിൻവലിച്ചതിൽ നിന്നമാണ് ചെലവ് നടത്തിയത് . യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും പോളിസി നമ്പർ 3004013120P105404830 പ്രകാരമാണ് ഇൻഷ്വറൻസ് എടുത്തത്. 18.04.2000 തിയ്യതിയിലെ സ.ഉ(അ)819/2000ധനം ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് എടുക്കേണ്ടത് സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ നിന്നമാണ് . സർക്കാർ ഉത്തരവ് ലംഘിച്ചത് വിശദീകരിക്കേണ്ടതാണ് .

3. ലോഗ് ബുക്ക് പ്രകാരം വാഹനം ഉപയോഗിക്കാതിരുന്ന കാലയളവിൽ താഴെപ്പറയുന്ന പ്രകാരം ഇന്ധനം നിറച്ചിട്ടുണ്ട് . (ചെക്ക് നമ്പർ 880176 / തിയ്യതി 09.04.2021 , 142152 രൂ)

| ക്രമ നമ്പർ | കാഷ് ബിൽ നമ്പർ , തിയ്യതി | തുക (രൂ) | നിറച്ച ഇന്ധനം , അളവ് | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 1. | 6646/21.7.20 | 2556.2 | ഡീസൽ , 32.85 ലിറ്റർ | ഫോക്കസ് ഫില്ലിങ് സ്റ്റേഷൻ , പന്തിരിക്കര |
| 2. | 6569/15.7.20 | 2443.8 | ഡീസൽ , 31.59 ലിറ്റർ | ഫോക്കസ് ഫില്ലിങ് സ്റ്റേഷൻ , പന്തിരിക്കര |

4. ഇതേ കാലയളവിൽ തിക്കോടി കോക്കനട്ട് നഴ്സറി ഫാമിലേക്ക് ശൈത്യകാല പച്ചക്കറിത്തൈകൾ വിതരണം ചെയ്യുന്നതിന് KL-56-L-7824 നമ്പർ വാഹനം വാടകക്ക് എടുത്തിട്ടുണ്ട് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| കാഷ് ബിൽ നമ്പർ , തിയ്യതി | നിരക്ക് | വാഹനം സഞ്ചരിച്ച ദൂരം (കി.മീ) | ആകെ ചെലവ് | വാടക്ക് വാഹനം ലഭ്യമാക്കിയത് |
|---|---|---|---|---|
| 2310 , 16.02.21 | 17.5 രൂ / കി.മീ | 1282 | 22345 രൂ | ഹരിത മോഡൽ ASC, ചെറുവണ്ണൂർ |

ഫാമിന്റെ വാഹനം സഞ്ചാരയോഗ്യമല്ലായിരുന്നു എന്ന സാക്ഷ്യപത്രം ലോഗ് ബുക്ക് പ്രകാരം ഇല്ലാതിരിക്കേ പുറമെ നിന്നും വാഹനം വാടകക്ക് എടുത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ 31.01.2022 തിയ്യതിയിലെ 41/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകങ്ങൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഡീസൽ ചാർജ്ജ് ഇനത്തിലെ 5000/- രൂപയും വാഹനവാടക ഇനത്തിലെ 22345/- രൂപയുമടക്കം 27345/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. ഒരു വർഷത്തിലധികം വാഹനം ഉപയോഗപ്പെടുത്താത്തതിന്റെ കാരണം അറിയിക്കേണ്ടതാണ് .

1-21 ജില്ലാ കൃഷിത്തോട്ടം കൂത്താളി - വൌച്ചറുകൾ പരിശോധനക്ക് ലഭിച്ചില്ല

(I) ജില്ലാ കൃഷിത്തോട്ടം കൂത്താളിയുടെ 2020-21 വർഷത്തെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന തുകകൾ വിവിധ ചെക്കുകൾ പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ചെലവ്

വൌച്ചറുകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല .

| ക്രമ നമ്പർ | ചെക്ക് നമ്പർ , തിയ്യതി | ചെക്ക് തുക (രൂ) |
|---|---|---|
| 1. | 128967 , തിയ്യതി 28.04.2020 | 8409 |
| 2. | 128969 , തിയ്യതി 28.04.2020 | 261007 |
| 3. | 128970 , തിയ്യതി 28.04.2020 | 199937 |
| 4. | 128971 , തിയ്യതി 28.04.2020 | 982442 |
| 5. | 128972 , തിയ്യതി 28.04.2020 | 70609 |
| 6. | 128973 , തിയ്യതി 28.04.2020 | 110668 |
| 7. | 128974 , തിയ്യതി 28.04.2020 | 47487 |
| 8. | 128975 തിയ്യതി 28.04.2020 | 335365 |
| 9. | 128977 തിയ്യതി 04.05.2020 | 29604 |
| 10. | 128978 തിയ്യതി 10.06.2020 | 50000 |
| 11. | 128979 തിയ്യതി 16.06.2020 | 6400 |
| 12. | 128980 തിയ്യതി 16.06.2020 | 21690 |
| 13. | 128981 തിയ്യതി 19.06.2020 | 16811 |
| 14. | 128982 തിയ്യതി 09.07.2020 | 20000 |
| 15. | 128985 തിയ്യതി 25.08.2020 | 10000 |
| 16. | 128986 തിയ്യതി 07.09.2020 | 20000 |
| | ആകെ | 2190429 |

വൌച്ചറുകൾ രണ്ടാഴ്ചക്കകം പരിശോധനക്ക് ഹാജരാക്കവാനം ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ചെലവുകൾ നടത്തിയിട്ടില്ല എന്ന കണക്കാക്കി തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും കാണിച്ച് നല്കിയ 43/2020-21 തിയ്യതി 31.01.2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കുകയോ വൌച്ചറുകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല . ആയതിനാൽ 2190429/-

രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു .

(Ii) 128969 / തിയ്യതി വ്യക്തമല്ല നമ്പർ ചെക്ക് 335365 രൂപക്കായി എഴുതിയിട്ടുണ്ടെങ്കിലും ക്യാൻസൽ ചെയ്തതായി ചെക്ക് ഇഷ്യു രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ക്യാൻസൽ ചെയ്ത ചെക്ക് ലീഫ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല . ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

1-22 കുത്താളി ഫാമിൽ നാളീകേരം ഉൽപാദനത്തിൽ ഗണ്യമായ കുറവ് - വിളവെടുപ്പ് യഥാസമയം നടക്കുന്നില്ല.

ഫാമിൽ സൂക്ഷിക്കുന്ന "കോക്കനട്ട് ട്രീ രജിസ്റ്റർ" പരിശോധിച്ചതിൽ 2016-17 മുതലുള്ള വർഷങ്ങളിൽ കുത്താളി ഫാമിന്റെ പരിധിയിൽ ആകെ 1192 തെങ്ങുകളാണുള്ളത്. ഇതിൽ 614 എണ്ണം കായ്ഫലം ഉള്ളതല്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കായ്ഫലമില്ലാത്തതിൽ ഫീൽഡ് -1 ലെ 87 തെങ്ങുകൾ രണ്ട് വർഷത്തോളം മാത്രം പ്രായമായവയാണ്. ഏതാണ്ട് 600 തെങ്ങുകളിൽ നിന്നാണ് കാലാകാലങ്ങളായി നാളീകേരം വിളവെടുക്കുന്നത്. "ഹാർവെസ്റ്റ് രജിസ്റ്റർ" പ്രകാരം 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിലെ ഫാമിൽ ലഭിച്ച നാളീകേരത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| നാളീകേരം വിളവെടുത്ത കാലയളവ് | ലഭിച്ച നാളീകേരത്തിന്റെ എണ്ണം |
|---|---|
| 2016-17 | |
| 06.05.2016 – 20.05.2016 | 14,184 |
| 04.08.2016 – 17.08.2016 | 15,121 |
| 07.11.2016 – 17.11.2016 | 11,668 |
| 05.01.2017 – 14.01.2017 | 18,000 |
| ആകെ | 58,973 |
| 2017-18 | |
| 05.04.2017 – 20.04.2017 | 15,981 |
| 06.07.2017 – 18.07.2017 | 13,743 |
| 25.09.2017 – 06.10.2017 | 6,466 |
| 03.01.2018 – 17.01.2018 | 7,100 |
| 07.03.2018 – 17.03.2018 | 6242 |
| ആകെ | 49,532 |
| 2018-19 | |
| 02.04.2018 – 14.04.2018 | 10,722 |
| 30.07.2018 – 11.08.2018 | 21,363 |
| 06.03.2019 – 19.03.2019 | 9,500 |
| ആകെ | 41,585 |
| 2019-20 | |
| 26.06.2019 – 02.08.2019 | 6,800 |
| 14.02.2020 – 04.03.2020 | 15,299 |
| ആകെ | 22,099 |

| | |
|---|---|
| 2020-21 | |
| 29.06.2020 – 16.07.2020 | 8,634 |
| 24.11.2020 – 15.01.2021 | 12,500 |
| 03.03.2021 – 28.03.2021 | 8,200 |
| ആകെ | 29,334 |

വിളവെടുക്കുന്ന തെങ്ങുകളുടെ എണ്ണത്തിൽ കാര്യമായ വ്യത്യാസമില്ലെങ്കിലും മേൽ പട്ടികയിൽ സൂചിപ്പിച്ചുപോലെ 2016-17 വർഷത്തിൽ 58,973 നാളീകേരം ലഭിച്ചപ്പോൾ 2019-20 ൽ 22,099 എണ്ണവും 2020-21 ൽ 29,334എണ്ണം മാത്രമാണ് ലഭിച്ചത്. അതായത് 2016-17 വർഷത്തിൽ ലഭിച്ച നാളീകേരത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് 2019-20 ലും 2020-21 ലും ലഭിച്ചത്. കൃത്യമായ വളപ്രയോഗവും മറ്റും നടത്തുന്ന തെങ്ങുകളിൽ നിന്നും ലഭിക്കുന്ന നാളീകേരത്തിന്റെ എണ്ണം കുറഞ്ഞ് വരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

<u>വിളവെടുക്കുന്നതിന് തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു.</u>

ഫാമുകളിൽ അനുവർത്തിച്ചു വരുന്ന "ക്വാണ്ടം ഓഫ് വർക്ക്" പ്രകാരം ഒരു ദിവസം 40 തെങ്ങിൽ നിന്നാണ് ഒരു തൊഴിലാളി വിളവെടുക്കേണ്ടത്. ഏതാണ്ട് 600 തെങ്ങുകളിൽ നിന്ന് നാളീകേരം വിളവെടുക്കുന്നതിന് രണ്ട് സ്ഥിരം തൊഴിലാളികൾ മാത്രമാണ് നിലവിൽ ഫാമിലുള്ളത്. 2016-17 കാലയളവിലും അതിന് മുൻപും നാളീകേരം വിളവെടുക്കാൻ 5 തൊഴിലാളികളുണ്ടായിരുന്ന സ്ഥാനത്ത് നിലവിൽ ഈ പ്രവൃത്തിക്കായി 2 പേർ മാത്രമേ ഫാമിൽ ജോലി ചെയ്യുന്നുള്ളൂ. ഇതിൽ ഒരു തൊഴിലാളിക്ക് ശാരീരിക പ്രശ്നം ഉള്ളതിനാൽ മുഴുവൻ പ്രവൃത്തി സമയം ഉപയോഗപ്പെടുത്താനും കഴിയുന്നില്ല. ഫാമിലെ മറ്റ് തൊഴിലാളികൾക്ക് ഇക്കാര്യത്തിൽ പരിശീലനം നൽകിയതുമില്ല. ഇതു കാരണം ഒരു പ്രാവശ്യത്തെ വിളവെടുപ്പിന് തന്നെ മാസങ്ങളോളം സമയം എടുക്കുന്നു. കൂടാതെ, പട്ടികയിൽ വ്യക്തമാക്കിയതു പോലെ 2016-17, 2017-18 കാലയളവൽ മൂന്ന് മാസത്തെ ഇടവേളകളിൽ വിളവെടുപ്പ് നടന്നിരുന്നെങ്കിലും 2019-20, 2020-21 കാലയളവിൽ ആറ് മാസത്തെ ഇടവേളകളിലാണ് വിളവെടുപ്പ് നടന്നത്. ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് നാല് തവണ വിളവെടുക്കാമെങ്കിലും ആയത് രണ്ട് തവണ മാത്രമേ 2019-20 ൽ നടന്നുള്ളൂ. ഓരോ തവണയുമുള്ള വിളവെടുപ്പ് മാസങ്ങളോളം നീണ്ടു നിൽക്കുന്നതും ലേല/വിൽപന നടപടികൾ വൈകുന്നതും കാരണം ആദ്യ ദിനങ്ങളിൽ വിളവെടുത്ത നാളീകേരം തൂക്കത്തിന്റെ അടിസ്ഥാനത്തിൽ വിൽപന/ലേലം ചെയ്യുന്ന അവസരത്തിൽ ഉണക്കം വന്ന് തേങ്ങയുടെ ഭാരം കുറയുമെന്നതിനാൽ വലിയ നഷ്ടമുണ്ടാകുകയും ചെയ്യും. ആയതിനാൽ ഓരോ തവണയുമുള്ള നാളീകേര വിളവെടുപ്പ് കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്തി കുറഞ്ഞ ദിവസത്തിനകം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

<u>ലേല നടപടികൾ/ വിൽപന യഥാസമയം നടക്കുന്നില്ല.</u>

02.08.2021 മുതൽ 14.10.2021 വരെയുള്ള കാലയളവിലെ വിളവെടുപ്പിൽ ഫാമിൽ 13,200 നാളീകേരം ലഭിച്ചിരിന്നു. ഇവ ഓഡിറ്റ് തീയതി (16.12.2021) വരെ ലേലം ചെയ്യുകയോ മറ്റ് സ്ഥാപനങ്ങൾക്ക് വിൽപന നടത്തുകയോ ചെയ്തില്ല. കോവിഡ് പശ്ചാത്തലത്തിൽ മുൻ കാലത്തെ വിളവെടുപ്പുകൾ ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് വിൽപന നടത്തിയിരുന്നു. സംഭരിച്ച നാളീകേരങ്ങൾ മിക്കതും മുളച്ച അവസ്ഥയിലാണുള്ളത്. ഇവ ലേലം/ വിൽപന നടത്തുന്ന അവസരത്തിൽ വില കുറയാൻ സാധ്യതയുമുണ്ട്. വിളവെടുപ്പ് നടന്ന് രണ്ട് മാസത്തിനു ശേഷം 03.12.2021 ന് നാളീകേരം ലേലം/ വിൽപന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ പഞ്ചായത്തിനോട് ഫാം സൂപ്രണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ തുടർ നടപടികളുടെ വിവരം ലഭ്യമല്ല. സംഭരണ കേന്ദ്രത്തിന്റെ സ്ഥലപരിമിതി കാരണവും ലേല നടപടികൾ യഥാസമയം നടക്കാത്തത് മൂലവും വീണ്ടും വിളവെടുക്കുന്ന നാളീകേരം ശരിയായ രീതിയിൽ സംഭരിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഉൽപന്നങ്ങൾ യഥാസമയം വിറ്റഴിക്കാത്തത്

അധികൃതരുടെ ഭാഗത്തുള്ള വീഴ്ചയാണ്.

സംഭരണ കേന്ദ്രം പര്യാപ്തമല്ല.

നിലവിൽ വിളവെടുക്കുന്ന നാളീകേരം ഫീൽഡ് -6 ലുള്ള ഓഫീസ് കെട്ടിടത്തോട് ചേർന്നുള്ള സംഭരണ കേന്ദ്രത്തിലാണ് സൂക്ഷിക്കുന്നത്. ഒരു തവണ വിളവെടുക്കുന്ന നാളീകേരം പോലും സൂക്ഷിക്കുന്നതിനുള്ള സംഭരണശേഷി ഈ കേന്ദ്രത്തിനില്ല. ആയതിനാൽ ഇവ തുറസ്സായ സ്ഥലങ്ങളിൽ സൂക്ഷിക്കുകയാണ് പതിവ്. ഈർപ്പവും വെയിലും ഏൽക്കുന്ന സംഭരിച്ച നാളീകേരങ്ങൾ മിക്കതും ഇത് കാരണം മുളച്ച പോകുന്നു. ഫീൽഡ് -4, ഫീൽഡ് -5 എന്നിവയിലെ ഉപയോഗിക്കാതെ കിടക്കുന്ന ഷെഡുകൾ സംഭരണ കേന്ദ്രമായി മാറ്റാവുന്ന കാര്യം പരിശോധിക്കാവുന്നതാണ്. കൂടാതെ വിളവെടുപ്പിനു ശേഷം കാലതാമസം കൂടാതെ നാളീകേരം വിറ്റൊഴിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കായ്ഫലമില്ലാത്തവയ്ക്ക് പകരം തെങ്ങുകൾ വെച്ചുപിടിപ്പിക്കുന്നില്ല.

ഫാമിലെ കോക്കനട്ട് ട്രീ രജിസ്റ്റർ പരിശോധിച്ചതിൽ കൂത്താളി ഫാമിന്റെ പരിധിയിൽ ആകെ 1192 തെങ്ങുകളാണുള്ളത്. ഇതിൽ 614 എണ്ണം കായ്ഫലം ഉള്ളതല്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കായ്ഫലമില്ലാത്തതിൽ ഫീൽഡ് -1 ലെ രണ്ട് വർഷത്തോളം മാത്രം പ്രായമായ 87 തെങ്ങുകൾ കൂടി ഉൾപ്പെടുന്നു. മുറിച്ച് മാറ്റേണ്ടത് 125 തെങ്ങാണെന്നും 14തെങ്ങുകൾ രോഗം ബാധിച്ചതാണെന്നും രജിസ്റ്ററിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മുറിച്ചുമാറ്റിയതിന്റെ വിവരം ലഭ്യമല്ല. കായ്ഫലം കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതോടൊപ്പം പുതിയ തെങ്ങിൻ തൈകൾ തൽസ്ഥാനത്ത് വെച്ചുപടിപ്പിക്കാവുന്നതാണ്. ഫീൽഡ് -1 ലേതുപോലെ ഫീൽഡ് -4, ഫീൽഡ് -20, ഫീൽഡ് -21 എന്നീ സ്ഥലങ്ങളിലും തെങ്ങിൻ തൈ വളർത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.29/2020-21 /12.01.2022) നിർവ്വഹണോദ്യഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-23 കൂത്താളി ഫാം - ബാങ്ക് അക്കൗണ്ടിൽ 44.62 ലക്ഷം രൂപ നീക്കിയിരുപ്പ് - തുക ജില്ലാ പഞ്ചായത്തിന് കൈമാറിയില്ല.

ഫാമിന്റെ ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനു വേണ്ടിയുള്ള ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 32450632519, എസ്.ബി.ഐ – പേരാമ്പ്ര) 16.12.2021 തീയതിയിൽ 44,62,443 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതൊക്കെ ഇനങ്ങളിലുള്ളവയാണെന്ന് വ്യക്തമല്ല. മുൻവർഷങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ വിവിധ കൃഷിഭവനുകൾക്കും മറ്റും വിറ്റവകയിൽ ഏതാണ്ട് അരക്കോടിയിലേറെ രൂപ ഫാമിന് കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്. ചില കൃഷിഭവനുകൾ ഫാമിനെ അറിയിക്കാതെ മേൽ പറഞ്ഞ കുടിശ്ശിക തുക അക്കൗണ്ടിലേക്ക് നേരിട്ട് അടവാക്കിയിട്ടുണ്ടാകാമെന്നും നീക്കിയിരിപ്പിൽ പ്രസ്തുത തുക കൂടി ഉൾപ്പെട്ടിട്ടുണ്ടാകാമെന്നും ഫാം അധികൃതർ അറിയിച്ചു. അക്കൗണ്ടിലെ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട ഓഫീസിന്റെ ഉത്തരവാദിത്തമാണ്. വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാനുള്ള തുകയുടെയും ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് വന്ന തുകയുടെയും പത്രിക തയ്യാറാക്കി അടവിന്റെ ആധികാരികത ഉറപ്പ് വരുത്തിയില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 28/2020-21/12.01.2022) മറുപടി ലഭ്യമാക്കിയില്ല.

ഏതൊക്കെ ഇനങ്ങളിലുള്ള തുകയാണ് നീക്കിയിരിപ്പിൽ ഉൾപ്പെട്ടതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും നീക്കിയിരുപ്പ് തുക എത്രയും വേഗം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-24 തേങ്ങ വില്പനയിനത്തിൽ പേരാമ്പ്ര ഫാമിന് ലഭിക്കേണ്ട തുക കൂത്താളി ഫാമിന് നൽകി - ഇടപാട് ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ -
സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പേരാമ്പ്ര

പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന് തേങ്ങ വില്പന നടത്തിയ ഇനത്തിൽ, പേരാമ്പ്ര വിത്തുല്പാദനകേന്ദ്രത്തിന് ലഭിക്കേണ്ടതായ 51624/- രൂപ ജില്ലാ കൃഷിത്തോട്ടം കൂത്താളിയുടെ അക്കൗണ്ടിലേയ്ക്ക്, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി 28.05.2021 ന് തെറ്റായി അടവാക്കിയിട്ടുണ്ട്. ഈ തുക പേരാമ്പ്ര വിത്തുല്പാദന കേന്ദ്രത്തിന് നൽകേണ്ടിയിരുന്നതാണെന്നും ആയതിന് സാധൂകരണം നൽകണമെന്നും കമ്പനി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്തും നൽകിയിട്ടുണ്ട്. എന്നാൽ തുക മാറ്റി വരവ് വെച്ചത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള കത്തോ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ എസ്.എസ്.എഫ്. പേരാമ്പ്ര സ്വീകരിച്ചതിന്റെ വിവരങ്ങളോ ലഭ്യമല്ല. വില്പനയുടെയും കുടിശ്ശികയെയും സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ഫാം അധികൃതർ സൂക്ഷിച്ചില്ല. മേൽ സാഹചര്യത്തിൽ വില്പന നടത്തിയ തിയ്യതി, തേങ്ങയുടെ എണ്ണം, ലഭിക്കാനുള്ള തുക , തുക മുഴുവനും ലഭിച്ചതിന്റെ വിവരം, 51624/- രൂപ എസ്.എസ്.എഫ്. പേരാമ്പ്രയുടെ പേരിൽ വരവ് വെച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക ക്രമീകരിച്ചതായി ജില്ലാ പഞ്ചായത്ത് ഉത്തരവിടുന്ന പക്ഷം ഇൻവോയ്സ് രജിസ്റ്ററിൽ/കുടിശ്ശിക രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി അധികൃതർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മേൽ അപാകത പരിഹരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 31/20-21 ന മറുപടി ലഭിച്ചിട്ടില്ല.

### 1-25 സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പേരാമ്പ്ര -രസീതുകൾ മുഖേനയുള്ള പിരിവ് - ചട്ടങ്ങൾ പാലിക്കുന്നില്ല.

സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പേരാമ്പ്രയിൽ മാന്വൽ രസീതുപയോഗിച്ചുള്ള പണം സ്വീകരിക്കുന്നതിലേയും, ബാങ്കിലടയ്ക്കുന്നതിലേയും നടപടിക്രമങ്ങളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ദിവസേനയുള്ള വരവ് തുക തൊട്ടടുത്ത പ്രവൃത്തി ദിവസം ബാങ്കിലടയ്ക്കുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 7(2) പ്രകാരം കലക്ഷൻ തൊട്ടടുത്ത ദിവസം ബാങ്കിലടയ്ക്കുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 23 പ്രകാരം 500/- രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം നിക്ഷേപിക്കുന്നില്ല.

ഉദാഃ 15.10.2020 മുതൽ 27.10.2020 വരെയുള്ള വരവ് തുകയായ 13,322/- രൂപ 28.10.2020 നാണ് ബാങ്കിൽ അടവാക്കിയത്.

2. രസീതിൽ തിരുത്തലുകൾ വരുത്തുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം രസീതുകളിൽ തിരുത്തലുകളോ മാറ്റങ്ങളോ വരുത്താൻ പാടില്ല. തെറ്റുകൾ സംഭവിച്ചാൽ അത്തരം രസീതുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇതിന് വിരുദ്ധമായി രസീതുകളിൽ തിരുത്തലുകൾ വരുത്തുന്നതായി കാണുന്നു.

എ. രസീത് ബുക്ക് നം. 458 രസീത് നമ്പർ 10 തിയ്യതി19.3.2021- 238/- രൂപ 138/- രൂപയാക്കി തിരുത്തൽ വരുത്തി.

ബി. രസീത് ബുക്ക് നം. 457, രസീത് നം. 94 തിയ്യതി 10.03.2021 - 480/- രൂപ 180/- രൂപയാക്കി മാറ്റി.

3. ഡ്യൂപ്ലിക്കേറ്റ് രസീതുകൾ പണമൊടുക്കുന്ന ആൾക്ക് നൽകുന്നില്ല.

കേരള ട്രഷറി കോഡ് വോള്യം 1.ആർട്ടിക്കിൾ 90 (എ) പ്രകാരം രസീതുകളുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് ബന്ധപ്പെട്ട കക്ഷിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഡ്യൂപ്ലിക്കേറ്റ് രസീതുകൾ - രസീത് പുസ്തകത്തിൽ തന്നെ സൂക്ഷിക്കുന്നു. പണമടവാക്കുന്ന ആൾക്ക് രസീത്

നൽകാതിരിക്കുന്നത് ചട്ട വിരുദ്ധമാണ്.

4. സ്റ്റോക്ക് രജിസ്റ്ററിൽ മുഴുവൻ വിവരവും രേഖപ്പെടുത്തുന്നില്ല.

കെ.ടി.സി. വോള്യം 1 ആർട്ടിക്കിൾ 90 (ബി) യിലെ കുറിപ്പ് 2 പ്രകാരം രസീത് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ, പുസ്തകം ഉപയോഗിക്കാൻ തുടങ്ങിയ തിയ്യതി, ഉപയോഗം പൂർത്തീകരിച്ച തിയ്യതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

5. തുക ഒടുക്കിയതിന്റെ കൃത്യത പരിശോധിക്കുന്നില്ല

കേരളാ ട്രഷറി കോഡ് വോള്യം 1 ആർട്ടിക്കിൾ 92(എ) (V) പ്രകാരം ട്രഷറിയിലോ ബാങ്കിലോ തുക ഒടുക്കിയതിന് ശേഷം കാഷ് ബുക്കിൽ ഒപ്പ് വെക്കുന്നതിന് മുമ്പ് തുക യഥാർത്ഥത്തിൽ ഒടുക്കിയതായി ഉറപ്പാക്കേണ്ടതും, കൃത്യത ഉറപ്പാക്കുന്നതിന് ചെലാൻ, പാസ് ബുക്ക് എന്നിവ കാഷ് ബുക്കിലെ എൻട്രികളുമായി പൊരുത്തപ്പെടുത്തി ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പ്രതിദിന വരവ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൊരുത്തപ്പെടുത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം.32/ 2020-21 തി 13.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പണം പിരിവ് അടവ് എന്നിവ ബന്ധപ്പെട്ട കോഡുകൾ/ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് നടത്തേണ്ടതാണ്.

1-26 സംസ്ഥാന വിത്തുല്പാദന കേന്ദ്രം പേരാമ്പ്ര-കുടിശ്ശികയിനത്തിൽ 10,63,648/- രൂപ ഈടാക്കാൻ ബാക്കി - പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നില്ല.

സംസ്ഥാന വിത്തുല്പാദന കേന്ദ്രം പേരാമ്പ്രയിൽ ഉല്പാദിപ്പിക്കുന്ന നെൽവിത്ത്, പച്ചക്കറി വിത്തുകൾ, വൈക്കോൽ നടീൽ വിത്തുക്കൾ എന്നിവ വിവിധ കൃഷി ഭവനുകൾക്കും സ്ഥാപനങ്ങൾക്കും വില്പന നടത്തിയതിൽ താഴെ ചേർത്ത പ്രകാരം തുക ലഭിക്കാനുണ്ട്.

| വർഷം | തുക |
|---|---|
| 2018-19 | 68096/- |
| 2019-20 | 306850/- |
| 2020-21 | 688702/- |
| ആകെ | 1063648/- |

ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ ക്രെഡിറ്റ് സെയിൽ ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുക സംബന്ധിച്ച് വ്യക്തതയില്ല. കുടിശ്ശികക്കാരിൽ നിന്നും ആയത് പിരിച്ചെടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചതുമില്ല. കുടിശ്ശികയിനത്തിൽ ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ കാണിക്കുന്ന അരിയർ ഡിമാന്റ് രജിസ്റ്റർ സ്ഥാപനം സൂക്ഷിച്ചിട്ടില്ല.

ഫാമിന്റെ അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി പണം അയയക്കുമ്പോൾ, യഥാസമയം ആയത് പരിശോധിച്ച് ഇഷ്യൂ രജിസ്റ്ററിൽ ചേർക്കുകയോ കുടിശ്ശികയുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട തുക അടയ്ക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 33/20-21 നു മറുപടി ലഭിച്ചിട്ടില്ല. രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ് (അനുബന്ധം -4 കൂടി കാണുക).

1-27 പേരാമ്പ്ര സ്റ്റേറ്റ് സീഡ് ഫാമിലെ അനധികൃത കൈയേറ്റം - മൂന്ന് വർഷത്തിനു ശേഷവും പരിഹാരമായില്ല.

പേരാമ്പ്ര – കുറ്റ്യാടി റോഡിൽ പേരാമ്പ്ര സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിലെ "എ" ബ്ലോക്കിന്റെ വടക്ക് ഭാഗം അതിർത്തിയോട് ചേർന്ന ഫാമിന്റെ തന്നെ അധീനതയിലുള്ള 200 മീറ്ററോളം നീളവും ഒന്നര മീറ്ററോളം വീതിയുമുള്ള സ്ഥലത്തിനരികെയുള്ള തോട് 15.10.2018 ന് തൊട്ടു മുൻപുള്ള ഒഴിവ്

ദിവസങ്ങളിൽ മണ്ണിട്ട് നികത്തിയിരിക്കുന്നു. പ്രസ്തുത സ്ഥലവും നികത്തിയ തോടും നിലവിൽ പരിസരവാസികൾ റോഡായി ഉപയോഗിച്ചു വരുന്നുണ്ട്. സംസ്ഥാന പാതയിൽ കല്ലോട് മുതൽ പെട്രോൾ പമ്പ് വരെയുള്ള സ്ഥലത്ത് പെയ്യുന്ന മഴവെള്ളം ഈ തോടിലൂടെയാണ് ഒഴുകിക്കൊണ്ടിരുന്നത്. പ്രസ്തുത വിവരം ഫാം അധികൃതർ 15.10.2018 ലെ എസ്.എഫ്.11/2018 കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ- എരവട്ടൂർ, കൃഷി ഓഫീസർ - പേരാമ്പ്ര, പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്- പേരാമ്പ്ര, പ്രിൻസിപ്പൽ കൃഷി ഓഫീസർ - കോഴിക്കോട് എന്നിവരെ യഥാസമയം അറിയിച്ചിട്ടുണ്ട്. കൂടാതെ തോട് നികത്തിയതോടുകൂടി സമീപ പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകുകയും വെള്ളവും മാലിന്യങ്ങളും ഫാമിലെ കൃഷി സ്ഥലത്തേക്ക് എത്തുകയും പ്രസ്തുത ഭാഗത്ത് നെൽകൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയാണുള്ളതെന്ന് മേൽ കത്തിൽ സൂചിപ്പിക്കുന്നു. 14.01.2019 ൽ ഇതേ വിവരം വടകര ആർ.ഡി.ഒ യെയും അറിയിച്ചിരുന്നു. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് 23.01.2019 തീയതിയിൽ മേൽ നമ്പർ കത്ത് പ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും 18.01.2019, 22.05.2019 എന്നീ തീയതികളിൽ വില്ലേജ് ഓഫീസർക്കും വീണ്ടും കത്തയച്ചു. 25.10.2018 ന് തന്നെ കൊയിലാണ്ടി തഹസിൽദാർക്കും 30.10.2018 ന് വടകര ആർ.ഡി.ഒ ക്കും റിപ്പോർട്ട് അയച്ചിട്ടുണ്ടെന്ന് എരവട്ടൂർ വില്ലേജ് ഓഫീസർ 24.05.2019 ലെ കത്ത് മുഖേന സീനിയർ അഗ്രി.ഓഫീസർക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ റവന്യൂ അധികൃതരിൽ നിന്ന് തുടർ നടപടികൾ ഉണ്ടായില്ലെന്ന് സീനിയർ അഗ്രികൾച്ചർ ഓഫീസർ 24.06.2019 ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. ഈ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കലക്ടർക്ക് കത്തയക്കാൻ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിക്കുകയും (നം.35/19(2) തീയതി. 09.07.2019) തുടർന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി 09.08.2019 ൽ ജില്ലാ കലക്ടർക്ക് കത്തയക്കുകയും ചെയ്തു. "എ" ബ്ലോക്കിന്റെ വടക്ക് ഭാഗം അതിർത്തിയോട് ചേർന്ന സ്ഥലവും തോടും മണ്ണിട്ട് നികത്തി റോഡ് നിർമ്മിച്ചതു കാരണം രണ്ടാംവിള നെൽകൃഷി നശിക്കാതിരിക്കുവാൻ കൃഷി സ്ഥലത്തേയ്ക്ക് ഒഴുകിവരുന്ന വെള്ളവും വർക്ഷോപ്പ് മാലിന്യങ്ങളും തടയുന്നതിലേക്കായി തൊഴിലാളികളെ നിയോഗിച്ച അവസരത്തിൽ പ്രസ്തുത പ്രവൃത്തി മേൽ പറഞ്ഞ അനധികൃതമായി നിർമ്മിച്ച റോഡിന്റെ ഗുണഭോക്താക്കൾ തടസ്സപ്പെടുത്തുകയുണ്ടായി. പ്രസ്തുത കൈയേറ്റം ഒഴിപ്പിച്ച് സർക്കാർ സ്ഥലം തിരികെ മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കാനും കത്തിൽ ആവശ്യപ്പെടുന്നുണ്ട്. 09.08.2019 ന് ശേഷം ഇക്കാര്യത്തിലുള്ള നടപടികളിലെ പുരോഗതിയുടെ വിവരം ഫയലിൽ ലഭ്യമല്ല. പ്രശ്ന പരിഹാരത്തിന് സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 34/2020-21/13.01.2022) നിർവ്വഹണോദ്യഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

മേൽ വിഷയത്തിൽ പേരാമ്പ്ര ഫാം അധികൃതർ, ജില്ലാ പഞ്ചായത്ത് അധികൃതർ എന്നിവർ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 പുതുപ്പാടി സീഡ് ഫാം - വിത്തുകളും തൈകളും വിതരണം നടത്തിയ ഇനത്തിൽ 22,17,647/- രൂപ കുടിശ്ശികയിനത്തിൽ ഈടാക്കാൻ ബാക്കി.

പുതുപ്പാടി സീഡ് ഫാമിൽ നിന്നും ഉൽപാദിപ്പിക്കുന്ന വിത്ത്, നടീൽ വസ്തുക്കൾ, എന്നിവ വിവിധ കൃഷിഭവനുകൾക്കും മറ്റു സ്ഥാപനങ്ങൾക്കും കാലാകാലങ്ങളിലായി വിൽപ്പന നടത്തിയ ഇനത്തിൽ വൻതുക ഫാമിന് ലഭിക്കാനുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് വർഷം തിരിച്ചുള്ള കൃത്യമായ കണക്ക് ഫാമിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-11 (1) പ്രകാരം 2015 മുതൽ 2018 വരെയുള്ള 20,07,785 രൂപ ഫാമിനു ലഭിക്കാനുള്ളതിന്റെ വിവരം ചേർത്തിട്ടുണ്ട്. 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-44ൽ പരാമർശിച്ച പ്രകാരം ഫാമിനു ലഭിക്കാനുള്ള 3,03,004 രൂപയിൽ ഓഡിറ്റ് തിയ്യതി വരെ (15.01.2022) 2,95,804രൂപ കിട്ടിയിട്ടുണ്ട്.

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഫാമിലെ ഇഷ്യൂ രജിസ്റ്റർ (2020-21വോള്യം 9) പരിശോധിച്ചതിൽ 2015-16 മുതൽ 31.12.2021 വരെ താഴെ വിവരിച്ച പ്രകാരം നടീൽ വസ്തുക്കൾ വിറ്റ വകയിൽ 22,17,647/-രൂപ ലഭിക്കാനുണ്ട്.

2020-21 ലെ കുടിശ്ശിക വിവരം അനുബന്ധം.5 ആയി ചേർത്തിട്ടുണ്ട്.

| വർഷം | | തുക |
|---|---|---|
| 2015 മുതൽ 2018 വരെ | - | 20,07,785/- |
| 2019-20 | 3,03,004-2,95,804 | 7,200/- |
| 2020-21 | അനുബന്ധം 5 കാണുക | 2,02,662/- |
| ആകെ | | 22,17,647/- |

വിൽപ്പന നടത്തിയതു സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതല്ലാതെ, തുക ലഭിച്ചതിന്റെ മുഴുവൻ വിവരങ്ങളും ചേർത്ത് രജിസ്റ്ററിൽ അതതു ക്രമനമ്പർ അടയാളപ്പെടുത്തി വ്യക്തത വരുത്തുന്നതിനോ, പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ച് സ്ഥാപനങ്ങളുമായി ഇടപെടലുകൾ നടത്തുന്നതിനോ കുടിശ്ശിക നിവാരണ നടപടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനോ ഫാം അധികൃതർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഒരോ വർഷവും ലഭിയ്ക്കാനുള്ള തുകയെത്രയെന്നും, ലഭിച്ചത് എത്രയാണെന്നുമുള്ള കണക്കുപോലും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ച് ഓരോ വർഷത്തേയും കുടിശ്ശിക വിവരം കുടിശ്ശിക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർവർഷത്തിൽ ലഭിച്ച തുക ഒഴിവാക്കി കുടിശ്ശിക ക്യാരിഓവർ ചെയ്യേണ്ടതുമാണ്. ഫാമിന്റെ 2020-21 ലെ രസീത് പരിശോധനയിൽ ഏതാനും രസീതുകളിൽ ലഭിച്ച തുകയുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക, മേൽ പട്ടികയിൽ സൂചിപ്പിച്ച കുടിശ്ശികയിൽ ഉൾപ്പെട്ടിട്ടുള്ള തുകയാണോ എന്നത് വ്യക്തമല്ല. ഈ സാഹചര്യത്തിൽ, വാല്യം-1, വാല്യം - 2 എന്നീ ഇൻവോയ്സ് രജിസ്റ്ററുകളിൽ ഈടാക്കാൻ അവശേഷിക്കുന്ന മുഴുവൻ തുകയുടെയും (2015-16 വർഷത്തിന് മുൻപുള്ളതും) വിശദാംശം തയ്യാറാക്കി തുക ഈടാക്കുന്നതിനായി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുമായി അദാലത്ത് പോലെയുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക പൂർണ്ണമായി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 46/20-21 ന മറുപടി ലഭിച്ചിട്ടില്ല

## 1-29 സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പുതുപ്പാടി -രസീതുപിരിവ് - ചട്ടങ്ങൾ പാലിക്കുന്നില്ല.

സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പുതുപ്പാടിയിൽ മാന്വൽ രസീതുപയോഗിച്ചുള്ള പണം സ്വീകരിക്കുന്നതിലേയും, ബാങ്കിലടയ്ക്കുന്നതിലേയും നടപടിക്രമങ്ങളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1 .പിരിവ് തുക തൊട്ടടുത്ത ദിവസം ബാങ്കിലടയ്ക്കുന്നില്ല.

കേരള ട്രഷറി കോഡ് വോള്യം.1 ആർട്ടി.7(2) പ്രകാരം ദിവസേനയുള്ള കലക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറിയിൽ /ബാങ്കിലടയ്ക്കേണ്ടതാണ്. ദൂരക്കൂടുതലോ മറ്റേതെങ്കിലും കാരണത്താലോ തുക ഒടുക്കുവാൻ സാധിക്കാതെ വന്നാൽ ആഴ്ചയിലൊരിക്കൽ അവസാന പ്രവൃത്തി ദിവസങ്ങളിൽ അടവാക്കേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം പണം ലഭിച്ച ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അക്കൗണ്ടിൽ ഒടുക്കിയെന്ന് ഉറപ്പാക്കേണ്ടതാണ്. തുക ബാങ്കിൽ അടക്കാൻ വൈകിയതിന്റെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | തുക | വരവ് തിയ്യതി -കാലയളവ് | ബാങ്കിലടവാക്കിയ തിയ്യതി | തുക അടവാക്കിയതിലെ കാലതാമസം |
|---|---|---|---|---|
| 1 | 4487 | 12.03.2021-16.12.2021 | 17.03.2021 | 5 ദിവസങ്ങൾ |
| 2 | 6373 | 09.04.2021-12.04.2021 | 13.04.2021 | 4 ദിവസങ്ങൾ |

2. ഡ്യൂപ്ലിക്കേറ്റ് രസീതുകൾ പണമൊടുക്കുന്ന ആൾക്ക് നൽകുന്നില്ല.തുക അടയ്ക്കുന്ന ആളുടെ പേര് രേഖപ്പെടുത്തുന്നില്ല

കേരള ട്രഷറി കോഡ് വോള്യം 1.ആർട്ടിക്കിൾ 90 (എ) പ്രകാരം രസീതുകളുടെ അസ്സൽ ഓഫീസിൽ

സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് ബന്ധപ്പെട്ട കക്ഷിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഡ്യൂപ്ലിക്കേറ്റ് രസീതുകൾ - രസീത് പുസ്തകത്തിൽ തന്നെ സൂക്ഷിക്കുന്നു. പണമടവാക്കുന്ന ആൾക്ക് രസീത് നൽകാതിരിക്കുന്നതും പണം അടയ്ക്കുന്ന ആളുടെ പേര് രസീതിൽ ചേർക്കാതിരിക്കുന്നതും ചട്ട വിരുദ്ധമാണ്.

| ക്രമ നം. | രസീത് നം | തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 2/245 | 17.04.2020 | 296400 | പണമടവാക്കുന്ന ആളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല |
| 2 | 7/245 | 17.04.2020 | 3000 | പണമടവാക്കുന്ന ആളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല |
| 3 | 10/245 | 17.04.2020 | 233 | പണമടവാക്കുന്ന ആളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല |
| 4 | 80/245 | 08.08.2020 | 79600 | പണമടവാക്കുന്ന ആളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല |

കേരളാ ഫിനാൻഷ്യൽ കോഡിലേയും, കേരളാ ട്രഷറി കോഡിലേയും വ്യവസ്ഥകളും സ.ഉ.(എം.എസ്) നം. 83/2011 തസ്വഭവ. തിയ്യതി 08.03.2011 (എസ്.ആർ.ഒ. നം. 266/2011) പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സ്ഥാപനത്തിൽ രസീതുപയോഗിച്ച് പണപ്പിരിവ് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പുതുപ്പാടി കലക്ഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തൽ യഥാർത്ഥ വരവു തുകയിൽ നിന്നും വ്യത്യാസപ്പെടുന്നു.

സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പുതുപ്പാടിയുടെ കലക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ പലപ്പോഴും രസീത് പ്രകാരമുള്ള വരവു തുകയല്ല കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നത്. രസീത് പ്രകാരമുള്ള തുകകളുടെ ആവർത്തനവും തുകയിൽ വ്യത്യാസവും വരുന്നുണ്ട്. എന്നാൽ യഥാർത്ഥ തുക തന്നെയാണ് ബാങ്കിൽ അടയ്ക്കുന്നത്. ബാങ്കിൽ അടയ്ക്കുന്ന തുക തന്നെ അതതു ദിവസത്തെ ആകെ വരവായും രേഖപ്പെടുത്തുന്നു. കലക്ഷൻ രജിസ്റ്ററിൽ തെറ്റായി തുക രേഖപ്പെടുത്തുമ്പോൾ ആകെ തുകയിലും വ്യത്യാസം വരേണ്ടതാണെങ്കിലും അപ്രകാരം വരാത്തതിൽ നിന്നും തുക ബാങ്കിൽ അടച്ചതിനു ശേഷമാണ് കലക്ഷൻ രജിസ്റ്റർ എഴുതുന്നതെന്ന് വ്യക്തമാണ്. ആയത് തെറ്റായ നടപടിയാണ്. കലക്ഷൻ രജിസ്റ്റർ എഴുതി ആയത് സാക്ഷ്യപ്പെടുത്തി ആകെ തുക അതാത് ദിവസം ബേങ്കിൽ അടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഉദാ 1. കലക്ഷൻ രജിസ്റ്റർ പേജ് നം 111 ൽ രസീത് നം 39/542 തി 28.05.2021മുതൽ 56/542 വരെയുള്ള രേഖപ്പെടുത്തലുകൾ പേജ് നം 112 ലും ആവർത്തിച്ചു.

2. രസീത് നം.35/542 തിയ്യതി. 27.05.2021 പ്രകാരം 4559 രൂപയാണ് ഈടാക്കിയത് എന്നാൽ കലക്ഷൻ രജിസ്റ്റർ പേജ് നം. 110 ൽ രസീത് നം.35/542 തിയ്യതി. 27.05.2021 പ്രകാരം 5559 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എങ്കിലും ബാങ്കിൽ അടവാക്കിയതുക രസീതു പ്രകാരം ഈടാക്കിയതുതന്നെയൊണ്.

3. രസീത് നം. 86/467 തിയ്യതി. 22.03.2021 പ്രകാരം 45 രൂപയാണ് ഈടാക്കിയത് എന്നാൽ കലക്ഷൻ രജിസ്റ്റർ പേജ് നം. 9 ൽ രസീത് നം. 86/467 തിയ്യതി.22.03.2021 പ്രകാരം 30 രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം.1 ആർട്ടി. 8 പ്രകാരം എല്ലാ സാമ്പത്തിക ഇടപാടുകളുടേയും കൃത്യമായ അക്കൗണ്ടുകൾ സൂക്ഷിക്കുന്നുണ്ടെന്ന് എല്ലാ സർക്കാർ ജീവനക്കാരും ഉറപ്പാക്കേണ്ടതാണ്.

ആർട്ടി. 8 (7) (ii)പ്രകാരം കലക്ഷൻ തുക ട്രഷറിയിൽ/ബാങ്കിൽ അടയ്ക്കുന്നതിനു മുമ്പ് വകുപ്പിന്റെ /സ്ഥാപനത്തിന്റെ അക്കൗണ്ടിൽ വരവു വെക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി കലക്ഷൻ രജിസ്റ്റർ തയ്യാറാക്കേണ്ടതുമാണ്.

ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം.1 ആർട്ടി.10 പ്രകാരം രസീതിലെ രേഖപ്പെടുത്തലുകൾ കലക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിക്കേണ്ടതും, കലക്ഷൻ രജിസ്റ്ററിലെ ആകെ തുകയും ബാങ്കിൽ അടച്ചിട്ടുള്ളതായി കാണിച്ചിട്ടുള്ള ചെലാന്റെ ആകെ തുകയും ഒന്നു തന്നെയാണെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള പരിശോധന നടത്തുന്നതിന്റെ രേഖകൾ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.48/20-21 തി 1.02.2022 ന സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. കലക്ഷൻരജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

1-31 പുതുപ്പാടി സീഡ് ഫാം - പഴയ മോട്ടോറിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താതെ അറ്റകുറ്റപണിക്കായി വൻതുക ചെലവഴിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 53/2021, പുതുപ്പാടി സീഡ് ഫാം വാർഷിക പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ അഗ്രികൾച്ചർ ഓഫീസർ |
| അടങ്കൽ, ഫണ്ടിനം | 10 ലക്ഷം (തനത് ഫണ്ട്) |
| ചെലവ്, ബിൽ നം. | ചെലവ് - 6,96,161 , 01/14.08.2020 |

സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പുതുപ്പാടിയിൽ 5 എച്ച്.പി ഡീസൽ മോട്ടോർ (ക്രോംപ്ടൺ ഗ്രീവ്സ്) അറ്റകുറ്റപണി നടത്തുന്നതിനുവേണ്ടി 14.02.2020 ന് ക്വട്ടേഷൻ ക്ഷണിക്കുകയും 09.07.2020 ന് നടന്ന വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 33/20(11) നമ്പർ യോഗ തീരുമാന പ്രകാരം ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഡയമണ്ട് ഇലക്ട്രിക്കൽസ്, താമരശ്ശേരിയുടെ 17,000 രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയുമുണ്ടായി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി അംഗീകരിച്ച ആവശ്യകതാ സാക്ഷ്യപത്രം ബില്ലിനോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്. താമരശ്ശേരിയിൽ നിന്നും റിപ്പയർ ചെയ്ത മോട്ടോർ കോഴിക്കോട് ഓഫീസിൽ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 04.09.2020 ലെ ബി1- 121/2020 നംപർ കത്തു പ്രകാരം ഫാമിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത അറ്റകുറ്റപണിക്കായി 17,000 രൂപ ചെലവഴിച്ചു. കൂടാതെ 12.03.2021 ന് ജി.എൻ.എസ് ഇലക്ട്രിക്കൽസ്, കൈതപ്പൊയിൽ എന്ന സ്ഥാപനത്തിന് പ്രസ്തുത മോട്ടോർ അറ്റകുറ്റപണി നടത്തിയ വകയിൽ 2,380 രൂപയും നൽകി. അതായത് മോട്ടോറിന്റെ അറ്റകുറ്റപണിക്ക് തൻവർഷം ആകെ 19,380 രൂപ ചെലവഴിച്ചു.

നിലവിൽ 5 എച്ച്.പി ഡീസൽ മോട്ടോറിന്റെ പരമാവധി വിപണിവില 27,000 രൂപയാണ്. ഒരു പുതിയ മോട്ടോർ വാങ്ങുന്നതിന്റെ പകുതിയിലേറെ തുക പഴയ മോട്ടോർ അറ്റകുറ്റപണി നടത്തുന്നതിനുവേണ്ടി തൻവർഷം ചെലവഴിച്ചിട്ടുണ്ട്. മോട്ടോർ വാങ്ങിയ വർഷം ഏതാണെന്ന് വ്യക്തമല്ല. 31.01.2004 ൽ ഈ മോട്ടോറിന്റെ അറ്റകുറ്റപണിക്കായി 1,355 രൂപ ഡയമണ്ട് ഇലക്ട്രിക്കൽസിന് നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനു ശേഷം തുക ചെലവഴിച്ചതിന്റെ വിവരം ലഭ്യമല്ല. അതായത് മോട്ടോർ വാങ്ങിയത് 2004 വർഷത്തിന് മുൻപാണെന്ന് അനുമാനിക്കാവുന്നതാണ്. 17 വർഷത്തിന് മുൻപ് വാങ്ങിയ ഒരു ഡീസൽ മോട്ടോറിന് ഇത്രയും ഭീമമായ തുക അറ്റകുറ്റപണിക്കായി ചെലവഴിച്ചത് ആശാസ്യമായ നടപടിയല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 36/2020-21/20.01.2022) മറുപടി ലഭ്യമാക്കിയില്ല.

ഭാവിയിൽ അറ്റകുറ്റപണി വേണ്ടിവരുന്ന അവസരത്തിൽ നടപടിക്രമങ്ങൾ പാലിച്ച് പ്രസ്തുത മോട്ടോർ കൈയൊഴിയുന്ന കാര്യം പരിശോധിക്കേണ്ടതാണ്. ഒരു സ്ഥലത്തുമാത്രം ഉറപ്പിച്ച് നിർത്തി ഉപയോഗിക്കുന്ന മോട്ടോർ ആയതിനാൽ, പുതിയത് വാങ്ങുന്ന അവസരത്തിൽ ഇലക്ട്രിക് മോട്ടോർ ആയി

മാറ്റുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 പുതുപ്പാടി സീഡ് ഫാം - കോഴി വളർത്തലിന് ചെലവായത് 91,265 രൂപ – ആകെ ലഭിച്ച ആദായം 28,700 രൂപ.

ജില്ലാപഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 13.06.2019 ലെ 30/2019 (10) തീരുമാനപ്രകാരം സംയോജിത ഫാമിംഗിന്റെ ഭാഗമായി പുതുപ്പാടി വിത്തുൽപാദന കേന്ദ്രത്തിൽ കോഴിവളർത്തുന്നതിനും തുടർന്ന് സംരക്ഷണത്തിന് ഇരുമ്പിന്റെ ഗ്രിൽ നിർമ്മിക്കുന്നതിനും അനുമതി നൽകി. മേൽക്കൂരയോട് കൂടിയ കൂട് ഗ്രാമ സ്വരാജ് ഇന്റഗ്രേറ്റഡ് ഫാമിംഗ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട് നിർമ്മിക്കുകയും 50 കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിനായി വാങ്ങുകയും ചെയ്തു. നവംബർ 2019 ൽ തുടങ്ങിയ കോഴി വളർത്തൽ ജൂൺ 2021 ൽ അവസാനിച്ചു. കോഴി വളർത്തലിന് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1. | കോഴിക്കൂട് | 39,650 |
| 2. | കോഴിത്തീറ്റ 2019-20 | 11,746 |
| 3. | കോഴിത്തീറ്റ 2020-21 | 38,069 |
| 4. | കോഴിത്തീറ്റ 2021-22 | 1,800 |
| | ആകെ | 91,265 |

കോഴി വളർത്തലിന് നാളിതുവരെ ലഭിച്ച ആദായത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | അളവ് | നിരക്ക് (രൂപ) | തുക |
|---|---|---|---|---|
| 1. | കോഴിമുട്ട | 3,650 എണ്ണം | 7 | 25,550 |
| 2. | കോഴി ഇറച്ചി | 35 കി. ഗ്രാം | 90 | 3,150 |
| ആകെ | | | | 28,700 |

മേൽ പട്ടിക പ്രകാരം കോഴി വളർത്തലിന് ആകെ 91,265 രൂപ ചെലവായിട്ടുണ്ട്. ഇതിൽ കോഴികളെ പരിപാലിക്കുന്നതിനുള്ള തൊഴിലാളിയുടെ വേതനം ഉൾപ്പെട്ടിട്ടില്ല. ഫാമിലെ 5 പശുക്കളുടെയും കോഴികളുടെയും പരിപാലനത്തിന് ഒരു സ്ഥിരം തൊഴിലാളിയെ നിയോഗിച്ചിട്ടുണ്ട്. ജൂൺ 2021 നു ശേഷം കോഴികൃഷി അവസാനിപ്പിച്ചതിനാൽ കോഴിക്കൂട് ഉപയോഗ ശൂന്യമായിക്കൊണ്ടിരിക്കയാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.35/2020-21/21.01.2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

ജില്ലാപഞ്ചായത്തിന് കീഴിൽ ചാത്തമംഗലത്ത് പ്രാദേശിക കോഴി ഫാം നിലവിൽ ഉണ്ടായിരിക്കുകയും ആവശ്യത്തിന് സ്ഥലസൗകര്യമുണ്ടായിട്ടും നെൽ വിത്തുൽപാദനം പ്രധാന ലക്ഷ്യമായി ആരംഭിച്ച ഈ കേന്ദ്രത്തിൽ വളരെ ചെറിയ അളവിൽ കോഴിവളർത്തൽ തുടങ്ങിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

1-33 പുതുപ്പാടി സീഡ് ഫാമിലെ ഉപയോഗ ശൂന്യമായ വസ്തുക്കൾ കൈയൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

ഫാമിൽ സൂക്ഷിച്ചിരിക്കുന്ന ഡെഡ് സ്റ്റോക്ക് രജിസ്റ്ററും (വാല്യം.6) ഫീൽഡും പരിശോധിച്ചതിൽ ഏതാനും ഉപകരണങ്ങൾ/ വസ്തുക്കൾ കാലപ്പഴക്കം മൂലം ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഉപകരണത്തിന്റെ/ വസ്തുവിന്റെ പേര് | എണ്ണം | സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നം. |
|---|---|---|---|
| 1. | 5എച്ച്.പി ഇലക്ട്രിക് മോട്ടോർ പമ്പ് സെറ്റ് | 1 | 14 |
| 2. | ആസ്പീ ബോളോ പവർ സ്പ്രെയർ | 1 | 16 |
| 3. | നാപ് സാക് സ്പ്രെയർ | 2 | 18 |
| 4. | ഫെല്ലിംഗ് നൈഫ് | 2 | 20 |
| 5. | അലൂമിനിയം പാത്രം | 10 | 21 |
| 6. | പ്രൂണിംഗ് കത്തി | 1 | 29 |
| 7. | ആസ്പർ ബോളോ പവർ സ്പ്രെയർ | 1 | 33 |
| 8. | റോക്കർ സ്പ്രെയർ | 2 | 37 |
| 9. | ആസ്പർ ബോളോ പവർ സ്പ്രെയർ | 1 | 49 |
| 10. | പ്ലാറ്റ്ഫോം ബാലൻസ് | 1 | 50 |
| 11. | ആസ്പീ ബോളോ പവർ സ്പ്രെയർ | 1 | 51 |
| 12. | മെറ്റാലിക് ലവല്ലർ | 1 | 53 |
| 13. | പാഡി ത്രെഷറർ | 1 | 55 |
| 14. | ഇലക്ട്രിക് മോട്ടോർ, കിർലോസ്കർ | 1 | 56 |
| 15. | സ്പ്രിംഗ്ളർ സിസ്റ്റം | 1 | 68 |
| 16. | പാഡി ത്രെഷറർ, റെയ്ഡ്കൊ | 1 | 77 |
| 17. | കംപ്യൂട്ടർ സിസ്റ്റം | 1 | 79 |
| 18. | കോട്ടൺ ടാർപോളിൻ | 2 | 81 |
| 19. | ആസ്പീ ബോളോ പവർ സ്പ്രെയർ | 1 | 83 |
| 20. | വീൽ ബാറോ | 1 | 88 |
| 21. | റെയ്ഡ്കൊ ബോളോ പവർ സ്പ്രെയർ | 1 | 95 |
| 22. | എലിക്കെണി | 1 | 108 |
| 23. | ഡസ്ക് ടോപ്പ് കംപ്യൂട്ടർ, യു.പി.എസ്, ഫോട്ടോ കോപ്പിയർ കാനൻ (11.03.2013) | 1 | 111 |
| 24. | മേശ (തേക്ക്), വാട്ടർ പ്യൂരിഫയർ, ഹോട്ട് ആൻഡ് കോൾഡ് ഡിസ്പെൻസർ | 1 | 113 |
| 25. | വീഡ് കട്ടർ | 1 | 120 |
| 26. | ഇലക്ട്രിക്കൽ മോട്ടോർ പമ്പ് & ആക്സസറീസ് | 1 | 145 |
| 27. | വീൽ ബാറോ | 1 | 148 |
| 28. | നാപ്സാക്ക് സ്പ്രേയർ | 2 | 148 |
| 29. | കോക്കനട്ട് ക്ലയിംബർ | 2 | 149 |
| 30. | റോട്ടോവേറ്റർ | 1 | 149 |
| 31. | കംപ്യൂട്ടർ ആക്സസറീസ് | -- | 152 |
| 32. | പവർ ടില്ലർ | 1 | 155 |

| | | | |
|---|---|---|---|
| 33. | ട്രാക്ടർ | 1 | 151 |
| 34. | സ്പ്രെയർ (5ലി.) | 1 | 159 |
| 35. | സ്പ്രെയർ (16ലി.) | 3 | 163 |
| 36. | എച്ച്.പി പ്രിന്റർ | 1 | 174 |
| 37. | ബ്രഷ് കട്ടർ, ട്രിമ്മർ, ഹെഡ് | 2 | 195 |
| 38. | ആസ്പീ എസ്.ആർ.പി സ്പ്രെയർ (16ലി.) | 1 | 207 |

മേൽ പറഞ്ഞ ഉപകരണങ്ങളിൽ മിക്കതും കാലപ്പഴക്കം മൂലം ഫീൽഡുകളിൽ തുരുമ്പെടുത്ത് നാമാവശേഷമായിക്കൊണ്ടിരിക്കയാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾ കൈയൊഴിയുന്നതിന് നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.38/2020-21 /21.01.2022) മറുപടി ലഭ്യമാക്കിയില്ല.

മേൽ പട്ടികയിൽ സൂചിപ്പിച്ച ഉപകരണങ്ങൾ ഇനിയും കൂടുതൽ നഷ്ടം വരാത്ത വിധത്തിൽ എത്രയും പെട്ടെന്ന് ഇവ കൈയൊഴിയേണ്ടതാണ്. കൂടാതെ അറ്റകുറ്റപണി നടത്താൻ കഴിയാത്തവിധം ഉപകരണങ്ങൾ ഉപയോഗശൂന്യമാണെന്ന് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് സാക്ഷ്യപത്രം വാങ്ങേണ്ടതും ചട്ടപ്രകാരം എല്ലാ നടപടിക്രമങ്ങളും സ്വീകരിച്ച് ലേലം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. ലേലം ചെയ്യുന്നതിലൂടെ ലഭിക്കുന്ന തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്.

1-34 പുതുപ്പാടി സീഡ് ഫാം - ട്രാക്ടറിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.

സ.ഉ (എം.എസ്) നം. 170/2007 തീയതി. 30.06.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ഓരോ വാഹനത്തിനും ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതും ഉപയോഗത്തിന്റെ വിവരം ഡ്രൈവർ ലോഗ് ബുക്കിൽ ചേർക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ ഇടക്കിടെ പരിശോധിക്കേണ്ടതും വാഹന ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഫാമിൽ ഉപയോഗിക്കുന്ന ട്രാക്ടറിന്റെ (KL- 57 -P 6793) ലോഗ് ബുക്ക് പരിശോധിച്ചതിൽ 28.04.2021 വരെ മാത്രമേ വാഹനം ഉപയോഗിച്ചതായി രേഖപ്പെടുത്തിയുള്ളൂ. എന്നാൽ ഡീസലിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 12.01.2022 വരെയുള്ള വിവിധ കാലഘട്ടങ്ങളിൽ ട്രാക്ടറിന് ഡീസൽ നൽകിയിട്ടുണ്ട് (പെട്രോൾ ബങ്കിൽ സ്ഥിരമായി പോകുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കാരണം 400 ലി. ഡീസൽ പലപ്പോഴായി വാങ്ങി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുകയാണ് പതിവ്). എന്നാൽ ആയത് ഉപയോഗിച്ചതിന്റെ വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയില്ല. 08.12.2020 ന് ശേഷം 28.04.2021 വരെയുള്ള കാലയളവിൽ ലോഗ് ബുക്കിലെ 7,8,9,13,14 എന്നീ കോളങ്ങളിൽ രേഖപ്പെടുത്തലുകൾ നടത്തിയില്ല. കസ്റ്റോഡിയൻ ഓഫീസർ പരിശോധിച്ച് വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് പരിശോധിച്ച് ഉറപ്പാക്കിയതുമില്ല.

വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന ആറ് മാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഉദ്യോഗസ്ഥൻ ഒരു സാക്ഷ്യപത്രം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന് മേൽ മാർഗ്ഗ നിർദ്ദേശത്തിൽ വ്യക്തമാക്കുന്നു. എന്നാൽ ട്രാക്ടറിന്റെ ഇന്ധനക്ഷമതാ പരിശോധന അവസാനമായി 19.10.2017നാണ് നടന്നത്. ലോഗ് ബുക്കിലെ പ്രസ്തുത സാക്ഷ്യപത്രത്തിനടിയിൽ ഒപ്പുവച്ചതല്ലാതെ പരിശോധന നടത്തിയ അധികാരസ്ഥാനം ആരെന്ന് വ്യക്തമാക്കിയില്ല. സീനിയർ അഗ്രിക്കൾച്ചർ ഓഫീസറുടെ 09.12.2020 ലെ എസ്.എഫ്.പി- 69/2020 കത്ത് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയ (കൃഷി) റോട് ഇന്ധനക്ഷമതാ പരിശോധന നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. ചെളിപൂട്ട് ആരംഭിക്കുന്ന അവസരത്തിൽ കൃത്യമായ ക്ഷമത ലഭിക്കുമെന്നതിനാൽ ജൂൺ 2021 ന് പരിശോധന നടത്താമെന്ന് 14.01.2021 ലെ കത്ത് മുഖേന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഫാം അധികൃതരെ അറിയിച്ചു. എന്നാൽ ഒരു വർഷത്തിനു ശേഷം ഓഡിറ്റ് തീയതി (15.01.2022) വരെയും പരിശോധന നടത്തിയില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് (നം.37/2020-21/21.01.2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. 28.04.2021 മുതൽ ട്രാക്ടർ ഉപയോഗിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം രേഖപ്പെടുത്തേണ്ടതാണ്. ഉപയോഗിക്കാത്ത കാലയളവിൽ ഡീസൽ വിതരണം നടത്തിയത് കണക്കാക്കി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതും ലോഗ് ബുക്ക് ക്രമപ്രകാരം സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

1-35 തെങ്ങിൻ തൈ ഉല്പാദന കേന്ദ്രം , തിക്കോടി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

കോക്കനട്ട് നഴ്സറി ഫാം തിക്കോടിയുടെ 2020 – 21 വർഷത്തെ കണക്കുകളും തൻവർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ സ്ഥാപനത്തിൽ നടപ്പാക്കിയ പ്രോജക്ട് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| പ്രോജക്ട് നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|---|
| S0025/21 | തെങ്ങിൻതൈ വളർത്തു കേന്ദ്രം തിക്കോടി - വാർഷിക പദ്ധതി (2020 – 2021 ) | 3 ലക്ഷം രൂ | തനത് ഫണ്ട് |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെപ്പറയുന്നു .

1. പ്രോജക്ട് മോണിറ്ററിങ് നടക്കുന്നില്ല . മോണിറ്ററിങ് റിപ്പോർട്ട് ബന്ധപ്പെട്ട പ്രോജക്ട് ഫയലിൽ ലഭ്യമാക്കിട്ടില്ല .

2. പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല .

3. പ്രോജക്ട് ചെലവുകളുടെ വിവരങ്ങൾ സ്ഥാപനത്തിന്റെ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല .

4. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപനത്തിലേക്ക് സ്വകാര്യ ഏജൻസികളിൽ നിന്നും ധാരാളം പച്ചക്കറി വിത്തുകളും തൈകളും വാങ്ങുന്നുണ്ട് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| തൈ , വിത്ത് വാങ്ങുന്നതിന് വാർഷിക പദ്ധതിയിൽ നിന്നുമുള്ള ചെലവിന്റെ വിശദാംശങ്ങൾ | വാങ്ങിയ ഇനം | വിതരണക്കാർ | ഇൻവോയ്സ് നമ്പർ / തിയ്യതി | ഇൻവോയ്സ് തുക (രൂ) |
|---|---|---|---|---|
| ചെക്ക് നമ്പർ 281514 തിയ്യതി 21.07.20 , തുക 102720 രൂ | കപ്പ , ചേന വിത്ത് | അമൃത് നഴ്സറി , വെള്ളൂർ | 111/30.05.20 | 7000 |
| | കറിവേപ്പിലത്തൈ | അമൃത് നഴ്സറി , | 108/04.06.20 | 12500 |

| | | | | |
|---|---|---|---|---|
| | | വെള്ളൂർ | | |
| | റെഡ് ലേഡി പപ്പായ വിത്ത് | ഗ്രീൻ ലാൻഡ് അഗ്രോ ട്രേഡേഴ്സ് , പാല | 507/26.05.20 | 7000 |
| ചെക്ക് നമ്പർ 281520/തിയ്യതി 04.01.21 , തുക 23492 രൂ | കോളിഫ്ലവർ വിത്തുകൾ | സ്ക്വയർഡീൽ താമരശ്ശേരി | എ1825/ തിയ്യതി 30.09.20 | 2345 രൂ |

പ്രോജക്ട് നമ്പർ S0025 /21 പ്രകാരം കർഷകർക്ക് ഗുണമേൻമയുള്ള നടീൽ വസ്തുക്കളും , ഉല്പാദനോപാധികളും ഉല്പാദിപ്പിച്ച് നല്കലാണ് പ്രോജക്ടിന്റെ മുഖ്യ ലക്ഷ്യം. എന്നാൽ സ്വകാര്യ ഏജൻസികളിൽ നിന്നും ഇവ വാങ്ങി കർഷകർക്ക് നല്കുമ്പോൾ ലക്ഷ്യം എത്രത്തോളം കൈവരിക്കുവാൻ കഴിയുന്നു എന്നതിൽ അവ്യക്തതയുണ്ട് . വിത്തുകളും തൈകളും വാങ്ങാൻ സർക്കാർ അനുമതിയുള്ള കേരള കാർഷിക സർവ്വകലാശാല , VFPCK എന്നിവയിൽ നിന്നും വാങ്ങാതെ സ്വകാര്യ നഴ്സറികളിൽ നിന്നും വിത്തുകളും തൈകളും വാങ്ങി വിതരണം ചെയ്തു. സ്വകാര്യ ഏജൻസികളിൽ നിന്നും വാങ്ങിയ മേൽപരാമർശിച്ച വസ്തുക്കളുടെ കാര്യത്തിൽ ഗുണമേൻമ എങ്ങനെയാണ് ഉറപ്പ് വരുത്തിയത് എന്നത് വിശദീകരിക്കേണ്ടതാണ് . ഇത് സംബന്ധിച്ച് നല്കിയ 31.01.2022 തിയ്യതിയിലെ 44 / 2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതും രേഖകളും രജിസ്റ്ററുകളും പൂർത്തീകരിച്ച് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ് .

1-36 തെങ്ങിൻ തൈ ഉല്പാദന കേന്ദ്രം , തിക്കോടി - തെങ്ങിൻതൈ വില്പനയിൽ നിന്നുള്ള വരുമാനം ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാതെ സംസ്ഥാന സർക്കാരിലേക്ക് അടവാക്കുന്നു .

തെങ്ങിൻ തൈ ഉല്പാദന കേന്ദ്രം തിക്കോടിയിലേക്ക് തെങ്ങിൻ തൈ വില്പനയിലൂടെ ലഭിക്കുന്ന വരുമാനം മുഴവനും ടി.ആർ 5 രശീതുകൾ മുഖേന സ്വീകരിച്ച് കൃഷി വകുപ്പിന്റെ വരുമാനം എന്ന നിലയിൽ സംസ്ഥാന സർക്കാരിന്റെ ട്രഷറിയിലേക്ക് 0401-00-104-99 എന്ന ശീർഷകത്തിൽ അടക്കുകയാണ് ചെയ്തു വരുന്നത് . 2021-22 സാമ്പത്തിക വർഷത്തിൽ പരിശോധനാ തിയ്യതി വരെ ഈയിനത്തിൽ ലഭിച്ച വരുമാനത്തിന്റെയും ട്രഷറിയിൽ അടച്ചതിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു . 2020 -21 സാമ്പത്തികവർഷത്തിൽ കൊറോണ രോഗബാധ കാരണം തെങ്ങിൻതൈ വില്പന നടന്നിട്ടില്ല എന്നാണ് ഫാം അധികൃതർ അറിയിച്ചത്.

| ക്രമ നമ്പർ | തിയ്യതി | വരുമാനം (രൂ) | ചെലാൻ നമ്പർ /തിയ്യതി |
|---|---|---|---|
| 1. | 24.06.21 | 39400 | 15/24.06.21 |
| 2. | 25.06.21 | 29300 | 17/28.06.21 |
| 3. | 28.06.21 | 21000 | 22/29.06.21 |

| | | | |
|---|---|---|---|
| 4. | 29.06.21 | 39300 | 23/30.06.21 |
| 5. | 30.06.21 | 19400 | 25/01.07.21 |
| 6. | 01.07.21 | 5800 | 26/02.07.21 |
| 7. | 02.07.21 | 22100 | 28/05.07.21 |
| 8. | 05.07.21 | 19600 | 30/06.07.21 |
| 9. | 07.07.21 &08.07.21 | 24540 | 33/08.07.21 |
| 10. | 19.07.21 | 9800 | 36/21.07.21 |
| 11. | 14.07.21 | 19600 | 34/15.07.21 |
| 12. | 28.07.21 | 19600 | 45/28.07.21 |
| 13. | 05.08.21 | 1500 | 48/06.08.21 |
| 14. | 13.08.21 | 38800 | 51/13.08.21 |
| 15. | 16.08.21 -18.08.21 | 35700 | 52/19.08.21 |
| 16. | 24.08.21 | 17100 | 54/25.08.21 |
| 17. | 25.08.21-26.08.21 | 25900 | 56/27.08.21 |
| 18. | 27.08.21 | 2000 | 58/31.08.21 |
| 19. | 31.08.21 | 11000 | 60/01.09.21 |
| 20. | 01.09.21 | 31840 | 65/02.09.21 |
| 21. | 03.09.21 | 26700 | 68/06.09.21 |
| 22. | 06.09.21 | 12300 | 70/07.09.21 |
| 23. | 07.09.21 | 34900 | 73/08.09.21 |
| 24. | 08.09.21 -09.09.21 | 36000 | 77/10.09.21 |
| 25. | 20.09.21-22.09.21 | 9800 | 86/22.09.21 |
| 26. | 29.10.21 | 3840 | 106/30.10.21 |

കൃഷി വകുപ്പ് ഡയറക്ടർ 08.02.2018 തിയ്യതിയിലെ TH(2)41730/17- നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫിസർമാർക്കും നല്കിയ നിർദ്ദേശം അനുസരിച്ചാണ് തെങ്ങിൻതൈ വില്പനയിൽ നിന്നുള്ള വരുമാനം സർക്കാരിലേക്ക് അടവാക്കുന്നത്. കൃഷി വകുപ്പിലെ വിത്ത് തേങ്ങ സംഭരണ കേന്ദ്രങ്ങളിൽ നിന്നും കൃഷി വകുപ്പിന്റെ തുക വിനിയോഗിച്ചാണ് വിത്ത് തേങ്ങ സംഭരിച്ച് വിതരണം ചെയ്യുന്നതെന്നും ഉല്പാദിപ്പിക്കപ്പെടുന്ന തെങ്ങിൻതൈകളുടെ വില്പനയിലൂടെ ആർജ്ജിക്കുന്ന വരുമാനം കൃഷിവകുപ്പിന്റെ ബന്ധപ്പെട്ട സ്കീം ശീർഷകത്തിലാണ് അടക്കേണ്ടത് എന്നും ഇതേ കത്തിൽ നിർദ്ദേശിച്ചതായി കാണുന്നു . തെങ്ങിൻതൈകളുടെ വില്പനയിൽ നിന്നുള്ള വരുമാനം ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടക്കുന്നതിൽ വകുപ്പിന്റെ ഓഡിറ്റ് വിഭാഗം തടസ്സവാദം ഉന്നയിച്ചിരിക്കുന്നതായും കത്തിൽ പരാമർശിച്ചിട്ടുണ്ട് . എന്നാൽ 27.02.2003 തിയ്യതിയിലെ GO(Rt)677/2003/LSGD ഉത്തരവ് പ്രകാരം " Income Accruing From The Assets Like Schools , Hospitals , Farms Etc. Which Are Under The Control Of Local Govts Should Be Transferred As Own Income Of Local Governments Concerned "എന്നു പരാമർശിച്ചിട്ടുള്ളതാണ് . കൂടാതെ 23.10.2003 തിയ്യതിയിലെ തസ്വഭവ(ഡി.പി) വകുപ്പിന്റെ 15523/ഡിപി1/03/തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും കൃഷി ഫാമുകൾ പോലുള്ളവയുടെ ഭൂമിയിൽ നിന്നുള്ള വരുമാനം തനത് ഫണ്ട് ആയി കണക്കാക്കി അതാത് സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണെന്നും ഫാമുകളിൽ നിന്നുള്ള വരുമാനം ജില്ലാ പഞ്ചായത്തിൽ തന്നെ അടവാക്കേണ്ടതാണ് എന്നും നിർദ്ദേശം നിലവിലുണ്ട് . നിലവിലുള്ള സർക്കുലർ / ഉത്തരവ് പ്രകാരമാണ് ഈ വരുമാനം കോഴിക്കോട് ജില്ലാ പഞ്ചായത്ത്

ഫണ്ടിൽ അടക്കുന്നതെന്നും ഇക്കാര്യം വകുപ്പിന്റെ ഓഡിറ്റ് വിഭാഗത്തെ അറിയിക്കുന്നതിന് വേണ്ട നടപടിയെടുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയതായും കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 28.12.2017 തിയ്യതിയിലെ 92/17(8) - ാം നമ്പർ തീരുമാനം ഉണ്ട്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ മേൽ പരാമർശിച്ച തീരുമാനം പാലിച്ച് കൊണ്ട് തിക്കോടി കോക്കനട്ട് നഴ്സറി അധികൃതർ സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതാണ് .

തിക്കോടി കോക്കനട്ട് നഴ്സറി അസിസ്റ്റന്റ് ഡയറക്ടർ 29.01.2019 തിയ്യതിയിലെ സി.എൻ/ടി.കെ.ടി /24/2018 നമ്പർ പ്രകാരം കോഴിക്കോട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അയച്ച കത്തിൽ തെങ്ങിൻതൈ വില്പനയിൽ നിന്നുള്ള വരുമാനം 2401-00-104-91-34 എന്ന ശീർഷകത്തിൽ അടക്കാൻ കഴിയുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ 0401-00-104-99 എന്ന ശീർഷകത്തിലാണ് തുക അടക്കുന്നത്. ഇങ്ങനെ ശീർഷകം മാറ്റുന്നതിന് ലഭിച്ച അനുമതിയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭിച്ചിട്ടില്ല . ആയത് ഹാജരാക്കേണ്ടതാണ് .

ഈ വിഷയത്തിൽ നല്കിയ 31.01.2022 തിയ്യതിയിലെ 44/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ കിട്ടിയ കൃഷിഫാമിലെ വരുമാനം ജില്ലാ പഞ്ചായത്തിന് പൂർണ്ണമായും ലഭിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് സർക്കാർ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-37 റീജിയനൽ പൌൾട്രി ഫാം - ചാത്തമംഗലം - രശീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

ജില്ലാ പഞ്ചായത്തിനു കീഴിലുള്ള റീജിയനൽ പൌൾട്രി ഫാമിൽ നിന്ന് കോഴിമുട്ട , കോഴിക്കുഞ്ഞുങ്ങൾ, കോഴി വളം എന്നിവയുടെ വില്പനയിലൂടെ ലഭിക്കുന്ന തുക ഫാമിന്റെ പേരിൽ ചാത്തമംഗലം എസ്.ബി.ഐ യിൽ നിലവിലുള്ള അക്കൌണ്ടിൽ അടവാക്കുകയുമാണ് ചെയ്യുന്നത്. പിന്നീട് ഈ തുക കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ പി.എൻ.ബി അക്കൌണ്ടിലേക്ക് NEFT മുഖേന ട്രാൻസ്ഫർ ചെയ്യുന്നു. രശീത് പിരിവ് , കലക്ഷൻ അടവാക്കൽ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു .

(I) രശീതുകൾ റദ്ദാക്കുന്നതും തിരുത്തൽ വരുത്തുന്നതും സ്ഥാപന തലവൻ സാക്ഷ്യപ്പെടുത്തുന്നില്ല .

മേൽ പറഞ്ഞവയ്ക്ക് ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു .

| ക്രമ നമ്പർ | രശീത് നമ്പർ / തിയ്യതി | റിമാർക്സ് |
|---|---|---|
| 1. | 239/46,57 തിയ്യതി 08.04.20 | തുക തിരുത്തിയത് സ്ഥാപന തലവൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല . |
| 2. | 274 / 75 തിയ്യതി 24.4.20 | |
| 3. | 280 / 38 തിയ്യതി 15.5.20 | |
| 4. | 273 / 16 തിയ്യതി 15.04.20 | രശീത് റദ്ദാക്കിയത് സ്ഥാപന തലവൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല . |
| 5. | 282 / 26 തിയ്യതി 27.05.20 | |
| 6. | 298 /73,74 തിയ്യതി 08.06.20 | |
| 7. | 351 / 1, 2 തിയ്യതി 23.07.20 | |
| 8. | 352 / 19 തിയ്യതി 30.07.20 | |
| 9. | 359 /35 തിയ്യതി 06.10.20 | രശീത് റദ്ദാക്കിയതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല . റദ്ദാക്കിയത് സ്ഥാപന തലവൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല . |
| 10. | 486 / 71 തിയ്യതി 15.03.21 | |

(Ii) കലക്ഷൻ തുകകൾ ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് കൈമാറുന്നതിൽ കാലതാമസം :

ഫാം ഉല്പന്നങ്ങളുടെ വില്പനയിലൂടെ ലഭിക്കുന്ന വരവുകൾ യഥാസമയം ജില്ലാ പഞ്ചായത്ത് അക്കൌണ്ടിലേക്ക് അടവാക്കുന്നില്ല. ചില അവസരങ്ങളിൽ ആഴ്ചയിലധികം ഉള്ള കലക്ഷൻ തുക ഒരുമിച്ചാണ് ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് അടവാക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്ത കലക്ഷൻ തുക | ട്രാൻസ്ഫർ ചെയ്ത തിയ്യതി | റിമാർക്സ് |
|---|---|---|---|

| | (രൂ) | | |
|---|---|---|---|
| 1. | 234192 | 07.10.20 | 01.10.20മുതൽ 06.10.20 വരെയുള്ള കലക്ഷൻ തുക |
| 2. | 263487 | 09.11.20 | 02.11.20 മുതൽ 08.11.20 വരെയുള്ള കലക്ഷൻ തുക |
| 3. | 63592 | 16.11.20 | 12.11. 20 തിയ്യതിയിലെ കലക്ഷൻ |

അപാകങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നല്കിയ 02.04.2022 തിയ്യതിയിലെ 79/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ആർ.പി.എഫ് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നല്കിയിട്ടില്ല .

1-38 ആർ.പി.എഫ് ചാത്തമംഗലം - കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത് - വിതരണത്തിൽ കാലതാമസം - മിച്ചതുക ജില്ലാ പഞ്ചായത്തിന് തിരികെ നല്കിയില്ല .

ചാത്തമംഗലം റീജിയനൽ പൌൾട്രി ഫാം നടപ്പാക്കിയ ആർ.പി.എഫ് പ്രവർത്തന ഫണ്ട് എന്ന പ്രോജക്ടിലെ താഴെപ്പറയുന്ന ചെലവിനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 014 /21 |
| പ്രോജക്ടിന്റെ പേര് | ആർ.പി.എഫ് പ്രവർത്തന ഫണ്ട് |
| വൌച്ചർ നമ്പർ , തിയ്യതി , വൌച്ചർ തുക | C5 / 20-21 , 16.11.2020 , 1255235 രൂ |
| ചെലവിനം | പാരന്റ് സ്റ്റോക്ക് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത് . |
| കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത ഏജൻസി | ഡയറക്ടറേറ്റ് ഓഫ് പൌൾട്രി റിസർച്ച് , ഹൈദരാബാദ്. |
| കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത നിരക്ക് | 45 രൂ (പൂവൻകോഴിക്കുഞ്ഞുങ്ങൾക്ക് ) 110 രൂ (പിടക്കോഴിക്കുഞ്ഞുങ്ങൾക്ക് ) |
| വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം | 1796 എണ്ണം ( 12.10.21 , 13.1.22 തിയ്യതികളിലായി ) |
| കോഴിക്കുഞ്ഞുങ്ങൾക്ക് യഥാർത്ഥത്തിൽ ചെലവ് വന്ന തുക (പാക്കിങ് ചാർജ്ജ് , Freight Charge അടക്കം ) | 160344 രൂ |
| വിതരണ ഏജൻസിക്ക് കൈമാറിയ തുക , സബ് വൌച്ചർ നമ്പർ ,തിയ്യതി | 209000 രൂ , 198 /20-21 , തിയ്യതി 19.11.20 |
| വിതരണ ഏജൻസി അധികം കൈപ്പറ്റിയ തുക | 48656 രൂ |

24.08.20 ന് വിതരണ ഏജൻസിയിൽ നിന്നും ലഭിച്ച 1512 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 200 എണ്ണം പൂവൻകോഴി കുഞ്ഞുങ്ങൾക്കും 1800 എണ്ണം പിടക്കോഴി കുഞ്ഞുങ്ങൾക്കും വേണ്ടിയാണ് 209000 രൂപ കൈമാറിയത്. എന്നാൽ 24.01.2022 തിയ്യതിയിലെ 3016 നമ്പർ ഡെലിവറി ഇൻവോയ്സ് പ്രകാരം 1796 എണ്ണം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതായി അറിയിച്ചിട്ടുണ്ട്. ബാക്കി വന്ന (209000 – 160344 ) 48656 രൂ 08.03.22 തിയ്യതിയിൽ വിതരണ ഏജൻസി ആർ.പി.എഫിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് തിരികെ നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം കൈമാറിയ തുകയിൽ കോഴിക്കുഞ്ഞുങ്ങളുടെ വിതരണം ഒരു വർഷത്തിലധികം വൈകിയിട്ടുണ്ട്. വിതരണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ കാണുന്നില്ല. വിതരണഏജൻസി തിരികെ നല്കിയ 48656 രൂ ഓഡിറ്റ് പരിശോധനാ സമയത്തും ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല. കോഴിക്കുഞ്ഞുങ്ങളുടെ വിതരണത്തിൽ കാലതാമസം വന്നതിനും മിച്ചതുക ജില്ലാ പഞ്ചായത്തിന് തിരികെ നല്കാതിരുന്നതിനും കാരണം വ്യക്തമാക്കിയിട്ടില്ല . കൂടാതെ വിതരണ ഏജൻസിയുമായി കരാർ വെച്ച് വിതരണ കാലാവധി വ്യക്തമാക്കാതെ തുക കൈമാറിയത് ശരിയായ നടപടിയല്ല. ഈ വിഷയത്തിൽ നല്കിയ 02.04.2022 തിയ്യതിയിലെ 81 / 2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ആർ.പി.എഫ് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നല്കിയിട്ടില്ല . 48656/- രൂ എത്രയും വേഗം ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-39 ആർ.പി.എഫ് ചാത്തമംഗലം - വിതരണ ഏജൻസിയിൽ നിന്നും ബാക്കി തുക തിരികെ ലഭിച്ചില്ല

ഫാമിൽ കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നതിനായി ഹാച്ചിങ് മുട്ടകൾ ബംഗലൂരുവിലെ പൌൾട്രി ഫാമിൽ നിന്നും വാങ്ങിയിരുന്നു. ഇൻഡന്റ് പ്രകാരമുള്ള അളവിലല്ല കോഴിമുട്ടകൾ സ്ഥാപനം വിതരണം ചെയ്തത്. കൂടാതെ അടവാക്കിയ തുകയിൽ ബാക്കി ലഭിക്കാനുള്ള 1970/- രൂ തിരികെ ലഭിക്കാനുള്ള നടപടിയും ഫാം അധികൃതർ സ്വീകരിച്ചില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 014/21 |
| പ്രോജക്ട് | ആർ.പി.എഫ് പ്രവർത്തന ഫണ്ട് |
| ചെലവിനം | Hatching Eggs വാങ്ങിയത് |
| വിതരണ ഏജൻസി | Central Poultry Development Organisation & Training Institute . Bangaluru |
| ഏജൻസിക്ക് കൈമാറിയ തുക | 55440 രൂ |
| ചെലവിന്റെ വിശദാംശം | ഡി.ഡി നമ്പർ 042120 / തിയ്യതി 17.12.20 |
| സബ് വൌച്ചർ നമ്പർ, തിയ്യതി , തുക | 221 / 20-21 , 17.12.20 , 55440 രൂ |

04.09.20 തിയ്യതിയിൽ വിതരണ ഏജൻസിയിൽ നിന്നും ലഭിച്ച പ്രഫോർമ ഇൻവോയ്സ് നമ്പർ

PU/20-21/22 പ്രകാരം 55440/- രൂ കൈമാറിയെങ്കിലും 11.03.21 തിയ്യതിയിലെ 12/3/20-21 നമ്പർ അഡ്ജസ്റ്റ്മെന്റ് ബിൽ പ്രകാരം 53470/- രൂപയാണ് ഹാച്ചിങ് മുട്ടകൾക്കും അനുബന്ധ ഇനങ്ങൾക്കും ചെലവായത്. 1970 രൂ ( 55440 – 53470 ) രൂ വിതരണ ഏജൻസിയിൽ നിന്നും തിരികെ ലഭിക്കാനുള്ള 1970/- രൂ ഈടാക്കി ജില്ലാ പഞ്ചായത്തിൽ അടവാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-40 ആർ.പി.എഫ് ചാത്തമംഗലം - ലാപ് ടോപ്പുകൾ വാങ്ങിയത് - അധികം നല്കിയ തുക തിരികെ ഈടാക്കിയില്ല

റീജിയനൽ പൌൾട്രി ഫാം ഓഫീസിലേക്ക് ലാപ് ടോപ്പുകൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു .

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | എസ് 0014/21,ആർപി.എഫ് പ്രവർത്തന ഫണ്ട് |
| ഫണ്ട് | തനത് ഫണ്ട് |
| ചെലവിനം | 2 ഡെസ്ക്ക് ടോപ്പുകൾ , 4 ലാപ് ടോപ്പുകൾ വാങ്ങിയത് |
| വിതരണ ഏജൻസി | കെൽട്രോൺ |
| വൌച്ചർ നമ്പർ | C6/20-21 തിയ്യതി 09.12.20 , C9/20-21 തിയ്യതി 22.03.21 ( 822900 രൂ , 18260 രൂ യഥാക്രമം ) |
| പ്രഫോർമ ഇൻവോയ്സ് നമ്പർ , തിയ്യതി | TVM/ITBG/P1/RC/19661/20-21 തിയ്യതി 20.10.20 |
| ജനറേറ്റ് ചെയ്ത ഡെലിവറി ഇൻവോയ്സ് നമ്പർ , തിയ്യതി | TVM/ITBG/P1/RC/22594/20-21 തിയ്യതി 01.03.21 |
| പ്രഫോർമ ഇൻവോയ്സ് പ്രകാരം ഒരു ലാപ് ടോപ്പിന്റെ വില | 22895 രൂ |
| ജനറേറ്റ് ചെയ്ത ഡെലിവറി ഇൻവോയ്സ് പ്രകാരം ഒരു ലാപ് ടോപ്പിന്റെ വില | 27460 രൂ |

സി.പി.സി.എസ് സംവിധാനം മുഖേന 22895 രൂ നിരക്കിൽ 4 ലാപ് ടോപ്പുകൾ വാങ്ങുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനം നമ്പർ 24(20) തിയ്യതി 02.11.2020 നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. സി.പി.സി.ആർ.എസ് മുഖേന ജനറേറ്റ് ചെയ്ത പ്രൊഫോർമ ഇൻവോയിസിന്റെ കാലാവധി 30.11.20 ആയിരുന്നു. 01.03.21 തിയ്യതി മുതൽ കെൽട്രോൺ മുഖേന വാങ്ങുന്ന ലാപ് ടോപ്പുകളുടെ വില യൂണിറ്റൊന്നിന് 27460 രൂപയായി വർദ്ധിച്ചു. വർദ്ധിച്ച തുക 18260 രൂ ( 27460 – 22895 ) X 4 ), C9/20-21 വൌച്ചർ മുഖേന കെൽട്രോണിന് കൈമാറി. ഇക്കാര്യങ്ങൾ സ്ഥാപനമേധാവിയുടെ 24.03.21 തിയ്യതിയിലെ ബി 428-20 നമ്പർ നടപടി ക്രമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങിയ ലാപ് ടോപ്പുകൾ സ്ഥാപനത്തിന്റെ കമ്പ്യൂട്ടേഴ്സ്, ആക്സസറീസ് &

ഇലക്ട്രോണിക് ഐറ്റംസ് സ്റ്റോക്ക് രജിസ്റ്റർ വോള്യം 1 പേജ് നമ്പർ 39 പ്രകാരം സ്റ്റോക്കിൽ എടുത്തിട്ടുണ്ട് . എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ പതിച്ചതും ലാപ് ടോപ്പ് ഡെലിവറി സമയത്ത് കൈമാറിയതുമായ ഇൻവോയ്സ് പ്രകാരം (06.11.21 തിയ്യതിയിലെ PYSI21009050 ) 4 ലാപ് ടോപ്പുകളുടെ വിലയായി കാണിച്ചിരിക്കുന്നത് (ബാഗ് അടക്കം) 104832 രൂപയാണ് . അതായത് ഒരു ലാപ് ടോപ്പിന് വില വന്നത് (ബാഗ് അടക്കം) 26208 രൂപ മാത്രമാണ് . 01.03.21 ന് Cprcs മുഖേന ജനറേറ്റ് ചെയ്ത ഡെലിവറി ഇൻവോയ്സ് തുകയിലും കുറവാണ് 06.11.21 ൽ ലാപ്പ് ടോപ്പ് കൈമാറിയ സമയത്തെ ഇൻവോയ്സ് തുക (27460 – 26208 = 1252). അതായത് 4 ലാപ്പ് ടോപ്പുകൾക്കായി 5008 രൂ അധികം നല്കിയതായി കാണുന്നു. കൂടാതെ വിതരണം ചെയ്ത ലാപ് ടോപ്പുകളുടെ സ്പെസിഫിക്കേഷൻ , പ്രൊഫോർമ ഇൻവോയിസ് പ്രകാരം ഉള്ളത് തന്നെയാണോ എന്നത് കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റ് പോലുള്ള സാങ്കേതിക വിദഗ്ധരുടെ സഹായം ഉപയോഗിച്ച് പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല . അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണ് .

ഈ വിഷയത്തിൽ 02.04.2022 തിയ്യതിയിലെ 83/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ആർ.പി.എഫ് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നല്കിയിട്ടില്ല. കെൽട്രോണിന് അധികം നല്കിയ 5008/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും ലാപ് ടോപ്പിന്റെ സ്പെസിഫിക്കേഷൻ ഉറപ്പ് വരുത്തേണ്ടതുമാണ് .

## 1-41 ആർ.പി.എഫ് ചാത്തമംഗലം - സ്ഥാപനത്തിന്റെ രാത്രികാവൽ ഡ്യൂട്ടി സ്വകാര്യ ഏജൻസിയെ ഏല്പിച്ചത് - നിയമനത്തിന്റെ രേഖകൾ ലഭ്യമല്ല .

റീജിയനൽ പൌൾട്രി ഫാമിലെ രാത്രി കാവൽ ഡ്യൂട്ടിയുമായി ബന്ധപ്പെട്ട ചെലവിനത്തിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0014/21 |
| പ്രോജക്ട് | ആർ.പി.എഫ് പ്രവർത്തന ഫണ്ട് |
| ചെലവിനം | സ്ഥാപനത്തിന്റെ രാത്രി കാവൽ |
| ഫണ്ട് | തനത് ഫണ്ട് |
| കാവൽ ഡ്യൂട്ടി ചെയ്ത ഏജൻസി | മലബാർ എക്സ് സർവ്വീസ് മെൻ സെക്യൂരിറ്റി സർവ്വീസ് സൊസൈറ്റി |
| ഡ്യൂട്ടി ചെയ്ത കാലയളവ് | 03/2020 മുതൽ 2/2021 വരെ |
| ബന്ധപ്പെട്ട വൌച്ചർ നമ്പറുകൾ | C1/20-21 തിയ്യതി 13.05.2020 മുതൽ C8/20-21 തിയ്യതി 22.03.21 വരെ |

550 രൂപ ദിവസവേതനത്തിൽ ഒരാളെയാണ് രാത്രികാല കാവൽ ഡ്യൂട്ടിക്ക് 2020-21 വർഷത്തിൽ നിയോഗിച്ചത്. ഈയിനത്തിൽ 200750 രൂപയാണ് തൻവർഷം ആകെ ചെലവഴിച്ചത്. എന്നാൽ ഈ ഏജൻസിയെ തെരഞ്ഞെടുത്ത വിധം, ഏജൻസിയുമായി ചമച്ച കരാർ, പ്രതിഫലം നിർണയിച്ചതിന്റെ മാനദണ്ഡം, ഏജൻസിക്കു പ്രത്യേകമായി എന്തെങ്കിലും നിബന്ധനകൾ ബാധകമാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങളൊന്നും സ്ഥാപനത്തിൽ ലഭ്യമല്ല. ഏജൻസിയെ നിയോഗിച്ചത് കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിന്നുമായതിനാൽ ഫയൽ സ്ഥാപനത്തിൽ ലഭ്യമല്ല എന്നാണ് പൌൾട്രി ഫാം അധികൃതർ ഓഡിറ്റ് സമയത്ത് അറിയിച്ചത്. 02.04.2022 തിയ്യതിയിലെ 84/2020-21 നമ്പർ ഓഡിറ്റ്

എൻക്വയറിക്ക് ആർ.പി.എഫ് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നല്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രാത്രി കാവൽ നിയമനവുമായി ബന്ധപ്പെട്ട രേഖകൾ സ്ഥാപനം സൂക്ഷിക്കേണ്ടതും പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് .

## 1-42 പ്രാദേശിക കോഴി വളർത്തൽ കേന്ദ്രം(ആർ.പി.എഫ് ചാത്തമംഗലം) - അടിസ്ഥാന സൗകര്യങ്ങളുടെ വിശകലനം.

കോഴിക്കോട് ജില്ലയിൽ ചാത്തമംഗലം ഗ്രാമ പഞ്ചായത്തിൽ 5.72 ഏക്കർ സ്ഥലത്ത് 1962 ൽ പ്രവർത്തനം ആരംഭിച്ച പ്രാദേശിക കോഴി വളർത്തുകേന്ദ്രത്തിൽ കോഴിക്കുഞ്ഞുങ്ങളെ ഹാച്ചറി യൂണിറ്റിന്റെ സഹായത്തോടെ ഉൽപാദിപ്പിക്കുകയും ഇവയെ സർക്കാർ അംഗീകൃത എഗ്ഗർ നേഴ്സറികളിലേക്ക് ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളായി നൽകുകയും ചെയ്യുന്നു. നഴ്സറിക്കാർ ഇവയെ വാക്സിനേഷൻ, ചുണ്ടുമുറിക്കൽ എന്നിവ ചെയ്ത് ഒരു മാസത്തിലേറെക്കാലം വളർത്തുന്നു. ഈ കോഴിക്കുഞ്ഞുങ്ങളെ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ മൃഗാശുപത്രികൾ മുഖേനയോ തദ്ദേശ ഭരണസ്ഥാപനങ്ങൾ വഴിയോ വിതരണം ചെയ്യുന്നു. 24.03.2022 ന് ഓഡിറ്റിന്റെ ഭാഗമായി ഫാം അധികൃതരുടെ സാന്നിധ്യത്തിൽ കോഴി വളർത്തുകേന്ദ്രം പരിശോധിച്ചതിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

പുതിയ ഹാച്ചറി യൂണിറ്റ് കെട്ടിടം പ്രവർത്തനക്ഷമമായില്ല.

6 വർഷങ്ങൾക്ക് മുൻപ് 45 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ ഹാച്ചറി യൂണിറ്റ് കെട്ടിടം 2021-22 വർഷത്തിലും പ്രവർത്തനമാരംഭിച്ചില്ല. ഫാമിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള അതിർത്തി മതിലിന്റെ സമീപത്ത് നിർമ്മിച്ച പ്രസ്തുത കെട്ടിടം നിൽക്കുന്ന സ്ഥലം താഴ്ന്നതും മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നതുമാണ്. ഈർപ്പം നിലനിൽക്കുന്ന ഈ സ്ഥലം ഹാച്ചറിക്ക് അനുയോജ്യമല്ലാത്തതാണ്. 2000 ആണ്ടിൽ നിർമ്മിച്ച, നിലവിൽ ഉപയോഗിച്ച് വരുന്ന ഫഴയ ഹാച്ചറി കെട്ടിടത്തിന് ചോർച്ചയും മറ്റ് തകരാറുകളും ഉണ്ടായ സാഹചര്യത്തിലാണ് ഇതിനായി പുതിയ കെട്ടിടം പണികഴിപ്പിച്ചത് (തദ്ദേശ ഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ മേഖലയും എന്ന വിഷയത്തെ അധികരിച്ച് ജില്ലാ ഓഡിറ്റ് കാര്യാലയം പുറപ്പെടുവിച്ച പ്രവർത്തനാ ക്ഷമതാ റിപ്പോർട്ട് - 2013-14 കൂടി കാണുക). ഫാം മാനേജ്മെന്റ് കമ്മിറ്റിയുടെ 20.10.2020 ലെ യോഗ തീരുമാന പ്രകാരം ഹാച്ചറിക്കുവേണ്ടി പണിത ഉപയോഗയോഗ്യമല്ലാതെ കിടക്കുന്ന കെട്ടിടം ടൈനീസ് ഹോസ്റ്റൽ ആക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. ഹാച്ചറി കെട്ടിടം താമസത്തിനു വേണ്ടി മാറ്റം വരുത്തുമ്പോൾ വലിയ ചെലവ് വരാൻ സാദ്ധ്യതയുണ്ട്. മഴക്കാലത്തെ വെള്ളക്കെട്ട് ഒഴിവാക്കി, സ്ഥലം മണ്ണിട്ട് ഉയർത്തി ഹാച്ചറിക്കായിത്തന്നെ കെട്ടിടം ഉപയോഗപ്പെടുത്താനാകുമോ എന്ന് പരിശോധിക്കാവുന്നതാണ്. പുതിയ കെട്ടിടം ഹാച്ചിംഗിനായി ഉപയോഗിക്കാത്തതിന്റെ കാരണവും കെട്ടിടത്തിന്റെ രൂപകൽപന, നിർമ്മാണം എന്നിവ ഹാച്ചറി യൂണിറ്റിന് അനുയോജ്യമായ രീതിയിലായിരുന്നോ ചെയ്തതെന്നും വ്യക്തമാക്കേണ്ടതാണ്.

ഉപയോഗ ശൂന്യമായ / അറ്റകുറ്റപണി ആവശ്യമായ കെട്ടിടങ്ങൾ

പ്രാദേശിക കോഴി വളർത്തുകേന്ദ്രത്തിൽ വെറ്റിനറി സർജന്റെ ക്വാർട്ടേഴ്സ്, അസിസ്റ്റന്റ് ഡയറക്ടറുടെ ക്വാർട്ടേഴ്സ്, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ പഴയ ക്വാർട്ടേഴ്സ് (ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് നിലവിൽ 2 പുതിയ ക്വാർട്ടേഴ്സുകൾ പണികഴിപ്പിച്ചിട്ടുണ്ട്) എന്നിവ അറ്റകുറ്റപണി നടത്താൻ കഴിയാത്തവിധം ജീർണ്ണിച്ചതായി കാണുന്നു. ഈ കെട്ടിടങ്ങൾ ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിനെക്കൊണ്ട് പരിശോധിപ്പിച്ച് അറ്റകുറ്റപണി നടത്തുകയോ പൊളിച്ചുമാറ്റുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കോഴികളെ പരിപാലിക്കുന്ന ആകെ 11 ഷെഡുകളുള്ളതിൽ 8 ഷെഡുകളാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. ഉപയോഗിക്കാതെ കിടക്കുന്ന 3 ഷെഡുകളിൽ 5ാം നമ്പർ ഷെഡ് അറ്റകുറ്റപണി നടക്കുന്നതായി സന്ദർശന സമയത്ത് കണ്ടു. ഷെഡ് നം.1,2 എന്നിവ ഒരു വർഷത്തോളമായി ഉപയോഗിക്കാതെ കിടക്കുകയാണ്. ആയത് ഉപയോഗശൂന്യമായ അവസ്ഥയിലാണെങ്കിൽ പൊളിച്ചുമാറ്റുകയും കോഴി വളർത്തലിന് കൂടുതൽ സ്ഥലം ആവശ്യമാണെങ്കിൽ

പുതിയ ഷെഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതുമാണ്. നിലവിൽ ഉപയോഗിച്ചുവരുന്ന 3ാം നമ്പർ ഷെഡിന് അറ്റകുറ്റപണി ആവശ്യമാണെന്നും കാണുന്നു. 10 വർഷത്തോളം അടച്ചിട്ടിരിക്കുന്ന 2 റാബിറ്റ് ബ്രീഡിംഗ് ഷെഡ് പുനരുപയോഗിച്ചില്ല. ഇതിൽ ഒരു ഷെഡിൽ നിലവിൽ മുട്ടക്കോഴി വളർത്തുന്നുണ്ട്. ഒരു ഷെഡ് ഉപയോഗിക്കാതെ കിടക്കുകയാണ്. ഫാമിന്റെ ഓഫീസായി പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം നിലവിൽ ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഈ കെട്ടിടം 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തനിമ നിലനിർത്തിക്കൊണ്ടുള്ള പുനരുദ്ധാരണം നടത്തുന്നതിന് ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെടാനും ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യാനും ഫാം മാനേജ്മെന്റ് കമ്മിറ്റിയുടെ 20.10.2020 ലെ യോഗം തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്തും (25.03.2022) നവീകരണ പ്രവൃത്തികൾ ഒന്നും നടന്നില്ല.

<u>അപകട ഭീഷണിയുള്ള മരങ്ങൾ പൂർണ്ണമായി മുറിച്ചുമാറ്റിയില്ല.</u>

ആർ.പി.എഫ് ലെ ബ്രൂഡർ ഷെഡിനുമേൽ 2019-20 വർഷം ഒരു പാഴ് മരം വീണതിനാൽ ആയതിന്റെ മേൽക്കൂര തകരുകയും 2020-21 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥനായി പ്രോജക്ട് നം. S1029/21 പ്രകാരം ഒരു ലക്ഷത്തോളം രൂപ ചെലവഴിച്ച് ആയത് പുതുക്കിപണിയുകയും ചെയ്തിട്ടുണ്ട്. നിലവിലും ബ്രൂഡർ ഷെഡിനും, ചുറ്റുമതിലിനും, മറ്റ് കെട്ടിടങ്ങൾക്കും ഭീഷണിയായി അപകടകരമാം വിധം മരങ്ങൾ നിൽക്കുന്നുണ്ട്. ആയതിനാൽ മേൽ പറഞ്ഞതു പോലെയുള്ള ചെലവുകൾ ഭാവിയിൽ ഒഴിവാക്കുന്നതിന് ഇത്തരം മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉചിതമാകും. സ്ഥാപനത്തിന് ഭീഷണിയുള്ള മരങ്ങളും ഷെഡിന്റെ മുകളിൽ വീണ മരവും ഫാമിന്റെ മുകളിലേക്ക് വളർന്നു നിൽക്കുന്ന മരത്തിന്റെ ശിഖരങ്ങളും മുറിച്ച് മാറ്റുന്നതിന് 18.06.2020 ന് 8000 രൂപ ചെലവഴിച്ചിട്ടുണ്ട് (വൗച്ചർ നം. 58/20-21). ഇതേ ആവശ്യത്തിനായി 13.02.2021 ൽ 12000 രൂപ ചെലവഴിച്ച (വൗച്ചർ നം. 335/20-21) തിന്റെ കാരണം വ്യക്തമല്ല. വൃക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ മുറിച്ചുമാറ്റിയ മരങ്ങൾ ഏതാണെന്ന് വ്യക്തമല്ല. ആയത് ലേലം ചെയ്തതിന്റെ വിവരവും ലഭ്യമല്ല. ബ്രൂഡർ ഷെഡ് തകർന്ന അവസരത്തിൽ പൊളിച്ചുമാറ്റിയ ഇരുമ്പിന്റെ കെട്ടിടാവശിഷ്ടങ്ങൾ അറ്റകുറ്റപണികൾ നടത്തിയ ഷെഡിൽത്തന്നെ സൂക്ഷിച്ചിരിക്കയാണ്. ആയത് ലേലം ചെയ്ത്, തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 77/2020-21/02.04.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>1-43 ആർ.പി.എഫ് ചാത്തമംഗലം - പ്രവൃത്തി പൂർത്തീകരിച്ച് 14 വർഷത്തിന് ശേഷവും മഴവെള്ള സംഭരണികൾ ഉപയോഗിച്ചില്ല- നവീകരണ പ്രവൃത്തികൾ നിലവിലും തുടരുന്നു- 2020-21 വർഷം ചെലവഴിച്ചത് 4.35 ലക്ഷം രൂപ.</u>

ചാത്തമംഗലത്തെ പ്രാദേശിക കോഴി വളർത്തുകേന്ദ്രത്തിൽ 10 ലക്ഷം ലിറ്റർ ശേഷിയുള്ള ഒന്നും 1 ലക്ഷം ലിറ്റർ ശേഷിയുള്ള രണ്ട് മഴവെള്ള സംഭരണികളുമാണുള്ളത്. ഇതിൽ 1 ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു മഴവെള്ള സംഭരണിയിൽ നിറയെ വെള്ളം ഉണ്ടെങ്കിലും ഫാമിന്റെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നില്ല. രണ്ടാമത്തെ സംഭരണിയിൽ മഴവെള്ളം ശേഖരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. 25 മീറ്റർ നീളത്തിലും 13 മീറ്റർ വീതിയിലും 4 മീറ്റർ ആഴത്തിലുമുള്ള 10 ലക്ഷം ലിറ്റർ വെള്ളം ശേഖരിക്കാൻ ശേഷിയുള്ള ഒരു കുളം തുറന്ന മഴവെള്ള സംഭരണിയായി 2008 ൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്കിൽ ഡവലപ്പ്മെന്റ് സെന്റർ മുഖേന 4.91 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട്. നിർമ്മാണത്തിലെ അപാകത മൂലം പ്രവൃത്തി പൂർത്തീകരിച്ച കാലയളവ് മുതൽക്ക് തന്നെ ചോർച്ച മൂലം ആയത് ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല (തദ്ദേശ ഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ മേഖലയും എന്ന വിഷയത്തിനെ അധികരിച്ച് ജില്ലാ ഓഡിറ്റ് കാര്യാലയം പുറപ്പെടുവിച്ച പ്രവർത്തനാ ക്ഷമതാ റിപ്പോർട്ട് - 2013-14 കൂടി കാണുക). അടിഭാഗം കോൺക്രീറ്റ് ചെയ്തതും 70 സെന്റിമീറ്ററോളം

ഉയരത്തിൽ ചുറ്റമതിൽ കെട്ടിയതുമായ കുളത്തിൽ വെള്ളത്തിന്റെ ചോർച്ച തടയുന്നതിനായി 750 ജി.എസ്.എം നൈലോൺ ഫാബ്രിക് ഷീറ്റ് വിരിക്കുകയും ചെയ്തു. കെട്ടിങ്ങളുടെ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ശേഖരിക്കുന്നതിനും മേൽപറഞ്ഞ ഷീറ്റ് വിരിക്കുന്നതിനുമായി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (കൃഷി) നിർവ്വഹണോദ്യഗസ്ഥനായി 2020-21 വർഷം 4.14 ലക്ഷം രൂപ ചെലവഴിച്ചു (പ്രോജക്ട് നം. S0942/21). 2008ൽ ഉൽഘാടനം കഴിഞ്ഞ ഈ മഴവെള്ള സംഭരണിയിൽ , തൊട്ടടുത്ത കെട്ടിടങ്ങളുടെ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ശേഖരിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നത് 2020-21 വർഷത്തിലാണ്. കൂടാതെ ഫാമിന് ജില്ലാ പഞ്ചായത്ത് അനുവദിക്കുന്ന കണ്ടിജന്റ് ഫണ്ടിൽ നിന്നും 2020-21 വർഷം അസിസ്റ്റന്റ് ഡയറക്ടർ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1. | 79/2020-21 /20.01.2020 | 5,000 | കുളത്തിൽ വിരിച്ച നൈലോൺ ഫാബ്രിക് ഷീറ്റ് വെയിലേറ്റ് മോശമാകാതിരിക്കുന്നതിന് എടുത്ത് മാറ്റിയ വകയിൽ |
| 2. | 80/2020-21/ 12.05.2020 | 5,000 | മേൽ പറഞ്ഞ ഷീറ്റ് വീണ്ടും വിരിക്കുന്നതിന് |
| 3. | 203/2020-21/ 16.10.2020 | 11,827 | ഇലക്ട്രിക് മോട്ടോർ സ്ഥാപിച്ച് കുളത്തിലെ വെള്ളം ഇളക്കുന്നതിന്. |
| 4. | 206/2020-21/ 16.10.2020 | 2,673 | |
| ആകെ | | 24,500 | 2020-21 വർഷം മഴവെള്ള സംഭരണി (കുളം) ക്കായി ആകെ 4.35ലക്ഷം രൂപ (4.14 ലക്ഷം+24,500) ചെലവഴിച്ചു. |

2008 ൽ കുളത്തിന്റെനിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം ആദ്യമായി 2021-22 വർഷത്തിലാണ് വെള്ളം സംഭരിച്ച് നിർത്തുന്നതെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. 24.03.2022 ന് മേൽപറഞ്ഞ തുറന്ന മഴവെള്ള സംഭരണി നേരിൽ സന്ദർശിച്ചതിൽ 2 മീറ്ററോളം ആഴത്തിൽ വെള്ളമുണ്ടെങ്കിലും കുളം മുഴുവൻ പായൽ മൂടിക്കിടക്കുന്ന അവസ്ഥയിലാണ്. ഈ കുളത്തിലെ വെള്ളം നാളിതുവരെ ഉപയോഗപ്പെടുത്തിയില്ല. ഫാമിന്റെ ആവശ്യത്തിനായുള്ള വെള്ളത്തിന്റെ വിതരണം നിലവിൽ രണ്ട് ഓവർഹെഡ് ടാങ്ക് വഴിയാണ് നടത്തുന്നത്. ഇതിൽ ഒരു ടാങ്കിലേക്കുള്ള വെള്ളം വാട്ടർ അതോറിറ്റിയിൽ നിന്നുള്ള നേരിട്ടുള്ള കണക്ഷൻ മുഖേനയും രണ്ടാമത്തെ ടാങ്കിലേക്കുള്ളത് കിണർ വഴി പമ്പ് ചെയ്യുകയും ചെയ്യുന്നു. ഫാം മാനേജ്മെന്റ് കമ്മിറ്റിയുടെ 20.10.2020 ലെ യോഗ തീരുമാന പ്രകാരം ജലസംഭരണി കുളത്തിനുമീതെ അനുയോജ്യമായ വസ്തുക്കളെക്കൊണ്ട് മൂടുന്നതിന് ഫ്രെയിംവർക്ക് ഉണ്ടാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

മഴവെള്ള സംഭരണിയുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1. 2008ൽ പ്രവൃത്തി പൂർത്തീകരിച്ച തുറന്ന മഴവെള്ള സംഭരണി (കുളം) 14 വർഷങ്ങൾക്ക് ശേഷം 2021-22 ലും ഉപയോഗപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ മേൽ പദ്ധതിക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (കൃഷി) നിർവ്വഹണോദ്യഗസ്ഥനായി 2021-22 വർഷം വരെ ചെലവഴിച്ച തുകയുടെയും പ്രസ്തുത കാലയളവിൽ ആർ.പി.എഫ് അസിസ്റ്റന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് എന്നിവർ ചെലവഴിച്ച തുകയുടെയും വിവരം അറിയിക്കേണ്ടതാണ്.

2. 2008ൽ ഉൽഘാടനം കഴിഞ്ഞ മഴവെള്ള സംഭരണിയിൽ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ശേഖരിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നത് 2020-21 വർഷത്തിലാണ്. കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതും നിർമ്മാണത്തിന്റെ ആദ്യ ഘട്ടത്തിൽ മഴവെള്ളം ശേഖരിക്കാൻ നിശ്ചയിച്ചിരുന്നത്

(എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം) ഏത് രീതിയിലാണെന്നും അറിയിക്കേണ്ടതാണ്.

3. 1 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള രണ്ട് മഴവെള്ള സംഭരണികളും 25,000 ലിറ്റർ ശേഷിയുള്ള രണ്ട് ഓവർഹെഡ് ടാങ്കുകളും ഒരു കിണറും ഫാമിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ പുതിയൊരു മഴവെള്ള സംഭരണിയുടെ ആവശ്യകത എന്തായിരുന്നു എന്ന് അറിയിക്കേണ്ടതാണ്. (1 ലക്ഷം ലിറ്റർ ശേഷിയുള്ള രണ്ട് മഴവെള്ള സംഭരണികളും 10 ലക്ഷം ലിറ്റർ ശേഷിയുള്ള കുളവും നിലവിൽ ഉപയോഗിക്കാത്ത സാഹചര്യത്തിലും വർഷങ്ങളായി രണ്ട് ഓവർഹെഡ് ടാങ്കുകൾ വഴി ഫാമിലെ വെള്ളത്തിന്റെ ആവശ്യകത നിറവേറ്റപ്പെടുന്നുണ്ട്). മേൽ വിഷയം സംബന്ധിച്ച് നൽകിയ 78/2020-21/02.04.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

## 1-44 ആർ.പി.എഫ് ചാത്തമംഗലം - ആവർത്തന സാദ്ധ്യതയുള്ള നൂതന പദ്ധതി - തുടർ വർഷങ്ങളിൽ ആവിഷ്കരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S1004/21, സുഭിക്ഷ കേരളം- മുറ്റത്തൊരു പൂവൻ കോഴി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ, പ്രാദേശിക കോഴി വളർത്തു കേന്ദ്രം |
| അടങ്കൽ, ഫണ്ടിനം | 20 ലക്ഷം (തനത് ഫണ്ട്- 10ലക്ഷം + ഗുണഭോക്തൃ വിഹിതം- 10ലക്ഷം |
| ചെലവ്, ബിൽ നം. | 1,75,000/- UTR No: SBIN 221074804351- അമ്പലപ്പട്ട എഗ്ഗർ നഴ്സറി, മുക്കം<br>CTN 0498988- പഞ്ചമി എഗ്ഗർ നഴ്സറി, താമരശ്ശേരി<br>SBIN 221074803588- മലബാർ എഗ്ഗർ നഴ്സറി, കുന്ദമംഗലം<br>SBIN 221074798972- ഹർഷ എഗ്ഗർ നഴ്സറി, പുറക്കാട്ടേരി |

2020-21 വർഷത്തെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി അസിസ്റ്റന്റ് ഡയറക്ടർ, പ്രാദേശിക കോഴി വളർത്തു കേന്ദ്രം നടപ്പിലാക്കിയ നൂതന പദ്ധതിയാണിത്. 40 ഗ്രാമ പഞ്ചായത്തുകളിലെ 25 ഗുണഭോക്താക്കൾക്ക് 30 ദിവസം പ്രായമായ 25 പൂവൻ കോഴിക്കുഞ്ഞുങ്ങളെ നൽകാനാണ് പദ്ധതി വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമാകാൻ താൽപര്യമുള്ള ഗ്രാമ പഞ്ചായത്തുകളെ ക്ഷണിക്കുകയും തുടർന്ന് 7 ഗ്രാമ പഞ്ചായത്തുകൾ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കാനായി തയ്യാറാകുകയും ചെയ്തു. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ താഴെ ചേർക്കുന്നു.

1. ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പൂവൻകോഴി കുഞ്ഞുങ്ങളെ സർക്കാർ നിശ്ചയിച്ച നിരക്കായ 10 രൂപ പ്രകാരം സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികൾക്ക് പ്രാദേശിക കോഴി വളർത്തു കേന്ദ്രത്തിൽ നിന്നും നൽകുന്നു.

2. നഴ്സറികൾ 30 ദിവസം പ്രായമാകുന്നതുവരെ ഇവയെ ബ്രൂഡിംഗ്, വാക്സിനേഷൻ, ചുണ്ടുമുറിക്കൽ എന്നിവ ചെയ്ത് സ്റ്റാട്ടർ തീറ്റ നൽകി പരിപാലിക്കുന്നു.

3. നഴ്സറികൾ 30 ദിവസം പ്രായമായ 25 പൂവൻ കോഴിക്കുഞ്ഞുങ്ങളെ (25x40 = 1000 രൂപ പദ്ധതി വിഹിതം) ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. എഗ്ഗർ നഴ്സറികൾക്ക് ഒരു കോഴിക്ക് 40 രൂപ വീതം പ്രോജക്ട് മുഖേന അസിസ്റ്റന്റ് ഡയറക്ടർ, പ്രാദേശിക കോഴി വളർത്തുകേന്ദ്രം നൽകുന്നു.

4. ഗുണഭോക്താവ് ഈ പൂവൻ കോഴിക്കുഞ്ഞുങ്ങളെ 1000 രൂപയ്ക്ക് ഫിനിഷർ തീറ്റ (ഗുണഭോക്തൃ വിഹിതം ഉപയോഗിച്ച് വാങ്ങുന്നു) നൽകി പരിപാലിക്കുന്നു.

5. രണ്ട് മാസം പ്രായമായ പൂവൻ കോഴികളെ ഗുണഭോക്താക്കൾ പ്രാദേശിക മാർക്കറ്റിൽ ഇറച്ചിക്കായി വിൽക്കുന്നു.

മേൽ പറഞ്ഞ പ്രകാരം 40 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കാനുദ്ദേശിച്ചതിൽ, സൗജന്യമായി 30 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ ലഭിക്കുമായിരുന്ന പദ്ധതിയായിരുന്നിട്ടുകൂടി, 7 ഗ്രാമ പഞ്ചായത്തുകൾ മാത്രം താൽപര്യം പ്രകടിപ്പിച്ചതിന്റെ കാരണം വ്യക്തമല്ല. സൗജന്യമായി കോഴിക്കുഞ്ഞുങ്ങൾ ലഭിക്കുമായിരുന്ന പദ്ധതിയായതിനാൽ ഈ പദ്ധതിക്ക് കർഷകർക്കിടയിൽ വലിയ

ഡിമാന്റ് ഉണ്ടായിരുന്നെന്നും കോഴികളെ വിപണനം ചെയ്യാൻ ബുദ്ധിമുട്ട് നേരിട്ടു എന്നും ഒഞ്ചിയം, കരുവട്ടൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ വെറ്റിനറി സർജന്മാർ നൽകിയ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. വിപണന സാദ്ധ്യതകൾ കൂടി പരിഗണിച്ച് പദ്ധതിയിൽ മാറ്റം വരുത്തിയാൽ വൻവിജയമായിരിക്കുമെന്നും അവർ അഭിപ്രായപ്പെട്ടു. നൂതന പദ്ധതിയായതിനാൽ ഇത്തരം പ്രതിസന്ധികൾ മനസ്സിലാക്കുന്നതിന് തുടർച്ചയായ മോണിട്ടറിംഗ് ആവശ്യമാണ്. എന്നാൽ പദ്ധതിയെക്കുറിച്ച് അത്തരം ഒരു മോണിട്ടറിംഗ് നടന്നില്ല. സ.ഉ (കൈ) നം. 11/2018/തസ്വഭവ തീയതി. 29.01.2018 പദ്ധതി മാർഗ്ഗ രേഖയിലെ ഖണ്ഡിക നം. 3.8.4 പ്രകാരം നൂതന പദ്ധതിക്ക് പ്രത്യേക അംഗീകാരം നേടേണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള ഒരംഗീകാരം വാങ്ങിയില്ല. 30 ദിവസം പ്രായമായ പൂവൻ കോഴിക്കുഞ്ഞുങ്ങളെ ഒന്നിന് 40 രൂപ യ്ക്കാണ് പൗൾട്രീ ഫാം വഴി നഴ്സറികൾ ഗുണഭോക്താക്കൾക്ക് നൽകുന്നത്. ആയതിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിച്ചതല്ല. സ.ഉ (കൈ) നം. 22/2018/തസ്വഭവ തീയതി. 14.02.2018 സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക നം. 6.2 പ്രകാരം ഇത്തരം ജീവികളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണെന്ന് സൂചിപ്പിക്കുന്നുണ്ട്.

മൃഗസംരക്ഷണ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ സർക്കാർ നടപ്പിലാക്കുന്ന ഭവന കേന്ദ്രീകൃത സ്വയം തൊഴിൽ സംരംഭങ്ങളധികവും പാൽ, മുട്ട എന്നിവയുടെ ഉല്പാദന വർദ്ധനവിനെയും സ്വയം പര്യാപ്തതേയും ഉദ്ദേശിച്ചുട്ടുള്ളതാണ്. വളർത്തുപക്ഷികളിൽനിന്നുള്ള ഇറച്ചി ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ തുലോം കുറവാണ്. ഗാർഹികാവശ്യങ്ങൾക്കുള്ള ഇറച്ചി കുറഞ്ഞ ചെലവിൽ ജൈവികമായ രീതിയിൽ വീടുകളിൽത്തന്നെയോ സംഘടിതമായ മറ്റ് രീതികളിലോ ഉൽപാദിപ്പിച്ചെടുക്കാനും അധിക ഉൽപാദനത്തിന്റെ വിപണനം വഴി സംരംഭകർക്ക് വരുമാനം ഉണ്ടാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണ് സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 2020-21 ൽ മേൽ പദ്ധതി ആവിഷ്കരിച്ചത്. തദ്ദേശ സ്വയംഭരണ മേഖലകളിലുള്ള ഹാച്ചറികൾ മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ ഉൽപാദനത്തിനാണ് പ്രാധാന്യം നൽകുന്നത്. ഈ ഹാച്ചറികളിൽ വിരിയിച്ചെടുക്കുന്ന കോഴിക്കുഞ്ഞുങ്ങളിൽ 45-50% പൂവൻ കോഴിക്കുഞ്ഞുങ്ങളാണ്. മുട്ടക്കോഴികളെ അപേക്ഷിച്ച് വിറ്റഴിക്കപ്പെടാത്ത കോഴിക്കുഞ്ഞുങ്ങളെ തുച്ഛമായ വിലയ്ക്കാണ് വിൽക്കുന്നത്. ഇവ വിറ്റഴിക്കുന്നതിന് ചാത്തമംഗലത്തെ ഫാം നിലവിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുമുണ്ട്. മുൻപ് കാലത്ത് ഈ പൂവൻ കോഴിക്കുഞ്ഞുങ്ങളെ കള്ളിംഗ് നടത്തി ഒഴിവാക്കുകയാണ് ചെയ്തിരുന്നത്. ഇവയെ സംഘടിതമായ രീതിയിൽ 2 മാസം പ്രായമാകുന്നതുവരെ വീടുകളിൽ വളർത്തിയെടുത്ത് ഇറച്ചിക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. ഈ സംവിധാനം ഒരു പദ്ധതിയായി വിഭാവനം ചെയ്ത് സർക്കാർ ധനസഹായത്തോടുകൂടി നടപ്പിലാക്കിയാൽ ആളോഹരി ഇറച്ചി ഉപഭോഗം കൂടുതലുള്ള കേരളത്തിൽ ഗാർഹികാവശ്യങ്ങൾക്കുള്ള ഇറച്ചി കുറഞ്ഞ ചെലവിൽ ജൈവികമായ രീതിയിൽ വീടുകളിൽത്തന്നെയോ സംരംഭകത്വത്തിലൂടെയോ ഉൽപാദിപ്പിച്ചെടുക്കാനും അധിക ഉൽപാദനത്തിന്റെ വിപണനം വഴി സംരംഭകർക്ക് വരുമാനം ഉണ്ടാക്കാനും സാധിക്കും. അടുക്കളമുറ്റത്തെ കോഴിവളർത്തലിന് അനുയോജ്യമായതും പ്രതിരോധശേഷി കൂടിയതുമായ ഗ്രാമശ്രീ ഇനം പൂവൻ കോഴിക്കുഞ്ഞുങ്ങൾ ഫാമിൽ നിലവിൽ ലഭ്യമാണ്.

ന്യായവിലയിൽ ബ്രോയിലർ കോഴിയിറച്ചി വിൽപന പ്രോൽസാഹിപ്പിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ ആരംഭിച്ച "കേരള ചിക്കൻ" പദ്ധതിയുമായി ബന്ധപ്പെടുത്തി ഗുണമേന്മയുള്ള നാടൻ കോഴിയിറച്ചികൂടി ലഭ്യമാകുന്ന തരത്തിൽ, മേൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ എടുക്കുന്നതിന് ജില്ലാ പഞ്ചായത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. അപ്രകാരം "മുറ്റത്തൊരു പൂവൻ" മാതൃകയിലുള്ള പദ്ധതികൾ "കേരള ചിക്കൻ" എന്ന പദ്ധതിയുമായി സംയോജിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഗ്രാമ പഞ്ചായത്തുകൾ സൂചിപ്പിച്ച വിപണനത്തിലെ പ്രയാസങ്ങൾ ഒഴിവാക്കാവുന്നതും പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പ് വരുത്താവുന്നതുമാണ്. കൂടാതെ ഈ പദ്ധതി അസിസ്റ്റന്റ് ഡയറക്ടർ (പ്രാദേശിക കോഴി വളർത്തു കേന്ദ്രം) നിർവ്വഹണ ഉദ്യോഗസ്ഥനായിത്തന്നെ ഗ്രാമ പഞ്ചായത്തുമായി ചേർന്ന് ഒരു സംയുക്ത പദ്ധതിയായി ആവിഷ്കരിക്കുന്ന

കാര്യവും പരിഗണിക്കാവുന്നതാണ്. നൂതന പദ്ധതിയായതിനാൽ മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം അനുമതി വാങ്ങേണ്ടതും തുടർച്ചയായ മോണിട്ടറിംഗ് നടത്തി വിപണന സാദ്ധ്യത ഉറപ്പുവരുത്തേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 80/2020-21/07.04.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

മേൽ പറഞ്ഞ കാര്യങ്ങളിൽ മറുപടി നൽകേണ്ടതും കർഷകർക്ക് ഗുണപ്രദമെന്ന് വിലയിരുത്തപ്പെട്ട ഇത്തരം പദ്ധതികൾ തുടർ വർഷങ്ങളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

1-45 ബഡ്സ് സ്കൂൾ നിർമ്മാണത്തിന് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0919/21, S0920/21, S0921/21, S0926/21, S1010/21 പുറമേരി. പെരുമണ്ണ, കാക്കൂർ, മണിയൂർ, നൊച്ചാട് എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ബഡ്സ് സ്കൂൾ നിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ, കോഴിക്കോട് |
| അടങ്കൽ, ഫണ്ടിനം | 60ലക്ഷം (പെരുമണ്ണ പഞ്ചായത്തിന് 20 ലക്ഷം രൂപ ബാക്കി 4 പഞ്ചായത്തിനും 10 ലക്ഷം വീതം), വികസന ഫണ്ട്(ജനറൽ) |
| ചെലവ് | 56,85,237 (10,00,000+17,99,193+10,00,000+10,00,000+8,86,044) |

ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 8 ബഡ്സ് സ്കൂളുകൾ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിർമ്മിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ചിരുന്നു. ഇതിൽ പുറമേരി, പെരുമണ്ണ, കാക്കൂർ, മണിയൂർ, നൊച്ചാട് എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിർമ്മാണം യഥാസമയം പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പ്രോജക്ടുകൾ സ്പിൽ ഓവറാക്കി 2020-21 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം ആരംഭിക്കാത്ത നന്മണ്ട, വില്ല്യാപ്പള്ളി, കുറ്റ്യാടി ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ 2020-21 വർഷത്തിൽ സ്പിൽ ഓവറാക്കിയില്ല. 31.03.2020 നുള്ളിൽ നിർമ്മാണത്തിനുള്ള കരാർ ചമയ്ക്കാത്തതിനാൽ നന്മണ്ട ഗ്രാമ പഞ്ചായത്തിന്റെ കാര്യത്തിൽ പ്രോജക്ട് സ്പിൽ ഓവറായി പരിഗണിക്കുന്നതല്ലെന്ന് നിർവ്വഹണോദ്യഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ വില്ല്യാപ്പള്ളി, കുറ്റ്യാടി എന്നീ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകുന്നതിനുള്ള പ്രോജക്ടുകൾ 2020-21 വർഷത്തേക്ക് സ്പിൽ ഓവർ ആക്കാതിരുന്നതിനുള്ള കാരണം വ്യക്തമല്ല. കൂടാതെ 2020-21 വർഷത്തിൽ ബഡ്സ് സ്കൂളുകളുടെ നിർമ്മാണത്തിനായി 56,85,237 രൂപയുടെ ജില്ലാ പഞ്ചായത്ത് വിഹിതം താഴെ പറയുന്ന നിരക്കിൽ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഗ്രാമ പഞ്ചായത്തിന്റെ പേര് | അനുവദിച്ച വിഹിതം |
|---|---|---|
| 1. | പുറമേരി | 10,00,000 |
| 2. | പെരുമണ്ണ | 17,99,193 |
| 3. | കാക്കൂർ | 10,00,000 |
| 4. | മണിയൂർ | 10,00,000 |
| 5. | നൊച്ചാട് | 8,86,044 |
| ആകെ | | 56,85,237 |

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ 75/2020-21/15.03.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

### 1-46 സ്കോളർഷിപ്പിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ വിവരം പൂർണ്ണമല്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0002/21, ശാരീരിക മാനസിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - ജില്ലാ പഞ്ചായത്ത് വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ, കോഴിക്കോട് |
| അടങ്കൽ, ഫണ്ടിനം | 2.80 കോടി, വികസന ഫണ്ട്(ജനറൽ) |

| | |
|---|---|
| ചെലവ് | 2,74,49,624/ |

ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിലെ അർഹമായ ഭിന്നശേഷിയിലുൾപ്പെട്ട കുട്ടികളുടെ പഠന നിലവാരവും സാമൂഹ്യ ഉന്നമനവും ലക്ഷ്യമിട്ട് സ്കോളർഷിപ്പ് നൽകുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന സ്കോളർഷിപ്പ് പ്രോജക്ടിന്റെ 25% വിഹിതം ജില്ലാ പഞ്ചായത്ത് വഹിക്കുന്നു. 2.8 കോടി രൂപ വകയിരുത്തിയതിൽ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള റിക്വസിഷൻ പ്രകാരം 2,74,49,624 രൂപ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത ഗ്രാമ പഞ്ചായത്തുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1. | അരിക്കുളം | 2,00,000 | |
| 2. | അത്തോളി | 2,37,500 | |
| 3. | ആയഞ്ചേരി | 3,24,925 | |
| 4. | ചാത്തമംഗലം | 7,00,000 | |
| 5. | ചെക്യാട് | 1,99,900 | |
| 6. | ചേളന്നൂർ | 5,00,000 | |
| 7. | ചേമഞ്ചേരി | 4,25,000 | |
| 8. | ചെങ്ങോട്ടുകാവ് | 2,75,000 | |
| 9. | ചെറുവണ്ണൂർ | 2,24,000 | |
| 10. | ചോറോട് | 3,00,000 | |
| 11. | ഏറാമല | 4,50,000 | |
| 12. | കടലുണ്ടി | 5,39,200 | |
| 13. | കക്കോടി | 6,00,000 | |
| 14. | കാക്കൂർ | 3,00,000 | |
| 15. | കാരശ്ശേരി | 6,00,000 | |
| 16. | കട്ടിപ്പാറ | 5,00,000 | |
| 17. | കാവിലുംപാറ | 3,82,300 | എ4-786/20/15.01.2021 കത്ത് പ്രകാരം 2,66,250 രൂപയാണ് ആവശ്യപ്പെട്ടതെങ്കിലും കൂടുതൽ തുക അനുവദിച്ചു. |
| 18. | കായക്കൊടി | 1,61,700 | പ്രോജക്ട് പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം 3.5 ലക്ഷം രൂപയാണെങ്കിലും അനുവദിച്ചത് 1,61,700 രൂപയാണ്. |
| 19. | കായണ്ണ | 2,00,000 | |
| 20. | കീഴരിയൂർ | 1,07,025 | |
| 21. | കോടഞ്ചേരി | 5,34,500 | |
| 22. | കൊടിയത്തൂർ | 7,00,000 | |
| 23. | കൂത്താളി | 1,50,000 | |
| 24. | കോട്ടൂർ | 2,87,850 | |
| 25. | കുന്നമ്മൽ | 2,25,000 | |

| | | | |
|---|---|---|---|
| 26. | കുരുവട്ടൂർ | 3,49,990 | |
| 27. | മടവൂർ | 3,37,000 | |
| 28. | മണിയൂർ | 5,41,500 | |
| 29. | മരുതോങ്കര | 2,00,000 | |
| 30. | മാവൂർ | 4,71,375 | |
| 31. | മേപ്പയ്യൂർ | 3,00,000 | |
| 32. | മൂടാടി | 3,25,000 | |
| 33. | നാദാപുരം | 2,33,700 | 3,72,200 രൂപ അനുവദിച്ചതിൽ 1,38,500 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. |
| 34. | നടുവണ്ണൂർ | 3,50,000 | |
| 35. | നരിക്കുനി | 3,50,000 | |
| 36. | നരിപ്പറ്റ | 4,78,800 | |
| 37. | നൊച്ചാട് | 5,00,000 | |
| 38. | ഒളവണ്ണ | 9,24,970 | |
| 39. | ഓമശ്ശേരി | 5,49,500 | |
| 40. | ഒഞ്ചിയം | 3,87,500 | |
| 41. | പനങ്ങാട് | 5,12,500 | |
| 42. | പേരാമ്പ്ര | 3,50,000 | |
| 43. | പെരുവയൽ | 7,00,000 | |
| 44. | പുറമേരി | 3,00,000 | |
| 45. | തലക്കുളത്തൂർ | 2,35,400 | |
| 46. | തിക്കോടി | 2,24,875 | |
| 47. | തിരുവള്ളൂർ | 6,00,000 | |
| 48. | തിരുവമ്പാടി | 4,73,900 | |
| 49. | തൂണേരി | 3,50,000 | |
| 50. | തുറയൂർ | 1,35,650 | |
| 51. | ഉള്ളിയേരി | 2,25,000 | |
| 52. | ഉണ്ണികുളം | 8,00,000 | |
| 53. | വളയം | 2,00,000 | |
| 54. | വാണിമേൽ | 2,00,000 | |
| 55. | വേളം | 2,00,000 | |
| 56. | വില്ല്യാപ്പള്ളി | 4,50,000 | |
| ആകെ | | 2,13,80,560 | |

2020-21 വർഷം 70 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയെങ്കിലും കേവലം 14 സ്ഥാപനങ്ങളിൽ നിന്നാണ് ഓഡിറ്റ് തീയതിയായ 28.02.2022 വരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്. ഇവയിൽ തന്നെ ഗ്രാമ പഞ്ചായത്ത്, ഗുണഭോക്താക്കൾക്ക് കൈമാറിയ തുകയുടെ വിശദവിവരങ്ങളില്ല. ആയതിനാൽ താമരശ്ശേരി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച മാതൃകയിൽ ഗുണഭോക്താവിന്റെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർനമ്പർ, യു.ടി.ആർ നമ്പർ, കൈമാറിയ തുക

എന്നിവ ഉൾപ്പെടുന്ന വിധത്തിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2019-20 വർഷത്തെ S0989/20 നമ്പർ പ്രോജക്ട് പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ പ്രോജക്ടിൽ 2.8 കോടി രൂപ തന്നെ വകയിരുത്തുകയും 2,33,46,155 രൂപ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം 2021-22 വർഷത്തിലും ബന്ധപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. (2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക നം. 1-18 കാണുക). 25.10.2020 നകം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന്, അവശേഷിക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകാൻ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറോട് 20.10.2020 ലെ സി-967/20 കത്ത് മുഖേന ജില്ലാ സാമൂഹ്യ നീതി ഓഫീസർ ആവശ്യപ്പെട്ടിരുന്നു. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ 2020-21 വർഷത്തെ സ്കോളർഷിപ്പ് അനുവദിക്കാൻ കഴിയുകയുള്ളൂ എന്ന് പ്രസ്തുത കത്തിൽ വ്യക്തമാക്കുന്നുണ്ട്. 2019-20 വർഷത്തിൽ സാക്ഷ്യപത്രം സമർപ്പിക്കാൻ ബാക്കിയുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 76/2020-21/15.03.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സ്കോളർഷിപ്പ് വിതരണത്തിന് നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മേൽ പറഞ്ഞ എല്ലാ വിവരങ്ങളുമടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-47 ജി.എച്ച്.എസ്.എസ് അവിടനല്ലൂരിന് സ്ഥലം വാങ്ങൽ- സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ ഇളവുകൾ ഉപയോഗപ്പെടുത്താതെ തുക ചെലവഴിച്ചത് അനുവദനീയമല്ല.

ഫയൽ നം. പി.ഇ.2-1964/2019

| | |
|---|---|
| പ്രോജക്ട് നം, പേര് | S0993/21, ജി.എച്ച്.എസ്.എസ് അവിടനല്ലൂർ - സ്കൂളിന് സ്ഥലം വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| അടങ്കൽ, ഫണ്ടിനം | 15,00,000/-, വികസന ഫണ്ട് +7,355 തനത് ഫണ്ട് |
| ചെലവ്, ബിൽ നം. | 15,00,000/-, BRN 2016015200040063928/16.10.2020<br>ചെക്ക് നം. 600674/09.11.2020 – 7,355/- |

ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ജി.എച്ച്.എസ്.എസ് അവിടനല്ലൂരിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അവിടനല്ലൂർ വില്ലേജിലെ റി.സ 95 ൽപ്പെട്ട 22.5 സെന്റ് സ്ഥലം വാങ്ങുന്നതിന വേണ്ടി തൻവർഷം മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്ന് 15 ലക്ഷം രൂപ വകയിരുത്തുകയും നിർവ്വഹണത്തിനായി ജില്ലാപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ സ്ഥലം സെന്റൊന്നിന് 46,843/- രൂപ കൊയിലാണ്ടി തഹസിൽദാർ വില നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത വിലയ്ക്ക് സ്ഥലം നൽകാൻ തയ്യാറല്ലെന്ന് ഉടമകൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 07.01.2008 ലെ സ.ഉ (എം.എസ്) നം.09/2008 പ്രകാരം 30% സൊലേഷ്യം നൽകുന്നതിന് ജില്ലാപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച (നം.9-62/2020/21.08.2020). സ്ഥലമുടമയ്ക്ക് താഴെ പറയും പ്രകാരം തുക അനുവദിക്കുകയും ചെയ്തു.

| | |
|---|---|
| പദ്ധതി വിഹിതം | 15,00,000 |
| രജിസ്ട്രേഷൻ ഫീ 27,579 + | |

| | |
|---|---|
| സ്റ്റാമ്പ് ഡ്യൂട്ടി 1,09,616 | 1,37,195 |
| ബാക്കി നീക്കിയിരിപ്പ് | 13,62,805 |
| സെന്റൊന്നിന് തഹസിൽദാർ നിശ്ചയിച്ച വില | 46,843 |
| +30% സൊലേഷ്യം | 14,053 |
| സെന്റൊന്നിന് ആകെ വില | 60,896 |
| 22.5 സെന്റിന് 60,896/- രൂപ പ്രകാരം വില | 13,70,160 |
| വികസന ഫണ്ടിൽ നീക്കിയിരിപ്പ് (ഉടമസ്ഥന് നൽകിയത്) | 13,62,805 |
| ബാക്കി തനത് ഫണ്ടിൽ നിന്ന് ഉടമസ്ഥന് നൽകിയത് | 7,355 |

ജി.എച്ച്.എസ്.എസ് അവിടനല്ലൂർ സ്കൂൾ വികസനസമിതി വർക്കിംഗ് ചെയർമാന്റെ 16.10.2020 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 1,09,616 രൂപയും രജിസ്ട്രേഷൻ ഫീയിനത്തിൽ 27,579 രൂപയും ഉൾപ്പെടെ 1,37,195 രൂപ സ്കൂൾ വികസന സമിതിയുടെ കേരള ഗ്രാമീൺ ബാങ്ക്, കുട്ടാലിട ബ്രാഞ്ചിലുള്ള 40144101044205 നമ്പർ അക്കൗണ്ടിലേക്ക് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 16.10.2020 ലെ നടപടിക്രമം പ്രകാരം അനുവദിച്ചുത്തരവായിട്ടുണ്ട്.

ജി.ഒ (പി) നം. 10/2020/ടി.ഡി, തീയതി. 30.01.2020, ജി.ഒ (പി) നം. 09/2020/ടി.ഡി, തീയതി. 30.01.2020, എന്നിവ പ്രകാരം പൊതു ആവശ്യത്തിനു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം വാങ്ങുന്ന അവസരത്തിൽ അവയെ യഥാക്രമം രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മേൽ പട്ടികയിൽ സൂചിപ്പിച്ചതുപോലെ 1,37,195 രൂപ ഈ ഇനത്തിൽ ജില്ലാപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 11/2020-21/27.11.2021 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. തുക അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയ്ക്കായി 1,37,195/- രൂപ ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് മേൽപറഞ്ഞ തുകകൾ തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും തുക തിരികെ ലഭിക്കുന്നില്ലെങ്കിൽ അധിക ചെലവിന് ഉത്തരവാദിയായവരിൽ നിന്നും 1,37,195/- രൂപ ഈടാക്കേണ്ടതുമാണ്.

## 1-48 വനിതാ നാടക സംഘം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം., പേര് | S0912/21 വനിതാ നാടക സംഘം (Women Theatre Group) (Spill Over) |
| അടങ്കൽ | 1012700 |
| പൊതു വിഭാഗം (സാധാരണ വിഹിതം ) | 800000 |

| | |
|---|---|
| ഗുണഭോക്തൃവിഹിതം | 1812700 |
| ചെലവ് | 1004900 രു |
| | 288700 (ബിൽ നം. 2/2020-21 തി. 29.03.21) |
| | 716200 (ലഭ്യമല്ല.) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,കുടുംബശ്രീ |

കലാസാംസ്കാരിക രംഗത്ത് അഭിരുചിയുള്ള 50 കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു തൊഴിൽ സംരംഭമെന്ന രീതിയിൽ തിയേറ്റർ ഗ്രൂപ്പ് പ്രവർത്തന സജ്ജമാക്കുകയും അതുവഴി സ്ത്രീകൾക്ക് സുസ്ഥിര വരുമാനവും സ്ത്രീകളുടെ സർഗാത്മകവും സാംസ്കാരികവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുമാണ് പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നത്. 2018-19 വർഷം (പ്രൊജക്ട് എസ്.ഒ. 533/2019) വനിതാ തിയേറ്റർ ഗ്രൂപ്പിന്റെ ആവശ്യങ്ങൾക്കു വേണ്ടി ആംപ്ലിഫെയർ, സൗണ്ട് ബോക്സുകൾ, വിവിധ തരം മൈകോഫോണുകൾ, എൽ.ഇ.ഡി. സ്റ്റേജ് ലൈറ്റ് എന്നിവയും അനുബന്ധ വസ്തുക്കളും 98200/- രൂപ ചെലവഴിച്ച് വാങ്ങുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സെലക്ഷൻ ക്യാമ്പ് നടത്തിയ ഇനത്തിൽ 2,73,600/- രൂപയും തെരഞ്ഞെടുത്ത 25 ഗുണഭോക്താക്കൾക്ക് പരിശീലനം നടത്തിയ ഇനത്തിൽ 1,15,500/- രൂപയും ചേർത്ത് 487300/- രൂപ ചെലവഴിച്ചിരുന്നു.

2019-20 വർഷം (പ്രൊജക്ട് നം. എസ്.ഒ. 642/2020) പ്രൊജക്ടിന്റെ ഭാഗമായി 2019 ജൂലൈ 7 മുതൽ 2020 ഫെബ്രുവരി 10 വരെ 51 ദിവസം പരിശീലന ക്യാമ്പ് നടത്തിയ ഇനത്തിൽ 716,200/- രൂപയും രംഗ സജ്ജീകരണ സാമഗ്രികൾ, പോർട്ടബിൾ ജനറേറ്റർ, സ്പീക്കർ തുടങ്ങിയ സാധന സാമഗ്രികൾക്കായി 288700/- രൂപയുമടക്കം 1004900/- രൂപ ചെലവ് തൻവർഷം ബിൽ പാസ്സാകാതെ ക്യൂബിൽ ആയതിനാൽ 2020-21 വർഷവും സ്പിൽ ഓവർ ആയി തുടർന്ന പദ്ധതിയിൽ 1004900/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതിയ്ക്കായി ആകെ 14,92,200/- രൂപ വിനിയോഗിച്ചു. (2019-20 – 487300, 2020-21 -1004900) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല.

ഓഫീസ് നടപടിക്രമം (എം.ഒ.പി.) പ്രകാരം ഫയൽ സൂക്ഷിക്കുന്നില്ല. കാര്യാലയക്കുറിപ്പ് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ സെക്ഷന്റെ പേര്, ഒപ്പ്, തിയ്യതി എന്നിവ ഇല്ല. കുറിപ്പ് അംഗീകരിച്ച നിർവ്വഹണ ഉദ്യോഗസ്ഥൻ തിയ്യതിയില്ലാതെ ഒപ്പ് വെക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പർച്ചേസ് നടപടികൾ അടക്കം തിയ്യതി രേഖപ്പെടുത്താതെയാണ് നടപടികൾ സ്വീകരിച്ചത്. ഇത് ക്രമവിരുദ്ധമാണ്.

2. കാഷ് ബിൽ വരവ് ചെലവ് രേഖപ്പെടുത്തുകയോ, പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ജി.ഒ.(പി)നം.177/2006/ധന. 12.04.2006, ജി.ഒ.(പി)നം.119/2005 ധന. 21.03.2015 എന്നീ ഉത്തരവുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ടി.ആർ. 7 എ കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പ് ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ അനുബന്ധം ബി. IV, പ്രോജക്ട് രജിസ്റ്റർ അനുബന്ധം ബി. VI എന്നിവ സൂക്ഷിക്കണമെന്നും നിഷ്കർഷിക്കുന്നു. മേൽ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

3. സാധനങ്ങൾ വാങ്ങിയ നടപടിക്രമങ്ങളിലെ അപാകതകൾ

ജി.ഒ.(പി)259/2010തസ്വഭവ. തി. 08.11.2010 പ്രകാരമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ രേഖ പ്രകാരം മതിപ്പ് വില 50,000/- നും 1,00,000/- നും ഇടവിലുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിന് ലിമിറ്റഡ് ടെൻഡർ ചെയ്യുമ്പോൾ 8-10 പേരിൽ നിന്നും (കുറഞ്ഞത് 5 പേർ ) മത്സരാധിഷ്ഠിത നിരക്കുകൾ ക്ഷണിക്കേണ്ടതാണ്. എന്നാൽ 1. ജനറേറ്റർ, മൈക്ക്, സ്റ്റേജ് ലൈറ്റ് 2. വേഷം, ചമയം 3. രംഗപടം സെറ്റുകൾ, സീൻ കർട്ടൻ 4. സ്റ്റേജ് ക്രാഫ്റ്റ് എന്നിവയ്ക്കായി അടുത്തടുത്ത ദിവസങ്ങളിലായി ക്ഷണിച്ച 4 ക്വട്ടേഷനുകൾക്ക് 3 വീതം ഓഫറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. കൂടാതെ ടെണ്ടറുകളുടെ സമർപ്പണത്തിനായി 14 ദിവസത്തെ സമയം അനുവദിക്കണമെന്നിരിക്കെ 7

ദിവസത്തെ സാവകാശമാണ് നൽകിയിട്ടുള്ളത്. ഒരു ലക്ഷത്തിലധികം വരുന്ന തുകക്കുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ആവശ്യമാണെങ്കിലും ആയത് ഒഴിവാക്കുന്നതിന് സ്റ്റേജ് ക്രാഫ്റ്റ് , രംഗപടം, സീൻ കർട്ടൻ തുടങ്ങിയവ വ്യത്യസ്ത ക്വട്ടേഷനുകളാക്കി മാറ്റി. എന്നാൽ ഇവക്കെല്ലാം ഒരേ സ്ഥാപനങ്ങളും വ്യക്തികളുമാണ് ക്വട്ടേഷൻ നൽകിയത് ക്വട്ടേഷൻ നോട്ടീസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് ജില്ലാ പഞ്ചായത്ത്, വില്ലേജ് ഓഫീസ്, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ വ്യാപക പരസ്യത്തിനായി നൽകിയതിന്റെ രേഖയില്ല.

ടെണ്ടർ സമർപ്പിച്ച പ്രതിനിധികളുടെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ഒരംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ നിശ്ചിത സമയത്തും തിയ്യതിയിലും ടെണ്ടറുകൾ പരസ്യമായി തുറക്കേണ്ടതാണ്. ക്വട്ടേഷൻ തുറക്കുമ്പോൾ ഹാജരായ ക്വട്ടേഷൻ നൽകിയവരുടെ ഒപ്പ് രേഖപ്പെടുത്തേണ്ടതാണെങ്കിലും ക്വട്ടേഷൻ രജിസ്റ്ററിൽ ആരും ഒപ്പ് വെച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത് പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ക്വട്ടേഷൻ നോട്ടീസിൽ സ്റ്റേജ് സെറ്റ്, കർട്ടൻ, സ്റ്റേജ് ക്രാഫ്റ്റ് എന്നിവയുടെ സ്പെസിഫിക്കേഷൻസ് ഉൾപ്പെടുത്തിയിട്ടില്ല. സ്പെസിഫിക്കേഷൻ ഇല്ലാതെ ക്വട്ടേഷൻ ക്ഷണിച്ചതും ടെണ്ടർ ഒഴിവാക്കാൻ വ്യത്യസ്ത ക്വട്ടേഷൻ ക്ഷണിച്ചതും ക്രമവിരുദ്ധമാണ്.

4. <u>സപ്ലൈ ഓർഡർ</u>

വിതരണം ചെയ്യേണ്ട സാധനങ്ങളുടെ വിശദാംശങ്ങളും നിരക്കും വിതരണ നിബന്ധനകൾ, വാറന്റി നിബന്ധനകൾ മുതലായവയും ഉൾപ്പെടുത്തി വാങ്ങൽ ഉത്തരവ് (സപ്ലൈ ഓർഡർ) നൽകേണ്ടതാണ്. അനോൺ സിസ്റ്റം ആന്റ് സർവീസസ് എന്ന സ്ഥാപനം ഒഴികെ ഇപ്രകാരം സപ്ലൈ ഓർഡർ നൽകിയിട്ടില്ല.

5. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചതിന്റെ വിവരം ഇല്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 149 (1) പ്രകാരം ഓഫീസ് മേധാവി/സ്റ്റോറിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സ്റ്റോറിന്റെ സുരക്ഷിതമായ സൂക്ഷിപ്പിന് (സേഫ് കസ്റ്റഡി) പ്രത്യേക പരിഗണന നൽകേണ്ടതാണ് വ്യക്തമാക്കുന്നുണ്ട്. മേൽ പ്രൊജക്ടിന്റെ ഭാഗമായി 2019-20, 2020-21 വർഷങ്ങളിലായി വാങ്ങിയ ആംപ്ലിഫയറുകൾക്ക മൈക്രോ ഫോണുകൾ, സൗണ്ട് ബോക്സുകൾ, ജനറേറ്ററുകൾ , രംഗ സജ്ജീകരണ സാധനങ്ങൾ, കർട്ടുകൾ തുടങ്ങിയവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചില്ല. ഇവ ആരുടെ കസ്റ്റഡിയിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. തുക നൽകിയപ്പോൾ ബില്ലിൽ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും രേഖപ്പെടുത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സാധന സാമഗ്രികൾ സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

6. <u>പരിശീലന ഫാക്കൽറ്റിമാരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.</u>

പൊജക്ടിൽ കേരള സംഗീത നാടക അക്കാദമിയുമായി ബന്ധപ്പെട്ട് പരിശീലനം നൽകാനാണ് വ്യവസ്ഥ ചെയ്തത്. എന്നാൽ കേരള സംഗീത നാടക അക്കാദമിയുമായോ കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിലുള്ള സ്കൂൾ ഓഫ് ഡ്രാമ പോലുള്ള ഈ മേഖലയിൽ പ്രാവീണ്യമുള്ള സ്ഥാപനങ്ങളുമായോ പരിശീലനത്തിന് വേണ്ടി ബന്ധപ്പെട്ടതിന്റെ രേഖയില്ല. പരിശീലന ഫാക്കൽറ്റികൾക്ക് പ്രതിദിനം 4000/- രൂപ നിരക്കിൽ 381000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ശ്രീ. മനോജ് നാരായണൻ, ശ്രീ.ശിവദാസൻ കുന്നികണ്ടി, ശ്രീമതി ലജ്ന.എൻ.പി എന്നീ ഫാക്കൽറ്റികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. ശ്രീ. മനോജ് നാരായണന് 2020-21 വർഷം 153000/- രൂപ ഓണറേറിയം നൽകിയത് എത്ര ദിവസത്തേക്കാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

5. <u>പരിശീലനത്തിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥന്റെ 10.02.2020 ലെ 2047/എ2/18/കെ.എസ്.എ.കെ.ഡി നമ്പർ നടപടിക്രമ പ്രകാരം പിൻവലിച്ച 716200/- രൂപ ചെലവിൽ 51 ദിവസം പരിശീലനം നൽകിയതായി പറയുന്നുണ്ട്. എന്നാൽ വടകരയിലുള്ള ഏക് സാത്ത് എന്ന സ്ഥാപനത്തിൽ 33 ദിവസം പരിശീലനത്തിന് നൽകിയ വിവരമാണുള്ളത്. ബാക്കി ദിവസങ്ങൾ എവിടെ വെച്ചാണ് പരിശീലനം

നടത്തിയത് എന്ന വിവരം ഇല്ല. കരുണ കുടുംബശ്രീ കഫേ, സിവിൽ സ്റ്റേഷൻ എന്ന സ്ഥാപനത്തിന്റെ 57000/- രൂപ ഭക്ഷണ ചെലവിൽ വിശദാംശങ്ങൾ ഇല്ല. (ഏത് തിയ്യതികളിൽ, എത്ര പേർക്ക്, നിരക്ക് എന്നിവ) ഓരോ ദിവസവും പങ്കെടുത്ത പരിശീലിനാർത്ഥികളുടെ ഹാജർ സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. പരിശീലനം നൽകിയ വിഷയങ്ങൾ ആയത് സംബന്ധിച്ച ലഘു വിവരണം കാണിക്കുന്ന റിപ്പോർട്ട് എന്നിവയൊന്നും ഫയലിൽ ഇല്ല. പ്രൊജക്ടുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

6. ഹാൾ വാടക, മുറി വാടക, ഭക്ഷണ ചെലവ്, നിരക്ക് എന്നിവ അംഗീകരിച്ചതിന്റെ രേഖയില്ല.

2019 സെപ്റ്റംബർ മുതൽ ഡിസംബർ വരെയും 2020 ജനവരി ഫെബ്രുവരി മാസങ്ങളിലുമായി 33 ദിവസം നാടക പരിശീലനം നടത്തിയത് വടകര എടോടിയിലുള്ള ഏക് സാത്ത് എന്ന സ്ഥാപനത്തിൽ വെച്ചാണ്. ഹാൾ വാടക (പ്രതിദിനം 3000/- ), റൂം വാടക (ഡോർമിറ്ററി ഒരാൾക്ക് പ്രതിദിനം 250 രൂപ ), ഭക്ഷണ ചെലവ് (ഒരാൾക്ക് ഒരു ദിവസം 200 രൂപ ) എന്ന നിരക്കിൽ 414700/- രൂപ നൽകിയിട്ടുണ്ട്. മേൽ നിരക്കുകൾ സംബന്ധിച്ച് സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. സ്ഥാപനം ആവശ്യപ്പെട്ട തുക നൽകുകയാണ് ചെയ്തത്.

7. പരിശീലനാർത്ഥികൾക്ക് നൽകിയ ടി.എ. തുക ക്രെഡിറ്റിൽ വന്നില്ല.

25പരിശീലനാർത്ഥികൾക്ക് യാത്ര ചെലവിലേക്കായി 3900/- രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ഇന്ദിര, ശ്യാമള, റീജ, രതിഷ എന്നിവരുടെ ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റിൽ വന്നിട്ടില്ല. എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. മുഴുവൻ പരിശീലനാർത്ഥികൾക്ക് നൽകിയ തുകകൾ അവരുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റിൽ വന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും പാസ്സ് ബുക്കിന്റെ കോപ്പി ലഭ്യമാക്കേണ്ടതുമാണ്.

8. 2020-21 വർഷം പിൻവലിച്ച 716200 രൂപയുടെ ട്രഷറി ബില്ലിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

15 ലക്ഷം രൂപയോളം ചെലവഴിച്ച വനിതാ നാടകസംഘം പ്രൊജക്ടിൽ വിഭാവനം ചെയ്ത പ്രകാരം തിയേറ്റർ ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതിന്റെയോ സംഘത്തിന് വേണ്ടി വാങ്ങിയ സാധനസാമഗ്രികൾ അവർക്ക് കരാർ ചമച്ച് കൈമാറിയതിന്റെയോ പരിശീലനാർത്ഥികളിൽ നിന്നും സംഘത്തിന്റെ ഭാരവാഹികളെ തെരഞ്ഞെടുത്ത് സംഘം സൊസൈറ്റീസ് ആക്ട് പ്രകാരമോ മറ്റോ രജിസ്റ്റർ ചെയ്തതിന്റെയും രേഖകൾ ഇല്ല

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം നൽകുന്നതിനും ആവശ്യമായ രേഖകൾ, ട്രഷറി ബിൽ, സ്റ്റോക്ക് രജിസ്റ്ററുകൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 24/20-21 ന മറുപടി ലഭിച്ചിട്ടില്ല രേഖകളുടെ അഭാവത്തിൽ 1004900/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-49 പേവിഷബാധയ്ക്കെതിരെയുള്ള ജീവൻ രക്ഷാ മരുന്ന് - ജില്ലാ ആശുപത്രി(വടകര)യിൽ സ്റ്റോക്കില്ലാത്ത അവസ്ഥയുണ്ടാകുന്നു.

17.02.2021 മുതൽ വടകര ജില്ലാ ആശുപത്രിയിൽ പേവിഷ ബാധയ്ക്കെതിരെയുള്ള ഇ.ആർ.ഐ.ജി. ഇഞ്ചക്ഷൻ (Anti Rabis Syrum) നൽകി വരുന്നുണ്ട്. എന്നാൽ 23.02.2021 മുതൽ 18.01.2022 വരെയുള്ള കാലയളവിൽ പല ദിവസങ്ങളിലും ഇഞ്ചക്ഷനാവശ്യമായ മരുന്ന് ലഭ്യമല്ലാതിരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. 2020-21 വർഷം 25 ലക്ഷം രൂപയുടെ മരുന്നുകൾക്കായി കെ.എം.എസ്.സി.എൽ. ലിമിറ്റഡിന് ഇൻഡന്റ് നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ ഇൻഡന്റിൽ മേൽപ്പറഞ്ഞ മരുന്ന് ഉൾപ്പെട്ടിട്ടില്ല. മരുന്ന് സ്റ്റോക്കിൽ ഇല്ലാത്തതിന്റെ കാലയളവ് താഴെ ചേർക്കുന്നു.

(കാഷ്വാലിറ്റിയിൽ സൂക്ഷിച്ചിരിക്കുന്ന മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം)

| ക്രമ നം. | സ്റ്റോക്ക് തീർന്ന തിയ്യതി | പുതിയ സ്റ്റോക്ക് ലഭിച്ച തിയ്യതി | മരുന്ന് ലഭ്യമാകാതിരുന്ന കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1. | 23.2.2021 | 28.04.2021 | 63 ദിവസങ്ങൾ |
| 2. | 01.05.2021 | 12.05.2021 | 12 ദിവസങ്ങൾ |
| 3. | 15.05.2021 | 25.05.2021 | 10 ദിവസങ്ങൾ |
| 4. | 31.05.2021 | 03.06.2021 | 3 ദിവസങ്ങൾ |
| 5. | 19.06.2021 | 30.06.2021 | 11 ദിവസങ്ങൾ |
| 6. | 02.07.2021 | 14.07.2021 | 12 ദിവസങ്ങൾ |
| 7. | 01.08.2021 | 07.08.2021 | 7 ദിവസങ്ങൾ |
| 8. | 22.08.2021 | 27.08.2021 | 6 ദിവസങ്ങൾ |
| 9. | 26.12.2021 | 07.01.2022 | 12ദിവസങ്ങൾ |
| 10 | 18.01.2022 | ഇല്ല | ഇല്ല |

മിക്ക അവസരങ്ങളിലും ലോക്കൽ പർച്ചേസ് നടത്തിയാണ് ഈ മരുന്ന് വാങ്ങുന്നത്. അപകടകരമായ പേപ്പട്ടി വിഷബാധയ്ക്കെതിരെയുള്ള മരുന്നായതിനാൽ മുഴവൻ ദിവസങ്ങളിലും കരുതൽ സ്റ്റോക്ക് നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. വടകര താലൂക്കിലെ ആയിരക്കണക്കിനു ജനങ്ങൾ ആശ്രയിക്കുന്ന ജില്ലാ ആശുപത്രിയിൽ ജീവൻ രക്ഷാ മരുന്ന് സൂക്ഷിക്കാത്തതിനും 2020-21 ലെ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ. ന് നൽകിയ ഇൻഡന്റിൽ ഇ.ആർ.ഐ.ജി. ഇൻജക്ഷൻ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.53/20-21 തി 15.02.2022 ന വടകര ആശുപത്രി സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-50 ജില്ലാ ആശുപത്രി വടകര 12,60,055/- രൂപയുടെ മരുന്ന് ലഭിച്ചില്ല

പ്രൊജക്ട് നമ്പർ, പേര് - എസ്.0019/21,വടകര ജില്ലാ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 25,00,000/- സംരക്ഷണ ഗ്രാന്റ്(റോഡിതരം)

ചെലവ് - 24,99,925/-

ബിൽ നമ്പർ - 13/2020-21 തി.02.03.2021

വടകര ജില്ലാ ആശുപത്രിയിലെത്തുന്ന പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം, 39 ഇനം മരുന്നുകൾക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 28.12.2020 ലെ പി.ആർ.എഫ്.4067 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 02.03.2021 ലെ ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ സി.3/1241/20 നമ്പർ ഉത്തരവ് നടപടികൾ പ്രകാരം 24,99,925/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 10 മാസങ്ങൾക്ക് ശേഷവും പകുതിയിലധികം തുകയ്ക്കുള്ള മരുന്നും ലഭിച്ചിട്ടില്ല. ലഭിച്ച മരുന്നിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തിയ്യതി | ലഭിച്ച തുക |
|---|---|---|---|
| 1. | 2792 | 24.6.2021 | 132082 |
| 2. | 5890 | 9.9.2021 | 45694 |
| 3. | 5891 | 9.9.2021 | 114484 |
| 4. | 5930 | 10.9.2021 | 132082 |
| 5. | 5928 | 10.9.2021 | 176109 |
| 6. | 6324 | 18.9.2021 | 19696 |
| 7. | 6312 | 18.9.2021 | 120732 |
| 8. | 6311 | 18.9.2021 | 36886 |

| | | | |
|---|---|---|---|
| 9. | 6750 | 29.9.2021 | 4473 |
| 10 | 8007 | 26.10.2021 | 47312 |
| 11 | 8017 | 27.10.2021 | 241077 |
| 12 | 8015 | 27.10.2021 | 89132 |
| 13 | 8505 | 05.11.2021 | 80111 |
| | | | 1239870 |

ഓഡിറ്റ് നടത്തിയ 20.01.2022 വരെ 12,39,870/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിരിക്കുന്നത്. 12,60,055/-രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയുണ്ട്.

സ.ഉ.(കൈ) നം. 22/2018/തസ്വഭവ. തി. 14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.5.4 പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇന്റന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ലെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി/ജൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിരാവശ്യങ്ങൾക്കുള്ള മരുന്ന് വാങ്ങാമെങ്കിലും അപ്രകാരം നടപടി സ്വീകരിച്ചില്ല. ഓരോ വർഷത്തെയും പ്രൊജക്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കേണ്ട മരുന്നുകൾ യഥാസമയം വിതരണം ചെയ്യാത്തത് കാരണം പ്രൊജക്ടിന്റെ ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല. മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 53/2020-21 മറുപടി ലഭിച്ചിട്ടില്ല. മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വിലയായ 1260055/രൂപ യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-51 ജില്ലാ ആശുപത്രിയിലെ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം പദ്ധതി - അനുമതിക്കു ശേഷം തുടർനടപടി സ്വീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0983/21,വടകര ജില്ലാ ആശുപത്രി- ബയോ ഗ്യാസ് പ്ലാന്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി), വടകര |
| അടങ്കൽ, ഫണ്ടിനം | 20,00,000/-, വികസന ഫണ്ട് |
| ചെലവ് | ഇല്ല |

വടകര ജില്ലാ ആശുപത്രിയിലെ ഭക്ഷണാവശിഷ്ടങ്ങളും മറ്റ് അവശിഷ്ടങ്ങളും സംസ്കരിച്ച് ബയോഗ്യാസ് ഉണ്ടാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ റെയ്ഡ്കോ മുഖാന്തിരം ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് 2019-20 വർഷം 20ലക്ഷം രൂപ വകയിരുത്തി , ജില്ലാ ആശുപത്രി സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥനായി ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു (പ്രോജക്ട് നം. S01080/20). ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് മുന്നോടിയായി ജില്ലാ പഞ്ചായത്ത്, വടകര ജില്ലാ ആശുപത്രി, റെയ്ഡ്കൊ എന്നീ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികളുടെ നാൾവഴി ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കത്ത്/ നടപടി ക്രമം നം & തീയതി | അധികാര സ്ഥാനം /നടപടി സ്വീകരിച്ച സ്ഥാപനം | സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | സി-3/5090/2019 തീയതി - 19.10.2019 | സൂപ്രണ്ട്, വടകര ജില്ലാ ആശുപത്രി | പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി കരാർ തയ്യാറാക്കുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ റെയ്ഡ്കോയോട് |

| | | | |
|---|---|---|---|
| | | | നിർദ്ദേശിച്ചു. |
| 2. | സി-3/5090/2019 തീയതി - 27.11.2019 | സൂപ്രണ്ട്, വടകര ജില്ലാ ആശുപത്രി | പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ റെയ്ഡ്കോയോട് ആവശ്യപ്പെട്ടു. |
| 3. | ടി.എ/ബിജി/2712/ 2019-20 തീയതി. 27.12.2019 | ബ്രാഞ്ച് മാനേജർ, റെയ്ഡ്കൊ | 25 ഘനമീറ്ററിന്റെ ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപി ക്കുന്നതിനുള്ള 10,92,788/- രൂപയുടെ എസ്റ്റിമേറ്റ് റെയ്ഡ്കൊ സമർപ്പിച്ചു. |
| 4. | സി-3/5090/2019 തീയതി- 15.01.2020 | സൂപ്രണ്ട്, വടകര ജില്ലാ ആശുപത്രി | 20 ലക്ഷം രൂപ വകയിരുത്തിയതിനാൽ രണ്ട് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് നല്കാൻ റെയ്ഡ്കോയോട് ആവശ്യപ്പെട്ടു. |
| 5. | ടി.എ/ബിജി/3101/ 2019-20 തീയതി. 29.01.2020 | ബ്രാഞ്ച് മാനേജർ, റെയ്ഡ്കൊ | 2 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള 19,99,000/- രൂപയുടെ എസ്റ്റിമേറ്റ് റെയ്ഡ്കൊ സമർപ്പിച്ചു. |
| 6. | പി-2. 272/2020 തീയതി- 18.12.2019 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 31.01.2020 ലെ 14-11/20 തീരുമാന പ്രകാരം റെയ്ഡ്കോയുടെ ക്വട്ടേഷൻ അംഗീകരിച്ചു. |
| 7. | സി-3/5090/2019 തീയതി- 18.02.2020 | സൂപ്രണ്ട്, വടകര ജില്ലാ ആശുപത്രി | പദ്ധതിക്ക് സാങ്കേതിക അനുമതി ലഭ്യമാക്കാൻ ജില്ലാ ശുചിത്വ മിഷനോട് ആവശ്യപ്പെട്ടു. |
| 8. | സി-3/5090/2019 തീയതി- 28.02.2020 | സൂപ്രണ്ട്, വടകര ജില്ലാ ആശുപത്രി | പദ്ധതിക്ക് സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ജില്ലാ കോ - ഓർഡിനേറ്റർ, സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസിന് കത്തയച്ചു. |
| 9. | SEUF/CLT/DPCLT/ 2020/26 തീയതി - 09.03.2020 | ജില്ലാ കോ-ഓർഡി നേറ്റർ, സോഷ്യോ എക്കണോമിക് ഫൗണ്ടേഷൻ | സ്ഥലം സന്ദർശിച്ചതിനു ശേഷം തയ്യാറാക്കിയ എസ്റ്റിമേറ്റ് ജില്ലാ ആശുപത്രി സൂപ്രണ്ടിന് നൽകി. |
| 10. | സി-3/5090/2019 തീയതി- 03.06.2020 | സൂപ്രണ്ട്, വടകര ജില്ലാ ആശുപത്രി | പദ്ധതിക്ക് സാങ്കേതിക അനുമതി ലഭ്യമാക്കാൻ ജില്ലാ ശുചിത്വ മിഷനോട് വീണ്ടും ആവശ്യപ്പെട്ടു. |
| 11. | പി-2. 272/2020 തീയതി- 1211.2020 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | എസ്റ്റിമേറ്റിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിന്നും |

| | | | |
|---|---|---|---|
| | | | സാങ്കേതിക അനുമതി ലഭ്യമായതായി വടകര ജില്ലാ ആശുപത്രി സൂപ്രണ്ടിനെ അറിയിച്ചു. അതു പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കാൻ സൂപ്രണ്ടിനെ ചുമതലപ്പെടുത്തു കയും ചെയ്തു. |
| 12. | സി-3/5090/2019 തീയതി-16.01.2021 | സൂപ്രണ്ട്, വടകര ജില്ലാ ആശുപത്രി | ശുചിത്വ മിഷൻ സമർപ്പിച്ച സാങ്കേതിക അനുമതിക്കനുസൃതമായി പദ്ധതി നടപ്പിലാക്കുന്നതിന് റെയ്ഡ്കോയ്ക്ക് അനുമതി നൽകി. |

പദ്ധതിയുടെ നിർവ്വഹണം നടത്തുന്നതിന് 16.01.2021 ന് പ്രവർത്തനാനുമതി നൽകി ഉത്തരവായെങ്കിലും റെയ്ഡ്കോയെ ആയത് അറിയിച്ചില്ല. പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ ആശുപത്രിയുടെ ഭാഗത്ത് നിന്നോ റെയ്ഡ്കോയുടെ ഭാഗത്ത് നിന്നോ യാതൊരു തുടർ നടപടികളുമുണ്ടായില്ല. ജില്ലാ പഞ്ചായത്തും ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയോ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് റെയ്ഡ്കോയുമായി ജില്ലാ ആശുപത്രി സൂപ്രണ്ട് കരാർ തയ്യാറാക്കുകയോ ചെയ്തില്ല. പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത് മുതലുള്ള വിഷയങ്ങൾ മോണിട്ടറിംഗിന് വിധേയമാക്കേണ്ട കാര്യങ്ങളാണെന്ന് പ്രോജക്ട് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നെങ്കിലും പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ചുള്ള മോണിറ്ററിംഗ് ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് നടത്തിയില്ല.

നിലവിൽ, ദിവസവും ഏതാണ്ട് 600 കി.ഗ്രാം ഭക്ഷണാവശിഷ്ടങ്ങൾ ആശുപത്രി കോമ്പൗണ്ടിലുള്ള ഒരു സിമന്റ് ടാങ്കിൽ നിക്ഷേപിക്കുകയും സ്വകാര്യ പന്നിഫാമിലേക്ക് ഭക്ഷണാവശിഷ്ടം കൊണ്ടുപോകുകയുമാണ് ചെയ്യുന്നത്. ആയത് ശാശ്വതമായ പരിഹാരമല്ലെന്ന് മാത്രമല്ല, പ്ലാന്റ് സ്ഥാപിക്കുകയാണെങ്കിൽ ഉൽപാദിപ്പിക്കപ്പെടുന്ന ബയോഗ്യാസ് ആശുപത്രിയുടെ ആവശ്യത്തിന് ഉപയോഗിക്കുകയും ചെയ്യാം. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 219 വി. പ്രകാരം ആശുപത്രിയിലെ മാലിന്യങ്ങളെ ഉറവിട സ്ഥലത്തുവെച്ച് തന്നെ ജൈവ- ജൈവേതര മാലിന്യങ്ങളായി വേർതിരിക്കേണ്ടതും ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു.

20 ലക്ഷം രൂപ വകയിരുത്തി 2019-20 ൽ ആരംഭിച്ച ഒരു പദ്ധതി 2020-21 വർഷത്തേക്ക് സ്പിൽ ഓവർ ആക്കി മാറ്റുകയും 16.01.2021 വരെയുള്ള കാലയളവിൽ മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും സ്വീകരിച്ച ശേഷം പ്ലാന്റിന്റെ നിർമ്മാണം ഉപേക്ഷിച്ചതിന്റെ കാരണം വ്യക്തമല്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 54/2020-21/16.02.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്കുള്ള മറുപടി നൽകേണ്ടതാണ്.

### 1-52 വടകര ജില്ലാ ആശുപത്രി - വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിൽ അവ്യക്തത.

വടകര ജില്ലാ ആശുപത്രിയിലെ ആവർത്തന ചെലവുകളുടെ വൗച്ചർ പരിശോധിച്ചതിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി നൽകിയ ഏതാനും ബില്ലുകളിൽ അതത് കാലയളവിലെ വൈദ്യുതി ചാർജ്ജിനോടൊപ്പം കുടിശ്ശിക ഉൾപ്പെട്ടതായും ചില ബില്ലുകളിൽ മുൻകൂർ തുക കുറവ് ചെയ്തതായും കാണുന്നു. ചില അവസരങ്ങളിൽ കുടിശ്ശികയുൾപ്പെടെയുള്ള തുകയും കെ.എസ്.ഇ.ബിയിൽ അടവാക്കുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ | കൺസ്യൂമർ | ബിൽ നം | ബിൽ | ബില്ലിന്റെ | ബിൽ | കുടിശ്ശിക | മുൻകൂർ | ആകെ | അടവാ |
|---|---|---|---|---|---|---|---|---|---|

| നം | നം. | | തീയതി | കാലയളവ് | തുക | | | ബിൽ തുക | ക്കിയ തുക |
|---|---|---|---|---|---|---|---|---|---|
| 1. | 1166231019936 | 6623200500101 | 02.05.2020 | 05/2020 | 35801 | 1305 | -- | 37106 | 37106 |
| 2. | 1166237016134 | 6623200500060 | 02.05.2020 | 05/2020 | 211444 | 25738 | -- | 237182 | 237182 |
| 3. | 1166237016134 | 6623200700179 | 01..07.2020 | 07/2020 | 146624 | 167507 | -- | 314131 | 146624 |
| 4. | 1166237016936 | 6623200700179 | 01.08.2020 | 08/2020 | 29039 | 30755 | -- | 59794 | 29039 |
| 5. | 1166237021029 | 6623210205663 | 05.02.2021 | 02/2021 | 18780 | 17 (സർ ചാർജ്ജ്) | 3834 | 14963 | 14963 |
| 6. | 1166234001544 | 6623210206099 | 05.02.2021 | 02/2021 | 10415 | -- | 2679 | 7736 | 7736 |
| 7. | 1166237016134 | 6623190800890 | 03.08.2019 | 08/2019 | 180233 | -- | 17095 | 163137 | 163137 |

ഏതാനും ബില്ലുകളിൽ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയും ഏതാനും ബില്ലുകളിൽ മുൻകൂർ തുക കുറച്ചും അടവാക്കിയതിനുള്ള കാരണവും കുടിശ്ശിക വരാനുണ്ടായ കാരണവും വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ 56/2020-21/ 16.02.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വൻ തുകകൾ കുടിശ്ശികയായി വരാനുള്ള കാരണം കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് ഉറപ്പ് വരുത്തേണ്ടതും ബന്ധപ്പെട്ട ഫയലിലും രജിസ്റ്ററിലും ആയത് രേഖപ്പെടുത്തേണ്ടതുമാണ്.

## 1-53 വടകര ജില്ലാ ആശുപത്രിയിലെ വൈദ്യുതി ചാർജ്ജിനത്തിൽ 16.48 ലക്ഷം രൂപ അടവാക്കിയതിന് ഔദ്യോഗിക രസീത് ഇല്ല.

വടകര ജില്ലാ ആശുപത്രിയിലെ 2020-21 വർഷത്തിലെ വൈദ്യുതിചാർജ്ജ് അടവാക്കിയതിൽ 3/2020, 4/2020, 8/2020, 10/2020 മാസങ്ങളിലേതിന് കെ.എസ്.ഇ.ബിയുടെ ഔദ്യോഗിക രസീത് ഉണ്ടെങ്കിലും താഴെ ചേർത്ത മാസങ്ങളിലെ വൈദ്യുതിചാർജ്ജ് അടച്ചതിന് ഔദ്യോഗിക രസീത് ഇല്ല.

| കൺസ്യൂമർ നം. | കൈമാറിയ തുക | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | മെയ്-2020 | ജൂൺ-2020 | ജൂലൈ-2020 | സംപ്തം. 2020 | നവം. 2020 | ഡിസം. 2020 | ജന. 2021 | ഫിബ്ര. 2021 | ആകെ |
| 1166237016134 | 167507 | 146624 | 146195 | 159065 | 140618 | 146195 | 161039 | 150979 | |
| 1166231019936 | 23813 | 30755 | 29039 | 28324 | 24606 | 28374 | 29440 | 26236 | |
| 1166234001514 | 19841 | -- | 13543 | 13368 | 17686 | -- | 7736 | -- | |
| 1166237021029 | 17935 | -- | 20130 | 19137 | 18780 | -- | 14963 | -- | |
| 1166239001515 | 7279 | -- | 4863 | 5290 | 5067 | -- | 5412 | -- | |
| 1166239018055 | 1985 | -- | 1466 | 1413 | 1425 | -- | 6964 | -- | |
| 1166233018117 | 1526 | -- | 2425 | 548 | 836 | -- | 467 | -- | |
| ആകെ | 239886 | 177379 | 217661 | 227145 | 209018 | 174569 | 226021 | 177215 | 1648894 |

പട്ടികയിൽ സൂചിപ്പിച്ച തുകകൾ ചെക്ക്/ഡി.ഡി മുഖേനയാണ് നൽകിയതെന്ന് അറിയിച്ചെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആശുപത്രി സൂപ്രണ്ടിൽ നിന്നും തുക കൈപ്പറ്റിയതായുള്ള വെള്ളക്കടലാസിലെഴുതിയ ഒരു രസീതി സീനിയർ സൂപ്രണ്ട് (ഇലക്ട്രിക്കൽ വിഭാഗം, വടകര നോർത്ത്) നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കെ.എസ്.ഇ.ബിയുടെ അക്കൗണ്ടിൽ അടവാക്കിയതിന്റെ ഔദ്യോഗിക രസീതി പരിശോധനയ്ക്ക് ലഭിച്ചില്ല. മേൽ പറഞ്ഞ തുക കൈമാറിയതിന്റെ ചെക്ക്/ഡി.ഡി യുടെ വിവരവും ഔദ്യോഗിക രസീതിയും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ 57/2020-21/16.02.2021 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

കൈപ്പറ്റ് രസീതിയുടെ അഭാവത്തിൽ ചെലവ് തുകയായ 16,48,894/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-54 വടകര ജില്ലാ ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 22.5 ലക്ഷം രൂപ നിക്ഷേപിച്ച് 3 വർഷത്തിനു ശേഷവും പ്രവൃത്തി പൂർത്തീകരിച്ചില്ല.

ദിവസേന 2000 ത്തിലധികം രോഗികൾ പരിശോധനയ്ക്കായി എത്തുന്ന വടകര ജില്ലാ ആശുപത്രിയിലെ വൈദ്യുതിയുടെ ലഭ്യത മുഴുവൻ സമയം ഉറപ്പാക്കുന്നതിനും ആശുപത്രിയിലെ എല്ലാ ഉപകരണങ്ങളും ഒരേ സമയം പ്രവർത്തിപ്പിക്കുന്നതിനുമുള്ള വൈദ്യുതി ലോഡ് ലഭ്യമാക്കുന്നതിനാണ് ആശുപത്രിയിലേക്ക് മാത്രമായി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 2018-19 ൽ ഒരു പദ്ധതി (നം. S0011/19) ആവിഷ്കരിച്ചത്. വടകര ജില്ലാ ആശുപത്രി സൂപ്രണ്ട് നിർവ്വഹണോദ്യഗസ്ഥനായ പദ്ധതിക്ക് സംരക്ഷണ ഗ്രാന്റിൽ (റോഡിതരം) നിന്നും 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. വകയിരുത്തിയ തുക 23.03.2019 ൽ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിക്ഷേപിച്ചിട്ടുമുണ്ട് (ചലാൻ നം. 52069/23.03.2019). സെന്റേജ് ചാർജ്ജ് ആവശ്യാർത്ഥം 2.5 ലക്ഷം രൂപയും കൂടി അടവാക്കി (ചലാൻ നം. 19160152000400372020 തീയതി വ്യക്തമല്ല)

ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് മലബാർ എഞ്ചിനീയറിംഗ് കമ്പനി, കോഴിക്കോടിന് അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വൈദ്യുതി വിഭാഗം പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതിനുവേണ്ട ട്രാൻസ്ഫോർമർ റൂമും പ്ലാറ്റ്ഫോമും സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വൈദ്യുതി വിഭാഗത്തോട് 25.05.2020 ലെ സി-3/2945/15 നമ്പർ കത്തു മുഖേന ആശുപത്രി സൂപ്രണ്ട് ആവശ്യപ്പെട്ടിരുന്നു. ഇതിന് വേണ്ടി മുൻപ് കണ്ടുവെച്ചിരുന്ന സ്ഥലം അനുയോജ്യമല്ലാത്തതിനാൽ ഇപ്പോൾ നബാർഡിന്റെ ഫണ്ടുപയോഗിച്ച് കെട്ടിടംപണി നടക്കുന്നതിനോട് ചേർന്ന് നിൽക്കുന്ന ഉപയോഗശൂന്യമായ പഴയ കെട്ടിടം പൊളിച്ച് മാറ്റി അവിടെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതായിരിക്കും കൂടുതൽ സൗകര്യമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ഉപയോഗശൂന്യമായ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതിക്കായി ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടർ, ജില്ലാപഞ്ചായത്ത് അധികൃതർ, പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗം എന്നിവരുമായി നിരവധി നടപടിക്രമങ്ങളും കത്തിടപാടുകളും നടത്തിയതിനുശേഷം കെട്ടിടം സാങ്കേതികമായി ഉപയോഗ ശൂന്യമാണെന്ന പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നുള്ള സാക്ഷ്യപത്രം 06.01.2021 ന് ആശുപത്രി സൂപ്രണ്ടിന് ലഭിച്ചു. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ആദ്യം നിശ്ചയിച്ച സ്ഥലം മാറ്റിയത് കാരണം 6 മാസത്തിലേറെ സമയം പുതിയ സ്ഥലത്തിന്റെ അനുമതിക്കായി ചെലവഴിക്കേണ്ടി വന്നു.

ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ 30.12.2020 ലെ സി-3/3257/18 നമ്പർ നടപടിക്രമം പ്രകാരം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിക്കായി സോയിൽ റസിസ്റ്റൻസി ടെസ്റ്റ്, സ്ക്രൂട്ടിനി ഫീ എന്നീ ഇനങ്ങളിൽ ചെലവായ 10,445 രൂപയുടെ ബിൽ കരാർ സ്ഥാപനമായ മലബാർ എഞ്ചിനീയറിംഗ് കമ്പനി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എച്ച്.എം.സി ഫണ്ടിൽ നിന്നും തുക അനുവദിച്ചു. കൂടാതെ 29.09.2020 ലെ മേൽ നമ്പർ നടപടി പ്രകാരം അപേക്ഷാ ഫീസും എസ്റ്റിമേഷൻ തുകയുമടക്കം 6,190 രൂപ പ്രസ്തുത കമ്പനിക്ക് നൽകി. മലബാർ എഞ്ചിനീയറിംഗ് കമ്പനിയുമായി നേരിട്ട് കരാറിൽ ഏർപ്പെടാത്ത

സാഹചര്യത്തിൽ ബിൽ ആശുപത്രി സൂപ്രണ്ടിന് കൈമാറിയ സാഹചര്യവും മേൽ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യവും വ്യക്തമല്ല.

എച്ച്.ടി, ഒ.ടി ലൈൻ, ഡിസ്ട്രിബ്യൂഷൻ പാനൽ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 1,70,000 രൂപ നൽകാൻ ഡപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ വടകര 29.04.2021 ന് ആശുപത്രി സൂപ്രണ്ടിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കെ.എസ്.ഇ.ബി യിൽ നിന്നും ഇതിന്റെ വിശദമായ എസ്റ്റിമേറ്റ് ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് 28.05.2021 ലെ സി-3/3257/18 കത്ത് മുഖേന ആശുപത്രി സൂപ്രണ്ട് ആവശ്യപ്പെട്ടു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 07.06.2021 ലെ 27/2021(1) തീരുമാന പ്രകാരം ജില്ലാ ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 2.50 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റെ 2019-20 വർഷത്തെ S1041/20(സെന്റേജ് ചാർജ്ജ്) പദ്ധതിയിൽ നിന്നും പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ എഞ്ചിനീയറുടെ പേരിൽ നിക്ഷേപിച്ചിട്ടുണ്ട്. ആവശ്യപ്പെട്ട 1.70 ലക്ഷം രൂപ താൽക്കാലികമായി എച്ച്.എം.സി ഫണ്ടിൽ നിന്ന് കണ്ടെത്താനും കെ.എസ്.ഇ.ബിയിൽ നിന്ന് വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനും സൂപ്രണ്ടിന് അനുമതി നൽകുന്നതിന് ഭരണസമിതിക്ക് ശുപാർശ ചെയ്തു. ആശുപത്രി സൂപ്രണ്ടിന്റെ 05.06.2021 ലെ സി-3/3257/18 നമ്പർ നടപടി പ്രകാരം 1,47,459 രൂപ മുൻകൂറായി അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ വിഭാഗം വടകരയ്ക്ക് നൽകാൻ അനുമതി നൽകി. കെ.എസ്.ഇ.ബി യിൽ നിന്നും വിശദമായ എസ്റ്റിമേറ്റ് അയച്ചു തരുവാൻ 28.06.2021 ന് ആശുപത്രി സൂപ്രണ്ട് കത്തയച്ചെങ്കിലും നാളിതുവരെ(20.01.2022) എസ്റ്റിമേറ്റ് ലഭിച്ചില്ല. തുടർ നടപടികളുടെ വിശദാംശം ലഭ്യമല്ല. നിലവിൽ സ്ഥാപിക്കാനുദ്ദേശിച്ച സ്ഥലം 20.01.2022 ന് നേരിൽ പരിശോധിച്ച സമയത്ത് ട്രാൻസ്ഫോർമറും പാനലുകളും ഈ സ്ഥലത്ത് ഇറക്കിവെച്ചിട്ടുണ്ട്. പരിശോധന സമയത്ത് 28.06.2021 വരെയുള്ള വിവരങ്ങൾ മാത്രമേ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ 55/2020-21 തീയതി. 16.02.2022 ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി ലഭ്യമാക്കിയിട്ടില്ല.

1. മേൽ പദ്ധതിക്ക് വിവിധ വർഷങ്ങളിലായി പ്രോജക്ട് പ്രകാരം ആകെ വകയിരുത്തിയ തുക, നാളിതുവരെ ചെലവഴിച്ച (കൈമാറിയ) തുക എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ.

2. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ആദ്യം ഉദ്ദേശിച്ചിരുന്ന സ്ഥലം അനുയോജ്യമല്ല എന്ന് തീരുമാനിക്കുനുണ്ടായ കാരണം

3. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് മലബാർ എഞ്ചിനീയറിംഗ് കമ്പനി, കോഴിക്കോടിന് അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വൈദ്യുതി വിഭാഗം പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. കമ്പനിയുമായി നേരിട്ട് കരാറിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ 16,635(6190+10445) രൂപയുടെ ബിൽ ആശുപത്രി സൂപ്രണ്ടിന് കൈമാറിയ സാഹചര്യവും ഈ ചെലവിനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യവും വ്യക്തമാക്കേണ്ടതാണ്.

4. 04.05.2020 ൽ തന്നെ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ സന്നദ്ധമാണെന്ന് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം അറിയിച്ചെങ്കിലും (കത്ത് നം. ഇ.എസ്.ടി.2019/802/04.05.2020) ഒന്നര വർഷത്തിനു ശേഷവും സ്ഥാപിക്കാതിരുന്നതിന്റെ കാരണം.

5. എച്ച്.ടി, ഒ.ടി, ഡി.പി തുടങ്ങിയ പ്രവൃത്തികൾ നടത്തുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബിയിൽ നിന്ന് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കാത്തിന്റെ കാരണം.

6. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (പി.എം.സി) സമ്പ്രദായത്തിലാണോ അതോ നിക്ഷേപ പ്രവൃത്തി മുഖേനയാണോ അക്രഡിറ്റഡ് ഏജൻസിയായ കെ.എസ്.ഇ.ബി യെ ചുമതലപ്പെടുത്തിയത് എന്ന് വ്യക്തമല്ല.

7. സ.ഉ. (പി) നം. 95/2017 തീയതി. 25.07.2017 പ്രകാരം ഒരു കോടിയിൽ താഴെയുള്ള പ്രവൃത്തിക്ക്

എസ്റ്റിമേറ്റ് നിരക്കിലോ പ്രവൃത്തി മൂല്യത്തിന്മേലോ ഏതാണോ കുറവ്, അതിന്മേലനുവദിക്കാവുന്ന പരമാവധി സെന്റേജ് ചാർജ്ജ് 8% ആണ്. മേൽ പ്രവൃത്തിക്ക് സെന്റേജ് ചാർജ്ജിനത്തിൽ നൽകിയ തുകയുടെ വിവരം അറിയിക്കേണ്ടതാണ്. ഈ പരിധിക്കുള്ളിൽ നിന്നുകൊണ്ടാണോ സെന്റേജ് ചാർജ്ജ് നൽകിയതെന്നും തുക ഗഡുക്കളായാണ് നൽകിയതെങ്കിൽ ആയതിന്റെ വിവരവും അറിയിക്കേണ്ടതാണ്.

8. മേൽ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസി കരാറുകാരനെ തെരെഞ്ഞെടുക്കുന്നതിന് സുതാര്യമായ ടെണ്ടർ നടപടികൾ സ്വീകരിക്കുകയാണെങ്കിൽ മാത്രം എസ്റ്റിമേറ്റിൽ ലാഭവിഹിതം (സി.പി) അനുവദിക്കാവുന്നതാണ്. എസ്റ്റിമേറ്റിൽ കരാറുകാർക്ക് ലാഭവിഹിതം ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും കരാറുകാരനെ തെരെഞ്ഞെടുത്തത് സുതാര്യമായ ടെണ്ടർ നടപടികളിലൂടെയാണോ എന്ന കാര്യവും അറിയിക്കേണ്ടതാണ്.

9.പദ്ധതിയുടെ നിർവ്വണ ഘട്ടത്തിന്റെ നിലവിലുള്ള അവസ്ഥ അറിയിക്കേണ്ടതാണ്.

അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതും പ്രവൃത്തി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ നിക്ഷേപതുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

1-55 ജില്ലാ ആയുർവ്വേദ ആശുപത്രി സൂപ്രണ്ട് നടപ്പാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിലെ അപാകതകൾ - നിർവ്വഹണ ഉദ്യോഗസ്ഥൻ : സൂപ്രണ്ട് , ജില്ലാ ആയുർവ്വേദാശുപത്രി , കോഴിക്കോട് .

(1) ജില്ലാ ആയുർവ്വേദ ആശുപത്രിയിലേക്ക് വാങ്ങിയ മരുന്നുകൾ ആശുപത്രിയിലേക്ക് ലഭിച്ചില്ല . ഡി.എം.ഒ(ഐ.എസ്.എം) ഓഫിസിൽ കൈപ്പറ്റി

താഴെപ്പറയുന്ന പ്രോജക്ട് പ്രകാരമുള്ള മരുന്ന് വിതരണത്തിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .

| പ്രോജക്ട് നമ്പർ | ട്രഷറി ബിൽ നമ്പർ , തിയ്യതി , ചെലവ് തുക , ഫണ്ട് | മരുന്ന് വിതരണം ചെയ്ത ഏജൻസി | ഇൻവോയ്സ് നമ്പർ , തിയ്യതി , തുക |
|---|---|---|---|
| S0009 / 2021 , ജില്ലാ ആയുർവ്വേദ ആശുപത്രിക്ക് കൺസ്യൂമബിൾസ് മരുന്ന് വാങ്ങൽ | 0 6/ 20-21 , തിയ്യതി 05.06.2020, 10 ലക്ഷം രൂ , മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) | ഔഷധി | 90159651 തിയ്യതി 17.04.2020, 10 ലക്ഷം രൂപ |

ആകെ 49,83,278 രൂ ചെലവുള്ള ഈ പ്രോജക്ടിൽ മേൽ പരാമർശിച്ച പ്രകാരം 10 ലക്ഷം രൂപക്കുള്ള ദശമൂല കടുത്രയം, ഇന്ദുകാന്തം, നയോപായം, സുദർശനം ഗുളിക, വില്വാദി ഗുളിക, ഷഡംഗം എന്നീ മരുന്നുകളാണ് വാങ്ങിയിട്ടുള്ളത് . എന്നാൽ ഈ മരുന്നുകൾ ജില്ലാ ആയുർവ്വേദ ആശുപത്രിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് പകരം ജില്ലാ മെഡിക്കൽ ഓഫീസറുടെ (ഭാരതീയ ചികിത്സാ വകുപ്പ് ) ( DMO – ISM ) സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായാണ് കാണുന്നത്. ജില്ലാ മെഡിക്കൽ ഓഫീസറുടെ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നമ്പർ 2 മുതൽ 8 വരെയുള്ള പേജുകളിൽ ഇവ രേഖപ്പെടുത്തിയതായി ബന്ധപ്പെട്ട ഇൻവോയ്സിന്റെ പുറകിൽ ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ കൈപ്പറ്റിയ മരുന്നുകൾ പിന്നീട് ജില്ലാ

ആയുർവ്വേദ ആശുപത്രിയിലേക്ക് തിരികെ ലഭിച്ചിട്ടില്ല. ജില്ലാ ആയുർവ്വേദ ആശുപത്രിയിലേക്ക് വാങ്ങിയ മരുന്നുകൾ ആശുപത്രിയിലേക്ക് കൈമാറാതെ ജില്ലാ മെഡിക്കൽ ഓഫീസർ കൈപ്പറ്റാനിടയായ സാഹചര്യം അറിയിക്കേണ്ടതാണ്. മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് .

ഇത് സംബന്ധിച്ച് നല്കിയ 07.12.21 തിയ്യതിയിലെ 21/20-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ 18.05.22 ലെ ഇ-877/2021 നമ്പറായി മറുപടി നല്കിയിട്ടുണ്ട്. ഈ മറുപടിയിൽ പരാമർശിച്ചിരിക്കുന്നത് 2021-22 സാമ്പത്തിക വർഷത്തെ 194/22 നമ്പർ പ്രോജക്റ്റിന്റെ കാര്യമായതിനാൽ മറുപടി പരിഗണിക്കാൻ നിർവ്വാഹമില്ല. 10 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു .

(2) <u>സാധനങ്ങളുടെ വിവരങ്ങൾ ഏത് സ്റ്റോക്ക് രജിസ്റ്ററിലാണ് ചേർത്തത് എന്നത് സംബന്ധിച്ച് വ്യക്തതയില്ല</u>

പ്രോജക്ട് നമ്പർ S0932 /21 പ്രകാരം Maintenance Grant Non Road Fund ഉപയോഗിച്ച് 74461 രൂപക്കുള്ള മുറിവെണ്ണ (450 M.l , 446 കുപ്പി ) കേരള ആയുർവ്വേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് മീഞ്ചന്ത എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നമ്പർ 2407 തിയ്യതി 10.03.2020 പ്രകാരമാണ് ഉല്പന്നം വാങ്ങിയത്. ഇത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .ഇത് സംബന്ധിച്ച് നല്കിയ 07.12.21 തിയ്യതിയിലെ 21/20-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ 18.05.22 ലെ ഇ-877/2021 നമ്പറായി മറുപടി നല്കിയിട്ടുണ്ട് . മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കുന്നതായി പറയുന്നുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല . സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ ചെലവ് തുക 74461/- രൂ തടസ്സത്തിൽ വെക്കുന്നു .

(3 ) <u>2020-21 വർഷത്തിലേക്കായി തയ്യാറാക്കിയ പ്രോജക്ട് രജിസ്റ്റർ പൂർണ്ണമല്ല</u> .

താഴെപ്പറയുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ വിവരങ്ങൾ പ്രോജക്ട് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല . പ്രോജക്ട് രജിസ്റ്റർ പൂർണ്ണമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ചെലവ് തുക (രൂ) |
|---|---|---|
| 1. | എസ്.ഒ0455/21 | 4,98,378 |
| 2. | എസ്.ഒ0928/21 | 4,33,633 |
| 3. | എസ്.ഒ0932/21 | 74,461 |
| 4. | എസ്.ഒ0935/21 | 6,32,970 |

(4) <u>ക്യാഷ് ബുക്കിൽ പ്രോജക്ട് വരവ് - ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല</u>

ജില്ലാ പഞ്ചായത്ത് പ്രോജക്ടുകളുമായി ബന്ധപ്പെട്ട് പ്രത്യേക സബ്സിഡയറി ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ TR 7A ക്യാഷ് ബുക്കിൽ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വരവ് ,

ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല . അപാകം പരിഹരിച്ചശേഷം കാഷ് ബുക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

(5) Non Availability Certificate ഇല്ല

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ഫണ്ട് | ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | വിതരണക്കാർ |
|---|---|---|---|---|
| 1. | S0009/2021 | MG - NR | 06/20-21, 05.06.20 , 10 ലക്ഷം രൂ | ഔഷധി |
| 2. | | | 07/20-21, 09.10.21 20 ലക്ഷം രൂ. | ഔഷധി |
| 3. | | | 09/20-21 , 09.10.20 , 10 ലക്ഷം രൂ. | കേരള ആയുർവ്വേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മീഞ്ചന്ത |

മരുന്നു വാങ്ങലുകളുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കേണ്ട Non-Availability Certificate പരിശോധനക്ക് ലഭിച്ചിട്ടില്ല . വാങ്ങിയ മരുന്നുകൾ/ ഉല്പന്നങ്ങൾ എന്നിവ വകുപ്പിൽ നിന്നും വിതരണം നടത്തിയിട്ടില്ല എന്നും അവ സ്ഥാപനത്തിലേക്ക് ആവശ്യമുള്ളവയാണെന്നും വ്യക്തമാക്കി കൊണ്ടുള്ള വിശദമായ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

(6) Centralised Gas Distribution – നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ S0009/2021 പ്രകാരം 195880 രൂ Maintenance Grant – Non Road ഫണ്ടിൽ നിന്നും ചെലവഴിച്ച് Chithra Reticulated Systems എന്ന ഏജൻസി മുഖേന ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ Centralised Gas Distribution System സ്ഥാപിച്ചിട്ടുണ്ട്. ( ട്രഷറി ബിൽ നമ്പർ 18/20-21 തിയ്യതി 30.03.2021 , തുക 4,95,880 രൂ.). ഏജൻസിയുമായി വെച്ച കരാർ, സ്പെസിഫിക്കേഷനുകൾ എന്നിവക്ക്

അനുസൃതമായാണോ സജ്ജീകരണം സ്ഥാപിച്ചത് എന്നു പരിശോധിച്ച് ഒരു Valuation Certificate നല്കുവാൻ 25.03.2021 തിയ്യതിയിലെ എ-309/2021 നമ്പർ കത്ത് മുഖേന ജില്ലാ ആയുർവ്വേദ ആശുപത്രി സൂപ്രണ്ട്, ഗവ. എഞ്ചിനീയറിങ് കോളേജ് ( വെസ്റ്റ്ഹിൽ , കോഴിക്കോട് ) പ്രിൻസിപ്പലിനോട് ആവശ്യപ്പെട്ടതായി കാണുന്നു . എന്നാൽ തുടർ നടപടികൾ ഉണ്ടായിട്ടില്ല . Valuation Certificate ലഭിച്ചിട്ടില്ല . പ്രോജക്ട് പ്രകാരം സ്ഥാപിച്ച Centralised Gas Distribution System പ്രവർത്തനക്ഷമമാണോ എന്ന് അറിയിക്കേണ്ടതാണ് .

(7) സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

ജില്ലാ ആയുർവ്വേദാശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. ആയുഷ് വകുപ്പിൽ നിന്നും 16 ലക്ഷം രൂപ വില വരുന്ന ഒരു ബയോ കെമിസ്ട്രി അനലൈസർ ലഭിച്ചിട്ടുണ്ടെങ്കിലും സൗകര്യക്കുറവ് കാരണം ആയത് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ജില്ലാ ആയുർവ്വേദാശുപത്രിയിൽ ആവശ്യമായ നവീകരണ പ്രവർത്തനങ്ങളുടെ വിവരം 22.04.22 ലെ എ-402/2022 കത്ത് പ്രകാരം ആശുപത്രി സൂപ്രണ്ട്, കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട് .

അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ് .

(I) ആശുപത്രിയുടെ കിഴക്ക് വശത്ത് മേൽക്കൂരയോട് കൂടിയ പാർക്കിങ് സൗകര്യം ഏർപ്പെടുത്തൽ .

(Ii) അടുക്കള ഭാഗത്തുള്ള 2 ടോയിലറ്റുകൾ പൊളിച്ചുമാറ്റി ഒ.പി റൂം , സെക്യൂരിറ്റി റൂം എന്നിവ നിർമ്മിക്കൽ .

(Iii) മിന്നൽ രക്ഷാ ചാലകം സ്ഥാപിക്കൽ .

(Iv) ആശുപത്രി ഫാർമസി , മെഡിസിൻ സ്റ്റോർ , പഞ്ചകർമ്മ തിയേറ്റർ , വൃദ്ധജന പരിപാലന ബ്ലോക്ക് എന്നിവയുടെ നവീകരണം .

(V) ആശുപത്രിയിലെ എല്ലാ നിലകളിലേയും ബാത്ത്റൂമുകളുടെ നവീകരണം .

(Vi) ആശുപത്രിയിൽ 3 പേവാർഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തൽ .

അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-56 ജില്ലാ ആയുർവേദ ആശുപത്രിയിൽ നിന്നുള്ള വരവുകൾ തനതുഫണ്ടിൽ അടവാക്കാതെ സർക്കാരിലേക്ക് നേരിട്ട് അടവാക്കുന്നു.

ജില്ലാ ആയുർവേദ ആശുപത്രിയിൽ നിന്നുള്ള ഹോസ്പിറ്റൽ സ്റ്റോപ്പേജ് ചാർജ്ജ്, ലെവി ചാർജ്ജ്, സർവ്വീസ് ചാർജ്ജ് തുടങ്ങിയ ഇനങ്ങളിലെ വരവുകൾ 03.10.2019 മുതൽ സർക്കാരിലേക്ക് നേരിട്ട് അടവാക്കി വരുന്നു. പ്രസ്തുത തീയതിക്ക് മുൻപ് ഈ തുക ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് അടവാക്കിയിരുന്നത്. 2019-20 വർഷം മേൽ പറഞ്ഞ ഇനങ്ങളിൽ 2,55,120 രൂപയും 2020-21 വർഷം 54,324 രൂപയും വരവ് വന്നിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മാർച്ച് 2020 മുതൽ ആഗസ്റ്റ് 2020 വരെയുള്ള കാലയളവിൽ ആശുപത്രിയിലെ പ്രവേശനം നിർത്തലാക്കിയത് കാരണം 2020-21 ലെ വരവിൽ കുറവുണ്ടായി. 03.10.2019 മുതൽ ടി.ആർ -5 മുഖേന ഈടാക്കിയ തുക കോഴിക്കോട് ഡി.എം.ഒ (ഐ.എസ്.എം) യുടെ 24.01.2020 ലെ എം.656/2019 സർക്കലർ പ്രകാരം അഡീഷണൽ സബ്ട്രഷറി (കോഴിക്കോട്)യിൽ അടവാക്കി വരുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 173(5) പ്രകാരം അഞ്ചാം പട്ടികയിൽപ്പെട്ട എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള ജില്ലാ ആശുപത്രികൾ ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. 27.02.2003 ലെ ജി.ഒ (ആർ.ടി) നം.677/2003/തസ്വഭവ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആസ്തികളിൽ നിന്നുള്ള വരുമാനം ബന്ധപ്പെട്ട സ്ഥാപനത്തിന്റെ തനതു വരുമാനമായി കണക്കാക്കണമെന്നും ആയവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനതു വരുമാനമായി വിനിയോഗിക്കാമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ഉത്തരവുകൾ നിലനിൽക്കെ, ജില്ലാപഞ്ചായത്തിന് കൈമാറിക്കിട്ടിയ ജില്ലാ ആയുർവേദ ആശുപത്രിയിൽ നിന്നുള്ള

വരുമാനം ആയതിന്റെ തനതു വരുമാനമായി പരിഗണിക്കാതെ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം സർക്കാരിലേക്ക് അടവാക്കി വരികയാണ്. ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന മേൽ വരവുകൾ സർക്കാരിലേക്ക് അടവാക്കുന്നത് വഴി ആശുപത്രികളുടെ അത്യാവശ്യ ചെലവുകൾ നിർവ്വഹിക്കപ്പെടാതെയും വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാതെയും വരും. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 22/2020-21/07.12.2022) നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി ലഭ്യമാക്കിയില്ല.

ജില്ലാ ആയുർവേദ സൂപ്രണ്ടിന്റെ 18.10.2019 ലെ ഇ- 554/2019 നമ്പർ കത്തിൽ 01.10.2019 മുതൽ എച്ച്.എം.സി ഫണ്ടിൽ അടച്ചുകൊണ്ടിരുന്ന തുക സർക്കാരിലേക്ക് അടവാക്കുന്നത് മൂലം എച്ച്.എം.സി യുടെ വരുമാനത്തിൽ ഉണ്ടാകുന്ന കുറവ് സംബന്ധിച്ച് ജില്ലാപഞ്ചായത്ത് അധികൃതരെ വിവരം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ജില്ലാപഞ്ചായത്ത് സർക്കാർ തലത്തിൽ തുടർനടപടികൾ സ്വീകരിച്ച്, ജില്ലാ ആശുപത്രിയിലെ വരവ് ആയതിന്റെ തനത് വരുമാനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-57 ജില്ലാ ഹോമിയോ ആശുപത്രി - അവശ്യ മരുന്നുകൾ യഥാസമയം ലഭിക്കാത്തതും മറ്റ് അപാകങ്ങളും

1. മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല.

ജില്ലാ ഹോമിയോ ആശുപത്രി സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥനായി 2020-21 ൽ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി (പ്രോജക്ട് നം.S0113/21) നിർവ്വഹണത്തിന്റെ ഭാഗമായി 11,85,000 രൂപ ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) മുൻകൂറായി നൽകിയിട്ടുണ്ട് (ബിൽ നം. 2/20.02.2021). എന്നാൽ തുക മുൻകൂറായി അടവാക്കി 10 മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭിച്ചില്ല.

2019-20 ലെ പ്രോജക്ടിന്റെ ഭാഗമായി ഹോമിയോ ആശുപത്രിയിൽ മരുന്ന് ലഭ്യമാക്കുന്നതിന് (നം.S0315/20) ബിൽ നം.2/27.03.2020 മുഖേന 8,75,000 രൂപ കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) മുൻകൂറായി കൈമാറിയിരുന്നു. പ്രസ്തുത തുകയിൽ 4,97,630 രൂപയുടെ മരുന്ന് ഇൻവോയിസ് നം. എൽ.എഫ്.2115/31.12.2021 പ്രകാരം ഹോംകോയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. കൂടാതെ 3,77,370/- രൂപയുടെ മരുന്ന്, തുക മുൻകൂറായി അടവാക്കി 21 മാസത്തിനു ശേഷവും ലഭിച്ചില്ല. ഒരു സാമ്പത്തിക വർഷം തുക അടവാക്കിയതിന്മേലുള്ള മരുന്ന് ലഭിക്കാതിരുന്നിട്ടും തുടർ വർഷങ്ങളിലും ലക്ഷക്കണക്കിന് രൂപ വീണ്ടും മുൻകൂർ നൽകിയത് ശരിയായ നടപടിയല്ല. സ.ഉ(കൈ) നം.22/2018/ തസ്വഭവ തീയതി. 14.02.2018 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 7.5.4 പ്രകാരം മരുന്ന് ലഭിക്കുന്നതിന് ഹോംകോയിൽ പണമടച്ചാൽ മരുന്ന് ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നുവെങ്കിൽ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് മെഡിക്കൽ ഓഫീസർക്ക് മരുന്ന് പുറമെ നിന്ന് വാങ്ങാവുന്നതാണ്.

2. വിതരണത്തിലെ കാലതാമസം - അവശ്യ മരുന്നുകൾക്ക് ദൗർലഭ്യം അനുഭവപ്പെടുന്നു.

ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹോമിയോ മരുന്നകൾ വാങ്ങുന്നതിന് ഹോംകോയ്ക്ക് മുൻകൂറായി പണം നൽകുന്നുണ്ടെങ്കിലും അതാത് സമയം മരുന്നുകൾ ലഭ്യമാകാത്തതിനാൽ പ്രധാനമായും പ്രമേഹം, പ്രോസ്റ്റേറ്റ് സംബന്ധമായ രോഗങ്ങൾ എന്നിവയ്ക്ക് മരുന്നു നൽകാൻ കഴിയാത്ത അവസ്ഥ ആശുപത്രിയിൽ പലപ്പോഴായി സംജാതമാകുന്നുണ്ട്. ഏതാനും മരുന്നുകൾ ഒരു വർഷത്തോളം ആശുപത്രി ഫാർമസിയിൽ സ്റ്റോക്ക് തീർന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ദൗർലഭ്യം അനുഭവപ്പെട്ട ചില മരുന്നുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | മരുന്നിന്റെ പേര് | മരുന്നിന്റെ ഉപയോഗം | മരുന്ന് ലഭ്യമാകാത്ത കാലയളവ് | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | Syzygium Tincture | പ്രമേഹ രോഗത്തിന് | 14.09.2021 – 24.01.2022 | ഓഡിറ്റ് തീയതി (24.01.22) വരെ മരുന്ന് ലഭിച്ചില്ല. |
| 2. | Gymneana Tincture | പ്രമേഹ രോഗത്തിന് | 15.02.2020 – 25.09.2020<br>21.07.2021 – 24.01.2022 | ഓഡിറ്റ് തീയതി (24.01.22) വരെ മരുന്ന് ലഭിച്ചില്ല. |
| 3. | Sabal Serrulata | പ്രോസ്റ്റേറ്റ് സംബന്ധമായ രോഗത്തിന് | 13.03.2021 – 30.12.2021 | |
| 4. | Kalimur | വിവിധ രോഗങ്ങൾക്കുള്ള ബയോ കെമിക്ക് മരുന്ന് | 30.06.2020 – 17.06.2021 | |
| 5. | Calcarea Phos 6X | വിവിധ രോഗങ്ങൾക്കുള്ള ബയോ കെമിക്ക് മരുന്ന് | 30.06.2020 – 22.06.2021<br>25.02.2019 – 28.02.2020 | |
| 6. | Calcarea Flour 6X | വിവിധ രോഗങ്ങൾക്കുള്ള ബയോ കെമിക്ക് മരുന്ന് | 12.02.2019 – 28.02.2020<br>03.07.2020 – 22.03.2021 | |
| 7. | Blank Tab | ----- | 22.02.2021 – 30.12.2021 | |
| 8. | Arnica | ഓയിന്റ്മെന്റ് | 27.03.2021 – 30.12.2021 | |
| 9. | Rhustox | ഓയിന്റ്മെന്റ് | 23.06.2021 – 30.12.2021 | |
| 10. | Thuja | ഓയിന്റ്മെന്റ് | 21.12.2020 – 30.12.2021 | |

ഇൻഡന്റ് ചെയ്യുന്ന ലിസ്റ്റിൽ ഉൾപ്പെടുത്താത്ത മരുന്ന് ഹോംകോ വിതരണം ചെയ്യുന്ന അവസരമുണ്ടായിട്ടുണ്ട്. ഇൻവോയിസ് നം. എൽ.എഫ്.2115/31.12.2021 പ്രകാരം ഹോംകോ വിതരണം ചെയ്ത ക്രമ നം. 196 പ്രകാരം 100 മി.ലി. ഉൾക്കൊള്ളുന്ന 56 കുപ്പി MT/CINA എന്ന മരുന്ന് ആശുപത്രി അധികൃതർ നൽകിയ ഇൻഡന്റിൽ ഉൾപ്പെട്ടിട്ടില്ല (ഇൻഡന്റ് നം. എ1/എസ്1/2020/31.12.2020). ആശുപത്രിയിലേക്ക് ആവശ്യമില്ലാത്ത മരുന്നുകൾ ലഭിക്കുന്നുണ്ടെങ്കിൽ തിരിച്ചയച്ച് പണം തിരികെ ഈടാക്കേണ്ടതാണ്. യഥാസമയം മരുന്നുകൾ വിതരണം ചെയ്യാൻ സ്ഥാപനത്തിന് കഴിയുന്നില്ലെങ്കിൽ മുൻകൂർ നൽകിയ തുക തിരികെ വാങ്ങി ആശുപത്രിയിലേക്കാവശ്യമായ അത്യാവശ്യ മരുന്നുകൾ ടെണ്ടർ/

ക്വട്ടേഷൻ മുഖാന്തിരം വാങ്ങാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ 2020-21 ലെ ചെലവായ 11,85,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. 2019-20 ൽ ലഭിക്കാൻ ബാക്കിയുള്ള 3,77,370/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-58 എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാര വിതരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകം

ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) നടപ്പാക്കിയ എച്ച്.ഐ.വി രോഗികൾക്ക് പോഷകാഹാര വിതരണം എന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0104/2021 |
| പ്രോജക്ട് | എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാര വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ മെഡിക്കൽ ഓഫിസർ ( ആരോഗ്യം) |
| വകയിരുത്തിയ തുക | 37 ലക്ഷം രൂ |
| ചെലവഴിച്ച തുക | 3679789 രൂ |
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം) |

ആകെ 248 ഗുണഭോക്താക്കൾക്കാണ് 2020-21 വർഷത്തിൽ പോഷകാഹാര കിറ്റുകൾ വിതരണം ചെയ്തത് . ഇതിൽ 22 പേർ പുതിയ ഗുണഭോക്താക്കളാണ് . ഒരാൾക്ക് 1250/- രൂപ മൂല്യമുള്ള

പോഷകാഹാര കിറ്റാണ് നല്കി വരുന്നത് .

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു

1. പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല .

2. പ്രോജക്ട് ചെലവുകൾ സ്ഥാപനത്തിന്റെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ആയത് പരിശോധനക്ക് ലഭിച്ചിട്ടില്ല .

3. 29.01.2018 തിയ്യതിയിലെ സ.ഉ(കൈ)11/2018 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 13.1 പ്രകാരമുള്ള വർക്കിങ് ഗ്രൂപ്പിന്റെ മോണിറ്ററിങ് റിപ്പോർട്ട് ഫയലിൽ ഇല്ല .

4. പോഷകാഹാര കിറ്റുകളോടൊപ്പം തന്നെ ക്ലോത്ത് കിറ്റുകളും (കോവിഡ്) വിതരണം ചെയ്തതായി കാണുന്നു .

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക(രൂ) | കിറ്റ് വിതരണം ചെയ്ത ഏജൻസി | ഇൻവോയ്സ് നമ്പർ, തിയ്യതി, ഇൻവോയ്സ് തുക (രൂ) | കോവിഡ് ക്ലോത്ത് കിറ്റിന് ചെലവഴിച്ച തുക |
|---|---|---|---|---|
| 1. | 01/20-21, 14.08.20 , 912113 രൂ | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് | 1101203/20192 , 09.05.2020 , 285407 രൂ | 5193 രൂ |
| 2 | | -ടി- | 1101203/20373, 05.06.2020 , 307798 രൂ | 4444 രൂ |
| 3. | | -ടി- | 1101203/20465, 19.06.2020 , 309908 രൂ | 2652 രൂ |

എച്ച്.ഐ.വി രോഗബാധിതർക്ക് പോഷകാഹാരം വാങ്ങി നല്കുന്നതിനാണ് ജില്ലാ പഞ്ചായത്തുകൾക്ക് അനുമതി ഉള്ളത്. കോവിഡ് ക്ലോത്ത് കിറ്റുകൾ വാങ്ങി നൽകുന്നതിന് അനുമതി ഇല്ല . നൽകുന്നതിനുള്ള അനുമതി ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

5. പോഷകാഹാര കിറ്റുകളുടെ വിതരണം ബന്ധപ്പെട്ട വിതരണ രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും ഗുണഭോക്താക്കൾ അവ കൈപ്പറ്റിയ തിയ്യതി രേഖപ്പെടുത്തുന്നില്ല. പല ദിവസങ്ങളിലായി കൈപ്പറ്റുന്നതിനാണ് സാധ്യത എന്നതിനാൽ കൈപ്പറ്റുന്ന തിയ്യതി രേഖപ്പെടുത്തേണ്ടതാണ് .

6. 29.01.2018 ലെ സ.ഉ(കൈ)11/2018/തസ്വഭവ ഖണ്ഡിക 7.8.3(1) പ്രകാരം എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേനയാണ് എച്ച്.ഐ.വി രോഗബാധിതർക്ക് പോഷകാഹാരം വിതരണം ചെയ്യേണ്ടത്. എന്നാൽ ജില്ലാ എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് പകരം കോഴിക്കോട് നെറ്റ് വർക്ക് ഓഫ് പീപ്പിൾ ലിവിങ് വിത്ത് എച്ച്.ഐ.വി എയ്ഡ്സ് (KNP + ) , എന്ന സംഘടന മുഖേന കിറ്റ് വിതരണം ചെയ്യാനുള്ള കാരണം അറിയിക്കേണ്ടതാണ് . പോഷകാഹാര വിതരണത്തിനു വേണ്ടി KNP + സംഘടനക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജും പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകുന്നുണ്ട്. പ്രോജക്ട് നിർവ്വഹണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഈ സംഘടന, കോഴിക്കോട് ജില്ലാ പഞ്ചായത്ത് അധികൃതരുമായി ഉണ്ടാക്കിയ കരാർ, കിറ്റുകൾ വിതരണം ചെയ്യുന്നതിന് സംഘടനയെ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

7. പോഷകാഹാര കിറ്റ് വിതരണ രജിസ്റ്ററിലൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ ഇല്ല .

8. സിവിൽ സപ്ലൈസിൽ നിന്നുള്ള ഓരോ ഇൻവോയ്സിലും 15 കിറ്റുകൾ (ക്രമ നമ്പർ 234 മുതൽ 248 വരെ) സ്നേഹസ്പർശം കെയർ സെന്ററിന് കൈമാറിയതായാണ് വിതരണ രജിസ്റ്ററിൽ കാണിച്ചിരിക്കുന്നത്. കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റിയുടെ സീൽ പതിച്ചിട്ടുണ്ടെങ്കിലും ഒപ്പിട്ട് കിറ്റുകൾ കൈപ്പറ്റിയത് ആരാണെന്നോ, ഏതൊക്കെ ഗുണഭോക്താക്കൾക്ക് കൈമാറി എന്നോ വ്യക്തതയില്ല .

9. 2020-21 സാമ്പത്തിക വർഷത്തിൽ 22 പുതിയ ഗുണഭോക്താക്കൾ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. ഇവരുടെ ലിസ്റ്റ് കോഴിക്കോട് ജില്ലാ പഞ്ചായത്ത് അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

10.പോഷകാഹാര കിറ്റ് നൽകുന്നതിനുള്ള മൂല്യം 1250/- രൂപയായി നിശ്ചയിച്ചതിന്റെ ആധികാരികത വ്യക്തമാക്കേണ്ടതാണ് .

അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ 52/2020-21 തിയ്യതി 15.02.2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല . അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണ് .

1-59 ഖാദി യൂണിറ്റുകൾക്ക് തറി വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പേര് - | ഖാദി യൂണിറ്റുകൾക്ക് തറിയും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ. |
| പ്രൊജക്ട് നമ്പർ | എസ്.ഒ. 950/21, |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ<br>ജില്ലാ ഖാദി ഗ്രാമവ്യവസായ വകുപ്പ് |
| അടങ്കൽ | 20,00,000(വികസന ഫണ്ട്) |
| ചെലവ് | 12,00,000 (പൊതുവിഭാഗം) |

| | |
|---|---|
| | ബിൽ നമ്പർ 20160152030700437596 / തിയ്യതി-18/8/2020 |
| | 8,00,000 - ബിൽ നമ്പർ -20160152030700664505 തി. 27.10.2020 |
| | 20,00,000 |

വിവിധ ഖാദി യൂനിറ്റുകൾക്ക് നവീകരിച്ച ഇരുമ്പ് ഫ്രെയിം കുപ്പടം തറിയും അനുബന്ധ സാധനങ്ങളും വാങ്ങി നൽകുന്നതിനുള്ള പ്രൊജക്ട് പ്രകാരം 33 തറികൾ വാങ്ങി ബാലുശ്ശേരി ഖാദി സെന്ററിന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി ഒരു സ്ഥാപനത്തിന് മാത്രം ഉപകരണങ്ങൾ നൽകി.

പ്രൊജക്ട് റിപ്പോർട്ട് പ്രകാരം നിലവിലെ പഴക്കം ചെന്ന 20 തറികൾക്ക് പകരം ഖാദി ബോർഡിന്റെ ഗവേഷണ വിഭാഗം രൂപ കല്പന ചെയ്ത ഇരുമ്പ് ഫ്രെയിം കുപ്പടം തറികൾ വാങ്ങി മാറ്റി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വിവിധ യൂണിറ്റുകൾക്ക് നൽകാനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തതെങ്കിലും മൊത്തം പദ്ധതി തുക ഉപയോഗിച്ച് വാങ്ങിയ 33 തറികളും ഒരു സെന്ററിനാണ് കൈമാറിയത്. 2.3.2022 ൽ സെന്റർ സന്ദർശിച്ചതിൽ നിന്നും 8 തറികൾ ജീവനക്കാരുടെ കുറവ് കാരണം ഉപയോഗിക്കുന്നില്ല എന്ന് കാണുകയുണ്ടായി. സ്ഥാപനത്തിന്റെ ആവശ്യകത കണക്കാക്കാതെ അധികം ഉപകരണങ്ങൾ നൽകിയതിനാൽ 4,80,000/- രൂപ വില വരുന്ന 8 തറികൾ ഉപയോഗിക്കാത്ത അവസ്ഥയിലാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.63/2020-21 തീയതി 07.03.2022) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന സെന്ററാണെന്നും ഇനിയും തൊഴിലാളികളെ ലഭിക്കാൻ സാദ്ധ്യതയുള്ള സ്ഥാപനമാണെന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി തൃപ്തികരമല്ല. വികസന ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ മറ്റ് യൂണിറ്റുകൾക്ക് നൽകി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. സ്റ്റോറുകളുടെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

പ്രോജക്ട് പ്രകാരം വാങ്ങിയ 33 തറികളും സ്റ്റോക്കിൽ ചേർത്തിരുന്നില്ല. ആയത് സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ട് ഓഫീസർക്ക് പകരം കേരള ഖാദി ബോർഡ് സെക്രട്ടറിയാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്. ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന് പകരം ഖാദി ബോർഡ് സെക്രട്ടറി ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

4. ഇ-ടെണ്ടറിൽ പങ്കെടുത്ത് തറികൾ വിതരണം ചെയ്തത് സ്പാർക്ക് സൊല്യൂഷൻസ്, തിരുവനന്തപുരം എന്ന സ്ഥാപനമാണ് ടെണ്ടർ രേഖയിലും സ്ഥാപനത്തിന്റെ ലെറ്റർ ഹെഡിലും സ്ഥാപനം എൽ.ഇ.ഡി. ലൈറ്റുകൾ, സോളാർ ലൈറ്റുകൾ എന്നിവയുടെ നിർമ്മാതാക്കളാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തറി നിർമ്മാണം, സ്റ്റീൽ ആന്റ് ഇരുമ്പ് ഉപകരണ നിർമ്മാണം, വിതരണം എന്നിവയുമായി ബന്ധമില്ലാത്ത സ്ഥാപനത്തിന് കുറഞ്ഞ ടെണ്ടർ നിരക്കിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ അംഗീകരിച്ച് നൽകിയത് ശരിയായ നടപടിയല്ല. സ്ഥാപനത്തിന്റെ പ്രസ്തുത മേഖലയിലെ ബന്ധം, പരിചയം എന്നിവ പരിശോധിച്ചിട്ടില്ല.

5. 2 വർഷത്തേക്കുള്ള 5 ശതമാനം പെർഫോമൻസ് സെക്യൂരിറ്റിയായി 65000/- രൂപയുടെ ഫിക്സഡ് ഡെപ്പോസിറ്റ് രശീതിയും 35000/- രൂപയുടെ ചെക്കും സമർപ്പിച്ചതായാണ് ഫയലിൽ രേഖപ്പെടുത്തിയത്.

പെർഫോമൻസ് സെക്യൂരിറ്റിയായി ചെക്ക് സ്വീകരിക്കാൻ പാടില്ലാത്തതാണ്. ആയതിന് പകരം ക്യാഷ്/ഡി.ഡി, നാഷണൽ സേവിംഗ് സർട്ടിഫിക്കറ്റ് മുതലായവ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

6. ഒന്നിന് 2500 രൂപ വില വരുന്ന 8 പേട്ടുപെട്ടികൾ ഇതോടൊപ്പം വാങ്ങിയിട്ടുണ്ടെങ്കിലും ആയത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

7. സ്പാർക്ക് സൊല്യൂഷൻസിന്റെ 10.10.2020 ലെ 54120834943 ഇ-പേ ബിൽ നമ്പർ പ്രകാരം 3025/- രൂപ ജി.എസ്.ടി ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. ബില്ലിൽ രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ 32 ACVPN2539E1Z1 എന്ന ജി.എസ്.ടി. നമ്പർ പ്രസ്തുത സ്ഥാപനത്തിന്റേതാണെന്ന് ഉറപ്പ് വരുത്തേണ്ടതും ജി.എസ്.ടി. സർക്കാരിലേക്ക് അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

8. പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-60 ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ - നടപ്പാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ , 2020-21 വർഷം താഴെപ്പറയുന്ന പ്രോജക്ടുകളാണ് നടപ്പാക്കിയത് .

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച ആകെ തുക , ഫണ്ട് | ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളുടെ എണ്ണം |
|---|---|---|---|---|
| 1. | S0947 / 21 | മിൽക്ക് ഇൻസന്റീവ് (ജനറൽ) | 11175222 രൂ , വികസനഫണ്ട്- പൊതുവിഭാഗം | 22 |
| 2. | S0948 / 21 | ക്ഷീരഗ്രാമം (വനിത) | 4740000 രൂ , വികസനഫണ്ട്- പൊതുവിഭാഗം | 19 |
| 3. | S0015 / 21 | പാലിന് സബ്സിഡി (ജനറൽ) | 1 കോടി രൂ , വികസനഫണ്ട്- പൊതുവിഭാഗം | 43 |
| 4. | S1007 / 21 | സുഭിക്ഷ കേരളം - മിൽക്ക് ഇൻസെന്റീവ് (വനിത) | 9422617 രൂ , വികസനഫണ്ട്- പൊതുവിഭാഗം | 10 |
| 5. | S0059 / 21 | ക്ഷീരഗ്രാമം (വനിത) | 7635000 രൂ , വികസനഫണ്ട്- പൊതുവിഭാഗം | 33 |

മേൽ പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്ന .

(1) (A) സംയുക്ത പ്രോജക്ടുകളായാണ് മേൽപരാമർശിച്ച പ്രോജക്ടുകൾ നടപ്പാക്കിയത്. ജില്ലാപഞ്ചായത്ത് വിഹിതം അലോട്ട്മെന്റ് ആയി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുകയും ഗ്രാമപഞ്ചായത്തുകൾ പ്രോജക്ട് നിർവ്വഹണം നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. ആകെ 4,29,72,839 രൂപയുടെ ജില്ലാ പഞ്ചായത്ത് വിഹിതമാണ് ഇപ്രകാരം ഗ്രാമപഞ്ചായത്തുകളിലൂടെ ചെലവഴിച്ചത് . സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകൾക്കാണെങ്കിലും ജില്ലാ പഞ്ചായത്തിൽ നിന്നും കൈമാറിയ അലോട്ട്മെന്റ് തുകകളുടെ വിനിയോഗം കൃത്യമായി മോണിറ്റർ ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പിനുണ്ട്. വർക്കിങ് ഗ്രൂപ്പുകളുടെ മോണിറ്ററിങ് ഉത്തരവാദിത്തങ്ങൾ 29.01.2018 തിയ്യതിയിലെ സ.ഉ(കൈ)11/2018 /തസ്വഭവ നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 13.1 ൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം മൃഗസംരംക്ഷണവും ക്ഷീരവികസനവും വർക്കിങ് ഗ്രൂപ്പ് 05.01.2021 തിയ്യതിയിൽ മാത്രമാണ് യോഗം കൂടിയത്. പ്രോജക്ടുകളുടെ മോണിറ്ററിങ് സംബന്ധിച്ച് വർക്കിങ് ഗ്രൂപ്പിന്റെ യോഗത്തിൽ ചർച്ച ചെയ്തിട്ടില്ല. പദ്ധതികളുടെ നിർവ്വഹണത്തിന് ഇത്രയും വലിയ തുക കൈമാറി നല്കിയ ശേഷം പിന്നീട് വർക്കിങ് ഗ്രൂപ്പ് തലത്തിൽ യാതൊരു മേൽനോട്ടവും ഇല്ലാതെ പോകുന്നത് ശരിയായ നടപടിയല്ല .

(B) മേൽപരാമർശിച്ച സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ പങ്കാളികളായ ഗ്രാമപഞ്ചായത്തുകളുടെ ബന്ധപ്പെട്ട പ്രോജക്ട് നമ്പർ, ഗ്രാമപഞ്ചായത്ത് വിഹിതം, ആകെ ചെലവഴിച്ച തുക, തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരുവിവരം, ബന്ധപ്പെട്ട ക്ഷീര വികസന സംഘങ്ങളുടെ പേരു വിവരം എന്നിവയടങ്ങിയ വിശദമായ ഒരു വിനിയോഗ സാക്ഷ്യപത്രം മേൽ പരാമർശിച്ച സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

2. 29.01. 2018 തിയ്യതിയിലെ സ.ഉ.(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 3.5.4 ക്രമ നമ്പർ (5) പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുൻപ് ഒരു കരാർ ഒപ്പിടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . എന്നാൽ 2020-2021 വർഷത്തെ സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ ഇങ്ങനെയൊരു കരാർ ഒപ്പിട്ടതായി കാണുന്നില്ല. ഇതുകാരണം പങ്കാളികളാകുന്ന ഗ്രാമപഞ്ചായത്തുകളുടെ കരാർ ബന്ധിതമായ പങ്കാളിത്തം ഉറപ്പു വരുത്താൻ കഴിയാതെ പോകുന്നു. സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച് 19.05.2015 തിയ്യതിയിൽ പുറപ്പെടുവിച്ച സ.ഉ(അ)187/2015/ധനം നമ്പർ ഉത്തരവിലും 23.01.2017 തിയ്യതിയിലെ സ.ഉ(അ)07/2017/ധനം നമ്പർ ഉത്തരവിലും സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ പങ്കാളികൾ തമ്മിൽ കരാർ ഒപ്പിടേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ 05.11.2021 തിയ്യതിയിലെ 06/20-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 16.11.21 ലെ ഡി-14/2020 നം. കത്ത് പ്രകാരം ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച മറുപടിയിൽ സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ തമ്മിൽ കരാർ ഒപ്പിടുന്നുണ്ടെന്നും ആയവ നിർവ്വഹണ ഉദ്യോഗസ്ഥന് ലഭിക്കാറില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത് . ഈ മറുപടി അംഗീകരിക്കാവുന്നതല്ല . കരാറുകളുടെ പകർപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

(3) 29.01.2018 തിയ്യതിയിലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 3.1.2 ക്രമനമ്പർ (സി)(1) പ്രകാരം വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനം, വർക്കിങ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ നിലവിലുള്ള അവസ്ഥാരേഖ (Status Report ) കാലോചിതമായി പരിഷ്കരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മൃഗസംരക്ഷണവും ക്ഷീരവികസനവും സംബന്ധിച്ച് നിലവിലുള്ള സ്റ്റാറ്റസ് റിപ്പോർട്ട് 2017 ൽ കൂടിയ (മുഴുവൻ തിയ്യതി നല്കിയിട്ടില്ല) വർക്കിങ് ഗ്രൂപ്പ് യോഗം അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് അവസാനമായി എന്നാണ് പരിഷ്കരിച്ചത് എന്നത് സംബന്ധിച്ച് വ്യക്തതയില്ല. അവസാനമായി സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കിയ തിയ്യതി അറിയിക്കേണ്ടതാണ് .

4. 2020-21 വർഷത്തിൽ ക്ഷീര വികസന രംഗത്ത് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ മുഴുവൻ പ്രോജക്ടുകളും സംയുക്ത പ്രോജക്ടുകളാണ്. അതാത് ഗ്രാമപഞ്ചായത്തുകളുടെ റിക്വിസിഷൻ അനുസരിച്ച്

ഫണ്ട് അലോട്ട്മെന്റ് ജില്ലാ പഞ്ചായത്ത് ഓഫീസ് മുഖേന കൈമാറി നല്കുന്നതോടെ തുക ചെലവഴിക്കുന്നത് സംബന്ധിച്ച ചുമതല അതാത് ഗ്രാമപഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടേതായി മാറുന്നു . ഇത്തരത്തിൽ തുക കൈമാറുന്ന പ്രോജക്ടുകൾ മാത്രമേ 2020-21 വർഷത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റേതായി ക്ഷീരവികസന രംഗത്ത് നടപ്പാക്കിയിട്ടുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 173(1) -ാം വകുപ്പ് - 5-ാം പട്ടിക – ക്രമനമ്പർ ബി - II പ്രകാരം മൃഗസംരക്ഷണവും ക്ഷീരോല്പാദനവും എന്ന മേഖലയിൽ താഴെപ്പറയുന്നവ ജില്ലാ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ പെടുന്നു.

(I) ക്ഷീരവികസന യൂണിറ്റുകൾ നടത്തുക .

(Ii) റീജിയണൽ ഫാമുകളല്ലാത്ത ഫാമുകളും , ബ്രീഡിങ് ഫാമുകളും ഗവേഷണ കേന്ദ്രങ്ങളും നടത്തുക .

(Iii) ജില്ലാ തല പരിശീലനം നടത്തുക .

(Iv) ഫീൽഡ് ട്രയലുകളുടേയും പൈലറ്റ് പദ്ധതികളുടേയും നൂതന മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുക.

(V) പ്രാദേശിക പ്രസക്തിയുള്ള ഗവേഷണവും വികസനവും.

ഇത്തരം ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉതകുന്ന പ്രോജക്ടുകൾ നിലവിലുള്ള പദ്ധതി മാർഗ്ഗരേഖക്കും സബ്സിഡി മാർഗ്ഗരേഖക്കും അനുരൂപമാകുന്നില്ലെങ്കിൽ നൂതന പ്രോജക്ടുകളായി വിഭാവനം ചെയ്ത് നടപ്പാക്കാൻ 29.01.2018 തിയ്യതിയിലെ സ.ഉ(കൈ)11/2018/തസ്വഭവ ഖണ്ഡിക 3.8.4 പ്രകാരം അനുമതി നല്കിയിട്ടുണ്ട് . 14.02.2018 തിയ്യതിയിലെ സ.ഉ(കൈ)22/2018/തസ്വഭവ ഖണ്ഡിക 6.2 പ്രകാരമുള്ള പട്ടികയിൽ ക്രമനമ്പർ 15, 18, 20, 21 എന്നിവയിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള പ്രോജക്ടുകളും ക്ഷീരവികസന രംഗത്ത് വൻകുതിപ്പേകാൻ പര്യാപ്തമായവയാണ്. എന്നാൽ ഇത്തരം സാധ്യതകളൊന്നും പ്രയോജനപ്പെടുത്താതെയാണ് 2020-21 ൽ ഫണ്ട് കൈമാറുക എന്ന രീതിയിൽ മാത്രം പ്രോജക്ട് നിർവ്വഹണം നടന്നത് .

സ്റ്റാറ്റസ് റിപ്പോർട്ടിലെ 'മൃഗ സംരക്ഷണ മേഖലയിലെ നിലവിലെ അവസ്ഥ , പ്രശ്നങ്ങൾ, വികസന പരിപ്രേക്ഷ്യം' എന്ന ഭാഗത്ത് ക്ഷീരമേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് കാരണങ്ങളായി കാലിത്തീറ്റയുടെ വില വർദ്ധനവ്, പച്ചപ്പുല്ലിന്റെ ദൗർലഭ്യം, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ പരാമർശിച്ചിട്ടുണ്ട്. ഇതിന് പരിഹാരങ്ങളായി നിർദ്ദേശിച്ചത് കറവയുള്ള പശുക്കൾക്ക് ഇൻഷുറൻസ് , കാലിത്തീറ്റ ലഭ്യമാക്കൽ, തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് . സ്റ്റാറ്റസ് റിപ്പോർട്ടിന്റെ മറ്റൊരു ഭാഗത്ത് വൈകുന്നേരം പാൽ സംഭരണം കുറവായതിനാൽ മിൽക്ക് കൂളറുകൾ സ്ഥാപിക്കേണ്ടതുണ്ട് എന്നു പരാമർശിച്ചു കാണുന്നു. കൂടാതെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഗുണമേൻമ കുറഞ്ഞ പാലിനെ പ്രതിരോധിക്കേണ്ട ആവശ്യകതയെ കുറിച്ചും സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഇതിനൊക്കെ പരിഹാരം നിർദ്ദേശിച്ചിരിക്കുന്നത് ഗ്രാമപഞ്ചായത്ത് തലത്തിലും, സർക്കാർ തലത്തിലുമാണ് . ജില്ലാപഞ്ചായത്ത് തലത്തിൽ എന്തൊക്കെ സാധ്യമാകും എന്നത് പരിശോധിച്ചിട്ടില്ല. അതുകൊണ്ടു തന്നെ ഇത്തരം പ്രോജക്ടുകൾ വിഭാവനം ചെയ്യപ്പെടുന്നുമില്ല. ജില്ലാ പഞ്ചായത്ത് എന്ന ഉയർന്ന തലത്തിൽ അർഹമായ ഗൗരവത്തോടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾക്ക് അനുയോജ്യമായ പ്രോജക്ടുകൾ വിഭാവനം ചെയ്യാതെ സംയുക്ത പ്രോജക്ടുകൾ എന്ന പേരിൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഫണ്ട് അലോട്ട്മെന്റ് നടത്തുന്ന പ്രോജക്ടുകൾ മാത്രം 2020-21 വർഷത്തിൽ നടപ്പാക്കിയത് ശ്രദ്ധയിൽ കൊണ്ടുവരുന്നു .

(5) നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട TR 7A ക്യാഷ് ബുക്ക് പരിശോധനക്ക് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ 05.11.2021 തിയ്യതിയിലെ 06/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ 16.11.21 ലെ ഡി14/2020 നമ്പർ മറുപടി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ നടന്ന സാമ്പത്തിക ഇടപാടുകൾ സാംഖ്യ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയത് സംബന്ധിച്ച് അവ്യക്തതയുള്ളതിനാലാണ് ക്യാഷ് ബുക്ക് എഴുതാൻ കഴിയാതെ പോയതെന്ന് വിശദീകരിച്ചിട്ടുണ്ട് . സാംഖ്യ സോഫ്റ്റ് വെയറുമായുള്ള സാങ്കേതിക പ്രശ്നങ്ങൾ ഐ.കെ.എം

അധികൃതരുടെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കേണ്ടതും മുഴുവൻ ഇടപാടുകളുടേയും വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ് .

1-61 മരുന്ന് വാങ്ങൽ പ്രോജക്ടിന്റെ ടെണ്ടർ , സ്റ്റോക്ക് രജിസ്റ്റർ , മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല - നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ , മൃഗസംരക്ഷണ വകുപ്പ്

1. മരുന്ന് വിതരണവുമായി ബന്ധപ്പെട്ട് 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .

| പ്രോജക്ട് നമ്പർ | പ്രോജക്ട് | ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക ,ഫണ്ട് |
|---|---|---|
| 944 /21 | ജില്ലാ വെറ്ററിനറി കേന്ദ്രം , RPF ചാത്തമംഗലം , കൂത്താളി ഫാം എന്നിവിടങ്ങളിലേക്ക് മരുന്ന് വാങ്ങൽ | 1. DP1/20-21 , തി. 22/04/20 , 148755 രൂ.<br>2. DP2/20-21 , തി. 28/04/20, 40734 രൂ.<br>3. DP3/20-21 , തി.03.12.20 , 52072 രൂ.<br>(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് ) |

(A) അലൈഡ് ഏജൻസീസ് ചാലപ്പുറം, ഒറിജിൻ ഫാർമസ്യൂട്ടിക്കൽസ് വെഞ്ഞാറമൂട് തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളാണ് മരുന്ന് വിതരണം നടത്തിയത്. എന്നാൽ ഈ സ്ഥാപനങ്ങളെ മരുന്ന് വിതരണത്തിനായി തെരഞ്ഞെടുത്ത ടെണ്ടർ രേഖകളുടെ വിശദാംശങ്ങൾ സ്ഥാപനത്തിന്റെ ഇ - ഫയലിംഗ് പോർട്ടലിൽ ലഭ്യമല്ല. ടെണ്ടർ നോട്ടീസ്, സമർപ്പിച്ച ടെണ്ടറുകൾ, ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, നല്കിയ സപ്ലൈ ഓർഡർ, വിതരണ സ്ഥാപനങ്ങളുമായി ഒപ്പിട്ട കരാർ എന്നിവയുടെ പകർപ്പുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

(B) മരുന്നുകൾ സ്റ്റോക്കിലെടുത്തതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയെങ്കിലും ബന്ധപ്പെട്ട താഴെപ്പറയുന്ന സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല .

| ക്രമ നമ്പർ | മരുന്നുകൾ കൈപ്പറ്റിയ സ്ഥാപനം | സ്റ്റോക്ക് രജിസ്റ്ററിന്റെ പേര് | ട്രഷറി ബിൽ , നമ്പർ , | കൈപ്പറ്റിയ മരുന്നുകളുടെ മൂല്യം | ഇൻവോയ്സ് നമ്പർ , തിയ്യതി | മരുന്ന് വിതരണക്കാർ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | തിയ്യതി , തുക | | | |
| 1. | RPF ചാത്തമംഗലം | Patent Drug Register | DP3/20-21 , തി.03.12.20 , 52072 രൂ | 8241.5 രൂ | OP217A തി. 06.05.20 | ഒറിജിൻ ഫാർമസ്യൂട്ടിക്കൽസ്, വെഞ്ഞാറമ്മൂട് , തിരുവനന്തപുരം . |
| 2. | DAF കുത്താളി | Medicine Stock Register Vol. II | | 11716 രൂ | OP216A തി.06.05. | |
| 3. | RPF ചാത്തമംഗലം | Patent Drug Register | DP2/20-21 , തി. 28/04/20, 40734 രൂ | 27960 രൂ | CD0994 തി. 27.03.20 | അലൈഡ് ഏജൻസീസ്, ചാലപ്പുറം , കോഴിക്കോട് |
| 4. | DAF കുത്താളി | Medicine Stock Register Vol. II | | 12774 രൂ | CD0095 തി. 27.03.20 | |

2. ഇൻവോയ്സിൽ രേഖപ്പെടുത്തിയ മുഴവൻ മരുന്നം വിതരണം ചെയ്യാത്തതും ആവശ്യപ്പെടാത്ത മരുന്നുകൾ വിതരണം ചെയ്തതും കാണുന്നു . വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | പ്രോജക്ട് | ട്രഷറി ബിൽ നമ്പർ , തിയ്യതി | ഇൻവോയ്സ് നമ്പർ , തിയ്യതി, തുക | വിതരണക്കാർ | റിമാർക്സ് |
|---|---|---|---|---|---|
| 1. | S0944/21 | DP1/20-21 തി. 22/04/20 148755 രൂ. | CD0997/ 27.03.20 , 206881 രൂ | അലൈഡ് ഏജൻസീസ് | ഇൻവോയ്സിലെ ക്രമനം. 1,4,5,8,19,20,21,22,32 പ്രകാരമുള്ള മരുന്നുകൾ വിതരണം ചെയ്തിട്ടില്ല . ഇക്കാര്യം വിതരണ സമയത്ത് ബന്ധപ്പെട്ട വെറ്ററിനറി സർജ്ജൻ കണ്ടെത്തി സാക്ഷ്യപ്പെടുത്തിയതിനാൽ ബാക്കിയുള്ളവയുടെ വിലയായ 148755 രൂപയാണ് പെയ്മെന്റ് നടത്തിയത് . |
| 2. | | DP2/20-21 തി. 28/04/20, 40734 രൂ. | CD0995/ തിയ്യതി 27.03.20, 12774 രൂ | അലൈഡ് ഏജൻസീസ് | ഇൻവോയ്സ് പ്രകാരം വേണ്ടത് Discriticin.S ആണ് . എന്നാൽ വിതരണം ചെയ്തത് Pensbiotic 2.5 Gm Injection ആണ് . |

സ്ഥാപനം ഇൻഡന്റ് നല്കിയ മുഴവൻ മരുന്നുകളും വിതരണം ചെയ്യാത്തത് സംബന്ധിച്ചും ഇൻവോയ്സുകളിൽ രേഖപ്പെടുത്തിയ മരുന്നുകൾ വിതരണം ചെയ്യാത്തതും, തെറ്റായി വിതരണം ചെയ്തതും ബന്ധപ്പെട്ട വിതരണക്കാരെ അറിയിച്ചതായി കാണുന്നില്ല. വിതരണക്കാരുമായി ചമക്കുന്ന

കരാറുകളും പരിശോധനക്ക് ലഭിച്ചിട്ടില്ല .

3. വിതരണം ചെയ്ത മരുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിൽ കുറവ് വന്നു .

| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | ഇൻവോയ്സ് നമ്പർ , തിയ്യതി , ഇൻവോയ്സ് തുക (രൂ) | വിതരണക്കാർ | മരുന്ന കൈപ്പറ്റിയ സ്ഥാപനം | സ്റ്റോക്ക് രജിസ്റ്റർ വിശദാംശങ്ങൾ |
|---|---|---|---|---|
| DP1/20-21 തി. 22.04.20 , 148755 രൂ | CD 0997 / തിയ്യതി 27.03.20, 148755 രൂ | അലൈഡ് ഏജൻസീസ് , ചാലപ്പുറം , കോഴിക്കോട് | ജില്ലാ വെറ്ററിനറി കേന്ദ്രം , കോഴിക്കോട് (DVC) | DVC മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ വോള്യം III |

ഇൻവോയ്സ് പ്രകാരം വിതരണം ചെയ്ത മരുന്നുകളിൽ ചില മരുന്നുകളുടെ കാര്യത്തിൽ സ്റ്റോക്കിലെടുത്തതിൽ കുറവ് വന്നിട്ടുണ്ട് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | ഇൻവോയ്സ് പ്രകാരമുള്ളതും പെയ്മെന്റ് നടത്തിയതുമായ മരുന്ന് | നിരക്ക് (രൂ.) | വിതരണം ചെയ്ത എണ്ണം | ആകെ തുക (രൂ.) | സ്റ്റോക്കിൽ എടുത്ത എണ്ണം (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം) | സ്റ്റോക്കിൽ എടുത്തതിൽ കുറവ് വന്നത് (രൂ.) |
|---|---|---|---|---|---|---|
| 1. | Petcryl FS 2346 | 508 | 37 | 18796 | 36 | 508 |
| 2. | Petcryl FS 2345 | 508 | 37 | 18796 | 36 | 508 |

അപാകങ്ങൾ ശ്രദ്ധയിൽപെടുത്തിക്കൊണ്ട് ഓഡിറ്റ് വിഭാഗത്തിൽ നിന്നും നല്കിയ 25.11.2021 – ലെ 14/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല. ടെണ്ടർ രേഖകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതും മറ്റ് അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതുമാണ് .

1-62 മൃഗ സംരക്ഷണ മേഖലയിൽ നടപ്പാക്കിയ പ്രോജക്കുകളിലെ അപാകങ്ങൾ

മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്കുകളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | പ്രോജക്റ്റ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|---|---|
| 1. | പോത്തുകുട്ടി വളർത്തൽ (S0010 / 21 ) | 16,60,000 രൂ. | 11,24,000രൂ. | വികസനഫണ്ട് (പൊതു വിഭാഗം) |
| 2. | മുട്ടഗ്രാമം പദ്ധതി (S0022 / 21 ) | 67,50,000 രൂ | 31,56,625രൂ. | വികസനഫണ്ട് (പൊതു) |
| 3. | ജില്ലാ വെറ്ററിനറി കേന്ദ്രം , RPF ചാത്തമംഗലം , കൂത്താളി ജില്ലാ കൃഷിത്തോട്ടം എന്നിവിടങ്ങളിലേക്ക് മരുന്ന് വാങ്ങൽ (S0944 /21 ) | 3 28 010 രൂ. | 2,41,561 രൂ. | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) |
| 4. | മുട്ട ഗ്രാമം (S0973 / 21 ) | 33,17,937 രൂ. | 32,25,063രൂ. | വികസന ഫണ്ട് (പൊതു) |

1. ക്രമനമ്പർ 1, 2, 4 എന്നിവ ഗ്രാമ/ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ഉൾക്കൊള്ളിച്ച് സംയുക്ത പ്രോജക്ടുകളായാണ് നടപ്പാക്കിയത്. ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ അലോട്ട്മെന്റ്, പ്രോജക്ടിൽ പങ്കാളികളാകുന്ന അതാത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുകയും അവർ ട്രഷറിയിൽ ബിൽ സമർപ്പിച്ച് ചെലവ് ചെയ്യുന്ന മുറക്ക് ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ ചെലവ് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ബുക്ക് ചെയ്യപ്പെടുകയുമാണ്. ജില്ലാപഞ്ചായത്ത് വിഹിതത്തിന്റെ അലോട്ട്മെന്റ് അതാത് പഞ്ചായത്തുകൾക്കാണ് കൈമാറുന്നത് എന്നതിനാൽ പ്രോജക്ടുകൾ പൂർത്തീകരിക്കുന്ന മുറക്ക് അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുണ്ട് . ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ട് നമ്പർ, ഗ്രാമ/ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ, അവയിൽ നിന്നുള്ള ചെലവ്, ഗുണഭോക്തൃ വിഹിതം ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ, ഗുണഭോക്താക്കളുടെ എണ്ണം, വിതരണം ചെയ്ത മൃഗങ്ങൾ/പക്ഷികളുടെ എണ്ണം , എന്നിവയടങ്ങിയ വിശദമായ വിനിയോഗ സാക്ഷ്യപത്രമാണ് സമർപ്പിക്കേണ്ടത് . മേൽ പ്രോജക്ടുകളുടെ കാര്യത്തിൽ ഇപ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. ചില പ്രോജക്ടുകളിൽ പഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ വെറ്ററിനറി സർജ്ജന്മാർ വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടുണ്ടെങ്കിലും മുഴുവൻ ചെലവിനുമുള്ള സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. തുക കൈപ്പറ്റിയ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും സെക്രട്ടറിമാരിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റുകളും അതാത് പഞ്ചായത്തുകളിലെ ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് റിപ്പോർട്ടിന്റെ പകർപ്പുകളും ലഭ്യമാക്കേണ്ടതാണ് .

2. നിർവ്വഹണ ഉദ്യോഗസ്ഥൻ എഴുതി സൂക്ഷിക്കേണ്ട പ്രോജക്ട് രജിസ്റ്റർ സ്ഥാപനത്തിൽ ലഭ്യമല്ല. 12.04.2006 തിയ്യതിയിലെ ജി.ഒ(പി)177/2006/ധനം നമ്പർ ഉത്തരവിലെ ഖണ്ഡിക നമ്പർ 26.6 പ്രകാരം അനക്സർ B-V മാതൃകയിലുള്ള പ്രോജക്ട് രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥർ പരിപാലിക്കേണ്ടതുണ്ട് .

3. സംയുക്ത പ്രോജക്ടുകളുടെ ചെലവ് വിവരങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 12.04.2006 തിയ്യതിയിലെ ജി.ഒ(പി)177/2006/ധനം ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ്ബുക്ക് പരിപാലിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ് .

4. പ്രോജക്ട് നമ്പർ S0944 /21 ന മായി ബന്ധപ്പെട്ട് 03.12.2020 തിയ്യതിയിലെ DP3/20-21 നമ്പർ ട്രഷറി ബിൽ പ്രകാരം 52072 രൂപ മാറിയിട്ടുണ്ടെങ്കിലും ആയതിന്റെ വിവരങ്ങൾ കാഷ് ബുക്കിൽ ചേർത്തിട്ടില്ല .

അപാകങ്ങൾ ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് നല്കിയ 15/2020-21 തിയ്യതി 25.11.2021 നമ്പർ ഓഡിറ്റ്

എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല. ആവശ്യമായ രേഖകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതും അപാകങ്ങൾക്ക് മറുപടി നല്കേണ്ടതുമാണ് .

1-63 മരുന്നിന്റെ ലിസ്റ്റ് യഥാസമയം ലഭിക്കാത്തതിനാൽ മരുന്ന വാങ്ങൽ പ്രോജക്ട് നടപ്പാക്കാനായില്ല

താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ , മൃഗസംരക്ഷണ വകുപ്പ് |
| പ്രോജക്ട് നമ്പർ | 026 /21 |
| പ്രോജക്ടിന്റെ പേര് | ജില്ലാ വെറ്ററിനറി കേന്ദ്രം , RPF ചാത്തമംഗലം,കൂത്താളി ഫാം എന്നിവിടങ്ങളിലേക്ക് മരുന്ന വാങ്ങൽ |
| വകയിരുത്തിയ ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| വകയിരുത്തിയ തുക (സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം ) | 0 |
| അംഗീകരിച്ച പ്രോജക്ട് പ്രകാരം വകയിരുത്തിയ തുക | 10 ലക്ഷം രൂ |

(I) അംഗീകരിച്ച പ്രോജക്ട് പ്രകാരം 10 ലക്ഷം രൂ തുക വകയിരുത്തൽ ആവശ്യമുള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം വകയിരുത്തൽ പൂജ്യമാണ് . മേൽ പരാമർശിച്ച പ്രോജക്ട് സാമ്പത്തിക വർഷാവസാനം ഒഴിവാക്കുകയോ , വകയിരുത്തൽ മറ്റേതെങ്കിലും പ്രോജക്ടിലേക്ക് പുനർനിർണയിക്കുകയോ ചെയ്തതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ് . ആയവ ബന്ധപ്പെട്ട ഇ - ഫയലിൽ ലഭ്യമല്ല .

(Ii) ജില്ലാ മൃഗാശുപത്രി , റീജിയനൽ പൌൾട്രി ഫാം , കൂത്താളി ജില്ലാ കൃഷിത്തോട്ടത്തിലെ ഡയറിഫാം എന്നിവിടങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനുള്ള 10 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയ ശേഷം സ്ഥാപനത്തിലേക്ക് ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 17.08.2020 തിയ്യതിയോടെ DAHO/KKD/621/2020-B4 നമ്പറായി നിർവ്വഹണ ഉദ്യോഗസ്ഥൻ കൂത്താളി - ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ടിന് കത്തയച്ചിട്ടുണ്ട്. 31.08.2020 നകം ലിസ്റ്റ് ലഭ്യമാക്കുവാനാണ് ആവശ്യപ്പെട്ടെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല . മറ്റു സ്ഥാപനങ്ങളായ RPF, DVC എന്നിവർ 14.09.2020 ,

28.09.2020 തിയ്യതികളിലായി ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കി നല്കി . എന്നാൽ 20.10.2020 , 11.12.20 തിയ്യതികളിലായി കത്തുകളയച്ചിട്ടും ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ട് മറുപടി നല്കിയില്ല. ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ് 04.01.2021 ൽ മാത്രമാണ് ജില്ലാ കൃഷിത്തോട്ടം അധികൃതരിൽ നിന്നും ലഭിച്ചത്. ഈ കാലതാമസം പദ്ധതിയുടെ മൊത്തം നിർവ്വഹണത്തേയും ബാധിച്ചു. എല്ലാ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ് കിട്ടിയ ശേഷം 12.02.2021 തിയ്യതിയിൽ ടെണ്ടർ വിളിക്കുകയും സ്വീകരിച്ച ടെണ്ടർ അംഗീകരിച്ചു തരണമെന്ന് ആവശ്യപ്പെട്ട് 18.03.2021 ലും 25.03.2021 ലും നിർവ്വഹണ ഉദ്യോഗസ്ഥൻ കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കത്തുകൾ അയച്ചെങ്കിലും ബഹു.കേരള നിയമസഭയിലേക്ക് നടന്ന ഇലക്ഷന്റെ ഭാഗമായി മാതൃകാ പെരുമാറ്റച്ചട്ടം 26.02.2021 മുതൽ ബാധകമാക്കിയതിനാൽ പ്രോജക്ട് സാധാരണ രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞില്ല. ഇലക്ഷൻ കമ്മീഷന്റെ അനുമതി ലഭിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് 27.03.2021 തിയ്യതിയിലെ പി4 – 1568/ 2021 നമ്പർ കത്തയച്ചെങ്കിലും മറുപടി ലഭിച്ചില്ല. പ്രതിദിനം 200 ൽ അധികം മൃഗങ്ങളെ ചികിത്സക്ക് കൊണ്ടുവരുന്നതും, രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്നതുമായ DVC, ജില്ലയിലെ മുഴുവൻ എഗ്ഗർ നഴ്സറികൾക്കും ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പേരന്റ് സ്റ്റോക്കിൽ പെട്ട കോഴികളെ പരിപാലിക്കുന്ന ചാത്തമംഗലം RPF എന്നീ സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ നിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടാണ് ഇങ്ങനെ നടപ്പാക്കാൻ കഴിയാതെ പോയത്. പ്രോജക്ട് സമയബന്ധിതമായി നടപ്പാക്കുന്നതിന് ഏറ്റവും അധികം വിഘാതം സൃഷ്ടിച്ചത് കൂത്താളി ജില്ലാ കൃഷിത്തോട്ടം അധികൃതർ അവരുടെ സ്ഥാപനത്തിന് ആവശ്യമായ മരുന്നുകൾ അറിയിക്കുന്നതിൽ വരുത്തിയ കാലതാമസമാണെന്ന കാണാം. ഇത്തരം പ്രോജക്ടുകൾക്ക് ഇലക്ഷൻ കമ്മീഷൻ അനുമതി നിഷേധിക്കാൻ ഇടയുണ്ടായിരുന്നില്ല എങ്കിലും എത്രയും പെട്ടെന്ന് വിവരം ഉചിതമാർഗ്ഗേണ ഇലക്ഷൻ കമ്മീഷനെ അറിയിക്കുന്നതിൽ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തും വിഷയത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തും വീഴ്ച വന്നിട്ടുണ്ട്. യഥാസമയം മരുന്നിന്റെ ലിസ്റ്റ് നല്കാതെ, 10 ലക്ഷം രൂപ വകയിരുത്തിയ പദ്ധതി നടപ്പാക്കാൻ കഴിയാതെ പോയ സാഹചര്യത്തിന് പ്രധാന കാരണക്കാരനായ കൂത്താളി ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ടിന്റെ നടപടി സംബന്ധിച്ച് ജില്ലാപഞ്ചായത്ത് അധികൃതരെ നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. ഉദ്യോഗസ്ഥരുടെ കുറ്റകരമായ അനാസ്ഥ കാരണം വിവിധ തലങ്ങളിലെ ചർച്ചകൾക്കും പരിശോധനകൾക്കും ശേഷം അംഗീകാരം ലഭിക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണം നടക്കാതെ പോകുന്നത് ശരിയായ നടപടിയല്ല. ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു . ഇത് സംബന്ധിച്ച് ഓഡിറ്റ് വിഭാഗത്തിൽ നിന്നും 25.11.2021 തിയ്യതിയോടെ നല്കിയ 16/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല .

## 1-64 ജില്ലാ മൃഗസംരക്ഷണ കേന്ദ്രം (DVC) കോഴിക്കോട് – രശീത് പിരിവിലെ അപാകങ്ങൾ

ജില്ലാ മൃഗ സംരക്ഷണ കേന്ദ്രം കോഴിക്കോടിന് ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച രശീത് പുസ്തകങ്ങളുപയോഗിച്ചുള്ള പണപ്പിരിവിലെ പൊതു അപാകങ്ങൾ താഴെപ്പറയുന്നു .

(I ) രശീത് ഉപയോഗിച്ചുള്ള പണപ്പിരിവ് , തുക ബാങ്കിലടക്കൽ എന്നിവയിലെ അപാകങ്ങൾ

1. രശീതുകൾ റദ്ദാക്കൽ

ബുക്ക് നമ്പർ 493 , രശീത് നമ്പർ - 42

2011 -ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 11 – ൽ നിഷ്കർഷിക്കും പ്രകാരമല്ല രശീതുകൾ റദ്ദ് ചെയ്യുന്നത്. റദ്ദാക്കൽ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ, റദ്ദാക്കലിനുള്ള കാരണം രേഖപ്പെടുത്തുയോ ചെയ്യുന്നില്ല .

2. പിരിവ് തുക തൊട്ടടുത്ത ദിവസം ബാങ്കിലടക്കുന്നില്ല

കെ.എഫ്.സി വോള്യം 1 ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കലക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറിയിൽ / ബാങ്കിലടക്കേണ്ടതാണ് . ദൂരക്കൂടുതലോ മറ്റേതെങ്കിലും കാരണത്താലോ തുക ഒടുക്കുവാൻ സാധിക്കാതെ വന്നാൽ ആഴ്ചയിലൊരിക്കൽ അവസാന പ്രവൃത്തി ദിവസങ്ങളിൽ അടവാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ പണം ലഭിച്ച ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അക്കൗണ്ടിൽ ഒടുക്കിയെന്ന് ഉറപ്പാക്കേണ്ടതാണ്. 2020-21 വർഷത്തിൽ ഒരു ദിവസം പോലും മേൽ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. തുക ബാങ്കിൽ അടക്കാൻ 10 ദിവസത്തിലധികം വൈകിയതിന്റെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമ നം | വരവ് തിയ്യതി കാലയളവ് | ബാങ്കിൽ അടവാക്കിയ തിയ്യതി | തുക (രൂ.) |
|---|---|---|---|
| 1. | 30.03.20 – 29.04.20 | 29.04.20 | 14.890 |
| 2. | 29.04.20-18.05.20 | 19.05.20 | 16.405 |
| 3. | 19.05.20-28.05.20 | 29.05.20 | 11.650 |
| 4. | 05.06.20 – 25.06.20 | 26.06.20 | 26.140 |
| 5. | 23.07.20-01.08.20 | 03.08.20 | 9.755 |
| 6. | 17.08.20-26.08.20 | 27.08.20 | 10.025 |
| 7. | 27.08.20-15.09.20 | 15.09.20 | 15.660 |
| 8. | 24.09.20-05.10.20 | 06.10.20 | 15.370 |
| 9. | 07.10.20-19.10.20 | 20.10.20 | 20.355 |

പൊതുപണം യഥാസമയം അക്കൗണ്ടിൽ അടക്കാതെ കൈവശം വെക്കുന്നത് താല്ക്കാലിക ധനാപഹരണമായി കണക്കാക്കുന്നതാണ് . കലക്ഷൻ തുക യഥാസമയം അക്കൗണ്ടിൽ അടക്കേണ്ടതാണ് .

3. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല

കെ.എഫ്.സി വോള്യം 1 ആർട്ടിക്കിൾ 10 പ്രകാരം ഡ്യൂപ്ലിക്കേറ്റ് രശീതിലെ രേഖപ്പെടുത്തലുകൾ കലക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിക്കേണ്ടതും, കലക്ഷൻ രജിസ്റ്ററിലെ ആകെ തുകയും ബാങ്കിൽ അടച്ചിട്ടുള്ളതായി കാണിച്ചിട്ടുള്ള ചെലാന്റെ തുകയും ഒന്നു തന്നെയാണെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ് .

4.സ്റ്റോക്ക് രജിസ്റ്റർ വിവരങ്ങൾ പൂർണ്ണമാക്കുന്നില്ല

കേരള ട്രഷറി കോഡ് വോള്യം 1 ആർട്ടിക്കിൾ 90 ബി കുറിപ്പ് 2 പ്രകാരം രശീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ പുസ്തകം ഉപയോഗിക്കാൻ തുടങ്ങിയ തിയ്യതി, ഉപയോഗം, പൂർത്തീകരിച്ച തിയ്യതി എന്നിവ രേഖപ്പെടുത്തണം. സ്റ്റോക്ക് രജിസ്റ്ററിൽ രശീത് ബുക്ക് കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേരു വിവരം

രേഖപ്പെടുത്തിയിട്ടില്ല .

II -ഫീസ് കലക്ഷൻ , പണം സൂക്ഷിപ്പ് എന്നിവ സംബന്ധിച്ച പൊതു അപാകങ്ങൾ

1. സ്കാനിംഗ് സേവനത്തിന് 200 രൂപ നിരക്കാണ് 2020-21 സാമ്പത്തിക വർഷത്തിൽ ഈടാക്കിയത്. സ്കാനിംഗ് ചാർജ്ജ് നിർണ്ണയിച്ച ഉത്തരവ് പരിശോധനക്ക് ലഭ്യമായിട്ടില്ല. ഇക്കാരണത്താൽ ഈ ഇനത്തിൽ പിരിച്ചെടുത്ത തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല .

2. രക്തപരിശോധനയുടെ കാര്യത്തിൽ പലപ്പോഴും ഇതിൽ ഉൾപ്പെടുന്ന ഘടക പരിശോധനകളുടെ വിശദാംശങ്ങൾ രശീതിൽ രേഖപ്പെടുത്തുന്നില്ല. ഏതാനും ചില ഉദാഹരണങ്ങൾ താഴെപ്പറയുന്നു .

| ക്രമ നമ്പർ | രശീത് നമ്പർ / തിയ്യതി | രക്ത പരിശോധന ഇനത്തിൽ ഈടാക്കിയ തുക |
|---|---|---|
| 1.. | 312 /4 , 11.06.2020 | 140 |
| 2. | 311 / 19 , തിയ്യതി എഴുതിയിട്ടില്ല | 130 |
| 3. | 309 / 5 , 04.06.20 | 240 |
| 4. | 308 / 20 , 02.06.20 | 180 |
| 5. | 291 / 71 , 29.05.20 | 120 |

രശീതിൽ രക്ത പരിശോധന എന്നു മാത്രം രേഖപ്പെടുത്തിയതിനാൽ ഈടാക്കിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല .

3. രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ രണ്ട് ഷിഫ്റ്റുകളിലായാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. സ്ഥാപനത്തിൽ എത്തുന്ന പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന തുകകൾക്ക് കൈകൊണ്ട് എഴുതി രശീത് നൽകുകയാണ് ചെയ്യുന്നത്. ഇത് സമയനഷ്ടത്തിനും മനുഷ്യപ്രയത്നം വൃഥാ ചെലവാകുന്നതിനും ഇടയാക്കുന്നു. പൊതുജനങ്ങൾക്ക് രോഗബാധിതരായ തങ്ങളുടെ വളർത്തു മൃഗങ്ങളുമായി കൂടുതൽ സമയം ക്യൂവിൽ നിൽക്കേണ്ടതായും വരുന്നു. കമ്പ്യൂട്ടർ അധിഷ്ഠിതമായ രശീത് പ്രിന്റിംഗ് സംവിധാനം സ്ഥാപനത്തിൽ ഒരുക്കുന്നത് ഉചിതമായിരിക്കും. ഇക്കാര്യത്തിൽ വേണ്ട നടപടികൾ മൃഗസംരക്ഷണ വകുപ്പ് ,ജില്ലാപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട് സ്വീകരിക്കാവുന്നതാണ് .

4. ജില്ലാ മൃഗസംരക്ഷണകേന്ദ്രത്തിലെ കലക്ഷൻ തുകകൾ കോഴിക്കോട് അഡീഷനൽ സബ് ട്രഷറിയിൽ അടക്കുന്നത് അധികൃതർ വിലക്കിയതുമായി ബന്ധപ്പെട്ട വിഷയം 25.10.2021 തിയ്യതിയിലെ AHD/KZHD /DVC/KZHD/108/2021-A നമ്പർ കത്ത് മുഖേന ചീഫ് വെറ്ററിനറി ഓഫീസർ, കോഴിക്കോട് അഡീഷനൽ സബ് ട്രഷറി ഓഫിസർക്ക് നല്കിയതായി കാണുന്നു. ഇതിന് യാതൊരു മറുപടിയും ട്രഷറി അധികൃതർ നല്കിയിട്ടില്ല. തൊട്ടടുത്തുള്ള അഡീഷനൽ സബ് ട്രഷറിക്കു പകരം കോഴിക്കോട് ജില്ലാ ട്രഷറിയിൽ കലക്ഷൻ തുകകൾ അടവാക്കുന്നതിന് ജീവനക്കാരെ നിയോഗിക്കേണ്ടി വരുന്നത് സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് തടസ്സമാകുന്നുണ്ട് . കലക്ഷൻ തുകകൾ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ട്രഷറി എസ്.ബി അക്കൗണ്ടിൽ അഡീഷനൽ സബ് ട്രഷറി മുഖേന അടക്കുന്നതിന് സാങ്കേതിക തടസ്സം എന്തെന്ന് വ്യക്തമല്ല. പ്രശ്നപരിഹാരത്തിനായി ഇക്കാര്യം ജില്ലാ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽ പെടുത്തിയില്ല. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

5. ഓഡിറ്റ് സമയത്ത് സ്ഥാപനത്തിലെ ക്യാഷ് വെരിഫിക്കേഷൻ നടത്തിയപ്പോൾ 18.04.2022 മുതൽ

21.04.2022 വരെയുള്ള എട്ട് ഷിഫ്റ്റുകളിലെ കലക്ഷൻ തുകകൾ സൂക്ഷിച്ചിരുന്നത് സ്ഥാപനത്തിൽ നിലവിലുള്ള ക്യാഷ് ചെസ്റ്റിനു പകരം കാഷ് ചെസ്റ്റ് സ്ഥാപിച്ച മുറിയുടെ ചുമരിൽ താൽക്കാലികമായ ഉറപ്പിച്ച തകരപ്പെട്ടിയിലാണെന്നു കണ്ടു . രാത്രി സമയത്തെ ഷിഫ്റ്റിനു ശേഷം ബന്ധപ്പെട്ട ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് കലക്ഷൻ തുക നിക്ഷേപിക്കുന്നതിനാണ് ഈ പെട്ടി സ്ഥാപിച്ചത് എന്ന് അധികൃതർ അറിയിച്ചു. അങ്ങനെയെങ്കിൽ തന്നെ ഇതിൽ നിക്ഷേപിക്കുന്ന തുകകൾ തൊട്ടടുത്ത ദിവസം തന്നെ ഓഫീസ് സമയത്ത് ക്യാഷ് ചെസ്റ്റിലേക്ക് മാറ്റേണ്ടതായിരുന്നു. കലക്ഷൻ തുക ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കാതെ താൽക്കാലികമായി സ്ഥാപിച്ച പെട്ടിയിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല.

6. കലക്ഷൻ രജിസ്റ്ററിൽ ഓരോ ദിവസത്തേയും കലക്ഷൻ തുകകൾ രേഖപ്പെടുത്തിയ ശേഷം പ്രോഗ്രസ്സീവ് ടോട്ടൽ എഴുതിയതിൽ താഴെപ്പറയുന്ന സന്ദർഭത്തിൽ തെറ്റ് വന്നതായി കാണുന്നു .

02.04.21 തിയ്യതി വരെയുള്ള പ്രോഗ്രസ്സീവ് ടോട്ടൽ 8,990 രൂപയാണ്. 03.04.21 തിയ്യതിയിലെ കലക്ഷൻ തുക 2,370 രൂപയാണ്. അതായത് 03.04.21 തിയ്യതിയിലെ പ്രോഗ്രസ്സീവ് ടോട്ടൽ 8,990 + 2,370 = 11,360 ആണെന്ന് കാണാവുന്നതാണ്. ഇതിൽ 8,435 രൂപ ചെലാൻ നമ്പർ 49317/03.04.21 പ്രകാരം അഡീഷനൽ സബ് ട്രഷറിയിൽ അടച്ചിട്ടുണ്ട്. 2,925 രൂപ കൈവശം ബാക്കി വന്നിട്ടുണ്ട് . 04.04.21 തിയ്യതിയിലെ കലക്ഷൻ തുക 620 രൂപയാണ്. അതായത് 04.04.21 തിയ്യതിയിലെ പ്രോഗ്രസ്സീവ് ടോട്ടൽ വരേണ്ടത് 2,925 + 620 = 3,545 രൂപ എന്നാണ്. എന്നാൽ അന്നേദിവസത്തെ പ്രോഗ്രസ്സീവ് ടോട്ടൽ കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയത് 3,354 രൂപ എന്നാണ്. അതായത് 3,545 – 3,354 = 191 രൂപ കുറവ് വന്നിട്ടുണ്ട് .

അപാകങ്ങൾക്കുള്ള കാരണം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ 29.04.2022 തിയ്യതിയിലെ 86/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാ മൃഗസംരക്ഷണ കേന്ദ്രം ചീഫ് വെറ്ററിനറി ഓഫീസറിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. രശീത് പിരിവ്, പണമടവ്, ഫീസ് കലക്ഷൻ എന്നിവയുമായി ബന്ധപ്പെട്ട അപാകങ്ങൾ എത്രയും വേഗം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-65 ജില്ലാ മൃഗ സംരക്ഷണ കേന്ദ്രത്തിൽ കരാർ പുതുക്കാതെ ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നു

കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിന്റെ വടക്ക് വശത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടം കുടുംബശ്രീ ക്യാന്റീൻ നടത്തുന്നതിന് താഴെ പറയുന്ന കരാർ പ്രകാരം വിട്ടു കൊടുത്തിട്ടുണ്ട്. ശ്രീമതി ശ്യാമള എ.എൻ (അഴകൊടി അയൽക്കൂട്ടം, 63/23 ), ശ്രീമതി സന്ധ്യ.ടി (നന്ദനം അയൽക്കൂട്ടം 44/365), ശ്രീമതി സുനിത.ടി (ശുഭശ്രീ അയൽക്കൂട്ടം 44/352) എന്നിവർ ചേർന്ന് കോഴിക്കോട് സെൻട്രൽ സി.ഡി.എസിൽ KZ 75 /63 / 05 നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള രുചിക്കൂട്ട് എന്ന ഗ്രൂപ്പിനാണ് ക്യാന്റീൻ നടത്തുന്നതിന് അനുമതി നല്കിയത്. കാന്റീൻ നടത്തിപ്പുകാരും കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ കേന്ദ്രത്തിലെ ചീഫ് വെറ്ററിനറി ഓഫീസറും 09.01.20 തിയ്യതിയിലെ എഗ്രിമെന്റ് നമ്പർ 26/2020 പ്രകാരം കരാർ ഒപ്പ് വെച്ചിട്ടുണ്ട്. കരാർ തിയ്യതി മുതൽ ഒരു വർഷത്തേക്ക് 100 രൂപ ദിവസ വാടക പ്രകാരം പ്രതിമാസം 3000/- രൂപ നിരക്ക് നിശ്ചയിച്ചാണ് കാന്റീൻ നടത്തിപ്പിന് അനുമതി നല്കിയത് ജില്ലാ മൃഗ സംരക്ഷണ കേന്ദ്രത്തിലെ ചീഫ് മെഡിക്കൽ ഓഫീസർ, കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച AHD/KZHD/DVC/KZHD/ 141/2020-A നമ്പർ കത്തിലെ വിവര പ്രകാരം കാന്റീൻ നിലവിലെ കരാറുകാർ തന്നെ തുടർന്നും നടത്തുന്നതിന് 11.01.21 തിയ്യതിയിൽ അപേക്ഷിച്ചതായും കോഴിക്കോട് ജില്ലാ പഞ്ചായത്ത് 29.04.21 തിയ്യതിയിലെ 4/34/21(3) നമ്പർ തീരുമാനപ്രകാരം അനുമതി നല്കിയതായും അറിയിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കാന്റീൻ വാടക അടച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | രശീത് പുസ്തകം , | തുക (രൂ) | വാടക കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| | രശീത് നമ്പർ , തിയ്യതി | | |
| 1. | 441 , 26 , 18.12.20 | 30000 | രശീതിൽ കാലയളവ് എഴുതിയിട്ടില്ല. ഫെബ്രുവരി2020 – നവംബർ 2020 കാലയളവിലെ വാടകയാണെന്ന് സെക്ഷൻ ക്ലാർക്ക് വിശദീകരിച്ചു. |
| 2. | 448, 34 , 04.01.21 | 3000 | ഡിസംബർ 2020 മാസത്തെ വാടക |

നിലവിൽ കാന്റീൻ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2021 ജനവരി മുതൽ നാളിതു വരെ വാടകക്കാർ കാന്റീൻ വാടക അടച്ചിട്ടില്ല .

കോഴിക്കോട് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 29.04.21 തിയ്യതിയിലെ 4/34/21(3) നമ്പർ തീരുമാന പ്രകാരം കോഴിക്കോട് കോർപ്പറേഷൻ കുടുംബശ്രീ പ്രോജക്ട് ഓഫീസറുടെ 09.03.21 തിയ്യതിയിലെ കെ7/14/2020 നമ്പർ അപേക്ഷ പരിഗണിച്ച് ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ കുടുംബശ്രീ ക്യാന്റീൻ, ജനകീയ ഹോട്ടൽ ആയി നടത്തുന്നതിനും നിലവിലെ കരാർ വ്യവസ്ഥകൾക്ക് വിധേയമായി കുടുംബശ്രീയുമായുള്ള കരാർ പുതുക്കുന്നതിന് ചീഫ് വെറ്ററിനറി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടുബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുമായാണ് കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടത് എന്നും ഭരണസമിതി നിർദ്ദേശിച്ചിട്ടുണ്ട് . കരാറിന്റെ പകർപ്പ് ജില്ലാപഞ്ചായത്തിന് നൽകുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട് . ജനകീയ ഹോട്ടൽ എന്ന പേരിലാണ് നിലവിൽ കാന്റീൻ പ്രവർത്തിച്ചു വരുന്നത് . മേൽവിഷയവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെപ്പറയുന്നു .

(1) 08.01.2021-ന് കാലാവധി അവസാനിച്ച കരാർ ഓഡിറ്റ് ചെയ്ത 23.04.2022 വരെയും പുതുക്കിയിട്ടില്ല . 12/2020 മാസത്തെ വാടക അടച്ചതിനു ശേഷം നാളിതു വരെയായും വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടുമില്ല. കരാർ ബന്ധിതമായ നിബന്ധനകൾ ഒന്നും ഇല്ലാതെ അനധികൃതമായാണ് ജില്ലാ മൃഗസംരക്ഷണ കേന്ദ്രത്തിൽ ജനകീയ ഹോട്ടൽ പ്രവർത്തിച്ചു വരുന്നത്. ചീഫ് വെറ്ററിനറി ഓഫിസർ 10.01.22 തിയ്യതിയിലെ AHD/KZHD/DVC/KZHD/141/2020-A നമ്പറായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്ത് പ്രകാരം കരാർ ഒപ്പിടുന്നതിന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് രജിസ്റ്റേർഡ് അടക്കം 4 കത്തുകൾ അയച്ചെങ്കിലും എഗ്രിമെന്റ് ഒപ്പിടാൻ തയ്യാറായില്ല എന്നറിയിച്ചിട്ടുണ്ട്. ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ കരാർ ഒപ്പിടാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ജനകീയ ഹോട്ടലിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് നടത്തിപ്പുകാർക്ക് നോട്ടീസ് നല്കി അനുവദിച്ച കെട്ടിടവും അനുബന്ധ സൗകര്യങ്ങളും തിരികെ ഏറ്റെടുക്കേണ്ടതുണ്ട്. കരാർ കാലാവധി കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞാണ് കരാർ പുതുക്കാത്ത വിവരം ചീഫ് വെറ്ററിനറി ഓഫീസർ പഞ്ചായത്ത് സെക്രട്ടറി മുഖേന കോഴിക്കോട് ജില്ലാപഞ്ചായത്ത് ഭരണസമിതിയെ അറിയിക്കുന്നത്. ഇക്കാര്യത്തിലുള്ള തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമല്ല .

(2) കാന്റീൻ ജനകീയ ഹോട്ടലാക്കി മാറ്റുന്നത് സംബന്ധിച്ച് കോഴിക്കോട് കോർപ്പറേഷനിലെ കുടുംബശ്രീ പ്രോജക്ട് ഓഫിസറുടെ 09.03.21 തിയ്യതിയിലെ കെ 7 /14 / 20 നമ്പർ കത്ത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .

(3) കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ കേന്ദ്രത്തിലെ ചീഫ് വെറ്ററിനറി ഓഫീസർ 10.01.22 തിയ്യതിയിലെ AHD/KZHD/DVC/KZHD/141/2020-A നമ്പർ പ്രകാരം കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്ത് പ്രകാരം DVC ക്യാമ്പസിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 5 ഓഫീസുകളും, ജീവനക്കാരുടെ ക്വാർട്ടേഴ്സുകളും പ്രവർത്തിക്കുന്നുണ്ട്. 80 ജീവനക്കാർ അടക്കം 250 -ഓളം

പേർ ദിവസേന ഇവിടെ വന്നു പോകുന്നുണ്ട് . ഇങ്ങനെയൊരു സംവിധാനത്തിന്റെ സുരക്ഷക്ക് തന്നെ ഭീഷണിയായാണ് പാചക വാതക അടുപ്പുകളും സിലിണ്ടറുകളുമായി ഇവിടെ പൂർണ്ണ തോതിലുള്ള ഒരു ഹോട്ടൽ പ്രവർത്തിച്ചു വരുന്നത് എന്നറിയിച്ചിട്ടുണ്ട് .

(4) കാലാനുസൃതമായി വാടക വർദ്ധനവ് വരുത്തിയിട്ടില്ല .

(5) 19.01.22 തിയ്യതിയിൽ ജില്ലാ മൃഗസംരക്ഷണ കേന്ദ്രം വെറ്ററിനറി സർജൻ സമർപ്പിച്ച സബ്മിഷനിലും 20.01.22 തിയ്യതി AHD/KZHD/DVC/KZHD/20/2022-A നമ്പറായി ജില്ലാ മൃഗസംരക്ഷണ കേന്ദ്രം ചീഫ് മെഡിക്കൽ ഓഫീസർ, കാന്റീൻ നടത്തിപ്പുകാരിൽ ഒരാളായ ശ്രീമതി.ശ്യാമള എ.എൻ എന്നവർക്ക് അയച്ച കത്തിലും കാന്റീനിലെ മലിനജലം ഓടയിലേക്ക് തുറന്ന് വിട്ടതിനാൽ അതിരൂക്ഷമായ ദുർഗന്ധം കാരണം ഒ.പി വിഭാഗത്തിൽ ജോലി ചെയ്യാനാകാത്ത സ്ഥിതിയാണെന്നും ശ്വാസതടസ്സം അനുഭവപ്പെടുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട് . മൃഗ സംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനം തടസ്സപ്പെടുന്ന രീതിയിലേക്ക് മാലിന്യപ്രശ്നം ഉണ്ടാകുന്നുണ്ടെങ്കിലും തുടർനടപടി സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല .

(6) 09.01.20 തിയ്യതിയിലെ 26/2020 നമ്പർ എഗ്രിമെന്റ് പ്രകാരം വാടകക്കാർക്ക് കാന്റീൻ നടത്തിപ്പ് ഏല്പിച്ചു കൊടുത്തത് കോഴിക്കോട് ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന 15.11.2018 യോഗത്തിലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. യോഗതീരുമാനത്തിന്റെ പകർപ്പ് ഫയലിൽ ഇല്ല. കാന്റീൻ നടത്തിപ്പിന് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ് .

(7) 09.01.20 തിയ്യതിയിലെ 26/2020 നമ്പർ എഗ്രിമെന്റ് ക്രമനമ്പർ 5 പ്രകാരം കാന്റീൻ ഉപയോഗത്തിന് ആവശ്യമായ ശുദ്ധജലം പ്രത്യേകമായി ലഭിക്കുന്നതിന് വാടകക്കാർ നടപടി എടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്ന് താത്പര്യപ്പെടുന്നു .

(8) 09.01.20 തിയ്യതിയിലെ 26/2020 നമ്പർ എഗ്രിമെന്റ് ക്രമനമ്പർ 8 പ്രകാരം കാന്റീൻ കെട്ടിടം മറ്റു ആവശ്യങ്ങൾക്കായി മറ്റു വ്യക്തികൾക്ക് കൈമാറുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കാന്റീൻ നടത്തിപ്പ് കുടുംബശ്രീ അംഗങ്ങൾ തന്നെയാണോ നിലവിലും നടത്തുന്നത് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് .

(9) 09.01.20 തിയ്യതിയിലെ 26/2020 നമ്പർ എഗ്രിമെന്റ് ക്രനമ്പർ 13 പ്രകാരം കാന്റീൻ നടത്തിപ്പിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ അറിയിക്കേണ്ടത് താഴെപ്പറയുന്നവർ അടങ്ങിയ മോണിട്ടറിംഗ് സമിതിയെയാണ് .

(I) ജില്ലാ പഞ്ചായത്ത് സെക്രട്ടറി

(Ii) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

(Iii ) കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ

(Iv) ചീഫ് വെറ്ററിനറി ഓഫീസർ

(V) കുടുംബശ്രീ ജില്ലാ മിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (അർബൻ )

മേൽപറഞ്ഞ രീതിയിലുള്ള മോണിട്ടറിംഗ് സമിതി രൂപീകരിച്ചതിന്റേയും കാന്റീൻ പ്രവർത്തനത്തിലെ പ്രശ്നങ്ങൾ മേൽ പരാമർശിച്ച മോണിറ്ററിങ് സമിതി പരിശോധിച്ചതിന്റേയും വിശദാംശങ്ങൾ ലഭ്യമല്ല .

(10) കുടുംബശ്രീ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ഓഫീസുകളിലും ടെണ്ടർ നടപടികളില്ലാതെ വാർഷിക കരാർ അടിസ്ഥാനത്തിൽ കാന്റീൻ നടത്തുവാനുള്ള അനുവാദം 03.08.2018 ലെ സ.ഉ(സാ.ധാ)2143/2018/തസ്വഭവ പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ അനുവദിക്കപ്പെട്ട ക്യാന്റീൻ ജനകീയ ഹോട്ടലാക്കി മാറ്റുന്നതിന് അനുമതി നല്കിക്കൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കിയിട്ടില്ല . അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ 29.04.2022 തിയ്യതിയിലെ 88/2020-21 നമ്പർ ഓഡിറ്റ്

എൻക്വയറിക്ക് ജില്ലാ മൃഗസംരക്ഷണ കേന്ദ്രം ചീഫ് വെറ്ററിനറി ഓഫീസറിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. കാലാനുസൃതമായ വാടക വർദ്ധിപ്പിക്കാതെയും വാടക കരാർ ചമക്കാതെയും വാടക നല്കാതെയും ജില്ലാ മൃഗ സംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനത്തെ തന്നെ തടസ്സപ്പെടുത്തുന്ന രീതിയിൽ ജനകീയ ഹോട്ടൽ നടത്തുന്നത് ശരിയായ നടപടിയല്ല . മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-66 ജില്ലാ മൃഗസംരക്ഷണ കേന്ദ്രം , കോഴിക്കോട് - കലക്ഷൻ തുക അടവാക്കിയതിൽ കുറവ് വന്നു

ജില്ലാ മൃഗസംരക്ഷണ കേന്ദ്രം, കോഴിക്കോട് എന്ന സ്ഥാപനത്തിൽ രശീത് പുസ്തകങ്ങൾ ഉപയോഗിച്ച് പണം ഈടാക്കിയതിലും ബാങ്കിലടച്ചതും തമ്മിൽ താഴെ വിവരിച്ച പ്രകാരം വ്യത്യാസം വന്നിട്ടുണ്ട് .

| ക്രമ നമ്പർ | രശീത് ബുക്ക് നമ്പർ / തിയ്യതി | പിരിച്ചെടുത്ത തുക (രൂ) | ബാങ്കിലടച്ച തുക (രൂ) | വ്യത്യാസം (രൂ) | കുറിപ്പ് |
|---|---|---|---|---|---|
| 1. | 262/06.05.2020 | 300 | 200 | 100 | EVC ചാർജ്ജ് 100 രൂ നിരക്കിൽ . |
| 2. | 520/49 16.03.21 | 45 | 15 | 30 | |
| 3. | 23.03.21 തിയ്യതി മുതൽ 28.03.21 വരെയുള്ള വരവ് | 10179 – 365 (ടെണ്ടർഫോറം വില) = 9814 | 9615 | 199 | |
| | | | | ആകെ : 329 രൂ | |

കുറവ് വന്ന 329/- രൂപ ബാങ്കിലടച്ച് രശീത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. പണം പിരിവ്, അടവ് എന്നിവയിലെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നല്കിയ 87/20-21 തിയ്യതി 29.04.22 നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മറുപടി ലഭ്യമാക്കിയിട്ടില്ല .

1-67 എസ്.പി.സി.എ സീനിയർ ഇൻസ്പെക്ടറുടെ ശമ്പള പരിഷ്ക്കരണം - ശമ്പള കുടിശ്ശിക അധികം അനുവദിച്ചതും മറ്റ് അപാകങ്ങളും

1) ശമ്പള പരിഷ്ക്കരണ കുടിശ്ശിക ഇനത്തിൽ അധിക തുക അനുവദിച്ചത് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് തിരികെ ഈടാക്കി

എസ്.പി.സി.എ ഇൻസ്പെക്ടർക്ക് ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് 1/2018 മുതൽ 11/2019 വരെ

അധിക നിരക്കിൽ HRA , CCA എന്നിവ നല്കിയത് അനുവദനീയമല്ലാത്തതിനാൽ അധികം നല്കിയ 33270/- രൂ ഈടാക്കി വിവരം അറിയിക്കുന്നതിന് 07.04.2021 തിയ്യതിയിലെ 23/2020-21 നമ്പർ ഓഡിറ്റ് എൻക്വയറി ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ ചീഫ് വെറ്ററിനറി ഓഫീസർക്ക് നല്കിയിരുന്നു . 23.04.2022 ലെ 122010100004 നമ്പർ രശീത് പ്രകാരം തുക തിരികെ ഈടാക്കി ജില്ലാപഞ്ചായത്ത് ഫണ്ടിൽ അടച്ചതായി 25.04.2022 തിയ്യതിയിലെ AHD/KZHD/DVC/KZHD/06/2022 – A നമ്പർ മറുപടിയിൽ ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചിട്ടുണ്ട് . അധികം നല്കിയ തുക ഉടനെ തന്നെ തിരികെ ഈടാക്കിയത് അഭിനന്ദനാർഹമാണ് .

2) ആർജ്ജിതാവധി തെറ്റായി അധികം ക്രെഡിറ്റിൽ ചേർത്തു

ശ്രീ.അജിത്ത് കുമാർ, SPCA സീനിയർ ഇൻസ്പെക്ടറുടെ സേവനപുസ്തകം പേജ് നമ്പർ 112,113 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള 15.07.2006 മുതൽ 14.07.2013 വരെയുള്ള കാലയളവിലെ ആകെ ഡ്യൂട്ടി കാലയളവ് 2557 ദിനങ്ങൾ എന്നതിന് പകരം തെറ്റായി 2922 എന്നാണ് രേഖപ്പെടുത്തിയത് . ആയത് പ്രകാരം 265 $^{7/11}$ എണ്ണം ആർജ്ജിതാവധി വരവ് വെച്ചു. 2557 ദിനങ്ങൾക്ക് 232$^{5/11}$ ആർജ്ജിതാവധിക്കാണ് അർഹതയുള്ളത് . 33 $^{2/11}$ എണ്ണം ആർജ്ജിതാവധി അധികമായി വരവ് വെച്ചിട്ടുണ്ട് . ആയത് ക്രമീകരിച്ച് നീക്കിയിരിപ്പിൽ കുറവ് വരുത്തി അറിയിക്കേണ്ടതാണെന്ന് അറിയിച്ചു കൊണ്ട് നല്കിയ മേൽ പരാമർശിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അപാകം തിരുത്തിയതായി അറിയിച്ചിട്ടുണ്ടെങ്കിലും സേവനപുസ്തകം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല . സേവനപുസ്തകം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

3) സ.ഉ(എം.എസ്)നം.154/2019/എൽ.എസ്.ജി.ഡി(ഡി.ബി)/തിയ്യതി 02.12.2019 പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക, ഗ്രാന്റ്-ഇൻ-എയ്ഡ് ഫണ്ടിൽ നിന്നും വിനിയോഗിക്കാനാണ് ആവശ്യപ്പെട്ടത്. എന്നാൽ പ്രസ്തുത ഫണ്ടിന്റെ അപര്യാപ്തത മൂലം, ഗ്രാന്റ്-ഇൻ-എയ്ഡ് തുക ലഭിക്കുന്ന മുറക്ക് തിരികെ നിക്ഷേപിക്കാമെന്ന വ്യവസ്ഥയിൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുടിശ്ശിക അനുവദിച്ചു. കുടിശ്ശികയായി നല്കിയ 122131 രൂപ ജനറൽ പർപ്പസ് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ് എന്നറിയിച്ചു കൊണ്ട് നല്കിയ 23/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗ്രാന്റ് - ഇൻ – എയ്ഡ് ഫണ്ട് നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തുടർനടപടികൾ ഉണ്ടെങ്കിൽ അറിയിക്കേണ്ടതാണ് .

1-68 ലീവ് സറണ്ടർ തുക പ്രോവിഡന്റ് ഫണ്ടിൽ അടച്ചതിന്റെ രേഖകൾ ഇല്ല

കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ ശ്രീ. ബാബുവിന് ജില്ലാപഞ്ചായത്ത് ഫണ്ടിൽ നിന്നും താഴെ ചേർത്ത പ്രകാരം 2020-21 വർഷത്തിൽ 01.11.2020 പ്രാബല്യത്തിൽ 30 ദിവസം ആർജ്ജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ / തിയ്യതി | വൗച്ചർ തുക | ചെക്ക് നമ്പർ / തിയ്യതി | ഫണ്ട് | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|
| 22001214 / 21.12.2020 | 89900 രൂ | 6006683 / 03.12.2020 | തനത് ഫണ്ട് | 210100102 (തനത് ഫണ്ട് ) |

കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.12.2020 തിയ്യതിയിലെ P1-C-683/2020 നമ്പർ നടപടിക്രമങ്ങൾ പ്രകാരം സറണ്ടർ തുക പിൻവലിച്ച് ഫിനാൻസ് ഓഫീസറുടെ GAE – 20412 നമ്പർ

ജി.പി.എഫ് അക്കൗണ്ടിലേക്ക് ട്രഷറി ചെലാൻ മുഖേന മാറ്റുന്നതിനാണ് അനുമതി നല്കിയത്. എന്നാൽ പിൻവലിച്ച തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ജി.പി.എഫ് അക്കൗണ്ടിലേക്ക് മാറ്റിയതായി രേഖകളില്ല .

ഫിനാൻസ് ഓഫീസർ സർക്കാർ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖേന ജില്ലാ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചതാണ്. 05.11.2020 തിയ്യതിയിലെ സ.ഉ(അ) 152/2020/ധനം പ്രകാരം പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 2020 നവംബർ മാസം മുതൽ പുനഃസ്ഥാപിച്ചിട്ടുണ്ട് . ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ പിൻവലിക്കാൻ അനുവദിക്കുകയുള്ളൂ എന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട് . സറണ്ടർ ചെയ്ത തുക ജി.പി.എഫിൽ അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് .

അക്കൗണ്ടന്റ് ജനറൽ (A & E) കേരളക്ക് കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അയച്ച 28.01.2022 തിയ്യതിയിലെ പി 8 – 1440/19(1) നമ്പർ കത്തിനോടൊപ്പമുള്ള ആർജ്ജിതാവധി അക്കൗണ്ട് സ്റ്റേറ്റുമെന്റിൽ 01.11.2020 തിയ്യതി പ്രാബല്യത്തിലുള്ള 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ഉൾപ്പെട്ടതായി കാണുന്നില്ല .

ഈ വിഷയത്തിൽ നല്കിയ 04.03.2022 തിയ്യതിയിലെ 59/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കുകയോ ആവശ്യമായ രേഖകൾ പരിശോധനക്ക് നൽകുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ 89900/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-69 ജില്ലാ പഞ്ചായത്ത് ജീവനക്കാരിൽ നിന്നും ആദായ നികുതി ഈടാക്കിയത് - മുഴുവൻ രേഖകളും ഹാജരാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തിൽ ( Deduction Year 2020-21 , Assessment Year 2021-22 ) കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയ വരുമാന നികുതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| വൗച്ചർ നമ്പർ , തിയ്യതി | 2200225 / 23.03.21 |
| ചെക്ക് നമ്പർ , | XY 5517041 , 19.03.21 |
| തുക | 41228 രൂ |
| ഹെഡ് | 350200114 |
| ഫയൽ | P1- C – 683 / 20<br>തിയ്യതി 19.03.21 |

ജീവനക്കാർ സമർപ്പിക്കേണ്ട ആന്റിസിപ്പേറ്ററി ഇൻകംടാക്സ് സ്റ്റേറ്റുമെന്റ് , ഫൈനൽ സ്റ്റേറ്റുമെന്റ് എന്നിവയൊന്നും ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇവയുടെ അഭാവത്തിൽ ജീവനക്കാരിൽ നിന്നും ഈടാക്കിയ വരുമാന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിയില്ല . രേഖകൾ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണകുറിപ്പ് (90/20-21 തിയ്യതി 16.05.22) നല്കിയിരുന്നെങ്കിലും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല . നികുതി ബാദ്ധ്യതയുള്ള മുഴുവൻ ജീവനക്കാരിൽ നിന്നും മുഴുവൻ നികുതിയും ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

## 1-70 അനർഹമായ നിരക്കിൽ ജില്ലാ പഞ്ചായത്ത് മെമ്പർമാർക്ക് യാത്രാബത്ത നല്കി

2020-21 വർഷത്തിൽ ജനപ്രതിനിധികളുടെ യാത്രാബത്ത എന്ന ഇനത്തിൽ അർഹമായതിലും അധികം തുക അനുവദിച്ചതായി കാണുന്നു . വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

(I) ശ്രീ.എ.ടി.ശ്രീധരൻ , ജില്ലാ പഞ്ചായത്ത് മെമ്പർ :-

| | |
|---|---|
| വൗച്ചർ | 22000150 / 05.06.2020 |

| | |
|---|---|
| നമ്പർ / തിയ്യതി | |
| വൗച്ചർ തുക | 10654 രൂ |
| ചെക്ക് നമ്പർ / തിയ്യതി | 5824042 / 04.06.2020 |
| ചെലവിനം | കോഴിക്കോട് ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ.എ.ടി. ശ്രീധരന് (10/2019 – 3/2020) കാലയളവിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ വിവിധ യോഗങ്ങൾക്ക് പങ്കെടുക്കുന്നതിന് അനുവദിച്ച ടി.എ |

വൗച്ചറിനോടൊപ്പം മെമ്പർ ലഭ്യമാക്കിയിട്ടുള്ള സാക്ഷ്യപത്രം പ്രകാരം ഈ കാലയളവിൽ ഉൾപ്പെട്ട താഴെപ്പറയുന്ന തിയ്യതികളിൽ ട്രെയിനിൽ യാത്ര ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മുക്കാളി എന്ന സ്ഥലത്തുനിന്നും കോഴിക്കോട്ടേക്കും തിരിച്ചുമുള്ള യാത്രകളാണ് നടത്തിയത് .

| ക്രമ നമ്പർ | തിയ്യതി | യാത്ര ആരംഭിച്ചത് | അവസാനിച്ചത് |
|---|---|---|---|
| 1. | 11.10.2019 | മുക്കാളി | കോഴിക്കോട് |
| | | കോഴിക്കോട് | മുക്കാളി |
| 2. | 18.10.2019 | മുക്കാളി | കോഴിക്കോട് |
| | | കോഴിക്കോട് | മുക്കാളി |
| 3. | 12.11.19 | മുക്കാളി | കോഴിക്കോട് |
| | | കോഴിക്കോട് | മുക്കാളി |
| 4. | 28.11.19 | മുക്കാളി | കോഴിക്കോട് |
| | | കോഴിക്കോട് | മുക്കാളി |
| 5. | 10.12.19 | മുക്കാളി | കോഴിക്കോട് |
| | | കോഴിക്കോട് | മുക്കാളി |

| | | | |
|---|---|---|---|
| 6. | 11.12.19 | മുക്കാളി | കോഴിക്കോട് |
| | | കോഴിക്കോട് | മുക്കാളി |
| 7. | 30.12.19 | മുക്കാളി | കോഴിക്കോട് |
| | | കോഴിക്കോട് | മുക്കാളി |
| 8. | 10.02.2020 | മുക്കാളി | കോഴിക്കോട് |
| | | കോഴിക്കോട് | മുക്കാളി |
| 9. | 27.02.2020 | മുക്കാളി | കോഴിക്കോട് |
| | | കോഴിക്കോട് | മുക്കാളി |

ശ്രീ.എ.ടി.ശ്രീധരൻ, ജില്ലാ പഞ്ചായത്ത് മെമ്പർ സമർപ്പിച്ച യാത്രാ ഡയറി പ്രകാരം മുക്കാളി മുതൽ കോഴിക്കോട് സിവിൽ സ്റ്റേഷൻ വരെ റെയിൽ, ബസ് മാർഗ്ഗങ്ങളിലായി 57 കി.മീ യാത്ര ചെയ്തതായി കാണിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച സാക്ഷ്യപത്രത്തിലോ, യാത്ര ഡയറിയിലോ ഏത് ക്ലാസ്സിലാണ് ട്രെയിൻ യാത്ര നടത്തിയത് എന്ന് മെമ്പർ വ്യക്തമാക്കിയിട്ടില്ല. എന്നാൽ ടി.എ ബിൽ പ്രകാരം ഈ തിയ്യതികളിൽ മുക്കാളിയിൽ നിന്നും കോഴിക്കോട് വരെയും തിരിച്ചും യാത്ര ചെയ്യുന്നതിന് ട്രെയിനിൽ സെക്കൻഡ് എ.സി ചാർജ്ജ് അനുവദിച്ചിട്ടുണ്ട്. ടിക്കറ്റ് ചാർജ്ജ്, അനാമത്ത് ചെലവുകൾ എന്നിവ ഉൾപ്പെടെ 651 രൂപയാണ് ഓരോ യാത്രക്കും മെമ്പർക്ക് അനുവദിച്ചത്. ഇങ്ങനെ കണക്കാക്കുമ്പോൾ ആകെ 12118 രൂപ വരുമെങ്കിലും ആയത് ത്രൈമാസപരിധിയിൽ പരിമിതപ്പെടുത്തി 10654 രൂപയാണ് ടി.എ അനുവദിച്ചത്. ഈ തുകയിൽ 26.03.2020 തിയ്യതിയിൽ ഇതേ സ്റ്റേഷനുകൾക്ക് ഇടയിൽ കാറിൽ സഞ്ചരിച്ചതിന് അനുവദിച്ച 400 രൂപയും ഉൾപ്പെടുന്നു. അതായത് മേൽ പരാമർശിച്ച ട്രെയിൻ യാത്രകൾക്ക് (10654 – 400 = 10254 രൂപ) മാത്രമായി മെമ്പർക്ക് 10254 രൂപയാണ് അനുവദിച്ചത്. കോഴിക്കോട് – മാഹി റെയിൽവേ റൂട്ടിലുള്ള മുക്കാളി റെയിൽവേ സ്റ്റേഷനിൽ സെക്കൻഡ് എ.സി കമ്പാർട്ടുമെന്റുകളുള്ള എക്സ്പ്രസ്സ്/സൂപ്പർഫാസ്റ്റ് ട്രെയിനുകൾക്കൊന്നും സ്റ്റോപ്പ് അനുവദിച്ചിട്ടില്ല. ഇവിടെ ലോക്കൽ പാസ്സഞ്ചർ ട്രെയിനുകൾ മാത്രമാണ് നിർത്തുന്നത്. ട്രെയിനിൽ യാത്ര ചെയ്ത ക്ലാസ്സിലെ നിരക്കിനേ ടി.എ ഇനത്തിൽ അർഹതയുള്ളൂ. മുക്കാളി റെയിൽവേ സ്റ്റേഷനിൽ നിന്നും കോഴിക്കോട്ടേക്കും തിരിച്ചും സെക്കൻഡ് എ.സി കമ്പാർട്ടുമെന്റുകളുള്ള എക്സ്പ്രസ് ട്രെയിനുകൾ ഇല്ലാത്തതിനാലും അംഗം ട്രെയിൻ യാത്രയാണ് നടത്തിയിട്ടുള്ളത് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും പാസ്സഞ്ചർ ട്രെയിനിന്റെ ചാർജ്ജിനാണ് അർഹതയുള്ളത്. സെക്കൻഡ് എ.സി നിരക്കിലുള്ള ടിക്കറ്റ് ചാർജ്ജ് അനുവദനീയമല്ല.

(Ii) <u>ശ്രീ.എ.ടി.ശ്രീധരൻ , ജില്ലാ പഞ്ചായത്ത് മെമ്പർ</u> :-

മേൽ പരാമർശിച്ച അപാകം 12/2020 മാസത്തെ തനത് ഫണ്ട് ചെലവുകളിൽ ആവർത്തിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| വൗച്ചർ നമ്പർ / തിയ്യതി | 22001340 / 28.12.2020 |
| വൗച്ചർ തുക | 2604 രൂ |
| ചെക്ക് നമ്പർ/ തിയ്യതി | 6006694 / 24.12.2020 |
| ചെലവിനം | കോഴിക്കോട് ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ.എ.ടി. ശ്രീധരന് 12.10.20, 19.10.20 തിയ്യതികളിൽ |

| | |
|---|---|
| | കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ വിവിധ യോഗങ്ങൾക്ക് പങ്കെടുക്കുന്നതിന് അനുവദിച്ച ടി.എ |

മെമ്പർ സമർപ്പിച്ച യാത്രാ ഡയറി പ്രകാരം താഴെക്കാണിച്ച യാത്രകളാണ് നടത്തിയത് .

| ക്രമ നമ്പർ | തിയ്യതി | യാത്ര ആരംഭിച്ചത് | അവസാനിച്ചത് |
|---|---|---|---|
| 1. | 12.10.2020 | മുക്കാളി | കോഴിക്കോട് |
| | | കോഴിക്കോട് | മുക്കാളി |
| 2. | 19.10.2020 | മുക്കാളി | കോഴിക്കോട് |
| | | കോഴിക്കോട് | മുക്കാളി |

ടിക്കറ്റ് ചാർജ്ജ് , അനാമത്ത് ചെലവുകൾ എന്നിവ ഉൾപ്പെടെ 651 രൂപയാണ് ഓരോ യാത്രക്കും മെമ്പർക്ക് അനുവദിച്ചത് . അതായത് ആകെ 2604 രൂപ ( 651/- X 4) ആകെ യാത്രാക്കൂലി ഇനത്തിൽ അനുവദിച്ചിട്ടുണ്ട് . അനർഹമായ നിരക്കിലുള്ള യാത്രാബത്ത 2604/- രൂ അനുവദനീയമല്ല .

(iii) ശ്രീ.ടി.കെ.രാജൻ , ജില്ലാ പഞ്ചായത്ത് മെംബർ

| | |
|---|---|
| വൗച്ചർ നമ്പർ / തിയ്യതി | 22001712 / 25.02.2021 |
| വൗച്ചർ തുക | 3906 രൂ |
| ചെക്ക് നമ്പർ , തിയ്യതി , തുക | 5517022 / 16.02.21 , 3906 രൂ |
| ചെലവ് ഹെഡ് | 210200504 |

ശ്രീ.ടി.കെ. രാജൻ എന്ന ജില്ലാ പഞ്ചായത്ത് മെമ്പർക്ക് 2020 വർഷത്തെ ഒക്ടോബർ, നവംബർ മാസങ്ങളിലേക്കുള്ള ടി.എ ഇനത്തിലാണ് മേൽതുക ചെലവ് ചെയ്തിട്ടുള്ളത്. ടി.എ ബിൽ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | യാത്രാ തിയ്യതി | യാത്ര ചെയ്തത്, ദൂരം | യാത്രാമാർഗ്ഗം, യാത്ര ചെയ്ത ക്ലാസ്സ് | അനുവദിച്ച യാത്രാക്കൂലി ഇനം | അനുവദിച്ച ടി.എ (രൂ) |
|---|---|---|---|---|---|
| 1. | 12.10.20 | എടച്ചേരി - കോഴിക്കോട് | ട്രെയിൻ , 50.1 കി.മീ | II A.C + I.E | 651 |
| 2. | 12.10.20 | കോഴിക്കോട്- | ട്രെയിൻ , | II A.C + | 651 |

| | | | | | |
|---|---|---|---|---|---|
| | | എടച്ചേരി | 50.1 കി.മീ | I.E | |
| 3. | 19.10.20 | എടച്ചേരി – കോഴിക്കോട് | ട്രെയിൻ , 50.1 കി.മീ | II A.C + I.E | 651 |
| 4. | 19.10.20 | കോഴിക്കോട്– എടച്ചേരി | ട്രെയിൻ , 50.1 കി.മീ | II A.C + I.E | 651 |
| 5. | 09.11.20 | എടച്ചേരി – കോഴിക്കോട് | ട്രെയിൻ , 50.1 കി.മീ | II A.C + I.E | 651 |
| 6. | 09.11.20 | കോഴിക്കോട്– എടച്ചേരി | ട്രെയിൻ , 50.1 കി.മീ | II A.C + I.E | 651 |
| | | | | ആകെ | 3906 രൂ |

ജില്ലാ പഞ്ചായത്ത് മെമ്പർ സമർപ്പിച്ച യാത്രാഡയറി പ്രകാരമുള്ള വിവരങ്ങൾ താഴെപ്പറയുന്നു .

| ക്രമ നമ്പർ | തിയ്യതി | യാത്ര ചെയ്തത് | ഗതാഗത മാർഗ്ഗം | ഉദ്ദേശ്യം |
|---|---|---|---|---|
| 1. | 12.10.20 | എടച്ചേരി – സിവിൽസ്റ്റേഷൻ, കോഴിക്കോട് | വ്യക്തമല്ല . ട്രെയിനിൽ II AC യിൽ യാത്ര ചെയ്തു എന്ന സാക്ഷ്യപത്രമില്ല . | സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുക്കുന്നതിന്. |
| 2. | 19.10.20 | എടച്ചേരി – സിവിൽസ്റ്റേഷൻ, കോഴിക്കോട് | | ബോർഡ് മീറ്റിംഗിൽ പങ്കെടുക്കുന്നതിന്. |
| 3. | 09.11.20 | എടച്ചേരി – സിവിൽസ്റ്റേഷൻ, കോഴിക്കോട് | | ബോർഡ് മീറ്റിങ്ങിൽ പങ്കെടുക്കുന്നതിന്. |

റെയിൽ മാർഗ്ഗം മുഖേന നേരിട്ട് ബന്ധിതമല്ലാത്ത എടച്ചേരി എന്ന സ്ഥലത്തുനിന്നും കോഴിക്കോട്ടേക്കും തിരിച്ചും സെക്കൻഡ് എ.സി ക്ലാസ്സിലുള്ള ട്രെയിൻ ടിക്കറ്റ് ചാർജ്ജ്, ടി.എ ഇനത്തിൽ അനുവദിച്ചത് അനുവദനീയമല്ല. ആയതിനാൽ ജില്ലാ പഞ്ചായത്ത് മെമ്പർക്ക് അനർഹമായി 3906/- രൂ നല്കിയത് അനുവദനീയമല്ല. ബസ് , ട്രെയിൻ എന്നിവയിലായാണ് യാത്ര ചെയ്തതെങ്കിൽ അക്കാര്യവും കൃത്യമായ യാത്രാസമയവും ട്രെയിനിലാണെങ്കിൽ ഏത് ക്ലാസ്സിൽ യാത്ര ചെയ്തു എന്ന സാക്ഷ്യപത്രവും ബില്ലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ് .

അപാകം ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയ 05.11.2021 തിയ്യതിയിലെ 04/20-21 , 04.03.2022 തിയ്യതിയിലെ 60/20-21 , 16.05.2022 തിയ്യതിയിലെ 91/20-21 നമ്പർ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭിച്ചിട്ടില്ല. യാത്രാബത്ത ഇനത്തിൽ അധികം നല്കിയ തുക കണക്കാക്കി അതാത് ജില്ലാ പഞ്ചായത്ത് മെമ്പർമാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇതിന് സാധിക്കാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടതുക തിരികെ ഈടാക്കേണ്ടതാണ് .

1-71 ലൈഫ് ഭവന നിർമ്മാണം - ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ഇല്ലാത്തതും മറ്റ് അപാകതകളും

നിർവ്വഹണ ഉദ്യോഗസ്ഥൻ -പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്

2020-21 സാമ്പത്തിക വർഷത്തിൽ ഒരു സ്പിൽ ഓവർ പ്രൊജക്ട് ഉൾപ്പെടെ ലൈഫ് ഭവന നിർമ്മാണത്തിനുള്ള ജില്ലാ പഞ്ചായത്ത് വിഹിതം നൽകുന്ന നാല് പ്രൊജക്ടുകളാണ് നടപ്പിലാക്കിയിരിക്കുന്നത്. അവയുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഫയലുകളുടെ സൂക്ഷിപ്പ് - മുഴുവൻ വിവരങ്ങളും ലഭ്യമല്ല.

എസ്.074/21 നമ്പർ പ്രൊജക്ട് പ്രകാരം ലൈഫ് (പി.എം.എ.വൈ-ജി.) ജില്ലാ പഞ്ചായത്ത് വിഹിതം (എസ്.ടി) 57,30,215 രൂപയും പ്രൊജക്ട് എസ്.ഒ. 980/2021(സ്പിൽ ഓവർ) ലൈഫ് - ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (പൊതു വിഭാഗം സാധാരണ വിഹിതം) 24,60,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ടുകൾ നടപ്പിലാക്കിയത് സംബന്ധിച്ച ഓഫീസ് കുറിപ്പുകൾ, കത്തിടപാടുകൾ, ഭരണസമിതി തീരുമാനം, വിവിധ പഞ്ചായത്തുകൾക്ക് തുക അനുവദിച്ച തുക വിനിയോഗിച്ചതിന്റെ സർട്ടിഫിക്കറ്റുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

1.പ്രൊജക്ടുകളുടെ ഭേദഗതി ഫോറങ്ങൾ ഇല്ല

പ്രൊജക്ടുകൾ ഭേദഗതി ചെയ്യുന്ന അവസരങ്ങളിൽ ഭേദഗതി ചെയ്തവയുടെ, പ്രൊജക്ട് രൂപീകരണ ഫോറം 3 ഫയലിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ എസ്.0074/21, എസ്.0064/21 എന്നീ പ്രൊജക്ടുകൾ ഭേദഗതി ചെയ്ത ഫോറങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.പ്രൊജക്ട് രജിസ്റ്ററിൽ തുക നൽകിയതിന്റെ വിശദാംശങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്ത് വിഹിതമായി തുക അനുവദിച്ചതിന്റെ വിവരങ്ങൾ പ്രൊജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. ഓൺലൈൻ പേയ്മെന്റിന്റെ വിശദാംശങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പ്രൊജക്ടിൽ വിഭാവനം ചെയ്ത പ്രകാരമാണോ തുക അനുവദിക്കുന്നതെന്നത് സംബന്ധിച്ച് വ്യക്തതയില്ല.

പ്രൊജക്ട് നം. എസ്.0064/21 പ്രകാരം 9,33,28,062/- രൂപ വകയിരുത്തിയിരിക്കുന്നത് 3333 അംഗങ്ങൾക്ക് ഗുണഭോക്താക്കൾക്ക് 28,000/- രൂപ വീതം ആനുകൂല്യം നൽകുന്നതിനാണ്. പിന്നീട് പ്രൊജക്ട് ഭേദഗതി ചെയ്തതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം 40,000/- രൂപ മുതൽ 3,00,000 രൂപ വരെ ഓരോ ഗുണഭോക്താവിനും അനുവദിച്ചതായി കാണുന്നു. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ 68 വീടുകൾക്കായി 66,64,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 98,000/- രൂപ അനുവദിച്ചിരിക്കുന്നു. ഒരു ഗുണഭോക്താവിന് ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുകയുടെ കൃത്യമായ വിവരം ലഭ്യമാക്കേണ്ടതാണ്.

4.വീടുകളുടെ പൂർത്തീകരണം/പുരോഗതി സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല.

5.ഓരോ പ്രൊജക്ടിലും പൂർത്തീകരിച്ച ഭവനങ്ങളുടെ എണ്ണം, നിർമ്മാണത്തിലെ ഘട്ടങ്ങൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമല്ല.

6.താഴെ പറയുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നമ്പർ/ പേര് | സ്ഥാപനം | തുക |
|---|---|---|---|
| 1 | എസ്.0064/21 ലൈഫ് - പി.എം.എ.വൈ. ജില്ലാ പഞ്ചായത്ത് വിഹിതം<br>പൊതു വിഭാഗം | കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 29,40,000 |
| | | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 17,64,000 |
| | | വടകര ബ്ലോക്ക് പഞ്ചായത്ത് | 98,000 |
| | | ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | 40,000 |
| | | വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് | 1,00,000 |

| | | | |
|---|---|---|---|
| | | | |
| | | വളയം ഗ്രാമപഞ്ചായത്ത് | 40,000 |
| | | വാണിമേൽ ഗ്രാമപഞ്ചായത്ത് | 3,00,000 |
| | | കുന്നമ്മൽ ഗ്രാമപഞ്ചായത്ത് | 4,77,384 |
| | | വേളം ഗ്രാമപഞ്ചായത്ത് | 28,40,000 |
| | | ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് | 24,60,000 |
| | | ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് | 2,00,000 |
| | | ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 2,50,000 |
| | | കായണ്ണ ഗ്രാമപഞ്ചായത്ത് | 13,56,000 |
| | | പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | 12,60,000 |
| | | ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | 10,80,000 |
| | | പനങ്ങാട് ഗ്രാമപഞ്ചായത്ത് | 13,90,000 |
| | | ഉള്ള്യേരി ഗ്രാമപഞ്ചായത്ത് | 5,20,000 |
| | | നൻമണ്ട ഗ്രാമപഞ്ചായത്ത് | 5,50,000 |
| | | താമരശ്ശേരി ഗ്രാമപഞ്ചായത്ത് | 14,00,000 |
| | | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | 12,90,000 |
| | | മാവൂർ ഗ്രാമപഞ്ചായത്ത് | 28,40,000 |
| | | പെരുമണ്ണ ഗ്രാമപഞ്ചായത്ത് | 5,00,000 |
| | | അരിക്കുളം ഗ്രാമപഞ്ചായത്ത് | 3,00,000 |
| | | മൂടാടി ഗ്രാമപഞ്ചായത്ത് | 4,60,000 |
| | | മേപ്പയൂർ ഗ്രാമപഞ്ചായത്ത് | 1,00,000 |

| | | | |
|---|---|---|---|
| | | തുറയൂർ ഗ്രാമപഞ്ചായത്ത് | 2,60,000 |
| | | | 2,48,15,384 |
| 2 | എസ്.069/21 ലൈഫ് - പി.എം.എ.വൈ. ജില്ലാ പഞ്ചായത്ത് വിഹിതം-പട്ടികജാതി | ചോറോട് ഗ്രാമപഞ്ചായത്ത് | 56,400 |
| | | മണിയൂർ ഗ്രാമപഞ്ചായത്ത് | 6,74,432 |
| | | ചെക്യാട് ഗ്രാമപഞ്ചായത്ത് | 2,40,000 |
| | | കുന്നമ്മൽ ഗ്രാമപഞ്ചായത്ത് | 2,20,000 |
| | | വേളം ഗ്രാമപഞ്ചായത്ത് | 8,00,000 |
| | | ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് | 6,80,000 |
| | | ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് | 6,80,000 |
| | | കായണ്ണ ഗ്രാമപഞ്ചായത്ത് | 2,30,000 |
| | | ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | 3,25,000 |
| | | കോട്ടൂർ ഗ്രാമപഞ്ചായത്ത് | 2,60,000 |
| | | പനങ്ങാട് ഗ്രാമപഞ്ചായത്ത് | 33,90,000 |
| | | ഉള്ള്യേരി ഗ്രാമപഞ്ചായത്ത് | 8,60,000 |
| | | തലക്കളത്തൂർ ഗ്രാമപഞ്ചായത്ത് | 5,52,245 |
| | | കാരശ്ശേരി ഗ്രാമപഞ്ചായത്ത് | 95,80,000 |
| | | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | 40,00,000 |
| | | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | 9,95,000 |
| | | മാവൂർ ഗ്രാമപഞ്ചായത്ത് | 13,13,333 |
| | | പെരുമണ്ണ ഗ്രാമപഞ്ചായത്ത് | 42,73,750 |
| | | മേപ്പയൂർ ഗ്രാമപഞ്ചായത്ത് | 14,05,000 |

| | | | |
|---|---|---|---|
| | | | 3,05,35,160 |
| 3 | എസ്.0074/21 ലൈഫ് - പി.എം.എ.വൈ. ജില്ലാ പഞ്ചായത്ത് വിഹിതം-പട്ടികവർഗ്ഗം | ചെക്യാട് ഗ്രാമപഞ്ചായത്ത് | 6,40,000 |
| | | വാണിമേൽ ഗ്രാമപഞ്ചായത്ത് | 6,50,000 |
| | | കാവിലും പാറ ഗ്രാമപഞ്ചായത്ത് | 9,00,000 |
| | | ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് | 1,60,000 |
| | | പനങ്ങാട് ഗ്രാമപഞ്ചായത്ത് | 12,00,000 |
| | | നന്മണ്ട ഗ്രാമപഞ്ചായത്ത് | 15,01,600 |
| | | കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് | 3,00,000 |
| | | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 1,43,000 |
| | | | 54,94,600 |
| 4 | എസ്.980/21(സ്പിൽ ഓവർ ) ലൈഫ് - ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് | 15,80,000 |
| | | നന്മണ്ട ഗ്രാമപഞ്ചായത്ത് | 7,80,000 |
| | | മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് | 1,00,000 |
| | | | 24,60,000 |

ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭിച്ചതിന്റെയും ഓൺലൈൻ പേയ്മെന്റിന്റെ വിശദാംശങ്ങളും ഒരു ഗുണഭോക്താവിന് ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുകയുടെയും കൃത്യമായ വിവരം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 9 / 2020-21 തി. 24.11.2021 ന മറുപടി ലഭിച്ചിട്ടില്ല. മേൽ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-72 മന്ദരത്തുർ പേക്കേജ് -പ്രത്യേക കറവപശു വളർത്തൽ : വിനിയോഗ സാക്ഷ്യപത്രം, അനുബന്ധ രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചില്ല

പ്രോജക്ട് നമ്പർ - SO 976/21

നിർവ്വഹണം - ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം

അടങ്കൽ - 210000/-രൂപ(മൊത്തം അടങ്കൽ 770000/-)

ചെലവ് - 210000/-രൂപ (210000+175000+385000)

മേൽ സൂചിപ്പിച്ച പദ്ധതിയിൽ താഴെ വിവരിച്ച പ്രകാരം210000/- രൂപ സംയുക്ത പ്രോജക്ടിനായി മണിയൂർ ഗ്രാമപഞ്ചായത്തിനു നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 101631060120001 തീയതി | 75000 |
| 2 | 101631060120003തീയതി | 135000 |
| | ആകെ | 210000 |

പ്രൊജക്ട് നടപ്പിലാക്കിയതിന്റെ വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ജി.ഒ.(പി) 177/2006 ധന 12.04.2006, ജി.ഒ.(പി) 119/2015 ധന 21.03.2015 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ(അനുബന്ധം ബി IV) പ്രൊജക്ട് രജിസ്റ്റർ(അനുബന്ധം ബി V) എന്നിവയും സൂക്ഷിച്ചിട്ടില്ല.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 19/2020-21 മറുപടി ലഭിച്ചിട്ടില്ല. രേഖകളുടെ

അഭാവത്തിൽ 210,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-73 എസ്.എസ്.കെ. വിഹിതം - വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

ഫയൽ നമ്പർ - ഡി.2/15944/2021

പ്രൊജക്ട് നമ്പർ - എസ്.ഒ. 021/21,

അടങ്കൽ - 70,00,000/-

ചെലവ് - 60,00,000/- (വികസന ഫണ്ട്)

ബിൽ നമ്പർ - 2016015202820067 4968 /തി-30.10.2020 രൂ. 50 ലക്ഷം

ബിൽ നമ്പർ - 2016015202820144 6514/ തി. 30.03.2021 രൂ. 10 ലക്ഷം

കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2020-21 വർഷത്തെ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയ സമഗ്ര ശിക്ഷാ കേരളം വിഹിതം അനുവദിക്കൽ പദ്ധതിക്ക് 70,00,000/-(എഴുപത് ലക്ഷം ) രൂപ വകയിരുത്തുകയും 60 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ 30.10.2020 ലെ ഡി4/21596/2020 നമ്പർ ഉത്തരവ് നടപടിക്രമപ്രകാരം 50 ലക്ഷം രൂപയും 31.03.2021 ലെ ഡി.4/21596/2020 നമ്പർ നടപടിക്രമ പ്രകാരം 10 ലക്ഷം രൂപയും ചേർത്ത് 60 ലക്ഷം എസ്.എസ്.കെ. കോഴിക്കോടിന് അനുവദിച്ചിട്ടുണ്ട്.

30.10.2020 ലെ ട്രഷറി ബിൽ കോപ്പിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് വെച്ചിട്ടില്ല. 30.10.2020 ന് നൽകിയ 50 ലക്ഷം രൂപയ്ക്ക് 09.10.2020 നം 30.03.2021 ന് നൽകിയ 10 ലക്ഷം രൂപയ്ക്ക് തിയ്യതി വെക്കാത്ത രസീതും ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. നൽകിയിട്ടുണ്ട്. പണം അനുവദിക്കുന്നതിനു മുമ്പേ തുക കൈപ്പറ്റിയതായി രസീത് ലഭിച്ചിട്ടുണ്ട്. പണം കൈപ്പറ്റിയതിനുള്ള ഔദ്യോഗിക കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ, തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിച്ചെന്നോ ഏതെല്ലാം സ്കൂളുകൾക്ക് തുക നൽകിയെന്നോ സംബന്ധിച്ച വിശദമായ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഇല്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 94/2020-21 തി 18.05.2022 ന മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ് എസ് കെ യിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

1-74 ചർക്കകൾക്ക് സ്പെയർ പാർട്സ് വാങ്ങൽ - സാധനങ്ങൾ വിതരണം ചെയ്തതിനു രേഖയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 951/21, |
| അടങ്കൽ | 4,42,400/- (വികസന ഫണ്ട്) (പൊതുവിഭാഗം) |
| ചെലവ് | 4,34,859 ബിൽ നമ്പർ – 20160152030700342999 തിയ്യതി-13/7/2020 6,350 |
| | ബിൽ നമ്പർ - 20160152030700419118 തി.12.08.2020 4,41,209 |

മേൽ പ്രൊജക്ട് പ്രകാരം 4,41,209 രൂപ ചെലവഴിച്ച് ചർക്കകൾക്കുള്ള 38 ഇനം സ്പെയർ പാർട്സുകൾ

നീലവേണി കോട്ടേജ് ഇൻഡസ്ട്രീസ്, കോയമ്പത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. സാധനങ്ങൾ 04.06.2020 ന് ലഭിച്ചിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സ്പെയർ പാർട്സുകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. വികസന ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്പെയർ പാർട്സുകൾ ഖാദി കേന്ദ്രങ്ങൾക്ക് വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 63/2020-21 തി 7.03.2022 ന നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതായും ഖാദി യൂണിറ്റുകൾക്ക് വിതരണം ചെയ്തതായും അറിയിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരായിട്ടില്ല. രേഖകളുടെ അഭാവത്തിൽ 441209/-രൂപ തടസ്സത്തിൽ വെക്കുന്നു.

1-75 കമ്പ്യൂട്ടറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S0057/21 , ജി.ഐ.എഫ്.ടി വടകര കൺസ്യൂമബിൾസ്, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ടെയിലറിംഗ് & ഗാർമെന്റ് മെയ്ക്കിംഗ് ട്രെയിനിംഗ് സെന്റർ, വടകര |
| അടങ്കൽ | 650000/-(മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് - | 619993/-രൂപ |
| | 1. 3/20-21 Dt. 27.01.2021 612990/- |
| | 2. 4/20-21 Dt. 28.01.2021 5450/- |
| | 3. 6/20-21 Dt. 17.03.2021 568080 |

മേൽപ്പറഞ്ഞ പ്രോജക്റ്റ് പ്രകാരം ജി.ഐ.എഫ്.ടി വടകര സെന്ററിലേക്ക് 20 ലാപ് ടോപ് കമ്പ്യൂട്ടറുകൾ CPRCS മുഖേന ഒന്നിന് 28,404 രൂപ നിരക്കിൽ 568080/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. Stock Register Of Equipments & Machineries And Furniture Vol. I പേജ് 14 ൽ 20 ലാപ് ടോപ് കമ്പ്യൂട്ടറുകൾ വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വിലയോ സ്പെസിഫിക്കേഷനോ എഴുതിയില്ല. ധനകാര്യ വകുപ്പിന്റെ 24.09.2010 ലെ 86/2010 ഫിൻ നമ്പർ സർക്കുലർ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുകയോ സോഫ്റ്റ് വെയറിന്റേയും ഹാർഡ് വെയറിന്റേയും വിശദാംശങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം 1. അസംസ്കൃത വസ്തുക്കൾ & എക്സ്പെൻഡബിൾ സ്റ്റോഴ്സ്, 2. ഓഫീസ് ഫർണ്ണിച്ചർ, 3, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ എല്ലാ ഉപകരണങ്ങളുടേയും ഫർണ്ണിച്ചറുകളുടേയും മറ്റ് വസ്തുക്കളുടേയും വിവരം ഒരേ രജിസ്റ്ററിൽ തന്നെയാണ് രേഖപ്പെടുത്തിയത്. ധനകാര്യ വകുപ്പിന്റെ 24.09.2010 ലെ 86/2010 ഫിൻ നമ്പർ സർക്കുലർ പ്രകാരം കമ്പ്യൂട്ടറുകൾക്കും സോഫ്റ്റ് വെയറുകൾക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട് സർക്കുലറിലെ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്. കമ്പ്യൂട്ടറുകൾ അനുബന്ധ ഹാർഡ് വെയറുകൾ എന്നിവയുടെ വിശദാംശങ്ങളും, കമ്പ്യൂട്ടറിന്റെ Configuration, Make Version, Vendor, Guarantee/warantee വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ എഴുതേണ്ടതാണ്. ഓരോ ആറു മാസത്തിലോ, പുതിയ കമ്പ്യൂട്ടറോ സോഫ്റ്റ് വെയറോ സ്ഥാപിക്കുമ്പോഴോ, മാറ്റം വരുത്തുമ്പോഴോ ഓഫീസ് മേധാവി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. സോഫ്റ്റ് വെയറുകളുടെ ഒറിജിനൽ സിഡി/ഡിവിഡി എന്നിവ ലൈസൻസ് സർട്ടിഫിക്കറ്റ് സഹിതം ഓഫീസ് മേധാവി സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതുമാണ്. ധനകാര്യ

വകുപ്പ് സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 66/2020-21 തി. 10.03.2022 ന മറുപടി ലഭിച്ചിട്ടില്ല. കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-76 ഉയർന്ന നിരക്കിലുള്ള ലാപ് ടോപ്പുകൾ വാങ്ങിയതും പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാത്തതും

| | |
|---|---|
| പ്രോജക്ട് നമ്പർ , പേര് | S0005/21<br>ജി.ഐ.എഫ്.ടി മലാപ്പറമ്പിലേക്ക് കൺസ്യൂമബിൾസ്, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ടെയിലറിംഗ് & ഗാർമെന്റ് മെയ്ക്കിംഗ് ട്രെയിനിംഗ് സെന്റർ, കോഴിക്കോട് -1 |
| അടങ്കൽ | 750000/-(മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് | 712740/-രൂപ<br>1. 2/20-21 തീയതി 11.02.2021 612990/-<br>2. 3/20-21 " 30.03.2021 99750/- |

മേൽപ്പറഞ്ഞ പ്രോജക്ട് പ്രകാരം ജി.ഐ.എഫ്.ടി മലാപ്പറമ്പിലേക്ക് 9 ലാപ് ടോപ് കമ്പ്യൂട്ടറുകൾ CPRCS മുഖേന ഒന്നിന് 68,110 രൂപ നിരക്കിൽ 6,12,990/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. Machineries And Furniture Stock Register Vol. 1 പേജ് 35 ൽ 9 ലാപ് ടോപ് കമ്പ്യൂട്ടറുകൾ വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ സ്പെസിഫിക്കേഷൻ എഴുതിയില്ല. ധനകാര്യ വകുപ്പിന്റെ 24.09.2010 ലെ 86/2010 ഫിൻ നമ്പർ സർക്കുലർ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുകയോ സോഫ്റ്റ് വെയറിന്റേയും ഹാർഡ് വെയറിന്റേയും വിശദാംശങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം 1. അസംസ്കൃത വസ്തുക്കൾ & എക്സ്പെൻഡബിൾ സ്റ്റോഴ്സ്, 2. ഓഫീസ് ഫർണ്ണിച്ചർ, 3, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ മെഷിനറികൾ ഫർണ്ണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവയോടൊരുമിച്ചാണ് ലാപ്ടോപ്പിന്റെ വിശദാംശങ്ങളും രേഖപ്പെടുത്തിയത്. വകുപ്പിന്റെ 24.09.2010 ലെ 86/2010 ഫിൻ നമ്പർ സർക്കുലർ പ്രകാരം കമ്പ്യൂട്ടറുകൾക്കും സോഫ്റ്റ് വെയറുകൾക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ട് സർക്കുലറിലെ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്. കമ്പ്യൂട്ടറുകൾ, സോഫ്റ്റ് വെയറുകൾ എന്നിവയുടെ വിശദാംശങ്ങളും, കമ്പ്യൂട്ടറിന്റെ Configuration, Make Version, Vendor, Guarantee/warantee വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ എഴുതേണ്ടതാണ്. ഓരോ ആറു മാസത്തിലോ, പുതിയ കമ്പ്യൂട്ടറോ സോഫ്റ്റ് വെയറോ സ്ഥാപിക്കുമ്പോഴോ, മാറ്റം വരുത്തുമ്പോഴോ ഓഫീസ് മേധാവി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. സോഫ്റ്റ് വെയറുകളുടെ ഒറിജിനൽ സിഡി/ഡിവിഡി എന്നിവ ലൈസൻസ് സർട്ടിഫിക്കറ്റ് സഹിതം ഓഫീസ് മേധാവി സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ സെന്ററിൽ സൂക്ഷിച്ചിട്ടുള്ള Machineries And Furniture Stock Register Vol.I നമ്പർ സ്റ്റോക്ക് അക്കൗണ്ട് രജിസ്റ്റർ ഇപ്രകാരമല്ല സൂക്ഷിച്ചിരിക്കുന്നത്.

മേൽപ്പറഞ്ഞ സർക്കുലർ പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും കമ്പ്യൂട്ടറുകൾ ലഭിച്ചത് സംബന്ധിച്ച ഡെലിവറി ടാക്സ് ഇൻവോയ്സ്/ക്യാഷ്ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാലും 15.02.2021ലെ Tvm/ITGB/PI/RC/21294/ 20-21 പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകൾ തന്നെയാണോ ലഭിച്ചതെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. കമ്പ്യൂട്ടറുകളുടേയും സോഫ്റ്റ് വെയറിന്റേയും വിശദാംശങ്ങൾ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്റർ

സൂക്ഷിക്കേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147(i) പ്രകാരം സ്റ്റോറുകൾ സ്വീകരിക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ, അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണ് ലഭിച്ചിട്ടുള്ളതെന്ന് ഉറപ്പ് വരുത്തേണ്ടതും ആർട്ടിക്കിൾ 148 (Iv) പ്രകാരം സ്റ്റോക്ക് രജിസ്റ്ററിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത വിവരം ബില്ലിന്റെ ഓഫീസ് കോപ്പിയിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബിൽ കോപ്പി ഫയലിൽ ലഭ്യമല്ല.

2020-21 സാമ്പത്തിക വർഷത്തിൽ തന്നെ S0057/21 നമ്പർ പ്രോജക്ട് പ്രകാരം ജി.ഐ.എഫ്.ടി വടകര സെന്ററിലേക്ക് 20 ലാപ് ടോപ് കമ്പ്യൂട്ടറുകൾ ഒന്നിന് 28,404 രൂപ നിരക്കിലാണ് കെൽട്രോണിൽ നിന്നും വാങ്ങിയിരിക്കുന്നത്. ഇതിനായി 5,68.080 രൂപ മാത്രമാണ് ചെലവഴിച്ചത്. എന്നാൽ മലാപ്പറമ്പ് സെന്ററിൽ ലാപ് ടോപ് ഒന്നിന് 68110 രൂപ നിരക്കിൽ 6,12,990/- രൂപ ചെലവഴിച്ച് 9 ലാപ് ടോപ്പുകളും വാങ്ങിയത്. ഒരേ പഠനാവശ്യത്തിന് വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാനുള്ള ലാപ് ടോപുകളിൽ വടകര സെന്റർ വാങ്ങിയതിനേക്കാൾ ഒരു ലാപ് ടോപിന് 39,706/- രൂപ അധികം വരുന്ന തരത്തിലുള്ള സ്പെസിഫിക്കേഷനിലുള്ള ലാപ് ടോപ്പ് വാങ്ങിയത് വഴി 3,57,354/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വടകര സെന്റർ വാങ്ങിയതിന്റെ ഇരട്ടിയിലധികം തുകയ്ക്ക് വരുന്ന ലാപ് ടോപ്പ് വാങ്ങാനുണ്ടായ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 67/2020-21 തി 10.03.2022 ന മറുപടി ലഭിച്ചിട്ടില്ല. ആവശ്യത്തിലധികം വരുന്ന സ്പെസിഫിക്കേഷനിലുള്ള ലാപ് ടോപ്പ് വാങ്ങുക വഴി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അധികം ചെലവായ 3,57,354/-രൂപ തടസ്സത്തിൽ വെക്കുന്നു. അധിക സ്പെസിഫിക്കേഷനിലുള്ള ലാപ് ടോപ്പ് വാങ്ങാനുള്ള കാരണം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധിക ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതാണ്.

ഡെലിവറി ഇൻവോയ്സ്, കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-77 ജില്ലാ പഞ്ചായത്തിന്റെ കണ്ടിജന്റ് ചെലവ് രജിസ്റ്റർ , അസാധാരണ ചെലവ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ദൈനംദിന ഭരണത്തിനാവശ്യമായ ചെലവുകളാണ് കണ്ടിജന്റ് ചെലവുകൾ. 27.05.1998 തിയ്യതിയിലെ ജി.ഒ (എം.എസ്)107/98/ത.ഭ.വ പ്രകാരം താഴെപ്പറയുന്നവ കണ്ടിജന്റ് ചെലവുകളിൽ ഏതെല്ലാം ചെലവിനം ഉൾപ്പെടുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 04.09.2004 തിയ്യതിയിലെ സ.ഉ (എം.എസ്) 271/2004/ത.ഭ.വ ഉത്തരവ് പ്രകാരം ഇത്തരം കണ്ടിജന്റ് ചെലവുകൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട് . ജില്ലാ പഞ്ചായത്തുകൾക്ക് ഒരു പ്രാവശ്യം 10,000 രൂപയും ഒരു മാസം 20,000 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ള പരിധി.

ഇതു പോലെ തന്നെ 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം ഏതൊക്കെയാണ് അസാധാരണ ചെലവുകൾ എന്നതും നിർവ്വചിച്ചിട്ടുണ്ട് .

ഇവയിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു .

| ക്രമ നമ്പർ | ചെലവിനം |
|---|---|
| 1. | കലാ സാംസ്കാരിക മത്സരങ്ങളും കായിക വിനോദങ്ങളും സംഘടിപ്പിക്കുന്നതിന് |
| 2. | പഞ്ചായത്ത് സമ്മേളനത്തിന്റേയോ, പഞ്ചായത്തുകളുടെ |

| | |
|---|---|
| | സംഘടനകളുടേയോ ചെലവിലേക്കുള്ള സംഭാവന |
| 3. | വിജയികൾക്കുള്ള സമ്മാനദാനത്തിന്. |
| 4. | കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന്. |
| 5. | പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനത്തിന്. |
| 6 | സർക്കാരും മറ്റ് ത.സ്വ.ഭ. സ്ഥാപനങ്ങളും ചേർന്ന് നടത്തുന്ന നടത്തുന്ന മറ്റ് ചെലവുകൾക്ക്. |
| 7. | പ്രകൃതി ക്ഷോഭത്തെ തുടർന്ന് അനിവാര്യമാകുന്ന അടിയന്തിര ദുരിതാശ്വാസ നടപടികൾക്ക്. |

മേൽ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ മുൻവർഷത്തെ തനത് വരുമാനത്തിന്റെ 25 ശതമാനം അല്ലെങ്കിൽ 2 ലക്ഷം രൂ. ഏതാണോ കുറവ് അതാണ് അസാധാരണ ചെലവുകൾക്ക് നിശ്ചയിച്ച പരിധി. ഈ പരിധി പാലിക്കുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിന് ചട്ടം 5 പ്രകാരം ഒരു രജിസ്റ്റർ പരിപാലിക്കേണ്ടതുണ്ട് .

2020-21 സാമ്പത്തിക വർഷത്തെ കണ്ടിജന്റ് ചെലവ് രജിസ്റ്റർ , അസാധാരണ ചെലവ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നല്കിയ 03.11.2021 തിയ്യതിയിലെ 03/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ , രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല .

1-78 വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകളുടെ വില - 1.71 കോടി രൂപയുടെ കുടിശ്ശിക - പിരിച്ചെടുക്കുന്നതിൽ നിയമാനുസൃത നടപടി സ്വീകരിക്കുന്നില്ല.

ചെറുവണ്ണൂർ - നല്ലളം വ്യവസായ എസ്റ്റേറ്റിലെ 45 പ്ലോട്ടുകൾ വ്യവസായികൾക്ക് വിൽപനയ്ക്കും ഹയർപർച്ചേസിനും നൽകുന്നതിനുള്ള സർക്കാർ അംഗീകരിച്ച വ്യവസായ എസ്റ്റേറ്റിന്റെ പ്രവർത്തനം സംബന്ധിച്ച നിയമാവലിയിലെ വ്യവസ്ഥ (2) പ്രകാരം ഭൂമിയുടെ വില സെന്റൊന്നിന് 1,31,000 രൂപയായി നിശ്ചയിച്ചിരുന്നു. ഭൂമി ലഭിക്കുന്ന അലോട്ടി ആയത് കൈവശപ്പെടുത്തുന്നതിനു മുൻപായി വിലയുടെ 20% അടച്ചിരിക്കണം. ബാക്കി വരുന്ന 80% തുക 9% വാർഷിക പലിശ നിരക്കിൽ 10 വാർഷിക ഗഡുക്കളായി 10 വർഷ കാലപരിധിക്കുള്ളിൽ ജില്ലാ പഞ്ചായത്തിൽ അടച്ചുതീർക്കേണ്ടതാണ്. നിയമാവലിയിലെ വ്യവസ്ഥ (15) പ്രകാരം ഗഡുക്കൾ കുടിശ്ശിക വരുത്തിയാൽ ആയത് അടവാക്കുന്ന നാൾവരെ 9% പലിശ ഈടാക്കുന്നതും വീഴ്ച വരുത്തുന്നപക്ഷം ഓരോ ഗഡുവിനും താമസം വരുത്തിയ ദിവസം മുതൽ തുക അടവാക്കുന്ന ദിവസം വരെ 2% പിഴപലിശ ഈടാക്കുന്നതാണ്.

ജില്ലാ വ്യവസായ കേന്ദ്രത്തിൽ കൈകാര്യം ചെയ്തു വരുന്ന പ്ലോട്ട് ഹയർ പർച്ചേസ് റീപെയ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 16 പ്ലോട്ടുടമകളിൽ നിന്ന് 31.12.2021 ൽ ഗഡു, പലിശ, പിഴപലിശ ഇനത്തിൽ 1,71,37,661 കുടിശ്ശികയായി ഈടാക്കാൻ ബാക്കിയുണ്ട് (താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന പലിശ, പിഴപലിശ എന്നിവ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്"). ക്രമ നം. 1 ഒഴികെ എല്ലാ പ്ലോട്ടുകളുടെയും ഹയർപർച്ചേസ് വില അടവാക്കാനുള്ള 10 വർഷ കാലാവധി അവസാനിച്ചിരിക്കയാണ്. രജിസ്റ്റർ പ്രകാരമുള്ള വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ | പ്ലോട്ട് നം | ഉടമയുടെ പേര് | വാർഷിക ഗഡു | കുടിശ്ശിക | പലിശ | പിഴ പലിശ | ആകെ | അവ സാന | 10 വർഷ |
|---|---|---|---|---|---|---|---|---|---|

| നം. | | | | | 31.03.22 വരെ | 31.03.22 വരെ | | ഗഡു അടവാക്കിയ തീയതി | കാലവധി പൂർത്തിയാകുന്ന തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8= 5+6+7 | 9 | 10 |
| 1. | 2എ | ടി. മുജീബ് റഹ്മാൻ | 284333 | 810153 | 152819 | 24980 | 987952 | 25.02.20 | 01.01.23 |
| 2. | 10 | ഡോ. ഷീബ& ഡോ.വിനോദ് | 69879 | 298278 | 196594 | 43687 | 538559 | 05.12.14 | 01.11.19 |
| 3. | 13ബി | എം. പ്രസന്നൻ | 48414 | 180426 | 65442 | 14543 | 260411 | 21.03.18 | 01.05.20 |
| 4. | 14 | എം. നഫീസ | 184809 | 369768 | 146337 | 32519 | 548624 | 07.11.17 | 01.11.19 |
| 5. | 16,17,18 | മധു.സി.ജി. | 349197 | 2094573 | 834099 | 185355 | 3114027 | 28.10.14 | 01.11.19 |
| 6. | 19,20 | സി.പി. ഫാത്തിമ | 206196 | 823845 | 191967 | 42659 | 1058471 | 29.08.19 | 01.11.19 |
| 7. | 24 | രമിത പി. | 55863 | 264073 | 179203 | 38490 | 481766 | 18.12.14 | 01.11.19 |
| 8. | 25എ | സുന്ദർ രാജൻ | 134029 | 1328929 | 26214 | 5825 | 1360968 | 30.04.16 | 01.09.20 |
| 9. | 25ബി | സക്കീർ ഹുസൈൻ | 131718 | 1005624 | 66206 | 14712 | 1086542 | 07.07.21 | 01.05.20 |
| 10. | 30 | അപ്പുക്കുട്ടൻ പി. | 116459 | 790797 | 262653 | 58367 | 1111817 | 23.07.18 | 01.11.19 |
| 11. | 32,32എ | സി.വി. ഗോകുൽ ദാസ് | 94662 | 111594 | 25122 | 5583 | 142299 | 30.09.19 | 01.11.19 |
| 12. | 33 | അബ്ദുൾ മനാഫ് ഇ. | 116328 | 1120535 | 719199 | 159822 | 1999556 | 13.02.15 | 01.11.19 |
| 13. | 34 | സതീഷ് കുമാർ പി. | 116459 | 1164590 | 253274 | 56283 | 1474147 | 31.10.19 | 01.11.19 |
| 14. | 35 | ഷരീഫ് അബ്ദുൾ | 202212 | 553720 | 116736 | 25941 | 696397 | 27.11.19 | 01.11.19 |
| 15. | 38 | സി.എം. മുസ്തഫ | 93057 | 930624 | 217537 | 48352 | 1196513 | 26.08.19 | 01.11.19 |
| 16. | 39 | അശ്വിൻ പവിത്രൻ | 238944 | 712596 | 300286 | 66730 | 1079612 | 06.07.17 | 01.5.20 |
| ആകെ | | | | | | | 17137661 | | |

നിയമാവലിയിലെ വ്യവസ്ഥ (17) അനുസരിച്ച് വീഴ്ച വരുത്തുന്ന ഗഡു, പിഴപലിശ സഹിതം രണ്ട് വർഷം വരെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അധികാരം ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. അലോട്ടി അടവാക്കാനുള്ള കുടിശ്ശിക കേരള റവന്യൂ റിക്കവറി ആക്ട് അനുസരിച്ച് ജില്ലാ പഞ്ചായത്തിനുള്ള കുടിശ്ശിക എന്ന് കണക്കാക്കി നടപടി സ്വീകരിച്ച് വസൂലാക്കുന്നതിനുള്ള അധികാരം ജില്ലാ

പഞ്ചായത്തിനുണ്ട്. മേൽ പട്ടികയിൽ ഉൾപ്പെട്ട ഗഡുക്കളും പലിശയും അടവാക്കുന്നതിൽ വീഴ്ച വരുത്തിയ മുഴുവൻ പേരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് നിയമാവലി വ്യവസ്ഥ ചെയ്യും പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചില്ല. പട്ടികയിലെ 2, 5, 7, 12 എന്നീ ക്രമനമ്പർ അനുസരിച്ചുള്ള പ്ലോട്ടുടമകൾ അവസാനമായി പണം അടവാക്കിയത് 7 വർഷങ്ങൾക്ക് മുൻപാണ്. കുടിശ്ശിക വരുത്തിയ പ്ലോട്ടുടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കാൻ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ തുടർച്ചയായി ആവശ്യപ്പെടുന്നുണ്ടെങ്കിലും ജില്ലാ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ല. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ, പ്ലോട്ട് ഓണേർസ് അസോസിയേഷന്റെ 2 പ്രതിനിധികൾ, എൽ.എസ്.ജി.ഡി എഞ്ചിനീയർ, വാർഡ് കൗൺസിലർ, ജില്ലാ പഞ്ചായത്ത് നിർദ്ദേശിക്കുന്ന രണ്ടംഗങ്ങൾ എന്നിവരുൾപ്പെട്ട വ്യവസായ എസ്റ്റേറ്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ 13.06.2016 ലെ 03/16 നം. തീരുമാനപ്രകാരം അടവിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കെതിരെ ലാന്റ് അസൈൻമെന്റ് റൂൾ അനുസരിച്ച് റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ കമ്മിറ്റിയുടെ അവസാന യോഗം നടന്നത് 28.06.2018 നാണ്. പ്രസ്തുത തീയതിക്കുശേഷം യോഗം ചേരാതിരുന്നതിനുള്ള കാരണം വ്യക്തമല്ല. കൂടാതെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 09.04.2019 ലെ 18/19(23) തീരുമാനപ്രകാരം പ്ലോട്ടുകളുടെ വില തിരിച്ചടവാക്കുന്നതിൽ വീഴ്ച വരുത്തിയ 17 പേർക്ക് നോട്ടീസ് അയക്കുവാനും ഒരു മാസത്തിനകം അനുകൂല നടപടി ഉണ്ടാകാത്തപക്ഷം മറ്റൊരറിയിപ്പ് കൂടാതെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് വ്യവസായകേന്ദ്രം മാനേജർക്ക്/ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അനുവാദം നൽകിയിട്ടുണ്ട് (2017-18 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 3-50(1) കൂടി കാണുക). നിയമാനുസൃതം കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി നിരവധി കത്തിടപാടുകളും തീരുമാനങ്ങളും ഉണ്ടാകുന്നതല്ലാതെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

വികസനഫണ്ട് ഉപയോഗിച്ച് വികസിപ്പിച്ച വ്യവസായ പ്ലോട്ടിന്റെ വില തിരികെ ലഭിക്കുന്നത് ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കാണ്. വികസനഫണ്ട് തിരികെ ലഭിക്കുമ്പോൾ സർക്കാരിലേക്ക് ആയത് തിരിച്ചടവാക്കേണ്ടതുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.68 / 2020-21/14.03.2022) ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. നോട്ട് നിരോധനം, പ്രളയം, മഹാമാരി എന്നിവ കാരണമുണ്ടായ സാമ്പത്തിക പ്രതിസന്ധിഘട്ടത്തിലായതിനാലാണ് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാതിരുന്നതെന്നാണ് മറുപടിയിൽ വ്യക്തമാക്കുന്നത്. എന്നാൽ മേൽ പട്ടികയിലെ 2,5,7,12 എന്നീ ക്രമനമ്പർ അനുസരിച്ചുള്ള പ്ലോട്ടുടമകൾ അവസാനമായി പണം അടവാക്കിയത് 7 വർഷങ്ങൾക്ക് മുൻപാണ്. അതായത് മേൽപറഞ്ഞ ദുരന്ത കാലത്തിനു മുൻപെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാമായിരുന്നു. വികസനഫണ്ട് സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിനുള്ള നിർദ്ദേശം ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുമെന്ന് പ്രസ്തുത മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

പ്ലോട്ടുകളുടെ വിലയിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വികസനഫണ്ട് ഉപയോഗിച്ച് വികസിപ്പിച്ച വ്യവസായ എസ്റ്റേറ്റിന്റെ പ്ലോട്ടുകളുടെ വില തിരികെ ലഭിച്ചതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കേണ്ടതും സർക്കാരിലേക്ക് അടക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-79 മാർഗ്ഗരേഖയിൽ അനുവദിക്കുന്ന പരിധിയിലധികം തുക ധനസഹായം നൽകി - സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0041/2, ഇരിങ്ങല്ലൂർ കയർ സൊസൈറ്റിക്ക് അടിസ്ഥാന സൗകര്യ വികസനം - ധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മാനേജർ, ജില്ലാ വ്യവസായകേന്ദ്രം |
| അടങ്കൽ, ഫണ്ടിനം | 30 ലക്ഷം, വികസന ഫണ്ട്(ജനറൽ) |
| ചെലവ്, ബിൽ നം. | 30,00,000/- BRN 20160152026301065141 തീയതി. 10.02.2021 |

ഇരിങ്ങല്ലൂർ കയർ സഹകരണ സംഘത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി 2018-19 വർഷത്തിൽ S1249/19 നമ്പർ പ്രോജക്ട് പ്രകാരം 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ(കൈ)നം. 22/2018/തസ്വഭവ, തീയതി. 14.02.2018) ഖണ്ഡിക നം. 6.14 പ്രകാരം സഹകരണ സംഘത്തിന് അനുവദിക്കാവുന്ന പരമാവധി ധനസഹായം 15 ലക്ഷം രൂപയാണ്. ആയതിനാൽ മേൽ പ്രോജക്ട് ഉൾപ്പെടെ 5 പ്രോജക്ടുകൾ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശത്തിനായി അയയ്ക്കുകയും സമിതിയുടെ 31.12.2018 ലെ 4.16, 27.02.2019 ലെ 2.1 എന്നീ തീരുമാനങ്ങളുടെയും നം. 1085/2019/ തസ്വഭവ (സാധാ)/ 29.05.2019 സർക്കാർ ഉത്തരവിന്റെയും

അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. മേൽ ഉത്തരവ് പ്രകാരം അനുമതി ലഭിച്ച സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുകയും ചെയ്തു. ഇരിങ്ങല്ലൂർ കയർ സൊസൈറ്റിയുടെ പദ്ധതി നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന സമയത്ത് പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അനുമതി ലഭിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിക്കേണ്ടി വന്നു. 2018 ലെ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരം തരം മാറ്റിയ ഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഒളവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.08.2020 ലെ ബി.എൽ. നം.137/20-21 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 2020-21 ൽ സംഘത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായിത്തന്നെ 30 ലക്ഷം രൂപ അടങ്കലിൽ പുതിയൊരു പ്രോജക്ട് ആവിഷ്കരിച്ചു. ഇരിങ്ങല്ലൂർ കയർ സഹകരണ സംഘത്തിന് അനുവദിക്കുന്ന തുക മേൽപറഞ്ഞ മാർഗ്ഗരേഖയിൽ നിശ്ചയിച്ച പരിധിയേക്കാൾ കൂടുതലായതിനാൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് 2020-21 ലെ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുകൂല തീരുമാനമുണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്ന് വ്യവസായ കേന്ദ്രം മാനേജർ 21.01.2021 ലെ കത്ത് മുഖേന ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചില്ല. മാർഗ്ഗരേഖയ്ക്കുതീതമായി തയ്യാറാക്കിയ ഈ പ്രോജക്ടിന് സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെയോ സർക്കാറിന്റെയോ അനുമതിയില്ല. 2018-19 ൽ സംഘത്തിന് 30 ലക്ഷം രൂപ നൽകാമെന്ന സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഉത്തരവിന്റെ പിൻബലത്തിലാണ് 2020-21 ലെ പ്രോജക്ട് നടപ്പിലാക്കിയത്.

2020-21 ൽ ഏകവർഷ പ്രോജക്ട് ആയി ആവിഷ്കരിച്ച പദ്ധതിക്ക് 2021 ജനുവരിയിൽ 30 ലക്ഷം രൂപ അനുവദിച്ചെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ഓഡിറ്റ് തീയതിയായ18.02.2022 വരെയും പൂർത്തീകരിച്ചില്ല. സഹകരണ സംഘം ഡയറക്ടർ ബോർഡിന്റെ ഒരു യോഗം 11.09.2021 ന് ജില്ലാ വ്യവസായ കേന്ദ്രത്തിൽ വെച്ച് നടന്നിരുന്നു. നിർമ്മാണം ആരംഭിക്കാത്തതിനെ സംബന്ധിച്ച് ചർച്ച ചെയ്യുകയും പ്രവൃത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനും വ്യവസായ കേന്ദ്രം മാനേജർ നിർദ്ദേശം നൽകി. വ്യവസായ കേന്ദ്രം മാനേജർക്ക് സംഘം ഭാരവാഹികൾ അയച്ച 23.09.2021 ലെ കത്തിൽ എത്രയും പെട്ടെന്ന് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. അതായത് 2020-21 ൽ ആരംഭിച്ച പദ്ധതി, 2021-22 സാമ്പത്തിക വർഷത്തിലെ പകുതിയോളം സമയം കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രോജക്ട് റിപ്പോർട്ടിന്റെ ഖണ്ഡിക നം. 44 ൽ ധനസഹായം കൃത്യമായി വിനിയോഗിച്ചു എന്ന് ഉറപ്പ് വരുത്താൻ ചെറുകിട വ്യവസായ യൂണിറ്റ് മോണിട്ടറിംഗിന് വിധേയമാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും മോണിട്ടറിംഗ് നടത്തിയില്ല.

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. 2020-21 ൽ പുതുതായി ആവിഷ്കരിച്ച മേൽ പദ്ധതിക്ക് (S0041/21) മാർഗ്ഗരേഖയിൽ നിശ്ചയിച്ച പരിധിയേക്കാൾ കൂടുതൽ ധനസഹായം അനുവദിച്ച് പ്രോജക്ട് നടപ്പിലാക്കുന്നതിന് സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെയോ സർക്കാരിന്റെയോ അനുമതി ലഭ്യമാക്കിയില്ല.

2. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 22/2018/തസ്വഭവ, തീയതി. 14.02.2018) യിലെ ഖണ്ഡിക നം. 6.10.4(2) പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ ധനസഹായം നൽകുന്നതിന് തൊട്ട് മുൻപുള്ള വർഷമെങ്കിലും സ്ഥാപനം പ്രവർത്തന ലാഭം ഉള്ളതായിരിക്കണമെന്നും ഓഡിറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും നിർമ്മാണ പ്രവൃത്തികൾ ഉണ്ടെങ്കിൽ പ്ലാൻ സമർപ്പിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. പ്രവർത്തന ലാഭം സംബന്ധിച്ച റിപ്പോർട്ടോ പ്ലാനോ സംഘം ലഭ്യമാക്കിയില്ല.

3. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 22/2018/തസ്വഭവ, തീയതി. 14.02.2018) യിലെ ഖണ്ഡിക നം. 6.14 പ്രകാരം ആകെ അടങ്കലിന്റെ മൂന്നിൽ രണ്ട് ഭാഗം സഹകരണ സംഘത്തിന്റെ മാച്ചിംഗ് ഗ്രാന്റായി മുടക്കാൻ സംഘം സന്നദ്ധമായിരിക്കണമെന്ന നിബന്ധനയുണ്ട്. സംഘം സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം ആകെ അടങ്കൽ തുക 55 ലക്ഷം രൂപയാണ്. 30 ലക്ഷം രൂപ സംഘത്തിന് അനുവദിച്ച

സാഹചര്യത്തിൽ ഈ നിബന്ധന പാലിക്കപ്പെടുന്നതെങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

4. മേൽ ഉത്തരവിലെ ഖണ്ഡിക നം. 6.10.7 അനുസരിച്ച് ബാക്ക് എൻഡഡ് സബ്സിഡിയായാണ് ധനസഹായം നൽകേണ്ടത്. അത്തരത്തിൽ തുക കൈമാറാതിരുന്നതിനുള്ള കാരണം.

5. ആനുകൂല്യം നൽകുന്നതിനായി ഗുണഭോക്താവിനെ (സംഘത്തെ) തെരഞ്ഞെടുത്ത രീതി വ്യക്തമാക്കിയില്ല. (മേൽ പറഞ്ഞ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 6.10(6,8,9) കാണുക.

6. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.73/ 2020-21/15.03.2022) ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ കൊണ്ടാണ് അപാകതകൾ സംഭവിച്ചതെന്നാണ് അറിയിച്ചത് അംഗീകരിക്കാവുന്നതല്ല. മേൽ അപാകങ്ങളുടെ വെളിച്ചത്തിൽ 30,00,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-80 വ്യവസായ എസ്റ്റേറ്റിൽ പ്ലോട്ടുകൾ അലോട്ട് ചെയ്ത് 12 വർഷത്തിനു ശേഷവും സംരംഭം ആരംഭിച്ചില്ല.

ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ചെറുവണ്ണൂർ - നല്ലളം മിനി വ്യവസായ എസ്റ്റേറ്റിൽ ആകെയുള്ള 45 പ്ലോട്ടുകളിൽ 44 എണ്ണം 39 വ്യവസായ സംരംഭകർക്കായി 2010-11 വർഷവും ഒരു പ്ലോട്ട് 2012-13 ലും ഹയർ പർച്ചേസ് വ്യവസ്ഥയിൽ അലോട്ട് ചെയ്തിട്ടുണ്ട്. 07.03.2022 ൽ ജില്ലാ വ്യവസായ കേന്ദ്രം അധികൃതരുടെ സാന്നിദ്ധ്യത്തിൽ വ്യവസായ എസ്റ്റേറ്റ് സന്ദർശിച്ചതിൽ 3 പ്ലോട്ടുകളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചില്ലെന്ന് കണ്ടു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്ലോട്ട് നം | അലോട്ടിയുടെ പേര് | അലോട്ട് ചെയ്ത തീയതി | ആരംഭിക്കാനുദ്ദേശിച്ച സംരംഭം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1. | 8 | കുഞ്ഞാമുട്ടി എം. | 17.02.2011 | പേപ്പർ ക്യാരി ബാഗ് | കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചില്ല. വ്യവസായ സംരംഭം ആരംഭിച്ചില്ല. പ്ലോട്ടിന്റെ മുഴുവൻ വിലയും അടവാക്കിയിട്ടുണ്ട്. |
| 2. | 33 | അബ്ദുൾ മനാഫ്.ഇ | 13.04.2010 | ബാറ്ററി അസംബ്ലിംഗ് | 3 നില കെട്ടിടം നിർമ്മിച്ചതല്ലാതെ |

| | | | | | |
|---|---|---|---|---|---|
| | | | | | വ്യവസായസംരംഭം ആരംഭിച്ചില്ല. പ്ലോട്ടിന്റെ വിലയിൽ 11,20,535 രൂപ അടവാക്കാൻ ബാക്കിയുണ്ട്. അവസാന ഗഡു അടവാക്കിയത് 13.02.2015 നാണ്. |
| 3. | 38 | മുസ്തഫ സി.എം | 13.04.2010 | ബേബി സൈക്കിൾ | കെട്ടിടത്തിന്റെ സ്ട്രക്ചർ നിർമ്മാണം മാത്രമേ കഴിഞ്ഞുള്ളൂ. വ്യവസായ സംരംഭം തുടങ്ങിയില്ല. പ്ലോട്ടിന്റെ വിലയിൽ 9,30,624 രൂപ അടവാക്കാൻ ബാക്കിയുണ്ട്. അവസാന ഗഡു അടവാക്കിയത് 26.08.2019 നാണ്. |

സർക്കാർ അംഗീകരിച്ച വ്യവസായ എസ്റ്റേറ്റ് സംബന്ധിച്ച നിയമാവലിയിലെ വ്യവസ്ഥ 8(ഡി) പ്രകാരം ഒരു വർഷത്തിനകമോ ജില്ലാ പഞ്ചായത്ത് അനുവദിക്കുന്ന സമയപരിധിക്കകത്തോ വ്യവസായം തുടങ്ങുന്നതിന് ഫലപ്രദമായ നടപടി സ്വീകരിച്ചില്ലെങ്കിൽ പ്ലോട്ട് ജില്ലാ പഞ്ചായത്തിന് തിരിച്ചെടുക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. പ്ലോട്ട് അലോട്ട് ചെയ്ത് 12 വർഷത്തോളമായിട്ടും വ്യവസായ സംരംഭം ആരംഭിക്കാത്ത മേൽ പറഞ്ഞവരിൽ നിന്നും നിയമാനുസൃതം പ്ലോട്ട് തിരിച്ചെടുക്കുന്നതിനുള്ള യാതൊരു നടപടിയും ജില്ലാ പഞ്ചായത്ത് സ്വീകരിച്ചില്ല. പ്ലോട്ട് ഉടമകൾക്ക് വ്യവസായം തുടങ്ങുന്നതിന് സമയപരിധി നീട്ടിക്കൊടുത്തതിന്റെ വിവരവും ഫയലിൽ ലഭ്യമല്ല. തങ്ങൾക്കനുവദിച്ച സ്ഥലത്ത് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ജില്ലാ പഞ്ചായത്ത്, ജില്ലാ വ്യവസായ കേന്ദ്രം അധികൃതർ നിരവധി തവണ ആവശ്യപ്പെട്ടിട്ടും മേൽ പറഞ്ഞ പ്ലോട്ട് ഉടമകൾ സംരംഭം തുടങ്ങിയില്ല. മേൽ സാഹചര്യത്തിൽ പ്ലോട്ടുടമകളിൽ നിന്നും പ്ലോട്ടുകൾ തിരിച്ചെടുക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.69/ 2020-21/14.03.2022) ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ലഭ്യമാക്കിയ മറുപടിയിൽ പ്ലോട്ടുകൾ തിരിച്ച പിടിക്കുന്നതിനായി ജില്ലാ പഞ്ചായത്തിനോട് ശുപാർശ ചെയ്യുന്നതാണെന്നും പ്ലോട്ട് നം. 8 ലെ യൂണിറ്റ് ഏപ്രിൽ 2022 ൽ പ്രവർത്തനം ആരംഭിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പ്ലോട്ടുകൾ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ

വിവരം അറിയിക്കേണ്ടതുമാണ്.

1-81 സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ - തിരിച്ചടവിന്റെ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S0945/21, കടത്തനാട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം |
| അടങ്കൽ, ഫണ്ടിനം | 15,00,000/- വികസന ഫണ്ട് |
| ചെലവ്, ബിൽ നം. | 15,00,000/- BRN 1916015202631129116/ 23.01.2020 |

2013 ലെ കമ്പനീസ് ആക്ട് പ്രകാരം 19.03.2015 നാണ് കടത്തനാട് പ്രൊഡ്യൂസർ കമ്പനി രജിസ്റ്റർ ചെയ്യപ്പെട്ടത്. 4000 ഓഹരി ഉടമകളാണ് കമ്പനിക്കുള്ളത്. കമ്പനിയുടെ പരിധിയിൽ വരുന്ന കുന്നുമ്മൽ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളും അതിലുൾപ്പെടുന്ന പതിനാല് ഗ്രാമപഞ്ചായത്തുകളും കോഴിക്കോട് ജില്ലാ പഞ്ചായത്തുമായി ചേർന്ന് നാളികേരം സംഭരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. കമ്പനിയിൽ അതിന്റെ പ്രവർത്തന പരിധിയിലുള്ള 10 ഫാർമേഴ്സ് ഫെഡറേഷനുകൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. 10 ഫെഡറേഷനുകളിലായി 118 കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റികളുമുണ്ട് (സി.പി.എസ്). ഇതിൽ ഗുണഭോക്താക്കളായി 10100 കൃഷിക്കാർ അംഗങ്ങളാണ്. കടത്തനാട് പ്രൊഡ്യൂസർ കമ്പനി സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് 95 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി കമ്പനിക്ക് നൽകുകയും ബാക്കി സംഖ്യ കമ്പനി വിഹിതവും ബാങ്ക് ലോണായി മുടക്കുകയും ചെയ്യുന്ന രീതിയിലാണ് സാമ്പത്തിക സമാഹരണം. വിശദാംശം ചുവടെ കൊടുക്കുന്നു.

വിഭവ സ്രോതസ്സ്

| | |
|---|---|
| തദ്ദേശ സ്ഥാപനങ്ങൾ | 95 ലക്ഷം |
| കമ്പനി മൂലധനം | 60 ലക്ഷം |
| ബാങ്ക് വായ്പ | 110 ലക്ഷം |
| ആകെ ആസ്തി മൂല്യം | 265 ലക്ഷം |

പദ്ധതി നടപ്പാക്കുന്നതിന് 14 ഗ്രാമപഞ്ചായത്തുകളും 2 ബ്ലോക്ക് പഞ്ചായത്തുകളും 5 ലക്ഷം രൂപ വീതവും ജില്ലാ പഞ്ചായത്ത് 15 ലക്ഷം രൂപയുമായി ആകെ 95 ലക്ഷം രൂപ സംയുക്ത പ്രോജക്ട് തയ്യാറാക്കുന്ന മുറയ്ക്ക് റിവോൾവിംഗ് ഫണ്ടായി നൽകുന്നതിന് സ.ഉ. (സാധാ) നം. 432/2019/തസ്വഭവ തീയതി. 26.02.2019 പ്രകാരം സർക്കാർ അനുമതി നൽകി. തുടർന്ന് ജില്ലാ വ്യവസായ കേന്ദ്രം മാനേജറുടെ അനുമതിയോടുകൂടി മാത്രം പണം പിൻവലിക്കുന്നതിനുള്ള ഒരു പെർമിസ്സീവ് ജോയിന്റ് അക്കൗണ്ട് (നം.100451201020042) മൊകേരി കെ.ഡി.സി ബാങ്കിൽ, കമ്പനി ആരംഭിച്ചു. ജില്ലാ പഞ്ചായത്ത് അനുവദിച്ച 15 ലക്ഷം രൂപയും രണ്ട് ബ്ലോക്ക് പഞ്ചായത്തുകൾ ചേർന്ന് 10 ലക്ഷം രൂപയും 5 ഗ്രാമപഞ്ചായത്തുകൾ 22,70,455 രൂപയും കൂടി ആകെ 47,70,455 രൂപ പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. കൂടാതെ കമ്പനിയുടെ ഓഹരിയായി 2 ലക്ഷം രൂപയും നിക്ഷേപിച്ചിട്ടുണ്ട്. ബാക്കിയുള്ള 9 ഗ്രാമപഞ്ചായത്തുകൾ തുകയൊന്നും നിക്ഷേപിച്ചില്ല. ജില്ലാ വ്യവസായ കേന്ദ്രം മാനേജറുടെ

അനുമതിയോടുകൂടി 10 ലക്ഷം രൂപ 29.06.2020 നും 30 ലക്ഷം രൂപ 27.01.2021 നും പ്രൊഡ്യൂസർ കമ്പനി പ്രവർത്തന മൂലധനത്തിനായി പിൻവലിച്ചിട്ടുണ്ട്. കമ്പനി സമർപ്പിച്ച പത്രിക പ്രകാരം 4.5 ലക്ഷം രൂപ ചെലവഴിച്ച് 10,000 വിത്തുതേങ്ങകൾ കേരസുരക്ഷ ഫെഡറേഷൻ- മരുതോങ്കരയിൽ നിന്നും, കൊപ്ര ഉൽപാദനത്തിനായി 5,94,260 രൂപയ്ക്ക് കുന്നമ്മൽ കേരസുരക്ഷ ഫെഡറേഷനിൽ നിന്ന് തേങ്ങയും വാങ്ങിയിട്ടുണ്ട്. 6,87,710 രൂപയുടെ കൊപ്ര വിറ്റതായും മേൽ പത്രികയിൽ സൂചിപ്പിക്കുന്നു.

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1. പ്രോജക്ട് പ്രൊപ്പോസൽ പ്രകാരം കമ്പനി മൂലധനമായി 60 ലക്ഷം രൂപയാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 2 ലക്ഷം രൂപ മാത്രമാണ് കമ്പനിയുടെ ഓഹരിയായി ബാങ്കിൽ നിക്ഷേപിച്ചത്.

2. സ.ഉ. (സാധാ) നം. 432/2019/തസ്വഭവ തീയതി. 26.02.2019 പ്രകാരം 14 ഗ്രാമ പഞ്ചായത്തുകളിൽ നിന്നായി 5 ലക്ഷം രൂപ വീതം സമാഹരിക്കാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ 5 ഗ്രാമ പഞ്ചായത്തുകൾ മാത്രമാണ് തുക നൽകിയത്.

3. മേൽ ഉത്തരവ് പ്രകാരം പദ്ധതി നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയുള്ള പ്രത്യേക സമിതി രൂപീകരിക്കുകയും റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗമടക്കമുള്ള കാര്യങ്ങൾ മോണിറ്ററിംഗ് നടത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ മോണിറ്ററിംഗ് നടത്തിയതിന്റെ വിശദാംശമില്ല.

4. നാളികേര ഉൽപാദനം വർദ്ധിപ്പിക്കുക, സംഭരണം, വിതരണം, വിപണനം എന്നിവ വർദ്ധിപ്പിക്കുക ആയതിന് കേന്ദ്രങ്ങൾ സ്ഥാപിക്കുക, മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന സൂക്ഷ്മ സംരഭങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇവയുടെ പുരോഗതി റപ്പോർട്ടിന്റെ വിവരം.

5. 4000 ഓഹരി ഉടമകളാണ് കമ്പനിക്കുള്ളത്. ഇവർ കർഷക വിഭാഗത്തിൽ (ഫാർമേർസ് ഫെഡറേഷൻ,സി.പി.എസ് ൽ) ഉൾപ്പെടുന്നവരാണോ എന്ന് വ്യക്തമാക്കേണ്ടതാണ്.

6. സ.ഉ(കൈ)നം. 22/2018/തസ്വഭവ, തീയതി. 14.02.2018 യിലെ ഖണ്ഡിക നം. 6.4.21(2) പ്രകാരം റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് സഹായം ലഭിച്ച് മൂന്ന് മാസം കഴിഞ്ഞ് ആരംഭിക്കേണ്ടതാണ്. ആയതിന് നിർവ്വഹണോദ്യഗസ്ഥന്റെ പേരിൽ ഒരു റിവോൾവിംഗ് ഫണ്ട് റീക്കുപ്പ്മെന്റ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതുമണ്. പ്രസ്തുത വിവരം ജില്ലാ വ്യവസായ കേന്ദ്രം മാനേജരും കമ്പനി അധികൃതരും തമ്മിൽ ഒപ്പുവെച്ച കരാറിലും എഴുതിച്ചേർത്തിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിന്റെയും തിരിച്ചടവിന്റെയും വിശദാംശം ലഭ്യമല്ല.

7. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് (2017 – 22) ജില്ലാ വ്യവസായ കേന്ദ്രം മാനേജർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യഗസ്ഥരായി നടപ്പിലാക്കിയ പദ്ധതികളിൽ റിവോൾവിംഗ് ഫണ്ടിനത്തിൽ കൈമാറിയ തുകയുടെ വിവരം (പ്രോജക്ട് നം., വർഷം, പ്രോജക്ടിന്റെ പേര്, കൈമാറിയ തുക, കൈപ്പറ്റിയ സ്ഥാപനം, തിരിച്ചടവാക്കിയ തുക എന്നിവ ഉൾപ്പെടുത്തണം) തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

8. പദ്ധതിയുടെ പ്രോജക്ട് ഫോറത്തിൽ ഗുണഭോക്താക്കളുടെ വിശദാംശങ്ങളോ ഭൗതിക ലക്ഷ്യം സംബന്ധിച്ച വിവരമോ, പ്രോജക്ട് പൂർത്തീകരിക്കുന്ന കാലമോ, സ്പിൽ ഓവർ ആക്കാനുള്ള കാരണമോ രേഖപ്പെടുത്തിയില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.71/ 2020-21/15.03.2022) ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ലഭ്യമാക്കിയ മറുപടിയിൽ, മേൽ അപാകങ്ങളെ സംബന്ധിച്ച് നിർദ്ദേശം നൽകുമെന്നും റിപ്പോർട്ട് ഉടൻ സമർപ്പിക്കുമെന്നുമാണ് അറിയിച്ചത്. വ്യക്തമായ മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 15,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-82 പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ - തുടർ നടപടികളുടെ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S0946/21, പേരാമ്പ്ര പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം - കോഴിക്കോട് |
| അടങ്കൽ, ഫണ്ടിനം | 15,00,000/- വികസന ഫണ്ട് |
| ചെലവ്, ബിൽ നം. | 15,00,000/- BRN 2016015202630001174/ 11.04.2020 |

പേരാമ്പ്ര പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തന പരിധിയായ കൊയിലാണ്ടി താലൂക്കിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കൊയിലാണ്ടി നഗരസഭയിലുമുള്ള നാളീകേര കൃഷിയും മറ്റ് കൃഷികളും പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപാദിപ്പിക്കുന്നതിനും അതിൽ നിന്ന് ഗുണമേന്മയുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുമാണ് പ്രോജക്റ്റ് ലക്ഷ്യംവെക്കുന്നത്. കമ്പനിയിൽ 24000 കൃഷിക്കാരും അവർ ചേർന്ന് 220 കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റികളും 16 ഫെഡറേഷനുകളും രൂപീകരിച്ചിട്ടുണ്ട്. കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി സ.ഉ (സാധാ) നം. 2811/2019/തസ്വഭവ തീയതി. 10.12.2019 അനുസരിച്ച് ഉത്തരവായിരുന്നു. കൊയിലാണ്ടി താലൂക്കിലെ ഗ്രാമപഞ്ചായത്തുകളും കൊയിലാണ്ടി നഗരസഭയും 5 ലക്ഷം രൂപ വീതവും ജില്ലാ പഞ്ചായത്തിന്റെ വിഹിതമായ 15 ലക്ഷം രൂപയും ചേർന്ന് ഫണ്ട് സമാഹരിക്കുന്ന രീതിയിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ജില്ലാപഞ്ചായത്ത് 15 ലക്ഷം രൂപ നൽകിയതല്ലാതെ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഫണ്ട് കൈമാറിയില്ല. കമ്പനി അധികൃതർ 07.05.2021 ൽ വ്യവസായ കേന്ദ്രം മാനേജർക്കയച്ച കത്തിൽ, കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനത്തിലായതിനാൽ ഗ്രാമ പഞ്ചായത്ത്, നഗരസഭ ഭരണസമിതികളുമായി ബന്ധപ്പെടാനുള്ള സാഹചര്യമുണ്ടായില്ല എന്നും ആയതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്നും നേരത്തെ അനുവദിക്കപ്പെട്ട തുകയല്ലാതെ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് അനുവദിക്കപ്പെട്ടിട്ടില്ലെന്നുമുള്ള വിവരം അറിയിച്ചു. കൊയിലാണ്ടി നഗരസഭയ്ക്കും ജില്ലാപഞ്ചായത്തിനും വ്യവസായ വകുപ്പിൽ നിന്ന് വ്യത്യസ്ത നിർവ്വഹണോദ്യഗസ്ഥർ ഉള്ളതിനാൽ പദ്ധതിയുടെ നിർവ്വഹണം നടത്തേണ്ടത് ആരാണെന്നത് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ നഗരസഭയുടെ ഫണ്ട് കൈമാറ്റത്തിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടാകും. ഇത്തരം സന്ദർഭങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധികാരികളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ അത്തരത്തിലുള്ള ഒരു നടപടിയുണ്ടായില്ല.

ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ അനുമതിയോടുകൂടി മാത്രം പണം പിൻവലിക്കുന്നതുനുള്ള ഒരു പെർമിസ്സീവ് ജോയിന്റ് അക്കൗണ്ട് (നം.40243111000168) ചക്കിട്ടപ്പാറ കേരള ഗ്രാമീണ ബാങ്കിൽ, കമ്പനി ആരംഭിച്ചു. ഈ അക്കൗണ്ടിലേക്ക് 11.04.2020 ൽ 15 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് നിക്ഷേപിച്ചിട്ടുണ്ട്. വ്യവസായ കേന്ദ്രം മാനേജരുടെ അനുമതിയോടെ വിവിധ ഘട്ടങ്ങളിൽ 14 ലക്ഷം രൂപ കമ്പനി അധികൃതർ പിൻവലിച്ചിട്ടുണ്ട്. ആദ്യ രണ്ട് ഗഡുക്കളിലായി പിൻവലിച്ച 13 ലക്ഷം രൂപ പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടെന്ന് 09.03.2021 ൽ വ്യവസായ കേന്ദ്രം മാനേജർക്കയച്ച കത്തിൽ കമ്പനി അധികൃതർ വ്യക്തമാക്കുന്നു. എന്നാൽ ഏതൊക്കെ ഇനങ്ങളിലാണ് തുക ചെലവഴിച്ചതെന്നതിന്റെ വിശദാംശമില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന രേഖകൾ/ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. സ.ഉ(കൈ)നം. 22/2018/തസ്വഭവ, തീയതി. 14.02.2018 യിലെ സബ്സിഡി - ധനസഹായങ്ങൾക്കുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 6.4.21(2) പ്രകാരം റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ്, സഹായം ലഭിച്ച് മൂന്ന് മാസം കഴിഞ്ഞ് ആരംഭിക്കേണ്ടതാണ്. ആയതിന് നിർവ്വഹണോദ്യോഗസ്ഥന്റെ പേരിൽ ഒരു റിവോൾവിംഗ് ഫണ്ട് റീഷപ്പ്മെന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതുമാണ്. പ്രസ്തുത വിവരം ജില്ലാ വ്യവസായ കേന്ദ്രം മാനേജരും കമ്പനി അധികൃതരും തമ്മിൽ 20.03.202 ൽ ഒപ്പുവെച്ച കരാറിലും എഴുതിച്ചേർത്തിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.70/ 2020-21/ 15.03.2022) ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ലഭ്യമാക്കിയ മറുപടിയിൽ റീഷപ്മെന്റ് ബാങ്ക് അക്കൗണ്ട് ഉടൻ ആരംഭിക്കുമെന്നാണ് അറിയിച്ചത്. ബാങ്ക് അക്കൗണ്ടിന്റെയും തിരിച്ചടവിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ്.

2. മേൽ ഉത്തരവ് പ്രകാരം (6.4.21(2-8))റിവോൾവിംഗ് ഫണ്ട് നൽകുന്നത് സംബന്ധിച്ച് ഒരു രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതും അതിൽ ഓരോ സംരംഭകർക്കും ഓരോ ഫോളിയോ നൽകി റിവോൾവിംഗ് ഫണ്ട് തവണ ഇടപാടുകൾ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്. എന്നാൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. കമ്പനി സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലിൽ സമാഹരിക്കേണ്ട ആകെ പ്രവർത്തന മൂലധനത്തെപ്പറ്റിയോ ഇതിൽ കമ്പനിയുടെ വിഹിതത്തെക്കുറിച്ചോ പ്രതിപാദിക്കുന്നില്ല.

4. റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗമടക്കമുള്ള കാര്യങ്ങൾ മോണിറ്ററിംഗ് നടത്തിയതിന്റെ വിവരമില്ല.

5. നാളികേര ഉൽപാദനം വർദ്ധിപ്പിക്കുക, സംഭരണം, വിതരണം, വിപണനം എന്നിവ വർദ്ധിപ്പിക്കുക ആയതിന് കേന്ദ്രങ്ങൾ സ്ഥാപിക്കുക, മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന സൂക്ഷ്മ സംരംഭങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇവയുടെ പുരോഗതി റപ്പോർട്ടിന്റെ വിവരവും പിൻവലിച്ച പ്രവർത്തന മൂലധനത്തിന്റെ വിനിയോഗ വിവരവും ലഭ്യമല്ല.

5. കമ്പനിയിലെ ആകെ ഓഹരി ഉടമകളുടെ എണ്ണം, അതിൽ കർഷക വിഭാഗത്തിൽപ്പെടുന്നവർ, അല്ലാത്തവർ എന്നവരുടെ വിവരം ലഭ്യമല്ല.

6. മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് അനുവദിച്ചതിന്റെ വിശദാംശം (അനുവദിച്ച തുക, സ്ഥാപനം മുതലായവ ഉൾപ്പെടെ) ലഭ്യമല്ല.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നിർവ്വഹണം നടത്തിയ സാഹചര്യത്തിൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

1-83 മാനദണ്ഡങ്ങൾ പാലിക്കാതെ സഹകരണ സംഘത്തിന് ധനസഹായം നൽകി.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0922/21, ഉണേരി ഇരുമ്പ് ഉരുക്ക് വ്യവസായ സഹകരണ സംഘം |

| | |
|---|---|
| | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം - കോഴിക്കോട് |
| അടങ്കൽ, ഫണ്ടിനം | 10,00,000/- വികസന ഫണ്ട് |
| ചെലവ്, ബിൽ നം. | 10,00,000/- BRN 19160152026301111547/ 20.01.2020 |

1961 മുതൽ എടച്ചേരി(വടകര) ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന വ്യവസായ സഹകരണ സംഘമാണ് തുണേരി ഇരുമ്പ് ഉരുക്ക് വ്യവസായ സഹകരണ സംഘം. ഇത് 1969 ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘമാണെന്ന് നിർവ്വഹണോദ്യഗസ്ഥനമായുണ്ടാക്കിയ കരാറിൽ നിന്ന് വ്യക്തമാകുന്നുണ്ട്. വ്യവസായ സഹകരണ സംഘത്തിന്റെ ആധുനിക വൽക്കരണത്തിനായി 15 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സംഘം സെക്രട്ടറി നവംബർ 2019 ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന് കത്തയച്ചിരുന്നു. തുടർന്ന് ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോജക്ട് നം. S0388/20) 10 ലക്ഷം രൂപ സംഘത്തിന് ധനസഹായം അനുവദിക്കുകയും ചെയ്തു. ഇടപാടുകൾ നടത്തുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ അനുമതിയോടുകൂടി മാത്രം പണം പിൻവലിക്കുന്നതിനുള്ള ഒരു പെർമിസ്സീവ് ജോയിന്റ് അക്കൗണ്ട് (നം.100181201720012) ഓർക്കാട്ടേരി കെ.ഡി.സി ബാങ്കിൽ കമ്പനി ആരംഭിച്ചു. നിക്ഷേപിച്ച 10 ലക്ഷം രൂപ രണ്ട് ഘട്ടങ്ങളിലായി സംഘം പിൻവലിച്ചിട്ടുണ്ട്.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഒരു ന്യൂമാറ്റിക് പവർ ഹാമർ മെഷീൻ വാങ്ങുന്നതിനും ആയത് സ്ഥാപിക്കുന്നതിനുമായി 12 ലക്ഷം രൂപയുടെ പ്രൊപ്പോസലാണ് തുണേരി ഇരുമ്പ് ഉരുക്ക് വ്യവസായ സഹകരണ സംഘം സമർപ്പിച്ചത്. യന്ത്രം വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. എന്നാൽ മോട്ടോർ ഉൾപ്പെടെയുള്ള 150 കി.ഗ്രാം ന്യൂമാറ്റിക് പവർ ഹാമറിന് 9,52,750 രൂപ ക്വാട്ട് ചെയ്തുകൊണ്ട് ചെന്നൈയിലുള്ള എ.ബി.എൻ എഞ്ചിനീയറിംഗ് കമ്പനി എന്ന സ്ഥാപനം ക്വട്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. മറ്റ് ക്വട്ടേഷനുകൾ ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. തുടർന്ന് കൊൽക്കട്ടയിലെ Variety Trades Complex എന്ന സ്ഥാപനത്തിന്റെ 06.11.2020 ലെ ടാക്സ് ഇൻവോയ്സ് നം. VTC/20-21/184 പ്രകാരം 7,67,000 രൂപയ്ക്ക് Hammer Machine With Anvil & Motor വാങ്ങിയിട്ടുണ്ട്. ഈ ഉപകരണം എത്ര കിലോഗ്രാമിന്റെതാണെന്നോ മറ്റ് സ്പെസിഫിക്കേഷനോ മേൽ ഇൻവോയ്സിൽ ഉൾപ്പെടുത്തിയില്ല. കൂടാതെ ഉപകരണത്തെക്കുറിച്ചുള്ള വിവരണത്തിൽ "Old And Used" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വൻതുക ചെലവഴിച്ച് പഴയതും ഉപയോഗിച്ചതുമായ യന്ത്രം വാങ്ങിയതെന്തിനാണെന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച് 14.03.2022 ന് 72/2021 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ, അപാകങ്ങൾക്ക് സംഘത്തിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ് വ്യക്തമാക്കിയത്. മേൽ പരാമർശിച്ച യന്ത്രത്തിന് രണ്ട് ടണ്ണിൽ കൂടുതൽ ഭാരം ഉണ്ടെന്നും ഹാമറിംഗ് പവർ 150 കിലോയാണെന്നും സംഘം സെക്രട്ടറി അറിയിച്ചതായി മറുപടിയിൽ സൂചിപ്പിക്കുന്നു. എന്നാൽ വൻതുക ചെലവഴിച്ച് പഴയതും ഉപയോഗിച്ചതുമായ യന്ത്രം വാങ്ങിയതിന്റെ കാരണം വ്യക്തമാക്കിയില്ല. ഈ സാഹചര്യത്തിൽ താഴെ പറയുന്നവയ്ക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

1. സ.ഉ(കൈ)നം. 22/2018/തസ്വഭവ, തീയതി. 14.02.2018 യിലെ സബ്സിഡി - ധനസഹായങ്ങൾക്കുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 6.10.5(2,3) പ്രകാരം പ്രോജക്ട് അടങ്കലിൽ സംഘം വിഹിതം എത്രയെന്നും, അതിനുള്ള ഭരണസമിതിയുടെ സാക്ഷ്യപത്രവും ഹാജരാക്കണം. കൂടാതെ ധനകാര്യ

സ്ഥാപനത്തിൽ നിന്ന് സ്വീകാര്യമായ ജാമ്യം നൽകി നിർദ്ദിഷ്ട പ്രോജക്ടിനുവേണ്ടി വായ്പ എടുക്കാൻ തയ്യാറായിരിക്കണം എന്ന് സൂചിപ്പിക്കുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

2. പ്രോജക്ട് പ്രകാരം ആവശ്യമായ മുഴുവൻ ചെലവും ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ചാണ് നടത്തിയത്. മേൽ ഉത്തരവിലെ ഖണ്ഡിക നം. 6.10.7 അനുസരിച്ച് ബാക്ക് എൻഡഡ് സബ്സിഡിയായാണ് ധനസഹായം നൽകേണ്ടത്. അത്തരത്തിൽ തുക കൈമാറാതിരുന്നതിനുള്ള കാരണം.

3. മേൽ പരാമർശിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 6.14 പ്രകാരം യോഗ്യത മാനദണ്ഡങ്ങളിൽ ആകെ അടങ്കലിന്റെ മൂന്നിൽ രണ്ട് ഭാഗം സഹകരണ സംഘത്തിന്റെ ഗുണഭോക്തൃ വിഹിതമായി/ മാച്ചിംഗ് ഗ്രാന്റായി മുടക്കാൻ സംഘം സന്നദ്ധമായിരിക്കണം എന്ന് നിഷ്കർഷിക്കുന്നു. പ്രോജക്ട് നടപ്പിലാക്കുന്നതിന് സംഘം വിഹിതം ഉൾപ്പെടുത്തിയില്ല.4. ആനുകൂല്യം നൽകുന്നതിനായി ഗുണഭോക്താവിനെ (സംഘത്തെ) തെരെഞ്ഞെടുത്ത രീതി (മേൽ പറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 6.10(6,8,9) കാണുക) റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. 10 ലക്ഷം രൂപ വിനിയോഗിച്ചതിന്റെ ഇനം തിരിച്ചുള്ള വിവരം ഉൾപ്പെടുത്തിയ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല

6. 9.53 ലക്ഷം രൂപയ്ക്ക് ചെന്നൈയിലെ എബിഎൻ എന്ന സ്ഥാപനം ക്വാട്ട് ചെയ്തെങ്കിലും വൻതുക ചെലവഴിച്ച് പഴയതും ഉപയോഗിച്ചതുമായ യന്ത്രം വാങ്ങിയതിന്റെയും കാരണം.

7. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ടെൻഡർ നടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശം.

മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 10 ലക്ഷം രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-84 അശാസ്ത്രീയമായ മണ്ണ് ഖനനം - വ്യവസായ എസ്റ്റേറ്റിലെ കെട്ടിടങ്ങൾ അപകട ഭീഷണിയിൽ - ഉത്തരവാദിയായവരെക്കൊണ്ട് സംരക്ഷണഭിത്തി നിർമ്മിച്ചില്ല.

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ചെറുവണ്ണൂർ - നല്ലളം വ്യവസായ എസ്റ്റേറ്റ് ജില്ലാ വ്യവസായ കേന്ദ്രം അധികൃതരുടെ സാന്നിദ്ധ്യത്തിൽ 07.03.2022 ന് നേരിൽ പരിശോധിച്ചതിലും എസ്റ്റേറ്റിനെ സംബന്ധിച്ച് ജില്ലാ പഞ്ചായത്തിലെയും ജില്ലാ വ്യവസായ കേന്ദ്രത്തിലെയും ലഭ്യമായ ഫയലുകൾ പരിശോധിച്ചതിലും കണ്ടെത്തിയ വ്യവസായ എസ്റ്റേറ്റിന്റെ കെട്ടിടത്തിന്റെ സുരക്ഷാ ഭീഷണി സംബന്ധിച്ച വിഷയങ്ങൾ ചുവടെ കൊടുക്കുന്നു.

വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ട് നം. 32, 33, 34 എന്നിവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പിറകുവശത്ത് അനധികൃതമായും അശാസ്ത്രീയമായും മണ്ണെടുക്കുക വഴി പ്ലോട്ടുകളിലെ കെട്ടിടങ്ങൾ അപകടഭീഷണിയിലാണെന്ന് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ 12.07.2016 ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ (കത്ത് നം. പി2- 978/15) പരാമർശിച്ചിട്ടുണ്ട്. കൂടാതെ 2016 ജൂലൈ ആദ്യവാരത്തിൽ വ്യവസായ എസ്റ്റേറ്റിനോട് ചേർന്ന് കിടക്കുന്ന ഉയർന്ന പ്രദേശത്തെ മൺതട്ട് ജെ.സി.ബി ഉപയോഗിച്ച് ഇടിച്ച് നിരത്തിയതായും കത്തിൽ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത വിഷയം ആർ.ഡി.ഒ, തഹസിൽദാർ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തി മണ്ണെടുപ്പിനെതിരായ നടപടികൾ സ്വീകരിക്കാനും, എസ്റ്റേറ്റിന്റെ സുരക്ഷിതത്വത്തിന് മണ്ണെടുത്ത സ്ഥലത്തിന്റെ ഉടമകളെക്കൊണ്ട് കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും കത്തിൽ ആവശ്യപ്പെട്ടിരിന്നു.

വ്യവസായ കേന്ദ്രം മാനേജർ ഇത് സംബന്ധിച്ച ഒരു പരാതി ചെറുവണ്ണൂർ - നല്ലളം വില്ലേജ് ഓഫീസർക്ക് 12.07.2016 ൽ നൽകിയിട്ടുണ്ട്. സുരക്ഷ പൂർവ്വ സ്ഥിതിയിലാകത്തക്ക വിധത്തിൽ സ്ഥലമുടമയെക്കൊണ്ട് സംരക്ഷണഭിത്തി നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ആർ.ഡി.ഒ, ജില്ലാ കലക്ടർ, കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് ജില്ലാ പഞ്ചായത്ത് സെക്രട്ടറി കത്തയച്ചിട്ടുണ്ട് (15.07.2016 ലെ പി7- 666/10നം കത്ത്). കൂടാതെ, വ്യവസായ എസ്റ്റേറ്റിന്റെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമ നാസർ.കെടി മുതൽ പേർ ആണ് മണ്ണെടുപ്പ് നടത്തിയത് എന്ന് പ്രസ്തുത കത്തിൽ സൂചിപ്പിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ 15 ദിവസത്തിനകം കൈക്കൊള്ളേണ്ടതാണെന്നും അല്ലാത്തപക്ഷം നിയമ നടപടികൾക്കും അതിനാലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് താങ്കൾ ഉത്തരവാദിയായിരിക്കും എന്ന് കാണിച്ചുകൊണ്ടുള്ള നോട്ടീസ് നസീർ കെ.ടി, എൻ.പി. അബ്ദുൾനാസർ, ഫിറോസ്.കെ.ടി., സി.പി. റാഫി മുഹമ്മദ്, ടി.വി. ഉമ്മർ എന്നിവർക്ക് മേൽ നമ്പർ കത്ത് പ്രകാരം നോട്ടീസും നൽകി. പ്രസ്തുത കത്തിന് എൻ.പി. അബ്ദുൾനാസർ, ഫിറോസ്.കെ.ടി., സി.പി. റാഫി മുഹമ്മദ്, ടി.വി. ഉമ്മർ എന്നിവർ 19.08.2016 ന് നൽകിയ മറുപടിയിൽ കെട്ടിടങ്ങൾ സുരക്ഷിതമായിരിക്കാൻ ആവശ്യമായ കാര്യങ്ങൾ ഒരു മാസത്തിനുള്ളിൽ ചെയ്ത് ബോധ്യപ്പെടുത്തുന്നതായിരിക്കും എന്നറിയിച്ചു. ജില്ലാ പഞ്ചായത്തിന്റെ 19.07.2016 ലെ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാന പ്രകാരം മണ്ണെടുപ്പുമായി ബന്ധപ്പെട്ട് വ്യവസായ എസ്റ്റേറ്റിന്റെ ഭൂമി കയ്യേറിയത് അളന്ന് തിട്ടപ്പെടുത്തി ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ധാരണയായി. തുടർന്ന്, ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ സർവ്വെ സൂപ്രണ്ടിന് 25.07.2016 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി കത്തയച്ചു. തുടർനടപടികളുടെ വിവരം ലഭ്യമല്ല.

ഭരണസമിതിയുടെ 31.05.2018 ലെ തീരുമാനം നം. 34/18(1)(എ) പ്രകാരം ചെറുവണ്ണൂർ - നല്ലളം വ്യവസായ എസ്റ്റേറ്റിന്റെ തെക്ക് കിഴക്ക് മതിലിനോട് ചേർന്നുള്ള അനധികൃത മണ്ണെടുപ്പ് കാരണം കെട്ടിടം അപകടാവസ്ഥയിലാണെന്ന് കാണിച്ച് പ്ലോട്ടുടമകൾ നൽകിയ പരാതിയിൽ ഉന്നയിച്ച കാര്യങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്തിരുന്നു.

എ) അനധികൃത മണ്ണെടുപ്പ് നടത്തിയ വ്യക്തികൾക്കെതിരെ പ്ലോട്ടുടമകൾ ബഹു. ഹൈക്കോടതിയിൽ നൽകിയ വ്യവഹാരത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കക്ഷി ചേരാവുന്നതാണ്.

ബി) മണ്ണെടുത്ത് മാറ്റിയ മതിലിനോട് ചേർന്ന പ്ലോട്ടുകളുടെ വിൽപന തടയുന്നതിലേക്കായി നല്ലളം സബ് രജിസ്ട്രാർ ഓഫീസിൽ കത്ത് നൽകാവുന്നതാണ്.

സി) മതിലിന്റെ സുരക്ഷ കണക്കിലെടുത്ത് വരും വർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊട്ടക്ഷൻ ചെയ്യാവുന്നതാണ്.

വ്യവസായ എസ്റ്റേറ്റിന്റെ തെക്ക് കിഴക്ക് ഭാഗത്തായി പ്ലോട്ട് നം. 32, 32എ, 34, 35 എന്നിവയോട് ചേർന്നുള്ള സ്വകാര്യ ഭൂമിയിൽ നിന്ന് മണ്ണെടുത്തതിനെ തുടർന്ന് മേൽപറഞ്ഞ പ്ലോട്ടുകളിലെ കെട്ടിടങ്ങൾ അപകട ഭീഷണിയിലാണുള്ളത്. പ്ലോട്ടുകളുടെ പിൻഭാഗത്തായി കെട്ടിടത്തിൽ നിന്നും 3 മീറ്ററോളം ജില്ലാ പഞ്ചായത്തിന്റെ ഭൂമിയിൽ നിന്നും മാറി ഏകദേശം 40 മീറ്ററോളം നീളത്തിൽ സ്വകാര്യ ഭൂമിയിൽ നിന്ന് കുത്തനെ (ലംബ ദിശയിൽ) 10 മീറ്റർ ആഴത്തിൽ മണ്ണെടുത്ത് മാറ്റിയതായി കാണുന്നു. ഉയർന്ന പ്രദേശത്തെ മണ്ണ് തട്ട് തട്ടായി വെട്ടിമാറ്റുന്നതിനു (ബഞ്ച് കട്ടിംഗ്) പകരം കുത്തനെയാണ് സ്വകാര്യ ഭൂമിയുടെ ഉടമകൾ മണ്ണ് നീക്കം ചെയ്തത്. വെട്ടിമാറ്റിയ ഭൂമിയുടെ അടിഭാഗത്തായി വ്യവസായ എസ്റ്റേറ്റിനോട് ചേർന്ന് 8 അടി വീതിയിലുള്ള ഒരു മൺറോഡും നിർമ്മിച്ചിട്ടുണ്ട്. മണ്ണെടുത്തു മാറ്റിയ സ്ഥലത്ത് ഏതാനും വീടുകളും പുതുതായി നിർമ്മിച്ചിട്ടുണ്ട്. ഈ വീടുകളും ഇപ്പോൾ അപകട ഭീഷണിയിലാണുള്ളത്. പ്ലോട്ട് നം. 32, 32എ ലെ കെട്ടിടങ്ങളുടെ അസ്ഥിവാരം ദൃശ്യമാകുന്ന വിധത്തിൽ പിൻഭാഗത്തെ മണ്ണ് വ്യാപകമായി ഒഴുകിപ്പോയതായും സന്ദർശന സമയത്ത് കണ്ടു.

വ്യവസായ എസ്റ്റേറ്റിന്റെ അതിർത്തിയോട് ചേർന്ന സ്ഥലത്ത് നിന്ന് ശ്രീ. ഉമ്മർകോയ എന്ന വ്യക്തി

അനധികൃതമായി മണ്ണെടുത്തതിനെ തുടർന്ന് തങ്ങൾക്കനുവദിച്ച പ്ലോട്ടുകളിൽ നിർമ്മിച്ച കെട്ടിടങ്ങൾ അപകടാവസ്ഥയിലാണെന്ന് കാണിച്ചുകൊണ്ട് ശ്രീ. ഗോകുൽദാസ്( പ്ലോട്ട് നം. 32, 32എ), ശ്രീ. സതീഷ് കുമാർ( പ്ലോട്ട് നം. 34), ശ്രീ. ഷരീഫ് അബ്ദുൾ( പ്ലോട്ട് നം. 35) ചേർന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ, ശ്രീ. ഉമ്മർകോയ എന്നിവരെ 1 മുതൽ 3 വരെയുള്ള എതൃകക്ഷികളാക്കികൊണ്ട് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു(കേസ് നം.37741/18). ബഹു. ഹൈക്കോടതിയുടെ 21.11.2018 ലെ വിധിയിൽ, പരാതിക്കാരെ നേരിൽകേട്ട് ഉചിതമായ തീരുമാനം എടുക്കാൻ ജില്ലാ പഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നു. ഇതിൻ പ്രകാരം 15.02.2019ന് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, , ജില്ലാ വ്യവസായ കേന്ദ്രം മാനേജർ എന്നിവരുൾപ്പെട്ട ഒരു ബോഡി പരാതിക്കാരെയും മൂന്നാം എതൃകക്ഷിയായ ശ്രീ. ഉമ്മർകോയയെയും നേരിൽകേട്ട തെളിവെടുപ്പ് നടത്തി. ഹർജിക്കാർ ഉന്നയിച്ച വാദം തെറ്റാണെന്ന് വ്യവസായ കേന്ദ്രം മാനേജർ 29.04.2019ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ വ്യക്തമാക്കുന്നു(കത്ത് നം. പി2394/16). കൂടാതെ, വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുടെ പ്രസിഡണ്ടായ ശ്രീ. ഉമ്മർകോയ കെട്ടിടങ്ങൾ അപകടാവസ്ഥയിലാകുന്ന തരത്തിൽ മണ്ണെടുക്കുകയോ ആയതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടില്ലെന്ന് കത്തിൽ സൂചിപ്പിക്കുന്നു. ശ്രീ. ഉമ്മർകോയയുടെ പേര് ഹർജിയിൽ തെറ്റായി ചേർക്കാൻ ഇടവന്നിട്ടുള്ളതാണെന്ന് ഹർജിക്കാരായ ശ്രീ. ഷരീഫ് അബ്ദുൾ, ശ്രീ. സതീഷ് കുമാർ എന്നിവർ 21.06.2019 ൽ വ്യവസായ കേന്ദ്രം മാനേജർക്കയച്ച കത്തിൽ അറിയിച്ചിട്ടുണ്ട്. അതേ സമയം ശ്രീ. ഗോകുൽദാസ് 22.06.2019 ന് മാനേജർക്കയച്ച കത്തിൽ ശ്രീ. ഉമ്മർകോയയെ എതൃകക്ഷിയായി തെറ്റായി ഉൾപ്പെടുത്തിയതല്ല എന്നും വ്യക്തമാക്കുന്നുണ്ട്.

അപകട ഭീഷണിയിലായ കെട്ടിടത്തിന്റെ സുരക്ഷ ഉറപ്പാക്കാനാവശ്യപ്പെട്ടുകൊണ്ട് പ്ലോട്ട് നം. 32, 32എ ന്റെ ഉടമയായ ശ്രീ. സി.വി.ഗോകുൽദാസ് 12.11.2019, 09.08.2021, 16.08.2021 എന്നീ തീയതികളിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് വീണ്ടും കത്തയച്ചിട്ടുണ്ട്. കോഴിക്കോട് താലൂക്ക് വ്യവസായ വികസന ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ചുറ്റുമതിൽ ദുർബ്ബലമാണെന്നും ഇടിഞ്ഞു വീഴാൻ ഇടയായാൽ സമീപമുള്ള വീടിനും സാരമായ കേടുപാടുകൾ സംഭവിക്കുമെന്ന് അറിയിച്ചു. 2019-20 വർഷം 25 ലക്ഷം രൂപ വകയിരുത്തി സംരക്ഷണഭിത്തി കെട്ടാൻ പ്രോജക്ട് വെച്ച് ടെൻഡർ ചെയ്തെങ്കിലും ടെൻഡർ എടുക്കാൻ ആരും തയ്യാറാകാത്തതിനാൽ പദ്ധതി നടപ്പിലായില്ല. പ്രോജക്ട് നം.669/22 പ്രകാരം 2021-22 വർഷം സംരക്ഷണ ഭിത്തി കെട്ടുന്നതിനായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയതിനുള്ള സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിത്തരുവാൻ കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളജിനോട് അപേക്ഷിച്ചതായും എക്സിക്യൂട്ടീവ് എഞ്ചിനീയർ 14.09.2021 ന് കോളജ് പ്രിൻസിപ്പൽക്കയച്ച കത്തിൽ നിന്നും വ്യക്തമാകുന്നു. തുടർ നടപടിയുടെ വിവരം ലഭ്യമല്ല. സന്ദർശന സമയത്തും(07.03.2022) സുരക്ഷഭിത്തിയുടെ നിർമ്മാണം തുടങ്ങിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.74/2020-21/15.03.2022) ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ലഭ്യമാക്കിയ മറുപടിയിൽ സ്വകാര്യ വ്യക്തികൾ സ്ഥലം കയ്യേറിയില്ല എന്ന രൂപത്തിലുള്ള വിശദീകരണമാണ് ലഭ്യമാക്കിയത്. അശാസ്ത്രീയമായി മണ്ണ് ഖനനം നടത്തിയതിനെക്കുറിച്ചും സമയബന്ധിതമായി നടപടി ബന്ധപ്പെട്ട അധികാരികൾ സ്വീകരിക്കാത്തതിനെക്കുറിച്ചുമാണ് പ്രധാനമായും മേൽ ഖണ്ഡികയിൽ പരാമർശിച്ചതെങ്കിലും ആയതിനുള്ള മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

മേൽ വസ്തുതകളുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയുള്ള രേഖകൾ ലഭ്യമാക്കേണ്ടതും വിശദാംശങ്ങൾ നൽകേണ്ടതുമാണ്.

1. വ്യവസായ എസ്റ്റേറ്റിനോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വ്യക്തിയുടെ അധീനതയിലുള്ള ഉയർന്ന പ്രദേശത്തെ മൺതട്ട് (എസ്റ്റേറ്റിലെ കെട്ടിടങ്ങളുടെ സുരക്ഷയ്ക്ക് അപകടകരമാം വിധത്തിൽ നീക്കം ചെയ്തതിന് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ, (ആയതിന്റെ പകർപ്പ് മണ്ണ് നീക്കം ചെയ്തവർ ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ) പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അശാസ്ത്രീയ മണൽ ഖനനം സംബന്ധിച്ച് മൈനിംഗ് ആൻഡ്

ജിയോളജി വകുപ്പിൽ ജില്ലാ പഞ്ചായത്ത് പരാതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ തുടർ നടപടികളുടെ വിവരം.

2. അനധികൃത മണ്ണെടുപ്പിനെക്കുറിച്ചുള്ള പരാതികൾ റവന്യൂ അധികൃതർക്കും കോർപ്പറേഷൻ സെക്രട്ടറിക്കും നൽകിയതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം.

3. വ്യവസായ എസ്റ്റേറ്റിലെ കെട്ടിടങ്ങൾ സുരക്ഷിതമായിരിക്കാൻ ആവശ്യമായ കാര്യങ്ങൾ ഒരു മാസത്തിനുള്ളിൽ ചെയ്ത് ബോധ്യപ്പെടുത്തുന്നതായിരിക്കും എന്ന് മണ്ണ് നീക്കം ചെയ്ത സ്വകാര്യ ഭൂമിയുടെ ഉടമകൾ അറിയിച്ചെങ്കിലും സുരക്ഷാ നടപടികൾ അവരെക്കൊണ്ട് ഏറ്റെടുപ്പിച്ച് വ്യവസായ എസ്റ്റേറ്റിലെ കെട്ടിടങ്ങൾ യഥാസമയം സുരക്ഷിതമാക്കാതിരുന്നതിനുള്ള കാരണം.

4. ഭരണസമിതിയുടെ 31.05.2018 ലെ തീരുമാനം നം. 34/18(1)(എ) പ്രകാരം മണ്ണ് നീക്കം ചെയ്ത പ്ലോട്ടുടമകളുടെ വിൽപന തടയുന്നതിലേക്കായി നല്ലളം സബ് രജിസ്ട്രാർ ഓഫീസിൽ കത്ത് നൽകാൻ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പാലിച്ച് കത്ത് നൽകിയിട്ടുണ്ടോ എന്നും മണ്ണ് നീക്കം ചെയ്ത സ്ഥലം കൈമാറിയിട്ടുണ്ടോ എന്നുള്ള വിവരവും.

5. പ്ലോട്ടുടമകൾ ഫയൽ ചെയ്ത കേസിലെ (ഡബ്ല്യൂ.പി (സി) നം.37741/18) വിധിക്കുശേഷം 3-ാം എതൃകക്ഷിയുടെ പേര് ഉൾപ്പെടുത്തിയതിൽ ഹർജിക്കാർ തമ്മിൽ വ്യത്യസ്ത അഭിപ്രായം ഉണ്ടാകാനിടയായ സാഹചര്യം.

6. 5 വർഷങ്ങൾക്ക് മുൻപ് തന്നെ അത്യന്തം അപകട ഭീഷണിയിലായ കെട്ടിടങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് 2021-22 വർഷത്തിലും സംരക്ഷണഭിത്തി നിർമ്മിക്കാതിരുന്നതിന്റെ കാരണം.

## 1-85 ഫോക്കസ് ഏരിയ പഠനസാമഗ്രികൾ - അച്ചടിച്ച് വിതരണം നടത്തിയതിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്. 0095/21, |
| അടങ്കൽ | 20,00,000/- (തനത് ഫണ്ട്) |
| ചെലവ് | 3,39,787 ബിൽ നമ്പർ - / തി-25.03.2021 രൂ. 3,34,075 |
| | ബിൽ നമ്പർ - / തി. 25.03.2021 രൂ. 5,712 |

വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തി നല്ല വിദ്യാലയ അന്തരീക്ഷം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച നടപ്പാക്കുന്നതിനുള്ള പ്രസ്തുത പദ്ധതിയിൽ എൻ.എം.എം.എസ് പരിശീലനം - നാലര ലക്ഷം, കൗമാര വിദ്യാഭ്യാസ ബോധവല്ക്കരണം - 3 ലക്ഷം, വിജയോത്സവം - 10 ലക്ഷം, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം- 2 ലക്ഷം, ക്ലാസ് ലൈബ്രറി -50,000/- എന്നിങ്ങനെയാണ് വകയിരുത്തിയത്. കോവിഡ് 19 സാഹചര്യത്തിൽ സ്കൂളുകൾ തുറക്കാത്തതിനാൽ വിജയോത്സവം പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 ലെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് ഫോക്കസ് മേഖലയിൽ പ്രത്യേകം സ്റ്റഡി മെറ്റീരിയൽസ് നൽകാൻ തീരുമാനിക്കുകയും ചെയ്തു. 23.01.20212 ന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത റെഡ് സ്റ്റാർ പ്രിന്റേഴ്സ് ആന്റ് പബ്ലിഷേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 10.02.2021 ലെ ഡി.4/758/2021 നമ്പർ ഉത്തരവ് പ്രകാരം സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ഇംഗ്ലീഷ്, മലയാളം മീഡിയത്തിലായി സയൻസ്, സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ 4 വീതവും ഇംഗ്ലീഷ്, ഹിന്ദി വിഷയങ്ങളിൽ ഓരോന്നും അടക്കം 10 സെറ്റുകൾ വീതമുള്ള 1000 സെറ്റുകൾ (ആകെ 10 X 1000 = 10000

ബുക്കുകൾ) അച്ചടിക്കാനാണ് ഓർഡർ നൽകിയത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പഠനാവശ്യത്തിനുള്ള പുസ്തകങ്ങൾ അച്ചടിച്ച് നൽകുന്നത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നില്ല. വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ പുസ്തകങ്ങൾ അച്ചടിച്ച് നൽകുക എന്നത് വിദ്യാഭ്യാസ വകുപ്പ്, എസ് എസ് എ, ആർ എം എസ് എ എന്നിവയുടെ ചുമതലയിൽപ്പെട്ടതാണ്. അടിസ്ഥാന സൗകര്യ വികസനമാണ് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടത്. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത മേഖലയിൽ പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തു.

2. അച്ചടിച്ച പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 (1) പ്രകാരം സ്റ്റോറുകൾ സ്വീകരിക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ, അംഗീകരിച്ച സാമ്പിൾ പ്രകാരമുള്ളതാണ് ലഭിച്ചിട്ടുള്ളതെന്ന് ഉറപ്പ് വരുത്തേണ്ടതും, ആർട്ടിക്കിൾ 148(iv) പ്രകാരം സ്റ്റോക്ക് രജിസ്റ്ററിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത വിവരം ബില്ലിന്റെ ഓഫീസ് കോപ്പിയിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ബില്ലിൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കിയിട്ടില്ല.

3. പഠന സാമഗ്രികൾ വിതരണം നടത്തിയതിന്റെ രേഖകൾ കൃത്യമായി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ 05.03.2021 ലെ ഡി.4/758/2021 നമ്പർ കത്തിൽ പഠന സഹായി സ്കൂളിൽ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല എന്നും എത്രയും പെട്ടെന്ന് ഹാജരാക്കണമെന്നും റെഡ് സ്റ്റാർ പ്രിന്റേഴ്സ് നം.കത്ത്/ഇ-മെയിൽ അയച്ചതായി കാണുന്നു. അതായത് 2021 മാർച്ച് 5 നും പഠനസാമഗ്രികൾ അച്ചടിച്ചത് സംബന്ധിച്ചോ, സ്കൂളുകളിൽ വിതരണം ചെയ്തത് സംബന്ധിച്ചോ വ്യക്തതയില്ല.

സമഗ്ര ശിക്ഷാ കേരളയുടെ ബ്ലോക്ക് പ്രൊജക്ട് കോ-ഓർഡിനേറ്ററുടെ (ബി.ആർ.സി. കൊടുവള്ളി) ടെ 20.02.2021 ലെ കത്ത് പ്രകാരം പഠനസാമഗ്രികളുടെ 350 കോപ്പികൾ താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ വിതരണം ചെയ്തതായും, (ലിസ്റ്റ് പ്രകാരം 311 സെറ്റുകൾ) കോഴിക്കോട് അർബൻ റിസോഴ്സ് സെന്റർ, നടക്കാവ് ബ്ലോക്ക് പ്രൊജക്ട് കോ-ഓർഡിനേറ്ററുടെ തിയ്യതി വെയ്ക്കാത്ത കത്തിൽ 300 കോപ്പികൾ (അനുബന്ധ ലിസ്റ്റിൽ എണ്ണം കൂടുതൽ ഉണ്ട്) കോഴിക്കോട് വിദ്യാഭ്യാസ ജില്ലയിലെ വിദ്യാലയങ്ങൾക്ക് വിതരണം ചെയ്തതായും അറിയിച്ചിട്ടുണ്ട്. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26.02.2021 ലെ കത്തിൽ വർക്ക് ഷീറ്റുകൾ വിതരണം ചെയ്തതായി അറിയിച്ചെങ്കിലും എത്ര എണ്ണം എന്ന് രേഖപ്പെടുത്തിയിട്ടില്ല. അനുബന്ധ അക്വിറ്റൻസ് പ്രകാരം 237 സെറ്റ് എന്ന് കാണുന്നു. വിതരണം ചെയ്ത സ്റ്റഡി മെറ്റീരിയലിന്റെ കൃത്യമായ വിവരം ഫയലിൽ ലഭ്യമല്ല. കൂടാതെ 18.11.2021 തിയ്യതിയിൽ താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിൽ 350 സെറ്റ്, കോഴിക്കോട് വിദ്യാഭ്യാസ ജില്ലയിൽ 300 സെറ്റ് എന്നിവ പ്രകാരം വിതരണം ചെയ്തതായുള്ള മറ്റൊരു ലിസ്റ്റും ഫയലിൽ കാണുന്നു. അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടിയുടെ ലിസ്റ്റിൽ തിരുത്തൽ വരുത്തി സ്റ്റഡി മെറ്റീരിയൽ വിതരണം എന്ന് എഴുതി ചേർത്തതായി കാണുന്നു. യാതൊരു കൃത്യതയുമില്ലാത്ത രീതിയിലാണ് സ്റ്റഡി മെറ്റീരിയൽ വിതരണം സംബന്ധിച്ച് ഫയൽ സൂക്ഷിച്ചിട്ടുള്ളത്.

4. ശരാശരി 150 ഓളം കുട്ടികൾ ഒരു സ്കൂളിൽ പത്താം തരത്തിൽ പഠിക്കുന്നതായി ലിസ്റ്റിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നു. എന്നാൽ ശരാശരി 10 സെറ്റ് വീതം സ്റ്റഡി മെറ്റീരിയലാണ് അക്കാദമിക് വർഷത്തിന്റെ അവസാന കാലമായ മാർച്ച് മാസത്തിൽ ഓരോ സ്കൂളിലും വിതരണം ചെയ്തത്. മുഴുവൻ കുട്ടികൾക്കും ഇത് എപ്രകാരം പ്രയോജനപ്പെടുത്താൻ കഴിഞ്ഞു എന്നത് വ്യക്തമല്ല.

| സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | വിതരണം ചെയ്ത സെറ്റുകൾ |
|---|---|---|

| | | |
|---|---|---|
| ജി.എച്ച്.എസ്.എസ്, കുറ്റിക്കാട്ടൂർ | 373 | 9 |
| ജി.എച്ച്.എസ്.എസ്, ബേപ്പൂർ | 363 | 27 |
| ഫറോക്ക് എച്ച്.എസ്.എസ്. | 446 | 36 |
| ജെ.ഡി.ടി.ഇസ്ലാം എച്ച്.എസ്. | 314 | 16 |

5. ഇംഗ്ലീഷ് മീഡിയം ക്ലാസ് ഇല്ലാത്ത സ്കൂളിലും ഇംഗ്ലീഷ് മീഡിയം സെറ്റ് വിതരണം ചെയ്തു.

| സ്കൂളിന്റെ പേര് | ഇംഗ്ലീഷ് മീഡിയം ക്ലാസ് കുട്ടികളുടെ എണ്ണം | വിതരണം ചെയ്തത് |
|---|---|---|
| ജി.എച്ച്.എസ്.എസ് (ഗേൾസ്), പറയഞ്ചേരി | ഇല്ല | 8 സെറ്റ് |
| ജി.എച്ച്.എസ്.എസ് (ബോയ്സ്), പറയഞ്ചേരി | ഇല്ല | 16 സെറ്റ് |

6. മലയാളം മീഡിയം ക്ലാസ് ഇല്ലാത്ത സ്കൂളിലും മലയാളം സെറ്റ് വിതരണം ചെയ്തു.

| സ്കൂളിന്റെ പേര് | വിതരണം ചെയ്തത് |
|---|---|
| ഡോ.അയ്യത്താൻ ഗോപാലൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 11 സെറ്റ് |
| ഇഖ്റ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 16 സെറ്റ് |
| സരസ്വതി വിദ്യാമന്ദിർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കോട്ടൂളി | 18 സെറ്റ് |
| സിൽവർ ഹിൽസ് എച്ച്.എസ്.എസ്, പാറോപ്പടി | 13 സെറ്റ് |

7. ജില്ലാ പഞ്ചായത്തിന്റെ പ്രൊജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിലാണ് നടപ്പിലാക്കേണ്ടത്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെയും വിവിധ മുനിസിപ്പാലിറ്റികളിലെയും സ്കൂളുകൾ സ്റ്റഡി മെറ്റീരിയൽ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

8. പദ്ധതി സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 93/2020-21 തി 18.05.2022 മറുപടി ലഭിച്ചിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 339787/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-86 സർക്കാർ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | S0016/, സർക്കാർ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം |

| | |
|---|---|
| അടങ്കൽ, ഫണ്ടിനം | 2,15,73,000/- (90,00,000/- വികസനഫണ്ട്) + 1,25,73,000/- സംരക്ഷണഗ്രാന്റ്- റോഡിതരം) |
| ചെലവ് | 2,15,72,993/- [വികസന ഫണ്ട്(ജനറൽ) - 89,99,993 + സംരക്ഷണ ഗ്രാന്റ്, റോഡിതരം - 1,25,73,000] |

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതികളുടെ ഭാഗമായി 2020-21 വർഷം നടപ്പാക്കിയ "സർക്കാർ സ്കൂളിലേക്ക് ഫർണിച്ചർ" പദ്ധതിക്ക് 2,15,73,000 രൂപ 2,15,73,000/- [വികസന ഫണ്ട്(ജനറൽ) - 90 ലക്ഷം + സംരക്ഷണ ഗ്രാന്റ്, റോഡിതരം - 1,25,73,000] അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 1904 വീതം ബഞ്ചുകളും ഡെസ്കുകളും വിതരണം ചെയ്യുന്നതിന് കാഡ്കോയുമായി പൊതു വിദ്യാഭ്യാസം ഡപ്യൂട്ടി ഡയറക്ടർ കരാറുകളിലേർപ്പെട്ടു. ജി.ഒ. (ആർ. ടി) നം. 47/2009/എസ്.പി.ഡി തീയതി 07.11.2019 പ്രകാരമുള്ള ഉത്തരവിനോടൊപ്പമുള്ള ഫർണിച്ചറിന്റെ വിൽപന വില സംബന്ധിച്ച ലിസ്റ്റിൽ ക്രമ നം. 33, 34 ആയി താഴെ പറഞ്ഞിരിക്കുന്ന സ്പെസിഫിക്കേഷനിലുള്ള ബഞ്ച് ഒന്നിന് 4,532 രൂപയും ഡസ്ക് ഒന്നിന് 5,580 രൂപയുമാണ് (നികുതി ഉൾപ്പെട്ടില്ല) കാഡ്കോ വില നിശ്ചയിച്ചത്. പൊതു വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ കാഡ്കോയുമായി നെഗോസിയേഷൻ നടത്തിയതിനെ തുടർന്ന് ബഞ്ചിന്റെ വില 4,305 രൂപയായും ഡസ്കിന്റേത് 5,301 രൂപയുമായി കുറച്ചു. 18% ജി.എസ്.ടി ഉൾപ്പെടെ ഒരു സെറ്റിന് 11,335 രൂപയ്ക്കാണ് കാഡ്കോയിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഫർണിച്ചർ വാങ്ങിയത്. ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് മൂന്ന് ഘട്ടങ്ങളിലായി ഫർണിച്ചർ വിതരണം ചെയ്തതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ബഞ്ചിന്റെ സ്പെസിഫിക്കേഷൻ | ഡസ്കിന്റെ സ്പെസിഫിക്കേഷൻ | വിതരണം ചെയ്ത ബഞ്ചിന്റെ എണ്ണം | വിതരണം ചെയ്ത ഡസ്കിന്റെ എണ്ണം | വില | ബിൽ നം | ഇൻവോയ്സ് നം |
|---|---|---|---|---|---|---|---|
| 1. | Steel Wooden Bench (180cmx 30cmx 45cm) Leg And Frame With MS Angle Iron Seat With Anjili/Hard Wood Plank | Steel Wooden Desk (180cmx 40cmx 75cm) Leg And Frame With MS Angle Iron Seat With Anjili/Hard Wood Plank | 600 | 600 | 6801045 | ലഭ്യമല്ല | NRO/ Sales/ 93 Dt. 23.07.20 To 04.09.20 |
| 2. | | | 510 | 510 | 5771955 | BRN: 20160152028200633 Dt. 19.10.20 | NRO/ Sales/ 92 Dt. 09.09.20 To 09.10.20 |

| | | | | | | |
|---|---|---|---|---|---|---|
| 3. | | 794 | 794 | 8999993 | BRN: 20160152028201431827 Dt.29.03.21 | NRO/ Sales/ 577 Dt. 17.02.21 To 08.03.21 |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ പറയുന്നു.

1. ജി.ഒ. (ആർ. ടി) നം. 47/2009/എസ്.പി.ഡി തീയതി 07.11.2019 പ്രകാരം ഫർണിച്ചർ പുറത്ത് നിന്ന് വാങ്ങിയതല്ലെന്നും കാഡ്കോ സ്വന്തമായി നിർമ്മിച്ചതാണെന്നുമുള്ള സാക്ഷ്യപത്രം വാങ്ങേണ്ടതുണ്ട്. എന്നാൽ അത്തരമൊരു സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 11.06.2020 ലെ 26/20(1) തീരുമാന പ്രകാരം ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ഫർണിച്ചർ വിതരണം നടത്തിയതിന്റെയും സ്കൂളിലെ എണ്ണം മാനദണ്ഡമാക്കിയതിന്റെയും അടിസ്ഥാനത്തിൽ ഫർണിച്ചർ വിതരണം നടത്തുന്നതിന് തീരുമാനിച്ചുവെന്ന് വ്യക്തമാക്കുന്നു. എന്നാൽ പ്രസ്തുത രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സ്കൂൾ അധികൃതർ, ഫർണ്ണിച്ചറിന്റെ ആവശ്യകത അറിയിച്ചതായി രേഖയില്ല.

3. കാഡ്കോ നൽകിയ വിവിധ ഇൻവോയ്സുകൾ പ്രകാരം ഫർണിച്ചറിന്റെ മേൽഭാഗം നിർമ്മിച്ചിരിക്കുന്നത് ആഞ്ഞിലി/ ഹാർവുഡ് എന്നാണ് രേഖപ്പെടുത്തിയത്. ഗവൺമെന്റ് ഡിപ്പോ ഓഫീസറുടെ(കോഴിക്കോട്) 22.07.2020, 22.02.2021 എന്നീ തിയതികളിലെ ഗുണമേന്മ സംബന്ധിച്ച കത്തുകൾ പ്രകാരം ബഞ്ചിന്റെയും ഡസ്കിന്റെയും മുകൾഭാഗം നിർമ്മിച്ചിരിക്കുന്നത് "Hardwood- Rubwood" ഉപയോഗിച്ചാണെന്നാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ കത്തുകൾക്ക് നമ്പർ ചേർത്തതായി കാണുന്നില്ല. സ്കൂളുകൾ നൽകിയ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റിലും കാഡ്കോയുടെ ഇൻവോയ്സ് പ്രകാരമുള്ള സ്പെസിഫിക്കേഷനാണ് എഴുതിയത്. ഇത് ഇൻവോയ്സ് പ്രകാരം വിതരണം ചെയ്തതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

4. സ്കൂളുകളിലേക്ക്, ഫർണിച്ചർ കാഡ്കോ നേരിട്ട് വിതരണം നടത്തുകയാണ് ചെയ്തത്. അതാത് സ്കൂളുകൾ നിശ്ചിത മാതൃകയിലുള്ള രസീതിയും സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റും നിർവ്വഹണോദ്യോഗസ്ഥന് നൽകുന്നു. എന്നാൽ മിക്ക സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റും പൂർണ്ണമായും പൂരിപ്പിച്ചതല്ല. സ്റ്റോക്ക് രജിസ്റ്ററിലെ പേജ് വിവരം രേഖപ്പെടുത്തിയിട്ടില്ല.

5. മോണിട്ടറിംഗ് കമ്മിറ്റി, ഫർണിച്ചർ വിതരണം സംബന്ധിച്ച് മോണിട്ടറിംഗ് നടത്തി സാക്ഷ്യപത്രം നൽകിയിട്ടില്ല.

6. 17.09.2020 ലെ 68,01,045/- രൂപയുടെ ട്രഷറി ബിൽ കോപ്പി ഫയലിൽ ഇല്ല. 18.10.2020 ലെ ട്രഷറി ബിൽ കോപ്പിയിൽ നിർവ്വഹണോദ്യഗസ്ഥന്റെ ഒപ്പ് ഇല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 92/2020-21/ 16.05.2022 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾക്കുള്ള മറുപടിയോടൊപ്പം ആവശ്യമായ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-87 ഡെപ്യൂട്ടി ഡയറക്ടർ ( കൃഷി വകുപ്പ് ) - പ്രോജക്ട് നിർവ്വഹണ രേഖകൾ പൂർണ്ണമല്ല

കൃഷി ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ പൂർണ്ണമല്ല .

(1) 2020-21 വർഷത്തിൽ നടപ്പാക്കിയ സംയുക്ത പ്രോജക്ടുകളുടെ വിവരങ്ങൾ താഴെപ്പറയുന്നു

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (രൂ) | ഫണ്ട് |
|---|---|---|---|---|
| 1. | 37/21 | നെൽകൃഷി കൂലിച്ചെലവ് | 9391500 | വികസനഫണ്ട് (പൊതു) |
| 2. | 44/21 | പച്ചക്കറി കൃഷി കൂലിച്ചെലവ് | 1168680 | ടി |
| 3. | 62/21 | സുഫലം വിഷരഹിത ഫലം - സംയുക്തം - നൂതനം | 1732443 | ടി |
| 4. | 974/21 | നെൽകൃഷികൂലിച്ചെലവ് സബ്സിഡി | 5784876 | ടി |
| 5. | 979/21 | പച്ചക്കറി കൃഷി കൂലിച്ചെലവ് സബ്സിഡി | 271272 | ടി |

മേൽ പരാമർശിച്ച സംയുക്ത പ്രോജക്ടുകളിൽ കൈപ്പറ്റിയ ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച് ഏതാനും സാക്ഷ്യപത്രം നല്കിയിരിക്കുന്നത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർമാരാണ്. ജില്ലാപഞ്ചായത്ത് വിഹിതം അലോട്ട്മെന്റ് ആയി ലഭിച്ച സ്ഥാപനത്തിന്റെ തലവൻ എന്ന നിലയിൽ അതാത് പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നുമാണ് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടത് എന്നിരിക്കെ ആയത് കൃഷി ഓഫീസർമാർ നല്കിയത് ശരിയായ നടപടിയല്ല. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ പ്രോജക്ട് നമ്പർ, ഗ്രാമപഞ്ചായത്ത് വിഹിതങ്ങൾ, ഇതിൽ നിന്നുള്ള ചെലവ്, ഗുണഭോക്താക്കളുടെ എണ്ണം, ഗ്രാമപഞ്ചായത്ത് പ്രോജക്ടിന് ലഭിച്ച ഡി.പി.സി അംഗീകാരത്തിന്റെ വിശദാംശങ്ങൾ എന്നിവ ഉൾപ്പെട്ട വിശദമായ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സെക്രട്ടറിമാരിൽ നിന്നും ലഭ്യമാക്കേണ്ടതാണ് .

(2) പ്രോജക്ട് നമ്പർ 0917/21 (വിദ്യാർത്ഥികൾക്ക് പച്ചക്കറി കൃഷി) എന്ന പ്രോജക്ടിൽ ആകെ 9,29,369 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് . ആകെ 40 സ്കൂളുകൾക്ക് 100 ഗ്രോ ബാഗുകൾ വീതം തിരിനന സംവിധാനം സഹിതം ലഭ്യമാക്കുന്നതാണ് പദ്ധതി. താഴെപ്പറയുന്നവക്ക് വ്യക്തത വരുത്തുവാൻ താൽപ്പര്യപ്പെടുന്നു .

(A)34 സർക്കാർ സ്കൂളുകൾക്ക് പുറമെ താഴെപ്പറയുന്ന എയ്ഡഡ് സ്കൂളുകളിലുമായാണ് മേൽ പ്രോജക്ട് നടപ്പാക്കിയത്. എയ്ഡഡ് സ്കൂളുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല .

(I) ടി.ഐ.എം ഗേൾസ് ഹൈസ്കൂൾ , നാദാപുരം.

(Ii) തിരുവമ്പാടി സേക്രഡ് ഹാർട്ട് ഹൈസ്കൂൾ

(Iii) കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ

(Iv) പി.ടി.എം ഹൈസ്കൂൾ, കൊടിയത്തൂർ

(V) സെന്റ് മേരീസ് ഹൈസ്കൂൾ , മരുതോങ്കര

(Vi) മണ്ണൂർ ഹൈസ്കൂൾ , കടലുണ്ടി

(B) ഇൻവോയ്സ് / ക്യാഷ് ബിൽ ഇല്ല -

എസ് 0917/21 നമ്പർ പ്രോജക്ടിനു വേണ്ടി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ / തിയ്യതി | തുക (രൂ) | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|
| 1. | DP 01/20 തി. 23.4.20 | 323369 | കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡ് |
| 2. | DP 02/20 തി. 23.4.20 | 218000 | കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡ് |
| 3. | DP 03/20 തി. 23.4.20 | 148000 | കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡ് (68000 രൂ) , സ്റ്റേറ്റ് സീഡ് ഫാം പുതുപ്പാടി<br>(80000 രൂ) |
| 4. | DP 04/20 തി. 23.4.20 | 240000 | സ്റ്റേറ്റ് സീഡ് ഫാം , ജില്ലാ കൃഷി ഫാം കൂത്താളി , കോക്കനട്ട് നഴ്സറി തിക്കോടി .<br>(80000 രൂ വീതം) |

തുകകൾ കൈപ്പറ്റിയ ഏജൻസികളുടെ ഇൻവോയ്സ് / കാഷ്ബിൽ എന്നിവ പരിശോധനക്ക് ലഭിച്ചിട്ടില്ല . ആയവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

(C) ഗ്രോ ബാഗ് യൂണിറ്റ് (100 എണ്ണം വീതമുള്ളത് ) ജി.എച്ച്.എസ്.എസ് മേപ്പയൂർ കൈപ്പറ്റിയിട്ടുണ്ട് .

ആയതിന്റെ കൈപ്പറ്റ് രശീത് പരിശോധനക്ക് ലഭിച്ചിട്ടില്ല .

(D) പ്രോജക്ടിന്റെ നിലവിലെ അവസ്ഥ, സ്കൂളുകളിൽ കൈവരിച്ച പച്ചക്കറി ഉല്പാദനത്തിന്റെ റിപ്പോർട്ട്, പ്രോജക്ടിന്റെ ഫലപ്രാപ്തി സംബന്ധിച്ച വിശദീകരണം മുതലായവ ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 6/02.11.2020 നമ്പർ ഓഡിറ്റ് എൻക്വയറി നല്കിയിരുന്നെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ല. കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിൽ മേൽ പ്രോജക്ടിന്റെ ഫലപ്രാപ്തി സംബന്ധിച്ച് മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. .

(3) നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട TR 7A കാഷ് ബുക്ക് പരിശോധനക്ക് ലഭിച്ചിട്ടില്ല. സംയുക്ത പ്രോജക്ടുകൾ ഉൾപ്പെടെയുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവ് വിവരങ്ങൾ കൂടി രേഖപ്പെടുത്തി ക്യാഷ്ബുക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

അപാകങ്ങൾ ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് നല്കിയ 05.11.2021 -ലെ 05/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പൂർണ്ണമായ മറുപടി ലഭിച്ചിട്ടില്ല .

## 1-88 ഷീപാഡ് ഇൻസിനറേറ്റർ വിതരണ പ്രോജക്ട് - കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിച്ചില്ല - 454896 രൂ യുടെ അധികച്ചെലവും മറ്റ് അപാകങ്ങളും

ജില്ലാ വനിതാ ശിശു വികസന ഓഫിസർ 2020-21 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ വിവിധ യു.പി/ഹൈസ്കൂൾ/ഹയർസെക്കന്ററി/ വൊക്കേഷനൽ ഹയർസെക്കന്ററി സ്കൂളുകളിൽ ഷീപാഡ് ഇൻസിനറേറ്റർ വിതരണം ചെയ്യുന്ന 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | വകയിരുത്തിയ തുക (രൂ) | ഫണ്ട് | ചെലവഴിച്ച തുക (രൂ) |
|---|---|---|---|---|---|
| 1. | S0076/21 | ഷീപാഡ് ഇൻസിനറേറ്റർ - (വനിത) - ശുചിത്വം | 22 ലക്ഷം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2088944 |
| 2. | S0971/21 | ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, SDC എന്നിവിടങ്ങളിൽ നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കൽ. | 20 ലക്ഷം | വികസന ഫണ്ട് (പൊതു) | 1988272 |

l) 971 / 21 നമ്പർ പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ട്രഷറി ബിൽ നമ്പർ/ തിയ്യതി | DP03 / 20-21 , 05.03.2021 |
| ട്രഷറി ബിൽ തുക | 1988272 രൂ |
| ഫയൽ നമ്പർ | DWCDO/KKD/D-825/2020 |

പ്രോജക്ട് പ്രകാരം ഇൻസിനറേറ്റർ കൈപ്പറ്റിയ സ്കൂളുകളുടെ വിവരങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഇൻസിനിറേറ്റർ കൈപ്പറ്റിയ വിഭാഗം | | |
|---|---|---|---|---|
| | | യു.പി | ഹൈസ്കൂൾ | ഹയർ സെക്കന്ററി/ വൊക്കേഷനൽ ഹയർസെക്കന്ററി |
| 1. | ജി.എച്ച്.എസ്.എസ് പൂനൂർ | - | 2 | |
| 2. | ജി.എച്ച്.എസ്.എസ് കോക്കല്ലൂർ | - | 2 | 1 |
| 3. | ജി.എച്ച്.എസ് ബാലുശ്ശേരി ഗേൾസ് | - | 2 | - |
| 4. | ജി.എച്ച്.എസ്.എസ് നടുവണ്ണൂർ | - | 2 | - |
| 5. | ജി.എച്ച്.എസ്.എസ് അവിടനല്ലൂർ | - | 1 | - |
| 6. | ജി.എച്ച്.എസ്.എസ് ശിവപുരം | - | 1 | 1 |

| | | | | |
|---|---|---|---|---|
| 7. | ജി.എച്ച്.എസ്.എസ് കക്കോടി | - | 1 | - |
| 8. | എസ്.ജി.എം.ജി. എച്ച്.എസ്.എസ് കൊളത്തൂർ | - | 1 | - |
| 9. | ജി.എച്ച്.എസ്.എസ് നരിക്കുനി | - | 2 | 12. |
| 10. | ജി.എച്ച്.എസ്.എസ് പുതുപ്പാടി | - | 2 | 1 |
| 11. | ജി.എച്ച്.എസ്.എസ് പന്നൂർ | - | 2 | - |
| 12. | ജി.വി.എച്ച്.എസ്.എസ് താമരശ്ശേരി | - | 2 | - |
| 13. | ജി.എം.എച്ച്.എസ് രാരോത്ത് | - | 1 | - |
| 14. | ജി.എച്ച്.എസ്.എസ് ഇരിങ്ങല്ലൂർ | 1 | 1 | - |
| 15. | ജി.എച്ച്.എസ്.എസ് പറമ്പിൽ | - | 1 | - |
| 16. | ജി.എച്ച്.എസ്.എസ് പയിമ്പ്ര | - | 2 | 1 |
| 17. | ജി.എച്ച്.എസ്.എസ് കാവിലുംമ്പാറ | - | 1 | - |
| 18. | ജി.എച്ച്.എസ് കുറ്റ്യാടി | - | 2 | - |
| 19. | ജി.എച്ച്.എസ്.എസ് മാവൂർ | - | 2 | - |
| 20. | ആർ.ഇ.സി.ജി.വി. എച്ച്.എസ്.എസ് | - | 2 | 1 |

| | | | | |
|---|---|---|---|---|
| | ചാത്തമംഗലം | | | |
| 21. | ജി.എച്ച്.എസ്.എസ് ചെറുവാടി | – | 2 | – |
| 22. | ഇ.എം.എസ്.ജി. എച്ച്.എസ് പെരുമണ്ണ | – | 1 | – |
| 23. | ജി.എച്ച്.എസ്.എസ് നായർകുഴി | – | 2 | – |
| 24. | ജി.എച്ച്.എസ്.എസ് കുറ്റിക്കാട്ടൂർ | – | 2 | – |
| 25. | ജി.വി.എച്ച്.എസ്.എസ് മേപ്പയൂർ | – | 2 | 1 |
| 26. | ജി.വി.എച്ച്.എസ്.എസ് പയ്യോളി | – | 2 | 1 |
| 27. | ജി.വി.എച്ച്.എസ്.എസ് അത്തോളി | – | 2 | – |
| 28. | ജി.എച്ച്.എസ് വെങ്ങപ്പറ്റ | – | 1 | – |
| 29. | ജി.എച്ച്.എസ്.എസ് കായണ്ണ | – | 1 | – |
| 30. | ജി.എച്ച്.എസ്.എസ് ആവളകുട്ടോത്ത് | – | 1 | 1 |
| 31. | ജി.എച്ച്.എസ്.എസ് ചെറുവണ്ണൂർ | – | 1 | – |
| 32. | ജി.എച്ച്.എസ് പേരാമ്പ്ര പ്ലാന്റേഷൻ | – | 1 | – |
| 33. | ജി.എച്ച്.എസ്.എസ് വെള്ളിയോട് | – | 2 | – |
| 34. | ജി.എച്ച്.എസ്.എസ് വളയം | – | 2 | – |

| | | | | |
|---|---|---|---|---|
| 35. | ജി.എച്ച്.എസ്.എസ് കല്ലാച്ചി | - | 2 | - |
| 36. | ജി.ജി.എച്ച്.എസ്.എസ് മടപ്പള്ളി | - | 2 | 1 |
| 37. | ജി.എച്ച്.എസ്.എസ് അഴിയൂർ | - | 1 | - |
| 38. | ജി.എച്ച്.എസ്.എസ് ചോറോട് | - | 1 | - |
| 39. | കെ.കെ.എം.ജി.വി. എച്ച്.എസ്.എസ് ഓർക്കാട്ടേരി | - | 2 | - |
| 40. | ജി.എച്ച്.എസ്.എസ് പെരിങ്ങളം | 1 | 2 | - |
| 41. | ജി.എച്ച്.എസ്.എസ് മണിയൂർ പഞ്ചായത്ത് | - | 2 | - |
| 42. | ജി.എച്ച്.എസ് വൻമുഖം | - | 1 | - |
| 43. | ജി.വി.എച്ച്.എസ്.എസ് ബാലുശ്ശേരി | - | - | 1 |

ആകെ 79 ഇൻസിനറേറ്ററുകളാണ് എസ്.0971/21 നമ്പർ പ്രോജക്ട് പ്രകാരം വിതരണം ചെയ്തിട്ടുള്ളത്.

(Ii) പ്രോജക്ട് നമ്പർ എസ് 0076/21 നമ്പർ പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| ട്രഷറി ബിൽ നമ്പർ/തിയ്യതി | DP04/20-21 , 27.03.2021 |
| ട്രഷറി ബിൽ തുക | 20,88,944 രൂ |
| ഫയൽ നമ്പർ | DWCDO/KKD/D-1205/2020 |

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഇൻസിനിറേറ്റർ കൈപ്പറ്റിയ വിഭാഗം | | |
|---|---|---|---|---|
| | | ഹൈസ്കൂൾ | ഹയർ | വൊക്കേഷനൽ |

| | | | സെക്കന്ററി | ഹയർ സെക്കന്ററി |
|---|---|---|---|---|
| 1. | ജി.എച്ച്.എസ്.എസ് പൂനൂർ | 1 | 1 | – |
| 2. | ജി.എച്ച്.എസ്.എസ് കോക്കല്ലൂർ | 2 | 1 | – |
| 3. | ജി.എച്ച്.എസ് ബാലുശ്ശേരി ഗേൾസ് | 2 | 1 | – |
| 4. | ജി.എച്ച്.എസ്.എസ് നടുവണ്ണൂർ | 2 | 1 | – |
| 5. | ജി.എച്ച്.എസ്.എസ് അവിടനല്ലൂർ | 1 | 1 | – |
| 6. | ജി.എച്ച്.എസ്.എസ് ശിവപുരം | 1 | 1 | – |
| 7. | ജി.എച്ച്.എസ്.എസ് കക്കോടി | – | 1 | – |
| 8. | എസ്.ജി.എം.ജി.എച്ച്.എസ്.എസ് കൊളത്തൂർ | 1 | 1 | – |
| 9. | ജി.എച്ച്.എസ്.എസ് നരിക്കുനി | 2 | 1 | – |
| 10. | ജി.എച്ച്.എസ്.എസ് പുതുപ്പാടി | 1 | 2 | – |
| 11. | ജി.എച്ച്.എസ്.എസ് പന്നൂർ | 2 | 1 | – |
| 12. | ജി.വി.എച്ച്.എസ്.എസ് താമരശ്ശേരി | 1 | 1 | |
| 13. | ജി.എം.എച്ച്.എസ് രാരോത്ത് | 1 | – | |

| | | | | |
|---|---|---|---|---|
| 14. | ജി.എച്ച്.എസ്.എസ് ഇരിങ്ങല്ലൂർ | 1 | 1 | |
| 15. | ജി.എച്ച്.എസ്.എസ് പറമ്പിൽ | - | 1 | |
| 16. | ജി.എച്ച്.എസ്.എസ് പയിമ്പ്ര | 2 | 1 | |
| 17. | ജി.എച്ച്.എസ്.എസ് കാവിലുംമ്പാറ | 1 | - | |
| 18. | ജി.എച്ച്.എസ്.എസ് കുറ്റ്യാടി | 2 | 1 | |
| 19. | ജി.എച്ച്.എസ്.എസ് മാവൂർ | 1 | 1 | |
| 20. | ആർ.ഇ.സി.ജി.വി. എച്ച്.എസ്.എസ് ചാത്തമംഗലം | 1 | 2 | |
| 21. | ജി.എച്ച്.എസ്.എസ് ചെറുവാടി | 1 | 1 | |
| 22. | ഇ.എം.എസ്.ജി. എച്ച്.എസ് പെരുമണ്ണ | - | 1 | |
| 23. | ജി.എച്ച്.എസ്.എസ് നായർകുഴി | 1 | 1 | |
| 24. | ജി.എച്ച്.എസ്.എസ് കുറ്റിക്കാട്ടൂർ | 1 | 1 | |
| 25. | ജി.വി.എച്ച്.എസ്.എസ് മേപ്പയൂർ | 1 | 1 | |
| 26. | ജി.വി.എച്ച്.എസ്.എസ് പയ്യോളി | 1 | 1 | |
| 27. | ജി.വി.എച്ച്.എസ്.എസ് | 1 | 1 | |

| | | | | |
|---|---|---|---|---|
| | അത്തോളി | | | |
| 28. | ജി.എച്ച്.എസ് വെങ്ങപ്പറ്റ | 1 | – | |
| 29. | ജി.എച്ച്.എസ്.എസ് കായണ്ണ | – | 1 | |
| 30. | ജി.എച്ച്.എസ്.എസ് ആവളകുട്ടോത്ത് | 1 | 1 | – |
| 31. | ജി.എച്ച്.എസ്.എസ് ചെറുവണ്ണൂർ | 1 | – | – |
| 32. | ജി.എച്ച്.എസ്.എസ് വളയം | – | 1 | – |
| 33. | ജി.എച്ച്.എസ്.എസ് വെള്ളിയോട് | 1 | 1 | – |
| 34. | ജി.എച്ച്.എസ്.എസ് കല്ലാച്ചി | – | 1 | – |
| 35. | ജി.ജി.എച്ച്.എസ്.എസ് മടപ്പള്ളി | 1 | 1 | – |
| 36. | ജി.വി.എച്ച്.എസ്.എസ് മടപ്പള്ളി | – | – | 1 |
| 37. | ജി.എച്ച്.എസ്.എസ് അഴിയൂർ | – | 1 | – |
| 38. | ജി.എച്ച്.എസ്.എസ് ചോറോട് | – | 1 | – |
| 39. | കെ.കെ.എം.ജി. വി.എച്ച്.എസ്.എസ് ഓർക്കാട്ടേരി | – | 2 | – |
| 40. | ജി.എച്ച്.എസ്.എസ് പെരിങ്ങളം | 1 | 1 | – |

| | | | | |
|---|---|---|---|---|
| 41. | ജി.എച്ച്.എസ്.എസ് മണിയൂർ പഞ്ചായത്ത് | - | 1 | - |
| 42. | ജി.എച്ച്.എസ് വൻമുഖം | 1 | - | - |
| 43. | ജി.വി.എച്ച്.എസ്.എസ് ബാലുശ്ശേരി | - | - | 1 |

ആകെ 83 ഇൻസിനറേറ്ററുകളാണ് എസ്.0076/21 നമ്പർ പ്രോജക്ട് പ്രകാരം വിതരണം ചെയ്തത്.

പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു.

1. 29.01.2018 തിയ്യതിയിലെ സ.ഉ(കൈ)11/2018/തസ്വഭവ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3(7) പ്രകാരം യു.പി/ഹൈസ്കൂൾ/ ഹയർസെക്കന്ററി സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിങ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. കേരള വനിതാ വികസന കോർപ്പറേഷന്റെ മാർഗ്ഗരേഖ അവലംബിച്ചു വേണം വെൻഡിങ് യൂണിറ്റുകൾ സ്ഥാപിക്കേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇൻസിനറേറ്ററുകൾ പദ്ധതിപ്പണം ഉപയോഗിച്ച് സ്ഥാപിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ അനുമതി നല്കിയിട്ടില്ല. ഒരു നൂതന പ്രോജക്ട് എന്ന നിലക്കാണ് ഈ പ്രോജക്ടുകൾ നടപ്പാക്കുന്നത് എങ്കിൽ മേൽ പറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 3.8.4 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടിയിരുന്നു. എന്നാൽ അത്തരം നടപടിക്രമങ്ങൾ പാലിച്ചില്ല. നാപ്കിൻ വെൻഡിങ് മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വനിതാ വികസന കോർപ്പറേഷന്റെ മാർഗ്ഗരേഖയുടെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജർ (പ്രോജക്ട്സ്) KSWDC/P5/SHE-PAD/2019-20 (തിയ്യതി ഇല്ല ) കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിക്ക് അയച്ച കത്തിൽ സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ സൂക്ഷിക്കുന്നതിന് സ്റ്റീൽ അലമാര, ഉപയോഗിച്ച കഴിഞ്ഞ നാപ്കിനുകൾ നശിപ്പിച്ച കളയുന്നതിന് ഇൻസിനറേറ്റർ എന്നിവ അതാത് സ്കൂളുകളിലേക്ക് വിതരണം ചെയ്യുന്ന "ഷീ - പാഡ്" എന്ന സർക്കാർ പദ്ധതിയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്തം കോർപ്പറേഷനെയാണ് ഏല്പിച്ചിരിക്കുന്നത് എന്നും 25.01.2016 തിയ്യതിയിലെ സ.ഉ 280/2016/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പ്രോജക്ട് നടപ്പാക്കുന്നത് എന്നും പരാമർശിച്ച കാണുന്നു. കോർപ്പറേഷൻ നിലവിൽ വെന്റിങ് മെഷീൻ വിതരണം പ്രോത്സാഹിപ്പിക്കുന്നില്ല എന്നും കത്തിൽ പറയുന്നു. 200 വിദ്യാർത്ഥിനികൾക്ക് ഒരു ഇൻസിനറേറ്റർ, ഒരു വിദ്യാർത്ഥിനിക്ക് ഒരു മാസം 2 പാക്കറ്റ് പാഡ്, 150 വിദ്യാർത്ഥിനികൾക്ക് ഒരു അലമാര എന്നിങ്ങനെയാണ് നല്കേണ്ടത്.

കൂടാതെ ആർത്തവ ശുചിത്വബോധം ലഭിക്കുന്നതിന് ഉതകുന്ന പ്രത്യേകം തയ്യാറാക്കിയ ലഘുലേഖയും ഷീ-പാഡ് പ്രോജക്ട് പ്രകാരം വിദ്യാർത്ഥിനികൾക്ക് നല്കേണ്ടതുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് ഓരോ സ്കൂളുകളിലും കോ-ഓർഡിനേറ്ററായി ഒരു അദ്ധ്യാപികയുടെ സേവനവും ആവശ്യമാണ്. എന്നാൽ കോഴിക്കോട് ജില്ല പഞ്ചായത്ത് മുഖേന നടപ്പാക്കിയ പ്രോജക്ടിൽ സ്കൂളുകളിലേക്ക് ഇൻസിനറേറ്റർ വിതരണം ചെയ്യുക മാത്രമേ ഉണ്ടായിട്ടുള്ളൂ. പദ്ധതിയുടെ സമഗ്രമായ ലക്ഷ്യം കൈവരിക്കുവാൻ ഇത് പര്യാപ്തമല്ല. തുടർന്ന വരുന്ന വർഷങ്ങളിൽ ഈ പ്രോജക്ടിന് തുടർച്ച നല്കിയിട്ടുണ്ടോ എന്നതും ഉണ്ടെങ്കിൽ വിശദാംശങ്ങളും അറിയിക്കേണ്ടതാണ്.

3. ഇൻസിനറേറ്റർ വാങ്ങുന്നതിന് ജി.ഒ (പി) നമ്പർ 259/2010/തസ്വഭവ തിയ്യതി 08.11.2010 പ്രകാരം ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. എസ്. 971/21 പ്രോജക്ടിലെ ക്രമനമ്പർ A - 13, 15 എന്നിവ പ്രകാരം നിർവ്വഹണ രീതി അക്രഡിറ്റഡ് ഏജൻസി മുഖേന എന്നും അക്രഡിറ്റഡ് ഏജൻസിയുടെ പേര് RAIDCO എന്നും പരാമർശിച്ചു കാണുന്നു. എന്നാൽ ഉപകരണങ്ങൾ സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. നാപ്കിൻ ഇൻസിനിറേറ്ററുകൾ വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി 2020-21, 2021-22 കാലയളവിലേക്ക് സംസ്ഥാന വനിതാ വികസന കോർപ്പറേഷനെ നിശ്ചയിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .

4. ഉപകരണങ്ങളുടെ വാങ്ങലിന് മുന്നോടിയായി 25.06.2020 ന് ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ ശുചിത്വമിഷൻ, റെയ്ഡ്കോ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, HLL എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തതായി ഒപ്പ് വെച്ചിട്ടുണ്ട്. 21.04.2020 തിയ്യതിയിലെ സ്റ്റിയറിങ് കമ്മിറ്റി തീരുമാന പ്രകാരം താഴെപ്പറയുന്നവരെയാണ് ടെക്നിക്കൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിരുന്നത്.

(I) കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി.

(Ii) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

(Iii) ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ

(Iv) ശുചിത്വ മിഷനിലെ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധൻ

(V) വനിതാ ശിശു വികസന ഓഫിസർ

മേൽ അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തതായി രേഖയില്ല. ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ ഒപ്പിട്ട് അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഫയലിൽ ഇല്ല .

5. നിർവ്വഹണ ഉദ്യോഗസ്ഥന്റെ 03.06.2020 തിയ്യതിയിലെ DWCDO/KKD/ D-825/2020 നമ്പർ കത്തിൽ വെൻഡിങ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുന്നതിന് ഇൻവോയ്സ്, സ്പെസിഫിക്കേഷൻ, അനുബന്ധ രേഖകൾ 13.06.2020 തിയ്യതി വൈകുന്നേരം 5 മണിക്ക് മുൻപായി

ലഭ്യമാക്കാൻ ആവശ്യപ്പെട്ട് വനിതാ വികസന കോർപ്പറേഷൻ, RAIDCO, KSIE, HLL എന്നീ സ്ഥാപനങ്ങൾക്ക് ഇ-മെയിൽ അയച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ സ്പെസിഫിക്കേഷൻ ക്വട്ടേഷൻ നോട്ടീസിൽ രേഖപ്പെടുത്തിയില്ല. കത്തിന്റെ അടിസ്ഥാനത്തിൽ വനിതാ വികസന കോർപ്പറേഷൻ, RAIDCO, KSIE, HLL എന്നീ സ്ഥാപനങ്ങൾ ഇൻവോയ്സുകൾ സമർപ്പിക്കുകയും ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയ 22.07.2020 തിയ്യതിയിലെ കത്തിൽ 25-30 Pads Per Cycle Capacity ഉള്ള ഇൻസിനറേറ്ററിന് 25.06.2020 തിയ്യതിയിലെ ടെക്നിക്കൽ കമ്മിറ്റി പരിശോധനക്കും നെഗോസിയേഷനും ശേഷം 22,360 രൂ നിരക്കിലുള്ളതും 2 വർഷ ഗ്യാരന്റി ഉള്ളതുമായ RAIDCO കോഴിക്കോടിന്റെ ക്വട്ടേഷനാണ് ഏറ്റവും കുറഞ്ഞ നിരക്ക് എന്നറിയിക്കുകയും മറ്റ് സ്ഥാപനങ്ങളുടേത് കൂടിയ നിരക്കാണെന്നും നിരക്ക് കുറക്കാൻ കഴിയില്ലെന്ന് അറിയിക്കുകയും താരതമ്യ പട്ടിക നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 07.07.2020 തിയ്യതിയിലെ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സമിതി യോഗ തീരുമാനം 23/20 പ്രകാരം എസ്.0971/21 നമ്പർ പ്രോജക്ട് പ്രകാരം 25.06.2020 തിയ്യതിയിലെ ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വനിതാ വികസന കോർപ്പറേഷനിൽ നിന്നും വാങ്ങി സ്ഥാപിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 1/27-55/20 തിയ്യതി 29.07.2020 നമ്പർ തീരുമാനപ്രകാരം ക്ഷേമകാര്യ സമിതിയുടെ തീരുമാനം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 20.10.20 തിയ്യതി പ്രോജക്ട് എസ്.0971/21 പ്രകാരം 79 ഇൻസിനറേറ്ററുകൾ 25,168 രൂ നിരക്കിൽ വിതരണം ചെയ്യാനുള്ള സപ്ലൈ ഓർഡർ വനിതാ വികസന കോർപ്പറേഷന് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കി . 2016 ലെ മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നു മാത്രമേ ഇൻസിനറേറ്ററുകൾ വാങ്ങാൻ പാടുള്ളൂ എന്ന് പറഞ്ഞിട്ടില്ല. 12.12.2019 തിയ്യതിയിലെ സ.ഉ(സാധാ)2834/2019/തസ്വഭവ പ്രകാരം ഇൻസിനറേറ്ററുകളുടെ സ്ഥാപനത്തിനും മെയിന്റനൻസിനുമുള്ള അക്രഡിറ്റഡ് ഏജൻസിയായ് 3 വർഷത്തേക്ക് RAIDCO എന്ന ഏജൻസിയെ തെരഞ്ഞെടുത്തിട്ടുള്ളതാണ്. RAIDCO ഓഫർ ചെയ്ത ചെലവ് കുറഞ്ഞ ഉല്പന്നത്തേക്കാൾ സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ HLL എന്ന കമ്പനിയിൽ നിന്നും വാങ്ങി നൽകുന്ന ഉപകരണത്തിന് കൂടുതലായുള്ള സാങ്കേതിക മേന്മകൾ എന്താണെന്ന് വ്യക്തമല്ല. കോഴിക്കോട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ നടപ്പാക്കിയ 2 പ്രോജക്ടുകളിലും 25,168 രൂപക്കാണ് ഇൻസിനറേറ്ററുകൾ വാങ്ങിയത്. ക്വട്ടേഷനിലെ ഏറ്റവും കുറഞ്ഞ നിരക്കായ RAIDCO യുടെ 22,360 രൂ എന്നതിനേക്കാൾ 2,808 രൂ യൂണിറ്റൊന്നിന് അധികം നല്കിയത് വഴി 162 ഇൻസിനറേറ്ററുകൾക്ക് 4,54,896 രൂ അധികമായി വനിതാ വികസന കോർപ്പറേഷന് നല്കിയിട്ടുണ്ട്.

| ഇൻസിനറേ | RAIDCO | സംസ്ഥാന വനിതാ | അധികം |
|---|---|---|---|

| റ്റുകളുടെ എണ്ണം | യുടെ നിരക്ക് (രൂ) | വികസന കോർപ്പറേഷന്റെ നിരക്ക് (രൂ) | നല്കിയ നിരക്ക് (രൂ) |
|---|---|---|---|
| 162 | 22360 | 25168 | 162 X 2808 = 454896 രൂ |

6. ഫയലിൽ ലഭ്യമായിട്ടുള്ള KSWDC/P5/SHEPAD/20-21 തിയ്യതി 06.11.2020, 26.02.2021 തിയ്യതിയിലെ KSWDC/P5/SHEPAD/WORK ORDER/2020-21 എന്നിവ പ്രകാരം ഇൻസിനറേറ്ററുകൾ ലഭ്യമാക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ, HLL Life Care Ltd. എന്ന കമ്പനിയുടെ തിരുവനന്തപുരത്തെ ശാഖയോട് ആവശ്യപ്പെട്ടിരിക്കുന്നത് 22820.2 രൂപക്കാണ്. കത്തിൽ പറഞ്ഞ പ്രകാരം ഈ നിരക്കിൽ Packing, Forwarding, GST, Inland Transport, Installation, Commissioning എന്നിവയെല്ലാം അടക്കമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത് 22820.2 രൂ നിരക്കിൽ HLL ൽ നിന്നും വാങ്ങിയ ഇൻസിനറേറ്റർ ഒന്നിന് 2347.8 രൂപ അധികം തുകക്ക് മേൽ പ്രോജക്ടുകളിൽ നൽകുകയാണ് വനിതാ വികസന കോർപ്പറേഷൻ ചെയ്തത്. 162 ഇൻസിനറേറ്ററുകൾക്കുമായി 3,80,344 രൂ അധികമായി ജില്ലാ പഞ്ചായത്തിൽ നിന്നും വനിതാ വികസന കോർപ്പറേഷൻ ഈടാക്കി. HLL കമ്പനി സ്കൂളുകളിൽ ആയത് സ്ഥാപിച്ച് നല്കി.

7. പ്രോജക്ട് നമ്പർ എസ്.0076/21 പ്രകാരം 43 സ്കൂളുകളിലായി 83 ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സപ്ലൈ ഓർഡർ 17.02.21 ലെ DWCDO/KKD/D-1205/2020 നമ്പർ കത്ത് മുഖാന്തിരം നിർവ്വഹണ ഉദ്യോഗസ്ഥൻ വനിതാ വികസന കോർപ്പറേഷന് നല്കി. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ 6/21(3) നമ്പർ തീരുമാന പ്രകാരം മേൽ പദ്ധതി വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചു. എന്നാൽ ആയത് ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗതീരുമാനത്തിന്റെ വിവരം ഫയലിൽ ഇല്ല. ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ, നിലവിൽ നടപ്പാക്കിയ വാങ്ങലിന് ടെക്നിക്കൽ കമ്മിറ്റി/പർച്ചേസിങ് കമ്മിറ്റികളുടെ അനുമതി ലഭ്യമാക്കുകയോ ചെയ്തതിന്റെ രേഖയില്ല.

8. ജില്ലാപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ലിസ്റ്റ് പ്രകാരമാണ് ഇൻസിനറേറ്ററുകൾ വിതരണം ചെയ്തത് എങ്കിലും ബന്ധപ്പെട്ട സ്കൂളുകളുടെ ആവശ്യകത, അടിസ്ഥാന സൌകര്യ ലഭ്യത എന്നിവ ഉറപ്പ് വരുത്തിയതായി രേഖയില്ല. പല സ്കൂളുകളും ഇൻസിനറേറ്റർ കൈപ്പറ്റിയ ശേഷം അവ സ്ഥാപിക്കുന്നതിന്

അസൗകര്യമുള്ളതായി അറിയിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. പ്രോജക്ട് നമ്പർ എസ്.0971/21 പ്രകാരം നല്കിയ അതേ സ്കൂളുകളിൽ തന്നെയാണ് വീണ്ടും പ്രോജക്ട് നമ്പർ എസ്.0076/21 പ്രകാരവും ഇൻസിനറേറ്ററുകൾ നല്കിയത്. യു.പി ക്ലാസ്സ് മുതലുള്ള പെൺകുട്ടികളുടെ എണ്ണം, ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ട ഇൻസിനറേറ്ററുകളുടെ എണ്ണം എന്നിവ സംബന്ധിച്ച രേഖകൾ ഇല്ല.

ആദ്യ പ്രോജക്ട് പ്രകാരം ലഭിച്ച ഇൻസിനറേറ്ററുകൾ സ്ഥാപിക്കാൻ കഴിയാത്ത സ്കൂളുകളിൽ രണ്ടാമത്തെ പ്രോജക്ട് പ്രകാരവും വീണ്ടും നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്കൂളുകളുടെ പേര് | ഇൻസിനിറേറ്റർ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള തടസ്സം |
|---|---|---|
| 1. | ജി.എച്ച്.എസ്.എസ് പൂനൂർ | ബാത്ത്റൂം പണി നടക്കുന്നതേയുള്ളൂ. |
| 2. | ജി.എച്ച്.എസ്.എസ് കോക്കല്ലൂർ | പുതിയ കെട്ടിടത്തിന്റെ പണി നടക്കുന്നു. |
| 3. | ജി.ജി.എച്ച്.എസ്.എസ് ബാലുശ്ശേരി | പുതിയ കെട്ടിടത്തിന്റെ പണി നടക്കുന്നു. |
| 4. | ജി.എച്ച്.എസ്.എസ് ശിവപുരം | പുതിയ കെട്ടിടത്തിന്റെ പണി നടക്കുന്നു. |
| 5. | ജി.എച്ച്.എസ്.എസ് പുതുപ്പാടി | ഇൻസ്റ്റാൾ ചെയ്തിട്ടില്ല. കാരണം അറിയിച്ചിട്ടില്ല |
| 6. | ജി.എച്ച്.എസ്.എസ് പന്നൂർ | ടോയ് ലറ്റ് കെട്ടിടത്തിന്റെ പണി നടക്കുന്നു. |
| 7. | ജി.വി.എച്ച്.എസ്.എസ് താമരശ്ശേരി | ഇൻസ്റ്റാൾ ചെയ്തിട്ടില്ല. കാരണം അറിയിച്ചിട്ടില്ല |
| 8. | ജി.എച്ച്.എസ്.എസ് മാവൂർ | ടോയ് ലറ്റ് മുറിയുടെ പണി നടക്കുന്നു. |
| 9. | ജി.എച്ച്.എസ്.എസ് | ഇൻസ്റ്റാൾ ചെയ്തിട്ടില്ല. |

| | | |
|---|---|---|
| | നായർകുഴി | കാരണം അറിയിച്ചിട്ടില്ല |
| 10. | കെ.കെ.എം ഗവ.എച്ച്.എസ്.എസ്, ഓർക്കാട്ടേരി | പുതിയ ബിൽഡിങ് പൂർത്തിയായിട്ടില്ല. |
| 11. | ജി.എച്ച്.എസ് കാവിലുമ്പാറ | ഇൻസ്റ്റാൾ ചെയ്തിട്ടില്ല. കാരണം അറിയിച്ചിട്ടില്ല |
| 12. | ജി.എച്ച്.എസ്.എസ് നരിക്കുനി | സ്കൂൾ കോവിഡ് ആശുപത്രി ആയി പ്രവർത്തിച്ച വരികയാണ്. |

9. വനിതാ വികസന കോർപ്പറേഷൻ ചുമതലപ്പെടുത്തിയതിന് അനുസരിച്ച് HLL കമ്പനിയുടെ ആളുകൾ ഇൻസിനറേറ്ററുകൾ സ്കൂളുകളിൽ സ്ഥാപിച്ച് നൽകുകയാണ് ചെയ്തത്. അടിസ്ഥാന സൌകര്യക്കുറവ് കാരണം ചില സ്കൂളുകളിൽ അവ സ്ഥാപിച്ചിട്ടുമില്ല. സ്കൂൾ അധികൃതരെ കൊണ്ട് ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, വാറന്റി സർട്ടിഫിക്കറ്റ് എന്നിവ എഴുതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട കമ്പനി അധികാരികളുടെ ഒപ്പ്, സീൽ എന്നിവ ഇവയിൽ പതിച്ചിട്ടില്ല.

10. ഇൻസിനറേറ്ററുകൾ സ്ഥാപിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ 23.02.2021 ന് ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയ കത്തിൽ ഇൻസിനറേറ്റർ സ്ഥാപിച്ചത് ഉറപ്പ് വരുത്തി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുകയാണ് ഉണ്ടായത്.

29.01.2018 തിയ്യതിയിലെ സ.ഉ(കൈ)11/2018/തസ്വഭവ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 13.1 പ്രകാരം പ്രോജക്ട് മോണിറ്ററിങ് നടത്തിയതിന്റെ രേഖയില്ല. 40.77 ലക്ഷം രൂപ ചെലവഴിച്ച പ്രോജക്ടിന്റെ മോണിട്ടറിംഗ് നടത്താത്തത് മാർഗ്ഗരേഖക്ക് വിരുദ്ധവും മോണിട്ടറിംഗ് കമ്മിറ്റിയുടെ ഭാഗത്തുള്ള ഗുരുതര വീഴ്ചയുമാണ്.

11. ഇൻസിനറേറ്ററുകൾ വിതരണം ചെയ്തതിന്റെ ഡെലിവറി ഇൻവോയ്സ്, ക്യാഷ് ബില്ലുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. റെയ്ഡ്കോ ഓഫർ ചെയ്ത കുറഞ്ഞ നിരക്കിലുള്ള ഇൻസിനറേറ്ററിനേക്കാൾ കൂടിയ നിരക്കിലെ HLL ന്റെ ഇൻസിനറേറ്ററിനുള്ള ഗുണമേൻമ എന്തെന്ന് വ്യക്തമാക്കേണ്ട ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിന്റെ അഭാവത്തിൽ അധികച്ചെലവ് ന്യായീകരിക്കത്തക്കതല്ല. ആയതിനാൽ 454896/- രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല. അധികച്ചെലവ് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച മറ്റ് അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതും ആവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. പ്രോജക്ടുകൾ പ്രകാരം ലഭ്യമായ മുഴുവൻ

ഇൻസിനറേറ്ററുകളും ബന്ധപ്പെട്ട സ്കൂളുകളിൽ സ്ഥാപിക്കേണ്ടതും സ്കൂളുകളിലെ സ്റ്റോക്ക് രജിസ്റ്ററുകളിൽ അവയുടെ വിവരം രേഖപ്പെടുത്തി ഇൻസിനറേറ്ററുകളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്തേണ്ടതുമാണ്. വിഷയത്തിൽ ഓഡിറ്റ് വിഭാഗത്തിൽ നിന്നും നല്കിയ 09.02.22 തിയ്യതിയിലെ 50/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല.

1-89 ക്രാഡിൽ പദ്ധതി നടപ്പാക്കിയതിലെ അപാകം

2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച നൂതന പ്രോജക്ട് ആണ് ക്രാഡിൽ , ( Cradle - Child Rearing And Development - A Life Cycle Elucidation ) . " Cradle “ പ്രോജക്ടിനു വേണ്ടി 2019-20 വർഷത്തിൽ 5 ലക്ഷം രൂപയും 2020-21 വർഷത്തിൽ 377733 രൂപയും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് . 2020-21 വർഷത്തെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | S0 111/21 |
| പ്രോജക്ട് | Cradle |
| വകയിരുത്തിയ തുക | 5 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 377733 രൂപ |
| ഫണ്ട് | വികസനഫണ്ട് (പൊതു) |
| ട്രഷനി ബിൽ നമ്പർ തിയ്യതി | DP02/2020-21 തിയ്യതി 16.01.2021 |
| ട്രഷറി ബിൽ തുക | 377733 രൂപ |
| ഫയൽ നമ്പർ | DWCDO/KKD/ D-808/2020 |

തിയ്യതിയിലെ DWCDO/KKD/D-880/2020 നമ്പർ കത്തിൽ പരാമർശിക്കുന്ന വിവരങ്ങൾ പ്രകാരം കോഴിക്കോട് ജില്ലയിലെ ഐ.സി.ഡി.എസ് പദ്ധതിയുടെ സമഗ്ര വികസനത്തിനായി കോഴിക്കോട് ജില്ലാപഞ്ചായത്തും ജില്ലാ ഭരണകൂടവും വനിതാശിശുവികസന വകുപ്പും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ക്രാഡിൽ . ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു .

1. ജില്ലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക .

2. പ്രീ-സ്കൂൾ കുട്ടികളുടെ പ്രായത്തിനും വികാസത്തിനും അനുയോജ്യമായ സൗകര്യങ്ങളും സാഹചര്യങ്ങളും സൃഷ്ടിച്ചുകൊണ്ട് അങ്കണവാടികളെ മെച്ചപ്പെട്ട ശിശുവികസന കേന്ദ്രങ്ങളാക്കി മാറ്റുക .

3. കുട്ടികളുടെ കഴിവുകൾ വിലയിരുത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ വികസിപ്പിക്കുക .

4.അങ്കണവാടി സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ വികസിപ്പിക്കുക .

5. ഗർഭിണികളുടേയും കൗമാരക്കാരായ പെൺകുട്ടികളുടേയും ശാരീരിക മാനസിക അവസ്ഥ സ്വയം

വിലയിരുത്തുന്നതിന് സഹായകരമായ ടൂൾസ് വികസിപ്പിക്കുക .

6. അങ്കണവാടി പ്രവർത്തകർ , സ്കൂൾ കൗൺസിലർമാർ എന്നിവരുടെ കഴിവുകൾ വികസിപ്പിക്കുക .

2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കു വേണ്ടി 5 ലക്ഷം രൂ പ്രോജക്ടിന്റെ അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ജില്ലാതല ഐ.സി.ഡി.എസ് - സെൽ പ്രോഗ്രാം ഓഫീസർ ഇംഹാൻസ് എന്ന സ്ഥാപനത്തിലേക്ക് കൈമാറിയിട്ടുണ്ട്. ഇക്കാര്യം 18.03.2020 തിയ്യതിയിലെ DWCDO/KKD/D-808/20 നമ്പറായി ജില്ലാ വനിതാ ശിശു വികസന ഓഫീസർ , കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയ കത്തിൽ പരാമർശിച്ചിട്ടുണ്ട്. ഇക്കാരണത്താൽ പ്രോജക്ട് ഐ.സി.ഡി.എസ് - സെൽ പ്രോഗ്രാം ഓഫീസറുടെ ലോഗ് - ഇൻ - ലേക്ക് മാറ്റി നല്കുന്നതിന് അപേക്ഷിച്ചതായും കാണുന്നു .

2013 -ലെ National Early Childhood Care And Education Policy അനുശാസിക്കുന്ന തരത്തിൽ ശിശുസംരംക്ഷണത്തിനുള്ള ഒരു സമഗ്ര പദ്ധതി യാണ് ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിച്ചത്. കോഴിക്കോട് ജില്ലാ കലക്ടറുടെ നിർദ്ദേശ പ്രകാരമുള്ള " Enabling Kozhikode “ എന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ട് ആണ് ക്രാഡിൽ. കോഴിക്കോട് ജില്ലാ പഞ്ചായത്ത് മുഖേന ജില്ലാ വനിതാ ശിശു വികസന ഓഫീസർ നടപ്പാക്കിയ പ്രോജക്ടിൽ കുട്ടികളുടെ ശേഷി വികാസം വിലയിരുത്തുന്നതിനുള്ള ടൂളുകൾ ( Tools – പരിശോധനാ സൂചകങ്ങൾ ) വികസിപ്പിക്കൽ ആണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2019 – 2020 , 2020-21 വർഷങ്ങളിലായി 5 ലക്ഷം രൂ വീതം ആകെ 10 ലക്ഷം രൂ ആണ് വകയിരുത്തിയത് . കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഇംഹാൻസ് ( Institute Of Mental Health And Neuro Sciences ) എന്ന സ്ഥാപനത്തെയാണ് ടൂളുകൾ വികസിപ്പിക്കുന്നതിന് ഏല്പിച്ചത്. പദ്ധതിക്ക് 11.06.2020 തിയ്യതിയിലെ 56032/2018/ഡി.പി.സി/ഡി.പി.ഒ/കെ.കെ.ഡി പ്രകാരം ജില്ലാതല വിദഗ്ധ സമിതി നൂതന പ്രോജക്ടിനുള്ള അനുമതി നല്കിയിട്ടുണ്ട് . ഇംഹാൻസ് ഡയറക്ടറും ജില്ലാ വനിതാ വികസന ഓഫിസറും 22.12.20 തിയ്യതിയിൽ ഒപ്പിട്ട ധാരണാപത്രം പ്രകാരം ഇംഹാൻസ് വികസിപ്പിച്ച് നല്കേണ്ട ടൂളുകൾ താഴെപ്പറയുന്നവയാണ് .

| Serial Number | Tools |
|---|---|
| 1. | Parenting Assessment Tool . |
| 2. | Development Assessment Tool . |
| 3. | Peri Natal Psycho Social Risk Assessment Tool . |
| 4. | Tools To Asess Stress Among Adolescents . |

| | |
|---|---|
| | |
| 5. | Parenting Module . |

ധാരണാപത്രം പ്രകാരമുള്ള 4 ടൂളുകളും ഒരു മൊഡ്യൂളും ഉൾപ്പെടുന്ന പഠന റിപ്പോർട്ട് ഇംഹാൻസ് തയ്യാറാക്കി നല്കിയിട്ടുണ്ട്. 13.01.2021 തിയ്യതിയിലെ 198/2019/ഇംഹാൻസ് കത്ത് പ്രകാരം ഇംഹാൻസ് ഡയറക്ടർ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് നല്കിയ വരവ് - ചെലവ് പത്രിക ( As On 31.03.2021) അനുസരിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയുന്നു .

| | |
|---|---|
| വരവ് | 5 ലക്ഷം രൂ ( 2019-20)<br>377733 രൂ (2020-21)<br>3754 രൂ (പലിശ) |
| ആകെ വരവ് | 881487 രൂപ |
| ചെലവ് | 840000 രൂപ (ശമ്പളം)<br>14458 രൂപ (ട്രെയിനിങ് , സ്റ്റേഷനറി , ഫോട്ടോകോപ്പി )<br>448 രൂപ (യാത്ര)<br>4863 രൂപ ( പലവക ) |
| ആകെ ചെലവ് | 859769 രൂപ |
| ബാക്കി | 21718 രൂപ |

ബാക്കി തുക 3604-00-911-ROP ഹെഡിൽ 30.03.2021 തിയ്യതി തിരിച്ചടച്ചിട്ടുണ്ട് .

പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ താഴെപ്പറയുന്നു .

1. വളരെ ബൃഹത്തും ദൂരവ്യാപകമായ ഗുണഫലങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമായതുമായ ഒരു പ്രോജക്ടിന്റെ ഭാഗമായാണ് ആവശ്യമായ അസസ്മെന്റ് ടൂളുകൾ വികസിപ്പിക്കുക എന്ന പ്രോജക്ട് കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ വികസനഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയത്. ഇത് ഫലപ്രാപ്തിയിൽ എത്തുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികളിലെ കുട്ടികളിലും അവിടെ രജിസ്റ്റർ ചെയ്തിരിക്കുന്ന കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ എന്നിവരിലും ഈ ടൂളുകൾ പ്രയോജനപ്പെടുത്തി വിവരശേഖരണം നടത്തേണ്ടതുണ്ട്. ഇങ്ങനെ ശേഖരിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്ത ശേഷം ഏതൊക്കെ കേസുകളിൽ വിദഗ്ധരുടെ ഇടപെടൽ ആവശ്യമാണ് എന്ന് കണ്ടെത്തുകയും ആവശ്യമായ Remedial Measures നിർദ്ദേശിക്കപ്പെടുകയും വേണം. ആയതിന് അങ്കണവാടി വർക്കർമാർ, സ്കൂൾ കൗൺസിലർമാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ

എന്നിവർക്ക് മേൽ പഠനറിപ്പോർട്ടിലെ പരിശോധനാ സൂചകങ്ങളെ കുറിച്ചുള്ള വ്യക്തമായ അറിവ് നൽകുന്നതിന് ആവശ്യമായ പരിശീലനം നൽകേണ്ടതുണ്ട്. അല്ലാത്തപക്ഷം പഠനറിപ്പോർട്ട് കൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കാതെയാകും. എന്നാൽ പരിശീലനം നടന്നിട്ടുണ്ടോ എന്നത് ഫയലിൽ വ്യക്തമല്ല. എസ്.0111/21 നമ്പർ പ്രോജക്റ്റിന്റെ തുടർച്ചയായി 2021-2022 സാമ്പത്തിക വർഷത്തിൽ പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കേണ്ടതാണ് .

2. ധാരണാപത്രം പ്രകാരം ഒറിജിനൽ ചെലവ് വൌച്ചറുകളും ധന വിനിയോഗസാക്ഷ്യപത്രവും ഇംഹാൻസ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുണ്ട് . എന്നാൽ ശമ്പളയിനത്തിലെ 8,40,000 രൂപയുടെ ചെലവ് വൗച്ചറുകൾ ഫയലിൽ ഇല്ല. പ്രോജക്ടിൽ ശമ്പളം ഒഴികെയുള്ള മറ്റു ചെലവുകൾ 19,769 രൂപയാണ് . ഫയലിനോടൊപ്പം ലഭ്യമാക്കിയ 30 വൗച്ചറുകൾ പ്രകാരം 17,224 രൂപയുടെ ചെലവ് രേഖകളാണ് ഉള്ളത്. 2545 രൂപയുടെ ( 19769 – 17224) ചെലവ് വൗച്ചറുകൾ ഇല്ല. വൗച്ചർ നമ്പർ 10 പ്രകാരം ചെലവഴിച്ച 3000 രൂ എത്തിക്കൽ ക്ലിയറൻസിനു വേണ്ടിയാണ് എന്ന് വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ / സബ് വൗച്ചറുകൾ ഇല്ല .

3. പഠനറിപ്പോർട്ടിന്റെ സോഫ്റ്റ് കോപ്പി ലഭിച്ചതിന്റെ രേഖയില്ല .

4. പ്രോജക്ട് മോണിറ്റർ ചെയ്യേണ്ടത് സ്ത്രീകളുടേയും കുട്ടികളുടേയും വികസനം എന്ന വർക്കിങ് ഗ്രൂപ്പ് ആണ് . എന്നാൽ 29.01.2018 തിയ്യതിയിലെ സ.ഉ.(കൈ)11/2018/ തസ്വഭവ പദ്ധതി മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക 13.1 പ്രകാരമുള്ള പ്രോജക്ട് മോണിട്ടറിംഗ് ഈ വർക്കിങ് ഗ്രൂപ്പ് നടത്തിയതായി കാണുന്നില്ല. പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ട്, മിനട്സ് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

5. സ്ത്രീകളുടേയും കുട്ടികളുടേയും വികസനം - വർക്കിങ് ഗ്രൂപ്പിന്റെ 2020-21 സാമ്പത്തിക വർഷത്തെ മിനട്സ് പരിശോധനക്ക് ലഭിച്ചിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

6. തയ്യാറാക്കിയ ടൂളുകളുടെ Validation – സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ടിൽ പരാമർശിച്ച വിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | ടൂൾ | പ്രോജക്ട് റിപ്പോർട്ട് പേജ് നമ്പർ | Validation – നു വേണ്ടി അവലംബിച്ച മാർഗ്ഗം – പ്രോജക്ട് റിപ്പോർട്ട് പ്രകാരം |
|---|---|---|---|
| 1. | Parenting Self Efficacy Sacle , Tool -1 | 5 | Questionnaire Given To 9 Subject Experts From Clinical Psychology , Psychiatric Nursing , And Social Work . |
| 2. | IMHANS Development Screening Check List , Tool -2 | 10 | Tool Given To 10 Subject Experts From Paediatrics , Clinical Psychology , Social Work , Special Education , Physiotherapy , Speech Therapy , Occupational Therapy . |
| 3. | Perinatal Psycho Social Risk Screening Check List , Tool-3 | 49 | Participants Given Edinburgh Post Natal Depression Scale . |
| 4. | Perceived Stress Scale , | 54 | പ്രത്യേക മാർഗ്ഗം അവലംബിച്ചിട്ടില്ല .Test Is Valid To The Extent That Inferences Made From It Are Appropriate , |

| | | | |
|---|---|---|---|
| | Tool-4 | | Meaningful , And Useful . The Tool Has High Face Validity As It Looks Valid To Test Developers And Users. |
| 5. | Parenting Module | 59 | Tool Given To Subject Experts From Paediatrics, Clinical Psychology , Developmental Therapy , Social Work . |

ക്രമനമ്പർ 3 , 4 എന്നീ ടൂളുകൾ വിദഗ്ധരുടെ പാനൽ വാലിഡേഷൻ നടത്തിയിട്ടില്ല . കാരണം ഇംഹാൻസിൽ നിന്നും ലഭ്യമാക്കേണ്ടതാണ് .

വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടും രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടും ഓഡിറ്റ് വിഭാഗത്തിൽ നിന്നും നല്കിയ 09.02.2022 തിയ്യതിയിലെ 51/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കിയിട്ടില്ല . മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് .

1-90 ശൃംഖലാ ബന്ധിത മേൽക്കൂര സോളാർ വൈദ്യുതി നിലയം - അധിക വൈദ്യുതി ഉൽപാദനത്തിൽ നിന്നുള്ള വരവ് പൂർണ്ണമായും ലഭിച്ചില്ല.

പ്രോജക്ട് നം. S0897/17

ഫയൽ നം. പി6/277/16(എ), പി.ഇ2/491/18

കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി മുഖേന ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 44 സ്കൂളുകളുടെ മേൽക്കൂരകളിൽ ശൃംഖലാ ബന്ധിത സൗരോർജ്ജ വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് 3.5 കോടി രൂപ 31.03.2017 ൽ നിക്ഷേപിച്ചിരുന്നു. ഇതിൻ പ്രകാരം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള 43 സ്കൂളുകളിലും സോളാർ പാനൽ സ്ഥാപിച്ചു. പേരാമ്പ്ര പ്ലാന്റേഷൻ ഹൈസ്കൂളിലെ വൈദ്യുതി ബിൽ നല്കി വരുന്നത് പ്ലാന്റേഷൻ കോർപ്പറേഷനായതിനാൽ ജില്ലാ പഞ്ചായത്തിന്റ സോളാർ പാനൽ ഇവിടെ സ്ഥാപിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. പകരം ഈ പാനൽ ജില്ലാ പഞ്ചായത്ത് കെട്ടിടത്തിൽ സ്ഥാപിച്ചു. പദ്ധതി 2019-20 വർഷത്തിൽ കമ്മീഷൻ ചെയ്യുകയുണ്ടായി. കെ.എസ്.ഇ.ബി യുമായുള്ള കരാർ പ്രകാരം സ്കൂളുകളിൽ സോളാർ പദ്ധതി പ്രകാരമുള്ള കൺസ്യൂമർ നമ്പറിൽ ഉപയോഗം കഴിച്ചുള്ള വൈദ്യുതിക്ക് കെ.എസ്.ഇ.ബി തുക കണക്കാക്കി അതാത് സ്ഥാപനങ്ങൾക്ക് കൈമാറുക എന്നതാണ്. കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമായ തുക ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതും വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 10.12.2020 ലെ പി.ഇ-2/491/20183 കത്ത് പ്രകാരം ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽ/ ഹെഡ്മാസ്റ്ററെ അറിയിച്ചിട്ടുണ്ട്.

വൈദ്യുതി ചാർജ്ജ് സംബന്ധിച്ച ലഡ്ജർ പരിശോധിച്ചതിൽ 31.03.2022 വരെയുള്ള കാലയളവിൽ 9 സ്കൂളുകളിൽ നിന്ന് ആകെ 1,64,571/- രൂപ ജില്ലാ പഞ്ചായത്തിന് ഈ ഇനത്തിൽ വരവ് വന്നിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | അടവാക്കിയ തീയതി | അടവാക്കിയ തുക |
|---|---|---|---|
| 1. | ജി.എച്ച്.എസ്.എസ്, ആവളക്കുട്ടോത്ത് | 27.01.2021 | 10,570 |
| 2. | ജി.എച്ച്.എസ്.എസ്, വെള്ളിയോട് | 25.03.2021 | 7,247 |
| 3. | ജി.എച്ച്.എസ്.എസ്, പയിമ്പ്ര | 29.03.2021 | 7,840 |
| 4. | ജി.എച്ച്.എസ്.എസ്, നരിക്കുനി | 13.09.2021 | 20,718 |
| 5. | ജി.എച്ച്.എസ്.എസ്, വന്മുഖം | 04.10.2021 | 19,804 |
| 6. | ജി.എച്ച്.എസ്.എസ്, രാരോത്ത് | 08.10.2021 | 13,681 |

| | | | |
|---|---|---|---|
| 7. | ജി.എച്ച്.എസ്.എസ്, മാവൂർ | 02.12.2021 | 28,300 |
| 8. | ജി.എച്ച്.എസ്.എസ്, അവിടനല്ലൂർ | 13.12.2021 | 26,956 |
| 9. | ജി.എച്ച്.എസ്.എസ്, വെങ്ങപ്പറ്റ | 18.03.2022 | 29,455 |
| | ആകെ | | 1,64,571 |

പദ്ധതി കമ്മീഷൻ ചെയ്തതിന് ശേഷമുള്ള കാലയളവിലെ വൈദ്യുതി ചാർജ്ജിനത്തിലെ വരവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1. സ്കൂളുകൾ തുക അടവാക്കിയതിന്റെ വിവരമോ അടവാക്കാൻ ബാക്കിയുള്ള സ്ഥാപനത്തിന്റെ വിവരമോ കാണിക്കുന്ന രജിസ്റ്ററോ മറ്റ് രേഖകളോ ജില്ലാ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

2. തുക അടവാക്കാൻ ശേഷിക്കുന്ന 34 സ്കൂളുകളിൽ നിന്നും വൈദ്യുത ചാർജ്ജ് ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചില്ല. ക്രമ നം. 1 മുതൽ 3 വരെയുള്ള സ്കൂളുകൾ തുക അടച്ച് ഒരു വർഷം കഴിഞ്ഞിട്ടും തുടർന്നുള്ള വരവ് അടവാക്കിയതിന്റെ വിവരം ഇല്ല.

3. ഓരോ സ്കൂളിലും ഉൽപാദിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ്, വൈദ്യുതി ബില്ലിൽ നിന്നും കുറവ് ചെയ്ത തുക, അധിക ഉൽപാദനത്തിൽ നിന്നുള്ള വരവ് എന്നിവ സംബന്ധിച്ച വിവരം ജില്ലാ പഞ്ചായത്തിന്റെ കൈവശമില്ല. ഇതിനായി ഓരോ സ്കൂളും പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ എന്നും വ്യക്തമല്ല.

4. ഡി.പി.ആറിൽ നിർദ്ദേശിക്കും പ്രകാരമുള്ള അളവിൽ വൈദ്യുതി ഉൽപാദനം കൈവരിച്ചിണ്ടോ എന്നതിന്റെയും ഉൽപാദനത്തിൽ സാരമായ കുറവുള്ള പക്ഷം ഇ.പി.സി കരാറുകാരനെ അറിയിച്ച് നടപടികൾ സ്വീകരിച്ചതിന്റെയും വിവരം ഫയലില്ല.

5. നിലവിലുള്ള സോളാർ പാനലുകളെല്ലാം പ്രവർത്തനക്ഷമമാണോ എന്നും പ്രവർത്തന രഹിതമായ പാനലുകൾ അറ്റകുറ്റപണി നടത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല. പ്രത്യകിച്ചും 5 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് കരാർ നിലവിലുള്ള സാഹചര്യത്തിൽ.

6. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ മെമ്മോറണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് (എം.ഒ.യു) വ്യവസ്ഥ II(h) പ്രകാരം പ്ലാന്റിന്റെ ഓപ്പറേഷൻ & മെയിന്റനൻസ് കോസ്റ്റ് കരാറുകാരന് നൽകേണ്ടത് കെ.എസ്.ഇ.ബി അധികൃതരുടെ പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിലാണ്. അപ്രകാരം ഓപ്പറേഷൻ & മെയിന്റനൻസ് തുക കൈമാറിയതിന്റെ വിശദാംശം ഇല്ല.

7. കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയറുടെ സി.ഇ (ആർ.ഇ.ഇ.എസ്) ഗവ. ഇൻസ്റ്റിറ്റ്യൂഷൻ തീയതി. 25.11.2020 ലെ കത്തിൽ മേൽ പദ്ധതിയിലെ നീക്കിയിരിപ്പ് തുകയായ 5,18,387/- രൂപയും പരിപാലന തുകയായ 6,00,000/- രൂപയുമടക്കം 11,18,387/- രൂപ ജില്ലാ പഞ്ചായത്തിന് തിരിച്ച് നൽകുന്നതിന് അക്കൗണ്ടിന്റെ വിശദാംശം ആവശ്യപ്പെട്ടിരുന്നു. 11 മാസം കഴിഞ്ഞാണ് ജില്ലാ പഞ്ചായത്ത്, അക്കൗണ്ട് വിവരം കെ.എസ്.ഇ.ബിക്ക് നൽകിയത് (പി.ഇ2/491/2018 തീയതി 10.11.2021 നമ്പർ കത്ത്). മേൽ കത്തിൽ 6,00,000/- രൂപ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്കും, 5,18,387/- രൂപ സോളാർ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളിലെ നിലവിലെ വിവിധ കൺസ്യൂമർ നമ്പർ കണക്ഷനുകൾ സോളാർ കൺസ്യൂമർ നമ്പർ കണക്ഷനിലേക്ക് മാറ്റി സ്ഥാപിക്കുന്ന ചെലവിലേക്ക് കോഴിക്കോട് കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറാനും ആവശ്യപ്പെട്ടു. എന്നാൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങൾ ഒന്നും ലഭ്യമല്ല. സോളാർ കൺസ്യൂമർ നമ്പറിലേക്ക് മാറ്റുന്നതിനുള്ള ചെലവ്, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, നീക്കിയിരുപ്പുണ്ടെങ്കിൽ തിരികെ ലഭിച്ച വിവരം എന്നിവ അറിയിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കാൻ നിർദ്ദേശിച്ച 6,00,000/- രൂപ വരവ് വന്ന വിവരവും അറിയിക്കേണ്ടതാണ്. വിഷയം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.103/2020-21/21.06.2022) നൽകിയിട്ടുണ്ട്.

മേൽ അപാകങ്ങൾക്കുള്ള വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-91 സോളാർ വൈദ്യുതി നിലയംസ്ഥാപിക്കൽ - കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി

നടത്തിയതിന്റെ രേഖയില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 1. S0109/21, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കൽ.<br>2. S0112/21, ജില്ലാ പഞ്ചായത്ത് സ്കൂളിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ, ഫണ്ടിനം | 96,55,057/-(പ്രോ. നം. S0109/21) + 56,00,000/-(പ്രോ. നം. S0112/21), വികസനഫണ്ട്. |
| ചെലവ് | 1,52,55,057/- (96,55,057+ 56,00,000) |
| ബിൽ നം. | BRN:20160152000401431839 തീയതി. 29.03.2021 – 96,55,057/-<br>BRN:20160152000401431837 തീയതി. 29.03.2021 – 56,00,000/- |

കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ 13 ഘടക സ്ഥാപനങ്ങളുടെയും ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള 8 സ്കൂളുകളുടെ മേൽക്കൂരകളിൽ ശൃംഖലാ ബന്ധിത സോളാർ വൈദ്യുതി നിലയം സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി 2020-21 വർഷം മേൽ പറഞ്ഞ പ്രകാരം 2 പ്രോജക്ടുകൾ ആവിഷ്കരിക്കുകയും പ്രവൃത്തി നടത്തുന്നതിലേക്കായി ജില്ലാ പഞ്ചായത്ത് 1,52,55,057 രൂപ 29.03.2021 ന് കെ.എസ്.ഇ.ബി യിൽ നിക്ഷേപിക്കുകയും ചെയ്തു. തുക 31.03.2021 ന് കൈപ്പറ്റിയതായി കെ.എസ്.ഇ.ബി അറിയിച്ചിട്ടുമുണ്ട്. രണ്ട് പ്രോജക്ടുൾക്കും കെ.എസ്.ഇ.ബി.എൽ ഒന്നാം കക്ഷിയായും ജില്ലാ പഞ്ചായത്ത് സെക്രട്ടറി രണ്ടാം കക്ഷിയായും 17.02.2021 ന് കരാർ (നം.43/2021, 44/2021) ഒപ്പ് വെച്ചിട്ടുണ്ട്. മേൽ പദ്ധതികൾക്ക് 31.03.2020 ന് ഡി.പി.സി അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ ഡി.പി.ആർ ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തിനായി കെ.എസ്.ഇ.ബി അയച്ചത് 19.07.2021 നാണ്. ആയത് ഭരണസമിതി 27.07.2021 ന് അംഗീകരിക്കുകയും ചെയ്തു. പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ നോട് ആവശ്യപ്പെടാനും പ്രസ്തുത യോഗം തീരുമാനിച്ചു. എന്നാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചില്ല. കരാറിലെ II(n) വ്യവസ്ഥ പ്രകാരം സോളാർ നിലയം സ്ഥാപിക്കുന്നതിന് സ്ഥലം കൈമാറിയതിനു ശേഷം 8 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ജില്ലാ പഞ്ചായത്തിന് കൈമാറണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഡി.പി.ആർ പ്രകാരം പൂർത്തീകരണ കാലാവധി 6 മാസമാണ്. 17.02.2021 ന് കരാർ ഒപ്പുവെച്ച് 29.03.2021 തുക നിക്ഷേപിച്ചെങ്കിലും സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി ഏപ്രിൽ 2022 ലും ആരംഭിച്ചില്ലെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. സോളാർ നിലയങ്ങൾ സ്ഥാപിക്കുന്ന കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപിക്കാനുദ്ദേശിക്കുന്ന വിസ്തീർണ്ണം (ച.മീ) | പ്ലാന്റിന്റെ കപ്പാസിറ്റി (KWp) | ആകെ |
|---|---|---|---|---|
| 1. | ജില്ലാ ആയുർവേദ ആശുപത്രി | 170 | 20 | |
| 2. | ജില്ലാ ഹോമിയോ ആശുപത്രി | 170 | 20 | |

| | | | | |
|---|---|---|---|---|
| 3. | തിക്കോടി തെങ്ങിൻതൈ വളർത്തു കേന്ദ്രം | 128 | 15 | |
| 4. | ജി.സി.ഐ കല്ലാച്ചി | 128 | 15 | |
| 5. | ജില്ലാ കൃഷിത്തോട്ടം, കൂത്താളി | 128 | 15 | |
| 6. | ജില്ലാ ആശുപത്രി, വടകര | 170 | 20 | |
| 7. | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പേരാമ്പ്ര | 128 | 15 | |
| 8. | വനിതാ ഹോസ്റ്റൽ, പേരാമ്പ്ര | 128 | 15 | |
| 9. | എ.സി & എ.സി.സി, പുറക്കാട്ടിരി | 128 | 15 | |
| 10. | ജില്ലാ വെറ്റിനറി ആശുപത്രി | 128 | 15 | |
| 11. | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പുതുപ്പാടി | 128 | 15 | |
| 12. | ആർ.പി.എഫ്, ചാത്തമംഗലം | 128 | 15 | |
| 13. | ജില്ലാ പഞ്ചായത്ത്, കോഴിക്കോട് | 128 | 15 | 210 Kwp |
| 14. | ജി.എച്ച്.എസ്.എസ്, ഇരിങ്ങല്ലൂർ | 128 | 15 | |
| 15. | ജി.എച്ച്.എസ്.എസ്, പെരിങ്ങളം | 128 | 15 | |
| 16. | ജി.എച്ച്.എസ്.എസ്, നരിക്കനി | 128 | 15 | |
| 17. | ജി.എച്ച്.എസ്.എസ്, പുതുപ്പാടി | 128 | 15 | |
| 18. | ജി.എച്ച്.എസ്.എസ്, പയിമ്പ്ര | 128 | 15 | |
| 19. | ജി.എച്ച്.എസ്.എസ്, ആവള കുട്ടോത്ത് | 128 | 15 | |
| 20. | ജി.എച്ച്.എസ്.എസ്, പയ്യോളി | 128 | 15 | |
| 21. | ജി.എച്ച്.എസ്.എസ്, മേപ്പയ്യൂർ | 128 | 15 | 120 Kwp |

കരാർ പ്രകാരം പദ്ധതിയുടെ മുഴുവൻ പ്രവൃത്തിയും ഇ.പി.സി കരാർ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 5 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് ഉൾപ്പെടെ ഇ-ടെൻഡർ

ചെയ്ത്, സോളാർ പാനലും അനുബന്ധ ഉപകരണങ്ങളും അവ ഘടിപ്പിച്ചിരിക്കുന്ന വയറുകളും അവയുടെ കണക്ഷനുകളും പ്രത്യേക വർക്ക് ഷെഡ്യൂൾ പ്രകാരം ചെയ്യിക്കുകയും ഈ സോളാർ നിലയങ്ങൾ ഗ്രിഡ് ബന്ധിതമാക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ ഒരു പി.എം.സി ആയി നടപ്പിലാക്കും. പദ്ധതി പൂർത്തീകരിച്ച് ശൃംഖലാ ബന്ധിതമാക്കി (ഗ്രിഡ് കണക്ട് ചെയ്ത്) സ്ഥാപനങ്ങൾക്ക് കൈമാറുന്നതോടെ കെ.എസ്.ഇ.ബി. എൽ ന്റെ ഉത്തരവാദിത്തം അവസാനിക്കുന്നതാണ്. അതിനു ശേഷം 5 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് ഇ.പി.സി കരാറുകാരൻ തന്നെ നിർവ്വഹിക്കുന്നതാണ്. ഇതിനായി മേൽ സ്ഥാപനങ്ങൾ ഇ.പി.സി കരാറുകാരനുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ഇതിനു വേണ്ടി വരുന്ന ചെലവ് പദ്ധതി നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി.എൽ ലേയ്ക്ക് ഒടുക്കുന്ന തുകയിൽ നിന്നും ജില്ലാ പഞ്ചായത്തിനു തന്നെ മടക്കി നൽകുന്നതുമാണ്.

2 പദ്ധതികളുടെയും കെ.എസ്.ഇ.ബി ലഭ്യമാക്കിയ കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | | Project No. S0109/21, 210 KWp | | | Project No. S0112/21, 120 KWp | | |
|---|---|---|---|---|---|---|---|
| Sl. No | Item | Unit | Rate | Amount | Unit | Rate | Amount |
| 1. | Solar Module, Inverters, Cable, Switchess Etc. | 210 | 38,000 | 79,80,000 | 120 | 38,000 | 45,60,000 |
| 2. | Cost Of Solar Meter | 13 | 1,000 | 13,000 | 8 | 1,000 | 8,000 |
| 3. | Application Fee For Connectvity | – | – | – | 8 | 1,000 | 8,000 |
| 4. | Registration Fee For SPV To Be Installed | 210 | 1,000 | 2,10,000 | 120 | 1,000 | 1,20,000 |
| 5. | Statutory Inspection And Testing Charge | 210 | 200 | 42,000 | 120 | 200 | 24,000 |
| 6. | Total Project Cost | | | 82,58,000 | | | 47,20,000 |
| 7. | PMC Charge @ 10% | | | 8,25,800 | | | 4,72,000 |
| 8. | GST On PMC Charge @ 18% | | | 1,48,644 | | | 84,960 |
| 9. | GST On 5% On Project | | | 4,12,900 | | | 2,36,000 |
| 10 | Unforseen Expenses | | | 9,713 | | | 87,040 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Total | | | 96,55,057 | | | 56,00,000 |

ഡി.പി.ആർ പ്രകാരം 2 പ്രോജക്ടുകൾക്കും കൂടി ഒരു എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. സോളാർ പാനൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർവ്വെ 18.01.2021 ന് പൂർത്തിയായതായി കരാറിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ ഖണ്ഡിക 1.6 പ്രകാരം പ്രോജക്ട് കമ്മീഷൻ 180 ദിവസത്തിനുള്ളിൽ ചെയ്യുമെന്നും വ്യക്തമാക്കുന്നു.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയുടെ വിശദാംശങ്ങൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1. ഇ.പി.സി കരാർ തുകയുടെ വിശദാംശം, കരാർ ലഭിച്ച സ്ഥാപനം

2. പ്രോജക്ട് നിർവ്വഹണത്തിന്റെ നിലവിലെ അവസ്ഥ.

3. പൂർത്തീകരണ കാലാവധിക്കുള്ളിൽ കെ.എസ്.ഇ.ബി പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും കെ.എസ്.ഇ.ബിയുടെ കരാർ ലംഘനത്തിന് നടപടി സ്വീകരിച്ചെങ്കിൽ ആയതിന്റെ വിവരവും.

4. കരാറിലെ Ii(f) ഖണ്ഡികയിൽ എസ്റ്റിമേറ്റിന്റെ 10% പി.എം.സി ചാർജ്ജ് അനുവദിക്കാമെന്ന് കരാറിലേർപ്പെട്ട ഇരു കക്ഷികളും സമ്മതിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷം പൂർത്തീകരിച്ച സോളാർ വൈദ്യുതീകരണ പ്രവൃത്തിക്ക് 5%മാണ് പി.എം.സി ചാർജ്ജ് കണക്കാക്കിയിരിക്കുന്നത്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്ത് ഫയലിൽ (നം.പി.ഇ2-1765/20) കാര്യാലയക്കുറിപ്പ് എഴുതിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ഫയലില്ല. സ.ഉ.(പി) നം.67/2021/ഫിൻ തീയതി.28.04.2021 പ്രകാരം 3 കോടിയിൽ താഴെയും ഒരു കോടി വരെയുമുള്ള പ്രവൃത്തികൾക്ക് അനുവദനീയമായ പരമാവധി പി.എം.സി ചാർജ്ജ് 7% (കുറഞ്ഞത്-8ലക്ഷം) മായി നിശ്ചയിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ കാണും പ്രകാരം 10% മായി കണക്കാക്കിയിന് ആധാരമാക്കിയ ഉത്തരവ് കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ടതാണ്.

5. സ.ഉ(കൈ) നം. 11/2018തസ്വഭവ/29.01.208 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 11.2 ഡി(iv) പ്രകാരം നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൽ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൃത്തികളുടെ നിർവ്വഹണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മേൽ പറഞ്ഞ പ്രവൃത്തിയുടെ കാര്യത്തിൽ അത്തരം നടപടികൾ സ്വീകരിച്ചില്ല.

6. 2016-17 വർഷം പ്രോജക്ട് നം. S0897/17 പ്രകാരം വിവിധ സ്കൂളുകളിൽ 480KWp സോളാർ വൈദ്യുതി നിലയം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ഉൽപാദനം ലഭ്യമാകുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തപ്രകാരം ഉൽപാദനം നടക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

വിഷയം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.104/2020-22/21.06.2022) നൽകിയിട്ടുണ്ട്. മേൽ അപാകങ്ങൾക്കുള്ള വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-92 കസ്റ്റം ഹയറിങ് സെന്റർ - ട്രാക്ടറിന് ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കിയില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) എന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാര്യാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിങ് സെന്ററിലെ ട്രാക്ടർ വാടകക്ക് നല്കിയതിൽ ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കിയില്ല . വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

രശീത് നമ്പർ 790 / 27 തിയ്യതി 16.09.2020 പ്രകാരം 1600 രൂ കേരള എൻ.ജി.ഒ യൂണിയൻ ചാലപ്പുറം സെക്രട്ടറിയിൽ നിന്നും KL.11.AD-6917 നമ്പർ ട്രാക്ടറിന്റെ വാടക ഇനത്തിൽ സ്വീകരിച്ചിട്ടുണ്ട് . 4 മണിക്കൂർ റണ്ണിങ് ചാർജ്ജ് ആയി 400 രൂപയും 6 മണിക്കൂർ വാടകയായി 1200 രൂപയുമാണ് ഈടാക്കിയത് . 01.01.2020 മുതൽ നിലവിൽ വന്ന നിരക്കുകൾ പ്രകാരം മണിക്കൂറിന് 180 രൂ ഓപ്പറേറ്റിങ് ചാർജ്ജ് ആയി ഈടാക്കേണ്ടതുണ്ട് . കോഴിക്കോട് ജില്ലാ പഞ്ചായത്ത് അംഗീകരിച്ച നിരക്ക് നിർണ്ണയം പ്രകാരം വകുപ്പിന് പുറമേയുള്ള സേവനദായകർ പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കണ്ടതുണ്ട് .എന്നാൽ ഇവിടെ ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കിയതായി ( 6 X180 = 1080 രൂ ) കാണുന്നില്ല . ഇത് സംബന്ധിച്ച് ഈ ഓഫിസിൽ നിന്നും നല്കിയ 25.11.2021 തിയ്യതിയിലെ 18/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 07.06.2022 തിയ്യതിയിലെ B 1086/2021 നമ്പർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട് . വകുപ്പിന് പുറമേയുള്ള സേവനദായകർ പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കേണ്ടതാണെങ്കിലും ട്രാക്ടർ പ്രവർത്തിപ്പിച്ചത് ഓഫിസിലെ ട്രാക്ടർ ഡ്രൈവറാണെന്നും ആയതിനാൽ ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കേണ്ടതില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത് .

സർക്കാർ ജീവനക്കാരനായ ഡ്രൈവറുടെ സേവനം വകുപ്പിന്റെ ആവശ്യത്തിന് അല്ലാതെ ഉപയോഗിച്ചതിനാൽ ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കേണ്ടതാണ്. 1080/- രൂ ഈടാക്കി അറിയിക്കേണ്ടതാണ്.

1-93 കസ്റ്റം ഹയറിങ് സെന്റർ - ലക്ഷങ്ങൾ വിലവരുന്ന കാർഷിക ഉപകരണങ്ങൾ യഥാസമയം റിപ്പയർ ചെയ്യാതെ ഉപയോഗയോഗ്യമല്ലാതായി മാറുന്നു .

കസ്റ്റം ഹയറിങ് സെന്ററിന് കീഴിലുള്ള നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത കാർഷിക ഉപകരണങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | ഉപകരണം | അവസാനമായി ഉപയോഗിച്ച തിയ്യതി |
|---|---|---|

| | | |
|---|---|---|
| 1. | ട്രാക്ടർ KL-11-AH 4986 | 08.03.2018 |
| 2. | മിനി ട്രാക്ടർ KL-11-AH 9375 | 17.12.2018 |
| 3. | പവർ ടില്ലർ KL-11-AD-9757 | 01.02.2016 |
| 4. | പവർ ടില്ലർ KL-11-AF-633 | 15.02.2016 |
| 5. | റൈസ് ട്രാൻസ്പ്ലാന്റർ - 8 Rows Yanjisakthi (Riding ) | 17.08.2015 |
| 6. | Garden Tiller (Kamco) | 24.08.2019 |
| 7. | Power Reaper (Kamco) | 19.03.2019 |
| 8. | Power Reaper (Kamco) | 16.02.2016 |
| 9. | Brush Cutter (Greeves 4-stroke) | 24.07.2013 |
| 10. | Brush Cutter (Greeves 4-stroke) | 30.11.2013 |
| 11. | Brush Cutter (Oleomac 2-stroke) 4 എണ്ണം | 17.03.2015 |
| 12. | Tree Pruner (Petrol) Redlands 2 Stroke | ലഭ്യമല്ല . |
| 13. | Rotovator 36 Blade , 2 എണ്ണം | ലഭ്യമല്ല . |

മേൽ പരാമർശിച്ച ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഈ ഓഫീസിൽ നിന്നും നല്കിയ 25.11.2021തിയ്യതിയിലെ 18 / 2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ (07.06.2022 തിയ്യതിയിലെ B 1086 / 2021 നമ്പർ കത്ത്) ഇവ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച വരുന്നതായും റിപ്പയർ ചെയ്യാൻ കഴിയാത്തവ ലേലം ചെയ്യുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 3 മുതൽ 8 വരെ വർഷങ്ങളായി കേടായി കിടക്കുന്ന ലക്ഷക്കണക്കിന് രൂപ വില വരുന്ന കാർഷിക ഉപകരണങ്ങൾ യഥാസമയം റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കാത്തതും റിപ്പയർ ചെയ്യാൻ കഴിയാത്തവ വിറ്റഴിക്കാൻ നടപടി സ്വീകരിക്കാത്തതും ഗുരുതരമായ വീഴ്ചയാണ് . നടപടികളിലെ പുരോഗതി യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

### 1-94 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം (കൃഷി) - മരാമത്ത് പ്രവൃത്തി - കരാർ വെക്കാൻ വൈകിയത് - പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രോജക്ടിൽ സെലക്ഷൻ നോട്ടീസിനു ശേഷം കരാറുകാരൻ കരാർ ഒപ്പിടുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിലും 2012-ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .01.02.2012 ലെ ജി.ഒ.(പി) 13/2012 /പി.ഡബ്ള്യ.ഡി പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് ലെറ്റർ തപാലിൽ രജിസ്റ്റർ ചെയ്ത തിയ്യതി ആയത് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നു . സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴ കൂടാതെയും അത് കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ പി.എ.സി തുകയുടെ 1% പിഴ ഈടാക്കിയുമാണ്

കരാർ വെക്കേണ്ടത് . കുറഞ്ഞത് 1000 രൂപയും പരമാവധി 25000 രൂപയുമാണ് പിഴ. എന്നാൽ ഇപ്രകാരം പിഴ ഈടാക്കിയതായി താഴെപ്പറയുന്ന പ്രവൃത്തിയിൽ കാണുന്നില്ല .

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 0958 /21 |
| പ്രോജക്ട് | Modernisation Of Irrigation Facilities At DAF Koothali . |
| സെലക്ഷൻ നോട്ടീസ് നമ്പർ , തിയ്യതി | D-648/2018 തിയ്യതി 01.09.2018 |
| സെലക്ഷൻ നോട്ടീസ് തപാലിൽ രജിസ്റ്റർ ചെയ്ത് അയച്ച തിയ്യതി | 06.09.2018 |
| കരാർ തിയ്യതി | 14/2018-19 തിയ്യതി 25.09.2018 |
| പി.എ.സി തുക | 4494689 രൂ |
| കരാർ വയ്ക്കാൻ വൈകിയ ഇനത്തിൽ ഈടാക്കേണ്ട പിഴ | 25000 രൂ |
| കരാറുകാരൻ | അഫ്സൽ വി.എം |

മേൽ പരാമർശിച്ച അപാകം സംബന്ധിച്ച് നല്കിയ 18 / 2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ( നിർവ്വഹണ ഉദ്യോഗസ്ഥന്റെ 07.06.2022 ലെ B 1086 / 2021 നമ്പർ കത്ത് ) നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ഒപ്പിട്ടിട്ടുണ്ടെന്നും ആയതിനാൽ കാലതാമസം ഇല്ല എന്നുമാണ് അറിയിച്ചിരിക്കുന്നത് . ഇത് ശരിയല്ല . ഇക്കാര്യത്തിൽ കേരള പി.ഡബ്ള്യുഡി മാന്വൽ പ്രകാരമുള്ള മേൽ പരാമർശിച്ച വ്യവസ്ഥയാണ് ബാധകം . കരാറുകാരനിൽ നിന്നും 25000/- രൂപ പിഴ ഈടാക്കി അറിയിക്കേണ്ടതാണ് . അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ് .

1-95 വേളം- ആയഞ്ചേരി കോൾ നിലം കൃഷിക്ക് ഉപയുക്തമാക്കൽ -

| | |
|---|---|
| പ്രൊജക്ട് | വേളം- ആയഞ്ചേരി കോൾ നിലം കൃഷിക്ക് ഉപയുക്തമാക്കൽ |
| പ്രൊജക്ട് നം. | SO 260/21 |
| അടങ്കൽ | 5527000 - (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1105400 ബിൽ നം.20160152030400669629 തി. 28.10.2020 |
| | 1494667 ബിൽ നം.21160152030401502002 തി. 28.03.2021 |
| | 2600067 |

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഐ.ആർ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 2007-08 ൽ ആരംഭിച്ച കോൾ നില വികസന പദ്ധതികളിലൊന്നാണ് വേളം-ആയഞ്ചേരി കോൾ നില വികസനം.

വേളം-ആയഞ്ചേരി പ്രദേശത്തെ കോൾ നിലങ്ങളിൽ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007-08 വർഷം പദ്ധതി തയ്യാറാക്കി. സർക്കാർ അനുമതിയോടെ പ്രവൃത്തി കേരളാ ലാന്റ് ഡവലപ്പ് കോർപ്പറേഷനെ (കെ.എൽ.ഡി.സി.) ഏല്പിച്ചു. 2009 ൽ പ്രവൃത്തി പൂർത്തിയാക്കണമെന്നായിരുന്നു കെ.എൽ.ഡി.സി.യുമായുള്ള കരാർ. എന്നാൽ പ്രവൃത്തിയുടെ 70

ശതമാനം മാത്രമേ പൂർത്തിയായുള്ളൂ. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കെ.എൽ.ഡി.സി.യുടെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യാനും മുൻകൂർ നൽകിയ തുക തിരിച്ചു പിടിക്കാനും 20.11.2012 ലെ 85(12) നമ്പറായി ജില്ലാ യോഗം തീരുമാനിച്ചു. 2012-13 വർഷത്തെ ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 ൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാണിച്ചിരുന്നു. ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ 26.11.2012 ലെ തീരുമാനം റദ്ദ് ചെയ്യുവാനും പുതിയ പ്രൊജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കി കെ.എൽ.ഡി.സി. മുഖേന പ്രവൃത്തി പൂർത്തീകരിക്കാനും ജില്ലാ പഞ്ചായത്ത് 24.11.2014 ൽ 73/14 നമ്പറായി തീരുമാനിച്ചതായും അറിയിച്ചു. തുടർ നടപടി വിവരങ്ങൾ പിന്നീട് അറിയിച്ചിട്ടില്ല.

2016 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ സി.എ.ജി. ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-8 പ്രകാരം കോൾ നില വികസനത്തിലെ നിഷ്ഫല ചെലവ് എന്ന പരാമർശം ഉണ്ടായതായും 15.05.2019 ലെ നിയമസഭാസമിതി ശുപാർശ പ്രകാരം പ്രവൃത്തിയുടെ ബാക്കി വരും വർഷങ്ങളിലെ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ചെയ്യാനും ഇതിന്റെ അടിസ്ഥാനത്തിൽ ഒരു കോടി രൂപ വകയിരുത്തി ബഹു വർഷ പ്രൊജക്റ്റ് തയ്യാറാക്കുന്നതിനും ജില്ലാ പഞ്ചായത്ത് തീരുമാനിച്ചു. 27.05.2019 ലെ 1-40/19 നമ്പർ തീരുമാനം ബാക്കി ചെയ്തു തീർക്കേണ്ട പ്രവൃത്തികൾ കെ.എൽ.ഡി.സി.യെക്കൊണ്ട് ചെയ്യിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുവാനും കെ.എൽ.ഡി.സി. തിരികെ നൽകുവാനുള്ള 23.77 ലക്ഷം അടുത്ത ബില്ലിൽ കുറവ് വരുത്താനും തീരുമാനിച്ചു. (തുക നിജപ്പെടുത്തിയതിന്റെ വിശദാംശം ഇല്ല) . ഇത് പ്രകാരം കെ.എൽ.ഡി.സി. കൺസ്ട്രക്ഷൻ എഞ്ചിനീയറുടെ 28.12.2019 ലെ ഡി.4/55/2019 നമ്പർ കത്ത് പ്രകാരം ഒരു കോടി രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കി. 2019-20 വർഷം (പ്രൊജക്റ്റ് നം.227/2020) സർക്കാരിൽ നിന്നും അനുമതി ലഭിക്കാതിരുന്നതിനാൽ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കാൻ കഴിഞ്ഞില്ല. 24.06.2020 ലെ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം 20 ശതമാനം അഡ്വാൻസ് കെ.എൽ.ഡി.സി.യ്ക്ക് നൽകി പ്രവൃത്തി നടത്താൻ അനുമതി ലഭിച്ചു. 2020-21 വർഷം ഫണ്ടിന്റെ അപര്യാപ്തത കാരണം പ്രൊജക്റ്റ് നം.എസ്.ഒ. 260/2021 പ്രകാരം പദ്ധതിയുടെ അടങ്കൽ ഒരു കോടിയിൽ നിന്നും 55.27 ലക്ഷം രൂപയാക്കി കുറച്ചു. അതനുസരിച്ച് തുലാത്ത് നട വി.സി.ബി. നിർമ്മാണം മാത്രം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി 45,27,300/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഒരു വർഷത്തിനുള്ളിൽ പൂത്തിയാക്കുമെന്ന് 07.10.2020 ലെ പി.4-70/2020 നം. പ്രവൃത്തി ഒരു കത്തിനോടൊപ്പമുള്ള പത്രികയിൽ കെ.എൽ.ഡി.സി. വ്യക്തമാക്കിയിട്ടുണ്ട്. അസി. എക്സി. എഞ്ചിനീയറുടെ 19.10.2020 ലെ എ1/260/2020 നമ്പർ നടപടി ക്രമ പ്രകാരം 11,05,400/- രൂപ മുൻകൂർ കൺസ്ട്രക്ഷൻ എഞ്ചിനീയർ , കെ.എൽ.ഡി.സി. ലിമിറ്റഡ്, തൃശ്ശൂർ - പേരിൽ അനുവദിച്ചു. തുടർന്ന് 2600067 രൂപയുടെ ഫസ്റ്റ് ആന്റ് പാർട്ട് ബിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസ് തുക കിഴിച്ച് 14,94,667/- രൂപ 2021-22 ൽ നൽകി.

<u>പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.</u>

1. ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 27.05.2019 ലെ 1-40/19 നമ്പർ തീരുമാന പ്രകാരം കെ.എൽ.ഡി.സി.യിൽ നിന്നും തിരികെ ലഭിക്കാനുള്ള 23.77 ലക്ഷം രൂപ ബില്ലിൽ കുറവ് വരുത്താതെ മുൻകൂറും പാർട്ട് ബില്ലും അനുവദിച്ചു.

2. വർഷങ്ങളായി പൂർത്തീകരിക്കാതെ കിടന്ന പദ്ധതി ഉപയുക്തമാക്കുന്നതിന് ഒരു വർഷ കാലയളവിൽ പൂർത്തീകരിക്കാൻ ഉദ്ദേശിച്ച് നടപ്പിലാക്കിയ വി.സി.ബി. നിർമ്മാണവും യഥാസമയം പൂർത്തീകരിച്ചില്ല.

3. സ.ഉ. (കൈ) നം.11/2018/തസ്വഭവ. തിരു. തി. 24.04.2018 പ്രകാരം (13-ാം പഞ്ചവത്സര പദ്ധതി - മാർഗ്ഗരേഖ) ഖണ്ഡിക 11.2 (ഡി) ii പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. എന്നാൽ ഇത് സംബന്ധിച്ച് ഡി.3/227/2020 നമ്പർ ഫയൽ പരിശോധിച്ചതിൽ കെ.എൽ.ഡി.സി.യുമായി കരാർ വെച്ചതിന്റെ വിശദാംശങ്ങൾ ഇല്ല.

4. സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം, ഡെപ്പോസിറ്റ് തുകയുടെ വിനിയോഗവും പ്രൊജക്റ്റ് നിർവ്വഹണവും സംബന്ധിച്ച് മോണിറ്ററിംഗ് തദ്ദേശ സ്വയം ഭരണ സ്ഥാപനം നടത്തേണ്ടതാണ്. 13-ാം പദ്ധതി

മാർഗ്ഗരേഖയനുസരിച്ച് അതത് വർക്കിംഗ് ഗ്രൂപ്പുകളും മോണിറ്ററിംഗ് നടത്തേണ്ടതാണ്.

എന്നാൽ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യാതൊരു മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ മേൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയോ നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല.

5. നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ രീതികളിലും, നിർവ്വഹണ ഏജൻസിയുമായി തദ്ദേശ സ്ഥാപനം കരാർ വെക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

6. ഒന്നാം പാർട്ട് ബില്ലിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും 23.77 ലക്ഷം രൂപ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 98/2020-21 തി. 07.06.2022) മറുപടി ലഭിച്ചിട്ടില്ല.

1-96 പൊതുമരാമത്ത് പ്രവൃത്തികളിലെ റിടെൻഷൻ തുകകൾ കരാറുകാർക്ക് തിരിച്ച് നല്കിയത് - ബന്ധപ്പെട്ട രജിസ്റ്ററും ഫയലുകളും ലഭ്യമാക്കിയില്ല

മുൻവർഷങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളിലെ റിടെൻഷൻ തുകകൾ അതാത് കരാറുകാർക്ക് തിരിച്ച് നല്കുന്നതിന് വേണ്ടി കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ 2020-21 സാമ്പത്തിക വർഷത്തിൽ തുക കൈമാറിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് വർഷം | തിരികെ നൽകുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയ റിടെൻഷൻ തുക(രൂ) | റിടെൻഷൻ തുക കൈമാറിയ കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ചെക്ക് നമ്പർ,തിയ്യതി |
|---|---|---|---|---|
| 1. | തിരുത്തോത്ത് മീത്തൽ കോളനി റോഡ് , ഉള്ള്യേരി ഗ്രാമപഞ്ചായത്ത് . | 2017-18 | 212598 | 5517025,22.02.21 |
| 2. | കാപ്പുമ്മൽ വേങ്ങലുള്ള തറ റോഡ്, കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് . | 2017-18 | 11556 | 5517032,06.03.21 |
| 3. | കാവിലുംപാറ യു.പി സ്കൂൾ കല്ലാട്ടുറോഡ് ,കാവിലുംപാറ ഗ്രാമപഞ്ചായത്ത് . | 2016-17 | 172874 | 5517032, 06.03.21 |
| 4. | വില്ല്യാപ്പള്ളി യു.പി - | 2018-19 | 21145 | 5517034,08.03.21 |

| | | | | |
|---|---|---|---|---|
| | പി.എച്ച്.സി - റോഡ്. വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് . | | | |
| 5. | പുഴമ്പ്ര പാലം സെക്കൻഡ് സ്റ്റേജ് ,പെരുമണ്ണ ഗ്രാമപഞ്ചായത്ത് . | 2016-17 | 19752 | 5517034, 08.03.21 |
| 6. | പട്യാട്ട് അണ്ടർ ബ്രിഡ്ജ് തോട്ടുങ്ങൽ പീടിക - അഴിയൂർ | 2018-19 | 11927 | 5517034, 08.03.21 |
| 7. | മണിയൂർ ഡിസ്പെൻസറി തുറശ്ശേരി കടവ് റോഡ് - മണിയൂർ ഗ്രാമപഞ്ചായത്ത് | 2018-19 | 21380 | 5517034,08.03.21 |
| 8. | GHSS പുത്തൂർ ചുറ്റുമതിൽ , ഇലക്ട്രിഫിക്കേഷൻ , അനുബന്ധ പ്രവൃത്തികൾ. | 2017-18 | 60498 | 5517039,19.03.21 |
| 9. | GHSS അത്തോളി ക്ലാസ്സ് റൂം നിർമ്മാണം | 2017-18 | 48239 | 5517039,19.03.21 |
| 10. | മുണ്ടക്കുറ്റി - മൊയിലോത്തറ റോഡ് | 2016-17 | 26587 | 5517042,23.3.21 |
| 11. | ഹൈടെക്ക് അങ്കണവാടി - ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | 2018-19 | 31642 | 5517044,25.03.21 |
| 12. | കോലോത്ത്കടവ് കൾവർട്ട് റീകൺസ്ട്രക്ഷൻ | 2018-19 | 34548 | 5517044,27.03.21 |
| 13. | പാലക്കുളം കൈതക്കൊല്ലി റോഡ് - കുറ്റ്യാടി ഗ്രാമപഞ്ചായത്ത് | 2017-18 | 33787 | 5517050,30.03.21 |
| 14. | ആശ്രയ ഓൾഡ് ഏജ് ഹോം - അഡിഷനൽ വർക്ക്- ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് | 2016-17 | 31225 | 5517049,30.03.21 |
| 15. | കുറവാട്ടി - കിഴക്കയിൽ കോളനി റോഡ് | 2017-18 | 18151 | 5517049,30.03.21 |
| 16. | എടച്ചേരിച്ചാൽ കോളനി റോഡ് - ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 2018-19 | 29755 | 5517049,30.03.21 |
| 17. | GHSS അഴിയൂർ അഡീഷനൽ വർക്ക് | 2017-18 | 20586 | 5517046,27.03.21 |
| 18. | GHSS ഓർക്കാട്ടേരി ചുറ്റുമതിൽ | 2017-18 | 32042 | 5517046,27.03.21 |
| 19. | GVHSS മടപ്പള്ളി ഗേൾസ് ക്ലാസ്സ്റൂം നിർമ്മാണം | 2017-18 | 65509 | 5517046,27.03.21 |

മേൽപറഞ്ഞ പ്രവൃത്തികളുടെ കരാറുകാർക്ക് റിടെൻഷൻ തുക തിരികെ നല്കിയതിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി ബന്ധപ്പെട്ട പൊതുമരാമത്ത് ഫയലുകൾ, റീടെൻഷൻ തുക സംബന്ധിച്ച രജിസ്റ്ററുകൾ എന്നിവ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് എക്സിക്യൂട്ടീവ്എഞ്ചിനീയർക്ക് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (89/20-21 16.05.2022) മറുപടി നൽകുകയോ, രജിസ്റ്ററുകളും ഫയലുകളും ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. കരാറുകാർക്ക് റീടെൻഷൻ ഇനത്തിൽ തിരികെ നല്കിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ് .

1-97 ഇരിങ്ങല്ലൂർ ജി.എച്ച്.എസ്.എസ് - കെട്ടിട നിർമ്മാണം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,<br>എൽ.എസ്.ജി.ഡി , ജില്ലാ പഞ്ചായത്ത് . |
| പ്രോജക്ട് നമ്പർ | എസ്.0528 /21 |
| പ്രോജക്ട് | 2017-18 ജി.എച്ച്.എസ്.എസ് ഇരിങ്ങല്ലൂർ അധിക |

| | |
|---|---|
| | പ്രവൃത്തികൾ . |
| 2020-21 ൽ വകയിരുത്തിയ തുക | 4520000 രൂ |
| ചെലവഴിച്ച തുക | 4518848 രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം . |
| ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | ട്രഷറി ബിൽ ബുക്ക് വോള്യം 1 , ബിൽ നമ്പർ 96 , തിയ്യതി 29.05.2020 , 4518848 രൂ |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 5743418.67 രൂ |
| കരാറുകാർ | യു.എൽ.സി.സി.എസ് |
| കരാർ നമ്പർ , തിയ്യതി | EE/LSGD/189/17-18 തിയ്യതി 20.12.17 |
| എം.ബുക്ക് നമ്പറുകൾ | 501/17-18,554/18-19,557/18-19,890/18-19 |

പ്രവൃത്തിക്ക് ലഭിച്ച ടി.എസ് പ്രകാരമുള്ള വിവരങ്ങൾ , പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ താഴെപ്പറയുന്നു .

| | |
|---|---|
| ടി.എസ് നമ്പർ | 69244/17-18 |
| എസ്റ്റിമേറ്റ് നമ്പർ | 2017/49899 |
| പൂർത്തീകരണ കാലാവധി | 4 മാസം |
| Site Hand Over തിയ്യതി | 20.12.2017 |
| എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി | 19.04.2018 |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 26.08.2019 |

എം.ബുക്ക് നമ്പർ 557/18-19 പേജ് നമ്പർ 68 – ൽ രേഖപ്പെടുത്തിയ Memorandum Of Payment പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 5743418.67 ( Ist & Final Bill ) |
| ടെണ്ടറില്ലാതെ നേരിട്ട് ഏല്പിച്ച പ്രവൃത്തി ആയതിനാൽ കരാറുകാരുടെ ലാഭം കുറച്ച ശേഷമുള്ള തുക | 5368848 |
| മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയത് | 850000 |
| ബാക്കി തുക | 4518848 |
| ഇൻകംടാക്സ് | (-)107377 |
| കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ഫണ്ട് | (-) 53688 |
| ജി.എസ്.ടി | (-)95874 |
| കരാറുകാർക്ക് നല്കിയ തുക | 4261909 |

2017-18 വർഷത്തിൽ ബഹുവർഷ പ്രോജക്ട് ആയി വിഭാവനം ചെയ്ത ഈ പ്രവൃത്തി ടെണ്ടർ കൂടാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കൈമാറിയതാണ്. കരാർ പൂർത്തീകരണത്തിനുള്ള

തിയ്യതി രണ്ടു പ്രാവശ്യം പിഴ കൂടാതെ ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. കരാർ നിർവ്വഹണ മധ്യേ പ്രവൃത്തിയിൽ മാറ്റം വരുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങി പ്രവൃത്തി പൂർത്തീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ചുറ്റുമതിൽ നിർമ്മാണം, പൈപ്പ് ലൈൻ മാറ്റൽ, നിലവിലുള്ള ടോയിലറ്റുകളുടെ പരിഷ്ക്കരണം, നിലവിലുള്ള എൽ.പി സെക്ഷനിൽ 8 ക്ലാസ്സ് മുറികളുടെ നിർമ്മാണം, സ്റ്റെയർ ക്യാബിൻ നിർമ്മാണം, പുതുതായി നിർമ്മിക്കുന്ന ക്ലാസ്സ് മുറികളിൽ ടൈൽസ് വിരിക്കൽ എന്നീ പ്രവൃത്തികളാണ് ചെയ്യേണ്ടിയിരുന്നത് . എന്നാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലുള്ള കെട്ടിടം പൊളിക്കേണ്ടി വരും എന്ന് പിന്നീട് കണ്ടെത്തി .പഴയ കെട്ടിടം പൊളിച്ചപ്പോൾ ക്ലാസ്സ് മുറികളുടെ എണ്ണത്തിൽ കുറവ് വന്നതിനാൽ പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 4 ക്ലാസ്സ് മുറികൾ കൂടി നിർമ്മിക്കുന്ന വിധത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായി വന്നു. ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നിന്നും ചുറ്റുമതിൽ നിർമ്മാണം, ടോയിലറ്റ് പരിഷ്ക്കരണം എന്നിവ ഒഴിവാക്കിയാണ് പുതിയ ഇനങ്ങൾക്ക് തുക കണ്ടെത്തിയത് .

പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു .

1. പൂർത്തീകരണ കാലാവധി 31.12.2018 വരെ ദീർഘിപ്പിച്ചു കൊണ്ട് 18.04.2018 ലും 31.08.2019 വരെ ദീർഘിപ്പിച്ചു കൊണ്ട് 28.12.2018 ലും കരാറുകാരും കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പിട്ടിട്ടുണ്ട്. എം.ബുക്ക് നമ്പർ 557/18-19 പേജ് നമ്പർ 27 ൽ രേഖപ്പെടുത്തിയത് പ്രകാരം പ്രോജക്ട് പൂർത്തീകരിച്ചത് 26.08.2019 ലാണ്. എന്നാൽ ഈ തിയ്യതി രേഖപ്പെടുത്തിയതിൽ തിരുത്തൽ (Over Writing) വന്നിട്ടുണ്ട്. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല .

2. ഇതു പോലെ 20.12.2017 തിയ്യതിയിലെ EE/LSGD/189/2017-18 നമ്പർ എഗ്രിമെന്റിലും തിരുത്ത് വന്നിട്ടുണ്ട് . യു.എൽ.സി.സി.എസ് ചെയർമാൻ, കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഒപ്പിട്ട ഈ കരാറിൽ Agreed P.A.C 5315535 രൂ എന്നത് വെട്ടിമാറ്റി 5371751 രൂ എന്നാക്കിയിട്ടുണ്ട് . തിരുത്തൽ ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല .

3. 01.10.2018 തിയ്യതിക്കു ശേഷം പൂർത്തീകരിച്ച് എം.ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തികളുടെ കാര്യത്തിൽ പൂർത്തീകരിച്ച പ്രവൃത്തി മൂല്യത്തിന്റെ 02 % ആണ് ജി.എസ്.ടി ഇനത്തിൽ കുറവ് വരുത്തേണ്ടത് . എന്നാൽ ഇവിടെ 107377 രൂപക്ക് പകരം 95874 രൂപയാണ് ജി.എസ്.ടി ഇനത്തിൽ ഈടാക്കിയത് .

4. 12.12.2017 തിയ്യതിയിലെ D1/686/18 പ്രകാരമാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നല്കിയത്. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 20.10.2017 തിയ്യതിയിലെ 74/17(1) നമ്പർ തീരുമാനപ്രകാരമാണ് പ്രവൃത്തി കൈമാറുന്നത് എന്നാണ് സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയത്. എന്നാൽ പ്രസ്തുത വർഷത്തെ ഭരണസമിതി മിനുട്സ് പരിശോധിച്ചതിൽ 20.10.2017 തിയ്യതിയിൽ ജില്ലാ പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്നിട്ടില്ല .

5. 22.04.2018 -ന് യു.എൽ.സി.സി.എസ് ചെയർമാൻ , കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച Ulccs/engg/6755/2017-18 കത്ത് പ്രകാരം 28.12.2017 തിയ്യതി പ്രവൃത്തിയുടെ സൈറ്റ് കൈമാറി കിട്ടിയെങ്കിലും നാളിതുവരെയായും പ്രവൃത്തി തുടങ്ങാൻ സാധിച്ചില്ല എന്നറിയിച്ചിട്ടുണ്ട്. പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കേണ്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റേണ്ടതുണ്ടെന്നും അല്ലാതെ പ്രവൃത്തി തുടങ്ങാൻ കഴിയില്ല എന്നുമാണ് അറിയിച്ചത് . പ്രവൃത്തി പൂർത്തീകരണം പിഴ കൂടാതെ 31.12.2018 വരെ ദീർഘിപ്പിച്ചു നല്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 27.12.2018 തിയ്യതിയിലെ Ulccs/engg/6755/17-18 നമ്പർ കത്തു പ്രകാരവും പഴയ കെട്ടിടം പൊളിച്ചു നീക്കാത്ത കാര്യം കരാറുകാർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഇത്തവണ 31.08.2019 തിയ്യതിവരെ പ്രവൃത്തി പൂർത്തീകരണ തിയ്യതി വരെ ദീർഘിപ്പിച്ചു നൽകുന്നതിനും കരാറുകാർ ഈ കത്തിൽ അപേക്ഷിച്ചിട്ടുണ്ട് . രണ്ടു പ്രാവശ്യവും പൂർത്തീകരണ തിയ്യതി പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകിയിട്ടുമുണ്ട്. നടപടിക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതായി ഫയലിൽ കാണുന്നില്ല .

6. 23.08.2018 തിയ്യതി കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയ D4/686/2018 നമ്പർ കത്ത് പ്രകാരം പഴയ കെട്ടിടം പൊളിക്കുന്ന പ്രവൃത്തിയും യു.എൽ.സി.സി.എസ് എന്ന നിലവിലുള്ള കരാറുകാർക്ക് തന്നെ നൽകുന്നതിന് അനുമതിക്കു വേണ്ടി അപേക്ഷിച്ചിട്ടുണ്ട്. കൂടാതെ പൊളിച്ചെടുക്കുന്ന മെറ്റീരിയൽ അസസ് ചെയ്ത് സർവ്വേ റിപ്പോർട്ട് നൽകുന്നതിന് എൽ.എസ്.ജി.ഡി സെക്ഷൻ ഓവർസീയറെ ചുമതലപ്പെടുത്തുന്നതിനും അനുവാദം ചോദിച്ചിട്ടുണ്ട് . എന്നാൽ ഇപ്രകാരം അനുവാദം നൽകിയതായോ , നടപടിക്ക് ഭരണ സമിതി അംഗീകാരം ലഭിച്ചതായോ കാണുന്നില്ല .

7. സർക്കുലർ നമ്പർ 46951 /ഡി.ബി 2/ 2008 തസ്വഭവ തിയ്യതി 01.09.2008 പ്രകാരം ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് പരിശോധിച്ചതിന്റേയോ, നിലവിലുള്ള സ്കൂൾ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് മുമ്പ് വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ച് അനുമതി വാങ്ങിയതിന്റേയോ രേഖകൾ ഇല്ല .

8. എക്സിക്യൂട്ടീവ് എഞ്ചിനീയർ 15.10.2018 തിയ്യതിയിലെ D4/General/18 നമ്പറായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയ സർവ്വേ റിപ്പോർട്ട് പ്രകാരം പഴയ കെട്ടിടം പൊളിച്ചു മാറ്റുന്ന ഇനത്തിലുള്ള Valuation താഴെ പറയും പ്രകാരമാണെന്ന് കത്തിൽ പരാമർശിച്ചിട്ടുണ്ട് .

| ഇനം | തുക (രൂ.) |
|---|---|
| Assessed Value Of Serviceable Materials (A) | 216256.89 |
| Dismantling Amount (B) | 204958 .00 |
| Valuation (A – B ) | 11299.00 |

Dismantling Amount നിർണയിച്ചിരിക്കുന്നത് 2018-19/0 എന്ന എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയാണ് . എന്നാൽ ഈ എസ്റ്റിമേറ്റ് ഭരണ സമിതി അംഗീകരിച്ചിട്ടില്ല .

പൊളിച്ചുമാറ്റിയ വസ്തുക്കൾ ലേലം ചെയ്ത് കയ്യൊഴിയുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല . പൊളിച്ചു മാറ്റിയ കെട്ടിടത്തിന്റെ സ്ഥാനം , വിസ്തീർണം , പ്ലാൻ എന്നിവ ഫയലിൽ വ്യക്തമല്ല. എത്ര ക്ലാസ്സ് മുറികൾ പഴയ കെട്ടിടത്തിൽ ഉണ്ടായിരുന്നു എന്നത് സംബന്ധിച്ച വിവരങ്ങൾ ഇല്ല .

9. എക്സിക്യൂട്ടീവ് എഞ്ചിനീയർ 16.10.2018 തിയ്യതിയിലെ D4/686/18 നമ്പർ പ്രകാരം ജി.എച്ച്.എസ്.എസ് ഇരിങ്ങല്ലൂർ പ്രിൻസിപ്പാളിന് കത്ത് തയ്യാറാക്കിയതായി ഫയലിൽ കാണുന്നു . കത്തിൽ പരാമർശിച്ച പ്രകാരം പഴയ കെട്ടിടം പൊളിച്ച വസ്തുക്കൾ സ്കൂൾ പി.ടി.എ ക്ക് നൽകുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് 15.10.2018 ൽ തീരുമാനിച്ചതായി പരാമർശിച്ചു കാണുന്നു. എന്നാൽ ഈ തീരുമാനത്തിന്റെ വിശദാംശങ്ങൾ കത്തിൽ പറയുന്നില്ല. കത്ത് പ്രകാരം 11299 രൂ + 2034 രൂ (ജി.എസ്.ടി) അടക്കുന്നതിന് സ്കൂൾ പി.ടി.എ യോട് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കത്ത് പി.ടി.എ അധികൃതർക്ക് അയച്ചതിന്റെ വിവരം ഫയലിൽ ഇല്ല. തുക ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയ ശേഷം , കെട്ടിടം പൊളിച്ച വസ്തുക്കൾ സ്കൂൾ പി.ടി.എ അധികൃതർ കൈപ്പറ്റിയതായി ഫയലിൽ കാണുന്നില്ല. കെട്ടിടം പൊളിച്ച ഇനത്തിലുള്ള 216256.89 രൂ മൂല്യമുള്ള വസ്തുക്കൾ എന്തു ചെയ്തു എന്നത് വ്യക്തമല്ല. ഭരണ സമിതി മിനുട്സ് അനുസരിച്ച് 62/18(1) തിയ്യതി 25.10.18 നമ്പർ തീരുമാനപ്രകാരം 11299 രൂപയുടെ Valuation നടത്തിയ സർവ്വേ റിപ്പോർട്ട് അംഗീകരിക്കുകയാണ് ഭരണ സമിതി ചെയ്തിട്ടുള്ളത്. അല്ലാതെ കെട്ടിടം പൊളിച്ച വസ്തുക്കൾ സ്കൂൾ പി.ടി.എ ക്ക് നല്കുന്നതിന് തീരുമാനമെടുത്തതായി കാണുന്നില്ല. 216257/- രൂപയുടെ മൂല്യം കണക്കാക്കി കെട്ടിടം പൊതുലേലം ചെയ്ത് പൊളിക്കുന്നതിന് പകരം 11299/- രൂപക്ക് കൈയ്യൊഴിയാൻ തീരുമാനിച്ചത് ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യത്തിന് വിരുദ്ധമാണ് .

10. പ്രോജക്ടിന്റെ മോണിറ്ററിങ് റിപ്പോർട്ട് എഴുതി പൂർത്തീകരിക്കാതെയും വർക്കിങ് ഗ്രൂപ്പ് അംഗങ്ങൾ ഒപ്പിടാതെയും ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. നടപടി 29.01.2018 തിയ്യതിയിലെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 13.1 നിർദ്ദേശത്തിന് വിരുദ്ധമാണ് .

11. അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സെക്ഷൻ, ഒളവണ്ണ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പഴയ കെട്ടിടം പൊളിച്ചപ്പോൾ ക്ലാസ്സ് റൂം കുറവ് അനുഭവപ്പെട്ടതായും ഇതുകാരണം നിലവിലുള്ള എസ്റ്റിമേറ്റിൽ ചുറ്റുമതിൽ, ടോയിലറ്റ് പരിഷ്കരണം എന്നീ പ്രവൃത്തികൾ എന്നിവ ഒഴിവാക്കി പുതുതായി പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 4 ക്ലാസ്സ് മുറികൾ കൂടി നിർമ്മിക്കുന്നതിന് പി.ടി.എ അധികൃതർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സ്ഥലം സന്ദർശിച്ച് തീരുമാനിച്ചതായും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയാണെന്നും പരാമർശിച്ചിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചാൽ മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കാനാകൂ എന്നതും പഴയ കെട്ടിടം പൊളിച്ച ശേഷം തറനിലയിൽ മാത്രമായി പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുമ്പോൾ ക്ലാസ്സ് മുറികളുടെ എണ്ണത്തിൽ കുറവ് വരും എന്നതും ആദ്യത്തെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അധികൃതരുടെ ശ്രദ്ധയിൽ പെട്ടില്ല എന്നത് ആസൂത്രണത്തിലെ പാളിച്ചയാണ്. ശരിയായ ആസൂത്രണമില്ലായ്മ കാരണം പ്രോജക്ട് പൂർത്തീകരണം അനാവശ്യമായി നീണ്ടുപോകുന്നതിന് ഇടയായി. സർക്കുലർ നമ്പർ ഇ.20/6699/2018/സി.ഇ/തസ്വഭവ തിയ്യതി 21.08.2018 പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്നും മുൻകൂർ അനുമതിയില്ലാതെ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തി നിർവ്വഹണം നടത്താൻ പാടില്ല എന്നും നിഷ്കർഷിക്കുന്നുണ്ട് .

12. എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ജി.എച്ച്.എസ്.എസ് ഇരിങ്ങല്ലൂരിന്റെ കോമ്പൌണ്ടിൽ തന്നെ എൽ.പി സ്കൂൾ കെട്ടിടം നിർമ്മാണം വിഭാവനം ചെയ്തതായി ഫയലിൽ നിന്നും മനസ്സിലാകുന്നു. ഇതു സംബന്ധിച്ച് ലാൻഡ് മാർക്ക് കോഴിക്കോട് തയ്യാറാക്കിയ Vision 2030 – Comprehensive Development Plan For GHSS Iringallur എന്ന റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ നിർമ്മാണങ്ങളാണ് എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതെന്നും ഏതാണ് ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതെന്നും വ്യക്തമാക്കാൻ ഉതകുന്ന കെട്ടിട നിർമ്മാണ പ്ലാനുകൾ, ലൊക്കേഷൻ സ്കെച്ചുകൾ എന്നുവ ഫയലിൽ ലഭ്യമല്ല. ഇക്കാരണത്താൽ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിൽ ഇരട്ടിപ്പ് നടന്നിട്ടുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. എം.എൽ.എ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി നടത്തിയിട്ടുണ്ടോ എന്നത് വ്യക്തമല്ല .

13. National Institute Of Technology കോഴിക്കോട് Civil Engg വിഭാഗം പ്രൊഫസർ 12.12.18 ലെ CED/GEL/SIP/563 2018213 നമ്പറായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച കത്തിൽ നിന്നും എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ഗവ.എൽ.പി സ്കൂൾ, ഒളവണ്ണ കെട്ടിട നിർമ്മാണങ്ങൾക്കു വേണ്ടി 70000 രൂ ചെലവിൽ Soil Test, Conduct Design എന്നീ വിഷയങ്ങളിൽ NITC യുടെ സഹായം തേടിയിരുന്നതായി വ്യക്തമാകുന്നുണ്ട്. 08.10.2018 ൽ 59000/- രൂപയും 12.12.2018 ൽ 11000/- രൂപയും ഏത് ഫണ്ടിൽ നിന്നാണ് നല്കിയതെന്ന് വ്യക്തമാക്കേണ്ടതാണ് .

14. ഫയലിൽ ലഭ്യമാക്കിയിട്ടുള്ള ഫോട്ടോഗ്രാഫുകൾ പ്രകാരം കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പൂർത്തീകരിച്ചിട്ടുള്ള നിർമ്മാണം ക്ലാസ്സ് മുറികളായി മാറ്റിയിട്ടില്ല എന്നാണ് കാണുന്നത്. രണ്ടാം നിലയിലേക്കുള്ള കോളം നിർമ്മാണം നടക്കുന്നതായും കാണുന്നു. പൂർത്തീകരിച്ച നിർമ്മാണം ഫോട്ടോ പ്രകാരം ക്ലാസ്സ് റൂം ആവശ്യങ്ങൾക്ക് അനുയോജ്യമാക്കിയിട്ടില്ല. പിന്നീട് എന്തെങ്കിലും പ്രവൃത്തി നടന്നോ എന്നതും നിലവിലെ സ്ഥിതി എന്താണെന്നതും വ്യക്തമാക്കേണ്ടതാണ്. മേൽ പരാമർശിച്ച അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണ് .

ഇത് സംബന്ധിച്ച് നല്കിയ 20.05.2022 തിയ്യതിയിലെ 96/20-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല .

1-98 ലേഡീസ് ഹോസ്റ്റൽ നിർമ്മാണം - വില്ല്യാപ്പള്ളി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , കോഴിക്കോട് ജില്ലാ പഞ്ചായത്ത് . |
| പ്രോജക്ട് നമ്പർ | എസ്.ഒ 497/21 |
| പ്രോജക്ട് | ലേഡീസ് ഹോസ്റ്റൽ നിർമ്മാണം - വില്ല്യാപ്പള്ളി |
| വകയിരുത്തിയ തുക | 7470264 രൂ |
| ചെലവഴിച്ച തുക (2020-21) | 7470264 രൂ |
| ഫണ്ട് | വികസനഫണ്ട് (പൊതു വിഭാഗം ) |
| ട്രഷറി ബിൽ നമ്പർ / തിയ്യതി | 111/29.05.20 (2030688 രൂ )<br>193/27.07.20 (2923828 രൂ)<br>335/22.02.21 (2515748 രൂ )<br>ആകെ:7470264 രൂ |
| കരാറുകാരൻ | ULCCS |

ലേഡീസ് ഹോസ്റ്റൽ നിർമ്മാണം , വില്ല്യാപ്പള്ളി എന്ന പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു .

1. പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 17-ാം വാർഡിൽ റീ-സർവ്വേ നമ്പർ 10/4-ൽ ആണ് ലേഡീസ് ഹോസ്റ്റൽ പണിയുന്നത്. ഇത് ബഡ്സ് സ്കൂൾ കോമ്പൌണ്ടിലാണെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടം പണിയുന്ന സ്ഥലം കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതാണോ എന്നും ഗ്രാമപഞ്ചായത്ത് ജില്ലാ പഞ്ചായത്തിന് വിട്ടുനല്കിയതാണോ എന്നും ഫയലിൽ വ്യക്തമല്ല . സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വ്യക്തമാക്കേണ്ടതാണ് .

2. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 28.06.2018 ലെ 39/18(3)(എ) ക്രമനമ്പർ 17 തീരുമാനം പ്രകാരം കെട്ടിടനിർമ്മാണം നേരിട്ട് ULCCS നെ ഏല്പിച്ചു . എന്നാൽ കരാറുകാരായ ULCCS ന് സെലക്ഷൻ നോട്ടീസ് അയക്കുന്നത് 18.09.2018 ലെ D3/504/19 കത്ത് പ്രകാരമാണ്. അതായത് സെലക്ഷൻ നോട്ടീസ് അയക്കുന്നതിൽ രണ്ടര മാസത്തോളം കാലതാമസം വന്നിട്ടുണ്ട്.

3. ULCCS ചെയർമാൻ , കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച 25.09.2019 ലെ Ulccs/engg/7446/01/18-19 നമ്പർ കത്തിൽ നിലവിലുള്ള പ്ലോട്ടിൽ ബിൽഡിങ് സെറ്റ് ഔട്ട് ചെയ്യാൻ സാധിക്കുകയില്ല എന്നും പ്ലാൻ റിവൈസ് ചെയ്യേണ്ടി വന്നു എന്നും അറിയിച്ചിട്ടുണ്ട്. അതായത് പി.ഡബ്ള്യ.ഡി മാന്വൽ പ്രകാരമുള്ള സ്ഥലപരിശോധന, ഇൻവെസ്റ്റിഗേഷൻ എന്നിവയൊന്നും നടത്താതെയാണ് ഈ പ്രോജക്ട് ആരംഭിച്ചത് എന്നു വ്യക്തമാകുന്നു .

4. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 16.08.2019 ലെ D3/general/19 നമ്പർ കത്ത് പ്രകാരം പ്രോജക്ട് നിർവ്വഹണത്തിൽ ഗവ.എഞ്ചിനീയറിങ് കോളേജ് - കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ സിവിൽ എഞ്ചിനീയറിങ് വിഭാഗത്തോട് സ്ട്രക്ച്ചറൽ ഡിസൈൻ സൂക്ഷ്മപരിശോധന നടത്തുന്നതിന് സഹായം തേടിയിട്ടുണ്ട്. സിവിൽ എഞ്ചിനിയറിങ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ 20.09.2019 തിയ്യതിയോടെ

നല്കിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 780.7 എം$^2$ കെട്ടിടം 3 രൂ./സ്ക്വയർഫീറ്റ് നിരക്കിൽ പരിശോധിക്കുന്നതിന് 18 ശതമാനം ജി.എസ്.ടി അടക്കം 29736 രൂ ചെലവ് വരുമെന്ന് അറിയിച്ചിട്ടുണ്ട് . എന്നാൽ ഈ തുക നല്കിയതിന്റേയോ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റേയോ വിവരം ലഭ്യമല്ല . ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ് .

5. കെട്ടിട നിർമ്മാണത്തിനാവശ്യമായ സോയിൽ സർട്ടിഫിക്കറ്റ് നല്കിയിരിക്കുന്നത് വില്ല്യാപ്പള്ളി പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറാണ്. സർട്ടിഫിക്കറ്റ് നമ്പർ, തിയ്യതി എന്നിവ ഇല്ല . സോയിൽ സർട്ടിഫിക്കറ്റ് നല്കുന്നതിന് മുന്നോടിയായി ശാസ്ത്രീയമായ എന്തെങ്കിലും മാർഗ്ഗങ്ങൾ അവലംബിക്കുകയോ വിശദാംശങ്ങൾ ഉൾപ്പെട്ട ഡാറ്റ അനുബന്ധമായി ചേർക്കുകയോ ചെയ്തിട്ടില്ല. കോഴിക്കോട് ഗവ.എഞ്ചിനീയറിങ് കോളേജിൽ നിന്നും 20.09.2019 തിയ്യതിയായി നല്കിയ പ്രൊഫോർമ ഇൻവോയിസിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ സ്ക്രൂട്ടിനി മാത്രമേ നടത്താൻ കഴിയുകയുള്ളൂ എന്നും കെട്ടിട നിർമ്മാണ സ്ഥലത്തെ Bearing Capacity Of Soil അപേക്ഷ നല്കിയ ഏജൻസി അറിയിക്കുന്നതാണ് പരിഗണിക്കുക എന്നും അറിയിച്ചിട്ടുണ്ട് .

6. ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കിയ ഫയലിൽ 790/19-20 നമ്പർ എം.ബുക്ക് മാത്രമാണ് ഉണ്ടായിരുന്നത് . ഫയൽ പരിശോധിച്ചതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട 153/19-20, 154/19-20, 181/19-20, 182/19-20, 183/19-20, 84/19-20, 194/19-20, 204/19-20, 593/18-19 , 787/19-20 , 905/18-19 , 906/18-19 , 907/18-19 , 908/18-19, 909/18-19 നമ്പർ എം.ബുക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ എം.ബുക്കുകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

7. നിർമ്മാണവുമായി ബന്ധപ്പെട്ട മോണിറ്ററിങ് റിപ്പോർട്ട് ചെക്ക് ലിസ്റ്റ് രൂപത്തിൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇത് ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പിലെ മുഴുവൻ അംഗങ്ങളും സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല . ഈ റിപ്പോർട്ടിൽ ഒരാൾ മാത്രമേ ഒപ്പിട്ടിട്ടുള്ളൂ. ഒപ്പു വെച്ച ആളുടെ പേര്, ഔദ്യോഗിക പദവി എന്നിവ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല .

8. കെട്ടിട നിർമ്മാണത്തിന്റെ മുന്നോടിയായി സ്ഥലം പരിശോധിച്ച് ജല ലഭ്യത ഉറപ്പാക്കിയതായി കാണുന്നില്ല. കെട്ടിടത്തിന്റെ നിർമ്മാണത്തിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം പൂർത്തിയായെങ്കിലും ഹോസ്റ്റൽ എന്ന നിലയിൽ കെട്ടിടം പ്രയോജനപ്പെടുത്താൻ കഴിയില്ല. കെട്ടിടത്തിലെ ഫർണിഷിങ് ജോലികളും ബാക്കിയാണ്. തുടർവർഷം മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് .

9. കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുകയിൽ നിന്നും ജി. എസ്.ടി ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു . വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | പാർട്ട് / ഫൈനൽ ബിൽ | പൂർത്തീകരിച്ച പ്രവൃത്തി മൂല്യം (രൂ) | ഈടാക്കേണ്ട ജി.എസ്.ടി 2% നിരക്കിൽ (രൂ) | ഈടാക്കിയത് (രൂ) |
|---|---|---|---|---|
| 1. | പാർട്ട് ബിൽ 1 | 2082757 | 41655 | 37194 |
| 2. | പാർട്ട് ബിൽ 2 | 2998798 | 59976 | 53550 |

| | | | | |
|---|---|---|---|---|
| 3. | ഫൈനൽ ബിൽ | 2515748 | 50315 | 44926 |
| 4. | ഫൈനൽ ബിൽ (ബാക്കി) | 1329339 | 26587 | 2020-21 ൽ ഈടാക്കിയിട്ടില്ല. |

10. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ, വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

11. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 173(1)-ാംവകുപ്പ്, 5-ാം പട്ടിക പ്രകാരം ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ നിർവ്വചിച്ചിട്ടുണ്ട്. ഇതിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം, നടത്തിപ്പ് എന്നിവ പെടുന്നില്ല . ഇതേ പട്ടികയിൽ ക്രമനനമ്പർ XIV(1) പ്രകാരം പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ് മാത്രമേ ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ളൂ. വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് സർക്കാരിൽ നിന്നും പ്രത്യേകാനുമതി ലഭിച്ചതായി കാണുന്നില്ല. അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ 31.05.22 തിയ്യതിയിലെ 97/20-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല .

1-99 പൊതുമരാമത്ത് പ്രവൃത്തികൾക്ക് ക്വാളിറ്റി കൺട്രോൾ ടെസ്റ്റിങ് നടത്തുന്നില്ല

10.09.2015 തിയ്യതിയിലെ ജി.ഓ (ആർ.ടി)നമ്പർ 1339/2015/PWD ഉത്തരവ് പ്രകാരം Pwd Quality Control Manual -2015 സർക്കാർ അംഗീകരിച്ചിട്ടുണ്ട് . മാന്വലിന്റെ ആമുഖത്തിലെ ഖണ്ഡിക 7.1 പ്രകാരം എസ്റ്റിമേറ്റ് തുക 15 ലക്ഷം രൂപയിൽ അധികമുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാരന്റെ ചെലവിൽ നടത്തേണ്ട First Tier Quality Control Testing – നിർബന്ധമാക്കിയിട്ടുണ്ട് . കൂടാതെ 2012 -ലെ കേരള PWD മാന്വൽ സെക്ഷൻ 2214 പ്രകാരവും ഇത്തരത്തിലുള്ള ഗുണനിലവാര പരിശോധന നിഷ്കർഷിച്ചിട്ടുണ്ട് . എന്നാൽ ഇങ്ങനെയുള്ള ഗുണനിലവാര പരിശോധന നടത്താതെയാണ് പൂർത്തിയാകുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് പണം നൽകുന്നത് എന്നു കാണുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. പ്രോജക്ടുകൾ നിർവ്വഹണം ചെയ്തിരിക്കുന്നത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. എസ്റ്റിമേറ്റ് തുക 15 ലക്ഷം രൂപയിൽ അധികരിച്ചിട്ടുകൂടി ഇവയിലൊന്നും തന്നെ ഗുണനിലവാരപരിശോധന നടത്തിയതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ , പ്രോജക്ടിന്റെ പേര് | എസ്റ്റിമേറ്റ് നമ്പർ | എസ്റ്റിമേറ്റ് തുക (രൂ) | പൂർത്തീകരിച്ച പ്രവൃത്തി മൂല്യം (രൂ) | ഫണ്ട് | കരാറുകാരൻ |
|---|---|---|---|---|---|---|
| 1. | 304/21,2019-20 GHSS,ശിവപുരം - ഗേൾസ് റെസ്റ്റ് റൂം | 2019/ 17821 | 30 ലക്ഷം | 2311425 | വികസന ഫണ്ട് (പൊതു വിഭാഗം) | ഷിജു.പി |
| 2. | S0911/21, GHSS വെള്ളിയോട് കെട്ടിടനിർമ്മാണം | 2017/ 135087 | 40 ലക്ഷം | 3706254 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | തോമസ് പുല്ലാട്ട് |
| 3. | S0573/21, 2017-18 GHSS രാരോത്ത് കെട്ടിട നിർമ്മാണം | 2017/ 33299 | 1 കോടി | 8686138 | വികസന ഫണ്ട് (പൊതു വിഭാഗം) | മുജീബ് റഹ്മാൻ.സി |
| 4. | S0497/21, 2018-19 ലേഡീസ്ഹോസ്റ്റൽ, | 2018/ 108254 | 1 കോടി | 8799603 | വികസന ഫണ്ട് | Ulccs |

| | | | | | | |
|---|---|---|---|---|---|---|
| | വില്ല്യാപ്പള്ളി | | | | (പൊതു വിഭാഗം) | |
| 5. | S0528/21, ഇരിങ്ങല്ലൂർ HSS അധിക പ്രവൃത്തികൾ | 2017/ 49899 | 5750000 | 5743419 | വികസന ഫണ്ട് (പൊതു വിഭാഗം) | Ulccs |
| 6. | S0750/21, പുലിക്കയം മേലെ പരപ്പറ്റ റോഡ് | 2018/ 119617 | 39 ലക്ഷം | 3225939 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | ഷാജി ജോർജ്ജ് |
| 7. | 855/21,2019-20 ബാലുശ്ശേരി ബ്ലോക്കിലെ സ്കൂളുകളിൽ കുടിവെള്ള പദ്ധതി, ഊട്ടുപുര, ചുറ്റുമതിൽ, പെയിന്റിങ്, കെട്ടിട പൂർത്തീകരണം | 2019/ 17704 | 58 ലക്ഷം | 4826829 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | മുഹമ്മദ് അഫ്സൽ ഇ.പി |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 101/2020-21 തിയ്യതി 09.06.2022) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല. ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്താതിരുന്നതിന് കാരണം അറിയിക്കേണ്ടതാണ്.

1-100 വെള്ളിയോട് എച്ച്.എസ്.എസ് - മോഡേൺ കിച്ചൻ , ചുറ്റുമതിൽ നിർമ്മാണം -ചെലവ് സ്റ്റേറ്റുമെന്റിൽ അധികച്ചെലവും മറ്റ് അപാകങ്ങളും

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | എസ് 0174/18 , എസ് 0677/19 , എസ് 1019/20 , എസ് 0581/21 |
| പ്രോജക്ട് | ജി.എച്ച്.എസ്.എസ് വെള്ളിയോട് - അധികപ്രവൃത്തികൾ - മോഡേൺ കിച്ചൻ , ചുറ്റുമതിൽ |
| ഭരണാനുമതി | 15/18 തിയ്യതി 12.03.2018 |
| അടങ്കൽ തുക | 50 ലക്ഷം രൂ (തനത് ഫണ്ട് 5 ലക്ഷം രൂ , സംരക്ഷണ ഗ്രാന്റ് - റോഡിതരം 45 ലക്ഷം രൂ ) |
| ടി.എസ് നമ്പർ | 104007/2017-18 തിയ്യതി 15.02.2018 |
| എസ്റ്റിമേറ്റ് നമ്പർ | 2017/135089 |
| എഗ്രിമെന്റ് നമ്പർ | Ee/lsgd/78/2018-19(TA) തിയ്യതി 03.07.2018 |
| പി.എ.സി തുക | 4865489 രൂ |
| റിവൈസ്ഡ് എസ്റ്റിമേറ്റ് | 4997303 രൂ |

| | |
|---|---|
| തുക | |
| കരാറുകാരൻ | തോമസ് പുല്ലാട്ട് |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 4926551 രൂ |
| എം.ബുക്കുകൾ | 338/17-18 , 648 / 18-19 , 574 /18-19 |

ബില്ലുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | ബില്ലിന്റെ തരം | തുക (രൂ) | ഈടാക്കിയ റീട്ടെൻഷൻ തുക |
|---|---|---|---|
| 1. | ഒന്നാം പാർട്ട് ബിൽ | 1128633 /- (2018-19) | 28216 രൂ |
| 2. | രണ്ടാം പാർട്ട് ബിൽ | 1380474/- (518278/- തനത്ഫണ്ട് 2019-20 , 862196 /-വികസനഫണ്ട് 2021-22) | ഈടാക്കിയിട്ടില്ല |
| 3. | ഫൈനൽ ബിൽ | 2417444/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് 2020-21 ) | - |
| | ആകെ | 4926551 /- | |

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു .

(1) 24.04.2018 ലെ ഡി1/174/18 നമ്പർ കത്ത് പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കിയിട്ടുണ്ട് . എന്നാൽ കരാർ ഒപ്പിട്ടത് 03.07.2018 ലാണ്. കരാർ ഒപ്പിടാൻ വൈകിയിട്ടും 2012 -ലെ പുതുക്കിയ പി.ഡബ്ള്യൂ.ഡി മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുകയോ കരാറുകാരനിൽ നിന്നും പിഴ 25000/- രൂ ഈടാക്കുകയോ ചെയ്തിട്ടില്ല .

(2) ഐറ്റം നമ്പർ 2 പ്രകാരം 47 എം3 അളവിൽ നിലവിലുള്ള മതിൽ പൊളിക്കുന്നതിന് 55140 /- രൂ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഉപയോഗയോഗ്യമായ വസ്തുക്കൾ അട്ടിവെച്ച് അളവെടുത്ത് രേഖപ്പെടുത്തുകയോ, ആയത് പുനരുപയോഗിച്ചതിന്റേയോ , ലേലം ചെയ്തതിന്റെയോ വിവരങ്ങൾ ഇല്ല .

(3) 2020-21 വർഷത്തെ അംഗീകരിച്ച പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല .

(4) മേൽ പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 4926551/- രൂപയാണ് .ഇതിൽ 1128633/- രൂ 2018-19 ലും 518278/- രൂ (തനത് ഫണ്ട് ) 2019-20 ലും ചെലവഴിച്ചിട്ടുണ്ട് . 862196/- രൂ (വികസന ഫണ്ട് ) ക്യൂ ബിൽ ആയതിനെത്തുടർന്നും മെയിന്റനൻസ് (നോൺ റോഡ് ) ഫണ്ടിൽ നിന്ന് 2417444 രൂപയും 2020-21 ൽ ചെലവഴിച്ചു. എന്നാൽ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 ൽ വികസനഫണ്ട് 1724392/- രൂ , തനത് ഫണ്ട് 981722/- രൂ , മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) 2417444/- രൂ എന്നിവയടക്കം 5123558/- രൂപയുടെ ചെലവ് ഉൾപ്പെടുത്തിക്കാണുന്നു . വികസനഫണ്ടിൽ 862196/ രൂപയും

തനത്ഫണ്ടിൽ 981722/- രൂപയും 2020-21 വർഷത്തിൽ അധികച്ചെലവ് രേഖപ്പെടുത്തിയതിന് കാരണം വ്യക്തമല്ല . ഫയലിൽ ബന്ധപ്പെട്ട രേഖകൾ ഇല്ല .

(5) പ്രവൃത്തിയുടെ രണ്ടാമത്തെ പാർട്ട് ബില്ലിൽ നിന്നും റീട്ടെൻഷൻ തുക ഈടാക്കിയിട്ടില്ല. ഒന്നാമത്തെ പാർട്ട് ബില്ലിൽ നിന്നും ഈടാക്കിയ 28216/- രൂപയുടെ റിട്ടെൻഷൻ തുക 18.11.2020 ൽ തിരികെനല്കിയിട്ടുണ്ട്.

മേൽ പരാമർശിച്ച അപാകം സംബന്ധിച്ച് ഈ ഓഫീസിൽനിന്നും 09.06.2022 തിയ്യതിയിലെ 100/2020-21 നമ്പർ ഓഡിറ്റ് എൻക്വയറി നിർവ്വഹണോദ്യോഗസ്ഥന് നല്കിയിട്ടുണ്ട്. അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതും പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ് .

1-101 ഭൂജല വകുപ്പിന്റെ നിർദ്ദേശം പാലിച്ചില്ല - കുടിവെള്ള പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0690/21, ജി.എച്ച്.എസ്സ്.എസ്സ്. കുറ്റിക്കാട്ടൂർ കുടിവെള്ള പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| അടങ്കൽ, ഫണ്ടിനം | 25ലക്ഷം , സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ചെലവ്, ബിൽ നം. | 23,04,360/- (BRN: 2016015203040100З481 -21,21,252/-<br>(BRN: 20160152030401269734 - 1,83,108 |

ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന ജി.വി.എച്ച്.എസ്സ്.എസ്സ് കുറ്റിക്കാട്ടൂരിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. കിണർ, പമ്പ് ഹൗസ്, വിതരണ പൈപ്പ് ലൈൻ, 10000 ലിറ്റർ ശേഷിയുള്ള ഒരു പി.വി.സി ടാങ്ക്, പമ്പിംഗ് മോട്ടോർ, എന്നിവ സ്ഥാപിക്കുന്നതിനും അതോടൊപ്പം 2 ക്ലാസ്സ് റൂം പ്രവൃത്തികളുടെ പൂർത്തീകരണവുമാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. മാമ്പുഴ തീരത്ത് 63/4 സർവ്വേ നമ്പറിൽപ്പെട്ട സ്ഥലത്ത് പദ്ധതി പ്രകാരമുള്ള കിണർ നിർമ്മിക്കുന്നതിന് പെരുവയൽ ഗ്രാമ പഞ്ചായത്ത് ജില്ലാ പഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ട്.

കിണർ നിർമ്മിക്കുന്നതിന്റെ മുന്നോടിയായി ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 03.08.2018 ന് ജില്ലാ ഭൂജല വകുപ്പിനോട് പര്യവേഷണ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് 25.10.2018 ന് ഭൂജല വകുപ്പ് നൽകിയ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാമ്പുഴ പുഴയോട് ചേർന്ന് 5 മീ. വ്യാസത്തിലും 5 മീ. ആഴത്തിലും ഒരു സാധാരണ തുറന്ന കിണർ നിർമ്മിക്കാൻ ശുപാർശ ചെയ്തു. കിണർ ചെങ്കല്ലുകൊണ്ട് കെട്ടി ബലപ്പെടുത്തേണ്ടതാണെന്നും കിണറിനു ചുറ്റും 50 സെ.മീ. കനത്തിൽ ഒരു ഫിൽട്ടർ മീഡിയ ഉണ്ടാക്കാണ്ടേതുമാണെന്നും റിപ്പോർട്ടിൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ 5 മീറ്ററിന് പകരം 6 മീറ്റർ ആഴത്തിൽ കിണർ കുഴിക്കാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഫിൽട്ടർ മീഡിയ ഉണ്ടാക്കുന്നതിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയത് എക്സ്ട്രാ ഇനമായി ചേർത്തിട്ടുണ്ട്. ഭൂജല വകുപ്പിന്റെ നിബന്ധനകൾ പാലിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

6മീ. ആഴത്തിലുള്ള കിണർ കുഴിച്ചപ്പോൾ ചെളി വന്നതിനാൽ 2.50 മീ. ആഴം കൂടി കുഴിച്ചെങ്കിൽ മാത്രമേ നല്ലവെള്ളം ലഭ്യമാകുകയുള്ളൂ എന്നതിനാൽ കിണറിന്റെ ആഴം കൂട്ടി നിർമ്മിക്കുന്നതിനായി നിലവിലെ എസ്റ്റിമേറ്റ് തുക അധികരിക്കാത്ത വിധത്തിൽ ഭേദഗതി ചെയ്യുന്നതിന് പെരുവയൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടു. തുടർന്ന് എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുകയും, എന്നാൽ കരാർ തുകയ്ക്കകത്തു നിന്നുകൊണ്ടുതന്നെ പ്രവൃത്തി പൂർത്തികരിക്കുകയും ചെയ്തു. എസ്റ്റിമേറ്റിലെ ഇനം 6 പ്രകാരം കിണറിന്റെ ആഴം 6 മീറ്ററാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനം നം. 3.6 പ്രകാരം കിണറിന്റെ ആഴം 8.20 മീറ്ററാക്കി ഭേദഗതി ചെയ്തു. എം.ബുക്ക് നം. 246/18-19, പേജ് നം. 18 ൽ 8.20 മീ. ആഴത്തിൽ തന്നെ കിണർ കുഴിക്കുകയും (Sinking Well) മീറ്ററിന് 23062 രൂപ പ്രകാരം 1,89,108 രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. 8.20 മീറ്റർആഴത്തിൽ ശുദ്ധജലം ലഭിക്കുമെന്നത് സംബന്ധിച്ച

പരിശോധന റിപ്പോർട്ടുകൾ ഒന്നും തന്നെയില്ല. 8.20 മീറ്റർ ആഴത്തിൽ കുഴിച്ച കിണറിൽ നിന്നും ചെളികലർന്ന വെള്ളമാണ് ലഭിക്കുന്നതെന്നും ആയത് കുടിവെള്ളത്തിനായി ഉപയോഗിക്കാൻ കഴിയുന്നില്ലെന്നും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. കിണർവെള്ളം കുടിവെള്ളത്തിനായി ഉപയോഗിക്കാൻ കഴിയുമോ എന്ന് പരിശോധന നടത്തിയതിന്റെ രേഖയില്ല. പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ 29.10.2019ൽ ഒപ്പുവെച്ച, പ്രോജക്ട് സംബന്ധിച്ച ഒരു മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിനിടയ്ക്ക് മാറ്റം വരുത്തിയിട്ടില്ല എന്നും പ്രവർത്തനത്തിന്റെ പൊതു ഗുണനിലവാരം തൃപ്തികരമാണെന്നും നിർവ്വഹണത്തിൽ പ്രശ്നങ്ങൾ ഒന്നും ഉണ്ടായില്ലെന്നുമാണ് പ്രസ്തുത റിപ്പോർട്ടിൽ രേഖപ്പെടുത്തിയത്. ഭരണസമിതി അംഗീകരിച്ച് നൽകിയ ഒരു പദ്ധതി കൃത്യമായി നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട മോണിട്ടറിംഗ് സമിതി യാതൊരു പരിശോധനയും നടത്താതെ നൽകിയ മോണിട്ടറിംഗ് റിപ്പോർട്ടാണ് ഫയലിലുള്ളത് എന്ന് വ്യക്തമാണ്.

കുടിവെള്ളത്തിന്റെ ആവശ്യത്തിനായി തയ്യാറാക്കിയ പ്രോജക്ടിൽ 16,63,287 രൂപ കിണർ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, പമ്പിംഗ് റൂം, മോട്ടോർ, ടാങ്ക്, ഇലക്ട്രിഫിക്കേഷൻ എന്നീ ഇനങ്ങൾക്ക് ചെലവഴിച്ചെങ്കിലും ഭൂജല വകുപ്പിന്റെ റിപ്പോർട്ടിൽ നിന്നും വിഭിന്നമായ ആഴത്തിൽ കിണർ നിർമ്മിച്ചതിനാൽ കുടിവെള്ളം ലഭിക്കാതെയായത് കാരണം പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാനായില്ല. ചെലവ് തുക പാഴായ അവസ്ഥയിലാണ്. കുടിവെള്ളത്തിനുള്ള സൂക്ഷമകോഡിൽ തയ്യാറാക്കിയ പ്രോജക്ടിൽ അതുമായി ബന്ധമില്ലാത്ത സ്കൂൾ കെട്ടിട നിർമ്മാണം കൂടി ഉൾപ്പെടുത്തുകയും ആയതിന് 6,41,073 രൂപ ചെലവഴിക്കുകയും ചെയ്തത് ആസൂത്രണ, നിർവ്വഹണ പ്രവർത്തനത്തിലെ അപാകതയാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 102/2020-21/ 15.06.2022, 20.06.2022) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-102 എ.സി. ഷൺമുഖദാസ് മെമ്മോറിയൽ ആയുർവേദ ചൈൽഡ് & അഡോൾസെന്റ് കെയർ സെന്റർ, പുറക്കാട്ടിരി - ഓഡിറ്റ് നിരീക്ഷണങ്ങൾ

20 വയസ്സുവരെയുള്ള കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ നൽകുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പും ജില്ലാ പഞ്ചായത്തും നാഷണൽ ആയുഷ് മിഷനും സംയുക്തമായി നടത്തിവരുന്ന ആയുർവേദ ആശുപത്രിയാണ് പുറക്കാട്ടിരിയിലെ എ.സി. ഷൺമുഖദാസ് മെമ്മോറിയൽ ആയുർവേദ ചൈൽഡ് & അഡോൾസെന്റ് കെയർ സെന്റർ. 2012 ൽ കുട്ടികൾക്കുള്ള ഒരു സ്പെഷ്യൽ ഒ.പി. ആയി കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ ആരംഭിച്ച പദ്ധതി 2013 ൽ "സ്പന്ദനം" എന്ന പദ്ധതിയായിമാറുകയും 2015 ൽ കുട്ടികൾക്കായി 30 കിടക്കകളുള്ള ആശുപത്രിയായി പുറക്കാട്ടിരിയിൽ പ്രവർത്തനം തുടങ്ങുകയും ചെയ്തു. ദേശീയപാത ബൈപാസിനോട് ചേർന്ന് കിടക്കുന്ന 4 ഏക്കറോളം വരുന്ന കോമ്പൗണ്ടിലാണ് 1541 ചതുരശ്ര മീറ്ററിൽ രണ്ട് കെട്ടിടങ്ങളിലായി സ്ഥാപനം സ്ഥിതി ചെയ്യുന്നത്. സ്ഥാപനത്തിലെ പ്രോജക്ടുകളും ജീവനക്കാരുടെ എണ്ണവും ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ജീവനക്കാരുടെ എണ്ണം | പ്രവർത്തന ഫണ്ട് നൽകുന്നത് |
|---|---|---|---|
| 1. | പുറക്കാട്ടിരി പ്രോജക്ട് | 27 | സംസ്ഥാന സർക്കാരും ജില്ലാ പഞ്ചായത്തും |

| | | | |
|---|---|---|---|
| 2. | സ്പന്ദനം | 27 | ജില്ലാ പഞ്ചായത്ത് |
| 3. | നാഷണൽ ആയുഷ് മിഷൻ പ്രോജക്ട് | 4 | കേന്ദ്ര സർക്കാർ |
| 4. | കൗമാരഭൃത്യം പ്രോജക്ട് | 2 | സംസ്ഥാന സർക്കാർ |
| 5. | പഞ്ചകർമ്മ | 2 | സംസ്ഥാന സർക്കാർ |

മേൽപ്പറഞ്ഞ പ്രോജക്ടുകളിലായി ദിവസ വേതനാടിസ്ഥാനത്തിൽ 62 ജീവനക്കാർ ആശുപത്രിയിൽ ജോലി ചെയ്ത് വരുന്നു. ആയുർവേദ ചികിത്സയോടൊപ്പം അനുബന്ധ തെറാപ്പികളായ സൈക്കോളജി, ലേണിംഗ് അസസ്സ്മെന്റ് & റമഡിയൽ ട്രെയിനിംഗ്, ക്ലിനിക്കൽ യോഗ, സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി, ഒക്യുപേഷണൽ തെറാപ്പി എന്നീ സങ്കേതങ്ങളെ യുക്തിസഹമായി സംയോജിപ്പിച്ചതാണ് ഈ കേന്ദ്രത്തിലെ ചികിത്സാരീതി. പഠന പെരുമാറ്റ പ്രശ്നങ്ങൾക്കുള്ള ജില്ലാ പഞ്ചായത്തിന്റെ ചികിത്സാ പദ്ധതിയായ "സ്പന്ദനം" പദ്ധതിയുടെ പ്രധാന കേന്ദ്രമായി ഈ സ്ഥാപനം പ്രവർത്തിക്കുന്നു. സ്പന്ദനം പ്രോജക്ടിലെ ജീവനക്കാർ ആഴ്ചയിൽ 2 ദിവസം പുറക്കാട്ടിരി കേന്ദ്രത്തിലും മറ്റ് ദിവസങ്ങളിൽ 9 ഉപകേന്ദ്രങ്ങളിലുമായി ജോലി ചെയ്യുന്നു. വിദൂര ജില്ലകളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നു പോലും ചികിത്സ തേടി രോഗികൾ ഇവിടെ എത്താറുണ്ട്. ജില്ലയിലെ 9 ബ്ലോക്കുകളിലായി സ്പന്ദനം പദ്ധതിയുടെ ഓരോ ഉപകേന്ദ്രം കൂടി പ്രവർത്തിക്കുന്നുണ്ട്. 2019-20, 2020-21, 2021-22 വർഷങ്ങളിൽ ആശുപത്രിയിലെ ഒ.പി, ഐ.പി. വിഭാഗങ്ങളിൽ ചികിത്സ തേടിയ രോഗികളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| വർഷം | ഒ.പി | ഐ.പി. | സ്പന്ദനം പ്രോജക്ട് (ഉപ കേന്ദ്രത്തിലേതുൾപ്പെടെ) |
|---|---|---|---|
| 2019-20 | 17,486 | 144 | 24,648 |
| 2020-21 | 18,024 | 57 | 21,522 |
| 2021-22 | 22,619 | 112 | 26,688 |

ആശുപത്രിയിലെ രജിസ്റ്ററുകൾ, ഫയലുകൾ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ/ അടിസ്ഥാന പ്രശ്നങ്ങൾ താഴെ പറയുന്നു.

1. "സ്പന്ദനം", ആയുഷ് മിഷൻ ഒഴികെയുള്ള പ്രോജക്ടുകളിൽ ഒരു വർഷത്തേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമിതരാകുന്ന ജീവനക്കാരെ പിരിച്ചുവിട്ട് പുതിയ ജീവനക്കാരെ നിയമിക്കുന്നതിന് പലപ്പോഴും കാലതാമസം ഉണ്ടാകുന്നു. 2021-22 വർഷത്തിൽ 89 ദിവസം പ്രസ്തുത ജീവനക്കാർ ആശുപത്രിയിൽ ഇല്ലാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. 2022-23 വർഷം 28.04.2022 ൽ നിയമിച്ച ജീവനക്കാർക്ക് 31.05.2022 വരെ ജോലി ചെയ്യുന്നതിനുള്ള അനുമതിയാണ് ലഭിച്ചത്. ആയതിന്

ശേഷം നിയമന തുടർച്ചയുണ്ടാകുമോ എന്ന് വ്യക്തമല്ല. കിടത്തി ചികിത്സയുള്ള ആശുപത്രിയിൽ, പ്രത്യേകിച്ചും മാനസിക ശാരീരിക വെല്ലുവിളികളുള്ള കുട്ടികൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിന് ഇത് കാരണം വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. 31.05.2022 ന് ശേഷം തുടർച്ചയായി ജീവനക്കാരെ നിയമിക്കാത്തപക്ഷം നിലവിൽ അഡ്മിറ്റായ കുട്ടികളെ ഡിസ്ചാർജ്ജ് ചെയ്ത് ഐ.പിയുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടി വരുമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ ആശുപത്രിയുടെ ചീഫ് മെഡിക്കൽ ഓഫീസർ വ്യക്തമാക്കുന്നു. ഓരോ വർഷവും മാർച്ച് 31 ന് നിലവിലെ ജീവനക്കാരെ പിരിച്ചുവിട്ട് പുതിയ ജീവനക്കാരെ നിയമിക്കുന്നതിനിടയിലെ കാലതാമസം ആശുപത്രിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതാണ്. തുടർച്ചയായുണ്ടാകുന്ന ഇത്തരം പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് സർക്കാർ തലത്തിൽ ഇടപെടാവുന്നതാണ്.

2. ആശുപത്രിയിൽ മിക്ക ദിവസങ്ങളിലും ഒരേ സമയം 13 ഡോക്ടർമാർ പരിശോധന നടത്തി വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ സ്ഥലപരിമിതി കാരണം ആകെ 6 പരിശോധനാ മുറികളാണ് ഇതിനായി ഉപയോഗിക്കുന്നത്. മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ട രോഗികളെ പരിശോധിക്കുന്നതിന് ഓരോ ഡോക്ടർമാർക്കും പ്രത്യേകം പരിശോധന മുറികൾ അനുവദിക്കുന്നതായിരിക്കും അഭികാമ്യം. അതേ പോലെ ഏതാനും തെറാപ്പികേന്ദ്രങ്ങൾ ഒരു മറമാത്രം വെച്ച് വേർതിരിച്ച് ഒരേ മുറിയിൽ തൊട്ടടുത്തായാണ് സ്ഥിതിചെയ്യുന്നത്. ഇത് സ്പീച്ച് തെറാപ്പി തുടങ്ങിയവയ്ക്ക് പ്രായോഗികമായ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ടെന്ന് ഡോക്ടർമാർ അഭിപ്രായപ്പെടുകയുണ്ടായി.

3. ആശുപത്രിയിലെ തെറാപ്പി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ഒന്നാം നിലയിലാണ്. ആശുപത്രി കെട്ടിടത്തിൽ റാംപോ ലിഫ്റ്റോ ഇല്ലാത്തത് കാരണം ശാരീരിക വൈകല്യമുള്ള 20 വയസ്സ് വരെയുള്ള കുട്ടികളെ തെറാപ്പി ചെയ്യുന്നതിനായി രക്ഷിതാക്കൾക്ക് മുകളിലേക്ക് എടുത്തുകൊണ്ടു പോകേണ്ട അവസ്ഥയുണ്ടാകുന്നു.

4. ഐ.പി യിൽ രാത്രികാല ഡ്യൂട്ടിയിലുള്ള നഴ്സിംഗ് അസിസ്റ്റന്റ്മാർക്ക് (2പേർ) വിശ്രമ മുറി ഇല്ല.

5. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും സംസ്ഥാന/ കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ചും വാങ്ങുന്ന ലക്ഷക്കണക്കിന് രൂപയുടെ മരുന്നുകൾ സൂക്ഷിക്കുന്നതിന് സുരക്ഷിതമായ ഒരു കേന്ദ്രമില്ല. നിലവിൽ മരുന്നുകൾ സൂക്ഷിക്കുന്നത് സൈക്കോളജിസ്റ്റ് പരിശോധനയ്ക്കായി ഉപയോഗിക്കുന്ന മുറിയിലാണ്.

6. ആശുപത്രിയിൽ 27 കുട്ടികളെ മാത്രമേ ഒരേ സമയം കിടത്തിചികിത്സയ്ക്ക് പ്രവേശിപ്പിക്കാൻ കഴിയുകയുള്ളൂ. സ്ഥല പരിമിതി കാരണം, ഇവിടെ ചികിത്സക്കെത്തുന്ന രോഗികളിൽ കിടത്തിചികിത്സ ആവശ്യമുള്ളവരിൽ വളരെ കുറച്ച് പേരെ മാത്രമേ ആശുപത്രിയിൽ ഐ.പി വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നുള്ളൂ. കിടത്തിചികിത്സ ആവശ്യമുള്ള കുട്ടികളുടെ പേരുകൾ, അവരെ ചികിത്സിക്കുന്ന അതാത്

ഡോക്ടർമാർ ഒരു പുസ്തകത്തിൽ എഴുതിവെയ്ക്കുകയും കിടക്കകൾ ഒഴിവ് വരുന്നതിനനുസരിച്ച് പ്രവേശനം നൽകുകയുമാണ് ചെയ്യുന്നത്. ഉദാഹരണമായി ഡോ. ആതിര എന്നവർ 12.02.2020 മുതൽ 19.04.2022 വരെയുള്ള കാലയളവിൽ പരിശോധന നടത്തിയതിൽ 25 കുട്ടികളുടെ പേര് കിടത്തി ചികിത്സയ്ക്കുള്ള ക്യൂ ലിസ്റ്റിൽ ചേർത്തിട്ടുണ്ട്. ഇതിൽ 16.08.2021 ന് ക്രമ നം. 10 ആയി രജിസ്റ്റർ ചെയ്ത മുഫിസാൻ, തിരൂർ എന്ന കുട്ടിക്ക് മാത്രമേ 24.05.2022 വരെ (ഓഡിറ്റ് തീയതി) അഡ്മിഷൻ നൽകാൻ കഴിഞ്ഞുള്ളൂ.

7. ജില്ലാ പഞ്ചായത്ത് 2019-20 ൽ എ.സി. ഷൺമുഖദാസ് മെമ്മോറിയൽ ആയുർവേദ ചൈൽഡ് & അഡോൾസെന്റ് കെയർ സെന്റർ സംബന്ധിച്ച് തയ്യാറാക്കിയ മാസ്റ്റർപ്ലാൻ പ്രകാരം പുറക്കാട്ടിരിയിലെ ആശുപത്രി കോമ്പൗണ്ടിൽ ജറിയാട്രിക് ബ്ലോക്ക് നിർമ്മാണത്തിന് 40 കോടി രൂപയുടെയും ചൈൽഡ് & അഡോൾസെന്റ് കെയർ കേന്ദ്രത്തിന് 18 കോടി രൂപയുടെയും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ജറിയാട്രിക് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ 2019-20 വർഷത്തെ S0317/20 നമ്പർ പ്രോജക്ട് പ്രകാരം കുട്ടികളുടെ ആശുപത്രി നിർമ്മാണത്തിന് 95 ലക്ഷം രൂപ അടങ്കലിൽ ഒരു ബഹു വർഷ പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നില്ല. 2020-21 ലെ സുലേഖ പത്രിക പ്രകാരം കുട്ടികളുടെ ആശുപത്രി കെട്ടിടത്തിന് പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട് (പ്രോജക്ട് നം. S0295/21). എന്നാൽ ആയതിന്റെ അടങ്കൽ 1 രൂപയും ചെലവ് ഇല്ല എന്നുമാണ് രേഖപ്പെടുത്തിയത്. അതായത് പദ്ധതി ഭേദഗതി ചെയ്യുകയും അടങ്കൽ തുക മറ്റ് പദ്ധതിക്കു വേണ്ടി വക മാറ്റുകയും ചെയ്തതായി വ്യക്തമാകുന്നു. മേൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്റെ മുന്നോടിയായി ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കുന്നതിന് 70,800 രൂപയും സ്ട്രക്ചറൽ ഡിസൈൻ വരക്കുന്നതിന് 82,010 രൂപയും ജില്ലാ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാം സ്വീകരിച്ചിട്ടും, നിലവിൽ സ്ഥലപരിമിതിമൂലം പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്കുള്ള ആശുപത്രിയുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും 2021-22 വർഷത്തിൽ കുട്ടികളുടെ ആശുപത്രി കെട്ടിട നിർമ്മാണം സംബന്ധിച്ച പ്രോജക്ട് ആവിഷ്കരിക്കുകയോ 2022-23 വർഷത്തിൽ പ്രോജക്ട് രൂപീകരണ നടപടികൾ സ്വീകരിക്കുയോ ചെയ്തെങ്കിൽ ആയതിന്റെ വിശദാംശം കൂടി ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 99/2020-21/08.06.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

## 1-103 അനാഥാലയങ്ങൾക്കും അഗതി മന്ദിരങ്ങൾക്കും ഗ്രാന്റ് അനുവദിച്ചത് - നിർണ്ണയിച്ച തുകയിലും വിതരണം ചെയ്ത തുകയിലും വ്യത്യാസം

കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 20.03.2020 തിയ്യതിയിലെ DSJB-3218/19 നമ്പർ നടപടി ക്രമം, 20.05.2020 തിയ്യതിയിലെ DSJO/KKD/B-2827/19 നമ്പർ നടപടി ക്രമം എന്നിവകളിൽ പരാമർശിച്ച തുകകളാണ് കോഴിക്കോട് ജില്ലാ പഞ്ചായത്ത് മുഖേന 2019-20 വർഷത്തേക്കുള്ള

ഓർഫനേജ് ഗ്രാന്റ് ഇനങ്ങളിൽ അതാത് സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ/ തിയ്യതി | ട്രഷറി ബിൽ തുക (രൂ) | വൌച്ചർ നമ്പർ | വൌച്ചർ തുക (രൂ) | ഹെഡ് ഓഫ് അക്കൌണ്ട് | ഫയൽ നമ്പർ |
|---|---|---|---|---|---|---|
| 1. | 187702/ 25.5.20 | 92,51,786 | 22001183/ 24.11.20 | 1,06,00,208 | 25,42,00,199 | പി4/ 811/2020 |
| 2. | 187831/ 25.5.20 | 13,48,422 | | | | |
| ആകെ | | 1,06,00,208 | | | | |

അനാഥാലയങ്ങളുടെ 2018-19 വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് നടത്തി 2019-20 സാമ്പത്തിക വർഷത്തേക്ക് അർഹമായ ഗ്രാന്റ് തുക കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർണ്ണയിച്ച് നല്കിയിട്ടുണ്ട്. ചില അനാഥാലയങ്ങളുടെ കാര്യത്തിൽ ഓഡിറ്റ് 2019-20 വർഷത്തേക്ക് അർഹതയുള്ളതായി ഓഡിറ്റ് നിജപ്പെടുത്തിയ ഗ്രാന്റ് തുകയും, അവർക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്നും അനുവദിച്ച തുകയും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | സ്ഥാപനം, ഓഡിറ്റ് റിപ്പോർട്ട് നമ്പർ, തിയ്യതി | 2019-20 വർഷത്തേക്ക് അർഹയു ള്ളതായി ഓഡിറ്റ് നിർണ്ണയിച്ച തുക (രൂ) | 2019-20 വർഷത്തേക്ക് അനുവദിച്ച ഗ്രാന്റ് (രൂ) | വ്യത്യാസം (രൂ) (കോളം 4 – കോളം 3 ) |
|---|---|---|---|---|

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 1. | ബി.ഇ.എം ഓർഫനേജ്, ചോമ്പാല.ksa/kkd/ M1/985/20 തിയ്യതി 30.10.20 | 196369 | 235454 | (+)39085 |
| 2. | മേഴ്സി ഓർഫനേജ്, കുളത്തുവയൽ. Ksa/kkd/ M1/1290/19 തിയ്യതി 01.10.19 | 424098 | 378417 | (-) 45681 |
| 3. | മർകസ് ഗേൾസ് ഓർഫനേജ്, മരഞ്ചാട്ടി, Ksa/kkd/ M1/1763/19തിയ്യതി 22.02.20 | 2848357 | 2752870 | (-)95487 |
| 4. | സി.എം.മഖാം ഓർഫനേജ്, മടവൂർ.ksa/kkd/ M1/974/20 തിയ്യതി 21.10.20 | 1526179 | 1442073 | (-)84106 |

(I) മേൽവിവരിച്ച വ്യത്യാസത്തിനുള്ള കാരണം ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫിസറിൽ നിന്നും ലഭ്യമാക്കി നല്കേണ്ടതാണ്.

(Ii) മേരിമാതാ ബാലഭവൻ, ചമൽ എന്ന ഓർഫനേജിന് 07.01.2020 തിയ്യതിയിലെ കെ.എസ്.എ.കെ.കെ.ഡി/എം1/1467/19 നമ്പർ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റിന് അർഹത, വിദേശ ധനസഹായം ലഭ്യമായതിന്റെ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറക്ക് മാത്രമാണെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ തൻവർഷത്തേക്ക് പ്രസ്തുത സ്ഥാപനത്തിന് 177672/- രൂ ഗ്രാന്റ് അനുവദിച്ചതായി കാണുന്നു. നിർദ്ദിഷ്ട സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടോ എന്നതിൽ ജില്ലാ സാമൂഹ്യനീതി ഓഫിസർ മുഖേന വ്യക്തത വരുത്തേണ്ടതാണ്.

ഈ വിഷയത്തിൽ ഓഡിറ്റ് വിഭാഗത്തിൽ നിന്നും നല്കിയ 04.03.2022 തിയ്യതിയിലെ 61/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല .

ഓർഫനേജുകൾക്ക് ഓഡിറ്റ് റിപ്പോർട്ടിൽ അർഹത നിജപ്പെടുത്തിയ തുകകൾക്കാണ് ധനസഹായം നൽകേണ്ടത്. ജില്ലാ സാമൂഹ്യനീതി ഓഫിസറുടെ നടപടിക്രമത്തിൽ ഉണ്ടായിട്ടുള്ള വ്യക്തമായ കാരണം അറിയിക്കേണ്ടതും സ്ഥാപനത്തിന് അധിക തുക നല്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

## 1-104 കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് ഉപകരണങ്ങൾ വാങ്ങൽ - സാധന സാമഗ്രികൾ ലഭിച്ചതിന്റെ രേഖകളില്ല.

ഫയൽ നം. പി.ഇ.2-817/2020

| | |
|---|---|
| പ്രോജക്ട് നം, പേര് | 997/2020-21, കോവിഡ്-19 - സ്കൂളുകളിൽ തെർമൽ സ്കാനർ വിതരണം ചെയ്യൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| അടങ്കൽ, ഫണ്ടിനം | 15 ലക്ഷം, തനത്ഫണ്ട് |
| ചെലവ്, ചെക്ക് നം. | 15,00,000/- ചെക്ക് നം. 5517046/27.03.2021- 14,70,000/-<br>5517047/27.03.2021- 30,000/- |

കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇൻഫ്രാറെഡ് തെർമോമീറ്റർ, ഓട്ടോമാറ്റിക് സാനിറ്റൈസർ ഡിസ്പെൻസർ എന്നിവ വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. തുടർന്ന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (കെ.എസ്.ഐ.ഇ) ൽ നിന്നും താഴെ പറയും പ്രകാരം ഉപകരണങ്ങളും സാനിറ്റൈസറും വാങ്ങി.

| ഇൻവോയ്സ് നം | വെൻഡിംഗ് മെഷീൻ (എണ്ണം) | തുക | സാനിറ്റൈസർ (5 ലി.) | തുക | സ്കാനർ | തുക | ആകെ |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 3+5+7 |
| CLTBC 339/22.3.21 | 59 | 4,69,935 | 118 | 1,14,734 | 59 | 1,60,126 | 7,44,795 |
| CLTBC 344/23.3.21 | -- | -- | 20 | 19,446 | -- | -- | 19,446 |
| CLTBC 252/15.2.21 | 62 | 4,93,830 | 104 | 1,01,121 | 52 | 1,41,128 | 736079 |
| | | | | (Limited To 15,00,000) | | | 15,00,320 |

സാനിറ്റൈസർ ഡിസ്പെൻസർ സ്ഥാപിച്ചിട്ടുണ്ടെന്നും മറ്റ് ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെന്നുമുള്ള സാക്ഷ്യപത്രം അതാത് സ്കൂളിലെ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽമാർ ഹാജരാക്കുന്ന മുറയ്ക്ക് ബിൽ തുക അനുവദിക്കുന്നതാണെന്ന് 28.01.2021.ന് ജില്ലാപഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഐ.ഇ ക്ക് അയച്ച കത്തിൽ വ്യക്തമാക്കുന്നു. എന്നാൽ അത്തരത്തിലുള്ള സാക്ഷ്യപത്രത്തിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

08.01.2021 ന് ബഹു. ജില്ലാപഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ടെക്നിക്കൽ

കമ്മിറ്റി യോഗത്തിൽ ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 44 സ്കൂളുകളിലും ഹയർസെക്കന്ററി/ഹൈസ്കൂളുകൾ ബ്ലോക്കുകൾ പ്രത്യേക കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നിടത്തും ഓരോ ഇൻഫ്രാറെഡ് നോൺ കോൺടാക്ട് തെർമോമീറ്റർ വിതരണം ചെയ്യുന്നതിനും 500 കുട്ടികൾക്ക് 1 എന്ന രീതിയിൽ ഓട്ടോമാറ്റിക് സാനിറ്റൈസർ ഡിസ്പെൻസർ വിതരണം ചെയ്യുന്നതിനും ഉപകരണങ്ങളുടെ വാറന്റി 2 വർഷം വേണമെന്ന് ഉറപ്പ് വരുത്താനും വാറന്റി പിരീഡിനു ശേഷം കുറഞ്ഞ നിരക്കിൽ എ.എം.സി ലഭ്യമാക്കുന്നത് സംബന്ധിച്ച് വിതരണക്കാരുമായി ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു. ഈ ഉപകരണങ്ങൾ കൃത്യമായി പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ഓൺലൈൻ റിവ്യൂ നടത്താവുന്നതാണെന്ന് കമ്മിറ്റി ശുപാർശ ചെയ്തു. ഈ ശുപാർശ, ഭരണസമിതിയുടെ 20.01.2021 ലെ 11/2021(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ഭരണസമിതി അംഗീകരിച്ച, മേൽപറഞ്ഞ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള ഒരു നടപടിയും ജില്ലാപഞ്ചായത്ത് കൈക്കൊണ്ടില്ല. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് കെ.എസ്.ഐ.ഇ 19.01.2021.ന് ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ ഇൻഫ്രാറെഡ് തെർമോമീറ്ററിന്റെ വാറന്റി പിരീഡ് ഒരു വർഷവും ഓട്ടോമാറ്റിക് സാനിറ്റൈസർ ഡിസ്പെൻസറിന്റേത് 6 മാസവുമായാണ് നിജപ്പെടുത്തിയത്. എന്നാൽ ജില്ലാപഞ്ചായത്തും കെ.എസ്.ഐ.ഇ യും തമ്മിലുള്ള കരാറി (തീയതി, നമ്പർ എന്നിവയില്ല, ജില്ലാപഞ്ചായത്ത് സെക്രട്ടറി ഒപ്പു വെച്ചില്ല) ലെ ഖണ്ഡിക 15 പ്രകാരം ഉപകരണങ്ങൾക്ക് ഒരു വർഷത്തെ വാറണ്ടിയാണ് അനുവദിച്ചത്. ഭരണസമിതി തീരുമാനിച്ചത് പ്രകാരം 2 വർഷ വാറണ്ടി ലഭിക്കാത്തതിന് കാരണം വ്യക്തമല്ല. വിതരണം ചെയ്തതിനു ശേഷം മാസങ്ങളോളം സ്കൂളുകളിൽ കുട്ടികൾ വരാത്ത സാഹചര്യത്തിലും കരാർ പ്രകാരം വാറണ്ടി കാലാവധി അവസാനിക്കാത്ത സാഹചര്യത്തിലും ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണോ എന്ന കാര്യം സ്കൂൾ അധികൃതരോട് അന്വേഷിച്ച് ഉറപ്പ് വരുത്തിയതായും കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ 10/2020-21/27.11.2021 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സ്കൂൾ അധികൃതരിൽ നിന്നും ഉപകരണങ്ങൾ ലഭിച്ചത് സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മുഴുവൻ സാധനസാമഗ്രികളും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ കഴിയില്ല. ആയതിനാൽ ചെലവ് തുകയായ 15,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. സാക്ഷ്യപത്രങ്ങളും അപാകങ്ങൾക്കുള്ള മറുപടിയും ലഭ്യമാക്കേണ്ടതാണ്.

1-105 ഐ.കെ.എം വിഹിതം നൽകൽ - അടവാക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

ഫയൽ നം. പി.7-718/2021 & പി.7-1613/19

| | |
|---|---|
| പ്രോജക്ട് നം, പേര് | S0108/21,<br>ഐ.കെ.എം വിഹിതം നൽകൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| അടങ്കൽ, ഫണ്ടിനം | 5,98,938, വികസന ഫണ്ട് |
| ചെലവ്, ബിൽ നം. | 5,98,938,<br>BRN 20160152000401013526/29.01.2021 |

സ.ഉ(സാധാ) നം.1228/2016/ തസ്വഭവ തീയതി. 08.03.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.1% നിർബന്ധമായും ഐ.കെ.എം ന്റെ പ്രവർത്തനത്തിന് വേണ്ടി മാറ്റിവെക്കണമെന്ന് സർക്കാർ നിർദ്ദേശിക്കുന്നു. ജില്ലാപഞ്ചായത്ത് തൻവർഷം ഈയിനത്തിൽ 5,98,938/- രൂപ ഐ.കെ.എം ലേക്ക് അടവാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ജില്ലാപഞ്ചായത്തിന് 2020-21 വർഷത്തിൽ ലഭിച്ച ആകെ ലഭിച്ച പ്ലാൻ ഫണ്ടും ഐ.കെ.എം ൽ അടവാക്കിയ വിഹിതവും തമ്മിൽ ഒത്തു പോകുന്നില്ല. ആയതിനാൽ എ.സി.ആർ പ്രകാരം തൻവർഷം ലഭിച്ച പ്ലാൻ ഫണ്ടിന്റെ ഇനം തിരിച്ചുള്ള വിവരവും വിഹിതം കണക്കാക്കിയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

11.03.2019 ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 2017-18 വർഷത്തിൽ ജില്ലാപഞ്ചായത്ത് 1,34,717/- രൂപ ഐ.കെ.എം ന് കുടിശ്ശികയായി നൽകാനുണ്ട്. മേൽ സാക്ഷ്യപത്രത്തിൽ ഐ.കെ.എം ഡിമാന്റായി രേഖപ്പെടുത്തിയിരിക്കുന്നത് 5,48,365/- രൂപയാണ്. എന്നാൽ ജില്ലാപഞ്ചായത്ത് അടവാക്കിയത് 4,13,648/- രൂപയും. ഇതിന്റെ ആധികാരികത പരിശോധിക്കാൻ പി.7-1613/19 ഫയലിൽ 137 ാം നമ്പർ കാര്യാലയക്കുറിപ്പിലൂടെ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചില്ല. കൂടാതെ ജില്ലാപഞ്ചായത്ത് 2020-21 വർഷം അടവാക്കിയ തുകയുടെ കൈപ്പറ്റു വിവരവും 2019-20, 2020-21 വർഷങ്ങളിലെ ഐ.കെ.എം ന്റെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/2020-21/27.11.2021) ജില്ലാ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് ഐ.കെ.എം ന് കത്തയച്ചിട്ടുണ്ടെന്നും ആയത് ഹാജരാക്കുന്ന മുറക്ക് ഓഡിറ്റിന് ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതും അടവാക്കുന്ന തുകയുടെ കൃത്യത വ്യക്തമാക്കേണ്ടതുമാണ്.

1-106 കുന്ദമംഗലം പട്ടികജാതി ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം - ധനസഹായത്തിൽ നിന്നും തെറ്റായി ആദായനികുതി കുറവ് വരുത്തിയതും മറ്റ് അപാകതകളും.

| | |
|---|---|
| ഫയൽ നമ്പർ | D5-35002/19 (5) |
| പ്രോജക്ട് | S 1027/21 |

| | |
|---|---|
| നമ്പർ | (കുന്ദമംഗലം എസ്.സി ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കെട്ടിട നിർമ്മാണത്തിനുള്ള ധനസഹായം) |
| അടങ്കൽ | 2500000/-രൂപ(SCP) |
| ചെലവ് | 2500000/- രൂപ<br>ബിൽ നമ്പർ 2016015202660138065l<br>തീയതി 26.03.21 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം പട്ടികജാതി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (No. D 2359) കെട്ടിട നിർമ്മാണത്തിന് 25 ലക്ഷം രൂപ ധന സഹായം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. 13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ) നം.22/18 തസ്വഭവ തീയതി 14.02.2018 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 5,00,000/- രൂപയാണ്. എന്നാൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 07.01.2021 ലെ 2.4(4.5) നമ്പർ തീരുമാന പ്രകാരമാണ് 25 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

പ്രോജക്ട് പ്രകാരമുള്ള (Proceedings No D5-35002/19(5) Dt. 26.03.21 SCDO, Kozhikode) 25 ലക്ഷം രൂപയിൽ 2% ആദായനികുതി (50,000/-രൂപ) കിഴിച്ച് 24,50,000/- രൂപ 30.03.2021 ന NEFT വഴി പട്ടികജാതി വികസന ഓഫീസറുടെയും സൊസൈറ്റി സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേയ്ക്ക് (A/c No. 10016120172005 KDC Bank) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കെട്ടിട നിർമ്മാണത്തിനുള്ള ധനസഹായം ജോയിന്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തപ്പോൾ 50000/- രൂപ ആദായനികുതി (2%) സ്രോതസേസിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ അടച്ചു. ധനസഹായത്തിൽ നിന്നും ആദായനികുതി കുറയ്ക്കാനുള്ള കാരണം വ്യക്തമല്ല.

2) സഹകരണ സംഘങ്ങൾക്ക് ധനസഹായം (സബ്സിഡി) നൽകുന്നതിനുള്ള പൊതു നിബന്ധനകൾ പ്രകാരം (സ.ഉ.(കൈ)നം.22/2018 തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.10) സംഘം കഴിഞ്ഞ 3 വർഷങ്ങളായി പ്രവർത്തിച്ച വരുന്നതായിരിക്കണമെന്നും ധനസഹായം നൽകുന്നതിനു തൊട്ടുമുമ്പുള്ള വർഷമെങ്കിലും പ്രവർത്തന ലാഭമുള്ളതായിരിക്കണമെന്നും നിഷ്കർഷിക്കുന്നു. സഹകരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ, കോ-ഓപ്പറേറ്റീവ് ഓഡിറ്റ്, കോഴിക്കോട് നൽകിയ (157/18-19 തീയതി 09.12.2019, FAR 196/19-20 തീയതി 23.12.20 നമ്പർ) 2018-19, 2019-20 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം സംഘം നഷ്ടത്തിലാണ്. സംഘം പുനരുജ്ജീവിപ്പിക്കേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട്. നഷ്ടത്തിലുള്ള സംഘത്തിന് ധനസഹായം അനുവദിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

3) പദ്ധതി മാർഗ്ഗരേഖയനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ യോഗ്യതയുള്ള എല്ലാ സംഘങ്ങൾക്കും അപേക്ഷിക്കാമെന്നിരിക്കെ സംഘങ്ങൾ അപേക്ഷ സമർപ്പിച്ചതിന്റെയോ രേഖകൾ ഇല്ല. ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരമാണ് പ്രസ്തുത സ്ഥാപനത്തിനു ധനസഹായം നൽകിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. സ്ഥാപനങ്ങളെ ധനസഹായത്തിനു തെരെഞ്ഞെടുക്കുമ്പോ അർഹതാ മാനദണ്ഡം പാലിക്കേണ്ടതാണ് .

4) ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള സൊസൈറ്റിയുടെ അപേക്ഷയോ, അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ടതായ പ്രോജക്ട് പ്രൊപ്പോസലോ (പ്രോജക്ട് വഴി അംഗങ്ങൾക്ക് തൊഴിലും വരുമാനവും പ്രതിഫലവും വർദ്ധിപ്പിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കുന്നത്) ഫയലിൽ ഇല്ല.

5) 10.02.2021 ൽ സംഘം നൽകിയ കത്തിൽ സംസ്ഥാന സർക്കാരിന്റെ വികസനവും പുനരുദ്ധാരണവും പദ്ധതിയിൽ 20 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയതായി പറയുന്നു. ജില്ലാ പഞ്ചായത്തിന്റെ ധനസഹായത്തിന് പുറമെ ഇതേ ആവശ്യത്തിനായി സർക്കാരിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന ഭരണസമിതി അംഗീകരിച്ച സാക്ഷ്യപത്രം ഫയലിൽ ഇല്ല.

6. ധനകാര്യ സ്ഥാപനത്തിൽ നിന്നും സ്വീകാര്യമായ ജാമ്യം നൽകി നിർദ്ദിഷ്ട പ്രൊജക്ടിനു വേണ്ടി വായ്പ എടുക്കാൻ തയ്യാറായിരിക്കണമെന്നു മാർഗ്ഗരേഖയിൽ പറയുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ഇല്ല. പ്രൊജക്ട് അടങ്കലിൽ സംഘത്തിന്റെ വിഹിതം വകയിരുത്തി ഭരണസമിതിയുടെ സാക്ഷ്യപത്രം ഹാജരാക്കണമെങ്കിലും ആയത് ഫയലിൽ ഇല്ല.

7) സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ നൽകിയ അനുമതിയിൽ ഓഫീസ് കെട്ടിടമെന്നു പറയുന്നുണ്ടെങ്കിലും കുന്ദമംഗലം ഗ്രാമപഞ്ചായത്ത് നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം (SC4-BA(86523)/2021 Dt.30.03.21) 6 കടമുറികൾ ഉള്ള വാണിജ്യ കെട്ടിടത്തിനാണ് അനുമതി നൽകിയിട്ടുള്ളത്.

8) മാർഗ്ഗരേഖ പ്രകാരമുള്ള കരാർ വ്യവസ്ഥകളെക്കുറിച്ച് 26.03.2021 നു പട്ടികജാതി വികസന ഓഫീസും സംഘം സെക്രട്ടറിയും തമ്മിൽ വെച്ച കരാർ ഉടമ്പടിയിൽ പറയുന്നില്ല. കവറിലെ 10-ാം നമ്പർ നിബന്ധന പ്രകാരം 30.11.2021 നു നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. 04.10.2021 ൽ സംഘം സെക്രട്ടറി ആവശ്യപ്പെട്ടത് പ്രകാരം കെട്ടിട നിർമ്മാണാ വശ്യത്തിലേക്ക് 367500/- രൂപ ജോയിന്റ് അക്കൗണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. രണ്ടാം ഗഡുവിന് ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചിട്ടില്ല. തുക കൈമാറി മാസങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണ പുരോഗതിയില്ലാതെ വികസന ഫണ്ട് ബാങ്ക് അക്കൗണ്ടിൽ കിടക്കുന്ന അവസ്ഥയാണ്.

9) പ്രോജക്ടുമായി ബന്ധപ്പെട്ട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിലേക്ക് അയച്ച കത്ത് (P-6 2835/20 തീ 25.08.2020) ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.20 ലെ കത്ത് എന്നിവയുടെ പകർപ്പുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

10) സംസ്ഥാന കോ-ഓഡിനേഷൻ കമ്മറ്റിയുടെ തീരുമാനപ്രകാരം സംഘത്തിന്റെ പ്രവർത്തനം സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ പ്രത്യേകം മോണിറ്റർ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരം ഫയലിൽ വ്യക്തമല്ല.

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 7/2020-21 നു ജില്ലാ പട്ടികജാതി വികസന ഓഫീസർ 23.12.2021 ലെ ഡി 5/5803/2017 നമ്പർ കത്ത് പ്രകാരം നൽകിയ മറുപടിയിൽ ആദായ നികുതി ഓഫീസിൽനിന്നുള്ള നിർദ്ദേശ പ്രകാരമാണ് നികുതി അടച്ചിരിക്കുന്നതെന്നും റീഫണ്ടിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു കത്തു നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ നാളിതുവരെ ആദായനികുതി റീഫണ്ട് ലഭിച്ചതു സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. ധനസഹായത്തിൽ നിന്നും ആദായനികുതിയിനത്തിൽ 5000/- രൂപ കുറവു വരുത്തിയത് ക്രമ പ്രകാരമല്ല. ആയത് സംഘത്തിനു ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വികസനഫണ്ട് പാഴാകാതെ പ്രോജക്ടിൽ നിർദ്ദേശിച്ച പ്രകാരം യഥാസമയം വിനിയോഗിക്കുന്നതിനാവശ്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും നിർമ്മാണ പുരോഗതിയില്ലാതെ വികസന ഫണ്ട് ബാങ്ക് അക്കൗണ്ടിൽ കിടക്കുന്ന അവസ്ഥയാണ്. മേൽ വിവരിച്ച അപാകതകൾ പരിഹരിക്കേണ്ടതും ആവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

1-107 വിശപ്പ് രഹിത കേരളം - ഗ്രാമ പഞ്ചായത്തുകൾക്ക് യഥാസമയം ധനസഹായം നൽകുന്നതിലെ കാലതാമസം - പദ്ധതി പ്രയോജനപ്പെടുത്താനായില്ല.

ഫയൽ നം. പി.6-1371/21

| | |
|---|---|
| പ്രോജക്ട് നം, പേര് | S0115/2020-21,<br>വിശപ്പ് രഹിത കേരളം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ, ഫണ്ടിനം | 17ലക്ഷം<br>(വികസന ഫണ്ട്- 7ലക്ഷം + ഗ്രാമ പഞ്ചായത്ത് വിഹിതം- 10ലക്ഷം) |
| ചെലവ് | 30,000/- |

സ.ഉ.(കൈ) നം. 45/2020/തസ്വഭവ തീയതി 06.03.2020 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടി സംബന്ധിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ മുഖ്യ ഇനമായ വിശപ്പ് രഹിത കേരളം എന്ന പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന കുടുംബശ്രീ ഹോട്ടൽ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. മേൽ നമ്പർ ഉത്തരവ് അനുസരിച്ച് ഗ്രാമ പ്രദേശത്തെ ഇത്തരം ജനകീയ ഹോട്ടലുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 10,000 രൂപ റിവോൾവിംഗ് ഫണ്ടായി തുടക്കത്തിൽ തന്നെ നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷം 3 ഗ്രാമപഞ്ചായത്തുകൾക്കായി ആകെ 30,000 രൂപ മാത്രമാണ് ഈയിനത്തിൽ അനുവദിച്ചത്. ഈ പദ്ധതിക്ക് 13.03.2020 ന് ഭരണസമിതി അംഗീകാരവും ഫെബ്രുവരി 2020ന് ഡി.പി.സി അംഗീകാരവും ലഭിച്ചെങ്കിലും വിഹിതം ലഭിക്കുന്നതിന് നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കാൻ ഗ്രാമ പഞ്ചായത്തിനോട് ജില്ലാപഞ്ചായത്ത് ആവശ്യപ്പെടുന്നത് 18.01.2021 നാണ് (കത്ത് നം. പി3-792/20). തുടർന്ന് 12.03.2021 ന് വീണ്ടും കത്തയച്ചെങ്കിലും 3 ഗ്രാമ പഞ്ചായത്തുകൾ മാത്രമാണ് നടപടികൾ പൂർത്തീകരിച്ചത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 12/2020-21/27.11.2021 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

അശരണരും അഗതികളുമായ നിശ്ചിത ശതമാനം പേർക്ക് ഉച്ചഭക്ഷണം സൗജന്യമായി നൽകുന്നതും 20 രൂപ നിരക്കിൽ ആവശ്യക്കാർക്ക് ഭക്ഷണം നൽകുന്നതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്ക് വളരെയധികം ഉപകാരപ്പെടുന്ന ഈ പദ്ധതിക്ക് ജില്ലാപഞ്ചായത്ത് വിഹിതം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസം കാരണം പദ്ധതി പ്രയോജനപ്പെടുത്താനായില്ല.

അനുവദിച്ച 30,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും വാങ്ങി, ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും പദ്ധതി നടപ്പിലാക്കിയതിലെ കാലതാമസത്തിന് മറുപടി നൽകേണ്ടതുമാണ്.

1-108 പേരാമ്പ്ര വനിതാ ഹോസ്റ്റൽ നടത്തിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ

ഉദ്യോഗസ്ഥകളായ വനിതകൾക്കും വിദ്യാർത്ഥിനികൾക്കും കുറഞ്ഞ ചെലവിൽ താമസമൊരുക്കുക, ഔദ്യോഗിക ആവശ്യത്തിനോ പരീക്ഷകൾക്കോ കൂടിക്കാഴ്ചകൾക്കോ എത്തിച്ചേരുന്ന വനിതകൾക്ക് താൽക്കാലിക താമസ സൗകര്യമൊരുക്കുക എന്നീ ആവശ്യങ്ങൾക്ക് വേണ്ടിയാണ് ജില്ലാ പഞ്ചായത്ത് പേരാമ്പ്രയിൽ വനിത ഹോസ്റ്റൽ സ്ഥാപിച്ചത്. 2 പേർക്ക് ഒരുമിച്ച് താമസിക്കാവുന്ന 12 മുറികളും 3 പേർക്ക് താമസിക്കാവുന്ന 7 മുറികളും 10 പേർക്ക് താമസിക്കാവുന്ന 2 ഡോർമെട്ടികളുമാണ് താമസത്തിനായി ഹോസ്റ്റലിൽ ഒരുക്കിയിരിക്കുന്നത്. 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 18.05.2022 ന് നേരിൽ പരിശോധിച്ചതിലും ഹോസ്റ്റലുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, മിനുട്സുകൾ തുടങ്ങിയവ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു.

1) നിർവ്വഹണ സമിതി പുനസംഘടിപ്പിക്കുകയോ യോഗം ചേരുകയോ ചെയ്തില്ല.

പേരാമ്പ്ര ഹോസ്റ്റലിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമാവലി 23.07.2008 ലെ 45898/എ.സി-3/08 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമാവലി 06.08.2015 ലെ സ.ഉ(പി) നം. എ.സി.-3/154/2015/തസ്വഭവ പ്രകാരം ഭേദഗതി ചെയ്തു. ഹോസ്റ്റലിന്റെ നടത്തിപ്പിനായി പൊതുസമിതിയെന്ന പേരിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് (അദ്ധ്യക്ഷൻ), ജില്ലാ വനിതാ ക്ഷേമ ഓഫീസർ (കൺവീനർ), ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരുൾപ്പെട്ട ഒരു 15 അംഗ കമ്മിറ്റിയുണ്ട്. കൂടാതെ ഹോസ്റ്റലിന്റെ ദൈനംദിന കാര്യ നിർവ്വഹണത്തിനായി ജില്ലാ പഞ്ചായത്തിലെ ഒരു വനിത അംഗം (അദ്ധ്യക്ഷ), ബ്ലോക്ക് വനിതാ ക്ഷേമ ഓഫീസർ (കൺവീനർ), പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എന്നിവരുൾപ്പെട്ട അഞ്ച് അംഗങ്ങളുള്ള നിർവ്വഹണസമിതിയുമുണ്ട്. പൊതുസമിതിയുടെയും നിർവ്വഹണസമിതിയുടെയും കാലാവധി 3 വർഷമാണ്. നിയമാവലി പ്രകാരം നിർവ്വഹണസമിതി കുറഞ്ഞത് മാസത്തിലൊരിക്കലും പൊതുസമിതി കുറഞ്ഞത് 6 മാസത്തിലൊരിക്കലും യോഗം ചേരേണ്ടതാണ്. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ 2020-21 വർഷം പൊതുസമിതി ചേരാൻ കഴിഞ്ഞില്ലെന്ന് 31.08.2021 ൽ ചേർന്ന പൊതുസമിതി യോഗത്തിൽ ജില്ലാ വനിതാ ക്ഷേമ ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഹോസ്റ്റലിന്റെ ദൈനംദിന നിർവ്വഹണത്തിനായുള്ള നിർവ്വഹണസമിതി അവസാനമായി യോഗം ചേർന്നത് 04.03.2016 നാണ്. 06.09.2021 ൽ നിർവ്വഹണസമിതി യോഗം

ചേർന്നിട്ടുണ്ടെങ്കിലും ആയത് 3 വർഷത്തിലൊരിക്കൽ പുനസംഘടിപ്പിക്കണമെന്ന നിയമാവലിയിലെ വ്യവസ്ഥ പാലിക്കാതെ ചേർന്നതാണ്. 6 വർഷക്കാലയളവോളം നിർവ്വഹണസമിതി യോഗം ചേരാതിരുന്നതും പുനസംഘടിപ്പിക്കാതിരുന്നതും ഗുരുതര വീഴ്ചയാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 95/2020-21/20.05.2021) നിർവ്വഹണോദ്യഗസ്ഥ നൽകിയ മറുപടിയിൽ കോവിഡ് മഹാമാരിയുടെ പ്രത്യകത സാഹചര്യത്തിൽ പൊതുസമിതി കൂടാൻ കഴിഞ്ഞില്ല എന്നാണ് അറിയിച്ചത്. എന്നാൽ കോവിഡ് കാലത്തിനു വളരെ മുൻപ് തന്നെ പ്രസ്തുത യോഗം ചേരുകയുണ്ടായില്ല.

2) ഹോസ്റ്റൽ പ്രവേശനത്തിനുള്ള കരാർ സൂക്ഷിക്കുന്നില്ല.

നിയമാവലിയിലെ ഖണ്ഡിക നം. 6 പ്രകാരം ഹോസ്റ്റൽ പ്രവേശത്തിനായുള്ള അപേക്ഷകൾ, മേട്രൻ ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തിനായി നിർവ്വഹണസമിതി മുഖേന ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഹോസ്റ്റൽ രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി 100 രൂപയുടെ മുദ്രപത്രത്തിൽ നിബന്ധനകൾ പാലിക്കുംവിധം അന്തേവാസികൾ നിർവ്വഹണസമിതി കൺവീനറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ഫയലുകൾ പരിശോധിച്ചതിൽ ഇത്തരമൊരു കരാർ ചമച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. അന്തേവാസികളുമായി ചമച്ച കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) തുക അടവാക്കുന്നതിലെ കാലതാമസവും മറ്റ് അപാകങ്ങളും.

ഹോസ്റ്റലിൽ പ്രവേശനം നേടുന്നവർ ഒരു മാസത്തെ വാടകയും മൂന്ന് മാസത്തെ വാടക കരുതൽ നിക്ഷേപമായും മുൻകൂറായി അടവാക്കേണ്ടതാണ്. നിയമാവലിയിലെ നിബന്ധന പ്രകാരം അന്തേവാസികളിൽ നിന്നും എല്ലാ മാസവും 5ാം തീയതിക്കകം വാടക ഈടാക്കി 10ാം തീയതിക്കകം ജില്ലാ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ഫണ്ടിൽ തുക അടവാക്കുന്നതിന് പലപ്പോഴും വലിയ കാലതാമസം ഉണ്ടാകുന്നുണ്ട്. ഈ വിഷയം മുൻവർഷങ്ങളിലെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർച്ചയായി പരാമർശിച്ചിരുന്നുവെങ്കിലും ആയതിന് യാതൊരു പരിഹാരവും നാളിതുവരെ ഉണ്ടായില്ല. 10.07.2021 മുതൽ 19.01.2022 വരെയുള്ള കാലയളവിലെ രസീതികൾ പരിശോധിച്ചതിൽ തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ വൈകി അടവാക്കിയതിന്റെയ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | വാടക ഈടാക്കിയ കാലയളവ് | തുക | ജില്ലാ പഞ്ചായത്തിൽ അടവാക്കിയ തീയതി | അടവാക്കുന്നതിൽ വന്ന കാലതാമസം |
|---|---|---|---|---|
| 1. | 10.07.2021 | 99,000 | 15.07.2021 | 5ദിവസം |

| | | | | |
|---|---|---|---|---|
| 2. | 07.01.2021 - 22.01.2021 | 48,750 | 28.01.2021 | 18 ദിവസം |
| 3. | 08.03.2021– 05.04.2021 | 1,14,050 | 16.04.2021 | 37 ദിവസം |
| 4. | 03.07.2021– 05.07.2021 | 13,500 | 19.07.2021 | 9 ദിവസം |
| 5. | 05.09.2021 | 9,000 | 06.10.2021 | 26 ദിവസം |
| 6. | 08.10.2021 – 16.10.2021 | 31,000 | 26.10.2021 | 16 ദിവസം |
| 7. | 01.11.2021 – 05.11.2021 | 89,250 | 12.11.2021 | 2 ദിവസം |
| 8. | 09.12.2021 | 4,770 | 19.01.2021 | 9 ദിവസം |
| 9. | 05.01.2022 | 57,750 | 19.01.2022 | 9 ദിവസം |

1) 10.07.2020 തീയതിവരെയുള്ള രസീതികളിൽ ഏത് മാസത്തെ വാടകയാണ് ഈടാക്കുന്നത് എന്ന് സൂചിപ്പിക്കുന്നുണ്ടെങ്കിലും തുടർന്നുള്ള രസീതികളിൽ ഈ വിവരം രേഖപ്പെടുത്തുന്നില്ല.

2) രസീതി നം.06/609 തീയതി 05.08.2021 പ്രകാരം റസിയ.സി എന്ന അന്തേവാസി 1,500 രൂപ ഹോസ്റ്റൽ വാടകയിനത്തിൽ അടവാക്കിയത് കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 4,500 രൂപയുടെ കോഷൻ ഡപ്പോസിറ്റ് തുകയ്ക്ക് രസീതി എഴുതിയിട്ടില്ല. എന്നാൽ മൊത്തം തുക ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) മേൽ പട്ടികയിലെ ക്രമ നമ്പർ 3 ന്റെ കാര്യത്തിൽ അന്തേവാസികളിൽ നിന്നും ഈടാക്കിയ തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് ഒരു മാസത്തിലേറെ കാലതാമസമുണ്ടായിട്ടുണ്ട്. പണമടാവുക്കുന്നതിന് നിയമാവലിയിലെ വ്യവസ്ഥ കൃത്യമായി പാലിക്കേണ്ടതാണ്. സ്ഥാപനത്തിൽ കാഷ് ചെസ്റ്റ് ഇല്ലാത്തതിനാലും യഥാസമയം പണം അടവാക്കാത്തതിനാലും പലപ്പോഴും വലിയ തുക കൈവശം സൂക്ഷിക്കേണ്ട അവസ്ഥയുണ്ടാകുന്നു. ജില്ലാ പഞ്ചായത്തിൽ നിന്നും ഏതാണ്ട് 40 കി.മീ ദൂരമുള്ള പേരാമ്പ്ര വനിതാ ഹോസ്റ്റലിൽ നിന്ന് ബസ് മാർഗ്ഗം തുക കൊണ്ടുവന്ന് അടവാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയതിനാൽ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക്

അക്കൗണ്ട്/ ട്രഷറി അക്കൗണ്ടിലേക്ക് ഹോസ്റ്റലിൽ നിന്നുള്ള വരവ് പേരാമ്പ്രയിൽ നിന്നു തന്നെ നിക്ഷേപിക്കുന്നതിനുള്ള ക്രമീകരണം നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ബാങ്കിൽ തുക അടവാക്കിയ വിവരം യഥാസമയം ജില്ലാ പഞ്ചായത്തിനെ അറിയിച്ച് ബാങ്ക്/ ട്രഷറി റീ കൺസിലിയേഷൻ കൃത്യമായി നടത്തുകയും ചെയ്യാവുന്നതാണ്.

4) നിയമാവലിയിലെ ഖണ്ഡിക നം.7(3) പ്രകാരം ഹോസ്റ്റൽ മുറിയുടെ വാടക പൊതുസമിതി ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തോടെ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതാണെന്ന് വ്യക്തമാക്കുന്നു. 17.03.2018 ലെ സ.ഉ(പി) നം. 44/2018/ധന ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകൾ, പൊതുമേഖല/ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ചാർജ്ജുകൾ 01.04.2018 മുതൽ 5% വർദ്ധനവ് വരുത്തേണ്ടതാണെന്ന് സൂചിപ്പിക്കുന്നുണ്ട്. എന്നാൽ 2013 വർഷം മുതൽ വനിതാ ഹോസ്റ്റൽ വാടക ജനറൽ വിഭാഗത്തിൽപ്പെട്ട അന്തേവാസികൾക്ക് 1,500 രൂപയും എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക് 750 രൂപയുമാണ് ഈടാക്കി വരുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 95/2020-21/20.05.2021) നിർവ്വഹണോദ്യഗസ്ഥ നൽകിയ മറുപടിയിൽ ഹോസ്റ്റലിലെ വെള്ളത്തിന്റെ കാര്യത്തിൽ ഒരു തീരുമാനമാകുന്നതുവരെ (നിലവിൽ സ്വകാര്യ വ്യക്തികളിൽ നിന്ന് അന്തേവാസികൾ തന്നെ വെള്ളം വിലയ്ക്ക് വാങ്ങുകയാണ് ചെയ്യുന്നത്) വാടക വർദ്ധിപ്പിക്കേണ്ടെന്ന് പൊതുസമിതി ഐക്യകണ്ഠേന തീരുമാനിച്ചതായി അറിയിച്ചു. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത അടിയന്തിരമായി പരിഹരിച്ച് ഹോസ്റ്റൽ വാടകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നത് പരിഗണിക്കാവുന്നതാണ്.

5) നിയമാവലിയിലെ ഖണ്ഡിക നം. 10 അനുസരിച്ച് യാത്രാ വേളകളിലും മറ്റും രാത്രികാല താമസം ആവശ്യമായി വരുന്ന വനിതകൾക്ക് ഹോസ്റ്റലിൽ പേയിംഗ് ഗസ്റ്റായി താമസം അനുവദിക്കുന്നുണ്ട്. പേയിംഗ് ഗസ്റ്റ് ആയി ഹോസ്റ്റലിൽ താമസിച്ചവരുടെ തിരിച്ചറിയൽ രേഖകളൊന്നും സൂക്ഷിക്കുന്നില്ല. പേയിംഗ് ഗസ്റ്റിന്റെ പേര്, മേൽവിലാസം, തീയതി, യാത്രോദ്ദേശ്യം, താമസിക്കുന്ന മുറിയുടെ നമ്പർ, തിരിച്ചറിയൽ രേഖകളുടെ വിവരം എന്നിവയുൾപ്പെടുന്ന ഒരു രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

<u>വാർഷിക വരവ് ചെലവ് കണക്ക് തയ്യാറാക്കുന്നില്ല.</u>

നിയമാവലിയിലെ ഖണ്ഡിക നം. 13 പ്രകാരം ദൈനംദിന വരവ് ചെലവ് കണക്കുകൾ നിശ്ചിത ഫോറത്തിലുള്ള കാഷ്ബുക്കിൽ എഴുതി സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം മേട്രന്റേതാണ്. എന്നാൽ കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നത് ജില്ലാ വനിതാ ക്ഷേമ ഓഫീസറാണ്. ആയതുതന്നെ നിശ്ചിത മാതൃകയിലുള്ളതുമല്ല. നിലവിൽ ഒരു കലക്ഷൻ രജിസ്റ്ററിന്റെ മാതൃകയിലാണ് കാഷ്ബുക്ക് എഴുതി വരുന്നത്. ആയതിനാൽ കലക്ഷൻ രജിസ്റ്ററിൽ അതാത് ദിവസത്തെ രസീതി പ്രകാരമുള്ള വരവുകൾ

രേഖപ്പെടുത്തുകയും വാടകയിനത്തിലും കരുതൽ നിക്ഷേപമിനത്തിലും അതാത് ദിവസം ആകെ ലഭിച്ച തുകകൾ മാത്രം കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഹോസ്റ്റലിൽ മറ്റ് തരത്തിലുള്ള വരവ് ഉണ്ടെങ്കിൽ ആയതും ഹോസ്റ്റലുമായി ബന്ധപ്പെട്ട അനാമത്ത് ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തി, ഇടപാടുകളുള്ള ദിവസം ക്ലോസ് ചെയ്യേണ്ടതും നിർവ്വഹണ സമിതി നിശ്ചിത ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 95/2020-21/20.05.2021) നിർവ്വഹണോദ്യഗസ്ഥ നൽകിയ മറുപടിയിൽ നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് അടുത്ത ഓഡിറ്റിൽ പരിശോധിക്കുന്നതാണ്. നിയമാവലിയിലെ ഖണ്ഡിക നം. 13(7) പ്രകാരം വനിതാ ഹോസ്റ്റലിന്റെ വാർഷിക വരവ് ചെലവ് കണക്ക് മേട്രൺ തയ്യാറാക്കി കൺവീനർ മുഖേന പൊതുസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ അത്തരമൊരു വാർഷിക കണക്ക് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

<u>അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.</u>

ഹോസ്റ്റലിലെ കിണറിലെ വെള്ളം ഉപയോഗിക്കാൻ പറ്റാത്തവിധം കലങ്ങിയ നിലയിലാണുള്ളത്. നിലവിൽ സ്വകാര്യ വ്യക്തികളിൽ നിന്നും വെള്ളം വിലയ്ക്ക് വാങ്ങിയാണ് അന്തേവാസികൾ ഉപയോഗിക്കുന്നത്. ഇതിന്റെ വില നിയമാവലിയിലെ വ്യവസ്ഥകൾ പ്രകാരം അന്തേവാസികൾ തന്നെ പങ്ക് വെയ്ക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തത്തിലുള്ള "ജലജീവൻ" പദ്ധതിയുടെ കണക്ഷൻ സമീപഭാവിയിൽത്തന്നെ ലഭിക്കുന്നതിനുള്ള നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച് കുടിവെള്ള പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കാണാവുന്നതാണ്. 60 പേരെ ഉൾക്കൊള്ളാവുന്ന ഹോസ്റ്റലിൽ പരിശോധന സമയത്ത് 16 അന്തേവാസികളാണ് ഉണ്ടായിരുന്നത്. ജൂൺ മാസം മുതൽ ഹോസ്റ്റൽ പ്രവേശനത്തിന്റെ എണ്ണം കൂടാറുണ്ടെന്ന് മേട്രൻ അറിയിച്ചു. അന്തേവാസികളുടെ എണ്ണത്തിലെ കുറവിന് പ്രധാന കാരണം ശുദ്ധജലത്തിന്റെ അപര്യാപ്തതയാണ്. ഹോസ്റ്റലിലുണ്ടായിരുന്ന റഫ്രിജറേറ്ററും ടെലിവിഷനും പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥയിലാണ്. ആയത് റിപ്പയർ ചെയ്യുകയോ അല്ലാത്തപക്ഷം ഈ ഉപകരണങ്ങൾ വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന് ഒരു പ്രോജക്ട് ആവിഷ്കരിക്കുകയോ ചെയ്യാവുന്നതുമാണ്. ഹോസ്റ്റൽ സൗകര്യം മുഴുവനായി ഉപയോഗപ്പെടുത്തുന്നതിന് ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ അന്തേവാസികൾക്ക് നൽകേണ്ടതുണ്ട്.

ഹോസ്റ്റലിലെ ചെറിയ അറ്റകുറ്റപണികൾ നടത്തുന്നതിനും മറ്റ് ചെറിയ ചെലവുകൾ നടത്തുന്നതിനുള്ള ചെലവ് വഹിക്കുന്നത് നിലവിൽ മേട്രൺ സ്വന്തം നിലയിലാണ്. ആയത് പിന്നീട് ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കുകയാണ് ചെയ്യുന്നത്. ഇത് ശരിയായ നടപടിയില്ല. ആയതിനാൽ അനാമത്ത് ചെലവുകൾ യഥാസമയം നടത്തുന്നതിന് ജില്ലാ വനിതാ ക്ഷേമ ഓഫീസറുടെ/

മേടന്റെ പേരിൽ ഒരു നിശ്ചിത തുക ഇംപ്രസ്റ്റ് ആയി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 95/2020-21/20.05.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്കും നിർദ്ദേശങ്ങൾക്കുമുള്ള മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കസ്റ്റം ഹയറിങ് സെന്റർ - ട്രാക്ടറിന് ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കിയില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) എന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാര്യാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിങ് സെന്ററിലെ ട്രാക്ടർ വാടകക്ക് നല്കിയതിൽ ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

രശീത് നമ്പർ 790/27 തിയ്യതി 16.09.2020 പ്രകാരം 1600 രൂ കേരള എൻ.ജി.ഒ യൂണിയൻ ചാലപ്പുറം സെക്രട്ടറിയിൽ നിന്നും KL.11.AD-6917 നമ്പർ ട്രാക്ടറിന്റെ വാടക ഇനത്തിൽ സ്വീകരിച്ചിട്ടുണ്ട്. 4 മണിക്കൂർ റണ്ണിങ് ചാർജ്ജ് ആയി 400 രൂപയും 6 മണിക്കൂർ വാടകയായി 1200 രൂപയുമാണ് ഈടാക്കിയത് . 01.01.2020 മുതൽ നിലവിൽ വന്ന നിരക്കുകൾ പ്രകാരം മണിക്കൂറിന് 180 രൂ ഓപ്പറേറ്റിങ് ചാർജ്ജ് ആയി ഈടാക്കേണ്ടതുണ്ട്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് അംഗീകരിച്ച നിരക്ക് നിർണ്ണയം പ്രകാരം വകുപ്പിന് പുറമേയുള്ള സേവനദായകർ പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കണ്ടതുണ്ട്. എന്നാൽ ഇവിടെ ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കിയതായി (6 X180 = 1080 രൂ) കാണുന്നില്ല . ഇത് സംബന്ധിച്ച് ഈ ഓഫിസിൽ നിന്നും നല്കിയ 25.11.2021 തിയ്യതിയിലെ 18/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 07.06.2022 തിയ്യതിയിലെ B 1086/2021 നമ്പർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. വകുപ്പിന് പുറമേയുള്ള സേവനദായകർ പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കേണ്ടതാണെങ്കിലും ട്രാക്ടർ പ്രവർത്തിപ്പിച്ചത് ഓഫിസിലെ ട്രാക്ടർ ഡ്രൈവറാണെന്നും ആയതിനാൽ ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കേണ്ടതില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്.

സർക്കാർ ജീവനക്കാരനായ ഡ്രൈവറുടെ സേവനം വകുപ്പിന്റെ ആവശ്യത്തിന് അല്ലാതെ

ഉപയോഗിച്ചതിനാൽ ഓപ്പറേറ്റിങ് ചാർജ്ജ് ഈടാക്കേണ്ടതാണ്. 1080/- രൂ ഈടാക്കി അറിയിക്കേണ്ടതാണ് .

## 2-2 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം (കൃഷി) - മരാമത്ത് പ്രവൃത്തി - കരാർ വെക്കാൻ വൈകിയത് - പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രോജക്റ്റിൽ സെലക്ഷൻ നോട്ടീസിനു ശേഷം കരാറുകാരൻ കരാർ ഒപ്പിടുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിലും 2012-ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 01.02.2012 ലെ ജി.ഒ.(പി) 13/2012/പി.ഡബ്ല്യൂ.ഡി പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് ലെറ്റർ തപാലിൽ രജിസ്റ്റർ ചെയ്ത തിയ്യതി ആയത് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നു. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴ കൂടാതെയും അത് കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ പി.എ.സി തുകയുടെ 1% പിഴ ഈടാക്കിയുമാണ് കരാർ വെക്കേണ്ടത്. കുറഞ്ഞത് 1000 രൂപയും പരമാവധി 25000 രൂപയുമാണ് പിഴ. എന്നാൽ ഇപ്രകാരം പിഴ ഈടാക്കിയതായി താഴെപ്പറയുന്ന പ്രവൃത്തിയിൽ കാണുന്നില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 0958 /21 |
| പ്രോജക്റ്റ് | Modernisation Of Irrigation Facilities At DAF Koothali. |
| സെലക്ഷൻ നോട്ടീസ് നമ്പർ, തിയ്യതി | D-648/2018 തിയ്യതി 01.09.2018 |
| സെലക്ഷൻ നോട്ടീസ് തപാലിൽ രജിസ്റ്റർ ചെയ്ത് അയച്ച തിയ്യതി | 06.09.2018 |
| കരാർ തിയ്യതി | 14/2018-19 തിയ്യതി 25.09.2018 |
| പി.എ.സി തുക | 4494689 രൂ |
| കരാർ വയ്ക്കാൻ വൈകിയ ഇനത്തിൽ ഈടാക്കേണ്ട പിഴ | 25000 രൂ |
| കരാറുകാരൻ | അഫ്സൽ വി.എം |

മേൽ പരാമർശിച്ച അപാകം സംബന്ധിച്ച് നല്കിയ 18 / 2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നിർവ്വഹണ ഉദ്യോഗസ്ഥന്റെ 07.06.2022 ലെ B 1086/2021 നമ്പർ കത്ത്) നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ഒപ്പിട്ടിട്ടുണ്ടെന്നും ആയതിനാൽ കാലതാമസം ഇല്ല എന്നുമാണ് അറിയിച്ചിരിക്കുന്നത്. ഇത് ശരിയല്ല. ഇക്കാര്യത്തിൽ കേരള പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള മേൽ പരാമർശിച്ച വ്യവസ്ഥയാണ് ബാധകം. കരാറുകാരനിൽ നിന്നും 25000/- രൂപ പിഴ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഷീപാഡ് ഇൻസിനറേറ്റർ വിതരണ പ്രോജക്ട് - കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിച്ചില്ല - 454896 രൂ യുടെ അധികച്ചെലവും മറ്റ് അപാകങ്ങളും

ജില്ലാ വനിതാ ശിശു വികസന ഓഫിസർ 2020-21 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ വിവിധ യു.പി/ഹൈസ്കൂൾ/ഹയർസെക്കന്ററി/ വൊക്കേഷനൽ ഹയർസെക്കന്ററി സ്കൂളുകളിൽ ഷീപാഡ് ഇൻസിനറേറ്റർ വിതരണം ചെയ്യുന്ന 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | വകയിരുത്തിയ തുക (രൂ) | ഫണ്ട് | ചെലവഴിച്ച തുക (രൂ) |
|---|---|---|---|---|---|
| 1. | S0076/21 | ഷീപാഡ് ഇൻസിനറേറ്റർ – (വനിത) – ശുചിത്വം | 22 ലക്ഷം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2088944 |
| 2. | S0971/21 | ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, SDC എന്നിവിടങ്ങളിൽ നാപ്കിൻ ഇൻസിനറേറ്റർ | 20 ലക്ഷം | വികസന ഫണ്ട് (പൊതു) | 1988272 |

| | | | | | |
|---|---|---|---|---|---|
| | | സ്ഥാപിക്കൽ. | | | |

l) 971 / 21 നമ്പർ പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ട്രഷറി ബിൽ നമ്പർ/ തിയ്യതി | DP03 / 20-21 , 05.03.2021 |
| ട്രഷറി ബിൽ തുക | 1988272 രൂ |
| ഫയൽ നമ്പർ | DWCDO/KKD/D-825/2020 |

പ്രോജക്റ്റ് പ്രകാരം ഇൻസിനറേറ്റർ കൈപ്പറ്റിയ സ്കൂളുകളുടെ വിവരങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഇൻസിനിറേറ്റർ കൈപ്പറ്റിയ വിഭാഗം | | |
|---|---|---|---|---|
| | | യു.പി | ഹൈസ്കൂൾ | ഹയർ സെക്കന്ററി/ വൊക്കേഷനൽ ഹയർസെക്കന്ററി |
| 1. | ജി.എച്ച്.എസ്.എസ് പൂനൂർ | - | 2 | |
| 2. | ജി.എച്ച്.എസ്.എസ് കോക്കല്ലൂർ | - | 2 | 1 |
| 3. | ജി.എച്ച്.എസ് ബാലുശ്ശേരി ഗേൾസ് | - | 2 | - |
| 4. | ജി.എച്ച്.എസ്.എസ് നടുവണ്ണൂർ | - | 2 | - |
| 5. | ജി.എച്ച്.എസ്.എസ് അവിടനല്ലൂർ | - | 1 | - |
| 6. | ജി.എച്ച്.എസ്.എസ് ശിവപുരം | - | 1 | 1 |

| | | | | |
|---|---|---|---|---|
| 7. | ജി.എച്ച്.എസ്.എസ് കക്കോടി | - | 1 | - |
| 8. | എസ്.ജി.എം.ജി. എച്ച്.എസ്.എസ് കൊളത്തൂർ | - | 1 | - |
| 9. | ജി.എച്ച്.എസ്.എസ് നരിക്കുനി | - | 2 | 12. |
| 10. | ജി.എച്ച്.എസ്.എസ് പുതുപ്പാടി | - | 2 | 1 |
| 11. | ജി.എച്ച്.എസ്.എസ് പന്നൂർ | - | 2 | - |
| 12. | ജി.വി.എച്ച്.എസ്.എസ് താമരശ്ശേരി | - | 2 | - |
| 13. | ജി.എം.എച്ച്.എസ് രാരോത്ത് | - | 1 | - |
| 14. | ജി.എച്ച്.എസ്.എസ് ഇരിങ്ങല്ലൂർ | 1 | 1 | - |
| 15. | ജി.എച്ച്.എസ്.എസ് പറമ്പിൽ | - | 1 | - |
| 16. | ജി.എച്ച്.എസ്.എസ് പയിമ്പ്ര | - | 2 | 1 |
| 17. | ജി.എച്ച്.എസ്.എസ് കാവിലുംമ്പാറ | - | 1 | - |
| 18. | ജി.എച്ച്.എസ് കുറ്റ്യാടി | - | 2 | - |
| 19. | ജി.എച്ച്.എസ്.എസ് മാവൂർ | - | 2 | - |
| 20. | ആർ.ഇ.സി.ജി.വി. എച്ച്.എസ്.എസ് | - | 2 | 1 |

| | | | | |
|---|---|---|---|---|
| | ചാത്തമംഗലം | | | |
| 21. | ജി.എച്ച്.എസ്.എസ് ചെറുവാടി | – | 2 | – |
| 22. | ഇ.എം.എസ്.ജി. എച്ച്.എസ് പെരുമണ്ണ | – | 1 | – |
| 23. | ജി.എച്ച്.എസ്.എസ് നായർകുഴി | – | 2 | – |
| 24. | ജി.എച്ച്.എസ്.എസ് കുറ്റിക്കാട്ടൂർ | – | 2 | – |
| 25. | ജി.വി.എച്ച്.എസ്.എസ് മേപ്പയൂർ | – | 2 | 1 |
| 26. | ജി.വി.എച്ച്.എസ്.എസ് പയ്യോളി | – | 2 | 1 |
| 27. | ജി.വി.എച്ച്.എസ്.എസ് അത്തോളി | – | 2 | – |
| 28. | ജി.എച്ച്.എസ് വെങ്ങപ്പറ്റ | – | 1 | – |
| 29. | ജി.എച്ച്.എസ്.എസ് കായണ്ണ | – | 1 | – |
| 30. | ജി.എച്ച്.എസ്.എസ് ആവളകുട്ടോത്ത് | – | 1 | 1 |
| 31. | ജി.എച്ച്.എസ്.എസ് ചെറുവണ്ണൂർ | – | 1 | – |
| 32. | ജി.എച്ച്.എസ് പേരാമ്പ്ര പ്ലാന്റേഷൻ | – | 1 | – |
| 33. | ജി.എച്ച്.എസ്.എസ് വെള്ളിയോട് | – | 2 | – |
| 34. | ജി.എച്ച്.എസ്.എസ് വളയം | – | 2 | – |

| | | | | |
|---|---|---|---|---|
| 35. | ജി.എച്ച്.എസ്.എസ് കല്ലാച്ചി | - | 2 | - |
| 36. | ജി.ജി.എച്ച്.എസ്.എസ് മടപ്പള്ളി | - | 2 | 1 |
| 37. | ജി.എച്ച്.എസ്.എസ് അഴിയൂർ | - | 1 | - |
| 38. | ജി.എച്ച്.എസ്.എസ് ചോറോട് | - | 1 | - |
| 39. | കെ.കെ.എം.ജി.വി. എച്ച്.എസ്.എസ് ഓർക്കാട്ടേരി | - | 2 | - |
| 40. | ജി.എച്ച്.എസ്.എസ് പെരിങ്ങളം | 1 | 2 | - |
| 41. | ജി.എച്ച്.എസ്.എസ് മണിയൂർ പഞ്ചായത്ത് | - | 2 | - |
| 42. | ജി.എച്ച്.എസ് വൻമുഖം | - | 1 | - |
| 43. | ജി.വി.എച്ച്.എസ്.എസ് ബാലുശ്ശേരി | - | - | 1 |

ആകെ 79 ഇൻസിനറേറ്ററുകളാണ് എസ്.0971/21 നമ്പർ പ്രോജക്ട് പ്രകാരം വിതരണം ചെയ്തിട്ടുള്ളത്.

(ii) പ്രോജക്ട് നമ്പർ എസ് 0076/21 നമ്പർ പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| ട്രഷറി ബിൽ നമ്പർ / തിയ്യതി | DP04/20-21 , 27.03.2021 |
| ട്രഷറി ബിൽ തുക | 2088944 രൂ |
| ഫയൽ നമ്പർ | DWCDO/KKD/D-1205/2020 |

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഇൻസിനിറേറ്റർ കൈപ്പറ്റിയ വിഭാഗം | | |
|---|---|---|---|---|
| | | ഹൈസ്കൂൾ | ഹയർ | വൊക്കേഷനൽ |

| | | | സെക്കന്ററി | ഹയർ സെക്കന്ററി |
|---|---|---|---|---|
| 1. | ജി.എച്ച്.എസ്.എസ് പൂനൂർ | 1 | 1 | – |
| 2. | ജി.എച്ച്.എസ്.എസ് കോക്കല്ലൂർ | 2 | 1 | – |
| 3. | ജി.എച്ച്.എസ് ബാലുശ്ശേരി ഗേൾസ് | 2 | 1 | – |
| 4. | ജി.എച്ച്.എസ്.എസ് നടുവണ്ണൂർ | 2 | 1 | – |
| 5. | ജി.എച്ച്.എസ്.എസ് അവിടനല്ലൂർ | 1 | 1 | – |
| 6. | ജി.എച്ച്.എസ്.എസ് ശിവപുരം | 1 | 1 | – |
| 7. | ജി.എച്ച്.എസ്.എസ് കക്കോടി | – | 1 | – |
| 8. | എസ്.ജി.എം.ജി.എച്ച്. എസ്.എസ് കൊളത്തൂർ | 1 | 1 | – |
| 9. | ജി.എച്ച്.എസ്.എസ് നരിക്കുനി | 2 | 1 | – |
| 10. | ജി.എച്ച്.എസ്.എസ് പുതുപ്പാടി | 1 | 2 | – |
| 11. | ജി.എച്ച്.എസ്.എസ് പന്നൂർ | 2 | 1 | – |
| 12. | ജി.വി.എച്ച്.എസ്.എസ് താമരശ്ശേരി | 1 | 1 | |
| 13. | ജി.എം.എച്ച്.എസ് രാരോത്ത് | 1 | – | |

| | | | | |
|---|---|---|---|---|
| 14. | ജി.എച്ച്.എസ്.എസ് ഇരിങ്ങല്ലൂർ | 1 | 1 | |
| 15. | ജി.എച്ച്.എസ്.എസ് പറമ്പിൽ | – | 1 | |
| 16. | ജി.എച്ച്.എസ്.എസ് പയിമ്പ്ര | 2 | 1 | |
| 17. | ജി.എച്ച്.എസ്.എസ് കാവിലുംമ്പാറ | 1 | – | |
| 18. | ജി.എച്ച്.എസ്.എസ് കുറ്റ്യാടി | 2 | 1 | |
| 19. | ജി.എച്ച്.എസ്.എസ് മാവൂർ | 1 | 1 | |
| 20. | ആർ.ഇ.സി.ജി.വി. എച്ച്.എസ്.എസ് ചാത്തമംഗലം | 1 | 2 | |
| 21. | ജി.എച്ച്.എസ്.എസ് ചെറുവാടി | 1 | 1 | |
| 22. | ഇ.എം.എസ്.ജി. എച്ച്.എസ് പെരുമണ്ണ | – | 1 | |
| 23. | ജി.എച്ച്.എസ്.എസ് നായർകുഴി | 1 | 1 | |
| 24. | ജി.എച്ച്.എസ്.എസ് കുറ്റിക്കാട്ടൂർ | 1 | 1 | |
| 25. | ജി.വി.എച്ച്.എസ്.എസ് മേപ്പയൂർ | 1 | 1 | |
| 26. | ജി.വി.എച്ച്.എസ്.എസ് പയ്യോളി | 1 | 1 | |
| 27. | ജി.വി.എച്ച്.എസ്.എസ് | 1 | 1 | |

| | | | | |
|---|---|---|---|---|
| | അത്തോളി | | | |
| 28. | ജി.എച്ച്.എസ് വെങ്ങപ്പറ്റ | 1 | – | |
| 29. | ജി.എച്ച്.എസ്.എസ് കായണ്ണ | – | 1 | |
| 30. | ജി.എച്ച്.എസ്.എസ് ആവളകുട്ടോത്ത് | 1 | 1 | – |
| 31. | ജി.എച്ച്.എസ്.എസ് ചെറുവണ്ണൂർ | 1 | – | – |
| 32. | ജി.എച്ച്.എസ്.എസ് വളയം | – | 1 | – |
| 33. | ജി.എച്ച്.എസ്.എസ് വെള്ളിയോട് | 1 | 1 | – |
| 34. | ജി.എച്ച്.എസ്.എസ് കല്ലാച്ചി | – | 1 | – |
| 35. | ജി.ജി.എച്ച്.എസ്.എസ് മടപ്പള്ളി | 1 | 1 | – |
| 36. | ജി.വി.എച്ച്.എസ്.എസ് മടപ്പള്ളി | – | – | 1 |
| 37. | ജി.എച്ച്.എസ്.എസ് അഴിയൂർ | – | 1 | – |
| 38. | ജി.എച്ച്.എസ്.എസ് ചോറോട് | – | 1 | – |
| 39. | കെ.കെ.എം.ജി. വി.എച്ച്.എസ്.എസ് ഓർക്കാട്ടേരി | – | 2 | – |
| 40. | ജി.എച്ച്.എസ്.എസ് പെരിങ്ങളം | 1 | 1 | – |

| | | | | |
|---|---|---|---|---|
| 41. | ജി.എച്ച്.എസ്.എസ് മണിയൂർ പഞ്ചായത്ത് | - | 1 | - |
| 42. | ജി.എച്ച്.എസ് വൻമുഖം | 1 | - | - |
| 43. | ജി.വി.എച്ച്.എസ്.എസ് ബാലുശ്ശേരി | - | - | 1 |

ആകെ 83 ഇൻസിനറേറ്ററുകളാണ് എസ്.0076/21 നമ്പർ പ്രോജക്റ്റ് പ്രകാരം വിതരണം ചെയ്തത്.

പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു.

1. 29.01.2018 തിയ്യതിയിലെ സ.ഉ(കൈ)11/2018/തസ്വഭവ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3(7) പ്രകാരം യു.പി/ഹൈസ്കൂൾ/ ഹയർസെക്കന്ററി സ്കൂളുകളിൽ പെൺകുട്ടികളുടെ സൌകര്യാർത്ഥം നാപ്കിൻ വെൻഡിങ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. കേരള വനിതാ വികസന കോർപ്പറേഷന്റെ മാർഗ്ഗരേഖ അവലംബിച്ചു വേണം വെൻഡിങ് യൂണിറ്റുകൾ സ്ഥാപിക്കേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇൻസിനറേറ്ററുകൾ പദ്ധതിപ്പണം ഉപയോഗിച്ച് സ്ഥാപിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ അനുമതി നല്കിയിട്ടില്ല. ഒരു നൂതന പ്രോജക്റ്റ് എന്ന നിലക്കാണ് ഈ പ്രോജക്ടുകൾ നടപ്പാക്കുന്നത് എങ്കിൽ മേൽ പറഞ്ഞ രേഖയിലെ ഖണ്ഡിക 3.8.4 പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടിയിരുന്നു. എന്നാൽ അത്തരം നടപടിക്രമങ്ങൾ പാലിച്ചില്ല. നാപ്കിൻ വെൻഡിങ് മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വനിതാ വികസന കോർപ്പറേഷന്റെ മാർഗ്ഗരേഖയുടെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജർ (പ്രോജക്ട്സ്) KSWDC/P5/SHE-PAD/2019-20 (തിയ്യതി ഇല്ല ) കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിക്ക് അയച്ച കത്തിൽ സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ സൂക്ഷിക്കുന്നതിന് സ്റ്റീൽ അലമാര, ഉപയോഗിച്ച കഴിഞ്ഞ നാപ്കിനുകൾ നശിപ്പിച്ച് കളയുന്നതിന് ഇൻസിനറേറ്റർ എന്നിവ അതാത് സ്കൂളുകളിലേക്ക് വിതരണം ചെയ്യുന്ന "ഷീ - പാഡ്" എന്ന സർക്കാർ പദ്ധതിയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്തം കോർപ്പറേഷനെയാണ് ഏല്പിച്ചിരിക്കുന്നത് എന്നും 25.01.2016 തിയ്യതിയിലെ സ.ഉ 280/2016/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പ്രോജക്റ്റ് നടപ്പാക്കുന്നത് എന്നും പരാമർശിച്ചു കാണുന്നു. കോർപ്പറേഷൻ നിലവിൽ വെന്റിങ് മെഷീൻ വിതരണം പ്രോത്സാഹിപ്പിക്കുന്നില്ല എന്നും കത്തിൽ പറയുന്നു. 200 വിദ്യാർത്ഥിനികൾക്ക് ഒരു ഇൻസിനറേറ്റർ, ഒരു വിദ്യാർത്ഥിനിക്ക് ഒരു മാസം 2 പാക്കറ്റ് പാഡ്, 150 വിദ്യാർത്ഥിനികൾക്ക് ഒരു അലമാര എന്നിങ്ങനെയാണ് നല്കേണ്ടത്.

കൂടാതെ ആർത്തവ ശുചിത്വബോധം ലഭിക്കുന്നതിന് ഉതകുന്ന പ്രത്യേകം തയ്യാറാക്കിയ ലഘുലേഖയും ഷീ-പാഡ് പ്രോജക്ട് പ്രകാരം വിദ്യാർത്ഥിനികൾക്ക് നല്കേണ്ടതുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് ഓരോ സ്കൂളുകളിലും കോ-ഓർഡിനേറ്ററായി ഒരു അദ്ധ്യാപികയുടെ സേവനവും ആവശ്യമാണ്. എന്നാൽ കോഴിക്കോട് ജില്ല പഞ്ചായത്ത് മുഖേന നടപ്പാക്കിയ പ്രോജക്ടിൽ സ്കൂളുകളിലേക്ക് ഇൻസിനറേറ്റർ വിതരണം ചെയ്യുക മാത്രമേ ഉണ്ടായിട്ടുള്ളൂ. പദ്ധതിയുടെ സമഗ്രമായ ലക്ഷ്യം കൈവരിക്കുവാൻ ഇത് പര്യാപ്തമല്ല. തുടർന്ന് വരുന്ന വർഷങ്ങളിൽ ഈ പ്രോജക്ടിന് തുടർച്ച നല്കിയിട്ടുണ്ടോ എന്നതും ഉണ്ടെങ്കിൽ വിശദാംശങ്ങളും അറിയിക്കേണ്ടതാണ്.

3. ഇൻസിനറേറ്റർ വാങ്ങുന്നതിന് ജി.ഒ (പി) നമ്പർ 259/2010/തസ്വഭവ തിയ്യതി 08.11.2010 പ്രകാരം ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. എസ്. 971/21 പ്രോജക്ടിലെ ക്രമനമ്പർ A - 13, 15 എന്നിവ പ്രകാരം നിർവ്വഹണ രീതി അക്രഡിറ്റഡ് ഏജൻസി മുഖേന എന്നും അക്രഡിറ്റഡ് ഏജൻ,സിയുടെ പേര് RAIDCO എന്നും പരാമർശിച്ച് കാണുന്നു. എന്നാൽ ഉപകരണങ്ങൾ സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. നാപ്കിൻ ഇൻസിനിറേറ്ററുകൾ വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി 2020-21, 2021-22 കാലയളവിലേക്ക് സംസ്ഥാന വനിതാ വികസന കോർപ്പറേഷനെ നിശ്ചയിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .

4. ഉപകരണങ്ങളുടെ വാങ്ങലിന് മുന്നോടിയായി 25.06.2020 ന് ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ ശുചിത്വമിഷൻ, റെയ്ഡ്കോ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, HLL എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തതായി ഒപ്പ് വെച്ചിട്ടുണ്ട്. 21.04.2020 തിയ്യതിയിലെ സ്റ്റിയറിങ് കമ്മിറ്റി തീരുമാന പ്രകാരം താഴെപ്പറയുന്നവരെയാണ് ടെക്നിക്കൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിരുന്നത്.

(I) കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി.

(Ii) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

(Iii) ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ

(Iv) ശുചിത്വ മിഷനിലെ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദൻ

(V) വനിതാ ശിശു വികസന ഓഫിസർ

മേൽ അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തതായി രേഖയില്ല. ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ ഒപ്പിട്ട് അംഗീകരിച്ച പരിശോധനാ റിപ്പോർട്ട് ഫയലിൽ ഇല്ല .

5. നിർവ്വഹണ ഉദ്യോഗസ്ഥന്റെ 03.06.2020 തിയ്യതിയിലെ DWCDO/KKD/ D-825/2020 നമ്പർ കത്തിൽ വെൻഡിങ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുന്നതിന് ഇൻവോയ്സ്, സ്പെസിഫിക്കേഷൻ, അനുബന്ധ രേഖകൾ 13.06.2020 തിയ്യതി വൈകുന്നേരം 5 മണിക്ക് മുൻപായി ലഭ്യമാക്കാൻ

ആവശ്യപ്പെട്ട് വനിതാ വികസന കോർപ്പറേഷൻ, RAIDCO, KSIE, HLL എന്നീ സ്ഥാപനങ്ങൾക്ക് ഇ-മെയിൽ അയച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ സ്പെസിഫിക്കേഷൻ ക്വട്ടേഷൻ നോട്ടീസിൽ രേഖപ്പെടുത്തിയില്ല. കത്തിന്റെ അടിസ്ഥാനത്തിൽ വനിതാ വികസന കോർപ്പറേഷൻ, RAIDCO, KSIE, HLL എന്നീ സ്ഥാപനങ്ങൾ ഇൻവോയ്സുകൾ സമർപ്പിക്കുകയും ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയ 22.07.2020 തിയ്യതിയിലെ കത്തിൽ 25-30 Pads Per Cycle Capacity ഉള്ള ഇൻസിനറേറ്ററിന് 25.06.2020 തിയ്യതിയിലെ ടെക്നിക്കൽ കമ്മിറ്റി പരിശോധനക്കും നെഗോസിയേഷനും ശേഷം 22360 രൂ നിരക്കിലുള്ളതും 2 വർഷ ഗ്യാരന്റി ഉള്ളതുമായ RAIDCO കോഴിക്കോടിന്റെ ക്വട്ടേഷനാണ് ഏറ്റവും കുറഞ്ഞ നിരക്ക് എന്നറിയിക്കുകയും മറ്റ് സ്ഥാപനങ്ങളുടേത് കൂടിയ നിരക്കാണെന്നും നിരക്ക് കുറക്കാൻ കഴിയില്ലെന്ന് അറിയിക്കുകയും താരതമ്യ പട്ടിക നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 07.07.2020 തിയ്യതിയിലെ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സമിതി യോഗ തീരുമാനം 23/20 പ്രകാരം എസ്.0971/21 നമ്പർ പ്രോജക്ട് പ്രകാരം 25.06.2020 തിയ്യതിയിലെ ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വനിതാ വികസന കോർപ്പറേഷനിൽ നിന്നും വാങ്ങി സ്ഥാപിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 1/27-55/20 തിയ്യതി 29.07.2020 നമ്പർ തീരുമാനപ്രകാരം ക്ഷേമകാര്യ സമിതിയുടെ തീരുമാനം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 20.10.20 തിയ്യതി പ്രോജക്ട് എസ്.0971/21 പ്രകാരം 79 ഇൻസിനറേറ്ററുകൾ 25168 രൂ നിരക്കിൽ വിതരണം ചെയ്യാനുള്ള സപ്ലൈ ഓർഡർ വനിതാ വികസന കോർപ്പറേഷന് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കി . 2016 ലെ മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നു മാത്രമേ ഇൻസിനറേറ്ററുകൾ വാങ്ങാൻ പാടുള്ളൂ എന്ന് പറഞ്ഞിട്ടില്ല. 12.12.2019 തിയ്യതിയിലെ സ.ഉ(സാധാ)2834/2019/തസ്വഭവ പ്രകാരം ഇൻസിനറേറ്ററുകളുടെ സ്ഥാപനത്തിനും മെയിന്റനൻസിനുമുള്ള അക്രഡിറ്റഡ് ഏജൻസിയായ് 3 വർഷത്തേക്ക് RAIDCO എന്ന ഏജൻസിയെ തെരഞ്ഞെടുത്തിട്ടുള്ളതാണ്. RAIDCO ഓഫർ ചെയ്ത ചെലവ് കുറഞ്ഞ ഉല്പന്നത്തേക്കാൾ സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ HLL എന്ന കമ്പനിയിൽ നിന്നും വാങ്ങി നൽകുന്ന ഉപകരണത്തിന് കൂടുതലായുള്ള സാങ്കേതിക മേൻമകൾ എന്താണെന്ന് വ്യക്തമല്ല. കോഴിക്കോട് ജില്ലാ വനിതാ ശിശു വികസന ഓഫിസർ നടപ്പാക്കിയ 2 പ്രോജക്ടുകളിലും 25168 രൂ ക്കാണ് ഇൻസിനറേറ്ററുകൾ വാങ്ങിയത്. ക്വട്ടേഷനിലെ ഏറ്റവും കുറഞ്ഞ നിരക്കായ RAIDCO യുടെ 22360 രൂ എന്നതിനേക്കാൾ 2808 രൂ യൂണിറ്റൊന്നിന് അധികം നല്കിയത് വഴി 162 ഇൻസിനറേറ്ററുകൾക്ക് 454896 രൂ അധികമായി വനിതാ വികസന കോർപ്പറേഷന് നല്കിയിട്ടുണ്ട്.

| ഇൻസിനറേ | RAIDCO | സംസ്ഥാന വനിതാ | അധികം |
|---|---|---|---|
| | | | |

| റ്ററുകളുടെ എണ്ണം | യുടെ നിരക്ക് (രൂ) | വികസന കോർപ്പറേഷന്റെ നിരക്ക് (രൂ) | നല്കിയ നിരക്ക് (രൂ) |
|---|---|---|---|
| 162 | 22360 | 25168 | 162 X 2808 = 454896 രൂ |

6. ഫയലിൽ ലഭ്യമായിട്ടുള്ള KSWDC/P5/SHEPAD/20-21 തിയ്യതി 06.11.2020, 26.02.2021 തിയ്യതിയിലെ KSWDC/P5/SHEPAD/WORK ORDER/2020-21 എന്നിവ പ്രകാരം ഇൻസിനറേറ്ററുകൾ ലഭ്യമാക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ, HLL Life Care Ltd. എന്ന കമ്പനിയുടെ തിരുവനന്തപുരത്തെ ശാഖയോട് ആവശ്യപ്പെട്ടിരിക്കുന്നത് 22820.2 രൂപക്കാണ്. കത്തിൽ പറഞ്ഞ പ്രകാരം ഈ നിരക്കിൽ Packing, Forwarding, GST, Inland Transport, Installation, Commissioning എന്നിവയെല്ലാം അടക്കമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത് 22820.2 രൂ നിരക്കിൽ HLL ൽ നിന്നും വാങ്ങിയ ഇൻസിനറേറ്റർ ഒന്നിന് 2347.8 രൂ അധികം തുകക്ക് മേൽ പ്രോജക്ടുകളിൽ നൽകുകയാണ് വനിതാ വികസന കോർപ്പറേഷൻ ചെയ്തത്. 162 ഇൻസിനറേറ്ററുകൾക്കുമായി 380344 രൂ അധികമായി ജില്ലാ പഞ്ചായത്തിൽ നിന്നും വനിതാ വികസന കോർപ്പറേഷൻ ഈടാക്കി. HLL കമ്പനി സ്കൂളുകളിൽ ആയത് സ്ഥാപിച്ചു നല്കി.

7. പ്രോജക്ട് നമ്പർ എസ്.0076/21 പ്രകാരം 43 സ്കൂളുകളിലായി 83 ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സപ്ലൈ ഓർഡർ 17.02.21 ലെ DWCDO/KKD/D-1205/2020 നമ്പർ കത്ത് മുഖാന്തിരം നിർവ്വഹണ ഉദ്യോഗസ്ഥൻ വനിതാ വികസന കോർപ്പറേഷന് നല്കി. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ 6/21(3) നമ്പർ തീരുമാന പ്രകാരം മേൽ പദ്ധതി വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചു. എന്നാൽ ആയത് ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗതീരുമാനത്തിന്റെ വിവരം ഫയലിൽ ഇല്ല. ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ, നിലവിൽ നടപ്പാക്കിയ വാങ്ങലിന് ടെക്നിക്കൽ കമ്മിറ്റി/പർച്ചേസിങ് കമ്മിറ്റികളുടെ അനുമതി ലഭ്യമാക്കുകയോ ചെയ്തതിന്റെ രേഖയില്ല.

8. ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ലിസ്റ്റ് പ്രകാരമാണ് ഇൻസിനറേറ്ററുകൾ വിതരണം ചെയ്തത് എങ്കിലും ബന്ധപ്പെട്ട സ്കൂളുകളുടെ ആവശ്യകത, അടിസ്ഥാന സൌകര്യ ലഭ്യത എന്നിവ ഉറപ്പ് വരുത്തിയതായി രേഖയില്ല. പല സ്കൂളുകളും ഇൻസിനറേറ്റർ കൈപ്പറ്റിയ ശേഷം അവ സ്ഥാപിക്കുന്നതിന്

അസൌകര്യമുള്ളതായി അറിയിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. പ്രോജക്ട് നമ്പർ എസ്.0971/21 പ്രകാരം നല്കിയ അതേ സ്കൂളുകളിൽ തന്നെയാണ് വീണ്ടും പ്രോജക്ട് നമ്പർ എസ്.0076/21 പ്രകാരവും ഇൻസിനറേറ്ററുകൾ നല്കിയത്. യു.പി ക്ലാസ്സ് മുതലുള്ള പെൺകുട്ടികളുടെ എണ്ണം, ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ട ഇൻസിനറേറ്ററുകളുടെ എണ്ണം എന്നിവ സംബന്ധിച്ച രേഖകൾ ഇല്ല.

ആദ്യ പ്രോജക്ട് പ്രകാരം ലഭിച്ച ഇൻസിനറേറ്ററുകൾ സ്ഥാപിക്കാൻ കഴിയാത്ത സ്കൂളുകളിൽ രണ്ടാമത്തെ പ്രോജക്ട് പ്രകാരവും വീണ്ടും നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്കൂളുകളുടെ പേര് | ഇൻസിനിറേറ്റർ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള തടസ്സം |
|---|---|---|
| 1. | ജി.എച്ച്.എസ്.എസ് പൂനൂർ | ബാത്ത്റൂം പണി നടക്കുന്നതേയുള്ളൂ. |
| 2. | ജി.എച്ച്.എസ്.എസ് കോക്കല്ലൂർ | പുതിയ കെട്ടിടത്തിന്റെ പണി നടക്കുന്നു. |
| 3. | ജി.ജി.എച്ച്.എസ്.എസ് ബാലുശ്ശേരി | പുതിയ കെട്ടിടത്തിന്റെ പണി നടക്കുന്നു. |
| 4. | ജി.എച്ച്.എസ്.എസ് ശിവപുരം | പുതിയ കെട്ടിടത്തിന്റെ പണി നടക്കുന്നു. |
| 5. | ജി.എച്ച്.എസ്.എസ് പുതുപ്പാടി | ഇൻസ്റ്റാൾ ചെയ്തിട്ടില്ല. കാരണം അറിയിച്ചിട്ടില്ല |
| 6. | ജി.എച്ച്.എസ്.എസ് പന്നൂർ | ടോയ് ലറ്റ് കെട്ടിടത്തിന്റെ പണി നടക്കുന്നു. |
| 7. | ജി.വി.എച്ച്.എസ്.എസ് താമരശ്ശേരി | ഇൻസ്റ്റാൾ ചെയ്തിട്ടില്ല. കാരണം അറിയിച്ചിട്ടില്ല |
| 8. | ജി.എച്ച്.എസ്.എസ് മാവൂർ | ടോയ് ലറ്റ് മുറിയുടെ പണി നടക്കുന്നു. |
| 9. | ജി.എച്ച്.എസ്.എസ് | ഇൻസ്റ്റാൾ ചെയ്തിട്ടില്ല. |

| | | |
|---|---|---|
| | നായർകുഴി | കാരണം അറിയിച്ചിട്ടില്ല |
| 10. | കെ.കെ.എം ഗവ.എച്ച്.എസ്.എസ്, ഓർക്കാട്ടേരി | പുതിയ ബിൽഡിങ് പൂർത്തിയായിട്ടില്ല. |
| 11. | ജി.എച്ച്.എസ് കാവിലുമ്പാറ | ഇൻസ്റ്റാൾ ചെയ്തിട്ടില്ല. കാരണം അറിയിച്ചിട്ടില്ല |
| 12. | ജി.എച്ച്.എസ്.എസ് നരിക്കുനി | സ്കൂൾ കോവിഡ് ആശുപത്രി ആയി പ്രവർത്തിച്ച് വരികയാണ്. |

9. വനിതാ വികസന കോർപ്പറേഷൻ ചുമതലപ്പെടുത്തിയതിന് അനുസരിച്ച് HLL കമ്പനിയുടെ ആളുകൾ ഇൻസിനറേറ്ററുകൾ സ്കൂളുകളിൽ സ്ഥാപിച്ച് നൽകുകയാണ് ചെയ്തത്. അടിസ്ഥാന സൌകര്യക്കുറവ് കാരണം ചില സ്കൂളുകളിൽ അവ സ്ഥാപിച്ചിട്ടുമില്ല. സ്കൂൾ അധികൃതരെ കൊണ്ട് ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, വാറന്റി സർട്ടിഫിക്കറ്റ് എന്നിവ എഴുതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട കമ്പനി അധികാരികളുടെ ഒപ്പ്, സീൽ എന്നിവ ഇവയിൽ പതിച്ചിട്ടില്ല.

10. ഇൻസിനറേറ്ററുകൾ സ്ഥാപിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ 23.02.2021 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയ കത്തിൽ ഇൻസിനറേറ്റർ സ്ഥാപിച്ചത് ഉറപ്പ് വരുത്തി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുകയാണ് ഉണ്ടായത്.

29.01.2018 തിയ്യതിയിലെ സ.ഉ(കൈ)11/2018/തസ്വഭവ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 13.1 പ്രകാരം പ്രോജക്ട് മോണിറ്ററിങ് നടത്തിയതിന്റെ രേഖയില്ല. 40.77 ലക്ഷം രൂ ചെലവഴിച്ച പ്രോജക്ടിന്റെ മോണിറ്ററിങ് നടത്താത്തത് മാർഗ്ഗരേഖക്ക് വിരുദ്ധവും മോണിറ്ററിംഗ് കമ്മിറ്റിയുടെ ഭാഗത്തുള്ള ഗുരുതര വീഴ്ചയുമാണ്.

11. ഇൻസിനറേറ്ററുകൾ വിതരണം ചെയ്തതിന്റെ ഡെലിവറി ഇൻവോയ്സ്, ക്യാഷ് ബില്ലുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. റെയ്ഡ്കോ ഓഫർ ചെയ്ത കുറഞ്ഞ നിരക്കിലുള്ള ഇൻസിനറേറ്ററിനേക്കാൾ കൂടിയ നിരക്കിലെ HLL ന്റെ ഇൻസിനറേറ്ററിനുള്ള ഗുണമേൻമ എന്തെന്ന് വ്യക്തമാക്കേണ്ട ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിന്റെ അഭാവത്തിൽ അധികച്ചെലവ് ന്യായീകരിക്കത്തക്കതല്ല. ആയതിനാൽ 454896/- രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല. അധികച്ചെലവ് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച മറ്റ് അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതും ആവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. പ്രോജക്ടുകൾ പ്രകാരം ലഭ്യമായ മുഴവൻ

ഇൻസിനറേറ്ററുകളും ബന്ധപ്പെട്ട സ്കൂളുകളിൽ സ്ഥാപിക്കേണ്ടതും സ്കൂളുകളിലെ സ്റ്റോക്ക് രജിസ്റ്ററുകളിൽ അവയുടെ വിവരം രേഖപ്പെടുത്തി ഇൻസിനറേറ്ററുകളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്തേണ്ടതുമാണ്. വിഷയത്തിൽ ഓഡിറ്റ് വിഭാഗത്തിൽ നിന്നും നല്കിയ 09.02.22 തിയ്യതിയിലെ 50/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| ക്രമ നം. | വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂ) | പ്രോജക്റ്റിന്റെ പേര് | ചെലവ് (രൂ) | ബാലൻസ് (രൂ) As On 31.03.2021 |
|---|---|---|---|---|---|---|
| 1. | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 25 ലക്ഷം | മാമ്പുഴ നവീകരണം | 816999 (2019-20) | 4183001 |
| 2. | കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2465410 | മാമ്പുഴ നവീകരണം | | |
| 3. | കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 34590 | മാമ്പുഴ നവീകരണം | | |
